سورة الجاثية

45. സൂറത്തുൽ ജാഥിയഃ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 37 - വിഭാഗം (റുകൂഉ്) 4

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

حمٓ ﴿١﴾

﴾1﴿ ഹാ മീം.

تَنزِيلُ ٱلۡكِتَٰبِ مِنَ ٱللَّهِ ٱلۡعَزِيزِ ٱلۡحَكِيمِ ﴿٢﴾

﴾2﴿ (ഈ) വേദഗ്രന്ഥം അവതരിപ്പിക്കുന്നത് പ്രതാപശാലിയായ, അഗാധജ്ഞനായ, അല്ലാഹുവിങ്കൽ നിന്നാകുന്നു.

إِنَّ فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ لَأٓيَٰتٖ لِّلۡمُؤۡمِنِينَ ﴿٣﴾

﴾3﴿ നിശ്ചയമായും, ആകാശങ്ങളിലും, ഭൂമിയിലും സത്യവിശ്വാസികൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

وَفِي خَلۡقِكُمۡ وَمَا يَبُثُّ مِن دَآبَّةٍ ءَايَٰتٞ لِّقَوۡمٖ يُوقِنُونَ ﴿٤﴾

﴾4﴿ നിങ്ങളുടെ സൃഷ്ടിയിലും, ജീവികളായി അവൻ വ്യാപിപ്പിച്ചു കൊണ്ടിരിക്കുന്നതിലും ഉണ്ട്, ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളും

وَٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ مِن رِّزْقٍ فَأَحْيَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَا وَتَصْرِيفِ ٱلرِّيَٰحِ ءَايَٰتٌ لِّقَوْمٍ يَعْقِلُونَ ﴿٥﴾

﴿5﴾ രാവും പകലും വ്യത്യാസപ്പെടുന്നതിലും, ആകാശത്തു നിന്ന് ആഹാരമായിക്കൊണ്ട് അല്ലാഹു (മഴ) ഇറക്കി അത്മൂലം ഭൂമിയെ- അത് നിർജ്ജീവമായതിന്ശേഷം- ജീവിപ്പിക്കുന്നതിലും, കാറ്റുകളെ (കൈകാര്യം ചെയ്ത്) നടത്തിപ്പോരുന്നതിലും, ബുദ്ധി ഉപയോഗി(ച്ചു മനസ്സിലാ)ക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

﴾1﴿ حم ഹാ- മീം ﴾2﴿ تَنزِيلُ ٱلْكِتَٰبِ വേദഗ്രന്ഥം അവതരിപ്പിച്ചത് مِنَ ٱللَّهِ അല്ലാഹുവിങ്കൽ നിന്നാണ് ٱلْعَزِيزِ പ്രതാപശാലിയായ ٱلْحَكِيمِ അഗാധജ്ഞനായ, യുക്തിമാനായ ﴾3﴿ إِنَّ فِى ٱلسَّمَٰوَٰتِ നിശ്ചയമായും ആകാശങ്ങളിലുണ്ട് وَٱلْأَرْضِ ഭൂമിയിലും لَءَايَٰتٍ പല ദൃഷ്ടാന്തങ്ങൾ لِّلْمُؤْمِنِينَ സത്യവിശ്വാസികൾക്ക് ﴾4﴿ وَفِى خَلْقِكُمْ നിങ്ങളുടെ സൃഷ്ടിയിലുമുണ്ട് وَمَا يَبُثُّ അവൻ വ്യാപിപ്പിക്കുന്ന (വിതരണം ചെയ്യുന്ന)തിലും مِن دَآبَّةٍ ജീവിയായിട്ട് ءَايَٰتٌ പല ദൃഷ്ടാന്തങ്ങൾ لِّقَوْمٍ ജനങ്ങൾക്ക് يُوقِنُونَ ഉറപ്പിക്കുന്ന ഉറപ്പായി വിശ്വസിക്കുന്ന ﴾5﴿ وَٱخْتِلَٰفِ ٱلَّيْلِ രാത്രി വ്യത്യാസപ്പെടുന്നതിലും وَٱلنَّهَارِ പകലും وَمَآ أَنزَلَ ٱللَّهُ അല്ലാഹു ഇറക്കിയതിലും مِنَ ٱلسَّمَآءِ ആകാശത്തുനിന്ന് مِن رِّزْقٍ ആഹാര(ഉപജീവന മാർഗ)മായിട്ട് فَأَحْيَا بِهِ എന്നിട്ടതുകൊണ്ട് ജീവിപ്പിക്കുകയും ചെയ്തു ٱلْأَرْضَ ഭൂമിയെ بَعْدَ مَوْتِهَا അത് ചത്ത് (നിർജ്ജീവമായ) ശേഷം وَتَصْرِيفِ നടത്തുന്ന (നിയന്ത്രിക്കുന്ന, കൈകാര്യം ചെയ്യുന്ന)തിലും ٱلرِّيَٰحِ കാറ്റുകളെ ءَايَٰتٌ ദൃഷ്ടാന്തങ്ങളുണ്ട് لِّقَوْمٍ يَعْقِلُونَ ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക്

മേൽ ചൂണ്ടിക്കാട്ടിയ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അല്ലാഹു പലപ്പോഴും ഉണർത്താറുള്ളതാണ്. സന്ദർഭോചിതം നാം അവയെപ്പറ്റി വിവരിക്കുകയും ചെയ്യാറുണ്ട്. ഇവിടെ ആദ്യം (3 -ാം വചനത്തിൽ) സത്യവിശ്വാസികൾക്ക് ദൃഷ്ടാന്തമുണ്ടെന്നും, പിന്നീട് (4 ൽ) ദൃഢവിശ്വാസംകൊള്ളുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നും, അവസാനം (5 ൽ) ബുദ്ധി ഉപയോഗിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നുമാണല്ലോ പ്രസ്താവിച്ചിരിക്കുന്നത്. ഇതിനെപ്പറ്റി അൽപം ചിലത് മനസ്സിലാക്കുന്നത് നന്നായിരിക്കും.

നിഷ്കളങ്ക ഹൃദയത്തോടുകൂടി ആകാശഭൂമികളിലേക്ക് കണ്ണോടിക്കുന്ന ഒരാൾക്ക് ഈ ലോകത്തിനൊരു സ്രഷ്ടാവുണ്ടെന്നും, അവന്റെ പ്രവർത്തനങ്ങളാണ് ഇക്കാണുന്നതെല്ലാമെന്നുമുള്ള ഈമാൻ(സത്യവിശ്വാസം) ഉണ്ടാവാതിരിക്കുകയില്ല. പിന്നീടവൻ സ്വന്തം ദേഹമടക്കമുള്ള ജന്തുജാലങ്ങളെയും, അവയുടെ വൈവിധ്യം, സ്ഥിതിഗതികൾ ആദിയായവയെയും സംബന്ധിച്ച് ചിന്തിക്കുന്നപക്ഷം, ആ വിശ്വാസം യകീൻ(ദൃഢവിശ്വാസം) ആയി മാറുന്നു. കുറേക്കൂടി മുന്നോട്ട് കടന്ന് ആഴത്തിൽ ചിന്തിക്കുകയും, അങ്ങനെ മഴ, കാറ്റ്, സസ്യലതാദികളുടെ ഉൽപാദനം മുതലായവയെക്കുറിച്ചും, അവയിലടങ്ങിയ അതിസമർത്ഥമായ യുക്തിരഹസ്യങ്ങളെക്കുറിച്ചും പരിശോധിക്കുകയും ചെയ്യുമ്പോൾ, ആ വിശ്വാസം കൂടുതൽ യുക്തിപരവും, ബുദ്ധിപൂർവ്വകവും ആയി ശോഭിക്കുന്നു. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ, ഹൃദയശുദ്ധിയോടുകൂടിയുള്ള ചിന്ത അതിനെ സുദൃഢമാക്കുന്നു. ദൃഢമായ ഈമാനോടുകൂടി ചിന്തിക്കുമ്പോൾ അത് അതിനെ പരിപൂർണവും ഉൽകൃഷ്ടവുമാക്കി ഉയർത്തുന്നു.

ബുദ്ധി കൊടുത്ത് ഗ്രഹിക്കുക, അല്ലെങ്കിൽ ബുദ്ധി ഉപയോഗിച്ച് ചിന്തിക്കുക എന്ന അർത്ഥത്തിൽ (يعقلون മുതലായ) ചില വാക്കുകൾ ക്വുർആനിൽ സാധാരണ ഉപയോഗിച്ച് കാണാം. മൃഗങ്ങളിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്ന ആ പ്രാകൃത ബുദ്ധിയല്ല ഇവിടെ ഉദ്ദേശ്യം. ബുദ്ധി രണ്ട് തരത്തിലുണ്ട്. ഒന്ന്: മനുഷ്യന്റെ കഴിവിനോ പ്രവർത്തനത്തിനോ പങ്കില്ലാത്തതും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുമാത്രം സിദ്ധിക്കുന്നതുമായ പ്രകൃതബുദ്ധി (العقل المطبوع). രണ്ട്: പ്രകൃതബുദ്ധിക്ക് ലഭിക്കുന്ന അറിവും പരിചയവും ഉപയോഗിച്ച് വെളിയിൽനിന്ന് സിദ്ധിക്കുന്ന വികസിതബുദ്ധി (العقل المسموع). ഒന്നാമത്തെ ബുദ്ധി ലഭിച്ചിട്ടില്ലാത്തവർക്ക് രണ്ടാമത്തെ ബുദ്ധിയും ഉണ്ടായിരിക്കുകയില്ല. ഒന്നാമത്തേതിന്റെ തോതും, അത് ഉപയോഗപ്പെടുത്തുന്ന അളവും സാഹചര്യവും അനുസരിച്ച് രണ്ടാമത്തേതിന് വികാസം സിദ്ധിക്കുന്നു. ബുദ്ധിമാൻമാരല്ലാതെ ഉറ്റാലോചിക്കുകയില്ല.അവർ ബുദ്ധി കൊടുക്കുന്നില്ലഎന്നും മറ്റുമുള്ള പ്രശംസകളും, ആക്ഷേപങ്ങളും രണ്ടാമത്തെ ബുദ്ധിയില്ലാത്തവർ മതശാസനങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ടവരുമായിരിക്കും.

تِلْكَ ءَايَـٰتُ ٱللَّهِ نَتْلُوهَا عَلَيْكَ بِٱلْحَقِّ ۖ فَبِأَىِّ حَدِيثٍۭ بَعْدَ ٱللَّهِ وَءَايَـٰتِهِۦ يُؤْمِنُونَ ﴿٦﴾

(6) (നബിയേ) അല്ലാഹുവിന്റെ ആയത്തുകൾ [വചനങ്ങളാകുന്ന ലക്ഷ്യങ്ങൾ] ആകുന്നു അവ. യഥാർത്ഥമായ നിലക്ക് അവയെ നിനക്ക് നാം ഓതികേൾക്കിപ്പിക്കുന്നു. അല്ലാഹുവിനും അവന്റെ ആയത്തുകൾക്കും പുറമെ, എനി ഏതൊരു വൃത്താന്തത്തിലാണ് അവർ വിശ്വസിക്കുന്നത്?!

﴾6﴿ تِلْكَ അവ ءَايَـٰتُ ٱللَّهِ അല്ലാഹുവിന്‍റെ ആയത്തുകളാണ് نَتْلُوهَا നാമത് ഓതിത്തരുന്നു عَلَيْكَ നിനക്ക് بِٱلْحَقِّ യഥാര്‍ത്ഥമായ നിലക്ക് فَبِأَىِّ حَدِيثٍۭ എനി ഏതൊരു വൃത്താന്തംകൊണ്ടാണ് بَعْدَ ٱللَّهِ അല്ലാഹുവിന് ശേഷം (പുറമെ) وَءَايَـٰتِهِۦ അവന്‍റെ ആയത്തുകള്‍ക്കും يُؤْمِنُونَ അവര്‍ വിശ്വസിക്കുന്നത്

അല്ലാഹു അവന്‍റെ റസൂലിനെ അവതരിപ്പിച്ചുകൊടുക്കുകയും, അദ്ദേഹം പ്രബോധനം ചെയ്യുകയും ചെയ്യുന്ന തത്വങ്ങളിലും, ദൃഷ്ടാന്തങ്ങളിലും വിശ്വസിക്കുവാന്‍ അവര്‍ തയ്യാറില്ലെങ്കില്‍, അവര്‍ക്ക് വിശ്വസിക്കാവുന്ന -അതിനെക്കാള്‍ ഉത്തമമായ- മറ്റൊരു വൃത്താന്തം എവിടെനിന്ന് ലഭിക്കുവാനാണ്?! നിശ്ചയമായും ഇല്ല. എന്ന് സാരം. الأيات(ആയത്തുകള്‍) എന്ന വാക്കിന് ദൃഷ്ടാന്തങ്ങള്‍, അടയാളങ്ങള്‍, തെളിവുകള്‍, ലക്ഷ്യങ്ങള്‍എന്നൊക്കെയാണ് വാക്കാര്‍ത്ഥമെന്നും, ക്വുര്‍ആന്‍ വചനങ്ങളെല്ലാം അല്ലാഹുവിങ്കല്‍ നിന്നുള്ള ലക്ഷ്യങ്ങളും ദൃഷ്ടാന്തങ്ങളും ഉള്‍ക്കൊള്ളുന്നവയായതുകൊണ്ട് അതിലെ സൂക്തങ്ങള്‍ക്ക് ആയത്തുകള്‍എന്ന് പറയപ്പെടുന്നുവെന്നും നാം മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇ ൗ ആയത്തിലും താഴെ 8, 9 പോലെയുള്ള വചനങ്ങളിലും പ്രധാനമായും ക്വുര്‍ആന്‍ വചനങ്ങളെയും, അവയിലടങ്ങിയ ലക്ഷ്യദൃഷ്ടാന്തങ്ങളെയുമാണ് ഉദ്ദേശിക്കപ്പെടുന്നത്. ഈ വചനത്തില്‍ നിനക്ക് നാം ഓതിക്കേള്‍പ്പിക്കുന്നു(نتلوها عليك) എന്നും, 8 -ാം വചനത്തില്‍ അവന്‍ കേള്‍ക്കുന്നു(يسمع) എന്നും മറ്റും പറഞ്ഞിട്ടുള്ളതില്‍ നിന്ന് ഇത് മനസ്സിലാക്കാം. الله أعلم

وَيْلٌ لِّكُلِّ أَفَّاكٍ أَثِيمٍ ﴿٧﴾

﴾7﴿ മഹാപാപിയും വ്യാജക്കാരനുമായ എല്ലാവര്‍ക്കും നാശം!

يَسْمَعُ ءَايَـٰتِ ٱللَّهِ تُتْلَىٰ عَلَيْهِ ثُمَّ يُصِرُّ مُسْتَكْبِرًا كَأَن لَّمْ يَسْمَعْهَا ۖ فَبَشِّرْهُ بِعَذَابٍ أَلِيمٍ ﴿٨﴾

﴾8﴿ അല്ലാഹുവിന്‍റെ ആയത്തുകള്‍ അവന് ഓതിക്കേള്‍പ്പിക്കപ്പെടുന്നതായി അവന്‍ കേള്‍ക്കുന്നു; പിന്നെയും, അഹംഭാവം നടിച്ചുകൊണ്ട്- അത് കേട്ടിട്ടില്ലാത്തത്പോലെ- അവന്‍ (നിഷേധത്തില്‍) നിരതനാകുന്നു! ആകയാല്‍, അവന് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാര്‍ത്ത അറിയിക്കുക.

وَإِذَا عَلِمَ مِنْ ءَايَٰتِنَا شَيْـًٔا ٱتَّخَذَهَا هُزُوًا ۚ أُو۟لَٰٓئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٩﴾

﴿9﴾ നമ്മുടെ ആയത്തുകളിൽ നിന്ന് വല്ലതും അവന് അറിവായാൽ, അവയെ അവൻ പരിഹാസ്യമാക്കിത്തീർക്കുകയും ചെയ്യുന്നു. അക്കൂട്ടർക്ക് അപമാനകരമായ ശിക്ഷയുണ്ട്.

مِّن وَرَآئِهِمْ جَهَنَّمُ ۖ وَلَا يُغْنِى عَنْهُم مَّا كَسَبُوا۟ شَيْـًٔا وَلَا مَا ٱتَّخَذُوا۟ مِن دُونِ ٱللَّهِ أَوْلِيَآءَ ۖ وَلَهُمْ عَذَابٌ عَظِيمٌ ﴿١٠﴾

﴿10﴾ അവരുടെ പിന്നാലെയുണ്ട് നരകം! അവർ പ്രവർത്തി(ച്ചു സമ്പാദി)ച്ചതാകട്ടെ, അല്ലാഹുവിന് പുറമെ അവർ രക്ഷാകർത്താക്കളായി സ്വീകരിച്ചിട്ടുള്ളവയാകട്ടെ, അവർക്ക് ഒട്ടും ഉപകരിക്കുന്നതുമല്ല. അവർക്ക് വമ്പിച്ച ശിക്ഷയും ഉണ്ടായിരിക്കും.

هَٰذَا هُدًى ۖ وَٱلَّذِينَ كَفَرُوا۟ بِـَٔايَٰتِ رَبِّهِمْ لَهُمْ عَذَابٌ مِّن رِّجْزٍ أَلِيمٌ ﴿١١﴾

﴿11﴾ ഇതൊരു (ശരിയായ) മാർഗദർശനമത്രെ. തങ്ങളുടെ രക്ഷിതാവിന്റെ ആയത്തുകളിൽ അവിശ്വസിച്ചവരാകട്ടെ, അവർക്ക് കടുത്ത യാതനയാകുന്ന വേദനയേറിയ ശിക്ഷയുണ്ട്.

﴿7﴾ وَيْلٌ നാശം, കഷ്ടം لِّكُلِّ أَفَّاكٍ എല്ലാ വ്യാജക്കാരനുമാണ്, നുണക്കാർക്കുമാണ് أَثِيمٍ (മഹാ) പാപിയായ ﴿8﴾ يَسْمَعُ അവൻ കേൾക്കും ءَايَٰتِ ٱللَّهِ അല്ലാഹുവിന്റെ ആയത്തുകൾ تُتْلَىٰ عَلَيْهِ അവന്റെമേൽ ഓതികേൾപ്പിക്കപ്പെടുന്നതായി ثُمَّ يُصِرُّ പിന്നെയും അവൻ നിരതനാകും, നിലനിൽക്കും مُسْتَكْبِرًا അഹംഭാവം (വലുപ്പം) നടിച്ചുകൊണ്ട് كَأَن لَّمْ يَسْمَعْهَا അത് കേൾക്കാത്ത പോലെ فَبَشِّرْهُ അതിനാൽ അവന് സന്തോഷമറിയിക്കുക بِعَذَابٍ أَلِيمٍ വേദനയേറിയ ശിക്ഷയെക്കുറിച്ച് ﴿9﴾ وَإِذَا عَلِمَ അവൻ അറിഞ്ഞാൽ مِنْ ءَايَٰتِنَا നമ്മുടെ ആയത്തുകളിൽ നിന്ന് شَيْـًٔا വല്ലതും,

هُمْ عَذَابٌ അല്പം اتَّخَذَهَا അതിനെ അവനാക്കും هُزُوًا പരിഹാസ്യം أُولَٰئِكَ അക്കൂട്ടർ
അവർക്ക് ശിക്ഷയുണ്ട് مُّهِينٌ അപമാനകരമായ ﴾10﴿ مِّن وَرَائِهِمْ അവരുടെ പിന്നിൽ
(അപ്പുറം) ഉണ്ട് جَهَنَّمُ നരകം وَلَا يُغْنِي عَنْهُم അവർക്ക് ഉപകരിക്കയില്ല, പര്യാപ്തമാ
കയില്ല مَّا كَسَبُوا അവർ സമ്പാദിച്ച (പ്രവർത്തിച്ച)ത് شَيْئًا ഒട്ടും, യാതൊന്നും
وَلَا مَا اتَّخَذُوا അവർ ഉണ്ടാക്കിവെച്ചതും ഇല്ല مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ أَوْلِيَاءَ
രക്ഷാകർത്താക്കളായി, സഹായികളായിട്ട് وَلَهُمْ അവർക്കുണ്ട്താനും
وَالَّذِينَ كَفَرُوا ﴾11﴿ هَٰذَا هُدًى ഇതൊരു മാർഗദർശനം عَذَابٌ عَظِيمٌ വമ്പിച്ച ശിക്ഷ
هُمْ عَذَابٌ തങ്ങളുടെ റബ്ബിന്റെ ആയത്തുകളിൽ بِآيَاتِ رَبِّهِمْ അവിശ്വസിച്ചവരാകട്ടെ
അവർക്ക് ശിക്ഷയുണ്ട് مِّن رِّجْزٍ കടുത്ത യാതനയാകുന്ന أَلِيمٌ വേദനയേറിയ

വ്യാജങ്ങൾ കെട്ടിപ്പറയുകയും കള്ള വാർത്തകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്കാണ് أفاك (വ്യാജക്കാരൻ) എന്ന് പറയുന്നത്. കുറ്റകരമായ പാപങ്ങൾ ചെയ്യുന്നവർക്കാണ് أثيم (മഹാപാപി) എന്ന് പറയുന്നത്. ഈ രണ്ട് ദുർഗുണങ്ങളും ഒരാളിൽ സമ്മേളിച്ചാൽ പിന്നെ, അവന് ചേരാത്ത ദുഷ്ചെയ്തികൾ ഉണ്ടായിരിക്കയില്ല. രണ്ട് കാര്യങ്ങളാണ് അല്ലാഹു ഇവരെപ്പറ്റി ഇവിടെ എടുത്ത് പറയുന്നത്:

1) അല്ലാഹുവിന്റെ ആയത്തുകൾ ഓതിക്കേൾപ്പിക്കപ്പെട്ടാൽ, അത് കേട്ട ഭാവം പോലും നടിക്കാതെ, അഹംഭാവപൂർവ്വം അതിനെ അവഗണിച്ച് കളയുകയും, പഴയ നിലപാടിൽതന്നെ ഉറച്ച് നിൽക്കുകയും ചെയ്യുക.

2) ഏതെങ്കിലും വിധേന അല്ലാഹുവിന്റെ ആയത്തുകളിൽ നിന്ന് വല്ല വിവരവും ലഭിച്ചുകഴിഞ്ഞാൽ, അതെങ്കിലും സ്വീകരിക്കുവാൻ തയ്യാറാകാതെ, അവയെ പരിഹാസ്യമാക്കിത്തീർക്കുക. ഇങ്ങനെയുള്ളവരുടെ നേരെ അല്ലാഹുവിനുള്ള വെറുപ്പിന്റെയും, അവർക്ക് നേരിടുന്ന ശിക്ഷയുടെയും കാഠിന്യത്തെയാണ് ഈ വചനങ്ങൾ കാണിക്കുന്നത്. വല്ല സന്തോഷവാർത്തയും അവരെ അറിയിക്കുവാനുണ്ടെങ്കിൽ അത് ആ ശിക്ഷയെക്കുറിച്ച് മാത്രമാണെന്നും അല്ലാഹു താക്കീത് ചെയ്യുന്നു.

പേർഷ്യയിൽ നിന്ന് ചില പുരാണ ചരിത്രങ്ങളും കഥാനോവലുകളും കൊണ്ടുവന്ന് ജനമദ്ധ്യെ പ്രചരിപ്പിക്കുകയും, അതുവഴി ക്വുർആനിൽനിന്നും അവരുടെ ശ്രദ്ധയെ തിരിച്ചുവിടുവാൻ ശ്രമിക്കുകയും ചെയ്തിരുന്ന നദ്റുബ്നുൽഹർഥ് (نضر بن الحرث)നെയും, നരകത്തിന്റെ മേൽനോട്ടം വഹിക്കുന്ന പത്തൊമ്പത് മലക്കുകളുണ്ട് എന്ന് ക്വുർആനിൽ (സൂ: മുദ്ദഥിർ 30 ൽ) വന്നപ്പോൾ അവരുമായി ഞാൻ ഒറ്റക്ക് നോക്കാംഎന്നും മറ്റും പറഞ്ഞ അബൂജഹ്‌ലി

(أبو جهل)നെയും ഇവിടെ പലരും ഉദാഹരണമായി എടുക്കാറുണ്ട്. വാസ്തവത്തിൽ അല്ലാഹുവിന്റെ ആയത്തുകളെ അഹംഭാവത്തോടെയും പരിഹാസത്തോടെയും അവഗണിച്ച് തള്ളിക്കളയുന്ന ആളുകളെ ഇന്ന് നാം ജാഹിലിയ്യാ കാലത്തോ മുശ്‌രിക്കുകൾക്കിടയിലോ തിരഞ്ഞു പിടിക്കേണ്ടതില്ല. ഇക്കാലത്ത് ഇങ്ങനെയുള്ളവർ ധാരാളക്കണക്കിൽ തന്നെയുണ്ട്. മുസ്‌ലിംകളെന്ന് അവകാശപ്പെടുന്നവർക്കിടയിൽപോലും ഇത്തരക്കാരുണ്ടെന്നത്- അങ്ങേഅറ്റം ഖേദകരമാണെങ്കിലും -ഒരു പരമാർത്ഥമത്രെ.

ക്വുർആനിലെ വ്യക്തമായ ചില നിയമങ്ങളെപ്പറ്റി അവ പഴഞ്ചനാണെന്നും, അപ്രായോഗികമാണെന്നും ജൽപിക്കുന്നവർ, ഭൗതികതാൽപര്യങ്ങൾക്കും അനിസ്‌ലാമികാദർശങ്ങൾക്കും ക്വുർആന്റെ ആനുകൂല്യം നൽകുവാൻ പാടുപെടുന്നവർ, നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയ ഇസ്‌ലാമിലെ അതിപ്രധാനങ്ങളായ നിർബന്ധകർമങ്ങളെ കേവലം ചില മതചടങ്ങുകൾമാത്രമാക്കി തരംതാഴ്ത്തിക്കാട്ടുന്നവർ, പലിശ, ചൂതാട്ടം തുടങ്ങി ക്വുർആൻ കർശനമായി വിരോധിച്ചിട്ടുള്ള കാര്യങ്ങളെ ഏതെങ്കിലും വിധേന ന്യായീകരിച്ച് ഇസ്‌ലാമീകരിക്കുവാൻ മുതിരുന്നവർ, നോവലുകൾ, കലാസാഹിത്യങ്ങൾ തുടങ്ങിയവക്ക് ക്വുർആനെക്കാളും ഇസ്‌ലാമിക വിജ്ഞാനങ്ങളെക്കാളും പരിഗണന നൽകുന്നവർ ഇത്യാദി ആളുകളെല്ലാം- ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ- അല്ലാഹുവിന്റെ ആയത്തുകളെ പരിഹസിക്കുകയും, അവയുടെനേരെ അഹംഭാവം കാണിക്കുകയും തന്നെയാണ് ചെയ്യുന്നത്. والعياذ بالله

വിഭാഗം- 2

۞ ٱللَّهُ ٱلَّذِى سَخَّرَ لَكُمُ ٱلْبَحْرَ لِتَجْرِىَ ٱلْفُلْكُ فِيهِ بِأَمْرِهِۦ وَلِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿١٢﴾

﴾12﴿ അല്ലാഹുവത്രെ, നിങ്ങൾക്ക് സമുദ്രം കീഴ്പ്പെടുത്തിത്തന്നവൻ; അവന്റെ കൽപനപ്രകാരം അതിൽകൂടി കപ്പലുകൾ സഞ്ചരിക്കുവാനും, അവന്റെ അനുഗ്രഹത്തിൽ നിന്ന് (ഉപജീവനമാർഗം) നിങ്ങൾ അന്വേഷിക്കുവാനും വേണ്ടി; നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടിയും.

وَسَخَّرَ لَكُم مَّا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ جَمِيعًا مِّنْهُ

﴾13﴿ ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതുമെല്ലാം അവങ്കൽനിന്ന് [അവന്റെ വകയായി]

إِنَّ فِي ذَٰلِكَ لَأَيَٰتٍ لِّقَوۡمٍ يَتَفَكَّرُونَ ﴿١٣﴾

അവൻ നിങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്നിരിക്കുന്നു. നിശ്ചയമായും, അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

《12》 ٱللَّهُ ٱلَّذِى അല്ലാഹു യാതൊരുവനാകുന്നു سَخَّرَ لَكُمُ നിങ്ങൾക്ക് കീഴ്പ്പെ
ടുത്തിയ ٱلۡبَحۡرَ സമുദ്രത്തെ لِتَجۡرِىَ സഞ്ചരിക്കുവാൻ ٱلۡفُلۡكُ കപ്പലുകൾ فِيهِ
അതിൽക്കൂടി بِأَمۡرِهِۦ അവന്റെ കല്പനപ്രകാരം وَلِتَبۡتَغُوا۟ നിങ്ങൾ അന്വേഷിക്കുവാ
നും, തേടുവാനും مِن فَضۡلِهِۦ അവന്റെ അനുഗ്രഹത്തിൽനിന്ന് وَلَعَلَّكُمۡ تَشۡكُرُونَ നിങ്ങൾ
നന്ദിചെയ്യാനും, നന്ദികാണിക്കയും ചെയ്തേക്കാം 《13》 وَسَخَّرَ لَكُم നിങ്ങൾക്ക
വൻ കീഴ്പ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു مَّا فِي ٱلسَّمَٰوَٰتِ ആകാശങ്ങളിലു
ള്ളത് وَمَا فِي ٱلۡأَرۡضِ ഭൂമിയിലുള്ളതും جَمِيعًا എല്ലാം, മുഴുവനും مِّنۡهُ അവനിൽനിന്ന്
(അവന്റെ വകയായി) إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَأَيَٰتٍ പല ദൃഷ്ടാ
ന്തങ്ങൾ لِّقَوۡمٍ ഒരു ജനതക്ക് يَتَفَكَّرُونَ ചിന്തിക്കുന്ന

മനുഷ്യന്റെ നന്മക്കും പുരോഗതിക്കും ഉപയുക്തമായ വിധത്തിൽ, അവന്റെ പ്രയത്നവും കഴിവുമനുസരിച്ച് ഉപയോഗപ്പെടുത്തത്തക്കവണ്ണം ആകാശത്തിലെയും ഭൂമിയിലെയും വസ്തുക്കളെ അല്ലാഹു അവന് സൗകര്യപ്പെടുത്തിക്കൊടുത്തിരിക്കുന്നു. ഇത് അല്ലാഹുവിന്റെ പക്കൽനിന്നുള്ള അതിമഹത്തായ ഒരു അനുഗ്രഹമത്രെ. അതേസമയത്ത് അവയെപ്പറ്റി ചിന്തിക്കുന്നവർക്ക് അല്ലാഹുവിന്റെ അപാരമായ കഴിവിനും മഹത്വത്തിനും ധാരാളം ദൃഷ്ടാന്തങ്ങളും അവയിൽ അടങ്ങിയിരിക്കുന്നു. മനുഷ്യൻ ഇന്നുവരെ നേടിക്കഴിഞ്ഞതും, മേലിൽ നേടുവാനിരിക്കുന്നതുമായ എല്ലാ ശാസ്ത്രീയവിജ്ഞാനങ്ങളും, നിരീക്ഷണഫലങ്ങളും, ജീവിതപുരോഗതികളുമെല്ലാം പ്രസ്തുത അനുഗ്രഹംകൊണ്ടുമാത്രം ലഭിക്കുന്നവയാണ്.

قُل لِّلَّذِينَ ءَامَنُوا۟ يَغۡفِرُوا۟ لِلَّذِينَ لَا يَرۡجُونَ أَيَّامَ ٱللَّهِ لِيَجۡزِىَ قَوۡمًۢا بِمَا كَانُوا۟ يَكۡسِبُونَ ﴿١٤﴾

《14》 (നബിയേ) വിശ്വസിച്ചവരോട് പറയുക: അല്ലാഹുവിന്റെ ദിവസങ്ങളെ പ്രതീക്ഷിക്കുന്നില്ലാത്ത (അഥവാ പേടിക്കാത്ത) വർക്ക് അവർ പൊറുത്തുകൊടുക്കട്ടെ.

ഒരു ജനതക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന് അവൻ പ്രതിഫലം നൽകുവാൻവേണ്ടിയാണ് (അത്).

مَنْ عَمِلَ صَٰلِحًا فَلِنَفْسِهِۦ ۖ وَمَنْ أَسَآءَ فَعَلَيْهَا ۖ ثُمَّ إِلَىٰ رَبِّكُمْ تُرْجَعُونَ ﴿١٥﴾

﴾15﴿ ആരെങ്കിലും നല്ലത് പ്രവർത്തിച്ചാൽ, അതവന്റെ ദേഹത്തിന് (അഥവാ ആത്മാവിന്ന്) തന്നെയാകുന്നു. ആരെങ്കിലും തിന്മ ചെയ്താൽ, അതും അതിന്റെമേൽതന്നെ. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നു.

﴾14﴿ قُل നീ പറയുക لِّلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരോട് يَغْفِرُوا۟ അവർ പൊറുത്തുകൊടുക്കട്ടെ, വിട്ടുകൊടുക്കട്ടെ لِلَّذِينَ യാതൊരു കൂട്ടർക്ക് لَا يَرْجُونَ പ്രതീക്ഷിക്കാത്ത, പേടിക്കാത്ത أَيَّامَ ٱللَّهِ അല്ലാഹുവിന്റെ ദിവസങ്ങളെ لِيَجْزِيَ അവൻ പ്രതിഫലം നൽകുവാൻവേണ്ടി قَوْمًۢا ഒരു ജനതക്ക് بِمَا كَانُوا۟ അവരായിരുന്നതിന് يَكْسِبُونَ പ്രവർത്തിക്കും, സമ്പാദിക്കും ﴾15﴿ مَنْ عَمِلَ ആർ പ്രവർത്തിച്ചുവോ صَٰلِحًا നല്ല (സൽപ്രവൃത്തി) فَلِنَفْسِهِۦ എന്നാലവന്റെ ദേഹത്തിന് (ആത്മാവിന്) തന്നെ وَمَنْ أَسَآءَ ആരെങ്കിലും നന്മ ചെയ്താൽ فَعَلَيْهَا എന്നാൽ അതിന്റെ മേൽതന്നെ ثُمَّ പിന്നെ إِلَىٰ رَبِّكُمْ നിങ്ങളുടെ റബ്ബിങ്കലേക്ക് تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു, മടക്കപ്പെടും

അറബികൾക്കിടയിൽ കഴിഞ്ഞുപോയ യുദ്ധങ്ങളെയും ചരിത്രസംഭവങ്ങളെയും ഉദ്ദേശിച്ചുകൊണ്ട് ايام العرب (അറബികളുടെ ദിവസങ്ങൾ) എന്ന് പറയപ്പെടാറുണ്ട്. അതുപോലെ, മുൻ സമുദായങ്ങളിൽ കഴിഞ്ഞുപോയിട്ടുള്ള അല്ലാഹുവിന്റെ ശിക്ഷാ നടപടികളെ ഉദ്ദേശിച്ചാണ് ഇവിടെ ايام الله (അല്ലാഹുവിന്റെ ദിവസങ്ങൾ) എന്ന് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിൽ വിശ്വസിക്കാതെയും, അവന്റെ നിയമങ്ങളെ ധിക്കരിച്ചുകൊണ്ടുമിരിക്കുന്ന പക്ഷം മുൻസമുദായങ്ങൾക്ക് അനുഭവപ്പെട്ടതുപോലെയുള്ള വല്ല ശിക്ഷാനടപടികളും അല്ലാഹു തങ്ങളിലും നടപ്പാക്കിയേക്കാമെന്ന ഭയമോ, പ്രതീക്ഷയോ ഇല്ലാത്തവരാണ് മുശ്രിക്കുകൾ. അതുകൊണ്ട് അവർ ഏതുതരം അക്രമങ്ങളും നീചകൃത്യങ്ങളും ചെയ്യാൻ സന്നദ്ധരായേക്കും. അതിന്റെ നേരെ അവഗണനയും, ക്ഷമയും കൈകൊള്ളുവാൻ സത്യവിശ്വാസികളെ ഉപദേശിക്കണമെന്ന് അല്ലാഹു നബിﷺയോട് കൽപിക്കുകയാണ്. ഓരോരുത്തരും ചെയ്യുന്ന നന്മതിന്മകൾക്ക് തക്ക പ്രതിഫലം അല്ലാഹു നൽകാതിരിക്കുകയില്ല എന്ന് ഉണർത്തുകയും ചെയ്യുന്നു.

وَلَقَدْ ءَاتَيْنَا بَنِىٓ إِسْرَٰٓءِيلَ ٱلْكِتَٰبَ وَٱلْحُكْمَ وَٱلنُّبُوَّةَ

﴾16﴿ ഇസ്റാഈൽ സന്തതികൾക്ക് നാം വേദഗ്രന്ഥവും, വിധിയും, പ്രവാചകത്വവും കൊടുക്കുകയുണ്ടായി.

وَرَزَقۡنَٰهُم مِّنَ ٱلطَّيِّبَٰتِ
وَفَضَّلۡنَٰهُمۡ عَلَى ٱلۡعَٰلَمِينَ ﴿١٦﴾

വിശിഷ്ട വസ്തുക്കളിൽനിന്നും അവർക്ക് നാം ആഹാരം നൽകുകയും, ലോകരെക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തു.

وَءَاتَيۡنَٰهُم بَيِّنَٰتٍ مِّنَ ٱلۡأَمۡرِۖ
فَمَا ٱخۡتَلَفُوٓاْ إِلَّا مِنۢ بَعۡدِ مَا
جَآءَهُمُ ٱلۡعِلۡمُ بَغۡيَۢا بَيۡنَهُمۡۚ إِنَّ
رَبَّكَ يَقۡضِي بَيۡنَهُمۡ يَوۡمَ
ٱلۡقِيَٰمَةِ فِيمَا كَانُواْ فِيهِ
يَخۡتَلِفُونَ ﴿١٧﴾

﴾17﴿ (മത) കാര്യത്തെ സംബന്ധിച്ച് വ്യക്തമായ തെളിവുകളും അവർക്ക് നാം നൽകി.

എന്നാൽ, തങ്ങൾക്ക് അറിവ് വന്നെത്തിയശേഷമല്ലാതെ അവർ ഭിന്നിച്ചിട്ടില്ല; (അതെ) തങ്ങൾക്കിടയിലുള്ള ധിക്കാരത്താൽ! നിശ്ചയമായും നിന്റെ റബ്ബ് ഖിയാമത്തുനാളിൽ അവർക്കിടയിൽ- അവർ യാതൊന്നിൽ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ- തീരുമാനം ചെയ്യുന്നതാണ്.

﴾16﴿ وَلَقَدۡ ءَاتَيۡنَا തീർച്ചയായും നാം കൊടുക്കുകയുണ്ടായി بَنِيٓ إِسۡرَٰٓءِيلَ ഇസ്റാഈൽ സന്തതികൾക്ക് ٱلۡكِتَٰبَ വേദഗ്രന്ഥം وَٱلۡحُكۡمَ വിധിയും, വിജ്ഞാനവും وَٱلنُّبُوَّةَ പ്രവാചകത്വവും وَرَزَقۡنَٰهُم അവർക്ക് നാം ആഹാരം നൽകി مِّنَ ٱلطَّيِّبَٰتِ വിശിഷ്ട (നല്ല, പരിശുദ്ധ) വസ്തുക്കളിൽനിന്ന് وَفَضَّلۡنَٰهُمۡ അവരെ നാം ശ്രേഷ്ഠരാക്കുകയും ചെയ്തു عَلَى ٱلۡعَٰلَمِينَ ലോകരെക്കാൾ ﴾17﴿ وَءَاتَيۡنَٰهُم അവർക്ക് നാം കൊടുക്കയും ചെയ്തു بَيِّنَٰتٍ തെളിവുകൾ مِّنَ ٱلۡأَمۡرِ (ഈ) കാര്യത്തെ സംബന്ധിച്ച് فَمَا ٱخۡتَلَفُوٓاْ എന്നാൽ (എന്നിട്ട്) അവർ ഭിന്നിച്ചില്ല, വ്യത്യാസം ചെയ്തിട്ടില്ല إِلَّا مِنۢ بَعۡدِ ശേഷമല്ലാതെ مَا جَآءَهُمُ അവർക്ക് വന്നതിന്റെ ٱلۡعِلۡمُ അറിവ് بَغۡيَۢا ധിക്കാരം, (അക്രമം, ശത്രുത, അസൂയ) നിമിത്തം بَيۡنَهُمۡ തങ്ങൾക്കിടയിലുള്ള إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് يَقۡضِي بَيۡنَهُمۡ അവർക്കിടയിൽ തീരുമാനം ചെയ്യും يَوۡمَ ٱلۡقِيَٰمَةِ ഖിയാമത്തുനാളിൽ فِيمَا യാതൊന്നിൽ فِيهِ كَانُواْ അതിൽ അവരായിരുന്നു يَخۡتَلِفُونَ ഭിന്നിക്കും, വ്യത്യാസം ചെയ്യും.

الكتاب (വേദഗ്രന്ഥം) എന്ന് പറഞ്ഞത് തൗറാത്താകുന്നു. الحكم (അൽഹുക്മു) എന്ന വാക്കിന് ഇവിടെ വിധിഎന്നും വിജ്ഞാനംഎന്നും അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. ഇസ്‌റാഈൽ വർഗത്തിൽ രാജാക്കൾ, മൂപ്പൻമാർ, ഗോത്രത്തലവൻമാർ എന്നിങ്ങനെ പല തരത്തിലുള്ള വിധികർത്താക്കളും ഉണ്ടായിരുന്നു. അവരുടെ വിധികർത്തൃത്വത്തെ- ആജ്ഞാധികാരത്തെ- യാണ് ആ വാക്കുകൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നാണ് അധികപക്ഷത്തിന്റെയും അഭിപ്രായം. അത് പോലെത്തന്നെ, ഇസ്‌റാഈല്യരിൽ വളരെയധികം പ്രവാചകൻമാരും ഉണ്ടായിട്ടുണ്ട്. അതിനെ സൂചിപ്പിച്ചുകൊണ്ടാണ് പ്രവാചകത്വവും (والنبوة) എന്ന് പറഞ്ഞിരിക്കുന്നത്. ഇതിനെല്ലാംപുറമെ, മേൽപറഞ്ഞ കാരണങ്ങളാൽ അക്കാലത്തുള്ള ഇതര ജനസമുദായങ്ങളെക്കാൾ യോഗ്യതയും, ശ്രേഷ്ഠതയും അല്ലാഹു അവർക്ക് നൽകിയിരുന്നു. പക്ഷേ, വേണ്ടത്ര അറിവും, ബോധവും, കഴിവും, അനുകൂല പരിതഃസ്ഥിതികളും ഉണ്ടായിരുന്നിട്ട് പിന്നെയും അവർ സത്യത്തിൽനിന്ന് ഭിന്നിക്കുകയും, പരസ്പരം ഛിദ്രിക്കുകയുമാണ് ചെയ്തത്. അറിയായ്മകൊണ്ടോ, അറിവനുസരിച്ച് ജീവിക്കുവാൻ സാധിക്കാത്ത സാഹചര്യംകൊണ്ടോ അല്ല- ധിക്കാരവും അതിക്രമവും നിമിത്തമാണ്- ഇത് സംഭവിച്ചത്. അതുകൊണ്ട് ഇതിന്റെ പേരിൽ അവരുടെമേൽ തക്ക നടപടിയെടുക്കാതെ അല്ലാഹു വിട്ടുകളയുകയില്ല എന്ന് അവരെ താക്കീത് ചെയ്യുന്നു.

ثُمَّ جَعَلْنَٰكَ عَلَىٰ شَرِيعَةٍ مِّنَ ٱلْأَمْرِ فَٱتَّبِعْهَا وَلَا تَتَّبِعْ أَهْوَآءَ ٱلَّذِينَ لَا يَعْلَمُونَ ﴿١٨﴾

﴿18﴾ (നബിയേ) പിന്നീട് നിന്നെ നാം (മത)കാര്യത്തെ സംബന്ധിച്ച് ഒരു (തെളിഞ്ഞ) മാർഗത്തിൽ ആക്കിയിരിക്കുന്നു. ആകയാൽ, നീ അതിനെ പിൻപറ്റിക്കൊള്ളുക; അറിവില്ലാത്തവരുടെ ഇച്ഛകളെ പിൻപറ്റരുത്.

﴿18﴾ ثُمَّ പിന്നെ جَعَلْنَٰكَ നിന്നെ നാം ആക്കി عَلَىٰ شَرِيعَةٍ ഒരു (തെളിഞ്ഞ) മാർഗത്തിൽ (നടപടിക്രമത്തിൽ) مِّنَ ٱلْأَمْرِ കാര്യത്തെ സംബന്ധിച്ച് فَٱتَّبِعْهَا ആകയാൽ അതിനെ പിൻപറ്റുക وَلَا تَتَّبِعْ പിൻപറ്റുകയും അരുത് أَهْوَآءَ ٱلَّذِينَ യാതൊരു കൂട്ടരുടെ ഇച്ഛകളെ لَا يَعْلَمُونَ അറിവില്ലാത്ത

ജൂതൻമാരും ക്രിസ്ത്യാനികളുമാകുന്ന വേദക്കാർ തങ്ങളുടെ വേദഗ്രന്ഥവും, ന്യായപ്രമാണവുമാകുന്ന തൗറാത്തിന്റെ അദ്ധ്യാപനങ്ങളിൽ നിന്ന് പാടെ വ്യതിചലിച്ചിരിക്കുകയാണ്. തങ്ങളുടെ ഇച്ഛക്കൊത്തവണ്ണം അവർ സ്വയം നിർമിച്ചുണ്ടാക്കിയ നടപടിക്രമങ്ങളാണ് അവരിൽ നിലവിലുള്ളത്. തൗറാത്തുമായി അതിന് നാമമാത്രബന്ധമേയുള്ളൂ. ബഹുദൈവാരാധകൻമാരായ മുശ്‌രിക്കുകളാകട്ടെ, ഒരു

വേദഗ്രന്ഥത്തിന്റെ അനുയായികളേ അല്ല. അവരുടെ ഇച്ഛകൾതന്നെയാണ് അവരുടെ മതവും. ഈ രണ്ട് കൂട്ടരുടെയും ഇച്ഛാധിഷ്ഠിതമായ നടപടിക്രമങ്ങളെ പിൻപറ്റരുതെന്നും, ക്വുർആൻ മുഖേന അല്ലാഹു അവതരിപ്പിച്ചുതന്ന ഈ മാർഗത്തെമാത്രം മുറുകെ പിടിച്ചുകൊള്ളണമെന്നും അല്ലാഹു നബി ﷺയെ ഉണർത്തുകയാണ്. അവരെ പിൻപറ്റുന്നതിൽ യാതൊരു നന്മക്കും വകയില്ലെന്നും, മനുഷ്യ സമുദായത്തിനാവശ്യമായ എല്ലാ നന്മയും ക്വുർആനിലുണ്ടെന്നും തുടർന്നുള്ള വചനങ്ങളിൽ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.

إِنَّهُمْ لَن يُغْنُوا۟ عَنكَ مِنَ ٱللَّهِ شَيْـًٔا ۚ وَإِنَّ ٱلظَّـٰلِمِينَ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۖ وَٱللَّهُ وَلِىُّ ٱلْمُتَّقِينَ ﴿١٩﴾

﴿19﴾ (കാരണം) നിശ്ചയമായും, അല്ലാഹുവിങ്കൽ നിന്ന് യാതൊരു കാര്യത്തിനും അവർ നിനക്ക് ഉപകരിക്കുന്നതേയല്ല. അക്രമകാരികൾ (തമ്മതമ്മിൽ) ചിലർ ചിലരുടെ ബന്ധുക്കളാകുന്നു. അല്ലാഹുവാകട്ടെ, ഭയഭക്തൻമാരുടെ ബന്ധുവുമാണ്.

هَـٰذَا بَصَـٰٓئِرُ لِلنَّاسِ وَهُدًى وَرَحْمَةٌ لِّقَوْمٍ يُوقِنُونَ ﴿٢٠﴾

﴿20﴾ ഇത് [ക്വുർആൻ] മനുഷ്യർക്ക് (ഉൾക്കാഴ്ച നൽകുന്ന) തെളിവുകളാകുന്നു; ദൃഢവിശ്വാസം കൊള്ളുന്ന ജനതക്ക് മാർഗദർശനവും, കാരുണ്യവുമാകുന്നു.

﴿19﴾ إِنَّهُمْ നിശ്ചയമായും അവർ لَن يُغْنُوا۟ ഉപകരിക്കുകയില്ല, പര്യാപ്തമാക്കുകയില്ല عَنكَ നിനക്ക് നിന്നെ സംബന്ധിച്ച് مِنَ ٱللَّهِ അല്ലാഹുവിങ്കൽ നിന്ന് شَيْـًٔا യാതൊന്നും وَإِنَّ ٱلظَّـٰلِمِينَ നിശ്ചയമായും അക്രമകാരികൾ بَعْضُهُمْ അവരിൽ ചിലർ أَوْلِيَآءُ بَعْضٍ ചിലരുടെ ബന്ധുക്കളാണ്, മിത്രങ്ങളാണ് (സഹായികളാണ്) وَٱللَّهُ അല്ലാഹുവാകട്ടെ وَلِىُّ ٱلْمُتَّقِينَ സൂക്ഷ്മതയുള്ളവരുടെ (ഭയഭക്തൻമാരുടെ) ബന്ധുവാണ് (സഹായിയാണ്) ﴿20﴾ هَـٰذَا بَصَـٰٓئِرُ ഇത് തെളിവുകളാണ്, ഉൾക്കാഴ്ചകളാണ് لِلنَّاسِ മനുഷ്യർക്ക് وَهُدًى മാർഗദർശനവും وَهُدًى കാരുണ്യവും (അനുഗ്രഹവും) لِّقَوْمٍ يُوقِنُونَ ദൃഢമായി വിശ്വസിക്കുന്ന ജനതക്ക്

എല്ലാ മനുഷ്യർക്കും ഉൾക്കാഴ്ചയും, ഹൃദയവികാസവും നൽകത്തക്ക ന്യായങ്ങളും, തെളിവുകളും ഉൾക്കൊള്ളുന്നതാണ് ക്വുർആൻ. പക്ഷേ, വിശ്വാസത്തിൽ അടിയുറപ്പും ദൃഢതയും ഉള്ളവർക്കേ അത് മുഖേന മാർഗദർശനവും ദൈവകാരുണ്യവും ലഭിക്കുകയുള്ളൂ.

أَمْ حَسِبَ ٱلَّذِينَ ٱجْتَرَحُوا۟ ٱلسَّيِّـَٔاتِ أَن نَّجْعَلَهُمْ كَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ سَوَآءً مَّحْيَاهُمْ وَمَمَاتُهُمْ ۚ سَآءَ مَا يَحْكُمُونَ ﴿٢١﴾

﴿21﴾ അതല്ല -(ഒരുപക്ഷേ) തിന്മകൾ ചെയ്തുകൂട്ടിയവർ വിചാരിച്ചിരിക്കുന്നുവോ, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെപ്പോലെ അവരെ നാം ആക്കുമെന്ന്, അതായത്, അവരുടെ ജീവിതവും മരണവും സമമായ നിലയിൽ (ആക്കുമെന്ന്)?! അവർ വിധി കല്പിക്കുന്നത് വളരെ മോശം തന്നെ!

﴾21﴿ أَمْ حَسِبَ അതല്ലാ (അഥവാ) വിചാരിച്ചുവോ, കണക്കാക്കിയോ ٱلَّذِينَ ٱجْتَرَحُوا۟ ചെയ്തുവെച്ചവർ, പ്രവർത്തിച്ചവർ ٱلسَّيِّـَٔاتِ തിന്മകൾ أَن نَّجْعَلَهُمْ അവരെ നാം ആക്കുമെന്ന് كَٱلَّذِينَ യാതൊരുവരെപ്പോലെ ءَامَنُوا۟ വിശ്വസിച്ച وَعَمِلُوا۟ ٱلصَّـٰلِحَـٰتِ സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത سَوَآءً (അതായത്) സമമായി, തുല്യമായിട്ട് مَّحْيَاهُمْ അവരുടെ ജീവിതം وَمَمَاتُهُمْ അവരുടെ മരണവും سَآءَ വളരെ മോശം തന്നെ مَا يَحْكُمُونَ അവർ വിധി കല്പിക്കുന്നത്

വിഭാഗം- 3

وَخَلَقَ ٱللَّهُ ٱلسَّمَـٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ وَلِتُجْزَىٰ كُلُّ نَفْسٍۭ بِمَا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴿٢٢﴾

﴿22﴾ ആകാശങ്ങളെയും, ഭൂമിയെയും അല്ലാഹു കാര്യ(ഗൗരവ)ത്തോടെ സൃഷ്ടിച്ചിരിക്കുകയാണ്. എല്ലാ ഓരോ ദേഹത്തിനും (അഥവാ ആത്മാവിനും) അത് സമ്പാദിച്ചതിന് പ്രതിഫലം നൽകപ്പെടുവാനും (കൂടിയാണത്). അവരോട് അനീതി ചെയ്യപ്പെടുകയില്ലതാനും.

وَٱلْأَرْضَ ‎﴿22﴾‏ وَخَلَقَ ٱللَّهُ അല്ലാഹു സൃഷ്ടിച്ചിരിക്കയാണ് ٱلسَّمَـٰوَٰتِ ആകാശങ്ങളും وَٱلْأَرْضَ
ഭൂമിയും بِٱلْحَقِّ ന്യായ (കാര്യ, യഥാർത്ഥ)ത്തോടെ وَلِتُجْزَىٰ പ്രതിഫലം നൽകപ്പെ
ടുവാനും كُلُّ نَفْسٍ എല്ലാ ദേഹത്തിനും, ആത്മാവിനും (ആൾക്കും) بِمَا كَسَبَتْ
അത് സമ്പാദിച്ചതിന്, പ്രവർത്തിച്ചതിന് وَهُمْ അവർ (അവരോട്) لَا يُظْلَمُونَ അനീതി
(അതിക്രമം) ചെയ്യപ്പെടുന്നതുമല്ല

ഐഹിക ജീവിതത്തിലെ വിഭവങ്ങളും, സുഖസൗകര്യങ്ങളും എല്ലാവർക്കും ഒരുപോലെ ലഭിച്ചുകൊണ്ടിരിക്കുന്നു. അതിൽ സജ്ജനങ്ങളും ദുർജ്ജനങ്ങളും വ്യത്യാസമില്ല. എന്നാൽ, സജ്ജനങ്ങൾക്ക് മരണാനന്തരം അല്ലാഹുവിങ്കൽ വമ്പിച്ച അനുഗ്രഹങ്ങളും മഹത്തായ പ്രതിഫലങ്ങളും ലഭിക്കുവാനിരിക്കുന്നു. ഇതുപോലെ തങ്ങൾക്കും ലഭിക്കാതിരിക്കയില്ലെന്നാണോ ഈ ദുഷ്ടൻമാരുടെ വിചാരം?! അങ്ങനെയാണെങ്കിൽ, ആ വിചാരം വളരെ നിന്ദ്യവും വഷളവും തന്നെ. ആകാശ ഭൂമികളെയും അവയിലെ മനുഷ്യരടക്കമുള്ള വസ്തുക്കളെയും യാതൊരു ലക്ഷ്യമോ പരിപാടിയോ കൂടാതെ അല്ലാഹു വൃഥാ സൃഷ്ടിച്ചിരിക്കുകയല്ല. ഗൗരവമേറിയ ചില ഉദ്ദേശ്യ ലക്ഷ്യങ്ങൾ അതിലുണ്ട്. ഈ ജീവിതത്തിൽ ഓരോരുത്തരും പ്രവർത്തിച്ചുവെച്ച കർമങ്ങളുടെ കൃത്യവും യഥാർത്ഥവുമായ ഫലം ഓരോരുത്തരും മരണാനന്തരജീവിതത്തിൽ അനുഭവിക്കുവാനാണ് അവൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഐഹികജീവിതത്തിൽ സത്യവിശ്വാസവും സൽക്കർമങ്ങളും സ്വീകരിച്ചുവന്ന വിശിഷ്ടൻമാരും, സത്യനിഷേധവും ദുഷ്കർമങ്ങളും സമ്പാദിച്ചുവെച്ച നികൃഷ്ടൻമാരും- ഇരുകൂട്ടരുടെയും ഭൗതിക ജീവിത ക്രമങ്ങൾ പരസ്പരം സാമ്യമുള്ളതായിരുന്നതുപോലെ- പാരത്രിക ജീവിതത്തിലും സമമായിരിക്കുക സാധ്യമല്ല. എന്നൊക്കെയാണ് ഈ വചനങ്ങളുടെ സാരം.

അല്ലാഹുവിനെ ഭയപ്പെടുന്ന ഓരോരുത്തന്നും ഹൃദയത്തിൽ നടുക്കം ഉണ്ടാക്കുവാൻ പോരുന്നതാണ് 21 -ാം വചനത്തിലെ ചോദ്യം. ആ വചനം പാരായണം ചെയ്യുമ്പോൾ, പല മഹാൻമാരും അതിന്റെ ഗൗരവം ഓർത്ത് കരഞ്ഞിരുന്നതായും, ചിലർ ആ വചനം ആവർത്തിച്ചാവർത്തിച്ച് ഓതിക്കൊണ്ടിരുന്നതായും നിവേദനം ചെയ്യപ്പെടുന്നു.

﴾23﴿ എന്നാൽ, നീ കണ്ടുവോ, തന്റെ ദൈവം തന്റെ (സ്വന്തം) ഇച്ഛയാക്കി വെച്ചിരിക്കുന്നവനെ?! അറിഞ്ഞുകൊണ്ടുതന്നെ അല്ലാഹു അവനെ വഴിപിഴവിലാക്കുകയും,

أَفَرَءَيْتَ مَنِ ٱتَّخَذَ إِلَـٰهَهُۥ هَوَىٰهُ
وَأَضَلَّهُ ٱللَّهُ عَلَىٰ عِلْمٍ

وَخَتَمَ عَلَىٰ سَمْعِهِۦ وَقَلْبِهِۦ وَجَعَلَ عَلَىٰ بَصَرِهِۦ غِشَٰوَةً فَمَن يَهْدِيهِ مِنۢ بَعْدِ ٱللَّهِ ۚ أَفَلَا تَذَكَّرُونَ ﴿٢٣﴾

അവന്റെ കേൾവിക്കും ഹൃദയത്തിനും മുദ്രവെക്കുകയും, അവന്റെ കണ്ണിന് ഒരു (തരം) മൂടി ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇങ്ങനെയുള്ളവന്റെ നില വളരെ ശോചനീയം തന്നെ!

എനി, ആരാണ് അല്ലാഹുവിന് പുറമെ അവനെ നേർവഴിക്കാക്കുന്നത്?! അപ്പോൾ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

﴾**23**﴿ أَفَرَءَيْتَ എന്നാൽ നീ കണ്ടുവോ مَنِ ٱتَّخَذَ ആക്കിവെച്ച ഒരുവനെ إِلَٰهَهُۥ തന്റെ ദൈവം (ആരാധ്യൻ) هَوَىٰهُ തന്റെ ഇച്ഛ وَأَضَلَّهُ ٱللَّهُ അല്ലാഹു അവനെ വഴിപിഴവിലാക്കുകയും ചെയ്തു عَلَىٰ عِلْمٍ അറിവോടെ, അറിഞ്ഞുകൊണ്ട് وَخَتَمَ അവൻ മുദ്രവെക്കുകയും ചെയ്തു عَلَىٰ سَمْعِهِۦ അവന്റെ കേൾവിക്ക് وَقَلْبِهِۦ അവന്റെ ഹൃദയത്തിനും وَجَعَلَ ആക്കുകയും ചെയ്തു عَلَىٰ بَصَرِهِۦ അവന്റെ കണ്ണിൻമേൽ غِشَٰوَةً ഒരു മൂടി فَمَن يَهْدِيهِ എനി (എന്നാൽ) ആരാണ് അവനെ നേർമാർഗത്തിലാക്കുക مِنۢ بَعْدِ ٱللَّهِ അല്ലാഹുവിന് ശേഷം (പുറമെ) أَفَلَا تَذَكَّرُونَ അപ്പോൾ നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ

സത്യത്തിനും ന്യായത്തിനും വില കൽപിക്കാതെ, ഉപദേശങ്ങളും ലക്ഷ്യങ്ങളും വകവെക്കാതെ, ദൃഷ്ടാന്തങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും നേരെ കണ്ണടച്ച് തന്നിഷ്ടത്തിനും ദേഹേച്ഛക്കും മാത്രം അടിമപ്പെട്ട് ജീവിക്കുന്നവന്റെ ഏകാരാധ്യദൈവം അവന്റെ ഇച്ഛയല്ലാതെ മറ്റെന്താണ്?! ഇങ്ങനെയുള്ളവർ സൻമാർഗം പ്രാപിച്ചേക്കുമെന്ന പ്രതീക്ഷക്ക് ഒട്ടും അവകാശമില്ല. അതുകൊണ്ട് അവന്റെ എല്ലാ സ്ഥിതിഗതികളും സൂക്ഷ്മമായി അറിയുന്ന അല്ലാഹു അവനെ കൈവെടിയുകയും, അവന്റെ പാട്ടിന് വിട്ടേക്കുകയും ചെയ്യുന്നു. അങ്ങനെ, തന്റെ ഭാവിനന്മക്ക് ഉപകരിക്കുന്ന വല്ലതും ഗ്രഹിക്കുവാനോ, കേൾക്കുവാനോ, കണ്ടറിയുവാനോ ഉള്ള അവസരം അവന് നിശ്ശേഷം നഷ്ടപ്പെടുന്നു. അല്ലാഹു കൈവെടിഞ്ഞവരെ നേർമാർഗത്തിലേക്ക് കൊണ്ടുവരാൻ ആർക്കാണ് സാധിക്കുക?!

ദേഹേച്ഛകൾക്ക് അടിമപ്പെട്ടവന്റെ ദൃഷ്ടിയിൽ മാനുഷികമൂല്യങ്ങൾക്കോ, ധാർമിക തത്വങ്ങൾക്കോ നീതിന്യായനിയമങ്ങൾക്കോ സ്ഥാനമുണ്ടായിരിക്കുകയില്ലല്ലോ. അവന് ചേരാത്തതായി ഒന്നുമില്ല. സത്യാസത്യവും ന്യായാന്യായവും വേർതിരിക്കുവാനുള്ള അവന്റെ മാനദണ്ഡം അവന്റെ ഇച്ഛയും ദുർമോഹവും

മാത്രമായിരിക്കും ഇത്തരത്തിലുള്ള വ്യക്തികൾ മാത്രമല്ല, സംഘടനകൾപോലും ഇന്ന് നാട്ടിലുടനീളം വ്യാപിച്ചുകൊണ്ടിരിക്കുകയാണ് അല്ലാഹുവിൽ ശരണം! ഇവരുടെനേരെ അല്ലാഹുവിനുള്ള അറപ്പും വെറുപ്പും എത്രമേൽ കടുത്തതാണെന്ന് ഈ വചനത്തിൽനിന്ന് മനസ്സിലാക്കാം. ദേഹേച്ഛയെ പിൻപറ്റി ഭൗതികലക്ഷ്യം വെച്ചുകൊണ്ടിരിക്കുന്നവരെപ്പറ്റി മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നത് ഇങ്ങനെയാണ്:– فمثله كمثل الكلب إن تحمل عليه يلهث أو تتركه يلهث ذلك مثل القوم الذين كذبوا بآياتنا الأعراف:١٧٦(സാരം: അവന്റെ ഉപമ, നായയെപ്പോലെയാണ്. നീ അതിനെ ആക്രമിച്ചാലും അത് നാവ് തൂക്കി വാപിളർന്നുകൊണ്ടിരിക്കും, അതിനെ നീ -ഒന്നും ചെയ്യാതെ- വിട്ടേച്ചാലും അത് നാവ് തൂക്കി വാപിളർന്നുകൊണ്ടിരിക്കും. നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുന്നവരുടെ ഉപമയാണ് അത്. (സൂ: അഅ്റാഫ്, 176)

നബിﷺ പറയുന്നു: യാതൊരുവൻ തന്റെ മനസ്സിനെ കീഴ്പ്പെടുത്തിവെക്കുകയും മരണശേഷമുള്ളതിലേക്ക് വേണ്ടി പ്രവർത്തിക്കുകയും ചെയ്തുവോ അവനാണ് സമർത്ഥൻ, അഥവാ ബുദ്ധിമാൻ. യാതൊരുവന്റെ മനസ്സ് അതിന്റെ ഇച്ഛയെ പിൻതുടരുകയും, അവൻ അല്ലാഹുവിന്റെ പേരിൽ വ്യാമോഹം വെച്ചുകൊണ്ടിരിക്കുകയും ചെയ്തുവോ അവനാണ് കൊള്ളരുതാത്തവൻ, അഥവാ ദുർബ്ബലൻ.(തി; ജ.) മറ്റൊരു നബിവചനം ഇപ്രകാരമാകുന്നു: നിങ്ങളിൽ ഒരാളുടെ ഇച്ഛ, ഞാൻ കൊണ്ടുവന്നിട്ടുള്ളതിനോട് അനുസരിച്ചായിത്തീരുന്നതുവരെ അവൻ സത്യവിശ്വാസിയായിരിക്കുകയില്ല.(ശറഹുസ്സുന്നഃ) ഇക്കാലത്ത് ഓരോ സത്യവിശ്വാസിയും സദാ ഓർമിക്കേണ്ട ഒരു നബിവചനം കൂടി ഇവിടെ ഉണർത്തട്ടെ. അൽപം ദീർഘമായ ആ ഹദീഥിന്റെ ആശയം ഇതാണ്:

'ലുബ്ധതക്ക് വഴങ്ങപ്പെടുന്നതായും, തന്നിഷ്ടം പിൻതുടരപ്പെടുന്നതായും, ഐഹികകാര്യത്തിന് പ്രാധാന്യം കല്പിക്കപ്പെടുന്നതായും, ഓരോരുത്തനും തന്റെ സ്വന്തം അഭിപ്രായം കൊണ്ട് തൃപ്തി അടയുന്നതായും നീ കണ്ടു; നിനക്ക് ഒഴിച്ചുകൂടാത്ത ചില ബാദ്ധ്യതയും നീ കണ്ടു, എന്നാൽ, പൊതുജനങ്ങളുടെ കാര്യം വിട്ടേച്ച് നീ നിന്റെ കാര്യം നോക്കിക്കൊള്ളുക. നിങ്ങൾക്ക് പിന്നാലെ, ക്ഷമ കൈകൊള്ളേണ്ടുന്ന നാളുകൾ വരാനിരിക്കുന്നുണ്ട്. അന്ന് ക്ഷമ കൈകൊള്ളുന്നവർക്ക് തീക്കനൽ കൈയിൽ പിടിച്ച അനുഭവമായിരിക്കും ഉണ്ടാകുക. അക്കാലത്ത് പ്രവർത്തിക്കുന്ന -കടമകൾ നിറവേറ്റുന്ന-വർക്ക് ഇന്ന് നിങ്ങളിൽനിന്ന് അതുപോലെ പ്രവർത്തിക്കുന്ന അമ്പത് പേർക്കുണ്ടാകുന്ന പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്.'(തി; ജ.) ലക്കും ലഗാനുമില്ലാത്ത ഇന്നത്തെ ഭൗതികനീക്കങ്ങളെ നോക്കിക്കാണുന്നവർക്ക് ഈ നബിവചനത്തിന്റെ ഉൾക്കനം മനസ്സിലാക്കുവാൻ പ്രയാസമില്ല.

وَقَالُوا۟ مَا هِىَ إِلَّا حَيَاتُنَا ٱلدُّنْيَا

﴾24﴿ അവർ പറയുന്നു: അത് [ജീവിതമെന്നത്] നമ്മുടെ ഐഹിക

نَمُوتُ وَنَحْيَا وَمَا يُهْلِكُنَآ إِلَّا ٱلدَّهْرُ ۚ وَمَا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ هُمْ إِلَّا يَظُنُّونَ ﴿٢٤﴾

ജീവിതമല്ലാതെ (മറ്റൊന്നും) ഇല്ല; നാം മരിക്കുകയും, ജീവിക്കുകയും ചെയ്യുന്നു; കാലം അല്ലാതെ (മറ്റൊന്നും) നമ്മെ നശിപ്പിക്കുന്നില്ല. അവർക്ക് അതിനെപ്പറ്റി യാതൊരു വിവരവും ഇല്ല; അവർ ഊഹിക്കുക യല്ലാതെ ചെയ്യുന്നില്ല.

﴾**24**﴿ وَقَالُوا۟ അവർ പറയുന്നു, പറഞ്ഞു مَا هِىَ അത് (ജീവിതം) അല്ല إِلَّا حَيَاتُنَا നമ്മുടെ ജീവിതമല്ലാതെ ٱلدُّنْيَا ഐഹിക, ഇഹത്തിലെ نَمُوتُ നാം മരിക്കുന്നു وَنَحْيَا നാം ജീവിക്കയും ചെയ്യുന്നു وَمَا يُهْلِكُنَآ നമ്മെ നശിപ്പിക്കുന്നുമില്ല إِلَّا ٱلدَّهْرُ കാലമല്ലാതെ وَمَا لَهُم അവർക്കില്ല بِذَٰلِكَ അതിനെപ്പറ്റി مِنْ عِلْمٍ ഒരു അറിവും, വിവരവും إِنْ هُمْ അവരല്ല إِلَّا يَظُنُّونَ ഊഹിക്കുകയല്ലാതെ

ഭൗതികവാദത്തെപ്പറ്റിയാണ് പ്രസ്താവിക്കുന്നത്. കാലചക്രത്തിന്റെ തിരിച്ചലിന്നിടയിൽ പലതും സംഭവിക്കുന്നു; അക്കൂട്ടത്തിൽ നാം ജനിക്കുന്നു, നാം മരിക്കുന്നു എന്നല്ലാതെ മനുഷ്യന്റെ ഐഹികജീവിതത്തിനപ്പുറം മറ്റൊരു ജീവിതമോ, ലോകമോ ഒന്നുമില്ല എന്നാണവർ പറയുന്നത്. അല്ലാഹു ലോകസ്രഷ്ടാവാണെന്ന് സമ്മതിച്ചുകൊണ്ടുതന്നെ, മരണാനന്തരജീവിതത്തെ നിഷേധിക്കുകയും, ലോകത്ത് നടമാടിക്കൊണ്ടിരിക്കുന്ന മിക്ക സംഭവങ്ങളും കാലത്തിന്റെ പ്രക്രിയകളാണെന്ന് വിശ്വസിക്കുകയും ചെയ്യുന്ന മുശ്രിക്കുകളും, ലോകസ്രഷ്ടാവിനെത്തന്നെ നിഷേധിക്കുന്ന നിരീശ്വരവാദികളും പറയാറുള്ളതാണിത്. ക്വുർആന്റെ അവതരണകാലത്തും ചുരുക്കം ചില വ്യക്തികൾ നിരീശ്വരവാദികളായുണ്ടായിരുന്നു. ഇന്നാകട്ടെ, ഇവർ ലോകമൊട്ടുക്കും വ്യാപിച്ച് കഴിഞ്ഞിരിക്കുന്നു. നിരീശ്വരത്വവും ഭൗതികത്വവും ഇന്ന് ഒരു പ്രത്യയശാസ്ത്രം തന്നെ ആയിത്തീർന്നിരിക്കയാണ്. ബഹുമുഖങ്ങളായ ആസൂത്രിതപരിപാടികളോടുകൂടി അത് ജനമദ്ധ്യെ പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇവരുടെ മുൻഗാമികൾ മുമ്പ് പ്രസ്താവിച്ച അതേ വാക്കുകൾ തന്നെയാണ് ഇന്ന് ഇവർക്ക് പറയുവാനുള്ളതിന്റെയും അടിസ്ഥാനം. അന്ന് അവരെപ്പറ്റി അല്ലാഹു പറഞ്ഞ അതേവാക്കുകൾതന്നെയാണ് ഇന്ന് ഇവരെപ്പറ്റിയും പറയുവാനുള്ളതിന്റെ രത്നച്ചുരുക്കവും. അതെ, അവർക്കതിനെക്കുറിച്ച് ഒരു വിവരവുമില്ല; അവർ ഊഹിക്കുകയല്ലാതെ ചെയ്യുന്നില്ല. മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ടും, പ്രാഥമികബുദ്ധികൾക്കുപോലും സുസ്പഷ്ടമായ എത്രയോ ദൃഷ്ടാന്തങ്ങളുടെനേരെ കണ്ണടച്ചുകൊണ്ടുമല്ലാതെ ആ വാദം പുറപ്പെടുവിക്കുക സാധ്യമല്ല ആദ്യത്തെ ഭൗതികചിന്താഗതിയിൽനിന്ന് ഉടലെടുക്കുന്ന അനുമാനങ്ങൾക്കും, ഭൗതികവിജ്ഞാനങ്ങളിൽനിന്ന് ഉടലെടുക്കുന്ന യുക്തിവാദങ്ങൾക്കും പരമ യാഥാർത്ഥ്യങ്ങളുടെ സ്ഥാനം നൽകിക്കൊണ്ടല്ലാതെ ആ വാദ

ത്തിന് നിലനിൽപ്പുമില്ല.

ദിനരാത്രങ്ങളായി നീങ്ങിക്കൊണ്ടിരിക്കുന്ന കാലം എന്നാണ് دهر (ദഹ്ർ) എന്ന വാക്കിന്റെ മൂലാർത്ഥം. അതിവർഷം, ക്ഷാമം, പകർച്ചവ്യാധി മുതലായ കെടുതികളും, വിളവർദ്ധനവ്, ക്ഷേമം, സുഖകരമായ കാലാവസ്ഥ മുതലായ നന്മകളും കാലത്തിന്റെ പ്രവർത്തനങ്ങളായി അറബികൾ വിശ്വസിച്ചിരുന്നു. കെടുതികൾ ബാധിക്കുമ്പോൾ, അവർ കാലത്തെ പഴിക്കും. നന്മകൾ കൈവരുമ്പോൾ അതിനെ പ്രശംസിക്കുകയും ചെയ്യും. വാസ്തവത്തിൽ എല്ലാം അല്ലാഹുവിന്റെ പ്രവർത്തനങ്ങളാകയാൽ ഈ വിശ്വാസം ശിർക്കിൽ ഉൾപ്പെട്ടതാണെന്ന് പറയേണ്ടതില്ല. അതുകൊണ്ടാണ് കാലത്തെ പഴിക്കുന്നതിനെ ഹദീഥുകളിൽ വിരോധിച്ചുകാണുന്നത്. ബുഖാരി, മുസ്‌ലിം (റ) മുതലായവർ നിവേദനം ചെയ്യുന്ന ഒരു നബിവചനം ഇപ്രകാരമാകുന്നു: يقول تعالى يؤذيني ابن آدم يسب الدهر وانا الدهر بيدي الأمر اقلب ليله ونهاره–متفق (സാരം: അല്ലാഹു പറയുന്നു: ആദമിന്റെ മകൻ എന്നെ ഉപദ്രവിക്കുന്നു- അവൻ കാലത്തെ പഴിക്കുന്നു. ഞാനാണ് കാലം. അതായത്, എന്റെ കയ്യിലാണ് കാര്യം. അതിന്റെ രാവും പകലും ഞാൻ നിയന്ത്രിക്കുന്നതാണ്.) അതിവർഷം, കൊടുങ്കാറ്റ് മുതലായ ആപത്തുകളെപ്പറ്റി, കാലം ചതിച്ചു, പ്രകൃതി വഞ്ചിച്ചുഎന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ഇന്ന് നാം സാധാരണ കേൾക്കാറുണ്ട്. വാസ്തവത്തിൽ ഇത്തരം പ്രയോഗങ്ങൾ മുസ്‌ലിംകൾക്ക് ഒട്ടും ചേർന്നതല്ല തന്നെ. പരലോകനിഷേധികൾ പരമ്പരാഗതമായി അനുവർത്തിച്ചുവരുന്ന ഒരു നയവും. അതിനുള്ള മറുപടിയുമാണ് അടുത്ത വചനത്തിൽ കാണുന്നത്:-

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَٰتُنَا بَيِّنَٰتٍ مَّا كَانَ حُجَّتَهُمْ إِلَّآ أَن قَالُوا۟ ٱئْتُوا۟ بِـَٔابَآئِنَآ إِن كُنتُمْ صَٰدِقِينَ ﴿٢٥﴾

﴾25﴿ നമ്മുടെ ആയത്തുകൾ അവർക്ക് സുവ്യക്തമായ നിലയിൽ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, അവരുടെ ന്യായം, നിങ്ങൾ സത്യവാൻമാരാണെങ്കിൽ, നമ്മുടെ പിതാക്കളെ (ജീവിപ്പിച്ച്) കൊണ്ടുവരുവിൻ എന്ന് പറയുകയല്ലാതെ (മറ്റൊന്നും) ആയിരിക്കയില്ല.

قُلِ ٱللَّهُ يُحْيِيكُمْ ثُمَّ يُمِيتُكُمْ ثُمَّ يَجْمَعُكُمْ إِلَىٰ يَوْمِ ٱلْقِيَٰمَةِ لَا رَيْبَ فِيهِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢٦﴾

﴾26﴿ നീ പറയുക: അല്ലാഹു നിങ്ങളെ ജീവിപ്പിക്കുന്നു; പിന്നെ, അവൻ നിങ്ങളെ മരണപ്പെടുത്തുന്നു; പിന്നീട്, ക്വിയാമത്തുനാളിലേക്ക് അവൻ നിങ്ങളെ ഒരുമിച്ചുകൂട്ടുകയും ചെയ്യും. അതിൽ സന്ദേഹമേ ഇല്ല. എങ്കിലും അധിക മനുഷ്യരും അറിയുന്നില്ല.

﴾25﴿ وَإِذَا تُتْلَىٰ ഓതികേൾപ്പിക്കപ്പെടുന്നതായാൽ عَلَيْهِمْ അവർക്ക്, അവരിൽ
ءَايَٰتُنَا നമ്മുടെ ആയത്ത് (ദൃഷ്ടാന്തം, ലക്ഷ്യം, വേദവാക്യം)കൾ بَيِّنَٰتٍ വ്യക്ത
മായ നിലയിൽ, തെളിവുകളായി مَّا كَانَ ആയിരിക്കയില്ല حُجَّتَهُمْ അവരുടെ ന്യായം
إِلَّآ أَن قَالُواْ അവർ പറയുകയല്ലാതെ ٱئْتُواْ നിങ്ങൾ കൊണ്ടുവരുവിൻ بِـَٔابَآئِنَآ നമ്മുടെ
(ഞങ്ങളുടെ) പിതാക്കളെ إِن كُنتُمْ നിങ്ങളാണെങ്കിൽ صَٰدِقِينَ സത്യവാൻമാർ ﴾26﴿
قُلِ നീ പറയുക ٱللَّهُ يُحْيِيكُمْ അല്ലാഹു നിങ്ങളെ ജീവിപ്പിക്കുന്നു ثُمَّ يُمِيتُكُمْ പിന്നെ
നിങ്ങളെ മരിപ്പിക്കുന്നു ثُمَّ يَجْمَعُكُمْ പിന്നെ നിങ്ങളെ ഒരുമിച്ചുകൂട്ടും إِلَىٰ يَوْمِ ٱلْقِيَٰمَةِ
ക്വിയാമത്തുനാളിലേക്ക് لَا رَيْبَ സന്ദേഹ (സംശയ)മേ ഇല്ല فِيهِ അതിൽ
وَلَٰكِنَّ എങ്കിലും أَكْثَرَ ٱلنَّاسِ മനുഷ്യരിൽ അധികവും لَا يَعْلَمُونَ അറിയുന്നില്ല

ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നത് അല്ലാഹു തന്നെ. അവൻ തന്നെ രണ്ടാമതും ജീവിപ്പിക്കും. പക്ഷേ, അതിനൊരു അവധി വെച്ചിട്ടുണ്ട്. ക്വിയാമത്ത് നാൾ, അതിന് മുമ്പായി നിങ്ങൾ ആവശ്യപ്പെടുമ്പോൾ മരണപ്പെട്ടവർ ജീവിച്ചുവരുക സംഭവിക്കുവാൻ പോകുന്നില്ല. ഇതുകൊണ്ട് ആ യാഥാർത്ഥ്യത്തിന് ഒരു കോട്ടവും തട്ടുവാനില്ല.

വിഭാഗം- 4

وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ
وَيَوْمَ تَقُومُ ٱلسَّاعَةُ يَوْمَئِذٍ
يَخْسَرُ ٱلْمُبْطِلُونَ ﴿٢٧﴾

﴾27﴿ അല്ലാഹുവിനാണ്, ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം. അന്ത്യഘട്ടം നിലനിൽക്കുന്ന ദിവസം, (അതെ) അന്നത്തെ ദിവസം വ്യർത്ഥകാരികളായുള്ളവർ നഷ്ടമടയുന്നതാണ്.

وَتَرَىٰ كُلَّ أُمَّةٍ جَاثِيَةً ۚ كُلُّ أُمَّةٍ
تُدْعَىٰٓ إِلَىٰ كِتَٰبِهَا ٱلْيَوْمَ تُجْزَوْنَ
مَا كُنتُمْ تَعْمَلُونَ ﴿٢٨﴾

﴾28﴿ എല്ലാ (ഓരോ) സമുദായത്തെയും മുട്ടുകുത്തിയ നിലയിൽ നിനക്ക് കാണാവുന്നതുമാകുന്നു. എല്ലാ സമുദായവും അ(ത)തിന്റെ ഗ്രന്ഥത്തിലേക്ക് വിളിക്കപ്പെടും. (അവരോട് പറയപ്പെടും) നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് ഇന്ന് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നതാണ്.

هَـٰذَا كِتَـٰبُنَا يَنطِقُ عَلَيۡكُم بِٱلۡحَقِّۚ إِنَّا كُنَّا نَسۡتَنسِخُ مَا كُنتُمۡ تَعۡمَلُونَ ﴿٢٩﴾

《28》 ഇതാ, നമ്മുടെ ഗ്രന്ഥം! അത് നിങ്ങളോട് മുറപ്രകാരം സംസാരിക്കുന്നതാണ്. എല്ലാം തുറന്ന് കാട്ടുന്നതാണ്. നിശ്ചയമായും, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെ നാം പകർത്തെടുക്കുന്നുണ്ടായിരുന്നു.

《27》 وَلِلَّهِ അല്ലാഹുവിനാണ് مُلۡكُ ٱلسَّمَـٰوَٰتِ ആകാശങ്ങളുടെ രാജത്വം, ഭരണാധികാരം وَٱلۡأَرۡضِ ഭൂമിയുടെയും وَيَوۡمَ تَقُومُ നിലനിൽക്കുന്ന ദിവസം ٱلسَّاعَةُ (ആ) സമയം (അന്ത്യഘട്ടം) يَوۡمَئِذٍ അന്നത്തെ ദിവസം يَخۡسَرُ നഷ്ടമടയും ٱلۡمُبۡطِلُونَ വ്യർത്ഥകാരികൾ, പാഴ്വേലക്കാർ **《28》** وَتَرَىٰ നീ (നിനക്ക്) കാണും, കാണാം كُلَّ أُمَّةٍ എല്ലാ സമുദായത്തെയും, ജനക്കൂട്ടത്തെയും جَاثِيَةً മുട്ടുകുത്തിയതായിട്ട്, ഒരുമിച്ചുകൂടിയതായിട്ട് كُلُّ أُمَّةٍ എല്ലാ സമുദായവും, ജനക്കൂട്ടവും تُدۡعَىٰٓ വിളിക്കപ്പെടും إِلَىٰ كِتَـٰبِهَا അതിന്റെ ഗ്രന്ഥത്തിലേക്ക് ٱلۡيَوۡمَ ഇന്ന് تُجۡزَوۡنَ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടും مَا كُنتُمۡ നിങ്ങൾ ആയിരുന്നതിന് تَعۡمَلُونَ പ്രവർത്തിക്കും **《29》** هَـٰذَا كِتَـٰبُنَا ഇതാ നമ്മുടെ ഗ്രന്ഥം يَنطِقُ അത് സംസാരിക്കും (പറഞ്ഞുതരും, തുറന്നുകാട്ടും) عَلَيۡكُم നിങ്ങളോട്, നിങ്ങളിൽ بِٱلۡحَقِّ മുറപ്രകാരം, യഥാർത്ഥത്തെപ്പറ്റി, ശരിക്ക് إِنَّا كُنَّا നിശ്ചയമായും നാം ആയിരുന്നു, نَسۡتَنسِخُ നാം പകർത്തെടുത്തിരുന്നു (എഴുതുവാൻ ആവശ്യപ്പെട്ടിരുന്നു) مَا كُنتُمۡ നിങ്ങളായിരുന്നു تَعۡمَلُونَ നിങ്ങൾ പ്രവർത്തിക്കും.

മനുഷ്യ വർഗത്തിന്റെ ആദിപിതാവ് മുതൽ ലോകാവസാനം വരെയുള്ള സർവ്വ ജനങ്ങളും, ജിന്നുകൾ, മലക്കുകൾ മുതലായവരും ഒന്നടങ്കം ഓരേ നിലയിൽ സമ്മേളിക്കുന്ന ആ മഹാ സദസ്സാകമാനം അങ്ങേഅറ്റം സംഭ്രമാവസ്ഥയിലായിരിക്കും. പ്രവാചകൻമാരടക്കമുള്ള ഓരോരുത്തരും തന്റെ കാര്യത്തിൽ ലോകരക്ഷിതാവിന്റെ വിധി എന്തായിരിക്കുമെന്നറിയാതെ ഭയവിഹ്വലരായിരിക്കും. അവിടെ താഴ്മയോടും വിനയത്തോടും കൂടി മുട്ടുകുത്താത്ത ഒരു സമുദായമോ, ജനവിഭാഗമോ ഉണ്ടായിരിക്കയില്ല.

ഓരോ സമുദായവും അതിന്റെ ഗ്രന്ഥത്തിലേക്ക് വിളിക്കപ്പെടും (كل أمة تدعى إلى كتابها) എന്ന് പറഞ്ഞത് എല്ലാവരുടെയും കർമങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഗ്രന്ഥത്തെ ഉദ്ദേശിച്ചാണെന്നും, അതല്ല ഓരോ സമുദായവും സ്വീകരിക്കുവാൻ ബാധ്യസ്ഥരായിരുന്ന വേദഗ്രന്ഥങ്ങളെ ഉദ്ദേശിച്ചാണെന്നും വരാം.

ഏതായാലും, ഓരോ സമുദായത്തിൽപെട്ടവരുടെയും നന്മതിന്മകൾ വിലയിരുത്തപ്പെടുന്നത് അവരുടെ പ്രവാചകൻമാർ മുഖേന അവർക്ക് ലഭിച്ച പ്രബോധനങ്ങളെ അടിസ്ഥാനമാക്കിയായിരിക്കുമെന്നും, ഓരോ വ്യക്തിക്കും അവരവരുടെ കർമങ്ങൾ സവിസ്തരം മലക്കുകളാൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള രേഖാഗ്രന്ഥം (صحيفة الأعمال) അന്ന് നൽകപ്പെടുന്നതാണെന്നും, കുറ്റവാളികളുടെ കുറ്റങ്ങൾ ശരിയായ തെളിവുസഹിതം അവരെ ബോധ്യപ്പെടുത്തുമെന്നും പറയേണ്ടതില്ല. ഇതിനെപ്പറ്റിയെല്ലാം ക്വുർആൻ പലപ്പോഴും പ്രസ്താവിക്കാറുള്ളതാണല്ലോ.

فَأَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَيُدْخِلُهُمْ رَبُّهُمْ فِى رَحْمَتِهِۦ ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْمُبِينُ ﴿٣٠﴾

﴿30﴾ എന്നാൽ, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അവരുടെ റബ്ബ് അവരെ തന്റെ കാരുണ്യത്തിൽ [സ്വർഗത്തിൽ] പ്രവേശിപ്പിക്കും. അതുതന്നെയാണ് സ്പഷ്ടമായ ഭാഗ്യം!

وَأَمَّا ٱلَّذِينَ كَفَرُوٓا۟ أَفَلَمْ تَكُنْ ءَايَٰتِى تُتْلَىٰ عَلَيْكُمْ فَٱسْتَكْبَرْتُمْ وَكُنتُمْ قَوْمًا مُّجْرِمِينَ ﴿٣١﴾

﴿31﴾ എന്നാൽ, അവിശ്വസിച്ചവരോ, (അവരോട് പറയപ്പെടും:) എന്റെ ആയത്തുകൾ [ലക്ഷ്യങ്ങൾ] നിങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെട്ടിരുന്നില്ലേ? അപ്പോൾ, നിങ്ങൾ ഗർവ്വ് നടിച്ചു; നിങ്ങൾ കുറ്റവാളികളായ ഒരു ജനതയായിത്തീരുകയും ചെയ്തു!

وَإِذَا قِيلَ إِنَّ وَعْدَ ٱللَّهِ حَقٌّ وَٱلسَّاعَةُ لَا رَيْبَ فِيهَا قُلْتُم مَّا نَدْرِى مَا ٱلسَّاعَةُ إِن نَّظُنُّ إِلَّا ظَنًّا وَمَا نَحْنُ بِمُسْتَيْقِنِينَ ﴿٣٢﴾

﴿32﴾ നിശ്ചയമായും, അല്ലാഹുവിന്റെ വാഗ്ദാനം യഥാർത്ഥമാണ്, അന്ത്യഘട്ടമാകട്ടെ, അതിൽ യാതൊരു സന്ദേഹവുമില്ല. എന്ന് പറയപ്പെടുമ്പോൾ,നിങ്ങൾ പറയും: ഞങ്ങൾക്ക് അറിഞ്ഞുകൂടാ എന്താണ് (ഈ) അന്ത്യഘട്ടമെന്ന്; ഞങ്ങൾ (ഒരു) തരത്തിലുള്ള) ഊഹം ഊഹിക്കുന്നുവെന്നല്ലാതെ (മറ്റൊന്നും) ഇല്ല; ഞങ്ങൾ (ഇതൊന്നും) ഉറപ്പായിക്കരുതുന്നവരല്ല തന്നെ.

ജുസ്ഉ് - 26

وَبَدَا لَهُمْ سَيِّـَٔاتُ مَا عَمِلُوا۟
وَحَاقَ بِهِم مَّا كَانُوا۟ بِهِۦ
يَسْتَهْزِءُونَ ﴿٣٣﴾

(33) അവർ പ്രവർത്തിച്ചതിന്റെ തിന്മകൾ അവർക്ക് വെളിവാകുന്നതാണ്. അവർ യാതൊന്നിനെക്കുറിച്ച് പരിഹാസം കൊണ്ടിരുന്നുവോ അത് [ശിക്ഷ] അവരിൽ വലയം ചെയ്കയും ചെയ്യും.

وَقِيلَ ٱلْيَوْمَ نَنسَىٰكُمْ كَمَا
نَسِيتُمْ لِقَآءَ يَوْمِكُمْ هَـٰذَا
وَمَأْوَىٰكُمُ ٱلنَّارُ وَمَا لَكُم مِّن
نَّـٰصِرِينَ ﴿٣٤﴾

(34) (വീണ്ടും അവരോട്) പറയപ്പെടും: നിങ്ങളുടെ ഈ ദിവസം കണ്ടുമുട്ടുന്നതിനെ നിങ്ങൾ മറന്നതുപോലെ, ഇന്ന് നിങ്ങളെ നാം മറന്നുകളയുന്നു; നിങ്ങളുടെ അഭയസ്ഥാനം (അഥവാ വാസസ്ഥലം) നരകവുമാണ്. നിങ്ങൾക്ക് സഹായികളായിട്ട് (ആരും തന്നെ) ഇല്ലതാനും.

ذَٰلِكُم بِأَنَّكُمُ ٱتَّخَذْتُمْ ءَايَـٰتِ
ٱللَّهِ هُزُوًا وَغَرَّتْكُمُ ٱلْحَيَوٰةُ
ٱلدُّنْيَا ۚ فَٱلْيَوْمَ لَا يُخْرَجُونَ
مِنْهَا وَلَا هُمْ يُسْتَعْتَبُونَ
﴿٣٥﴾

(35) അതൊക്കെ (സംഭവിച്ചത്), നിങ്ങൾ അല്ലാഹുവിന്റെ ആയത്തുകളെ പരിഹാസ്യമാക്കിത്തീർത്തതുകൊണ്ടാണ്; ഐഹിക ജീവിതം നിങ്ങളെ വഞ്ചിക്കുകയും ചെയ്തു. എനി ഇന്ന്, അവർ അതിൽ [നരകത്തിൽ] നിന്ന് പുറത്തുവിടുന്നതല്ല; അവരോട് (പശ്ചാത്തപിച്ച് മടങ്ങി) തൃപ്തിപ്പെടുത്തുവാനാവശ്യപ്പെടുകയുമില്ല.

«30» فَأَمَّا ٱلَّذِينَ എന്നാലപ്പോൾ യാതൊരുകൂട്ടർ ءَامَنُوا۟ വിശ്വസിച്ചു
وَعَمِلُوا۟ ٱلصَّـٰلِحَـٰتِ സൽക്കർമ്മങ്ങളും ചെയ്തു فَيُدْخِلُهُمْ അവരെ പ്രവേശിപ്പിക്കും رَبُّهُمْ
അവരുടെ റബ്ബ് فِى رَحْمَتِهِۦ അവന്റെ കാരുണ്യത്തിൽ ذَٰلِكَ هُوَ അതുതന്നെയാണ്

ٱلۡفَوۡزُ ٱلۡمُبِينُ സ്പഷ്ടമായ ഭാഗ്യം ﴾31﴿ وَأَمَّا എന്നാൽ ٱلَّذِينَ كَفَرُوٓاْ അവിശ്വസിച്ചവർ
أَفَلَمۡ تَكُنۡ ആയിരുന്നില്ലേ ءَايَٰتِي എന്റെ ആയത്തുകൾ تُتۡلَىٰ عَلَيۡكُمۡ നിങ്ങൾക്ക് ഓതി
ക്കേൾപ്പിക്കപ്പെടുക فَٱسۡتَكۡبَرۡتُمۡ അപ്പോൾ നിങ്ങൾ ഗർവ്വ് (വലുപ്പം) നടിച്ചു وَكُنتُمۡ
നിങ്ങളായിത്തീരുകയും ചെയ്തു قَوۡمٗا مُّجۡرِمِينَ കുറ്റവാളികളായ ഒരു ജനത ﴾32﴿
وَإِذَا قِيلَ പറയപ്പെട്ടാൽ, പറയപ്പെടുമ്പോൾ إِنَّ وَعۡدَ ٱللَّهِ നിശ്ചയമായും, അല്ലാഹു
വിന്റെ വാഗ്ദാനം, താക്കീത് حَقّٞ യഥാർത്ഥമാണ്, സത്യമാണ് وَٱلسَّاعَةُ അന്ത്യസമ
യമാകട്ടെ لَا رَيۡبَ സന്ദേഹമേയില്ല فِيهَا അതിൽ قُلۡتُم നിങ്ങൾ പറയും, പറഞ്ഞു
مَّا نَدۡرِي ഞങ്ങൾക്കറിഞ്ഞുകൂടാ مَا ٱلسَّاعَةُ എന്താണ് അന്ത്യഘട്ടം إِن نَّظُنُّ ഞങ്ങൾ
ഊഹിക്കുന്നി(കരുതുന്നി)ല്ല إِلَّا ظَنّٗا ഒരു ഊഹമല്ലാതെ وَمَا نَحۡنُ ഞങ്ങളല്ലതാനും
بِمُسۡتَيۡقِنِينَ ഉറപ്പിച്ച് വിശ്വസിക്കുന്നവർ ﴾33﴿ وَبَدَا لَهُمۡ അവർക്ക് വെളിവാകും
سَيِّـَٔاتُ തിന്മകൾ, ദോഷങ്ങൾ مَا عَمِلُواْ അവർ പ്രവർത്തിച്ചതിന്റെ وَحَاقَ بِهِم അവരിൽ
വലയം ചെയ്യുക (ഇറങ്ങുക)യും ചെയ്യും مَّا യാതൊന്ന് كَانُواْ بِهِۦ അതിനെപ്പറ്റി
അവരായിരുന്നു يَسۡتَهۡزِءُونَ പരിഹസിക്കും ﴾34﴿ وَقِيلَ പറയപ്പെടും ٱلۡيَوۡمَ ഇന്ന്
نَنسَىٰكُمۡ നിങ്ങളെ നാം മറക്കും كَمَا نَسِيتُمۡ നിങ്ങൾ മറന്നതുപോലെ لِقَآءَ يَوۡمِكُمۡ നിങ്ങ
ളുടെ ദിവസം കണ്ടുമുട്ടുന്നതിനെ هَٰذَا ഈ وَمَأۡوَىٰكُمُ നിങ്ങളുടെ അഭയ (വാസ)
സ്ഥാനം ٱلنَّارُ നരകമാണ് وَمَا لَكُم നിങ്ങൾക്കില്ലതാനും مِّن نَّٰصِرِينَ സഹായികളായിട്ട്
(ആരും) ﴾35﴿ ذَٰلِكُم അത് بِأَنَّكُمُ ٱتَّخَذۡتُمۡ നിങ്ങൾ ആക്കിത്തീർത്തതുകൊണ്ടാണ്
ءَايَٰتِ ٱللَّهِ അല്ലാഹുവിന്റെ ആയത്തുകളെ هُزُوٗا പരിഹാസ്യം وَغَرَّتۡكُمُ നിങ്ങളെ വഞ്ചി
ക്കയും ചെയ്തു ٱلۡحَيَوٰةُ ٱلدُّنۡيَا ഐഹിക ജീവിതം فَٱلۡيَوۡمَ എനി ഇന്ന് لَا يُخۡرَجُونَ
അവർ പുറത്ത് വിടപ്പെടുകയില്ല مِنۡهَا അതിൽ നിന്ന് وَلَا هُمۡ അവർ (അവരോട്)
ഇല്ല يُسۡتَعۡتَبُونَ മടക്കം (ഖേദം, തൃപ്തിപ്പെടുത്തൽ) ആവശ്യപ്പെടുക (യില്ല)

നരകത്തിൽനിന്ന് രക്ഷയില്ലെന്ന് മാത്രമല്ല, പശ്ചാത്തപിച്ചു മടങ്ങിയോ, ഒഴികഴിവുകൾ സമർപ്പിച്ചോ അല്ലാഹുവിന്റെ തൃപ്തി ലഭിക്കുവാനുള്ള ഒരു സന്ദർഭവും എനി അവർക്കില്ല. അതിനുണ്ടായിരുന്ന അവസരമെല്ലാം അവർ പാഴാക്കിക്കളഞ്ഞു എന്ന് താൽപര്യം. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ, ദൃഷ്ടാന്തങ്ങൾ, മനുഷ്യരുടെ ഉത്ഭവം, പര്യവസാനം തുടങ്ങിയ പലതിനെക്കുറിച്ചും വിവരിച്ചശേഷം, ലോകരക്ഷിതാവായ അല്ലാഹു അവനെത്തന്നെ പുകഴ്ത്തിക്കൊണ്ടും, എല്ലാവിധ പ്രതാപത്തിനും അർഹൻ അവനാണെന്ന് ഓർമിപ്പിച്ചുകൊണ്ടും ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു;-

فَلِلَّهِ ٱلْحَمْدُ رَبِّ ٱلسَّمَٰوَٰتِ وَرَبِّ ٱلْأَرْضِ رَبِّ ٱلْعَٰلَمِينَ ﴿٣٦﴾

﴾36﴿ അപ്പോൾ, കാര്യം ഇങ്ങനെയിരിക്കെ, ആകാശങ്ങളുടെ രക്ഷിതാവും, ഭൂമിയുടെ രക്ഷിതാവുമായ, (അതെ) ലോകരുടെ രക്ഷിതാവായ അല്ലാഹുവിനത്രെ സർവ്വസ്തുതിയും.

وَلَهُ ٱلْكِبْرِيَآءُ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٣٧﴾

﴾37﴿ ആകാശങ്ങളിലും, ഭൂമിയിലും അവന് തന്നെയാണ് ഗാംഭീര്യവും. പ്രതാപശാലിയും അഗാധജ്ഞനുമായുള്ളവനും അവൻ തന്നെ.

﴾36﴿ فَلِلَّهِ അപ്പോൾ അല്ലാഹുവിനാണ് ٱلْحَمْدُ സ്തുതി رَبِّ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ രക്ഷിതാവായ وَرَبِّ ٱلْأَرْضِ ഭൂമിയുടെ രക്ഷിതാവുമായ رَبِّ ٱلْعَٰلَمِينَ ലോകരുടെ രക്ഷിതാവായ ﴾37﴿ وَلَهُ അവന്നാണ് ٱلْكِبْرِيَآءُ ഗാംഭീര്യം, മാഹാത്മ്യം فِى ٱلسَّمَٰوَٰتِ ആകാശങ്ങളിൽ وَٱلْأَرْضِ ഭൂമിയിലും وَهُوَ അവൻ തന്നെ ٱلْعَزِيزُ പ്രതാപശാലി ٱلْحَكِيمُ അഗാധജ്ഞൻ, തത്വജ്ഞാനി

അല്ലാഹുവിൽനിന്ന് നബിﷺ ഉദ്ധരിക്കുന്ന (ക്വുദ്സിയായ) ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു; يقول الله تعالى الكبرياء ردائي والعظمة ازاري فمن نازعني واحدا منهما اسكنته ناري–أحمد ومسلم وأبو داود ابن ماجه (ഗാംഭീര്യം എന്റെ തട്ടമാണ്, മഹത്വം എന്റെ തുണിയുമാണ്. ഈ രണ്ടിലൊന്നിന് ആരെങ്കിലും എന്നോട് വഴക്ക് കൂടുന്നപക്ഷം, ഞാനവനെ എന്റെ നരകത്തിൽ താമസിപ്പിക്കുന്നതാണ്. (അ; മു; ദാ; ജ.)

اللهم لك الحمد وأنت رب السماوات ورب الأرض ورب العالمين

ولك الكبرياء والعظمة والجلال

وأنت العزيز الحكيم

سورة الأحقاف

46. സൂറതുൽ അഹ്ഖാഫ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 35 - വിഭാഗം (റുകൂഅ്) 4

[10, 15, 35 എന്നീ വചനങ്ങൾ 'മദനിയ്യാ'ണെന്നും പക്ഷമുണ്ട്.]

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

حمٓ ﴿١﴾

﴾1﴿ 'ഹാ-മീം'.

تَنزِيلُ ٱلۡكِتَٰبِ مِنَ ٱللَّهِ ٱلۡعَزِيزِ ٱلۡحَكِيمِ ﴿٢﴾

﴾2﴿ (ഈ) വേദഗ്രന്ഥം അവതരിപ്പിക്കുന്നത് പ്രതാപശാലിയായ, അഗാധജ്ഞനായ, അല്ലാഹുവിങ്കൽ നിന്നാകുന്നു.

مَا خَلَقۡنَا ٱلسَّمَٰوَٰتِ وَٱلۡأَرۡضَ وَمَا بَيۡنَهُمَآ إِلَّا بِٱلۡحَقِّ وَأَجَلٖ مُّسَمّٗىۚ وَٱلَّذِينَ كَفَرُواْ عَمَّآ أُنذِرُواْ مُعۡرِضُونَ ﴿٣﴾

﴾3﴿ ആകാശങ്ങളെയും, ഭൂമിയെയും, അവയുടെ ഇടയിലുള്ളതിനെയും കാര്യ (ഗൗരവ)ത്തോടും, നിർണയിക്കപ്പെട്ട ഒരവധിയോടും കൂടിയല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല.

അവിശ്വസിച്ചവരാകട്ടെ, അവർക്ക് മുന്നറിയിപ്പ് നൽകപ്പെട്ടതിനെക്കുറിച്ച് (അശ്രദ്ധരായി) തിരിഞ്ഞുകളയുന്നവരാണ്.

قُلْ أَرَءَيْتُم مَّا تَدْعُونَ مِن دُونِ
ٱللَّهِ أَرُونِى مَاذَا خَلَقُوا۟ مِنَ ٱلْأَرْضِ
أَمْ لَهُمْ شِرْكٌ فِى ٱلسَّمَٰوَٰتِ
ٱئْتُونِى بِكِتَٰبٍ مِّن قَبْلِ هَٰذَآ أَوْ
أَثَٰرَةٍ مِّنْ عِلْمٍ إِن كُنتُمْ
صَٰدِقِينَ ﴿٤﴾

﴿4﴾ (നബിയേ) പറയുക: നിങ്ങൾ കണ്ടുവോ, അല്ലാഹുവിന്പുറമെ നിങ്ങൾ വിളിച്ച് (പ്രാർത്ഥിച്ചു)കൊണ്ടിരിക്കുന്ന വസ്തുക്കളെ?! ഏതൊരു വസ്തുവിനെയാണവർ ഭൂമിയിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നതെന്ന് നിങ്ങൾ എനിക്ക് കാട്ടിത്തരുവിൻ! അതല്ലെങ്കിൽ, ആകാശങ്ങളിൽ വല്ല പങ്കും അവർക്കുണ്ടോ?!

ഇതിന്റെ മുമ്പുള്ള വല്ല വേദഗ്രന്ഥമോ, അല്ലെങ്കിൽ അറിവി(ന്റെ ഇനത്തി)ൽ പെട്ട വല്ല അവശിഷ്ടമോ [പ്രമാണമോ] എനിക്ക് നിങ്ങൾ കൊണ്ടുതരുവിൻ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ!

﴾1﴿ حم ഹാ- മീം ﴾2﴿ تَنزِيلُ ٱلْكِتَٰبِ വേദഗ്രന്ഥത്തിന്റെ അവതരണം, ഗ്രന്ഥത്തെ അവതരിപ്പിച്ചത് مِنَ ٱللَّهِ അല്ലാഹുവിൽ നിന്നാണ് ٱلْعَزِيزِ പ്രതാപശാലിയായ ٱلْحَكِيمِ അഗാധജ്ഞനായ ﴾3﴿ مَا خَلَقْنَا നാം സൃഷ്ടിച്ചിട്ടില്ല ٱلسَّمَٰوَٰتِ وَٱلْأَرْضَ ആകാശങ്ങളും ഭൂമിയും وَمَا بَيْنَهُمَآ അവയുടെ ഇടയിലുള്ളതും إِلَّا بِٱلْحَقِّ കാര്യ(യഥാർത്ഥ, മുറ, ന്യായ)ത്തോടുകൂടിയല്ലാതെ وَأَجَلٍ ഒരു അവധിയോടും مُّسَمًّى നിർണയിക്കപ്പെട്ട وَٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവരോ عَمَّآ أُنذِرُوا۟ അവരോട് മുന്നറിയിപ്പ് നൽകപ്പെട്ടതിനെപ്പറ്റി مُعْرِضُونَ തിരിഞ്ഞുകളയുന്നവരാണ് ﴾4﴿ قُلْ നീ പറയുക أَرَءَيْتُم നിങ്ങൾ കണ്ടുവോ مَّا تَدْعُونَ നിങ്ങൾ വിളിക്കുന്നവയെ مِن دُونِ ٱللَّهِ അല്ലാഹുവിന് പുറമെ أَرُونِى നിങ്ങളെനിക്ക് കാട്ടിത്തരുവിൻ مَاذَا خَلَقُوا۟ അവർ എന്ത് (ഏത്) സൃഷ്ടിച്ചുവെന്ന് مِنَ ٱلْأَرْضِ ഭൂമിയിൽനിന്ന് أَمْ لَهُمْ അല്ലെങ്കിൽ അവർക്കുണ്ടോ شِرْكٌ വല്ല പങ്കും فِى ٱلسَّمَٰوَٰتِ ആകാശങ്ങളിൽ ٱئْتُونِى നിങ്ങളെനിക്ക് കൊണ്ടുവന്നുതരുവിൻ بِكِتَٰبٍ ഒരു ഗ്രന്ഥത്തെ مِّن قَبْلِ هَٰذَآ ഇതിന് മുമ്പുള്ള أَوْ أَثَٰرَةٍ അല്ലെങ്കിൽ വല്ല അവശിഷ്ടവും (പ്രമാണവും) مِّنْ عِلْمٍ അറിവിൽനിന്ന് (അറിവിന്റെ) إِن كُنتُمْ നിങ്ങളാണെങ്കിൽ صَٰدِقِينَ സത്യവാൻമാർ

ആകാശഭൂമികളെയും അവയിലെ സൃഷ്ടികളെയും ഗൗരവമേറിയ ചില ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടി സൃഷ്ടിച്ചതാണെന്നും, ഓരോന്നിനും പ്രത്യേകം പരിധിയും നിർണയവും നിശ്ചയിച്ചിട്ടുണ്ടെന്നും, അവയുടെ സൃഷ്ടിയിലോ കൈകാര്യ നടത്തിപ്പിലോ മറ്റാർക്കും യാതൊരു പങ്കും അധികാരവുമില്ലെന്നും ഉണർത്തിയ ശേഷം, ശിർക്കിനെ ന്യായീകരിക്കുന്ന വല്ല തെളിവുമുണ്ടെങ്കിൽ കൊണ്ടുവരുവാൻ മുശ്‌രിക്കുകളെ വെല്ലുവിളിക്കുന്നു. അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നതിനെ ക്വുർആൻ ആക്ഷേപിക്കുന്നത് നിങ്ങൾക്ക് സ്വീകാര്യമല്ലെങ്കിൽ, ക്വുർആന് മുമ്പുള്ള ഏതെങ്കിലും വേദഗ്രന്ഥമോ, അല്ലെങ്കിൽ പ്രാമാണികമായ ഏതെങ്കിലും തെളിവോ അതിനെ ന്യായീകരിക്കുന്നതായി നിങ്ങൾക്ക് കാണിച്ചുതരുവാൻ കഴിയുമോ? ഉണ്ടെങ്കിൽ അതൊന്ന് കാണട്ടെ! എന്ന് സാരം.

وَمَنْ أَضَلُّ مِمَّن يَدْعُوا۟ مِن دُونِ ٱللَّهِ مَن لَّا يَسْتَجِيبُ لَهُۥٓ إِلَىٰ يَوْمِ ٱلْقِيَـٰمَةِ وَهُمْ عَن دُعَآئِهِمْ غَـٰفِلُونَ ﴿٥﴾

﴿5﴾ ക്വിയാമത്ത് നാൾവരേക്കും ഉത്തരം നൽകാത്തവരെ, അല്ലാഹുവിന് പുറമെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവരെക്കാൾ വഴി പിഴച്ചവർ ആരാണ്?! അവരാകട്ടെ, ഇവരുടെ [വിളിക്കുന്നവരുടെ] വിളിയെപ്പറ്റി അശ്രദ്ധരുമാകുന്നു.

وَإِذَا حُشِرَ ٱلنَّاسُ كَانُوا۟ لَهُمْ أَعْدَآءً وَكَانُوا۟ بِعِبَادَتِهِمْ كَـٰفِرِينَ ﴿٦﴾

﴿6﴾(മാത്രമല്ല) മനുഷ്യൻ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ, ഇവർക്ക് അവർ ശത്രുക്കളായിരിക്കയും ചെയ്യും; അവർ, ഇവരുടെ ആരാധനയെ(ത്തന്നെ) നിഷേധിക്കുന്നവരുമായിരിക്കും.

﴿5﴾ وَمَنْ أَضَلُّ അധികം വഴിപിഴച്ചവരാരാണ് مِمَّن يَدْعُوا۟ വിളിക്കുന്ന (പ്രാർത്ഥിക്കുന്ന)വരെക്കാൾ مِن دُونِ ٱللَّهِ അല്ലാഹുവിന് പുറമെ مَن لَّا يَسْتَجِيبُ ഉത്തരം നൽകാത്തവരെ لَهُۥٓ തനിക്ക് إِلَىٰ يَوْمِ ٱلْقِيَـٰمَةِ ക്വിയാമത്ത് നാൾവരേക്ക് وَهُمْ അവരോ عَن دُعَآئِهِمْ ഇവരുടെ വിളി (പ്രാർത്ഥന)യെപ്പറ്റി غَـٰفِلُونَ അശ്രദ്ധരാണ് ﴿6﴾ وَإِذَا حُشِرَ ഒരുമിച്ചുകൂട്ടപ്പെട്ടാൽ ٱلنَّاسُ മനുഷ്യർ كَانُوا۟ അവരായിരിക്കും لَهُمْ أَعْدَآءً അവർക്ക് ശത്രുക്കൾ وَكَانُوا۟ അവരായിരിക്കയും ചെയ്യും بِعِبَادَتِهِمْ ഇവരുടെ ആരാധനയെ كَـٰفِرِينَ നിഷേധിക്കുന്നവർ, അവിശ്വസിക്കുന്നവർ

അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നതിന്റെ നിരർത്ഥതയാണ് ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. മക്കാ മുശ്‌രിക്കുകളുടെ വിഗ്രഹങ്ങൾ മാത്രമല്ല, അല്ലാഹുവിന് പുറമെ ആരെയെല്ലാം മനുഷ്യർ വിളിച്ചു പ്രാർത്ഥിക്കാറുണ്ടോ അവരെല്ലാം ഉൾക്കൊള്ളുന്നതാണ് ഈ വചനം. ക്വിയാമത്ത് നാൾവരെ- ലോകാവസാനം വരെ- അവർ ആ വിളിക്ക് ഉത്തരം ചെയ്കയില്ല. അതിരിക്കട്ടെ, വിളിക്കപ്പെടുന്നത് അവർ അറിയുമോ? അതുമില്ല. ഇഹത്തിലെ സ്ഥിതിയാണിത്. എനി പരലോകത്ത് എല്ലാവരും സമ്മേളിക്കുന്ന അവസരത്തിലോ? വിളിക്കപ്പെട്ടിരുന്നവർ വിളിച്ചവരുടെ ശത്രുക്കളായിത്തീരുകയും, അവരുടെ ആ ആരാധനയെ -തങ്ങൾ അതറിയുകയോ അനുകൂലിക്കുകയോ ചെയ്യുന്നവരല്ലെന്ന്- നിഷേധിച്ച് പറയുകയാണ് ചെയ്യുക! സൂ: അൻകബൂത്ത് 25 ലും മറ്റും പ്രസ്താവിച്ച സംഗതികൾ ഇവിടെ അനുസ്മരിക്കുന്നത് നന്നായിരിക്കും.

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَـٰتُنَا بَيِّنَـٰتٍ قَالَ ٱلَّذِينَ كَفَرُوا۟ لِلْحَقِّ لَمَّا جَآءَهُمْ هَـٰذَا سِحْرٌ مُّبِينٌ ﴿٧﴾

﴿7﴾ നമ്മുടെ ആയത്തുകൾ അവർക്ക് സുവ്യക്തമായ നിലയിൽ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, യഥാർത്ഥം തങ്ങൾക്ക് വന്നെത്തുന്ന അവസരത്തിൽ, അതിനെക്കുറിച്ച് (ആ) അവിശ്വസിച്ചവർ പറയും: ഇതൊരു പ്രത്യക്ഷമായ ജാലമാണ് എന്ന്!

أَمْ يَقُولُونَ ٱفْتَرَىٰهُ ۖ قُلْ إِنِ ٱفْتَرَيْتُهُۥ فَلَا تَمْلِكُونَ لِى مِنَ ٱللَّهِ شَيْـًٔا ۖ هُوَ أَعْلَمُ بِمَا تُفِيضُونَ فِيهِ ۖ كَفَىٰ بِهِۦ شَهِيدًۢا بَيْنِى وَبَيْنَكُمْ ۖ وَهُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٨﴾

﴿8﴾ അതല്ല, ഇത് അവൻ [നബി] കെട്ടിച്ചമച്ചിരിക്കയാണെന്ന് അവർ പറയുന്നുവോ?! (അവരോട്) പറയണം: ഞാനിത് കെട്ടിച്ചമച്ചിരിക്കുകയാണെങ്കിൽ, അല്ലാഹുവിൽ നിന്ന് (ഉണ്ടാകുന്ന) യാതൊന്നും എനിക്കുവേണ്ടി (നേരിടുവാൻ) നിങ്ങൾക്ക് സാധ്യമാകുന്നതല്ല.

നിങ്ങൾ യാതൊന്നിൽ മുഴുകി പ്രവേശിച്ചുകൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റി അവൻ ഏറ്റവും അറിയുന്നവനാണ്. അവൻ മതി, എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായിട്ട്, അവൻ, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായുള്ളവനുമത്രെ.

﴾7﴿ وَإِذَا تُتۡلَىٰ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ عَلَيۡهِمۡ അവർക്ക്, ഇവർക്ക് ءَايَٰتُنَا നമ്മുടെ ആയത്തുകൾ بَيِّنَٰتٖ വ്യക്തങ്ങളായിട്ട്, തെളിവുകളായി قَالَ ٱلَّذِينَ كَفَرُواْ അവിശ്വസിച്ചവർ പറയും لِلۡحَقِّ യഥാർത്ഥത്തെക്കുറിച്ച് لَمَّا جَآءَهُمۡ അതവർക്ക് വന്ന അവസരം, വന്നപ്പോൾ هَٰذَا سِحۡرٞ ഇത് ജാലമാണ് مُّبِينٌ പ്രത്യക്ഷമായ (തനി) ﴾8﴿ أَمۡ يَقُولُونَ അതല്ല (അഥവാ, അല്ലെങ്കിൽ) അവർ പറയുന്നുവോ ٱفۡتَرَىٰهُ അവ നത് കെട്ടിച്ചമച്ചുവെന്ന് قُلۡ നീ പറയുക إِنِ ٱفۡتَرَيۡتُهُۥ ഞാൻ അത് കെട്ടിച്ചമച്ചെങ്കിൽ فَلَا تَمۡلِكُونَ എന്നാൽ നിങ്ങൾക്ക് സാധ്യമാകയില്ല, സ്വാധീനമാക്കുന്നില്ല لِي എനിക്ക്, എനിക്കുവേണ്ടി مِنَ ٱللَّهِ അല്ലാഹുവിൽ നിന്ന് شَيۡـًٔا യാതൊന്നിനും, ഒട്ടും هُوَ أَعۡلَمُ അവൻ ഏറ്റവും (നല്ലപോലെ) അറിയുന്നവനാണ് بِمَا യാതൊന്നിനെപ്പറ്റി تُفِيضُونَ നിങ്ങൾ മുഴുകിക്കൊണ്ടിരിക്കുന്നു فِيهِ അതിൽ كَفَىٰ بِهِۦ അവൻ തന്നെ മതി شَهِيدَۢا സാക്ഷിയായി, കണ്ടറിയുന്നവനായി بَيۡنِي എനിക്കിടയിലും وَبَيۡنَكُمۡ നിങ്ങൾക്കിട യിലും وَهُوَ അവൻ, അവൻതന്നെ ٱلۡغَفُورُ വളരെ പൊറുക്കുന്നവൻ ٱلرَّحِيمُ കരുണാ നിധി

അല്ലാഹു എന്നെ യഥാർത്ഥത്തിൽ റസൂലായി നിയോഗിച്ചതല്ല- ഞാൻ അവന്റെ പേരിൽ കളവ് കെട്ടിപ്പറയുകയാണ് -എന്നുവെക്കുക. എന്നാലവൻ തീർച്ചയായും എന്നെ അതികഠിനമായി ശിക്ഷിക്കാതിരിക്കയില്ല. അത് തടയുവാൻ നിങ്ങൾക്കാകട്ടെ, മറ്റാർക്കെങ്കിലുമാകട്ടെ കഴിയുന്നതുമല്ല. യഥാർത്ഥത്തിൽ നിങ്ങളുടെ നിലപാടാണ് ശിക്ഷാർഹമായിട്ടുള്ളത്. അല്ലാഹു അത് ശരിക്കും കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. വേണ്ടുന്ന നടപടി അവൻ എടുത്തുകൊള്ളും. പക്ഷേ, നിരാശപ്പെടേണ്ടതില്ല. നിങ്ങൾ പശ്ചാത്തപിക്കുന്നപക്ഷം, നിശ്ചയമായും അവൻ നിങ്ങൾക്ക് പൊറുത്തുതരുകയും കരുണ ചെയ്യുകയും ചെയ്യുന്നതാണ് എന്ന് സാരം.

قُلۡ مَا كُنتُ بِدۡعٗا مِّنَ ٱلرُّسُلِ وَمَآ أَدۡرِي مَا يُفۡعَلُ بِي وَلَا بِكُمۡۖ إِنۡ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَيَّ وَمَآ أَنَا۠ إِلَّا نَذِيرٞ مُّبِينٞ ﴿٩﴾

﴾9﴿ (നബിയേ) പറയുക: ഞാൻ റസൂലുകളിൽനിന്നും (നടാടെ വന്ന) ഒരു പുത്തനല്ല. എന്നെക്കൊണ്ടാകട്ടെ, നിങ്ങളെക്കൊണ്ടാകട്ടെ എന്ത് ചെയ്യപ്പെടുമെന്ന് എനിക്ക് അറിയുകയുമില്ല. എനിക്ക് വഹ്‌യ് [ദിവ്യ ബോധനം] നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻപറ്റുന്നില്ല. ഞാൻ, സ്പഷ്ടമായ ഒരു താക്കീതുകാരനല്ലാതെ (മറ്റൊന്നും) അല്ല.

﴾9﴿ قُلْ നീ പറയുക مَا كُنتُ ഞാനല്ല, ഞാനായിട്ടില്ല بِدْعًا ഒരു പുത്തൻ, നവീ
നൻ مِّنَ ٱلرُّسُلِ റസൂലുകളിൽ നിന്ന് وَمَآ أَدْرِى എനിക്കറിയുകയുമില്ല مَا يُفْعَلُ بِى എന്നെ
ക്കൊണ്ട് ചെയ്യപ്പെടുന്നത് وَلَا بِكُمْ നിങ്ങളെക്കൊണ്ടും ഇല്ല إِنْ أَتَّبِعُ ഞാൻ പിൻപ
റ്റുന്നില്ല إِلَّا مَا യാതൊന്നിനെയല്ലാതെ يُوحَىٰٓ إِلَىَّ എനിക്ക് വഹ്‌യ് നൽകപ്പെടുന്ന
وَمَآ أَنَا۠ ഞാനല്ലതാനും إِلَّا نَذِيرٌ ഒരു താക്കീതുകാരനല്ലാതെ مُّبِينٌ പ്രത്യക്ഷമായ

ഞാൻ ഒന്നാമതായി രംഗപ്രവേശം ചെയ്ത ഒരു റസൂലല്ല. എന്റെ മുമ്പ് എത്രയോ റസൂലുകൾ കഴിഞ്ഞുപോയിട്ടുണ്ട്. അവരെല്ലാം പ്രബോധനം ചെയ്ത തത്വം തന്നെയാണ് ഞാനും പ്രബോധനം ചെയ്യുന്നത്. ഞാൻ അല്ലാഹുവിന്റെ റസൂലാണെന്നുവെച്ച് എല്ലാ കാര്യവും എനിക്കറിയുമെന്ന് ധരിക്കരുത്. എന്നെക്കൊണ്ടോ നിങ്ങളെക്കൊണ്ടോ എന്തൊക്കെയാണ് ചെയ്യപ്പെടുക- നമ്മിൽ എന്തൊക്കെ സംഭവിക്കാനിരിക്കുന്നു- എന്നൊന്നും എനിക്കറിവില്ല. അതെല്ലാം അറിയുന്നതുകൊണ്ടല്ല ഞാൻ ഇതിന് മുതിർന്നിട്ടുള്ളതും.അല്ലാഹുവിൽ നിന്ന് എനിക്ക് വഹ്‌യ് ലഭിക്കാറുണ്ട്. അതനുസരിച്ച് പ്രവർത്തിക്കുകയാണ് ഞാൻ ചെയ്യുന്നത്. അല്ലാഹുവിന്റെ ശിക്ഷയെപ്പറ്റി നിങ്ങളെ മുൻകൂട്ടി താക്കീതുചെയ്യുന്ന ഒരാൾ മാത്രമാണ് ഞാൻ. അധികാരവും കൈകാര്യവുമെല്ലാം അല്ലാഹുവിനാണുള്ളത്. എന്നൊക്കെയാണ് മേൽപ്പറഞ്ഞതിന്റെ താൽപര്യം.

ഉമ്മുൽ അലാഉ് (أم العلاء) (റ) എന്ന വനിതാസ്വഹാബിയിൽനിന്ന് നിവേദനം ചെയ്യപ്പെടുന്ന ഒരു ഹദീഥിന്റെ ചുരുക്കം ഇതാണ്:- അവർ പറയുന്നു: ഉഥ്മാനുബ്നുമദ്ഊൻ (عثمان بن مظعون-رض) മരണം **(*)** പ്രാപിച്ചപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹു താങ്കൾക്ക് കരുണ ചെയ്യട്ടെ, താങ്കളെ തീർച്ചയായും അല്ലാഹു ആദരിച്ചിരിക്കുന്നു.അപ്പോൾ നബി ﷺ പറഞ്ഞു: അല്ലാഹു അദ്ദേഹത്തെ ആദരിച്ചിരിക്കുന്നുവെന്ന് തനിക്ക് എന്തറിയാം? അദ്ദേഹത്തിന് മരണം വന്നുകഴിഞ്ഞു; അദ്ദേഹത്തിന് നന്മയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ, അല്ലാഹുവാണ! ഞാൻ അവന്റെ റസൂലായിരിക്കെ, എനിക്കറിഞ്ഞുകൂടാ, എന്നെക്കൊണ്ട് എന്ത് ചെയ്യപ്പെടുമെന്ന്! അപ്പോൾ ഞാൻ പറഞ്ഞു: എനി ഒരിക്കലും, ഒരാളെക്കുറിച്ചും, ഞാൻ വളർത്തിപ്പറയുകയില്ല. (ബുഖാരി)

അല്ലാഹുവിന്റെ ദൂതൻമാരായ പ്രവാചകൻമാർക്കും, സത്യവിശ്വാസികൾക്കും അല്ലാഹു സഹായവും രക്ഷയും നൽകുമെന്നും, സത്യനിഷേധികളെ അവൻ ശിക്ഷിക്കുമെന്നും നബി തിരുമേനിﷺക്ക് അറിഞ്ഞുകൂടേ? സ്വഹാബികളിൽപെട്ട

(*) മദീനഃയിൽവെച്ച് മരണപ്പെട്ട ഒന്നാമത്തെ സ്വഹാബിയായിരുന്നു ഉഥ്മാനുബ്നു മദ്ഊൻ (റ).

ചില വ്യക്തികളെപ്പറ്റി അവർ സ്വർഗസ്ഥരായിക്കുമെന്നുപോലും തിരുമേനി പറയുകയുണ്ടായിട്ടില്ലേ? സത്യവിശ്വാസികളുടെ വിജയവും അവിശ്വാസികളുടെ പരാജയവും സംബന്ധിച്ച് പല വാഗ്ദാനങ്ങളും ക്വുർആനിൽതന്നെ വന്നിട്ടില്ലേ? എന്നിരിക്കെ, وما أدري ما يفعل بي ولا بكم (എന്നെക്കൊണ്ടും നിങ്ങളെക്കൊണ്ടും എന്ത് ചെയ്യപ്പെടുമെന്ന് എനിക്കറിഞ്ഞുകൂടാ.) എന്ന് പറയുന്നതിന്റെ രഹസ്യമെന്തായിരിക്കും? ഇതിന് ഉത്തരം കാണുവാൻ പ്രയാസമില്ല. മേൽപറഞ്ഞതുപോലെയുള്ള പലതും നബിﷺക്ക് അറിയാമെന്നത് ശരിയാണ്. പക്ഷേ, അവയിൽ പലതിന്റെയും വിശദവിവരമോ, സൂക്ഷ്മവിവരമോ തിരുമേനിക്ക് അറിയുകയില്ല. അദൃശ്യകാര്യങ്ങളിൽ ഏതൊന്നിനെക്കുറിച്ചും അല്ലാഹുവിൽനിന്ന് വഹ്‌യ്മൂലം ലഭിക്കുന്ന വിവരമല്ലാതെ നബി തിരുമേനിﷺക്കാകട്ടെ, മറ്റാർക്കുമാകട്ടെ, യാതൊന്നും അറിയുകയില്ല. ഉദാഹരണമായി: ആരെല്ലാം വിശ്വസിക്കും. അല്ലെങ്കിൽ വിശ്വസിക്കുകയില്ല. ഓരോ വ്യക്തിയും എത്രകണ്ട് നല്ലവനോ ചീത്തപ്പെട്ടവനോ ആയിരിക്കും, അവർക്ക് ഈ ലോകത്ത് എന്തെല്ലാം സംഭവിക്കും, പരലോകത്ത് ഓരോരുത്തരുടെയും പ്രതിഫലം എങ്ങനെയെല്ലാമായിരിക്കും, സത്യനിഷേധികൾക്ക് എന്തെല്ലാം ആപത്തുകൾ വരാനിരിക്കുന്നു, നബിﷺയും സത്യവിശ്വാസികളും ഈ ലോകത്ത് എന്തെല്ലാം അനുഭവിക്കും, എപ്പോൾ മരിക്കും, അതെങ്ങിനെയിരിക്കും എന്നിത്യാദി എത്രയോ കാര്യങ്ങളെക്കുറിച്ച് നബിﷺക്ക് അറിയുകയില്ലല്ലോ. പ്രത്യേകിച്ച് വ്യക്തികളെ സംബന്ധിച്ച് അവരുടെ പര്യവസാനം സ്വർഗത്തിലേക്കോ നരകത്തിലേക്കോ എന്നൊന്നും വഹ്‌യ് കൊണ്ടല്ലാതെ അറിയുവാൻ മാർഗമില്ല. ചുരുക്കം ചില സ്വഹാബികളെപ്പറ്റി അവർ സ്വർഗത്തിന്റെ ആൾക്കാരാണെന്ന് നബിﷺ പ്രസ്താവിച്ചുകാണുന്നത് ശരിയാണ്. ഇത് വഹ്‌യ്മുഖേന അറിവായതുകൊണ്ടായിരിക്കുവാനേ മാർഗമുള്ളൂ. ഉഥ്മാനുബ്നു മദ്ഊൻ (റ)ന്റെ കാര്യത്തിൽ നബിﷺക്ക് സൽപ്രതീക്ഷയാണുള്ളതെങ്കിലും അവിടുന്ന് ഒന്നും തീർത്ത് പറയാതിരുന്നത് ആ വിഷയത്തിൽ തിരുമേനിക്ക് പ്രത്യേകമായ അറിവ് ലഭിച്ചിട്ടില്ലാത്തത് കൊണ്ടുമായിരിക്കും. الله أعلم

قُلْ أَرَءَيْتُمْ إِن كَانَ مِنْ عِندِ ٱللَّهِ وَكَفَرْتُم بِهِۦ وَشَهِدَ شَاهِدٌ مِّنۢ بَنِىٓ إِسْرَٰٓءِيلَ عَلَىٰ مِثْلِهِۦ فَـَٔامَنَ وَٱسْتَكْبَرْتُمْ

﴾10﴿ (നബിയേ) പറയുക: നിങ്ങൾ കണ്ടുവോ, ഇത് [ക്വുർആൻ] അല്ലാഹുവിന്റെ പക്കൽനിന്നായിരിക്കുകയും, അതിൽ നിങ്ങൾ അവിശ്വസിക്കുകയുമാണെങ്കിൽ, ഇതുപോലെയുള്ളതിൽ ഇസ്റാഈൽ സന്തതികളിൽ നിന്ന് ഒരു സാക്ഷി സാക്ഷ്യം വഹിക്കുകയും, അങ്ങനെ അയാൾ അതിൽ വിശ്വസിക്കുകയും, നിങ്ങൾ (വിശ്വസിക്കാതെ) അഹംഭാവം നടിക്കുകയും, ചെയ്തു(വെങ്കിൽ)? അപ്പോൾ നിങ്ങൾ [തനിഅക്രമികളല്ലേ?!]

إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ ﴿١٠﴾

നിശ്ചയമായും, അക്രമികളായ ജനതയെ അല്ലാഹു നേർമാർഗത്തിലാക്കുകയില്ല.

10. قُلْ നീ പറയുക أَرَءَيْتُمْ നിങ്ങൾ കണ്ടുവോ إِن كَانَ ഇതായിരുന്നാൽ مِنْ عِندِ ٱللَّهِ അല്ലാഹുവിന്റെ പക്കൽനിന്ന് وَكَفَرْتُم بِهِۦ നിങ്ങളതിൽ അവിശ്വസിക്കുകയും وَشَهِدَ സാക്ഷ്യം വഹിക്കുകയും شَاهِدٌ ഒരു സാക്ഷി, വല്ല സാക്ഷിയും مِّنۢ بَنِىٓ إِسْرَٰٓءِيلَ ഇസ്റാഈൽ സന്തതികളിൽനിന്ന് عَلَىٰ مِثْلِهِۦ ഇതുപോലെയുള്ളതിൽ فَـَٔامَنَ എന്നിട്ട് അയാൾ വിശ്വസിച്ചു وَٱسْتَكْبَرْتُمْ നിങ്ങൾ അഹംഭാവം നടിക്കയും ചെയ്തു إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു لَا يَهْدِى അവൻ നേർമാർഗത്തിലാക്കുകയില്ല ٱلْقَوْمَ ٱلظَّـٰلِمِينَ അക്രമികളായ ജനതയെ

സാരം: വാസ്തവത്തിൽ; ക്വുർആൻ അല്ലാഹുവിങ്കൽനിന്നുള്ളതാണ്. എന്നിരിക്കെ, നിങ്ങളതിൽ വിശ്വസിക്കാത്തത് അക്രമമാണ്. അതോടുകൂടി, വേദഗ്രന്ഥങ്ങളുമായി പരിചയമുള്ള ഇസ്റാഈൽ ജനതയിൽപെട്ട ചിലരും ക്വുർആന്റെ സിദ്ധാന്തങ്ങൾ ശരിയാണെന്ന് സാക്ഷ്യം വഹിക്കുകയും, അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. വേദഗ്രന്ഥവുമായി പരിചയമില്ലാത്ത നിങ്ങൾ വിശ്വസിക്കാതെ ഗർവ്വ് നടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് ഒരിക്കലും ന്യായമല്ല. എന്ന് നിങ്ങൾക്കുതന്നെ ആലോചിച്ചറിയാവുന്ന വസ്തുതയാണ്. ഇങ്ങനെ, മനഃപൂർവ്വം സത്യവിശ്വാസം സ്വീകരിക്കാത്ത അക്രമികളെ അല്ലാഹു നേർമാർഗത്തിലാക്കുകയില്ല.

شاهد من بني إسرائيل (ഇസ്റാഈൽ സന്തതികളിൽനിന്നുള്ള സാക്ഷി) കൊണ്ടുദ്ദേശ്യം ആരാണെന്ന് ഉറപ്പിച്ച് പറയുവാൻ നിവൃത്തിയില്ല. അബ്ദുല്ലാഹിബ്നു സലാമാണ് (റ) ഉദ്ദേശ്യമെന്നാണ് പലരും പറയുന്നത്. അദ്ദേഹം യഹൂദി പണ്ഡിതൻമാരിൽ ശ്രേഷ്ഠനായ ഒരാളായിരുന്നു. അറബികളിൽ വരുവാനിരിക്കുന്ന പ്രവാചകനെ സംബന്ധിച്ച് തൗറാത്തിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ നബിﷺവഴി യഥാർത്ഥമായി പുലർന്ന് കണ്ടതുകൊണ്ടാണ് അദ്ദേഹം നബിﷺയിൽ വിശ്വസിച്ചതെന്ന കാര്യം പ്രസിദ്ധമാണ്. ഇദ്ദേഹത്തെ സംബന്ധിച്ചാണ് ഈ വചനം അവതരിച്ചിരിക്കുന്നതെന്ന് ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ വന്നിരിക്കുന്നു. പക്ഷേ, ഈ സൂറത്ത് മക്കീസൂറത്തുകളിൽപെട്ടതും, അദ്ദേഹം നബിﷺയിൽ വിശ്വസിച്ച സംഭവം മദീനഃയിൽവെച്ച് നടന്നതുമാകുന്നു. അതുകൊണ്ടാണ് സൂറത്ത് മക്കീയാണെങ്കിലും, ഈ ആയത്ത് മദനീയാണെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നതും. ഈ സാക്ഷികൊണ്ടുദ്ദേശ്യം, അബ്ദുല്ലാഹിബ്നുസലാമോ (റ) മറ്റേതെങ്കിലും പ്രത്യേകം വ്യക്തിയോ അല്ല, അദ്ദേഹത്തെപ്പോലെ തൗറാത്തിലെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ നബി ﷺയിൽ

വിശ്വസിച്ചിരുന്ന എല്ലാ വേദക്കാരും അതില്‍ സാമാന്യമായി ഉള്‍പ്പെടും എന്നാണ് മറ്റൊരഭിപ്രായം. ഇതാണ് കൂടുതല്‍ യുക്തമായി തോന്നുന്നത്. അബ്ദുല്ലാഹിബ്നുസലാമിനെ (റ) സംബന്ധിച്ചാണ് ഈ ആയത്ത് അവതരിച്ചതെന്ന് ഹദീഥില്‍ വന്നിട്ടുള്ളതിന്റെ താല്‍പര്യം. അദ്ദേഹത്തെപ്പോലെ തൗറാത്ത് പഠിച്ചറിഞ്ഞ് നബിﷺയില്‍ വിശ്വസിക്കുവാന്‍ മുമ്പോട്ട് വന്നവരുടെ വിഷയത്തില്‍ അവതരിച്ചു എന്നായിരിക്കാം. മറ്റ് ചില ആയത്തുകളുടെ അവതരണഹേതുക്കള്‍ വിവരിക്കുമ്പോഴും ഇത്തരം പ്രയോഗങ്ങള്‍ ഹദീഥുകളിലും, സ്വഹാബികളുടെ പ്രസ്താവനകളിലും കാണാറുള്ളതാണ്. ഇതിനെപ്പറ്റി മുഖവുരയില്‍ നാം വിവരിച്ചിട്ടുള്ളത് ഓര്‍ക്കുക. الله أعلم

വിഭാഗം- 2

وَقَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوا۟ لَوْ كَانَ خَيْرًا مَّا سَبَقُونَآ إِلَيْهِ ۚ وَإِذْ لَمْ يَهْتَدُوا۟ بِهِۦ فَسَيَقُولُونَ هَٰذَآ إِفْكٌ قَدِيمٌ ﴿١١﴾

﴾11﴿ അവിശ്വസിച്ചവര്‍ വിശ്വസിച്ചവരെക്കുറിച്ച് പറയുകയാണ്; ഇതൊരു നല്ല കാര്യമായിരുന്നുവെങ്കില്‍, ഇതിലേക്ക് ഇവര്‍ ഞങ്ങളെ മുന്‍കടന്ന് വരുകയില്ലായിരുന്നു. അവര്‍ക്ക് ഇതുമൂലം സന്‍മാര്‍ഗം പ്രാപിച്ചിട്ടില്ലാത്ത സ്ഥിതിക്ക് അവര്‍ പറഞ്ഞേക്കും; ഇതൊരു പഴക്കം ചെന്ന നുണയാണ് എന്ന്.

﴾11﴿ وَقَالَ പറഞ്ഞു, പറയുന്നു ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവര്‍ لِلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരെക്കുറിച്ച് لَوْ كَانَ ഇത് (അത്) ആയിരുന്നെങ്കില്‍ خَيْرًا ഒരു നന്മ, നല്ലത് مَّا سَبَقُونَآ അവര്‍ ഞങ്ങളെ മുന്‍കടക്കുകയില്ല إِلَيْهِ അതിലേക്ക് وَإِذْ لَمْ يَهْتَدُوا۟ بِهِۦ അവര്‍ ഇതുമൂലം സന്‍മാര്‍ഗം പ്രാപിച്ചിട്ടില്ലാത്തതിനാല്‍ (......... ഇല്ലാത്തപ്പോള്‍) فَسَيَقُولُونَ അവര്‍ പറഞ്ഞേക്കും, പറയും هَٰذَآ إِفْكٌ ഇതൊരു നുണയാണ്, കള്ളമാണ് قَدِيم പഴഞ്ചന്‍, പഴകിയ

ഭൗതികനേട്ടങ്ങളും, ഐഹികയശസ്സുമാണ് മനുഷ്യന്റെ വലിയ യോഗ്യതയെന്നും, അവയുടെ അടിസ്ഥാനത്തിലാണ് മനുഷ്യന്‍ നല്ലവനും, ചീത്തപ്പെട്ടവനുമായിരിക്കുന്നതെന്നും ധരിക്കുന്നവരെ ഇന്നും അന്നും ധാരാളം കാണാം. അധമന്‍മാരായആളുകളാണ് ആദ്യം സത്യവിശ്വാസം സ്വീകരിച്ചതെന്ന കാരണത്താല്‍ തങ്ങള്‍ വിശ്വസിക്കുവാന്‍ തയ്യാറില്ലെന്ന് നൂഹ് നബി (അ)യുടെ ജനത അദ്ദേഹത്തോട് പറയുകയുണ്ടായി, (ശുഅറാഉ് 111; ഹൂദ്: 27.) വളരെ പഴക്കമുള്ള ഒരു

ധാരണയാണിത്. തങ്ങൾ സ്വീകരിക്കുന്നതും, തങ്ങൾക്ക് ലഭിക്കുന്നതുമെല്ലാം നല്ലതും അല്ലാത്തവയെല്ലാം മ്ലേച്ഛവും. ഇതാണ് ഇത്തരക്കാരുടെ അഭിമതം. ഈ ധാരണ ക്വുറൈശികളും വെച്ച് പോറ്റിയിരുന്നു. അമ്മാർ (റ), ബിലാൽ (റ), ഖബ്ബാബ് (റ), സ്വുഹൈബ് (റ) മുതലായവരെപ്പോലെ, കേവലം അടിമകളോ ദരിദ്രൻമാരോ ആയിരുന്ന സ്വഹാബികളെ ചൂണ്ടിക്കൊണ്ട് ക്വുറൈശികൾ പറയും: മുഹമ്മദ് പ്രബോധനം ചെയ്യുന്ന മതം അത്ര നല്ലതാണെങ്കിൽ ഇത്തരം ആളുകളല്ല-ഞങ്ങളൊക്കെയായിരുന്നു- അതിലേക്ക് മുമ്പോട്ട് വരേണ്ടത്.ആദ്യം മുമ്പോട്ട് വന്നവർ കേവലം പാവങ്ങളായത് ആ മതം കൊള്ളരുതാത്തതാണെന്നുള്ളതിന് തെളിവാകുന്നുവെന്നത്രെ അവർ സമർത്ഥിക്കുന്നത്. വാസ്തവത്തിൽ അവർക്ക് അതിനോട് വൈരാഗ്യം ഉണ്ടാകുവാൻ കാരണം, അതിനെപ്പറ്റി അവർ മനസ്സിലാക്കാത്തതും, അതിന്റെ മെച്ചം ആസ്വദിച്ചറിയുവാനുള്ള അവസരം അവർക്ക് ലഭിക്കാത്തതുമാണ് എന്ന് അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു, പഴക്കം ചെന്ന നുണ (إفك قديم) എന്ന് അവർ വിശേഷിപ്പിച്ചത്, നബിﷺയുടെ മുമ്പ് കഴിഞ്ഞുപോയ പ്രവാചകൻമാരുടെ തൗഹീദ് പ്രസ്ഥാനങ്ങളെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ടാകുന്നു. الناس اعداء ما جهلوا (തങ്ങൾക്ക് അറിയാത്തതിന്റെ ശത്രുക്കളായിരിക്കും മനുഷ്യൻമാർ.) എന്ന് ഒരു ആപ്തവാക്യമുള്ളത് പ്രസ്താവ്യമാണ്.

وَمِن قَبۡلِهِۦ كِتَـٰبُ مُوسَىٰٓ إِمَامًا وَرَحۡمَةً ۚ وَهَـٰذَا كِتَـٰبٌ مُّصَدِّقٌ لِّسَانًا عَرَبِيًّا لِّيُنذِرَ ٱلَّذِينَ ظَلَمُوا۟ وَبُشۡرَىٰ لِلۡمُحۡسِنِينَ ﴿١٢﴾

﴾12﴿ (ജനങ്ങൾക്ക്) നേതൃത്വം നൽകുന്നതായും, കാരുണ്യമായും കൊണ്ട് മൂസായുടെ ഗ്രന്ഥം ഇതിനു മുമ്പുണ്ട്. അറബിഭാഷയായിക്കൊണ്ട് (അതിനെ ശരിവെച്ച്) സത്യമാക്കുന്ന ഒരു ഗ്രന്ഥമത്രെ ഇതും. അക്രമം പ്രവർത്തിച്ചവരെ താക്കീത് ചെയ്യാൻവേണ്ടിയും, സുകൃതം ചെയ്യുന്നവർക്ക് സന്തോഷവാർത്തയായിക്കൊണ്ടും.

﴾12﴿ وَمِن قَبۡلِهِۦ ഇതിന്റെ മുമ്പുണ്ട് كِتَـٰبُ مُوسَىٰٓ മൂസായുടെ ഗ്രന്ഥം إِمَامًا നേതൃത്വം നൽകുന്നതായിട്ട് (വഴികാട്ടിയായി) وَرَحۡمَةً കാരുണ്യമായും وَهَـٰذَا كِتَـٰبٌ ഇതും ഒരു ഗ്രന്ഥം, ഇതാ ഒരു ഗ്രന്ഥം مُّصَدِّقٌ സത്യമാക്കുന്ന (സത്യത സ്ഥാപിക്കുന്ന, ശരിവെക്കുന്ന) لِّسَانًا عَرَبِيًّا അറബിഭാഷയായിക്കൊണ്ട് لِّيُنذِرَ അത് താക്കീത് (മുന്നറിയിപ്പ്) നൽകുവാൻ വേണ്ടി ٱلَّذِينَ ظَلَمُوا۟ അക്രമം ചെയ്തവരെ وَبُشۡرَىٰ സന്തോഷവാർത്തയായും لِلۡمُحۡسِنِينَ നന്മ (പുണ്യം, സുകൃതം) ചെയ്യുന്നവർക്ക്

തൗഹീദ് സിദ്ധാന്തം ഒരു പഴക്കം ചെന്ന നുണയാണെന്ന് ജല്പിക്കുന്ന ആ മുശ്‌രിക്കുകൾക്ക് മൂസാ നബി (അ)യുടെ തൗറാത്തിനെപ്പറ്റി തികച്ചും കേട്ടറിവുണ്ട്. അത് ഇസ്‌റാഈൽ ജനതക്ക് മാർഗദർശനവും നേതൃത്വവും നൽകിയിരുന്നുവെന്നും, അവർക്ക് അല്ലാഹു നൽകിയ ഒരു അനുഗ്രഹമായിരുന്നു അതെന്നും

അവർക്കറിയാം. അതവർ നിഷേധിക്കാറുമില്ലായിരുന്നു. അപ്പോൾ, ആ സിദ്ധാന്തം ക്വുർആന്റെയോ, നബിﷺയുടെയോ ഒരു പുതുസിദ്ധാന്തമല്ല. തൗറാത്തിലെ സിദ്ധാന്തത്തെ ശരിവെക്കുക മാത്രമാണ് ക്വുർആൻ ചെയ്യുന്നത്. തൗറാത്ത് ഹിബ്രു ഭാഷയിലായിരുന്നു. എന്നാൽ ക്വുർആൻ- അവരുടെ സൗകര്യാർത്ഥം -അറബിയിലാണുള്ളതും.

إِنَّ ٱلَّذِينَ قَالُواْ رَبُّنَا ٱللَّهُ ثُمَّ ٱسۡتَقَٰمُواْ فَلَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ﴿١٣﴾

﴾13﴿ നിശ്ചയമായും, യാതൊരു കൂട്ടർ ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ്എന്ന് പറയുക [പ്രഖ്യാപിക്കുക]യും, പിന്നീട് ചൊവ്വിന് നില കൊള്ളുകയും ചെയ്തുവോ, അവരുടെമേൽ യാതൊരു ഭയവും ഇല്ല; അവർ വ്യസനിക്കുകയുമില്ല.

أُوْلَٰٓئِكَ أَصۡحَٰبُ ٱلۡجَنَّةِ خَٰلِدِينَ فِيهَا جَزَآءَۢ بِمَا كَانُواْ يَعۡمَلُونَ ﴿١٤﴾

﴾14﴿ അക്കൂട്ടർ സ്വർഗത്തിന്റെ ആൾക്കാരാകുന്നു- അതിൽ നിത്യവാസികളായ നിലയിൽ. (അതെ) അവർ പ്രവർത്തിച്ചിരുന്നതിന് (നൽകപ്പെടുന്ന) പ്രതിഫലമായിട്ട്!

﴾13﴿ إِنَّ ٱلَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ قَالُوا۟ അവർ പറഞ്ഞു رَبُّنَا ٱللَّهُ ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ് (എന്ന്) ثُمَّ ٱسۡتَقَٰمُوا۟ പിന്നീടവർ ചൊവ്വിന് നില കൊള്ളുകയും ചെയ്തു فَلَا خَوۡفٌ എന്നാൽ ഒരു ഭയവുമില്ല عَلَيۡهِمۡ അവരുടെമേൽ وَلَا هُمۡ അവർ ഇല്ലതാനും يَحۡزَنُونَ വ്യസനിക്കും ﴾14﴿ أُوْلَٰٓئِكَ അക്കൂട്ടർ أَصۡحَٰبُ ٱلۡجَنَّةِ സ്വർഗത്തിന്റെ ആൾക്കാരാണ് خَٰلِدِينَ فِيهَا അതിൽ നിത്യവാസികളായിക്കൊണ്ട് جَزَآءَ പ്രതിഫലമായിട്ട് بِمَا كَانُوا۟ അവർ ആയിരുന്നതിന് يَعۡمَلُونَ പ്രവൃത്തിക്കും

തൗഹീദിൽ വിശ്വസിക്കുകയും, ആ വിശ്വാസം പ്രഖ്യാപിക്കുകയും, ആ അടിസ്ഥാനത്തിൽ നേർക്കുനേരെ -കാപട്യത്തിനും ദുർന്നടപ്പിനും വശംവദരാകാതെ- ജീവിച്ചുപോരുകയും ചെയ്യുന്നവരുടെ നേട്ടങ്ങൾ ചുരുക്കിപ്പറയുകയാണ്. അല്ലാഹുവാണ് തന്റെ റബ്ബ് എന്ന് ശരിക്കും ബോധ്യമുള്ളവന് പരലോകത്തും ഇഹലോകത്തും പേടിക്കുവാനെന്തുണ്ട്?! വ്യസനിക്കുവാനെന്തുണ്ട്?! അനിഷ്ടകരമായ വല്ലതും സംഭവിക്കുമെന്ന ഭയമോ, പ്രിയംകരമായ വല്ലതും നഷ്ടപ്പെട്ടേക്കുമെന്ന ഭയമോ അവർക്കുണ്ടാകുവാനുമില്ല.

وَوَصَّيۡنَا ٱلۡإِنسَٰنَ بِوَٰلِدَيۡهِ إِحۡسَٰنًا

﴾15﴿ മനുഷ്യനോട്, അവന്റെ മാതാപിതാക്കളിൽ നന്മ ചെയ്യാൻ നാം വസിയ്യത്ത് [ആജ്ഞാ നിർദ്ദേശം] നൽകിയിരിക്കുന്നു.

حَمَلَتْهُ أُمُّهُۥ كُرْهًا وَوَضَعَتْهُ كُرْهًا ۖ
وَحَمْلُهُۥ وَفِصَـٰلُهُۥ ثَلَـٰثُونَ شَهْرًا

അവന്റെ ഉമ്മ [മാതാവ്] വിഷമിച്ചു കൊണ്ട് അവനെ ഗർഭം ചുമന്നു; വിഷമിച്ചുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭ (കാല)വും, അവന്റെ (മുലകുടി മാറ്റിക്കൊണ്ടുള്ള) വേർപാടും (കൂടി) മുപ്പതു മാസമായിരിക്കും.

حَتَّىٰٓ إِذَا بَلَغَ أَشُدَّهُۥ وَبَلَغَ أَرْبَعِينَ
سَنَةً قَالَ رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ
نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ
وَٰلِدَىَّ وَأَنْ أَعْمَلَ صَـٰلِحًا تَرْضَىٰهُ
وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ إِنِّى تُبْتُ
إِلَيْكَ وَإِنِّى مِنَ ٱلْمُسْلِمِينَ ﴿١٥﴾

അങ്ങനെ, അവൻ തന്റെ പൂർണ ശക്തി (അഥവാ ശക്തിപ്രായം) എത്തുകയും, നാൽപത് വയസ്സിങ്കൽ എത്തുകയും ചെയ്താൽ അവൻ പറയുന്നതാണ്:എന്റെ റബ്ബേ! എന്റെ മേലും, എന്റെ മാതാപിതാക്കളുടെ മേലും നീ ചെയ്തു തന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദി ചെയ്യാനും, നീ തൃപ്തിപ്പെടുന്ന സൽക്കർമം പ്രവർത്തിക്കുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ! എന്റെ സന്തതികളിൽ എനിക്ക് നീ നന്മ വരുത്തിത്തരുകയും വേണമേ! നിശ്ചയമായും, ഞാൻ നിന്റെ അടുക്കലേക്ക് പശ്ചാത്തപിച്ച് മടങ്ങിയിരിക്കുന്നു; ഞാൻ മുസ്ലിംകളിൽ പെട്ടവനാകുന്നു.

أُو۟لَـٰٓئِكَ ٱلَّذِينَ نَتَقَبَّلُ عَنْهُمْ أَحْسَنَ
مَا عَمِلُوا۟ وَنَتَجَاوَزُ عَن سَيِّـَٔاتِهِمْ فِىٓ
أَصْحَـٰبِ ٱلْجَنَّةِ ۖ وَعْدَ ٱلصِّدْقِ ٱلَّذِى
كَانُوا۟ يُوعَدُونَ ﴿١٦﴾

《16》 അങ്ങനെയുള്ളവർ യാതൊരു കൂട്ടരത്രെ, അവർ പ്രവർത്തിച്ചിട്ടുള്ള നല്ലതിനെ അവരിൽനിന്ന് നാം സ്വീകരിക്കുകയും, അവരുടെ തിന്മകളെ സംബന്ധിച്ച് നാം വിട്ടുകൊടുക്കുകയും ചെയ്യുന്നതാണ്. സ്വർഗത്തിന്റെ ആൾക്കാരിലായിരിക്കും (അവർ). (അതെ) അവരോട് ചെയ്യപ്പെട്ടിരുന്നതായ സത്യവാഗ്ദാനം?

﴾15﴿ وَوَصَّيْنَا നാം വസ്വിയ്യത്ത് (ആജ്ഞാനിർദ്ദേശം) നൽകിയിരിക്കുന്നു ٱلْإِنسَـٰنَ മനുഷ്യനോട് بِوَٰلِدَيْهِ അവന്റെ മാതാപിതാക്കളിൽ إِحْسَـٰنًا നൻമ ചെയ്യാൻ حَمَلَتْهُ അവനെ ഗർഭം ചുമന്നു أُمُّهُۥ അവന്റെ ഉമ്മ (മാതാവ്) كُرْهًا വിഷമിച്ചുകൊണ്ട് وَوَضَعَتْهُ അവനെ അവൾ പ്രസവിക്കുകയും ചെയ്തു كُرْهًا വിഷമത്തോടെ وَحَمْلُهُۥ അവന്റെ ഗർഭം, ഗർഭം ധരിച്ചത് وَفِصَـٰلُهُۥ അവന്റെ വേർപാടും (മുലകുടിമാറ്റലും) ثَلَـٰثُونَ മുപ്പതാണ് شَهْرًا മാസം حَتَّىٰٓ إِذَا بَلَغَ അങ്ങനെ അവൻ എത്തിയാൽ, പ്രാപിക്കുമ്പോൾ أَشُدَّهُۥ അവന്റെ പൂർണശക്തി (ശക്തിപ്രായം) وَبَلَغَ എത്തുകയും أَرْبَعِينَ നാൽപ്പതിങ്കൽ سَنَةً കൊല്ലം (വയസ്സ്) قَالَ അവൻ പറയും رَبِّ എന്റെ റബ്ബേ أَوْزِعْنِىٓ എനിക്ക് പ്രചോദനം നൽകേണമേ, തോന്നിക്കണേ, (സാധിപ്പിക്കണേ) أَنْ أَشْكُرَ ഞാൻ നന്ദി ചെയ്യാൻ نِعْمَتَكَ നിന്റെ അനുഗ്രഹത്തിന് ٱلَّتِىٓ أَنْعَمْتَ നീ അനുഗ്രഹം ചെയ്ത عَلَىَّ എന്റെ മേൽ وَعَلَىٰ وَٰلِدَىَّ എന്റെ മാതാപിതാക്കളുടെ മേലും وَأَنْ أَعْمَلَ ഞാൻ പ്രവർത്തിക്കുവാൻ صَـٰلِحًا നല്ലത്, സൽക്കർമം تَرْضَىٰهُ നീ തൃപ്തിപ്പെടുന്ന وَأَصْلِحْ لِى എനിക്ക് നന്നാക്കി (നന്മ വരുത്തി) ത്തരുകയും വേണമേ فِى ذُرِّيَّتِىٓ എന്റെ സന്തതികളിൽ إِنِّى تُبْتُ നിശ്ചയമായും ഞാൻ പശ്ചാത്തപിച്ചു, മടങ്ങി إِلَيْكَ നിന്റെ അടുക്കലേക്ക് وَإِنِّى നിശ്ചയമായും ഞാൻ مِنَ ٱلْمُسْلِمِينَ മുസ്‌ലിംകളിൽ (കീഴൊതുക്കമുള്ളവരിൽ) പെട്ടവനുമാണ് ﴾16﴿ أُو۟لَـٰٓئِكَ അക്കൂട്ടർ ٱلَّذِينَ യാതൊരുവരാണ് نَتَقَبَّلُ عَنْهُمْ അവരിൽനിന്ന് നാം സ്വീകരിക്കും أَحْسَنَ مَا യാതൊന്നിൽ നല്ലതിനെ عَمِلُوا۟ അവർ പ്രവർത്തിച്ച وَنَتَجَاوَزُ നാം വിട്ടുകൊടുക്കയും ചെയ്യും عَن سَيِّـَٔاتِهِمْ അവരുടെ തിന്മകളെ സംബന്ധിച്ച് فِىٓ أَصْحَـٰبِ ٱلْجَنَّةِ സ്വർഗത്തിന്റെ ആൾക്കാരിൽ وَعْدَ ٱلصِّدْقِ സത്യവാഗ്ദാനം ٱلَّذِى كَانُوا۟ അവരായിരുന്നതായ يُوعَدُونَ വാഗ്ദാനം ചെയ്യപ്പെട്ടുകൊണ്ടിരുന്ന

മാതാപിതാക്കളോടുള്ള കടമയെക്കുറിച്ച് ഖുർആൻ ശക്തിയായ ഭാഷയിലും, ആവർത്തിച്ചും പ്രസ്താവിച്ചിരിക്കുന്നത് കാണാം. ووصينا (നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു- ആജ്ഞാനിർദ്ദേശം നൽകിയിരിക്കുന്നു) എന്ന തലക്കെട്ടോടുകൂടിയും, തൗഹീദിന്റെ കൽപനയോട് അനുബന്ധിച്ചുമാണ് പലപ്പോഴും അതിനെപ്പറ്റി പ്രസ്താവിക്കാറുള്ളത്. വിഷയത്തിന്റെ ഗൗരവത്തെയാണ് ഇതെല്ലാം കുറിക്കുന്നത്. സൂ: ലുക്മാനിൽ കണ്ടതുപോലെ, പിതാവിനെ അപേക്ഷിച്ച് മാതാവിനോടാണ് മനുഷ്യന് കൂടുതൽ ബാധ്യതയുള്ളതെന്ന് ഇവിടെയും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. മക്കൾക്കുവേണ്ടി അവരുടെ മാതാപിതാക്കൾ അനുഭവിക്കേണ്ടി വരുന്ന ക്ലേശങ്ങളും, യാതനകളും മക്കൾക്ക് അറിയുവാൻ കഴിയുന്നത് അവരും മാതാപിതാക്കളായിത്തീരുമ്പോൾ മാത്രമായിരിക്കും. പ്രതിഫലം നിർണയിക്കു

വാൻ സാധ്യമല്ലാത്തതാണ് അവരോടുള്ള കടപ്പാട്. മാതാപിതാക്കളെ അടിമകളാക്കി കണ്ടെത്തുകയും, എന്നിട്ടവരെ വിലക്കുവാങ്ങി മോചിപ്പിച്ചുവിടുകയും ചെയ്യുകയാണെങ്കിലല്ലാതെ, അവരോടുള്ള കടപ്പാടിന് പ്രതിഫലം നൽകുവാൻ മക്കൾക്ക് സാധ്യമല്ല എന്ന് നബിﷺ അരുളിച്ചെയ്തിട്ടുള്ളത് സ്മരണീയമാകുന്നു. (മുസ്ലിം.) മാതാപിതാക്കൾക്കുവേണ്ടി رب ارحمهما كما ربياني صغيرا (എന്റെ രക്ഷിതാവേ, അവർ രണ്ടുപേരും ചെറുപ്പത്തിൽ എന്നെ പരിപാലിച്ച് വളർത്തിയതുപോലെ, നീ അവർക്ക് കരുണ ചെയ്യേണമേ!) എന്ന് പ്രാർത്ഥിക്കുവാൻ അല്ലാഹു മക്കളോട് കൽപിക്കുന്നു. (സൂ: ഇസ്റാഉ് 24.) സൂറത്ത് ലുക്മാൻ 14 ഉം അതിന്റെ വിവരണവും ഇവിടെയും ഓർമിക്കുക.

ഒരു മാതാവ് ഗർഭവതിയായാൽ പ്രസവംവരെ- അവസാനത്തെ മാസങ്ങളിൽ പ്രത്യേകിച്ചും -അനുഭവിക്കുന്ന ബുദ്ധിമുട്ടിനും ക്ലേശത്തിനും കണക്കില്ല. പ്രസവമാണെങ്കിൽ മരണത്തിന്റെ വക്കോളം അവളെ എത്തിക്കുന്നു. പിന്നീട് മുലകുടി അവസാനിക്കുന്നതുവരെ തന്റെ ശിശുവിന് വേണ്ടി അവൾ അനുഭവിക്കേണ്ടിവരുന്ന ത്യാഗങ്ങളും വിഷമങ്ങളും പുറമെയും. ചുരുക്കത്തിൽ മുപ്പതിൽ കുറയാത്ത മാസങ്ങൾ തുടർച്ചയായി ഒരു കുട്ടിയെച്ചൊല്ലി മാതാവ് യാതനകൾ അനുഭവിച്ചുകൊണ്ടിരിക്കണം. മക്കൾക്കുവേണ്ടി പിതാവിന്റെ ത്യാഗം എത്ര വലുതാണെങ്കിലും മാതാവിന്റേതാണ് അതിനെക്കാൾ വമ്പിച്ചതെന്ന് പറയേണ്ടതില്ല. അവരുടെ വാർദ്ധക്യകാലത്ത് അവരെ നന്നായി ശുശ്രൂഷിക്കുകയും, അവരോട് വിനയത്തോടെ പെരുമാറുകയും ചെയ്യുന്നതുകൊണ്ടല്ലാതെ അവരോടുള്ള കടപ്പാട് അല്പമെങ്കിലും തീർക്കുവാൻ മക്കൾക്ക് സാധ്യമല്ലതന്നെ.

ഗർഭകാലവും, മുലകുടികാലവുംകൂടി മുപ്പത് മാസമാണെന്ന് ഈ വചനത്തിൽ പറഞ്ഞുവല്ലോ. മുലകുടിയുടെ പൂർണകാലം രണ്ട് കൊല്ലമാണെന്ന് സൂ: അൽബക്വറഃ 233 ലും പ്രസ്താവിച്ചിരിക്കുന്നു. സ്ത്രീകളുടെ ഗർഭകാലം സാധാരണ ഒമ്പത് മാസവും ഏതാനും ദിവസങ്ങളുമായിരിക്കും. ചിലപ്പോഴെല്ലാം ഏറിയും കുറഞ്ഞും ആകാറുണ്ട്. ഗർഭത്തിന്റെ ഏറ്റവും ചുരുങ്ങിയ കാലം ആറു മാസം ആകാമെന്ന് ഈ വചനത്തിൽനിന്ന് മനസ്സിലാക്കുവാൻ കഴിയും. വിവാഹാനന്തരം ആറുമാസം കഴിഞ്ഞ ഉടനെ പ്രസവിച്ച ഒരു സ്ത്രീയുടെ പേരിൽ, ആ കുട്ടി തന്റേതല്ലെന്ന് അവളുടെ ഭർത്താവ് ഉഥ്മാൻ (റ)ന്റെ അടുക്കൽ വാദിക്കുകയുണ്ടായി. ഉഥ്മാൻ (റ) ആദ്യം ആ വാദം ശരിവെക്കുകയും ചെയ്തു. എങ്കിലും ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ അലി (റ) ചൂണ്ടിക്കാട്ടിയതനുസരിച്ച് അദ്ദേഹം പിന്നീട് ആദ്യവിധി മാറ്റുകയും, ഗർഭകാലം ആറുമാസം മാത്രം ആവാനിടയുണ്ടെന്നും, കുട്ടി ഭർത്താവിന്റേത് തന്നെയാണെന്നും തീരുമാനിക്കുകയും ചെയ്തു. (رواه ابن اسحاق) മിക്ക പണ്ഡിതൻമാരും അലി (റ)യുടെ അഭിപ്രായം സ്വീകരിച്ചവരാകുന്നു. വൈദ്യശാസ്ത്രപടുക്കളും ഈ അഭിപ്രായം ശരിവെച്ചിട്ടുണ്ടെന്ന് ഇമാം റാസീ (റ) പ്രസ്താവിച്ചിരിക്കുന്നു.

ഗർഭകാലവും മുലകുടികാലവുംകൂടി മുപ്പത് മാസമെന്ന് പറഞ്ഞിരിക്ക

കൊണ്ട് ഗർഭകാലത്തിന്റെ ഏറ്റക്കുറവനുസരിച്ച് മുലകുടികാലത്തും ഏറ്റക്കുറവ് വരുത്തേണ്ടതാണെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. അതായത് ആറുമാസം കൊണ്ട് പ്രസവിച്ച കുട്ടിക്ക് രണ്ട് കൊല്ലം. ഒമ്പത് മാസംകൊണ്ട് പ്രസവിച്ച കുട്ടിക്ക് ഇരുപത്തൊന്നുമാസം എന്ന തോതിൽ മുലകൊടുക്കേണ്ടതാണ്. കുട്ടിയുടെ ആരോഗ്യപരമായി നോക്കുമ്പോൾ ഈ അഭിപ്രായം ഒരു നല്ല അഭിപ്രായമാണെന്ന് കാണാം. മുലകുടി പൂർത്തിയായി നിർവ്വഹിക്കുന്നവർക്കാണ് രണ്ട് കൊല്ലക്കാലം പറഞ്ഞിട്ടുള്ളതെന്നും, വേണ്ടിവന്നാൽ മാതാപിതാക്കൾ കൂടിയാലോചിച്ച് അതിൽ വ്യത്യാസപ്പെടുത്താമെന്നും സൂറത്തുൽ ബക്വറഃയിലെ 233 -ാം ആയത്തിൽ പ്രത്യേകം വ്യക്തമാക്കിയിട്ടുള്ളതും പ്രസ്താവ്യമാണ്. لمن اراد أن يتم الرضاعة–إلى قوله تعالى فإن ارادا فصالا عن تراض الخ

മനുഷ്യന്റെ വിവേകബുദ്ധിക്ക് പക്വതയും പാകതയും എത്തുന്ന പ്രായമാണ് നാൽപത് വയസ്സ്. പ്രവാചകൻമാർക്ക് പ്രവാചകത്വം ലഭിക്കുന്നതും മിക്കവാറും നാൽപത് വയസ്സിലാണെന്നാണ് അറിയപ്പെടുന്നത്. ഏറെക്കുറെ മുപ്പത്തിമൂന്ന് വയസ്സ് മുതൽ യുവത്വത്തിന്റേതായ പ്രത്യേകതകളിൽ മാറ്റം വന്നുകൊണ്ടിരിക്കുകയും, പകരം പാകതയുടെയും പരിചയത്തിന്റെയും വിശേഷതകൾ മനുഷ്യനിൽ സ്ഥലം പിടിക്കുകയും ചെയ്യുന്നു. നാൽപത് തികയുമ്പോഴേക്കും അത് അതിന്റെ പൂർണാവസ്ഥ പ്രാപിക്കുന്നു. അനന്തരം ഏറെക്കുറെ അറുപതു വരേക്കും വലിയൊരു മാറ്റം കൂടാതെ ആ നില തുടരുകയും, പിന്നീട് ഗതി കീഴ്പോട്ട് മാറിക്കൊണ്ടിരിക്കുകയും ചെയ്യും. സാഹചര്യങ്ങൾക്കും പരിതഃസ്ഥിതികൾക്കും അനുസരിച്ച് വ്യത്യാസം കാണാമെങ്കിലും പൊതുനില ഇതാണ്.

ശരിയായ തന്റേടവും, പാകതയും എത്തുന്ന ആ നാൽപതിങ്കൽ എത്തുമ്പോൾ മനുഷ്യൻ അവന്റെ മുമ്പോട്ടും പിമ്പോട്ടും തിരിഞ്ഞുനോക്കുന്ന പക്ഷം, ഒരു വശത്ത് അവന്റെ മാതാപിതാക്കളെയും, മറുവശത്ത് തന്റെ സന്താനങ്ങളെയും അവന് കാണാം. ഇരുകൂട്ടരുമായും തനിക്കുള്ള കെട്ടുപാടുകളും, ഓരോ വശത്തൂടെ തന്റെ മേലുള്ള കടപ്പാടുകളും, ഭൂതഭാവി സ്മരണകളും അവന്റെ മനസ്സിൽ ഉദയം ചെയ്യുന്നു.അങ്ങനെ, അവൻ അതാ പ്രാർത്ഥിക്കുന്നു; رب أوزعني –إلى المسلمين(എന്റെ രക്ഷിതാവേ!എന്ന് തുടങ്ങി ഞാൻ മുസ്ലിംകളിൽ പെട്ടവനുമാകുന്നുഎന്നുവരെ).അതെ, അവൻ തന്നെക്കുറിച്ചും,തന്റെ മാതാപിതാക്കളെക്കുറിച്ചും, മക്കളെക്കുറിച്ചും ബോധവാനുമായിത്തീരുന്നു. എല്ലാവരുടെയും നന്മക്കുവേണ്ടി അവൻ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പ്രീതിയാണ് എല്ലാ നന്മയിലും വെച്ച് അവൻ പ്രധാനമായിക്കാണുന്നതും.

കേവലം, സത്യവിശ്വാസിയായ നല്ല മനുഷ്യനിൽ സ്വാഭാവികമായും ഉണ്ടാകുന്നതും, ഉണ്ടായിരിക്കേണ്ടതുമായ ഒരു സ്ഥിതിവിശേഷമാണ് ഈ വചനം മുഖേന അല്ലാഹു ചിത്രീകരിക്കുന്നത്. ഇങ്ങനെയുള്ള വിശിഷ്ടൻമാർക്ക് അല്ലാ

ഹുവിൽനിന്ന് ലഭിക്കുവാനിരിക്കുന്ന നേട്ടങ്ങളും വിവരിച്ചിരിക്കുന്നു. അങ്ങനെയുള്ള ഭാഗ്യവാൻമാരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ. ആമീൻ. അടുത്ത വചനത്തിൽ ദുഷ്ടരായ മക്കളെപ്പറ്റി വിവരിക്കുന്നു:-

وَٱلَّذِى قَالَ لِوَٰلِدَيْهِ أُفٍّ لَّكُمَآ
أَتَعِدَانِنِىٓ أَنْ أُخْرَجَ وَقَدْ خَلَتِ
ٱلْقُرُونُ مِن قَبْلِى
وَهُمَا يَسْتَغِيثَانِ ٱللَّهَ وَيْلَكَ ءَامِنْ
إِنَّ وَعْدَ ٱللَّهِ حَقٌّ فَيَقُولُ مَا هَٰذَآ
إِلَّآ أَسَٰطِيرُ ٱلْأَوَّلِينَ ﴿١٧﴾

﴾17﴿ തന്റെ മാതാപിതാക്കളോട് (ഇപ്രകാരം) പറയുന്നവനാകട്ടെ, ച്ഛെ! നിങ്ങൾ രണ്ടാളും! എനിക്ക് നിങ്ങളോട് അറപ്പും വെറുപ്പും തോന്നുന്നു! എന്റെ മുമ്പ് (പല) തലമുറകൾ കഴിഞ്ഞുപോയിട്ടുണ്ട്. (ആരും പുറത്ത് വന്നിട്ടില്ല.) എന്നിരിക്കെ, ഞാൻ (മരണശേഷം) പുറത്ത് കൊണ്ടുവരപ്പെടുമെന്ന് നിങ്ങൾ എന്നെ താക്കീത് ചെയ്യുകയോ?!

അവർ രണ്ടുപേരുമാകട്ടെ, അല്ലാഹുവിനോട് സഹായമഭ്യർത്ഥിച്ചുകൊണ്ടുമിരിക്കുന്നു; (അവർ പറയുന്നു;) നിന്റെ നാശം! നീ വിശ്വസിച്ചേക്കുക! നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദത്തം യഥാർത്ഥമാണ്;അപ്പോൾ അവൻ പറയുന്നു; ഇത് പൂർവ്വികൻമാരുടെ പുരാണകഥകളല്ലാതെ (മറ്റൊന്നും) അല്ല;

أُو۟لَٰٓئِكَ ٱلَّذِينَ حَقَّ عَلَيْهِمُ
ٱلْقَوْلُ فِىٓ أُمَمٍ قَدْ خَلَتْ مِن قَبْلِهِم
مِّنَ ٱلْجِنِّ وَٱلْإِنسِ ۖ إِنَّهُمْ كَانُوا۟
خَٰسِرِينَ ﴿١٨﴾

﴾18﴿ (ഇങ്ങനെയുള്ള) അക്കൂട്ടർ, തങ്ങളുടെ മേൽ (ശിക്ഷയുടെ) വാക്ക് യഥാർത്ഥമായിത്തീർന്നിട്ടുള്ളവരത്രെ; (അതെ) ജിന്നുകളിൽനിന്നും മനുഷ്യരിൽ നിന്നും അവരുടെ മുമ്പ് കഴിഞ്ഞുപോയ സമുദായങ്ങളുടെ കൂട്ടത്തിൽ! (കാരണം) നിശ്ചയമായും, അവർ നഷ്ടപ്പെട്ടവരാകുന്നു.

وَلِكُلٍّ دَرَجَٰتٌ مِّمَّا عَمِلُوا۟ ۖ وَلِيُوَفِّيَهُمْ
أَعْمَٰلَهُمْ وَهُمْ لَا يُظْلَمُونَ ﴿١٩﴾

﴾19﴿ എല്ലാവർക്കുമുണ്ട് അവർ പ്രവർത്തിച്ചതനുസരിച്ച് പദവികൾ. (അതുകൊണ്ടും) അവർക്ക് അവരുടെ പ്രവർത്തനങ്ങൾക്ക് (പ്രതിഫലം) നിറവേറ്റിക്കൊടുക്കുവാൻവേണ്ടിയും ആകുന്നു (അത്). അവർ അക്രമിക്കപ്പെടുകയില്ലതാനും.

﴾17﴿ وَٱلَّذِى قَالَ പറഞ്ഞ (പറയുന്ന) വനാകട്ടെ لِوَٰلِدَيْهِ തന്റെ മാതാപിതാ(ജന യിതാ)ക്കളോട് أُفٍّ ച്ഛെ,ഫ്ഫെ (വെറുപ്പ്, അറപ്പ്) لَّكُمَآ നിങ്ങളോട് أَتَعِدَانِنِىٓ നിങ്ങൾ രണ്ടാളും എന്നോട് വാഗ്ദത്തം (താക്കീത്) ചെയ്യുകയോ أَنْ أُخْرَجَ ഞാൻ (എ ന്നെ) പുറത്തുകൊണ്ട് വരപ്പെടുമെന്ന് وَقَدْ خَلَتِ കഴിഞ്ഞുപോയിട്ടുണ്ട് എന്നിരിക്കെ ٱلْقُرُونُ തലമുറകൾ, കാലക്കാർ مِن قَبْلِى എന്റെ മുമ്പ് وَهُمَا يَسْتَغِيثَانِ അവർ രണ്ടു പേരും സഹായമഭ്യർത്ഥിച്ചുകൊണ്ടുമിരിക്കുന്നു ٱللَّهَ അല്ലാഹുവിനോട് وَيْلَكَ നിന്റെ നാശം, കഷ്ടം ءَامِنْ നീ വിശ്വസിക്കുക إِنَّ وَعْدَ ٱللَّهِ നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദത്തം حَقٌّ യഥാർത്ഥമാണ് فَيَقُولُ അപ്പോൾ അവൻ പറയുന്നു, പറയും مَا هَٰذَآ ഇതല്ല إِلَّآ أَسَٰطِيرُ പുരാണങ്ങൾ (പഴങ്കഥകൾ , ഐതിഹ്യങ്ങൾ) അല്ലാതെ ٱلْأَوَّلِينَ പൂർവ്വികൻമാരുടെ ﴾18﴿ أُو۟لَٰٓئِكَ അക്കൂട്ടർ ٱلَّذِينَ യാതൊരുവരാണ് حَقَّ عَلَيْهِمُ അവരിൽ യഥാർത്ഥമായി (സ്ഥാപിതമായി)രിക്കുന്നു ٱلْقَوْلُ വാക്ക്, വാക്യം فِىٓ أُمَمٍ സമുദായങ്ങളിൽ (സമുദായങ്ങളുടെ കൂട്ടത്തിൽ) قَدْ خَلَتْ കഴിഞ്ഞുപോയിട്ടുള്ള مِن قَبْلِهِم അവരുടെ മുമ്പ് مِّنَ ٱلْجِنِّ ജിന്നിൽനിന്ന് وَٱلْإِنسِ മനുഷ്യരിൽ നിന്നും إِنَّهُمْ كَانُوا۟ നിശ്ചയമായും അവരാകുന്നു, ആയിരുന്നു, ആയി خَٰسِرِينَ നഷ്ടക്കാർ ﴾19﴿ وَلِكُلٍّ എല്ലാവർക്കുമുണ്ട് دَرَجَٰتٌ ചില പദവികൾ مِّمَّا عَمِلُوا۟ അവർ പ്രവർത്തി ച്ചതിന് , പ്രവർത്തിച്ചത് മൂലം وَلِيُوَفِّيَهُمْ അവർക്ക് അവൻ നിറവേറ്റിക്കൊടുക്കു വാനും أَعْمَٰلَهُمْ അവരുടെ പ്രവർത്തനങ്ങൾ, കർമങ്ങൾ وَهُمْ അവർ لَا يُظْلَمُونَ അക്ര മിക്കപ്പെടുകയുമില്ല

സത്യവിശ്വാസികളും, മക്കളുടെ നന്മയിൽ ആകാംക്ഷയുള്ളവരുമായ മാതാപിതാക്കളും, പരലോകജീവിതത്തിൽ വിശ്വസിക്കാത്തവനും മാതാപിതാക്കളോട് പരുഷമായി പെരുമാറുന്നവനുമായ മകനും തമ്മിൽ നടക്കുന്ന ഒരു സംഭാഷണ മാതൃകയാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. അവർ അവനെ സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്നു.അവൻ ‘ച്ഛെ!ഫ്ഫെ!എന്നൊക്കെ പറഞ്ഞ് അറപ്പും വെറുപ്പും പ്രകടിപ്പിച്ചുകൊണ്ട് കയർക്കുകയും, കുതർക്കം പറയുകയുമാണ് ചെയ്യുന്നത്. മരണപ്പെട്ടശേഷം വീണ്ടും ഞാൻ എഴുന്നേൽപിക്കപ്പെടുമെന്നും, എന്നിട്ട് എന്റെ കർമങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമെന്നുമാണോ നിങ്ങൾ പറയുന്നത്?! എത്രയോ തലമുറകൾ ഇതിനുമുമ്പ് കഴിഞ്ഞുപോയി. അവരാരും തിരിച്ചു വന്നിട്ടില്ലല്ലോ............’എന്നിങ്ങനെ പരലോക നിഷേധികൾ പണ്ടു മുതൽക്കേ പറഞ്ഞുവന്ന അതേ വാക്കുകൾ തന്നെ ഇവനും പറയുന്നു. പുത്രവാൽസല്യവും, അവന്റെ ഭാവിയെക്കുറിച്ചുള്ള ആശങ്കയും ആ മാതാപിതാക്കളെ ധർമസങ്കടത്തിലാക്കുന്നു. അവൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു; അവനെ ഗുണദോഷിക്കുന്നു; വീണ്ടും വീണ്ടും ഉപദേശിക്കുന്നു. അവൻ അതൊന്നും ചെവി

ക്കൊള്ളുന്നില്ല. അവന്റെ അങ്ങേഅറ്റത്തെ ഗുണകാംക്ഷികളായ ആ മാതാപിതാക്കളോട് അവന് അനുഭാവം പോലും പ്രകടമാകുന്നില്ല. 'അതൊക്കെ ചില പഴഞ്ചൻ അന്ധവിശ്വാസങ്ങളാണ്, യുക്തിക്ക് നിരക്കാത്തതാണ്, അതൊന്നും വിശ്വസിക്കുവാൻ എനി ആളെകിട്ടുകയില്ല............' എന്നൊക്കെ പ്രസംഗിച്ചുകൊണ്ട് അവൻ സ്വയം ജയഭേരി മുഴക്കുകയാണ് ചെയ്യുന്നത്. അല്ലാഹു ഉപമാരൂപത്തിൽ വിവരിച്ച ഇത്തരം സംഭവങ്ങളൊന്നും കേവലം സങ്കൽപങ്ങളല്ല. അതും, അതിലധികവും ഇന്ന് ധാരാളക്കണക്കിൽ നടന്നുവരുന്ന പരമാർത്ഥങ്ങളാണ്.

പരലോകനിഷേധികളായിക്കൊണ്ട് ജിന്ന്വർഗത്തിലും മനുഷ്യവർഗത്തിലും എത്രയോ ആളുകൾ കഴിഞ്ഞുപോയിട്ടുണ്ട്. അവരെല്ലാം അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രവാൻമാരായിത്തീർന്നിരിക്കുകയാണ്. അക്കൂട്ടത്തിൽ ഈ ഭൗതികൻമാരും ഉൾപ്പെടുന്നു. നിഷേധികളുടെ ആധിക്യം അല്ലാഹുവിന്റെ ശിക്ഷാനടപടികൾക്ക് തടസ്സമല്ല. ഓരോരുത്തന്റെയും കർമഫലങ്ങൾ- നല്ലതാകട്ടെ, ചീത്തയാകട്ടെ- അവൻ ശരിക്കും നീതിനിഷ്ഠയോടെ പൂർത്തിയാക്കിക്കൊടുക്കാതിരിക്കുകയില്ല.

وَيَوْمَ يُعْرَضُ ٱلَّذِينَ كَفَرُوا۟ عَلَى ٱلنَّارِ أَذْهَبْتُمْ طَيِّبَٰتِكُمْ فِى حَيَاتِكُمُ ٱلدُّنْيَا وَٱسْتَمْتَعْتُم بِهَا فَٱلْيَوْمَ تُجْزَوْنَ عَذَابَ ٱلْهُونِ بِمَا كُنتُمْ تَسْتَكْبِرُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَبِمَا كُنتُمْ تَفْسُقُونَ ﴿٢٠﴾

﴾20﴿ അവിശ്വസിച്ചവർ നരകത്തിങ്കൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം (അവരോട് പറയപ്പെടും): നിങ്ങളുടെ വിശിഷ്ടവസ്തുക്കളെ (ല്ലാം) നിങ്ങളുടെ ഐഹിക ജീവിതത്തിൽ വെച്ച് നിങ്ങൾ പാഴാക്കിക്കളയുകയും, അവകൊണ്ട് നിങ്ങൾ സുഖമെടുക്കുകയും ചെയ്തു. എനി, ഇന്ന് നിങ്ങൾക്ക് നിന്ദ്യതയുടെ ശിക്ഷ പ്രതിഫലം നൽകപ്പെടുന്നു; (കാരണം:) നിങ്ങൾ, ഭൂമിയിൽ ന്യായമില്ലാത്തവിധം അഹംഭാവം നടിച്ചിരുന്നത്കൊണ്ടും, നിങ്ങൾ തോന്നിയവാസം പ്രവർത്തിച്ചിരുന്നതുകൊണ്ടും (തന്നെ).

﴾20﴿ وَيَوْمَ يُعْرَضُ പ്രദർശിപ്പിക്ക(കാട്ട)പ്പെടുന്ന ദിവസം ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർ عَلَى ٱلنَّارِ നരകത്തിങ്കൽ أَذْهَبْتُمْ നിങ്ങൾ പോക്കി, പാഴാക്കി طَيِّبَٰتِكُمْ നിങ്ങളുടെ വിശിഷ്ട (നല്ല) വസ്തുക്കളെ فِى حَيَاتِكُمُ നിങ്ങളുടെ ജീവിതത്തിൽ ٱلدُّنْيَا

ഇഹത്തിലെ, ഐഹിക وَٱسْتَمْتَعْتُم നിങ്ങൾ ഉപയോഗം (സുഖം) എടുക്കുകയും ചെയ്തു بِهَا അവകൊണ്ട് فَٱلْيَوْمَ എന്നി (അതിനാൽ) ഇന്ന് تُجْزَوْنَ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നു عَذَابَ ٱلْهُونِ നിന്ദ്യതയുടെ ശിക്ഷ بِمَا كُنتُمْ നിങ്ങളായിരുന്നതുകൊണ്ട് تَسْتَكْبِرُونَ നിങ്ങൾ അഹംഭാവം നടിക്കും فِى ٱلْأَرْضِ ഭൂമിയിൽ بِغَيْرِ ٱلْحَقِّ ന്യായമല്ലാത്തവിധം , ശരിക്കല്ലാതെ وَبِمَا كُنتُمْ നിങ്ങളായിരുന്നത്കൊണ്ടും تَفْسُقُونَ തോന്നിയവാസം പ്രവർത്തിക്കും.

ഭൂമിയിൽ വെച്ച് നിങ്ങൾക്ക് ലഭിച്ച എല്ലാ നല്ല വസ്തുക്കളെയും, നിങ്ങളുടെ ഐഹികസുഖങ്ങൾക്കും അന്തസ്സിനുംവേണ്ടി നിങ്ങൾ വിനിയോഗിച്ച് നശിപ്പിച്ചു; നിങ്ങളുടെ ഭാവിക്ക് ഉപയോഗപ്പെടുമാറ് അവയൊന്നും നിങ്ങൾ കൈകാര്യം ചെയ്തില്ല; ഗർവ്വിഷ്ഠരും തോന്നിയവാസികളുമായി നിങ്ങൾ കാലം കഴിച്ചു; മരണാനന്തരകാര്യത്തെപ്പറ്റി ചിന്തിച്ചതേയില്ല; അതുകൊണ്ട് എന്നി നിങ്ങൾക്ക് അങ്ങേ അറ്റം അപമാനത്തിന്റെയും നിന്ദ്യതയുടെയും ശിക്ഷയാണ് ഇവിടെ ലഭിക്കുവാനുള്ളത് എന്ന് സാരം. ഐഹികസുഖസൗകര്യങ്ങളിൽ മുഴുകുകയും അവയെ അല്ലാഹുവിന്റെ മാർഗത്തിൽ വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്നവർക്കെല്ലാം ഇതിൽ താക്കീതുണ്ട്.അത്യാവശ്യമായ അളവിൽ മാത്രം ഐഹികവിഭവങ്ങൾ നന്ദിപൂർവ്വം ഉപയോഗപ്പെടുത്തുക, സുഖാഡംബരങ്ങൾ മനഃപൂർവ്വം ത്യജിക്കുക, ഇതാണ് സത്യവിശ്വാസികൾ ചെയ്യേണ്ടത്. നബിﷺയും, സ്വഹാബത്തും നമുക്ക് കാണിച്ച് തന്നിട്ടുള്ളതും അതാണ്.

വിഭാഗം- 3

۞ وَٱذْكُرْ أَخَا عَادٍ إِذْ أَنذَرَ قَوْمَهُۥ بِٱلْأَحْقَافِ وَقَدْ خَلَتِ ٱلنُّذُرُ مِنۢ بَيْنِ يَدَيْهِ وَمِنْ خَلْفِهِۦٓ أَلَّا تَعْبُدُوٓا۟ إِلَّا ٱللَّهَ إِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ ﴿٢١﴾

﴾21﴿ ആദ് (ഗോത്രത്തി)ന്റെ സഹോദരനെ [ഹൂദിനെ] ഓർമിക്കുക. അതായത്, അഹ്ക്വാഫിൽ വെച്ച് അദ്ദേഹം തന്റെ ജനതയെ താക്കീതു ചെയ്ത സന്ദർഭം; അദ്ദേഹത്തിന്റെ മുമ്പിലും പിമ്പിലും (പല) താക്കീതുകാർ കഴിഞ്ഞുപോയിട്ടുമുണ്ട്, നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത്; നിശ്ചയമായും ഞാൻ നിങ്ങളുടെമേൽ വമ്പിച്ച ഒരു ദിവസത്തെ ശിക്ഷയെ ഭയപ്പെടുന്നുഎന്ന്.

﴾21﴿ وَٱذْكُرْ ഓർക്കുക أَخَا عَادٍ ആദിന്റെ സഹോദരനെ إِذْ أَنذَرَ അദ്ദേഹം താക്കീത് (മുന്നറിയിപ്പ്) നൽകിയപ്പോൾ قَوْمَهُۥ തന്റെ ജനതക്ക് بِٱلْأَحْقَافِ അഹ്ഖാഫിൽവെച്ച് وَقَدْ خَلَتِ കഴിഞ്ഞുപോയിട്ടുമുണ്ട് ٱلنُّذُرُ താക്കീതുകാർ مِنۢ بَيْنِ يَدَيْهِ അദ്ദേഹത്തിന്റെ മുന്നിൽ وَمِنْ خَلْفِهِۦٓ പിന്നിലും أَلَّا تَعْبُدُوٓا۟ നിങ്ങൾ ആരാധിക്കരുതെന്ന് إِلَّا ٱللَّهَ അല്ലാഹുവിനെയല്ലാതെ إِنِّىٓ أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു عَلَيْكُمْ നിങ്ങളുടെ മേൽ عَذَابَ يَوْمٍ ഒരു ദിവസത്തിലെ ശിക്ഷ عَظِيمٍ വമ്പിച്ച

യമനിന്റെയും, ഹദ്വർമൗത്തിന്റെയും ഇടയ്ക്ക് അറേബ്യയുടെ തെക്കേ കടലോരപ്രദേശങ്ങളിൽ (*) പാറക്കുന്നുകൾക്കിടയിലൂടെ സ്ഥിതിചെയ്യുന്ന മണൽഭൂമികളാണ് അഹ്ഖാഫ് (الأحقاف) ഹൂദ് നബി (അ)യുടെ ജനതയായ ആദ് ഗോത്രത്തിന്റെ വാസസ്ഥലമായിരുന്നു അത്. മറ്റ് പല പ്രവാചകൻമാരും ചെയ്തതു പോലെ അദ്ദേഹം അവരെ തൗഹീദിലേക്ക് ക്ഷണിക്കുകയും, അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്കയും ചെയ്തു. അദ്ദേഹത്തിനുനേരെ അവർ സ്വീകരിച്ച നിലപാടും അതിന്റെ അനന്തരഫലവുമാണ് താഴെ വിവരിക്കുന്നത്. (ആദിനെക്കുറിച്ച് സൂ: ശുഅറാഉ് 123 - 140 വചനങ്ങളിൽ പ്രസ്താവിച്ചത് ഓർക്കുക.)

قَالُوٓا۟ أَجِئْتَنَا لِتَأْفِكَنَا عَنْ ءَالِهَتِنَا فَأْتِنَا بِمَا تَعِدُنَآ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿٢٢﴾

﴾22﴿ അവർ പറഞ്ഞു: ഞങ്ങളുടെ ആരാധ്യൻമാരിൽ [ദൈവങ്ങളിൽ] നിന്ന് ഞങ്ങളെ തിരിച്ചുവിടുവാൻവേണ്ടി നീ ഞങ്ങളുടെ അടുക്കൽ വന്നിരിക്കുകയാണോ?! എന്നാൽ, നീ ഞങ്ങളോട് വാഗ്ദത്തം ചെയ്യുന്നത് [താക്കീത് ചെയ്യുന്ന ശിക്ഷ] ഞങ്ങൾക്ക് കൊണ്ടുവന്നു തരിക- നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ!

قَالَ إِنَّمَا ٱلْعِلْمُ عِندَ ٱللَّهِ وَأُبَلِّغُكُم مَّآ أُرْسِلْتُ بِهِۦ وَلَـٰكِنِّىٓ أَرَىٰكُمْ قَوْمًا تَجْهَلُونَ ﴿٢٣﴾

﴾23﴿ അദ്ദേഹം പറഞ്ഞു: നിശ്ചയമായും, (അതിന്റെ) അറിവ് അല്ലാഹുവിങ്കൽ മാത്രമാണ്. ഞാൻ യാതൊന്നുമായി നിയോഗിച്ചയക്കപ്പെട്ടിരിക്കുന്നുവോ അത് നിങ്ങൾക്ക് എത്തിച്ചുതരുകയാണ്. പക്ഷേ, വിഡ്ഢിത്തം ചെയ്യുന്ന (അഥവാ വിവരമില്ലാത്ത) ഒരു ജനതയായി നിങ്ങളെ ഞാൻ കാണുന്നു.

(*) ഭൂപടം 2 നോക്കുക.

﴾22﴿ قَالُوٓاْ അവർ പറഞ്ഞു أَجِئۡتَنَا നീ ഞങ്ങളിൽ വന്നിരിക്കയാണോ لِتَأۡفِكَنَا നീ ഞങ്ങളെ തിരിച്ചു (തെറ്റിച്ചു) വിടുവാൻ عَنۡ ءَالِهَتِنَا ഞങ്ങളുടെ ദൈവങ്ങളിൽനിന്ന് فَأۡتِنَا എന്നാൽ നീ ഞങ്ങൾക്ക് വാ بِمَا تَعِدُنَآ നീ ഞങ്ങളോട് വാഗ്ദത്തം ചെയ്യുന്നതും കൊണ്ട് إِن كُنتَ നീ ആണെങ്കിൽ مِنَ ٱلصَّـٰدِقِينَ സത്യം പറയുന്നവരിൽ ﴾23﴿ قَالَ അദ്ദേഹം പറഞ്ഞു إِنَّمَا ٱلۡعِلۡمُ നിശ്ചയമായും അറിവ് عِندَ ٱللَّهِ അല്ലാഹുവിങ്കലാണ് وَأُبَلِّغُكُم ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു مَّآ أُرۡسِلۡتُ بِهِۦ ഞാൻ ഏതുമായി അയക്കപ്പെട്ടുവോ അത് وَلَـٰكِنِّيٓ എങ്കിലും(പക്ഷേ) ഞാൻ أَرَىٰكُمۡ നിങ്ങളെ ഞാൻ കാണുന്നു قَوۡمًا ഒരു ജനതയായി تَجۡهَلُونَ അറിയാത്ത, വിഡ്ഢിത്തം ചെയ്യുന്ന

ഹൂദ് നബി (അ)യുടെ ഉപദേശത്തിന്റെയും, അതിന് അവരിൽനിന്നുണ്ടായ പ്രതികരണത്തിന്റെയും രത്നച്ചുരുക്കമാണിത്. അവർക്ക് ഭവിച്ച ശിക്ഷയെക്കുറിച്ചാണ് തുടർന്നു പറയുന്നത്. മഴയില്ലാതെ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസരത്തിൽ, ഒരു കാർമേഘം ചക്രവാളത്തിൽ പൊന്തിവരുന്നത് അവർ കാണുകയുണ്ടായി. ഇതവരുടെ ശിക്ഷയുടെ മുന്നോടിയായിരുന്നു.

فَلَمَّا رَأَوۡهُ عَارِضًا مُّسۡتَقۡبِلَ أَوۡدِيَتِهِمۡ قَالُواْ هَـٰذَا عَارِضٌ مُّمۡطِرُنَا ۚ بَلۡ هُوَ مَا ٱسۡتَعۡجَلۡتُم بِهِۦ ۖ رِيحٌ فِيهَا عَذَابٌ أَلِيمٌ ﴿٢٤﴾

﴾24﴿ അങ്ങനെ, അത് ആ ശിക്ഷ തങ്ങളുടെ താഴ്‌വരകളെ അഭിമുഖീകരിച്ചുകൊണ്ട് (വെളിപ്പെട്ട്) ഒരു മേഘമായിക്കണ്ടപ്പോൾ അവർ പറഞ്ഞു: ഇതാ, നമുക്ക് മഴ നൽകുന്ന ഒരു മേഘം (വെളിപ്പെടുന്നു)!

(അല്ല -) പക്ഷേ, അത് നിങ്ങൾ യാതൊന്നിനെപ്പറ്റി ധൃതികൂട്ടിയോ അതാണ്; (അതെ) വേദനയേറിയ ശിക്ഷ ഉൾക്കൊള്ളുന്ന ഒരു (ഭയങ്കര) കാറ്റ്!

تُدَمِّرُ كُلَّ شَيۡءِۭ بِأَمۡرِ رَبِّهَا فَأَصۡبَحُواْ لَا يُرَىٰٓ إِلَّا مَسَـٰكِنُهُمۡ ۚ كَذَٰلِكَ نَجۡزِي ٱلۡقَوۡمَ ٱلۡمُجۡرِمِينَ ﴿٢٥﴾

﴾25﴿ (ആ കാറ്റ്) അതിന്റെ റബ്ബിന്റെ കല്പനപ്രകാരം എല്ലാ വസ്തുക്കളെയും തകർത്തു (നശിപ്പിച്ചു) കളയും! അങ്ങനെ അവർ, പ്രഭാതവേളയിൽ തങ്ങളുടെ വാസസ്ഥലങ്ങളല്ലാതെ (മറ്റൊന്നും) കാണപ്പെടാത്ത വിധത്തിലായിത്തീർന്നു. കുറ്റവാളികളായ ജനതക്ക് അപ്രകാരം നാം പ്രതിഫലം കൊടുക്കുന്നു.

﴾24﴿ فَلَمَّا رَأَوْهُ അങ്ങനെ (എന്നിട്ട്) അവർ അത് കണ്ടപ്പോൾ عَارِضًا വെളിപ്പെട്ടതായി, മേഘമായിട്ട് مُّسْتَقْبِلَ അഭിമുഖീകരിച്ച് (മുന്നിട്ട്) വരുന്ന أَوْدِيَتِهِمْ അവരുടെ താഴ്‌വരകളെ قَالُوا۟ അവർ പറഞ്ഞു هَٰذَا عَارِضٌ ഇതാ ഒരു മേഘം (വെളിപ്പെടുന്നു) مُّمْطِرُنَا നമുക്ക് മഴ നൽകുന്ന بَلْ هُوَ എങ്കിലും അത് مَا ٱسْتَعْجَلْتُم നിങ്ങൾ ധൃതികൂട്ടിയതാണ് بِهِۦ അതിന് رِيحٌ ഒരു കാറ്റ് فِيهَا അതിലുണ്ട് (അതുൾക്കൊള്ളുന്നു) عَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷ ﴾25﴿ تُدَمِّرُ അത് തകർക്കും كُلَّ شَىْءٍۭ എല്ലാ വസ്തുവെയും بِأَمْرِ رَبِّهَا അതിന്റെ റബ്ബിന്റെ കൽപനപ്രകാരം فَأَصْبَحُوا۟ എന്നിട്ട് അവർ (രാവിലെ) ആയിത്തീർന്നു لَا يُرَىٰٓ കാണപ്പെടാത്തവിധം إِلَّا مَسَٰكِنُهُمْ അവരുടെ വാസസ്ഥലങ്ങളല്ലാതെ كَذَٰلِكَ അപ്രകാരം نَجْزِى നാം പ്രതിഫലം നൽകുന്നു ٱلْقَوْمَ ٱلْمُجْرِمِينَ കുറ്റവാളികളായ ജനതക്ക്

ഏഴ് രാവും എട്ട് പകലും നീണ്ടുനിന്ന അത്യുഗ്രമായ ആ കൊടുങ്കാറ്റ് അവരെ മുഴുവനും നാമാവശേഷമാക്കി; അവരുടെ വാസസ്ഥലമായ ആ പ്രദേശം ഒഴിച്ച് മറ്റെല്ലാം നശിച്ചുപോയി എന്ന് സാരം. ആഇശഃ (റ) നിവേദനം ചെയ്യുന്നു; ശക്തിയായി കാറ്റടിച്ച് തുടങ്ങിയാൽ നബിﷺ ഇപ്രകാരം പറഞ്ഞിരുന്നു:

اللهُمَّ إِنِّي أَسْأَلُكَ خَيْرَهَا وَ خَيْرَ مَا فِيهَا وَخَيْرَ مَا أُرْسِلَتْ بِهِ أَعُوذُ بِكَ مِنْ شَرِّهَا وَشَرِّ مَافِيهَا وَشَرِّ مَاأُرْسِلَتْ بِهِ

(അല്ലാഹുവേ! ഇതിന്റെ ഗുണവും, ഇതുൾക്കൊള്ളുന്നതിന്റെ ഗുണവും, ഇത് അയക്കപ്പെട്ടതിലുള്ള ഗുണവും ഞാൻ നിന്നോട് ചോദിക്കുന്നു. ഇതിന്റെ ദോഷത്തിൽനിന്നും, ഇതുൾക്കൊള്ളുന്നതിന്റെ ദോഷത്തിൽനിന്നും, ഇത് അയക്കപ്പെട്ടതിലുള്ള ദോഷത്തിൽനിന്നും ഞാൻ നിന്നോട് ശരണം തേടുന്നു.) അങ്ങനെ, അന്തരീക്ഷത്തിന് ഭാവഭേദം വന്നാൽ, തിരുമേനിക്ക് (പരിഭ്രമം നിമിത്തം നിറമാറ്റം വരുകയും, അവിടുന്ന് അകത്തും, പുറത്തും, മുമ്പോട്ടും. പിമ്പോട്ടും വന്നും പോയും കൊണ്ടിരിക്കുകയും ചെയ്യും. മഴ പെയ്താൽ അവിടുത്തേക്ക് ആശ്വാസമാകും. ഇതിനെപ്പറ്റി ഞാൻ തിരുമേനിയോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'ഇതാ നമുക്ക് മഴ നൽകുന്ന ഒരു കാർമേഘം വെളിപ്പെടുന്നു (هذا عارض ممطرنا) എന്ന് ആദ് ജനത പറഞ്ഞത്പോലെ ആയേക്കുമോ അതെന്ന് എനിക്കറിയുകയില്ലല്ലോ!'(മു; തി; ന.) ആപൽസാധ്യതയുള്ള വല്ല സംഭവങ്ങളും കാണുമ്പോൾ, ആപത്തിനെ ഭയപ്പെടുകയും, വിനയത്തോടും ഭക്തിയോടുംകൂടി അല്ലാഹുവോട് രക്ഷക്കപേക്ഷിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ആപത്തുകൾ, എപ്പോഴാണ്, എങ്ങനെയൊക്കെയാണ് സംഭവിക്കുകയെന്ന് നമുക്കറിയുകയില്ലല്ലോ. അവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

وَلَقَدْ مَكَّنَّٰهُمْ فِيمَآ إِن مَّكَّنَّٰكُمْ فِيهِ وَجَعَلْنَا لَهُمْ سَمْعًا وَأَبْصَٰرًا وَأَفْـِٔدَةً فَمَآ أَغْنَىٰ عَنْهُمْ سَمْعُهُمْ وَلَآ أَبْصَٰرُهُمْ وَلَآ أَفْـِٔدَتُهُم مِّن شَىْءٍ إِذْ كَانُوا۟ يَجْحَدُونَ بِـَٔايَٰتِ ٱللَّهِ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٢٦﴾

﴿26﴾ നിങ്ങള്‍ക്ക് നാം സൗകര്യപ്പെടുത്തിത്തന്നിട്ടില്ലാത്ത വിഷയത്തില്‍ (പലതിനും) തീര്‍ച്ചയായും അവര്‍ക്ക് [ആദിന്] നാം സൗകര്യം നല്‍കുകയുണ്ടായി. അവര്‍ക്ക് നാം കേള്‍വിയും, കാഴ്ചകളും ഹൃദയങ്ങളും നല്‍കിയിരുന്നു. എന്നാല്‍, അവരുടെ കേള്‍വിയാകട്ടെ, കാഴ്ചകളാകട്ടെ, ഹൃദയങ്ങളാകട്ടെ, ഒട്ടും തന്നെ അവര്‍ക്ക് ഉപകരിച്ചില്ല; അല്ലാഹുവിന്റെ ആയത്ത് [ലക്ഷ്യദൃഷ്ടാന്തം] കളെ അവര്‍ നിഷേധിച്ചുകൊണ്ടിരുന്നതിനാല്‍! ഏതൊന്നിനെക്കുറിച്ച് അവര്‍ പരിഹസിച്ചുകൊണ്ടിരുന്നുവോ അത് [ആ ശിക്ഷ] അവരില്‍ വലയം ചെയ്കയും ചെയ്തു.

﴿26﴾ وَلَقَدْ مَكَّنَّٰهُمْ തീര്‍ച്ചയായും അവര്‍ക്ക് നാം സൗകര്യം (സ്വാധീനം) നല്‍കി فِيمَا യാതൊന്നില്‍ إِن مَّكَّنَّٰكُمْ നിങ്ങള്‍ക്ക് നാം സൗകര്യം നല്‍കിയിട്ടില്ലാത്ത فِيهِ അതില്‍ وَجَعَلْنَا لَهُمْ അവര്‍ക്ക് നാം ഉണ്ടാക്കുകയും (നല്‍കുകയും) ചെയ്തു سَمْعًا കേള്‍വി وَأَبْصَٰرًا കാഴ്ചകളും وَأَفْـِٔدَةً ഹൃദയങ്ങളും فَمَآ أَغْنَىٰ എന്നിട്ട് പര്യാപ്തമാക്കിയില്ല (ഉപകരിച്ചില്ല) عَنْهُمْ അവര്‍ക്ക് سَمْعُهُمْ അവരുടെ കേള്‍വി وَلَآ أَبْصَٰرُهُمْ അവരുടെ കാഴ്ചകളും ഇല്ല وَلَآ أَفْـِٔدَتُهُم അവരുടെ ഹൃദയങ്ങളുമില്ല مِّن شَىْءٍ യാതൊന്നും (ഒട്ടും) തന്നെ إِذْ كَانُوا۟ അവരായിരുന്നതിനാല്‍ يَجْحَدُونَ നിഷേധിച്ചുകൊണ്ടിരിക്കുക بِـَٔايَٰتِ ٱللَّهِ അല്ലാഹുവിന്റെ ആയത്തുകളെ وَحَاقَ بِهِم അവരില്‍ വലയം ചെയ്കയും (ഇറങ്ങുകയും) ചെയ്തു مَّا യാതൊരുകാര്യം كَانُوا۟ بِهِۦ അതിനെപ്പറ്റി അവരായിരുന്നു يَسْتَهْزِءُونَ പരിഹസിച്ചുകൊണ്ടിരിക്കും.

സാരം: കയ്യൂക്ക്, മെയ്യൂക്ക്, സാമ്പത്തികാഭിവൃദ്ധി മുതലായ പലതിലും നിങ്ങളെക്കാള്‍ മികച്ചവരായിരുന്നു അവര്‍. കാര്യങ്ങള്‍ കണ്ടറിയുവാനുള്ള കണ്ണും കരുത്തും ബുദ്ധിശക്തിയുമെല്ലാം അവര്‍ക്കുണ്ടായിരുന്നു. അതൊന്നും അവര്‍

വേണ്ടപ്രകാരം ഉപയോഗപ്പെടുത്തിയില്ല. നമ്മുടെ സന്ദേശങ്ങളും ദൃഷ്ടാന്തങ്ങളും അവർ നിഷേധിച്ചു. അവയെപ്പറ്റി ചിന്തിച്ചതേയില്ല. താക്കീതുകളെ പരിഹസിക്കുകയും ചെയ്തു. അങ്ങനെ, അവർക്ക് താക്കീത് ചെയ്യപ്പെട്ട ശിക്ഷ അവരെ വലയം ചെയ്തു. ഇതുപോലെയുള്ള സംഭവങ്ങൾ നിങ്ങൾക്കും ഒരു പാഠമായിരിക്കേണ്ടതാകുന്നു.

വിഭാഗം- 4

وَلَقَدْ أَهْلَكْنَا مَا حَوْلَكُم مِّنَ ٱلْقُرَىٰ وَصَرَّفْنَا ٱلْأَيَٰتِ لَعَلَّهُمْ يَرْجِعُونَ ﴿٢٧﴾

﴿27﴾ നിങ്ങളുടെ ചുറ്റുപാടുമുള്ള (ചില) രാജ്യങ്ങളെയും നാം നശിപ്പിക്കുകയുണ്ടായിട്ടുണ്ട്; അവർ [ആ രാജ്യക്കാർ] മടങ്ങുവാൻ വേണ്ടി, 'ആയത്തു'[ലക്ഷ്യം]കളെ നാം വിവിധ രൂപത്തിൽ വിവരിക്കുകയും ചെയ്തു.[അവർ സ്വീകരിച്ചില്ല. അതാണ് കാരണം.]

فَلَوْلَا نَصَرَهُمُ ٱلَّذِينَ ٱتَّخَذُوا۟ مِن دُونِ ٱللَّهِ قُرْبَانًا ءَالِهَةًۢ ۖ بَلْ ضَلُّوا۟ عَنْهُمْ ۚ وَذَٰلِكَ إِفْكُهُمْ وَمَا كَانُوا۟ يَفْتَرُونَ ﴿٢٨﴾

﴿28﴾ അല്ലാഹുവിന്പുറമെ (അവങ്കലേക്ക്) ഒരു സാമീപ്യകർമ്മമായിക്കൊണ്ട് ആരാധ്യൻമാരായി അവർ സ്വീകരിച്ചുവെച്ചവർ, അപ്പോൾ എന്തുകൊണ്ട് അവരെ സഹായിച്ചില്ല?! പക്ഷേ, (അത്രയുമല്ല) അവർ തങ്ങളെ വിട്ട് തെറ്റി (മറഞ്ഞു) പോയി. അത്, അവരുടെ കള്ള (വാദ) വും, അവർ കെട്ടിച്ചമച്ചിരുന്നതു മത്രെ.

﴿27﴾ وَلَقَدْ أَهْلَكْنَا നാം നശിപ്പിച്ചിട്ടുണ്ട് مَا حَوْلَكُم നിങ്ങളുടെ ചുറ്റുപാടിലുള്ളത് مِّنَ ٱلْقُرَىٰ രാജ്യങ്ങളിൽനിന്ന് وَصَرَّفْنَا നാം തിരിമറി ചെയ്തു (വിവിധരൂപേണ വിവരിച്ചു) ٱلْأَيَٰتِ ആയത്തുകളെ لَعَلَّهُمْ يَرْجِعُونَ അവർ മടങ്ങുവാൻ, മടങ്ങിയേക്കാമല്ലോ ﴿28﴾ فَلَوْلَا نَصَرَهُمُ അപ്പോൾ അവരെ സഹായിക്കാത്തതെന്ത്, എന്തുകൊണ്ട് സഹായിച്ചില്ല ٱلَّذِينَ ٱتَّخَذُوا۟ അവർ ആക്കി (സ്വീകരിച്ചു)വെച്ചവർ مِن دُونِ ٱللَّهِ അല്ലാഹുവിനു പുറമെ قُرْبَانًا സാമീപ്യ കർമ്മമായിട്ട്, ത്യാഗകർമ്മമെന്ന നിലക്ക് ءَالِهَةً ദൈവങ്ങളെ,

عَنْهُم ആരാധ്യവസ്തുക്കളായി بَلْ ضَلُّوا എങ്കിലും അവർ തെറ്റി (മറഞ്ഞു) പോയി عَنْهُم അവരെ വിട്ട് وَذَٰلِكَ അത് إِفْكُهُمْ അവരുടെ കള്ളമാണ്, നുണയാണ് وَمَا كَانُوا അവരായിരുന്നതും يَفْتَرُونَ കെട്ടിച്ചമക്കും

ഹിജാസിന്റെ തെക്ക് ഭാഗത്തായിരുന്ന അഹ്ക്വാഫിലെ നിവാസികളായ ആദിന്റെ ശിക്ഷയെക്കുറിച്ച് മുകളിൽ പ്രസ്താവിച്ചുവല്ലോ. കൂടാതെ, ഹിജാസിനും ശാമിനും ഇടയിൽ, അൽഹിജ്റിലെ നിവാസികളായിരുന്ന ഥമൂദ് ഗോത്രം, ഫലസ്തീനിലെ സോദോം(സദൂം) നിവാസികളായിരുന്ന ലൂത്വ് നബി (അ)യുടെ ജനത, യമനിലും മദ്‌യനിലും വസിച്ചിരുന്ന സബഉ് ഗോത്രങ്ങൾ മുതലായവരെല്ലാമാണ് നിങ്ങളുടെ ചുറ്റുപാടിലുള്ളവർ (ما حولكم) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം. തങ്ങളുടെ ദൈവങ്ങൾ തങ്ങൾക്ക് അല്ലാഹുവിങ്കൽ ശുപാർശ ചെയ്യുമെന്നും, തങ്ങൾക്ക് അല്ലാഹുവിൽ സാമീപ്യസ്ഥാനം അവ നേടിക്കൊടുക്കുമെന്നും ആ മുശ്‌രിക്കുകളെല്ലാം വാദിച്ചിരുന്നു. ഇതിനെ സൂചിപ്പിച്ചുകൊണ്ടാണ്'സാമീപ്യ കർമമായി ആരാധ്യ വസ്തുക്കളെ സ്വീകരിച്ചു'(قربانا ألهة) എന്ന് പറഞ്ഞത്. **എന്നാൽ ശിക്ഷ വന്നപ്പോൾ ആ ദൈവങ്ങളുടെ യാതൊരു സഹായവും അവർക്ക് ലഭിച്ചി**ല്ലെന്ന് മാത്രമല്ല, അവരെ ആ ഘട്ടത്തിൽ കണ്ടെത്താൻ പോലും അവർക്ക് കഴിഞ്ഞില്ല. അപ്പോൾ ആ വാദം തനി കള്ളവും നുണയുമാണെന്ന് തീർച്ചതന്നെ.

മനുഷ്യവർഗത്തിൽ സത്യവിശ്വാസികളും, സത്യനിഷേധികളുമുള്ളതുപോലെത്തന്നെ, ജിന്നുവർഗത്തിലുമുണ്ട്. അവരും അല്ലാഹുവിന്റെ നിയമങ്ങൾക്കും, ശാസനകൾക്കും ബാധ്യസ്ഥരാണ്. നബിﷺയുടെ ദൗത്യം ഒരു പ്രകാരത്തിൽ അവരിലേക്കും ഉണ്ടായിരുന്നു. എന്നിങ്ങനെയുള്ള പല കാര്യങ്ങളും മനസ്സിലാക്കാവുന്ന ഒരു സംഭവമാണ് അടുത്ത ആയത്തുകളിൽ അല്ലാഹു ഉദ്ധരിക്കുന്നത്:-

وَإِذْ صَرَفْنَآ إِلَيْكَ نَفَرًا مِّنَ ٱلْجِنِّ يَسْتَمِعُونَ ٱلْقُرْءَانَ فَلَمَّا حَضَرُوهُ قَالُوٓا۟ أَنصِتُوا۟ ۖ فَلَمَّا قُضِىَ وَلَّوْا۟ إِلَىٰ قَوْمِهِم مُّنذِرِينَ ﴿٢٩﴾

﴾29﴿ (നബിയേ) ക്വുർആൻ ശ്രദ്ധിച്ചുകേട്ടും കൊണ്ട് ജിന്നുകളിൽനിന്നുള്ള ഒരു കൂട്ടരെ [ചെറുസംഘത്തെ] നിന്റെ അടുക്കലേക്ക് നാം തിരിച്ചുവിട്ട സന്ദർഭം (ഓർക്കുക). എന്നിട്ട്, അതിന്നടുക്കൽ അവർ ഹാജരായപ്പോൾ, നിശ്ശബ്ദമായിരിക്കുവിൻ എന്ന് അവർ(തമ്മിൽ) പറഞ്ഞു. അങ്ങനെ, അത് [പാരായണം]നിർവ്വഹിക്കപ്പെട്ടു കഴിഞ്ഞപ്പോൾ, തങ്ങളുടെ ജനതയുടെ അടുത്തേക്ക് താക്കീത് നൽകുന്നവരായും കൊണ്ട് അവർ തിരിച്ചുപോയി.

﴾29﴿ وَإِذْ صَرَفْنَآ നാം തിരിച്ചുവിട്ട സന്ദർഭം إِلَيْكَ നിന്റെ അടുക്കലേക്ക് نَفَرًا ഒരു സംഘത്തെ, കൂട്ടത്തെ مِّنَ ٱلْجِنِّ ജിന്നിൽപെട്ട يَسْتَمِعُونَ അവർ ചെവികൊടുത്ത് (ശ്രദ്ധിച്ചു)കൊണ്ട് ٱلْقُرْءَانَ ക്വുർആനെ فَلَمَّا حَضَرُوهُ എന്നിട്ട് അവർ അതിനടുത്ത് ഹാജരായപ്പോൾ قَالُوٓا۟ അവർ പറഞ്ഞു أَنصِتُوا۟ നിങ്ങൾ മിണ്ടാതെ (മൗനമായി) ഇരിക്കുവിൻ فَلَمَّا قُضِىَ അങ്ങനെ അത് നിർവ്വഹിക്കപ്പെട്ട (തീർന്ന)പ്പോൾ وَلَّوْا۟ അവർ തിരിച്ചു إِلَىٰ قَوْمِهِم തങ്ങളുടെ ജനതയിലേക്ക് مُّنذِرِينَ താക്കീത് ചെയ്യുന്നവരായി

പത്തിൽ കുറഞ്ഞ സംഘത്തിനാണ് نفر (നഫർ) എന്ന വാക്ക് അധികവും ഉപയോഗിക്കാറുള്ളത്. ഈ സംഘത്തിൽ എത്ര ആളുകളുണ്ടായിരുന്നുവെന്ന് അല്ലാഹുവിനറിയാം. ഏതായാലും, നബിﷺയിൽനിന്ന് ക്വുർആൻ കേട്ടപ്പോൾ അവരിലുണ്ടായ പ്രതികരണം വളരെ ശ്രദ്ധേയമാകുന്നു. അവരതിൽ ആവേശഭരിതരാകുക മാത്രമല്ല, സ്വജനങ്ങളിൽ ചെന്ന്- അടുത്ത വചനങ്ങളിൽ കാണുന്നത് പോലെ- അവരെ അതുവഴി സൻമാർഗത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു. നബി ﷺയിൽ നിന്നും ക്വുർആൻ കേട്ടമാത്രയിൽ, മനുഷ്യേതര വർഗമായ ജിന്നുകൾക്ക് പോലും ഇത്രത്തോളം മാനസാന്തരം ഉണ്ടായി. എന്നാൽ സ്വവർഗവും സ്വന്തം ജനതയുമായ അറബി മുശ്രിക്കുകൾ അതേ ക്വുർആന്റെ നേരെ സ്വീകരിച്ച നിലപാട് എത്ര ശോചനീയം! ജിന്നുകൾ തങ്ങളുടെ അനുഭവം സ്വജനങ്ങളെ അറിയിക്കുന്നതും ഉപദേശിക്കുന്നതും നോക്കുക:

قَالُوا۟ يَٰقَوْمَنَآ إِنَّا سَمِعْنَا كِتَٰبًا أُنزِلَ مِنۢ بَعْدِ مُوسَىٰ مُصَدِّقًا لِّمَا بَيْنَ يَدَيْهِ يَهْدِىٓ إِلَى ٱلْحَقِّ وَإِلَىٰ طَرِيقٍ مُّسْتَقِيمٍ ﴿٣٠﴾

﴾30﴿ അവർ പറഞ്ഞു: നിശ്ചയമായും, ഞങ്ങൾ ഒരു വേദഗ്രന്ഥം (പാരായണം ചെയ്യപ്പെടുന്നത്) കേട്ടു, അത്, അതിന്റെ മുമ്പിലുള്ളതിനെ [മുൻവേദഗ്രന്ഥങ്ങളെ] സത്യമാക്കിക്കൊണ്ട് മൂസാ (നബി)ക്ക് ശേഷം അവതരിപ്പിക്കപ്പെട്ടിരിക്കയാണ്. യഥാർത്ഥത്തിലേക്കും, ചൊവ്വായ (നേർ) മാർഗത്തിലേക്കും അത് വഴികാട്ടുന്നു.

﴾30﴿ قَالُوا۟ അവർ പറഞ്ഞു يَٰقَوْمَنَآ ഞങ്ങളുടെ ജനങ്ങളേ إِنَّا سَمِعْنَا നിശ്ചയമായും ഞങ്ങൾ കേട്ടു كِتَٰبًا ഒരു ഗ്രന്ഥം أُنزِلَ അത് ഇറക്കപ്പെട്ടിരിക്കുന്നു مِنۢ بَعْدِ مُوسَىٰ മൂസാക്ക് ശേഷം مُصَدِّقًا സത്യമാക്കി (സാക്ഷാൽകരിച്ചു)കൊണ്ട് لِّمَا യാതൊന്നിനെ بَيْنَ يَدَيْهِ അതിന്റെ മുമ്പിലുള്ള يَهْدِىٓ അത് വഴികാട്ടുന്നു إِلَى ٱلْحَقِّ യഥാർത്ഥത്തിലേക്ക് وَإِلَىٰ طَرِيقٍ مُّسْتَقِيمٍ ചൊവ്വായ (നേർ) മാർഗത്തിലേക്കും

മൂസാ നബി(അ)യുടെ ശേഷം അവതരിപ്പിക്കപ്പെട്ട ഗ്രന്ഥംഎന്ന് പറഞ്ഞതിൽനിന്ന് ആ ജിന്നുകൾ തൗറാത്തിന്റെ അനുയായികളായിരുന്നുവെന്ന് അനുമാനിക്കുവാൻ ന്യായമുണ്ട്. ഇവർ യഹൂദരായിരുന്നുവെന്ന് പ്രസ്താവിക്കപ്പെട്ടു കാണുന്നതും ഇതുകൊണ്ടായിരിക്കും. മുൻ വേദഗ്രന്ഥങ്ങളിൽ- ഒരു ശരീഅത്ത് നിയമസംഹിത എന്നനിലക്കും മറ്റും- തൗറാത്തിലെ മുൻഗണനനിമിത്തമാണ് അങ്ങനെ പറഞ്ഞതെന്നും വരാൻ സാധ്യതയുണ്ട്.الله أعلم. ജിന്നുകൾ തുടരുന്നു:

يَٰقَوْمَنَآ أَجِيبُوا۟ دَاعِىَ ٱللَّهِ وَءَامِنُوا۟ بِهِۦ يَغْفِرْ لَكُم مِّن ذُنُوبِكُمْ وَيُجِرْكُم مِّنْ عَذَابٍ أَلِيمٍ ﴿٣١﴾

﴾31﴿ ഞങ്ങളുടെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിന്റെ ക്ഷണകർത്താവിന് [ദൂതന്] ഉത്തരം നൽകുവിൻ; അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്യുവിൻ; എന്നാലവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്ത് തരുകയും, വേദനയേറിയ ശിക്ഷയിൽനിന്ന് നിങ്ങളെ കാക്കുകയും ചെയ്യുന്നതാണ്.

وَمَن لَّا يُجِبْ دَاعِىَ ٱللَّهِ فَلَيْسَ بِمُعْجِزٍ فِى ٱلْأَرْضِ وَلَيْسَ لَهُۥ مِن دُونِهِۦٓ أَوْلِيَآءُ ۚ أُو۟لَٰٓئِكَ فِى ضَلَٰلٍ مُّبِينٍ ﴿٣٢﴾

﴾32﴿ ആരെങ്കിലും അല്ലാഹുവിന്റെ ക്ഷണകർത്താവിന് ഉത്തരം ചെയ്യാതിരുന്നാൽ അവൻ ഭൂമിയിൽ വെച്ച് (അല്ലാഹുവിനെ) തോൽപിക്കുന്നവനൊന്നുമല്ല;അവന് പുറമെ യാതൊരു രക്ഷകർത്താക്കളും തനിക്ക് ഉണ്ടാവുകയില്ലതാനും. അക്കൂട്ടർ സ്പഷ്ടമായ വഴിപിഴവിലാകുന്നു.

﴾31﴿ يَٰقَوْمَنَا ഞങ്ങളുടെ ജനങ്ങളേ أَجِيبُوا۟ നിങ്ങൾ ഉത്തരം ചെയ്യുവിൻ دَاعِىَ ٱللَّهِ അല്ലാഹുവിന്റെ ക്ഷണക്കാരന് وَءَامِنُوا۟ بِهِۦ അവനിൽ വിശ്വസിക്കുകയും ചെയ്യുവിൻ يَغْفِرْ لَكُم എന്നാലവൻ നിങ്ങൾക്ക് പൊറുക്കും مِّن ذُنُوبِكُمْ നിങ്ങളുടെ പാപങ്ങളിൽനിന്ന് وَيُجِرْكُم നിങ്ങളെ കാക്കുകയും ചെയ്യും مِّنْ عَذَابٍ ശിക്ഷയിൽ നിന്ന് أَلِيمٍ വേദനയേറിയ ﴾32﴿ وَمَن لَّا يُجِبْ ഉത്തരം ചെയ്യാത്തവർ, ആർ ഉത്തരം ചെയ്തില്ലയോ دَاعِىَ ٱللَّهِ അല്ലാഹുവിന്റെ ക്ഷണക്കാരന് فَلَيْسَ എന്നാൽ അവനല്ല بِمُعْجِزٍ

അസാധ്യമാക്കുന്ന (തോൽപിക്കുന്ന)വൻ فِى ٱلْأَرْضِ ഭൂമിയിൽ وَلَيْسَ لَهُۥ അവന് ഇല്ല

താനും مِن دُونِهِۦٓ അവന് പുറമെ أَوْلِيَآءُ രക്ഷാകർത്താക്കൾ, ബന്ധുക്കൾ أُو۟لَـٰٓئِكَ ആ

കൂട്ടർ فِى ضَلَـٰلٍ വഴികേടിലാണ് مُّبِينٍ പ്രത്യക്ഷമായ

അഹ്മദ്, ബുഖാരി, മുസ്‌ലിം, തിർമദി, നസാഈ (റ) മുതലായ ഹദീഥു പണ്ഡിതൻമാർ ഉദ്ധരിച്ച ഒരു ഹദീഥിന്റെ ചുരുക്കം ഇതാണ്: ഇബ്നു അബ്ബാസ് (റ) പറയുന്നു: 'ചില സ്വഹാബികളൊന്നിച്ച് നബിﷺസൂക്വുഉക്കാദ്വി(سوق عكاظ) ലേക്ക് പോയി. പിശാചുക്കൾ ആകാശത്തുനിന്ന് കട്ടുകേൾക്കുന്നത് അഗ്നിജ്വാല മൂലം തടയപ്പെട്ടിട്ടുണ്ടായിരുന്നു.ഇതിന്റെ കാരണം അന്വേഷിച്ചുകൊണ്ട് ജിന്നുകളിൽ പലരും പല ഭാഗത്തേക്കും പോകുകയുണ്ടായി. തിഹാമഃ *(*)*യുടെ ഭാഗത്തേക്ക് പോയിരുന്ന ജിന്നുകൾ, നബിﷺയും സ്വഹാബികളും 'നഖ്‌ല'(نخلة)യിലെത്തിയിരുന്നപ്പോൾ അവിടെ അവരുമായി ഒത്തുകൂടി. നമസ്കാരത്തിൽ തിരുമേനി ക്വുർആൻ ഓതുന്നത് അവർ കേട്ടു. ഇതുതന്നെയാണ് (അന്ത്യപ്രവാചകൻ നിയോഗിക്കപ്പെട്ടുകഴിഞ്ഞതാണ്) തങ്ങൾ ആകാശത്തുനിന്നും തടയപ്പെടുവാൻ കാരണമെന്ന് അവർ പറഞ്ഞു. അവർ തങ്ങളുടെ ജനതയിലേക്ക് മടങ്ങിച്ചെന്ന് അവരെ വിവരമറിയിക്കുകയും ഉപദേശിക്കുകയും ചെയ്തു. ഈ വിവരം തിരുമേനി അറിഞ്ഞത് വഹ്‌യ് മൂലമായിരുന്നു.

പ്രസ്തുത ജിന്നുകളെക്കുറിച്ച് വഹ്‌യ് മുഖേനയാണ് നബിﷺക്ക് അറിയാൻ കഴിഞ്ഞതെന്നാണല്ലോ ഇബ്നുഅബ്ബാസ് (റ)ന്റെ മേലുദ്ധരിച്ച ഹദീഥിലുള്ളത്. എന്നാൽ, അഹ്മദ്, തിർമദി, മുസ്‌ലിം, അബൂദാവൂദ് (റ) എന്നിവർ അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറഞ്ഞതായി ഉദ്ധരിക്കുന്ന ഒരു ഹദീഥിന്റെ ചുരുക്കം ഇപ്രകാരമാണ്: തിരുമേനി ജിന്നുകളെ കണ്ട അവസരത്തിൽ ഞങ്ങൾ ഒരുമിച്ചുണ്ടായിരുന്നില്ല. ഒരു രാത്രി തിരുമേനിയെ കൂട്ടത്തിൽനിന്ന് കാണാതായി. ഞങ്ങൾ അന്വേഷിക്കുകയും, വിവരം കിട്ടാതെ പരിഭ്രമത്തിലാവുകയും ചെയ്തു. നേരം പുലർന്നപ്പോൾ നബിﷺ ഹിറാമലയുടെ ഭാഗത്തുനിന്ന് വരികയുണ്ടായി. അവിടുന്ന് പറഞ്ഞു: ജിന്നുകളുടെ ദൂതൻ എന്റെ അടുക്കൽ വന്നു എന്നെ ക്ഷണിച്ചു. ഞാൻ ചെന്ന് അവർക്ക് ക്വുർആൻ കേൾപ്പിച്ചു. പിന്നീട് തിരുമേനി ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി അവർ വന്നതിന്റെ ചില അടയാളങ്ങൾ കാട്ടിത്തന്നു.കൂടാതെ, ഇബ്നു അബ്ബാസ് (റ)ൽ നിന്നുതന്നെ, ഇബ്നുജരീറും, ത്വബ്റാനീ (റ)യും ഉദ്ധരിക്കുന്ന ഒരു നിവേദനത്തിൽ, ആ ജിന്നുകൾ'നസ്വീബീൻ' ദേശക്കാരായിരുന്നുവെന്നും നബിﷺഅവരെ അവരുടെ ജനതയിലേക്ക് ഉപദേഷ്ടാക്കളായി അയച്ചുവെന്നും പ്രസ്താവിച്ചിട്ടുമുണ്ട്.

നബിﷺയുടെ അടുക്കൽ ജിന്നുകൾ വന്നു ക്വുർആൻ കേൾക്കുകയോ,

(*) ഹിജാസിന്റെ പടിഞ്ഞാറെ കടലോരപ്രദേശങ്ങളാണ് തിഹാമഃ

ഉപദേശം കേൾക്കുകയോ ചെയ്തതിനെ സംബന്ധിക്കുന്ന വേറെയും ധാരാളം ഹദീഥുകൾ ഉണ്ട്. അവ മിക്കതും ഇബ്നുകഥീർ (റ) തന്റെ തഫ്സീറിൽ ഉദ്ധരിച്ചുകാണാം. അതെല്ലാം പരിശോധിക്കുമ്പോൾ, ജിന്നുകളുടെ വരവ് ഒന്നിലധികം പ്രാവശ്യം ഉണ്ടായിട്ടുണ്ടെന്നും നബിﷺസ്വന്തമായിരുന്നപ്പോഴും, അല്ലാത്തപ്പോഴും, വരവിനെപ്പറ്റി അറിഞ്ഞും, അറിയാതെയും ഉണ്ടായിട്ടുണ്ടെന്നും, മനസ്സിലാക്കുവാൻ സാധിക്കും. സൂക്ഷ്മാന്വേഷികളായ പല മഹാൻമാരും പ്രസ്തുത ഹദീഥുകളിൽ നിന്ന് അതാണ് മനസ്സിലാക്കിയിട്ടുള്ളതും. നബിﷺയുടെ അടുക്കൽ വന്ന ജിന്നുകളുടെ എണ്ണത്തിലും അവരെ കണ്ട സ്ഥലത്തിലും ഹദീഥുകളിൽ വ്യത്യസ്ത പ്രസ്താവനകൾ ഉണ്ടാകുവാനുള്ള കാരണവും അതാണ്. ചുരുങ്ങിയത് രണ്ട് പ്രാവശ്യമെങ്കിലും സംഭവിച്ചിട്ടുണ്ടെന്നാണ് അധികപക്ഷത്തിന്റെയും അഭിപ്രായം. രണ്ട് പ്രാവശ്യം നബിﷺ യുടെ അടുക്കൽ ജിന്നുകൾ ചെന്നിട്ടുണ്ടെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ത്വബ്റാനി (റ) ഉദ്ധരിച്ചിട്ടുമുണ്ട്. (رواه في الأوسط)

നബിﷺയുടെ വെളിപാടിനെപ്പറ്റി ജിന്നുകൾ ആദ്യമായി അറിയാനിടവന്ന സംഭവത്തെപ്പറ്റിയാണ് ഇബ്നുഅബ്ബാസ് (റ)ന്റെ ഹദീഥിൽ പ്രസ്താവിച്ചതെന്നും, ആ അവസരത്തിൽ തിരുമേനി അവരെ കണ്ടില്ലെന്നും (വഹ്യ് മൂലമാണ് അതറിഞ്ഞതെന്നും), പിന്നീട് മറ്റൊരു പ്രാവശ്യം ജിന്നുകളുടെ ദൂതൻ നബിﷺയെ വന്ന് ക്ഷണിച്ചതനുസരിച്ച് അവിടുന്ന് അവർക്ക് ക്വുർആൻ കേൾപ്പിക്കുകയുണ്ടായെന്നും, അതാണ് ഇബ്നു മസ്ഊദ് (റ) ഉദ്ധരിച്ച സംഭവമെന്നും ഇമാം ബൈഹക്വീ (റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. (كما في الفتح وابن كثير)

ഇന്നത്തെ പുരോഗമനവാദക്കാരുടെ പരിഷ്കൃതാശയങ്ങളിൽ ഒന്നാണല്ലോ ജിന്നുവർഗത്തിന്റെ നിഷേധം. ജിന്നുകൾ എന്ന് പറയുന്നത് ചില അപരിഷ്കൃത മനുഷ്യവർഗമാണെന്നാണ് അവരുടെ വാദം. ഈ വാദത്തിനുവേണ്ടി വളരെ ക്വുർആൻ വാക്യങ്ങളെ ദുർവ്യാഖ്യാനം ചെയ്യാനും, നിരവധി ഹദീഥുകളെ കണ്ണുചിമ്മി നിഷേധിക്കുവാനും അവർ നിർബന്ധിതരാകുന്നതും നാം കാണാറുണ്ട്. അക്കൂട്ടത്തിൽ, ഇവിടെ (29-ാം വചനത്തിൽ) പ്രസ്താവിച്ച ജിന്നുകളുടെ സംഘം (نفر من الجن) കൊണ്ടുദ്ദേശ്യവും മനുഷ്യർ തന്നെയാണെന്ന് ഇവർ പറയുന്നു. മക്കാമുശ്രിക്കുകളുടെ ഉപദ്രവത്തെ ഭയന്ന് പട്ടണത്തിലേക്ക് വരുവാൻ ധൈര്യപ്പെടാത്ത ഏതോ അന്യദേശക്കാരായിരുന്നു അതെന്നും, നബി ﷺയുമായി പട്ടണത്തിന് വെളിയിൽവെച്ച് സ്വകാര്യ കൂടിക്കാഴ്ച നടത്തുകയാണ്അവർ ചെയ്തിരുന്നതെന്നും ആ സംഭവമാണ് ഇവിടെ പ്രസ്താവിച്ചതെന്നുമാണ് അവരുടെ കണ്ടുപിടുത്തം. എന്നാൽ, സൂ: ജിന്നിലെ ആദ്യവചനത്തിൽ നബിﷺയിൽ നിന്ന് ജിന്നുകൾ ക്വുർആൻ കേട്ടതിനെപ്പറ്റി പറയുന്നത് ഇങ്ങനെയാണ്: قل أوحي إلى أنه استمع نفر من الجن(ജിന്നുകളിൽ നിന്നൊരു കൂട്ടർ ശ്രദ്ധിച്ചു കേട്ടുവെന്ന് എനിക്ക് വഹ്യ് നൽകപ്പെട്ടിരിക്കുന്നുവെന്ന് പറയുക.) അപ്പോൾ, ജിന്നുകൾ ക്വുർആനിലേക്ക് ശ്രദ്ധകൊടുത്ത വിവരം നബിﷺ അറിയുന്നത് വഹ്യ്മുഖേനയാ

ണല്ലോ. ഈ സംഗതി ഇബ്നു മസ്ഊദ് (റ)ൽ നിന്ന് നാം ഒന്നാമതായി ഉദ്ധരിച്ച ഹദീഥിലും പ്രസ്താവിച്ചിട്ടുണ്ട്. നബിﷺയുടെ അടുക്കൽ ജിന്നുകൾ വന്ന സംഭവം ഒരിക്കൽ മാത്രമേ ഉണ്ടായിട്ടുള്ളൂവെങ്കിൽ, ആ സംഭവത്തെക്കുറിച്ചുതന്നെയാണ് ഈ പറഞ്ഞിരിക്കുന്നത്. അതല്ല- ഹദീഥുകളിൽനിന്നും മഹാൻമാരുടെ പ്രസ്താവനകളിൽനിന്നും മനസ്സിലാകുന്നത്പോലെ- ഒന്നിലധികം പ്രാവശ്യം അത് സംഭവിച്ചിട്ടുണ്ടെങ്കിൽ, അവയിൽ ആദ്യത്തേതിനെക്കുറിച്ചായിരിക്കും ഈ പറഞ്ഞിരിക്കുന്നത്. ഇവർ ജൽപിക്കുന്നത്പോലെ, ജിന്നുകളുടെ സംഘം എന്ന് പറഞ്ഞതിന്റെ വിവക്ഷ നബിﷺയുമായി സ്വകാര്യ കൂടിക്കാഴ്ച നടത്തിയ ഏതൊ ഒരു വിഭാഗം മനുഷ്യൻമാരായിരുന്നുവെങ്കിൽ, നബിﷺ അവരെ കാണാതിരിക്കുന്നതെങ്ങനെ?! ഒരു സംഘം മനുഷ്യൻമാർ നബിﷺയുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്ത വിവരം നബിﷺക്ക് ഖുർആൻ കേൾക്കുകയും, അവർ നാട്ടിൽ ചെന്ന് അതുപ്രകാരം പ്രബോധനം നടത്തുകയും ചെയ്ത വിവരം നബിﷺക്ക് വഹ്യ് വന്നപ്പോൾ മാത്രമേ അറിയുവാൻ കഴിഞ്ഞുള്ളൂവെന്ന് പറയുവാൻ ബുദ്ധിയുള്ളവരാരെങ്കിലും മുതിരുമോ?!

ചുരുക്കത്തിൽ, ജിന്ന് എന്ന് ഒരു പ്രത്യേക വർഗമില്ലെന്ന ഇവരുടെ വാദത്തിൽ നിന്ന് ഉത്ഭവിച്ച അനേകം പൊള്ളയായ വ്യാഖ്യാനങ്ങളിൽ ഒന്നുമാത്രമാണ് ഇതും. അതുകൊണ്ട് അതിനെപ്പറ്റി ഇവിടെ കൂടുതൽ ചർച്ച ചെയ്യേണ്ടതില്ല. ജിന്നുവർഗത്തെക്കുറിച്ച് ഖുർആന്റെയും, ഹദീഥിന്റെയും പ്രസ്താവനകൾക്ക് എതിരായി ഈ പുരോഗമനക്കാർഇറക്കുമതി ചെയ്തിട്ടുള്ള എല്ലാ നവീനവാദങ്ങളെയും സൂ: ഹിജ്റിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം ശക്തിയുക്തം ഖണ്ഡിച്ച് കഴിഞ്ഞതാണ്. ഖുർആനിലും ഹദീഥിലും യഥാർത്ഥത്തിൽ വിശ്വസിക്കുന്ന ഏതൊരു സത്യാന്വേഷിക്കും മതിയായ തെളിവ് സഹിതം ജിന്നുകളെ സംബന്ധിച്ച് പല വിവരങ്ങളും അതിൽ നാം ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു. അവിടെ നോക്കുക.

أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَلَمْ يَعْىَ بِخَلْقِهِنَّ بِقَـٰدِرٍ عَلَىٰٓ أَن يُحْـِۧىَ ٱلْمَوْتَىٰ ۚ بَلَىٰٓ إِنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٣٣﴾

﴿33﴾ അവർക്ക് കണ്ടുകൂടേ, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും, അവയെ സൃഷ്ടിച്ചതുകൊണ്ട് ക്ഷീണിക്കാതിരിക്കുകയും ചെയ്തവനായ അല്ലാഹു, മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ കഴിയുന്നവൻ തന്നെയാണെന്ന്?! അല്ലാതേ! നിശ്ചയമായും, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവൻ തന്നെ,

وَيَوْمَ يُعْرَضُ ٱلَّذِينَ كَفَرُوا۟ عَلَى ٱلنَّارِ أَلَيْسَ هَـٰذَا بِٱلْحَقِّ ۖ قَالُوا۟ بَلَىٰ وَرَبِّنَا ۚ قَالَ فَذُوقُوا۟ ٱلْعَذَابَ بِمَا كُنتُمْ تَكْفُرُونَ ﴿٣٤﴾

﴿34﴾ അവിശ്വസിച്ചവർ നരകത്തിങ്കൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം, (ചോദിക്കപ്പെടും:) ഇത് യഥാർത്ഥം തന്നെയല്ലേ?!

അവർ പറയും: (അതെ.) അല്ലാതേ- ഞങ്ങളുടെ റബ്ബ് തന്നെയാണ (സത്യം)! അവൻ [റബ്ബ്] പറയും: എന്നാൽ, നിങ്ങൾ അവിശ്വസിച്ചുകൊണ്ടിരുന്നത് നിമിത്തം ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ!

﴾33﴿ أَوَلَمْ يَرَوْا۟ അവർക്ക് കണ്ടുകൂടേ, അവർ കണ്ടില്ലേ أَنَّ ٱللَّهَ നിശ്ചയമായും അല്ലാഹു ആകുന്നുവെന്ന് ٱلَّذِى خَلَقَ സൃഷ്ടിച്ചവനായ ٱلسَّمَـٰوَٰتِ ആകാശങ്ങളെ وَٱلْأَرْضَ ഭൂമിയെയും وَلَمْ يَعْىَ ക്ഷീണിച്ചതുമില്ല, കുഴങ്ങുകയും ചെയ്യാത്ത بِخَلْقِهِنَّ അവയെ സൃഷ്ടിച്ചതുകൊണ്ട് بِقَـٰدِرٍ കഴിവുള്ളവൻ തന്നെ (എന്ന്) عَلَىٰٓ أَن يُحْـِۧىَ ജീവിപ്പിക്കുവാൻ ٱلْمَوْتَىٰ മരണപ്പെട്ടവരെ بَلَىٰٓ അല്ലാതേ, (അതെ) إِنَّهُۥ നിശ്ചയമായും അവൻ عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിയുന്നവനാണ് ﴾34﴿ وَيَوْمَ يُعْرَضُ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർ عَلَى ٱلنَّارِ നരകത്തിങ്കൽ أَلَيْسَ هَـٰذَا ഇതല്ലേ بِٱلْحَقِّ യഥാർത്ഥം, വാസ്തവം തന്നെ قَالُوا۟ അവർ പറയും بَلَىٰ അല്ലാതേ وَرَبِّنَا ഞങ്ങളുടെ റബ്ബ് തന്നെയാണ قَالَ അവൻ പറയും فَذُوقُوا۟ എന്നാൽ നിങ്ങൾ ആസ്വദിച്ചു (രുചിച്ചു) കൊള്ളുവിൻ ٱلْعَذَابَ ശിക്ഷ بِمَا كُنتُمْ നിങ്ങളായിരുന്നതുകൊണ്ട് تَكْفُرُونَ അവിശ്വസിക്കുക

സത്യനിഷേധികളുടെ പര്യവസാനം മേൽവിവരിച്ച പ്രകാരമായിരിക്കും. എങ്കിലും, തൽക്കാലം ഭൂമിയിൽ വെച്ച് അവർ മൂലം സത്യവിശ്വാസികൾക്ക് കുറെ സ്വൈര്യക്കേടും ബുദ്ധിമുട്ടും അനുഭവപ്പെട്ടേക്കുമല്ലോ. അതുകൊണ്ട് ക്ഷമ കൈക്കൊള്ളുവാൻ അല്ലാഹു നബിﷺയെ ഉപദേശിക്കുന്നു:-

فَٱصْبِرْ كَمَا صَبَرَ أُو۟لُوا۟ ٱلْعَزْمِ مِنَ ٱلرُّسُلِ وَلَا تَسْتَعْجِل لَّهُمْ

﴿35﴾ ആകയാൽ, റസൂലുകളാകുന്ന ദൃഢമനസ്കൻമാർ ക്ഷമിച്ചതുപോലെ, (നബിയേ) നീ ക്ഷമ കൈക്കൊള്ളുക; അവർക്കുവേണ്ടി നീ ധൃതിപ്പെടുകയും വേണ്ടാ.

كَأَنَّهُمْ يَوْمَ يَرَوْنَ مَا يُوعَدُونَ لَمْ يَلْبَثُوٓا۟ إِلَّا سَاعَةً مِّن نَّهَارٍۭ ۚ بَلَـٰغٌ ۚ فَهَلْ يُهْلَكُ إِلَّا ٱلْقَوْمُ ٱلْفَـٰسِقُونَ ﴿٣٥﴾

അവരോട് വാഗ്ദത്തം [താക്കീത്] ചെയ്യപ്പെടുന്ന കാര്യം [ശിക്ഷ] അവർ കാണുന്ന ദിവസം, ഒരു പകലിന്റെ ഒരു നാഴികനേരമല്ലാതെ അവർ (ഭൂമിയിൽ) താമസിച്ചിട്ടില്ലെന്ന പോലെയായിരിക്കും. (ഇത്) ഒരു പ്രബോധനമത്രെ!

എന്നാൽ, തോന്നിയവാസികളായ ജനങ്ങളല്ലാതെ നാശത്തിലകപ്പെടുമോ?! [ഇല്ല.]

﴾35﴿ فَٱصْبِرْ ആകയാൽ (എന്നാൽ) നീ ക്ഷമിക്കുക كَمَا صَبَرَ ക്ഷമിച്ചതുപോലെ أُو۟لُوا۟ ٱلْعَزْمِ ദൃഢമനസ്കൻമാർ مِنَ ٱلرُّسُلِ റസൂലുകളാകുന്ന, റസൂലുകളിൽനിന്നുള്ള وَلَا تَسْتَعْجِل നീ ധൃതിപ്പെടുകയും ചെയ്യരുത് لَّهُمْ അവർക്കുവേണ്ടി, അവരോട് كَأَنَّهُمْ അവർ ... പോലെയിരിക്കും يَوْمَ يَرَوْنَ അവർ കാണുന്ന ദിവസം مَا يُوعَدُونَ അവരോട് വാഗ്ദത്തം (താക്കീത്) ചെയ്യപ്പെടുന്നത് لَمْ يَلْبَثُوٓا۟ അവർ താമസിച്ചിട്ടില്ലാത്ത (പോലെയിരിക്കും) إِلَّا سَاعَةً ഒരു നാഴികയല്ലാതെ مِّن نَّهَارٍ ഒരു പകലിൽനിന്ന്, പകലിന്റെ بَلَـٰغٌ ഒരു പ്രബോധനം, എത്തിച്ചുകൊടുക്കൽ فَهَلْ يُهْلَكُ എന്നാൽ (അപ്പോൾ) നാശത്തിൽ പെടുമോ إِلَّا ٱلْقَوْمُ ജനതയല്ലാതെ ٱلْفَـٰسِقُونَ തോന്നിയവാസികളായ, ദുർന്നടപ്പുകാരായ

أولو العزم(ദൃഢമനസ്കതയുള്ളവർ) എന്ന വിശേഷണം എല്ലാ മുർസലുകളെയും പൊതുവിൽ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്നും, മുർസലുകളിൽ പ്രധാനികളായ ചിലരെ ഉദ്ദേശിച്ച് കൊണ്ടുള്ളതാണെന്നും വരാം. ഇങ്ങനെ രണ്ടഭിപ്രായങ്ങളും ഇവിടെയുണ്ട്. ഒന്നാമത്തേതനുസരിച്ച് من الرسل (മിനർറുസുലി) എന്ന വാക്കിന് 'റസൂലുകളാകുന്ന'എന്നും, രണ്ടാമത്തേതനുസരിച്ച് റസൂലുകളിൽ നിന്നുള്ളഎന്നും അർത്ഥമാക്കുന്നത് നന്നായിരിക്കും. രണ്ടർത്ഥത്തിനും സാധ്യതയുണ്ട്താനും. രണ്ടാമത്തെ അഭിപ്രായക്കാരിൽ ചിലർ പറയുന്നത്, സൂ: അൻആം 83- 90 ൽ പേര് പറയപ്പെട്ടിട്ടുള്ള റസൂലുകളാണ് ദൃഢമനസ്കരായ റസൂലുകൾ(أولو العزم من الرسل) എന്നാകുന്നു. വേറെ ചില അടിസ്ഥാനത്തിൽ മറ്റ് ചിലർ, ഒമ്പതെന്നും, ആറെന്നും, അഞ്ചെന്നും പറയുന്നവരുമുണ്ട്. അഞ്ച് പേരാണെന്ന അഭിപ്രായപ്രകാരം നമ്മുടെ നബിﷺയും, നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ (അ) എന്നിവരുമാണത്. സൂ: ശൂറാ 13 -ാം വചനത്തിലും, സൂ: അഹ്സാബ് 7 -ാം വചനത്തിലും ഈ അഞ്ച് പേരെപ്പറ്റിയും അവരുടെ പേര് പറഞ്ഞുകൊണ്ട് പ്രസ്താ

വിച്ചിട്ടുള്ള കാര്യങ്ങൾ ഓർക്കുമ്പോൾ ഒടുവിൽ പറഞ്ഞ അഭിപ്രായത്തിനാണ് കൂടുതൽ ന്യായം കാണുന്നത്. الله أعلم

പരലോകജീവിതത്തിലെ ശിക്ഷകളും ഒടുക്കമില്ലാത്ത അനുഭവങ്ങളും കാണുമ്പോൾ മുമ്പ് തങ്ങൾക്ക് കഴിഞ്ഞുപോയ ഐഹികജീവിതം എത്രയോ തുച്ഛമായിരുന്നതായി അവർക്ക് തോന്നും. അതെ, ഒരു പകലിന്റെ ഒരു നാഴിക നേരം മാത്രമേ തങ്ങൾ ഭൂമിയിൽ താമസിച്ചിട്ടുള്ളൂവെന്നപോലെ അനുഭവപ്പെടും. സൂറത്തിന്റെ അവസാനത്തിലെ ചോദ്യം വളരെ അർത്ഥഗർഭമാകുന്നു. അല്ലാഹുവിന്റെ കൽപനകളെ ധിക്കരിച്ച് ദുർന്നടപ്പിലും, തോന്നിയവാസത്തിലും കഴിഞ്ഞുകൂടുന്നവർക്ക് കനത്ത ഒരു താക്കീതാണത്.

اللهم لك الحمد ولك المنة والفضل

سورة محمد

47. സൂറതു മുഹമ്മദ്

[സൂറത്തുൽ - കിതാൽ എന്നും ഇതിന് പേരുണ്ട്]

മദീനഃയിൽ അവതരിച്ചത്-വചനങ്ങൾ 38-വിഭാഗം (റുകൂഅ്)4

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

ٱلَّذِينَ كَفَرُواْ وَصَدُّواْ عَن سَبِيلِ
ٱللَّهِ أَضَلَّ أَعۡمَٰلَهُمۡ ﴿١﴾

﴾1﴿ അവിശ്വസിക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ)തടയുകയും ചെയ്തവർ (ആരോ) അവരുടെ കർമങ്ങളെ അവൻ പാഴാക്കിക്കളയുന്നതാണ്.

وَٱلَّذِينَ ءَامَنُواْ وَعَمِلُواْ
ٱلصَّٰلِحَٰتِ وَءَامَنُواْ بِمَا نُزِّلَ عَلَىٰ
مُحَمَّدٍ وَهُوَ ٱلۡحَقُّ مِن رَّبِّهِمۡ كَفَّرَ
عَنۡهُمۡ سَيِّـَٔاتِهِمۡ وَأَصۡلَحَ بَالَهُمۡ ﴿٢﴾

﴾2﴿ വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും, മുഹമ്മദിന്റെ മേൽ അവതരിപ്പിക്കപ്പെട്ടതിൽ-അതാകട്ടെ, തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള യഥാർത്ഥവുമാണ്-വിശ്വസിക്കുകയും ചെയ്തവരാകട്ടെ - അവരുടെ തിൻമകളെ അവരിൽ നിന്ന് അവൻ (മാപ്പ് നൽകി) മൂടി വെക്കുകയും, അവരുടെ സ്ഥിതി നന്നാക്കുകയും ചെയ്യും.

﴾1﴿ ٱلَّذِينَ كَفَرُواْ അവിശ്വസിച്ചവർ وَصَدُّوا തടയുകയും ചെയ്തു عَن سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് أَضَلَّ അവൻ പിഴവിലാക്കി (പാഴാക്കി)യിരിക്കുന്നു

أَعۡمَـٰلَهُمۡ അവരുടെ പ്രവർത്തനങ്ങളെ ﴾2﴿ وَٱلَّذِينَ ءَامَنُواْ വിശ്വസിച്ചവരാകട്ടെ وَعَمِلُواْ ٱلصَّـٰلِحَـٰتِ സൽക്കർമങ്ങൾ പ്രവർത്തിക്കയും ചെയ്ത وَءَامَنُواْ വിശ്വസിക്കുകയും ചെയ്ത بِمَا نُزِّلَ ഇറക്കപ്പെട്ടതിൽ عَلَىٰ مُحَمَّدٍ മുഹമ്മദിന്റെ മേൽ وَهُوَ ٱلۡحَقُّ അത് യാഥാർത്ഥ്യവുമാണ് مِن رَّبِّهِمۡ തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള كَفَّرَ عَنۡهُمۡ അവർക്ക് (ഇവരിൽ നിന്ന്) അവൻ മൂടി (പൊറുത്തു)കൊടുക്കും سَيِّـَٔاتِهِمۡ അവരുടെ തിന്മകളെ وَأَصۡلَحَ അവൻ നന്നാക്കുകയും ചെയ്യും بَالَهُمۡ അവരുടെ സ്ഥിതി

ذَٰلِكَ بِأَنَّ ٱلَّذِينَ كَفَرُواْ ٱتَّبَعُواْ ٱلۡبَٰطِلَ وَأَنَّ ٱلَّذِينَ ءَامَنُواْ ٱتَّبَعُواْ ٱلۡحَقَّ مِن رَّبِّهِمۡۚ كَذَٰلِكَ يَضۡرِبُ ٱللَّهُ لِلنَّاسِ أَمۡثَٰلَهُمۡ ﴿٣﴾

﴾3﴿ (കാരണം) അത്, അവിശ്വസിച്ചവർ വ്യർത്ഥമായതിനെ പിൻപറ്റുകയും, വിശ്വസിച്ചവർ തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള യഥാർത്ഥത്തെ പിൻപറ്റുകയും ചെയ്തിരിക്കകൊണ്ടാണ്. അപ്രകാരം, ജനങ്ങൾക്ക് അവരുടെ മാതിരികൾ അല്ലാഹു വിവരിച്ചു കൊടുക്കുന്നു.

﴾3﴿ ذَٰلِكَ بِأَنَّ അത് എന്തെന്നാൽ ٱلَّذِينَ كَفَرُواْ അവിശ്വസിച്ചവർ ٱتَّبَعُواْ അവർ പിൻമാറി ٱلۡبَٰطِلَ വ്യർത്ഥമായത് وَأَنَّ ٱلَّذِينَ ءَامَنُواْ വിശ്വസിച്ചവരാകട്ടെ ٱتَّبَعُواْ അവർ പിൻപറ്റി ٱلۡحَقَّ യഥാർത്ഥം, ന്യായം مِن رَّبِّهِمۡ തങ്ങളുടെ റബ്ബിങ്കൽനിന്നുള്ള كَذَٰلِكَ അപ്രകാരം يَضۡرِبُ ٱللَّهُ അല്ലാഹു ആക്കുന്നു, വിവരിക്കുന്നു لِلنَّاسِ മനുഷ്യർക്ക് أَمۡثَٰلَهُمۡ അവരുടെ ഉപമ(ഉദാഹരണം, മാതിരി)കളെ

രണ്ടാം വചനത്തിൽ ആദ്യം വിശ്വസിച്ചു (آمنوا) എന്ന് മൊത്തത്തിൽ പറഞ്ഞ ശേഷം നബിﷺക്ക് അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിച്ചു എന്ന് പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു. പൂർവ്വവേദങ്ങളിലും അവയിലടങ്ങിയ തത്വങ്ങളിലും, മുൻ പ്രവാചകൻമാരിലുമെല്ലാം ഓരോ സത്യവിശ്വാസിയും മൊത്തത്തിൽ വിശ്വസിക്കേണ്ടതാണ്. നബിﷺക്ക് ലഭിച്ച വേദഗ്രന്ഥമാകുന്ന ഖുർആനിൽ പ്രത്യേകമായും വിശ്വസിക്കേണ്ടതുമുണ്ട്. ഇതാണ് അങ്ങിനെ പറയുവാൻ കാരണം.

സത്യവിശ്വാസികളുടെയും, അവിശ്വാസികളുടെയും സ്ഥിതി ഗതികൾ മേൽവിവരിച്ച പ്രകാരമായിരിക്കെ രണ്ടു വിഭാഗക്കാരും തമ്മിൽ ഒത്തിണങ്ങിക്കൊണ്ട് സമാധാനപരമായ ഒരന്തരീഷം നിലനിൽക്കുവാൻ മാർഗമില്ല. തമ്മിൽ സംഘർഷവും, സംഘട്ടനവും അനിവാര്യമാണ്. അല്ല, ആരംഭിച്ചു കഴിഞ്ഞിട്ടുമുണ്ട്. അതുകൊണ്ട് സമരഘട്ടത്തിൽ സ്വീകരിക്കേണ്ടുന്ന ചില നയങ്ങളെപ്പറ്റി പ്രസ്താവിക്കുന്നു.

فَإِذَا لَقِيتُمُ ٱلَّذِينَ كَفَرُواْ فَضَرْبَ ٱلرِّقَابِ حَتَّىٰٓ إِذَآ أَثْخَنتُمُوهُمْ فَشُدُّواْ ٱلْوَثَاقَ فَإِمَّا مَنًّۢا بَعْدُ وَإِمَّا فِدَآءً حَتَّىٰ تَضَعَ ٱلْحَرْبُ أَوْزَارَهَا

(4) അതിനാൽ, നിങ്ങൾ അവിശ്വസിച്ചവരുമായി (യുദ്ധത്തിൽ)കണ്ടുമുട്ടിയാൽ, പിരടികൾ വെട്ടുക! അങ്ങിനെ, നിങ്ങൾ അവരെ (നിർദ്ദയം) ബലഹീനമാക്കിയാൽ അപ്പോൾ ബന്ധനം മുറുക്കി, [ശക്തമാക്കി] ക്കൊള്ളുവിൻ. എന്നിട്ട് പിന്നീട് - ഒന്നുകിൽ ദാക്ഷിണ്യം ചെയ്യുക. ഒന്നുകിൽ തെണ്ടം [മോചനമൂല്യം] വാങ്ങിവിടുക ; യുദ്ധം അതിന്റെ ഭാരങ്ങൾ (ഇറക്കി) വെക്കുന്നത്വരേക്കും (ഇങ്ങിനെ വേണം) അതാണ് (വേണ്ടത്).

ذَٰلِكَ وَلَوْ يَشَآءُ ٱللَّهُ لَٱنتَصَرَ مِنْهُمْ وَلَٰكِن لِّيَبْلُوَاْ بَعْضَكُم بِبَعْضٍ ۗ وَٱلَّذِينَ قُتِلُواْ فِى سَبِيلِ ٱللَّهِ فَلَن يُضِلَّ أَعْمَٰلَهُمْ ﴿٤﴾

അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവൻ (സ്വന്തംതന്നെ) അവരിൽ നിന്ന് (പ്രതികാരം നടത്തി) രക്ഷാനടപടി എടുക്കുമായിരുന്നു. എങ്കിലും, നിങ്ങളിൽ ചിലരെ, ചിലരെക്കൊണ്ട് പരീക്ഷണം ചെയ്‌വാൻ വേണ്ടിയത്രെ (അത്). അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരാകട്ടെ, അവരുടെ കർമങ്ങളെ അവൻ പാഴാക്കുന്നതേയല്ല.

سَيَهْدِيهِمْ وَيُصْلِحُ بَالَهُمْ ﴿٥﴾

(5) അവൻ അവരെ (ലക്ഷ്യത്തിലേക്ക്) നയിച്ചുകൊള്ളുന്നതാണ് ; അവരുടെ സ്ഥിതി നന്നാക്കുകയും ചെയ്യും.

وَيُدۡخِلُهُمُ ٱلۡجَنَّةَ عَرَّفَهَا لَهُمۡ ﴿٦﴾

﴾6﴿ അവരെ അവൻ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും ; അതവൻ അവർക്ക് (നേരത്തെ) പരിചയപ്പെടുത്തിയിരിക്കുന്നു.

﴾4﴿ فَإِذَا لَقِيتُمُ അതിനാൽ നിങ്ങൾ കണ്ടുമുട്ടിയാൽ ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ച
വരെ فَضَرۡبَ ٱلرِّقَابِ എന്നാൽ പിരടികൾ വെട്ടുക حَتَّىٰٓ إِذَآ أَثۡخَنتُمُوهُمۡ അങ്ങനെ നിങ്ങ
ളവരെ ബലഹീനമാക്കിയാൽ, നിർദ്ദയം പെരുമാറിയാൽ فَشُدُّوا۟ അപ്പോൾ മുറു
ക്കുവിൻ, കഠിനമാക്കുക ٱلۡوَثَاقَ ബന്ധനത്തെ فَإِمَّا مَنًّۢا എന്നിട്ട് ഒന്നുകിൽ ദാക്ഷിണ്യം
ചെയ്യുക بَعۡدُ പിന്നീട് وَإِمَّا فِدَآءً ഒന്നുകിൽ തെണ്ടംവാങ്ങി വിടുക حَتَّىٰ تَضَعَ (ഇറ
ക്കി) വെക്കുന്നത്വരെ ٱلۡحَرۡبُ യുദ്ധം, പട أَوۡزَارَهَا അതിന്റെ ഭാരങ്ങളെ ذَٰلِكَ അതാണ്
وَلَوۡ يَشَآءُ ٱللَّهُ അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ لَٱنتَصَرَ അവൻ രക്ഷാനടപടിയെ
ടുക്കും, സഹായം നേടും مِنۡهُمۡ അവരിൽ നിന്ന്, അവരോട് وَلَٰكِن പക്ഷേ, എങ്കിലും
لِّيَبۡلُوَا۟ അവൻ പരീക്ഷണം ചെയ്യാനാണ് بَعۡضَكُم നിങ്ങളിൽ ചിലരെ بِبَعۡضٍ ചില
രെക്കൊണ്ട് وَٱلَّذِينَ قُتِلُوا۟ കൊല്ലപ്പെട്ടവരാകട്ടെ فِى سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാർഗ
ത്തിൽ فَلَن يُضِلَّ അവൻ പാഴാക്കുന്നതേയല്ല أَعۡمَٰلَهُمۡ അവരുടെ പ്രവർത്തനങ്ങളെ
﴾5﴿ سَيَهۡدِيهِمۡ അവൻ അവരെ നേർവഴിയിലാക്കുന്നതാണ് (ലക്ഷ്യത്തിലേക്ക്) നയി
ച്ചുകൊള്ളും وَيُصۡلِحُ നന്നാക്കുകയും ചെയ്യും بَالَهُمۡ അവരുടെ സ്ഥിതി ﴾6﴿ وَيُدۡخِلُهُمُ
അവരെ പ്രവേശിപ്പിക്കുകയും ചെയ്യും ٱلۡجَنَّةَ സ്വർഗത്തിൽ عَرَّفَهَا അതിനെ അവൻ
പരിചയപ്പെടുത്തിയിരിക്കുന്നു لَهُمۡ അവർക്ക്

ഈ വചനങ്ങളിൽ പ്രധാനപ്പെട്ട പല തത്വങ്ങളും നിയമങ്ങളും അടങ്ങിയിരിക്കുന്നു. അവയെ ഇങ്ങിനെ സംഗ്രഹിക്കാം :

1) ഇസ്‌ലാമിന്റെ ശത്രുക്കളുമായി യുദ്ധത്തിൽ ഏറ്റുമുട്ടിയാൽ കഴിവതും ശത്രുക്കളെ നിർദ്ദയം കൊലപ്പെടുത്തേണ്ടതാണ്. യുദ്ധം കൂടാതെ കഴിക്കുവാനാണ് ഇസ്‌ലാമിന്റെ ആഗ്രഹമെങ്കിലും, അനിവാര്യമാകുന്ന ഘട്ടത്തിൽ അത് യുദ്ധത്തിന് തയ്യാറാകുന്നു. അങ്ങിനെ ഏറ്റുമുട്ടിക്കഴിഞ്ഞാൽ അവിടെപ്പിന്നെ ശത്രുക്കളെ കഴിയുന്നത്ര ബലഹീനമാക്കുവാൻ ശ്രമിക്കാതിരിക്കുന്നത് വിഡ്ഢിത്തവും ആപൽകരവുമായിരിക്കുമല്ലോ.

2) ശത്രുവിന് ബലക്ഷയം വന്നു കഴിഞ്ഞാൽ, പിന്നെ കയ്യിൽ കിട്ടിയവരെ പിടിച്ചു ബന്ധനത്തിലാക്കുകയാണ് വേണ്ടത്. ബന്ധനത്തിൽ നിന്ന് ഉപായത്തിലോ മറ്റോ രക്ഷപ്പെടുവാൻ സാധിക്കാത്തവിധം അത് കർശനമായ രൂപ

ത്തിലായിരിക്കേണ്ടതുമാണ്. എന്നാൽ, ശത്രുക്കളിൽ കൊല മുഖേന ദൗർബ്ബല്യം നേരിടുന്നതിന് മുമ്പ് അവരെ ചിറപിടിച്ചു ബന്ധത്തിലാക്കുന്ന നയം പാടില്ലാത്തതാകുന്നു. ബദ്ർ യുദ്ധത്തിൽവെച്ചും ശത്രുക്കളിൽ പലരെയും ബന്ധനത്തിലാക്കുകയും, മോചനമൂല്യം വാങ്ങി വിട്ടയക്കുകയും ചെയ്തതിനെപ്പറ്റി സൂ: അൻഫാൽ 67-68 ൽ അല്ലാഹു ആക്ഷേപിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞിരിക്കുന്നു: ماكان لنبي أن يكون له أسرى حتى يثخن في الأرض تريدون عرض الدنيا – إلى قوله : عذاب عظيم –الأنفال (സാരം : 'ഭൂമിയിൽ - ശത്രുക്കളെ - നിർദ്ദയം പരാജയപ്പെടുത്തുന്നതുവരെ ഒരു പ്രവാചകനും തന്നെ കുറെ ബന്ധനസ്ഥർ ഉണ്ടായിരിക്കുവാൻ പാടില്ല. നിങ്ങൾ ഐഹിക വിഭവം ഉദ്ദേശിക്കുന്നു. അല്ലാഹു പരലോകത്തെയും ഉദ്ദേശിക്കുന്നു. അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു. അല്ലാഹുവിങ്കൽനിന്നുള്ള ഒരു നിശ്ചയം മുമ്പ് കഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ, നിങ്ങൾമേടിച്ചതിന്റെ കാര്യത്തിൽ നിങ്ങൾക്ക് വമ്പിച്ച ശിക്ഷ ബാധിക്കുമായിരുന്നു'. '8:67, 68' ഇബ്നു കഥീർ (റ) പ്രസ്താവിച്ചതുപോലെ, സൂ: അൻഫാലിലെ ഈ വചനമാണ് ആദ്യം അവതരിച്ചിട്ടുള്ളതെന്നാണ് മനസ്സിലാകുന്നത്. الله أعلم

3) ബന്ധനത്തിലാക്കിക്കഴിഞ്ഞശേഷം, ബന്ധനത്തിൽ അകപ്പെട്ടവരെ യുക്തമനുസരിച്ച് ഒന്നുകിൽ ദയാദാക്ഷിണ്യം കാണിച്ചു നിരുപാധികം വിട്ടയക്കാം. അല്ലെങ്കിൽ മോചനമൂല്യം വാങ്ങി വിട്ടുകൊടുക്കാം. രണ്ടിൽ ഏതാണ് വേണ്ടത്, മോചനമൂല്യം എന്തായിരിക്കണം, അതിൽ എന്തെല്ലാം ഉപാധികൾ നിശ്ചയിക്കാം ആദിയായ കാര്യങ്ങളെല്ലാം-സന്ദർഭവും പരിതഃസ്ഥിതിയും കണക്കിലെടുത്തുകൊണ്ട്-മുസ്ലിംകളുടെ നേതാവിന് തീരുമാനിക്കാവുന്നതാണ്.

4) ഈ നയം-യുദ്ധത്തിൽവെച്ച് കഴിയുന്നതും നിർദ്ദയം ശത്രുക്കളെ കൊന്നൊടുക്കി, പരാജയപ്പെടുത്തുക; പിന്നീട് കിട്ടിയവരെ ബന്ധനത്തിലാക്കുക. അതിന്ശേഷം ദാക്ഷിണ്യമായി വിട്ടയക്കുകയോ, തെണ്ടം വാങ്ങി വിട്ടയക്കുകയോ ചെയ്യുക എന്ന സമ്പ്രദായം - യുദ്ധഭാരം അവസാനിക്കുന്ന കാലംവരെ തുടരേണ്ടതാണ്. അതായത്, ഇസ്ലാമിന്റെ ശത്രുക്കൾ അതിന് കീഴടങ്ങുകയോ, മുസ്ലിംകളുമായി സഖ്യത്തിലും സമാധാനത്തിലും കഴിഞ്ഞുകൂടുകയോ ചെയ്യുക വഴി യുദ്ധത്തിന്റെ ആവശ്യമില്ലെന്ന് വരുന്നത് വരെ ഈ നയം സ്വീകരിക്കേണ്ടതാണ്.

5) യുദ്ധം മുഖേനയല്ലാതെത്തന്നെ അവിശ്വാസികളെ ശിക്ഷിക്കുവാനും അവരുടെ അക്രമങ്ങൾക്ക് പ്രതികാര നടപടി എടുത്ത് ഇസ്ലാമിന് വിജയം നൽകുവാനും അല്ലാഹുവിന് വേണമെങ്കിൽ കഴിയും. പക്ഷേ, അവനത് ചെയ്യാത്തത് സത്യവിശ്വാസികളുടെ വിശ്വാസശക്തി, സഹനം, ക്ഷമ, ത്യാഗസന്നദ്ധത ആദിയായ ഗുണങ്ങൾ പരീക്ഷിക്കുവാൻവേണ്ടിയാകുന്നു. നിങ്ങളിൽനിന്ന് സമരം ചെയ്യുന്നവരെയും, ക്ഷമാശീലൻമാരെയും വേർതിരിച്ചറിയാതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?(أم حسبتم أن تدخلوا الجنة الخ)

എന്ന് സൂ: ആലുഇംറാൻ 142 ൽ അല്ലാഹു പറഞ്ഞിരിക്കുന്നു. താഴെ 31-ാം വചനത്തിലും ഈ പരീക്ഷണത്തെക്കുറിച്ച് പറയുന്നുണ്ട്.

6) യുദ്ധത്തിൽ സത്യവിശ്വാസികൾ കൊല്ലപ്പെടുക സ്വാഭാവികമാണ്. എന്നാൽ, അല്ലാഹുവിന്റെ മാർഗത്തിൽ-തൗഹീദിന്റെ വാക്യം ഉന്നതിപ്പെടുത്തുവാനുള്ള ധർമ യുദ്ധത്തിൽ-രക്ത സാക്ഷികളായവരുടെ കർമങ്ങൾ ഒന്നും പാഴാക്കാതെ അവൻ തക്കതായ പ്രതിഫലം നൽകുകയും അവരുടെ സ്ഥിതിഗതികൾ നന്നാക്കിത്തീർക്കുകയും അവർക്ക് നേരത്തെത്തന്നെ-ക്വുർആൻ വഴിയും, നബിﷺവഴിയും - പരിചയപ്പെടുത്തിക്കൊടുത്തിട്ടുള്ള സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ട രക്തസാക്ഷികളുടെ ശ്രേഷ്ഠതയെക്കുറിച്ചുള്ള ക്വുർആൻ വചനങ്ങളും നബിവചനങ്ങളും പ്രസിദ്ധങ്ങളാണല്ലോ. യുദ്ധത്തിൽ കൊല്ലപ്പെട്ടവർക്ക് തങ്ങളുടെ മരണം യാതൊരു തരത്തിലും നഷ്ടകരമല്ലെന്ന് മാത്രമല്ല, വമ്പിച്ച ഭാഗ്യം കൂടിയായിരിക്കുന്നതാണ്.

യുദ്ധത്തിൽ ബന്ധനസ്ഥരാക്കപ്പെട്ടവരെ സംബന്ധിച്ച് ഒന്നുകിൽ ദയ നൽകി വിട്ടയക്കുക, അല്ലെങ്കിൽ മോചനമൂല്യത്തിൻമേൽ വിട്ടയക്കുക എന്നീ രണ്ട് കാര്യങ്ങളാണ് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്. എന്നാൽ, അതിനുപുറമെ കൊലപ്പെടുത്തുക, അടിമയാക്കുക എന്നീ രണ്ട് കാര്യങ്ങൾകൂടി നബിﷺയുടെയും ഖുലഫാഉർറാശിദീന്റെയും കാലത്ത് നടന്നിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ പണ്ഡിതൻമാർക്കിടയിൽ പല അഭിപ്രായവ്യത്യാസങ്ങളും കാണാം. പ്രസ്തുത അഭിപ്രായങ്ങളും, ഓരോന്നിന്റെ തെളിവുകളും, വിശദീകരണങ്ങളും ഇവിടെ ഉദ്ധരിച്ചു ദീർഘിപ്പിക്കുന്നില്ല. അതിൽ വലിയ പ്രയോജനവും കാണുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ, നിരുപാധികം വിടുകയോ, മോചനമൂല്യം വാങ്ങിവിടുകയോ മാത്രമേ പാടുള്ളൂ-ഏത് പരിതഃസ്ഥിതിയിലും മറ്റൊരു മാർഗവും സ്വീകരിച്ചുകൂടാ-എന്ന് കർശനമായി ശാസിക്കുകയല്ല ഈ ആയത്തിന്റെ താൽപര്യമെന്നും, കേവലം ചില നിർദ്ദേശങ്ങൾ നൽകലാണ് ഉദ്ദേശ്യമെന്നും, അതത് സന്ദർഭങ്ങളിൽ മുസ്‌ലിംകൾക്ക് കൂടുതൽ ഗുണകരം ഏതാണോ അത് സ്വീകരിക്കുവാൻ നേതാവിന് സ്വാതന്ത്ര്യമുണ്ടെന്നുമാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം.

ഈ വിഷയത്തിലുള്ള പണ്ഡിതാഭിപ്രായവും അവയുടെ തെളിവുകളും ഉദ്ധരിച്ചുകൊണ്ട് മർഹൂം സയ്യിദ് ക്വുത്വുബ് (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ രേഖപ്പെടുത്തിയ ചില കുറിപ്പുകൾ ശ്രദ്ധേയമാകുന്നു. അവയുടെ രത്നച്ചുരുക്കം ഇവിടെ ഉദ്ധരിക്കുന്നത് പ്രയോജനകരമായിരിക്കും. അതിങ്ങിനെ വിവരിക്കാം : 'യുദ്ധത്തിൽ ബന്ധനസ്ഥരാക്കപ്പെട്ട വരെ ഒന്നുകിൽ ദാക്ഷിണ്യം കാണിച്ചു വിട്ടയക്കുക (المن) അല്ലെങ്കിൽ മോചനമൂല്യം നിശ്ചയിച്ചു വിട്ടുകൊടുക്കുക (الفداء) എന്നീ രണ്ട് കാര്യംമാത്രമാണ് ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ പൊതുനയം. മറ്റുള്ളതെല്ലാം, ബന്ധനത്തിലകപ്പെട്ടവരെ സംബന്ധിക്കുന്ന പ്രത്യേക പരിതഃസ്ഥി

തികളെ മുൻനിറുത്തി മാത്രം അനുവർത്തിക്കപ്പെട്ട നടപടികളായിരുന്നു. അങ്ങിനെയുള്ള ഏതെങ്കിലും പരിതഃസ്ഥിതികൾ നേരിടുമ്പോൾ അവയിൽ കരണീയവും യുക്തവുമായത് സ്വീകരിക്കാമെന്നാണ് നബിﷺയുടെയും സ്വഹാബികളുടെയും ചര്യകൾ കാട്ടിത്തരുന്നത്.അല്ലാതെ അവയൊന്നും ഇസ്‌ലാമിലെ സ്ഥിരമായ നയങ്ങളെന്ന നിലക്കല്ല. ഇസ്‌ലാമിന്റെ സ്ഥിരമായ പൊതുനിയമം ഈ ആയത്തിൽ കാണുന്ന രണ്ട് കാര്യങ്ങളിലൊന്ന് സ്വീകരിക്കുക എന്നുള്ളതാണ്'. (ملخصا من ظلال القرآن)

നബിﷺയുടെയും സ്വഹാബത്തിന്റെയും കാലത്ത് ഈ രണ്ടു കാര്യങ്ങൾക്ക് പുറമെ ഉണ്ടായിട്ടുള്ള മറ്റു നടപടികളെപ്പറ്റി ശരിക്ക് പരിശോധിക്കുമ്പോൾ ഈ സംഗതി ബോധ്യമാകുന്നതാണ്. നബിﷺ കൊലക്ക് വിധിച്ചവരുടെ കാര്യം എടുക്കുക : യുദ്ധത്തിൽ പങ്കെടുത്തവരെന്ന നിലക്കും ബന്ധനത്തിലകപ്പെട്ടവരെന്ന നിലക്കും മാത്രമല്ല അവരെ വധിച്ചതെന്ന് കാണാം. വധിക്കപ്പെട്ട ഓരോ വ്യക്തിയും നബിﷺക്കും ഇസ്‌ലാമിനും എതിരിൽ പ്രകോപനപരവും കടുത്തതുമായ ഉപദ്രവത്തിൽ പേരെടുത്തവരായിരുന്നു. യുദ്ധത്തിലല്ലാതെ മറ്റു പ്രകാരത്തിൽ പിടികിട്ടിയാലും അവർ വധിക്കപ്പെടേണ്ടവരുമായിരുന്നു. നബിﷺകൊലക്കുവിധിച്ച നള്ർ, ഉക്ബഃ, ഇബ്നു ഖത്വൽ, കവിയായിരുന്ന അബൂഅസ്സഃ (نضر بن الحارث ، عقبة بن أبي معيط ، ابن خطل ، ابوعزة الشاعر) മുതലായി കൊല്ലപ്പെട്ട ഓരോരുത്തരുടെയും ചരിത്രത്തിൽ നിന്ന് ഇത് വ്യക്തമായി മനസ്സിലാക്കാം. ഖുറൈളഃ ഗോത്രക്കാരായ യഹൂദികളാകട്ടെ, കരാർലംഘനം, കുതന്ത്രം, അട്ടിമറി ആദിയായവ പതിവാക്കിയവരായിരുന്നു. മാത്രമല്ല, അവരുടെ ആവശ്യപ്രകാരം അവർതന്നെ സ്വീകരിച്ച ഒരു മദ്ധ്യസ്ഥൻ (സഅ്ദുബ്നു മുആദ് - റ) തീരുമാനിച്ച വിധി നബിﷺനടപ്പിൽ വരുത്തുകമാത്രമാണ് ചെയ്തതും. ചുരുക്കത്തിൽ, നബിﷺയാകട്ടെ ഖുലഫാഉർ-റാശിദീനാകട്ടെ, യുദ്ധത്തിൽ ബന്ധനസ്ഥരാക്കപ്പെട്ടവരെ, കൊലക്ക് വിധിച്ചിട്ടുള്ള ഏതൊരു സംഭവം നോക്കിയാലും യുദ്ധത്തിൽ പങ്കെടുത്തതല്ലാത്ത ഒരു പ്രത്യേക കാരണം അതിന് പിന്നിലുണ്ടായിരിക്കുന്നതാണ്. യുദ്ധക്കളത്തിൽനിന്ന് പിൻതിരിഞ്ഞോടുന്നവരെയും, യുദ്ധശാലികളല്ലാത്ത വൃദ്ധൻമാർ, കുട്ടികൾ, സ്ത്രീകൾ മുതലായവരെയും കൊല്ലരുതെന്നും, യുദ്ധത്തിൽ മുറിവേറ്റു കിടക്കുന്നവരെ ജീവഹാനി വരുത്തരുതെന്നും മറ്റും നബിﷺകർശനമായി വിരോധിച്ചിട്ടുള്ളതും പ്രസ്താവ്യമാണ്.

ബന്ധനത്തിൽപെട്ടവരെ അടിമകളാക്കിയ പരിതഃസ്ഥിതികൾ പരിശോധിച്ചാലും അങ്ങിനെത്തന്നെ. യുദ്ധത്തിൽ പിടിക്കപ്പെട്ടവരെ അടിമകളാക്കുന്ന സമ്പ്രദായം അന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടുവന്നിരുന്ന ഒരു നയമായിരു

ന്നു. മുസ്‌ലിംകളിൽനിന്ന് ബന്ധനത്തിലാക്കപ്പെടുന്നവരെ ശത്രുക്കൾ അടിമകളാക്കുന്ന ആ പരിതഃസ്ഥിതി നിലവിലുള്ളപ്പോൾ, ശത്രുക്കളിൽനിന്ന് പിടിക്കപ്പെടുന്ന ചിലരിലും അത് അനുവർത്തിക്കപ്പെടേണ്ടതുണ്ടായിരുന്നു. ശത്രുക്കൾ പിടിച്ചുവെച്ച മുസ്‌ലിംകളെ പകരം വിട്ടുതരുകയെന്ന ഉപാധിയോടുകൂടി അവരിൽ നിന്ന് ബന്ധനത്തിലകപ്പെട്ടവരെ നബിﷺവിട്ടുകൊടുക്കുകയുണ്ടായതും പ്രസ്താവ്യമാണ്. ബന്ധനസ്ഥരെ അടിമയാക്കുക എന്ന സൈനിക നയം മറുഭാഗക്കാരിൽ ഇല്ലാത്തപക്ഷം മുസ്‌ലിംകളും അത് ഉപയോഗിക്കുന്നതല്ല. അതേ സമയത്ത് യുദ്ധശാലികളല്ലാത്തവരെ-സ്ത്രീകൾ, കുട്ടികൾ, വൃദ്ധൻമാർ മുതലായവരെ-യാണ് മിക്കവാറും അടിമകളാക്കിയിരുന്നതും. അവരുടെ രക്ഷാധികാരികളും നേതാക്കളും യുദ്ധത്തിൽ കൊല്ലപ്പെടുക നിമിത്തം നിരാലംബരായി അവശേഷിക്കുന്നവരായിരിക്കും അവർ. ആ സ്ഥിതിക്ക് അവരെ അടിമകളാക്കുക എന്നതിന്റെ അർത്ഥം ഒരു കണക്കിന് അവരുടെ രക്ഷാകർത്തൃത്വം മുസ്‌ലിംകൾ ഏറ്റെടുക്കുക എന്നതായിരിക്കും. അതാകട്ടെ, ഒരു ശിക്ഷയായിട്ടല്ല, രക്ഷയായിട്ടാണ് അനുഭവപ്പെടുന്നതും. അടിമകളോടുള്ള പെരുമാറ്റത്തിൽ മുസ്‌ലിംകൾ സ്വീകരിക്കേണ്ടതും, പൂർവ്വ മുസ്‌ലിംകൾ സ്വീകരിച്ചുവന്നതുമായ സമത്വഭാവനയും, നീതിയുമാണതിന് കാരണം. മറ്റേതു സമുദായത്തിലും കാണപ്പെടാത്ത ഒരു വസ്തുതയാണ് അത്. ജാഹിലിയ്യത്തിൽ സ്വതന്ത്രരായിരുന്നപ്പോൾ അനുഭവിച്ചതിനെക്കാൾ മെച്ചമായിട്ടാണ് മുസ്‌ലിംകളുടെ കീഴിൽ അവർ അടിമകളെന്ന പേരിൽ ജീവിച്ചുവന്നിട്ടുള്ളതെന്നത് ഒരു ചരിത്രസത്യമത്രെ. പലരും അഭിമാനപൂർവ്വം അത് പ്രഖ്യാപിച്ചിട്ടുമുണ്ട്. അടിമത്തത്തിൽ നിന്ന് മോചനം ലഭിക്കുവാനുള്ള സുഗമമാർഗങ്ങളാകട്ടെ, ഇസ്‌ലാമിൽ കുറച്ചൊന്നുമല്ലതാനും, ഇവിടെ അതൊന്നും വിവരിക്കേണ്ടുന്ന സന്ദർഭമല്ലാത്തതുകൊണ്ട് ദീർഘിപ്പിക്കുന്നില്ല.

ചുരുക്കിപ്പറഞ്ഞാൽ, യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടവരുടെ കാര്യത്തിൽ ഇസ്‌ലാമിന്റെ സ്ഥിരമായ നിയമവും, പൊതുനയവും അല്ലാഹു ഈ വചനത്തിൽ പ്രസ്താവിച്ചതാണ്. അതായത്. ഒന്നുകിൽ ദയാപൂർവ്വം വിട്ടയക്കുക, അല്ലെങ്കിൽ മോചനമൂല്യം വാങ്ങിവിടുക. എനി, വ്യക്തികളുടെ സ്ഥിതിഗതികളോ, പൊതുനൻമയോ നോക്കുമ്പോൾ ഉണ്ടാകുന്ന പരിതഃസ്ഥിതികൾക്കനുസരിച്ച് മറ്റു രണ്ടു നയങ്ങളും-വധവും അടിമത്തവും - സ്വീകരിക്കുവാൻ നേതാവിന് വിരോധമില്ലാത്തതുമാകുന്നു. الله أعلم. സത്യവിശ്വാസികളോട് അല്ലാഹു പറയുന്നു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن تَنصُرُواْ ٱللَّهَ يَنصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ ﴿٧﴾

﴾7﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സഹായിക്കുന്ന പക്ഷം, അവൻ നിങ്ങളെ സഹായിക്കും; നിങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു തരുകയും ചെയ്യും.

﴿7﴾ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ ഹേ, വിശ്വസിച്ചവരേ إِن تَنصُرُوا۟ നിങ്ങള്‍ സഹായിച്ചാല്‍ ٱللَّهَ അല്ലാഹുവിനെ يَنصُرْكُمْ അവന്‍ നിങ്ങളെ സഹായിക്കും وَيُثَبِّتْ ഉറപ്പിക്കുക (സ്ഥിരപ്പെടുത്തുക)യും ചെയ്യും أَقْدَامَكُمْ നിങ്ങളുടെ പാദങ്ങളെ

അല്ലാഹുവിന്റെ മതത്തെയും, അതിന്റെ പ്രബോധനത്തെയും സംരക്ഷിക്കുക, അതിനുവേണ്ടുന്ന സേവനങ്ങളും, ത്യാഗങ്ങളും അനുഷ്ഠിക്കുക ഇതാണ് അല്ലാഹുവിനെ സഹായിക്കുക എന്നതിന്റെ താല്‍പര്യം. അങ്ങിനെ ചെയ്യുമ്പോള്‍, അല്ലാഹു അവര്‍ക്ക് വിജയവും, പ്രതാപവും നല്‍കുകയും, ശത്രുക്കളുടെ മുമ്പില്‍ സൈ്ഥര്യവും, ധൈര്യവും നല്‍കുകയും ചെയ്യുന്നു. മുസ്‌ലിംകള്‍ എക്കാലത്തും – ഈ കാലത്ത് പ്രത്യേകിച്ചും – സദാ ഓര്‍മിച്ചിരിക്കേണ്ടുന്ന ഒരു വചനമാണിത്. അല്ലാഹുവിന്റെ സഹായം എപ്പോള്‍, എവിടെ, മുസ്‌ലിംകള്‍ക്ക് ലഭിക്കാതിരുന്നുവോ, അപ്പോള്‍, അവിടെ അതിന് കാരണക്കാര്‍ മുസ്‌ലിംകള്‍ തന്നെയായിരിക്കുമെന്ന് ഇതില്‍ നിന്ന് വ്യക്തമാണല്ലോ. അബൂമൂസല്‍ അശ്അരീ (റ) നിവേദനം ചെയ്യുന്നു : റസൂല്‍ തിരുമേനിﷺയോട് ചോദിക്കപ്പെട്ടു : 'മനുഷ്യന്‍ ധീരത നിമിത്തം യുദ്ധം ചെയ്യുന്നു : രോഷം നിമിത്തം യുദ്ധം ചെയ്യുന്നു ; ശ്രുതിക്ക് വേണ്ടി യുദ്ധം ചെയ്യുന്നു ; ഇതില്‍ ഏതാണ് അല്ലാഹുവിന്റെ മാര്‍ഗത്തിലുള്ളത്?' തിരുമേനി പറഞ്ഞു : 'അല്ലാഹുവിന്റെ വാക്യം ഉന്നതമായതാകുവാന്‍ വേണ്ടി ആര്‍ യുദ്ധം ചെയ്തുവോ അവന്‍ അല്ലാഹുവിന്റെ മാര്‍ഗത്തിലാണ്'. (ബു. മു)

وَٱلَّذِينَ كَفَرُوا۟ فَتَعْسًا لَّهُمْ وَأَضَلَّ أَعْمَـٰلَهُمْ ﴿٨﴾

﴿8﴾ അവിശ്വസിച്ചവരാകട്ടെ, അവര്‍ക്ക് അധഃപതനം (അഥവാ നാശംതന്നെ)! അവന്‍ [അല്ലാഹു] അവരുടെ കര്‍മങ്ങള്‍ പാഴാക്കുന്നതുമാണ്.

ذَٰلِكَ بِأَنَّهُمْ كَرِهُوا۟ مَآ أَنزَلَ ٱللَّهُ فَأَحْبَطَ أَعْمَـٰلَهُمْ ﴿٩﴾

﴿9﴾ അത്, അല്ലാഹു അവതരിപ്പിച്ചതിനെ അവര്‍ വെറുത്തുകളഞ്ഞതു നിമിത്തമത്രെ. അതിനാല്‍, അവരുടെ കര്‍മങ്ങളെ അവന്‍ നിഷ്ഫലമാക്കിയിരിക്കുന്നു.

﴿8﴾ وَٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവരാകട്ടെ فَتَعْسًا എന്നാല്‍ അധഃപതനം, നാശം, വീഴ്ച لَّهُمْ അവര്‍ക്ക് وَأَضَلَّ അവന്‍ പാഴാക്കുകയും ചെയ്യും أَعْمَـٰلَهُمْ അവരുടെ പ്രവൃത്തികളെ, കര്‍മങ്ങളെ 9. ذَٰلِكَ അത് بِأَنَّهُمْ كَرِهُوا۟ അവര്‍ വെറുത്തുവെന്നത്കൊ

ണ്ടാണ് مَآ أَنزَلَ ٱللَّهُ അല്ലാഹുഅവതരിപ്പിച്ചതിനെ فَأَحْبَطَ അതിനാൽ അവൻ നിഷ്ഫലമാക്കി, ഫലശൂന്യമാക്കി أَعْمَـٰلَهُمْ അവരുടെ കർമങ്ങളെ

അല്ലാഹുവിൽ വിശ്വസിക്കാതെയും, അവന്റെ പ്രീതിയെ ലക്ഷ്യമാക്കാതെയുമുള്ള കർമങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്ന് ക്വുർആൻ ഒന്നിലധികം സ്ഥലത്ത് വ്യക്തമാക്കിയിട്ടുള്ളതാണ്.

۞ أَفَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ ۖ دَمَّرَ ٱللَّهُ عَلَيْهِمْ ۖ وَلِلْكَـٰفِرِينَ أَمْثَـٰلُهَا ﴿١٠﴾

﴾10﴿ അവർ ഭൂമിയിൽ (കൂടി) സഞ്ചരിച്ചിട്ടില്ലേ ? അപ്പോഴവർക്ക് അവരുടെ മുമ്പുള്ളവരുടെ പര്യവസാനം എങ്ങിനെയാണുണ്ടായതെന്ന് നോക്കിക്കാണാമല്ലോ, അല്ലാഹു അവ വേരോടെ [അവരുടേതെല്ലാം] തകർത്തുകളഞ്ഞു. (ഈ) അവിശ്വാസികൾക്കും അതുപോലെയുള്ളതുണ്ടായിരിക്കും.

ذَٰلِكَ بِأَنَّ ٱللَّهَ مَوْلَى ٱلَّذِينَ ءَامَنُوا۟ وَأَنَّ ٱلْكَـٰفِرِينَ لَا مَوْلَىٰ لَهُمْ ﴿١١﴾

﴾11﴿ അത് [അതിന് കാരണം], അല്ലാഹു വിശ്വസിച്ചവരുടെ സംരക്ഷകനാണെന്നുള്ളതുകൊണ്ടും, അവിശ്വാസികളാകട്ടെ, അവർക്ക് ഒരു സംരക്ഷകനുമില്ലെന്നുള്ളതുകൊണ്ടുമാകുന്നു.

﴾10﴿ أَفَلَمْ يَسِيرُوا۟ അവർ സഞ്ചരിക്കാറില്ലേ, നടന്നിട്ടില്ലേ فِى ٱلْأَرْضِ ഭൂമിയിൽ فَيَنظُرُوا۟ അപ്പോഴവർക്ക് നോക്കിക്കാണാം كَيْفَ كَانَ എങ്ങിനെ ആയെന്ന് عَـٰقِبَةُ ٱلَّذِينَ യാതൊരുകൂട്ടരുടെ കലാശം, പര്യവസാനം مِن قَبْلِهِمْ അവരുടെ മുമ്പുള്ള دَمَّرَ ٱللَّهُ അല്ലാഹു തകർത്ത് عَلَيْهِمْ അവരോടെ, അവരിൽ وَلِلْكَـٰفِرِينَ (ഈ) അവിശ്വാസികൾക്കുമുണ്ട് أَمْثَـٰلُهَا അവപോലുള്ളത് ﴾11﴿ ذَٰلِكَ അത് بِأَنَّ ٱللَّهَ അല്ലാഹു (ആകുന്നു) എന്നതുകൊണ്ടാണ് مَوْلَى സംരക്ഷകൻ, യജമാനൻ, ഉടയവൻ ٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരുടെ وَأَنَّ ٱلْكَـٰفِرِينَ അവിശ്വാസികൾ ആണെന്നതും لَا مَوْلَىٰ സംരക്ഷകനില്ല (എന്നതും) لَهُمْ അവർക്ക്

ഉഹ്ദ്‌യുദ്ധത്തിൽ മുസ്‌ലിംകൾക്ക് പരാജയം പിണഞ്ഞപ്പോൾ മുശ്‌രിക്കുകൾ വിളിച്ചു പറയുകയുണ്ടായി ; يوما بيوم لنا عزى ولا عزى لكم(ഒരു ദിവസത്തിനൊരു ദിവസം! ഞങ്ങൾക്ക് ഉസ്സായുണ്ട്, നിങ്ങൾക്ക് ഉസ്സാ ഇല്ലതാനും) അതായത്, ബദ്റിൽ ഞങ്ങൾ പരാജയപ്പെട്ടെങ്കിലും ഉഹ്ദിൽ ഞങ്ങൾ വിജയിച്ചു. ഞങ്ങളെ സഹായിക്കുവാൻ ഞങ്ങളുടെ ഉസ്സാ എന്ന ദൈവം (വിഗ്രഹം) ഉണ്ട്. നിങ്ങളെ സഹായിക്കുവാൻ ആരുമില്ല എന്ന് താല്പര്യം. ഈ അവസരത്തിൽ അതിന് മറുപടിയായി ഇങ്ങിനെ പറയുവാൻ നബിﷺമുസ്‌ലിംകളോട് കൽപിച്ചു. الله مولانا ولا مولى لكم (അല്ലാഹു ഞങ്ങളുടെ സംരക്ഷകനാണ്, നിങ്ങൾക്ക് സംരക്ഷകനില്ലതാനും.) ഈ സന്ദർഭത്തിലാണ് ഈ വചനം അവതരിച്ചതെന്ന് ഖത്താദഃ (റ)യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

വിഭാഗം - 2

إِنَّ ٱللَّهَ يُدْخِلُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ وَٱلَّذِينَ كَفَرُوا۟ يَتَمَتَّعُونَ وَيَأْكُلُونَ كَمَا تَأْكُلُ ٱلْأَنْعَٰمُ وَٱلنَّارُ مَثْوًى لَّهُمْ ﴿١٢﴾

﴾12﴿നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ, അടിഭാഗത്തിൽകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളിൽ അല്ലാഹു പ്രവേശിപ്പിക്കുന്നതാണ്.

അവിശ്വസിച്ചവരോ, അവർ സുഖഭോഗമെടുത്തുകൊണ്ടിരിക്കുകയും കന്നുകാലികൾ തിന്നുന്നതുപോലെ തിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു ; നരകം അവർക്ക് പാർപ്പിടവുമായിരിക്കും.

﴾12﴿ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يُدْخِلُ പ്രവേശിപ്പിക്കുന്നു ٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരെ وَعَمِلُوا۟ ٱلصَّٰلِحَٰتِ സൽക്കർമങ്ങൾ ചെയ്കയും ചെയ്തു جَنَّٰتٍ സ്വർഗങ്ങളിൽ تَجْرِى مِن تَحْتِهَا അതിന്റെ അടിയിൽകൂടി നടക്കുന്നു, ഒഴുകുന്നു ٱلْأَنْهَٰرُ അരുവികൾ, നദികൾ وَٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർ يَتَمَتَّعُونَ സുഖമെടുക്കുന്നു وَيَأْكُلُونَ അവർ തിന്നുകയും ചെയ്യുന്നു كَمَا تَأْكُلُ തിന്നുന്നതുപോലെ ٱلْأَنْعَٰمُ കാലികൾ وَٱلنَّارُ നരകം مَثْوًى لَّهُمْ അവർക്ക് പാർപ്പിടമാകുന്നു.

കന്നുകാലികളെപ്പോലെ, മരണപ്പെടുവോളം തിന്നണം, കുടിക്കണം, സുഖ ഭോഗങ്ങളനുഭവിക്കണം എന്നതിൽ കവിഞ്ഞ് അവിശ്വാസികൾക്ക് ജീവിതലക്ഷ്യ മായി ഒന്നുമില്ല. അതവർക്ക് തൽക്കാലം സാധിക്കുകയും ചെയ്യും. പക്ഷേ, പര ലോകത്ത് നരകമാണ് ആധാരം.

وَكَأَيِّن مِّن قَرْيَةٍ هِىَ أَشَدُّ قُوَّةً مِّن قَرْيَتِكَ ٱلَّتِىٓ أَخْرَجَتْكَ أَهْلَكْنَٰهُمْ فَلَا نَاصِرَ لَهُمْ ﴿١٣﴾

﴾13﴿ (നബിയേ)എത്ര രാജ്യമു ണ്ട്, നിന്നെ പുറത്താക്കിയ നിന്റെ രാജ്യത്തെക്കാൾ ശക്തിയിൽ ! ഊക്കേറിയതാകുന്നു അവ (എന്നി ട്ടും) നാം അവരെ [ആ രാജ്യക്കരെ] നശിപ്പിച്ചുകളഞ്ഞിരിക്കുന്നു ! അപ്പോൾ, ഒരു സഹായിയും അവർക്കില്ല.

﴾13﴿ وَكَأَيِّن എത്രയോ ഉണ്ട് مِّن قَرْيَةٍ രാജ്യമായിട്ട് هِىَ أَشَدُّ അത് ഊക്കേറിയതാണ്, കഠിനമാണ് قُوَّةً ശക്തിയിൽ مِّن قَرْيَتِكَ നിന്റെ രാജ്യത്തെക്കാൾ ٱلَّتِىٓ أَخْرَجَتْكَ നിന്നെ പുറത്താക്കിയ أَهْلَكْنَٰهُمْ അവരെ നാം നശിപ്പിച്ചു فَلَا نَاصِرَ അപ്പോൾ (എന്നിട്ട്)സഹായിയേ ഇല്ല لَهُمْ അവർക്ക്.

أَفَمَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِۦ كَمَن زُيِّنَ لَهُۥ سُوٓءُ عَمَلِهِۦ وَٱتَّبَعُوٓا۟ أَهْوَآءَهُم ﴿١٤﴾

﴾14﴿ എന്നാൽ, തന്റെ രക്ഷിതാവിങ്കൽനിന്നുള്ള തെളിവോടെ (സൽപാതയിൽ) ആയിരിക്കുന്ന ഒരുവനുണ്ടോ, തന്റെ ദുഷ്പ്രവർത്തി തനിക്ക് അലങ്കാരമായി കാണിക്കപ്പെടുകയും, (അങ്ങനെ) തങ്ങളുടെ ഇച്ഛകളെ പിൻപറ്റുകയും ചെയ്തവരെപ്പോലെയാകുന്നു?!

﴾14﴿ أَفَمَن എന്നാൽ ഒരുവനോ كَانَ عَلَىٰ بَيِّنَةٍ അവൻ തെളിവോടെ (തെളിവിൻമേൽ) ആകുന്നു مِّن رَّبِّهِۦ തന്റെ റബ്ബിങ്കൽനിന്നുള്ള كَمَن ഒരുവനെപ്പോലെ (ആകുന്നു) زُيِّنَ لَهُۥ അവന്നു അലങ്കാരമാക്കപ്പെട്ടു سُوٓءُ عَمَلِهِۦ അവന്റെ ദുഷ്പ്രവൃത്തി وَٱتَّبَعُوٓا۟ അവൻ പിൻപറ്റുകയും ചെയ്തു أَهْوَآءَهُم തങ്ങളുടെ ഇച്ഛകളെ

നിന്നെ പുറത്താക്കിയ നിന്റെ രാജ്യം എന്ന് പറഞ്ഞത് നബിﷺക്ക് ഏറ്റവും ഇഷ്ടപ്പെട്ടതും അവിടുന്ന് ജനിച്ചു വളർന്നതുമായ മക്കഃയാകുന്നു. സ്വന്തം ജനതയായ ആ നാട്ടുകാരുടെ അക്രമമർദ്ദനങ്ങളാണല്ലോ നബിﷺയെയും സ്വഹാബികളെയും ആ നാട്വിടുവാൻ നിർബ്ബന്ധിതരാക്കിയത്. മക്കഃ വിട്ടുപോകുമ്പോൾ

വഴിയിൽവെച്ച് നബിﷺമക്കഃയുടെ ഭാഗത്തേക്ക് തിരിഞ്ഞു നോക്കിക്കൊണ്ട് പറഞ്ഞു : 'നീയാണ് അല്ലാഹുവിന്റെ രാജ്യങ്ങളിൽ അല്ലാഹു ഏറ്റവും ഇഷ്ടപ്പെട്ടത്. നീയാണ് അല്ലാഹുവിന്റെ രാജ്യങ്ങളിൽ എനിക്കും ഏറ്റവും ഇഷ്ടപ്പെട്ടത്. മുശ്‌രിക്കുകൾ എന്നെ പുറത്താക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നിൽനിന്ന് പുറത്തുപോരുമായിരുന്നില്ല' . (ابن أبي حاتم) എന്നാൽ, ഇവരെക്കാൾ ശക്തൻമാരും, പ്രബലന്മാരുമായിരുന്ന പല നാട്ടുകാരും തങ്ങളുടെ അക്രമം നിമിത്തം അല്ലാഹുവിന്റെ വമ്പിച്ച ശിക്ഷകൾക്ക് വിധേയരായിട്ടുണ്ട്. അതിൽനിന്ന് അവരെ ആരും രക്ഷപ്പെടുത്തുവാനുണ്ടായില്ല ; അതുപോലെ ഇവർക്കും വല്ല ശിക്ഷയും ബാധിച്ചേക്കുന്നത് ഇവർ സൂക്ഷിച്ചുകൊള്ളട്ടെ എന്ന് അല്ലാഹു താക്കീത് ചെയ്യുകയാണ്. മദീനഃയിൽ വന്ന ശേഷം, അവിടെയും മുസ്‌ലിംകൾക്ക് സ്വൈരജീവിതം അസാധ്യമാക്കിക്കൊണ്ട് ക്വുറൈശികൾ യുദ്ധസംരംഭങ്ങൾ നടത്തിവരുന്ന അവസരത്തിലാണ് ഈ അദ്ധ്യായത്തിന്റെ അവതരണം. നബിﷺമദീനഃയിലേക്ക് ഹിജ്റഃ പോരും മദ്ധ്യെ വഴിയിൽവെച്ചാണ് ഈ (13-ാം) വചനം അവതരിച്ചതെന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അങ്ങിനെയാണെങ്കിൽ, ആ സന്ദർഭം ഈ താക്കീതിന് കൂടുതൽ അനുയോജ്യവുമായിരിക്കുമല്ലോ.

സത്യവിശ്വാസികളും, അവിശ്വാസികളും തമ്മിലുള്ള താരതമ്യമാണ് 14-ാം വചനത്തിൽ കാണുന്നത്. സത്യവിശ്വാസികളുടെ വിശ്വാസങ്ങളും പ്രവർത്തനങ്ങളുമെല്ലാംതന്നെ അല്ലാഹുവിങ്കൽനിന്നുള്ള തെളിവും ലക്ഷ്യവും അനുസരിച്ചുള്ളതാണ്. അവരുടെ ഇച്ഛകൾക്ക് അതിൽ സ്ഥാനമില്ല. നേരെമറിച്ച് അവിശ്വാസികളാകട്ടെ, അവർ ചെയ്യുന്നതെന്തും അവർക്ക് ഭൂഷണം, ഏത് ദുഷ്ചെയ്തിയും അവർക്ക് അലങ്കാരം. അവരുടെ ഏകാവലംബം അവരുടെ ഇച്ഛകൾതന്നെ. എന്നിരിക്കെ, ഈ രണ്ട്കൂട്ടരും എങ്ങിനെ സമമാകും ?! എങ്ങിനെ യോജിക്കും ?! ഐഹികജീവിതത്തിൽ ഇരുവരും തമ്മിൽ വൈരുദ്ധ്യമുള്ളതുപോലെ, പാരത്രിക ജീവിതത്തിലും അവരുടെ നില പരസ്പര വിരുദ്ധമായിരിക്കും. അല്ലാഹു പറയുന്നു :

مَّثَلُ ٱلْجَنَّةِ ٱلَّتِى وُعِدَ ٱلْمُتَّقُونَ ۖ فِيهَآ أَنْهَٰرٌ مِّن مَّآءٍ غَيْرِ ءَاسِنٍ وَأَنْهَٰرٌ مِّن لَّبَنٍ لَّمْ يَتَغَيَّرْ طَعْمُهُۥ وَأَنْهَٰرٌ مِّنْ خَمْرٍ لَّذَّةٍ لِّلشَّٰرِبِينَ

﴾15﴿ സൂക്ഷ്മതയുള്ളവർക്ക് [ഭയഭക്തന്മാർക്ക്] വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ മാതിരി (ഇതാണ്) : അതിൽ, കേട് (വന്നു പകർച്ച) പറ്റാത്ത വെള്ളത്തിന്റെ അരുവികളുണ്ട് ; രുചിവ്യത്യാസം വരാത്ത പാലിന്റെ അരുവികളുണ്ട് ; കുടിക്കുന്നവർക്ക് രസപ്രദമായ മദ്യത്തിന്റെ അരുവികളുണ്ട് ; ശുദ്ധിചെയ്യപ്പെട്ട തേനിന്റെ അരുവികളുമുണ്ട്.

وَأَنْهَـٰرٌ مِّنْ عَسَلٍ مُّصَفًّى ۖ وَلَهُمْ فِيهَا مِن كُلِّ ٱلثَّمَرَٰتِ وَمَغْفِرَةٌ مِّن رَّبِّهِمْ ۖ كَمَنْ هُوَ خَـٰلِدٌ فِى ٱلنَّارِ وَسُقُوا۟ مَآءً حَمِيمًا فَقَطَّعَ أَمْعَآءَهُمْ ﴿١٥﴾

അവർക്ക് അതിൽ എല്ലാ (വിധ) ഫലങ്ങളുമുണ്ടായിരിക്കും. (പുറമെ) തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ! (ഇവർ) നരകത്തിൽ നിത്യവാസിയായിരിക്കുന്നവനെപ്പോലെ (യാകുമോ)?! അവർക്ക് ചൂടേറിയ വെള്ളം കുടിപ്പാൻ കൊടുക്കപ്പെടുകയും ചെയ്യും; അപ്പോൾ, അതവരുടെ കുടലുകളെ നുറുക്കിക്കളയുകയും ചെയ്യുന്നു ! [ഇരുകൂട്ടരും ഒരിക്കലും സമമാകുകയില്ല]

﴿15﴾ مَّثَلُ ٱلْجَنَّةِ സ്വർഗത്തിന്റെ മാതിരി, ഉപമ ٱلَّتِى وُعِدَ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതായ ٱلْمُتَّقُونَ സൂക്ഷ്മതയുള്ളവർക്ക്, ഭയഭക്തൻമാരോട് فِيهَآ أَنْهَـٰرٌ അവയിൽ അരുവികളുടെ مِّن مَّآءٍ വെള്ളത്താലുള്ള, വെള്ളത്തിന്റെ غَيْرِ ءَاسِنٍ കേട് (പകർച്ച, മാറ്റം) പറ്റാത്ത وَأَنْهَـٰرٌ مِّن لَّبَنٍ പാലിനാലുള്ള (പാലിന്റെ)അരുവികളും لَّمْ يَتَغَيَّرْ പകർച്ച (വ്യത്യാസം)വരാത്ത طَعْمُهُۥ അതിന്റെ രുചി, സ്വാദ് وَأَنْهَـٰرٌ അരുവികളും مِّنْ خَمْرٍ കള്ളിനാൽ(കള്ളിന്റെ) لَّذَّةٍ രസമായ, രുചിയുള്ള لِّلشَّـٰرِبِينَ കുടിക്കുന്നവർക്ക് وَأَنْهَـٰرٌ مِّنْ عَسَلٍ തേനിന്റെ അരുവികളും مُّصَفًّى തെളിയിക്കപ്പെട്ട, ശുദ്ധ وَلَهُمْ فِيهَا അവർക്ക് അതിലുണ്ട്താനും مِن كُلِّ ٱلثَّمَرَٰتِ എല്ലാ ഫലങ്ങളിൽ നിന്നും لَّمْ يَتَغَيَّرْ പാപമോചനവും مِّن رَّبِّهِمْ ۖ തങ്ങളുടെ റബ്ബിങ്കൽനിന്ന് كَمَنْ ഒരുവനെ (ചിലരെ) പോലെ هُوَ خَـٰلِدٌ അവൻ നിത്യവാസിയാണ് فِى ٱلنَّارِ നരകത്തിൽ وَسُقُوا۟ അവർക്ക് കുടിപ്പിക്കുക (കുടിക്കാൻ കൊടുക്കുക)യും ചെയ്യും مَآءً حَمِيمًا ചൂടേറിയ വെള്ളം فَقَطَّعَ അപ്പോഴത് നുറുക്കും, തുണ്ടമാക്കും أَمْعَآءَهُمْ അവരുടെ കുടലുകളെ.

സ്വർഗീയ വസ്തുക്കളെല്ലാം, നമ്മുടെ ഭൗതികവസ്തുക്കളുമായി നാമമാത്ര സാമ്യമേയുള്ളൂവെന്നും, അവയെപ്പറ്റി നമുക്കറിയുന്ന പേരുകളിൽ വിശേഷിപ്പിക്കുവാനേ നിവൃത്തിയുള്ളൂവെന്നും ഇതിനുമുമ്പ് ചിലപ്പോഴെല്ലാം നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സത്യവിശ്വാസികളെയും, അവിശ്വാസികളെയും കുറിച്ച് പലതും പ്രസ്താവിച്ചശേഷം, അടുത്ത വചനങ്ങളിൽ, ഇരുമുഖൻമാരായി വർത്തിക്കുന്ന കപടവിശ്വാസികളെപ്പറ്റി പ്രസ്താവിക്കുന്നു.

وَمِنْهُم مَّن يَسْتَمِعُ إِلَيْكَ حَتَّىٰٓ إِذَا خَرَجُوا۟ مِنْ عِندِكَ قَالُوا۟ لِلَّذِينَ أُوتُوا۟ ٱلْعِلْمَ مَاذَا قَالَ ءَانِفًا ۚ أُو۟لَـٰٓئِكَ ٱلَّذِينَ طَبَعَ ٱللَّهُ عَلَىٰ قُلُوبِهِمْ وَٱتَّبَعُوٓا۟ أَهْوَآءَهُمْ ﴿١٦﴾

﴿16﴾ അവരിലുണ്ട്, നിന്റെ അടുക്കലേക്ക് ചെവികൊടുക്കുന്ന ചിലർ ; അങ്ങനെ, നിന്റെ അടുക്കൽനിന്ന് അവർ പുറത്ത്പോയാൽ, ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവരോട് അവർ പറയും : എന്താണദ്ദേഹം (ഈ) അടുത്ത അവസരത്തിൽ പറഞ്ഞത് ?!

തങ്ങളുടെ ഹൃദയങ്ങൾക്ക് അല്ലാഹു മുദ്രവെച്ചിട്ടുള്ളവരത്രെ അക്കൂട്ടർ, അവർ തങ്ങളുടെ ഇച്ഛകളെ പിൻപറ്റുകയും ചെയ്തിരിക്കുന്നു.

﴾16﴿ وَمِنْهُم അവരിലുണ്ട് مَّن يَسْتَمِعُ ചെവികൊടുക്കുന്ന (ശ്രദ്ധിക്കുന്ന)ചിലർ إِلَيْكَ നിന്നിലേക്ക് حَتَّىٰٓ إِذَا خَرَجُوا۟ അങ്ങനെ അവർ പുറത്ത്പോയാൽ مِنْ عِندِكَ നിന്റെ അടുക്കൽനിന്ന് قَالُوا۟ അവർ പറയും لِلَّذِينَ യാതൊരുവനോട് أُوتُوا۟ ٱلْعِلْمَ അറിവ് (ജ്ഞാനം) നൽകപ്പെട്ട مَاذَا قَالَ അവൻ (അദ്ദേഹം) എന്തുപറഞ്ഞു, പറഞ്ഞതെന്ത് ءَانِفًا അടുത്ത സമയം (അല്പം മുമ്പ്) أُو۟لَـٰٓئِكَ ٱلَّذِينَ അവർ യാതൊരു കൂട്ടരാണ് طَبَعَ ٱللَّهُ അല്ലാഹു മുദ്രവെച്ചതായ عَلَىٰ قُلُوبِهِمْ അവരുടെ ഹൃദയങ്ങൾക്ക് وَٱتَّبَعُوٓا۟ അവർ പിൻപറ്റുകയും ചെയ്തിരിക്കുന്നു أَهْوَآءَهُمْ അവരുടെ ഇച്ഛകളെ.

وَٱلَّذِينَ ٱهْتَدَوْا۟ زَادَهُمْ هُدًى وَءَاتَىٰهُمْ تَقْوَىٰهُمْ ﴿١٧﴾

﴿17﴾ നേർമാർഗം സ്വീകരിച്ചവരാകട്ടെ, അവർക്ക് അവൻ നേർമാർഗം വർദ്ധിപ്പിച്ചുകൊടുക്കുകയും, അവരുടെ സൂക്ഷ്മത [അവർക്ക് വേണ്ടുന്ന ഭയഭക്തി] നൽകുകയും ചെയ്യുന്നതാണ്.

﴾17﴿ وَٱلَّذِينَ യാതൊരുവർ ٱهْتَدَوْا۟ അവർ നേർമാർഗം സ്വീകരിച്ചു (പ്രാപിച്ചു) زَادَهُمْ അവൻ അവർക്ക് വർദ്ധിപ്പിക്കും هُدًى നേർമാർഗം, മാർഗദർശനം وَءَاتَىٰهُمْ അവർക്ക് കൊടുക്കുകയും ചെയ്യും تَقْوَىٰهُمْ അവരുടെ സൂക്ഷ്മത, ഭയഭക്തി

മദീനഃയിൽ ഇസ്‌ലാമിന്റെ വൈരികളായ മുനാഫിക്വു (കപടവിശ്വാസി)കളുടെ ചില സ്വഭാവങ്ങളാണ് അല്ലാഹു വിവരിക്കുന്നത്. മുസ്‌ലിംകളുടെ ഇടയിൽ വരു

മ്പോൾ ഇവർ മുസ്‌ലിംകളെപ്പോലെ പെരുമാറും. വിട്ടുപോയാൽ പരിഹാസവും, കുസൃതിയും, അട്ടിമറി പ്രവർത്തനങ്ങളും!. നബിﷺയുടെ സദസ്സിൽ ചെന്ന് അവിടുത്തെ സംസാരങ്ങളും, ഉപദേശങ്ങളും മുസ്‌ലിംകളെപ്പോലെ ഇവരും ചെവികൊടുത്ത് കേൾക്കും. പക്ഷേ, മനസ്സിൽ അവഗണനയും, പരിഹാസവുമായിരിക്കുമല്ലോ. പറയുന്ന കാര്യം ശരിക്ക് ഗ്രഹിക്കുകയോ ചിന്തിക്കുകയോ ഇല്ല. സദസ്സ് വിട്ടശേഷം, കാര്യം ശരിക്ക് കേട്ടു ഗ്രഹിച്ച സത്യവിശ്വാസികളോട് ചോദിക്കും : അല്ലാ, എന്താണദ്ദേഹം അൽപം മുമ്പ് പറഞ്ഞത് ?! ഈ ചോദ്യത്തിൽ രണ്ടു കാര്യങ്ങളാണ് ഒളിഞ്ഞുകിടക്കുന്നത്. നല്ല വഴിയെപ്പറ്റി അന്വേഷിക്കുന്നതിലോ നബിﷺയുടെ മൊഴികൾ കേട്ട് മനസ്സിലാക്കുന്നതിലോ താൽപര്യമില്ലാത്തതുകൊണ്ട് കേട്ട സംസാരം വേണ്ടത്പോലെ ഗ്രഹിക്കുവാൻ അവർക്ക് കഴിയുന്നില്ല എന്നുള്ളതാണ് ഒന്ന്. മനസ്സിലായാൽ തന്നെയും, അതിനുനേരെയുള്ള പരിഹാസപ്രകടനം മറ്റൊന്ന്. ഇത്തരം ദുഷ്ടഹൃദയങ്ങളിലേക്ക് പിന്നെ എങ്ങിനെയാണ് നന്മ പ്രവേശിക്കുക ?! അവരിൽ നിന്ന് എങ്ങിനെയാണ് നന്മ പുറത്ത് വരുക ?! അവരെ നയിക്കുവാൻ അവരുടെ ദേഹേച്ഛകളും, സ്ഥാപിത താൽപര്യങ്ങളുമല്ലാതെ മറ്റെന്തുണ്ട്?! അതുകൊണ്ട് തന്നെയാണ് അവരെ നല്ലതിനെ പിൻപറ്റിയും കൊണ്ട് സൻമാർഗം സ്വീകരിക്കുവാൻ സന്നദ്ധരായ സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽ നിന്ന് മേൽക്കുമേൽ മാർഗദർശനങ്ങൾ സിദ്ധിച്ചുകൊണ്ടിരിക്കുകയും, അവരിൽ ഉണ്ടായിരിക്കേണ്ടുന്ന സൂക്ഷ്മതയും ഭയഭക്തിയും അവർക്ക് അവൻ പ്രദാനം ചെയ്കയും ചെയ്യുന്നു.

فَهَلْ يَنظُرُونَ إِلَّا ٱلسَّاعَةَ أَن تَأْتِيَهُم بَغْتَةً ۖ فَقَدْ جَآءَ أَشْرَاطُهَا ۚ فَأَنَّىٰ لَهُمْ إِذَا جَآءَتْهُمْ ذِكْرَىٰهُمْ ﴿١٨﴾

﴿18﴾ എനി, അന്ത്യസമയത്തെ-അതവർക്ക് പെട്ടെന്ന് വന്നെത്തുന്നതിനെ-യല്ലാതെ അവർ (മറ്റുവല്ലതും) നോക്കിക്കൊണ്ടിരിക്കുന്നുവോ?!

എന്നാൽ, അതിന്റെ അടയാളങ്ങൾ വന്നുകഴിഞ്ഞു. എന്നിരിക്കെ, എങ്ങിനെയാണ് - അതവർക്ക് വന്നാൽ - അവരുടെ ഉപദേശം (പ്രയോജനപ്പെടുക)?!

﴿18﴾ فَهَلْ يَنظُرُونَ എനി, (എന്നാൽ) അവർ നോക്കുന്നുവോ, കാത്തിരിക്കുന്നോ إِلَّا ٱلسَّاعَةَ അന്ത്യസമയത്തെയല്ലാതെ أَن تَأْتِيَهُم അതവർക്ക് വരുന്നതിനെ بَغْتَةً പെട്ടെന്ന്, യാദൃച്ഛികമായി فَقَدْ جَآءَ എന്നാൽ, വന്നുകഴിഞ്ഞു أَشْرَاطُهَا അതിന്റെ അടയാളങ്ങൾ, ഉപാധികൾ فَأَنَّىٰ لَهُمْ എന്നിരിക്കെ അവർക്ക് എങ്ങിനെയാണ്, എവിടെ നിന്നാണ് إِذَا جَآءَتْهُمْ അതവർക്ക് വന്നാൽ ذِكْرَىٰهُمْ അവരുടെ ഉപദേശം

മേൽപ്പറഞ്ഞ പ്രകാരം ഹൃദയം ദുഷിച്ചു മരവിച്ചവർക്ക് ബോധം വരുന്നതിനെ എനി വല്ലതും കാത്തിരിക്കുവാനുണ്ടെങ്കിൽ അത് ലോകാവസാനഘട്ടമല്ലാതെ മറ്റെന്താണുള്ളത് ?! അതാണെങ്കിൽ, യാതൊരു മുന്നറിയിപ്പും കൂടാതെ, വളരെ പെട്ടെന്നായിരിക്കും സംഭവിക്കുക. അതിന് എനി വളരെയൊന്നും കാലതാമസവുമില്ല. അടുത്തെത്തിയിരിക്കുന്നു. അത് സമീപിച്ചതിന്റെ അടയാളങ്ങൾ വന്നുകഴിഞ്ഞു. എന്നിരിക്കെ, അതങ്ങ് സംഭവിക്കുമ്പോൾ അവർക്ക് ഉപദേശവും, ബോധവും എവിടെനിന്ന് കിട്ടുവാനാണ് ?! അതെങ്ങിനെ ഫലപ്പെടുവാനാണ് ?! എന്ന് സാരം.

അന്ത്യപ്രവാചകനായ നബി തിരുമേനിﷺയുടെ ആഗമനംതന്നെ ലോകാവസാനം അടുത്തതിന്റെ ഒരു പ്രധാന അടയാളമാണ്. അതുകൊണ്ടാണ് അവിടുന്ന് ചൂണ്ടുവിരലും നടുവിരലും കാട്ടിക്കൊണ്ട് ഇങ്ങിനെ അരുളിച്ചെയ്തതും : ഞാനും അന്ത്യസമയവും ഈ രണ്ടുവിരലുകൾപോലെ അടുത്തതായിട്ടാണ് എന്നെ നിയോഗിക്കപ്പെട്ടിരിക്കുന്നത്. (بعثت أنا والساعة كهاتين وأشار بالسبابة والوسطى–متفق) ഇതു മാത്രമല്ല, വേറെയും പല കാര്യങ്ങൾ ക്വിയാമത്തിന്റെ അടയാളങ്ങളായി നബി പ്രസ്താവിച്ചിട്ടുള്ളത് കാണാവുന്നതാണ്. പലതും നാം കണ്ടും അനുഭവിച്ചും വരുന്നു. മൊത്തത്തിൽ പറഞ്ഞാൽ, ധാർമികമൂല്യങ്ങളെയും, മാനുഷികമൂല്യങ്ങളെയും പരസ്യമായി പരിഹാസ്യമാക്കിക്കൊണ്ടുള്ള ലോകഗതി ആ മഹാപ്രളയത്തിലേക്ക് ലോകം എത്താറായതിന്റെ സൂചനകളാണ്. ഏത് ദിവസവും, ഏത് നിമിഷവും അത് സംഭവിക്കാം. എപ്പോഴാണ്, ഏത് നിമിഷമാണ് എന്ന കാര്യം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. മറ്റാർക്കും അതിനെപ്പറ്റി തരിമ്പ്പോലും അറിയുന്നതല്ല.

فَٱعْلَمْ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ وَٱسْتَغْفِرْ لِذَنۢبِكَ وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۗ وَٱللَّهُ يَعْلَمُ مُتَقَلَّبَكُمْ وَمَثْوَىٰكُمْ ﴿١٩﴾

﴿19﴾ (അങ്ങിനെയാണ് കാര്യങ്ങൾ) ആകയാൽ, അല്ലാഹു അല്ലാതെ ഒരു ആരാധ്യനും ഇല്ലെന്ന് (നബിയേ) നീ അറിയുക, നിന്റെ പാപത്തിനും, സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും നീ പാപമോചനം തേടുകയും ചെയ്യുക. അല്ലാഹു, നിങ്ങളുടെ ചലനസ്ഥലവും, നിങ്ങളുടെ വാസസ്ഥലവും അറിയുന്നതാണ്.

﴾19﴿ فَٱعْلَمْ ആകയാൽ (എന്നാൽ) നീ അറിയുക أَنَّهُۥ നിശ്ചയമായും കാര്യം لَآ إِلَٰهَ ഒരു ആരാധ്യനേയില്ല إِلَّا ٱللَّهُ അല്ലാഹു അല്ലാതെ وَٱسْتَغْفِرْ പാപമോചനം തേടുകയും ചെയ്യുക لِذَنۢبِكَ നിന്റെ പാപത്തിന് وَلِلْمُؤْمِنِينَ സത്യവിശ്വാസികൾക്ക്

വേണ്ടിയും وَٱلْمُؤْمِنَٰتِ സത്യവിശ്വാസിനികൾക്ക് വേണ്ടിയും وَٱللَّهُ അല്ലാഹു അറിയുന്നു مُتَقَلَّبَكُمْ നിങ്ങളുടെ ചലനസ്ഥലം, നിങ്ങളുടെ കറക്കം, വിഹാരം وَمَثْوَىٰكُمْ നിങ്ങളുടെ പാർപ്പിടവും, താമസിക്കുന്നതും.

പകൽസമയം വിവിധ ജോലികളിൽ വ്യാപൃതരായിക്കൊണ്ടിരിക്കുന്ന അവസരത്തിലും, രാത്രിസമയം അടങ്ങിഒതുങ്ങിക്കൊണ്ടിരിക്കുന്ന അവസരത്തിലും നിങ്ങളുടെ പൂർണവിവരം അല്ലാഹു അറിഞ്ഞുകൊണ്ടിരിക്കുന്നുവെന്ന് സാരം. അല്ലെങ്കിൽ, ഐഹികജീവിതത്തിൽ കറങ്ങിക്കൊണ്ടിരിക്കുമ്പോഴത്തെ വിവരവും, പാരത്രികജീവിതത്തിൽ എത്തിചേർന്നാലത്തെ സ്ഥിതികളും അറിയാം എന്നും ഉദ്ദേശ്യമായിരിക്കാവുന്നതാണ്. الله أعلم

തൗഹീദിൽ ഉറച്ചു നിന്നുകൊണ്ട് അതിന്റെ മുദ്രാവാക്യം ഉയർത്തുവാനും, പ്രചരിപ്പിക്കുവാനും, എതിരാളികളുടെ ചെയ്തികളെ അവഗണിക്കുവാനും ഉണർത്തിയശേഷം, സ്വന്തം ദേഹത്തിനും, സത്യവിശ്വാസികളായ സ്ത്രീപുരുഷൻമാർക്കുവേണ്ടിയും പാപമോചനം തേടുവാനും നബിﷺയോട് കല്പിക്കുന്നു. പ്രവാചകൻമാർ സാധാരണ ജനങ്ങളെപ്പോലെ പാപം ചെയ്യുന്നവരല്ല. നബിﷺയുടെ പാപങ്ങളെല്ലാം അല്ലാഹു പൊറുത്തിരിക്കുന്നുവെന്ന് സൂ:ഫത്ഹിന്റെ ആരംഭത്തിൽ പ്രസ്താവിക്കുന്നുമുണ്ട്. എന്നിരിക്കെ, നബിﷺയെ സംബന്ധിച്ചിടത്തോളം ഇവിടെ പാപങ്ങൾ എന്ന് പറഞ്ഞതിന്റെ താൽപര്യം, അല്ലാഹുവിന്റെ ഏതെങ്കിലും കല്പനകളെ അനുസരിക്കാതിരിക്കുക എന്നതായിരിക്കുവാൻ തരമില്ല. പ്രവാചകൻമാരുടെ പദവി എത്ര ഉന്നതവും പരിശുദ്ധവുമാണെങ്കിലും അവർ അല്ലാഹുവിന്റെ അടിമകളും, അല്ലാഹുവിനോട് കൂടുതൽ ഉത്തരവാദിത്വമുള്ളവരുമാണല്ലോ. ആ സ്ഥിതിക്ക് കേവലം നിസ്സാരമായ ചില സംഗതികൾപോലും - മറ്റുള്ളവരെ അപേക്ഷിച്ച് അവ പാപങ്ങളുടെ കൂട്ടത്തിൽ എണ്ണപ്പെടുകയില്ലെങ്കിലും-അവരെ സംബന്ധിച്ചിടത്തോളം പാപങ്ങളായി ഗണിക്കപ്പെട്ടേക്കാം. ഏത് നിലക്ക് നോക്കിയാലും അല്ലാഹുവിന്റെ അടിയാൻമാർ അവനോട് പാപമോചനത്തിനും മാപ്പിനും അപേക്ഷിക്കുന്നത് അവന്റെ മുമ്പിൽ താഴ്മ അർപ്പിക്കലാണെന്ന് പറയേണ്ടതില്ല. കൂടാതെ, പ്രവാചകൻമാരാകട്ടെ എല്ലാ കാര്യത്തിലും ജനങ്ങൾക്ക് മാതൃക കാണിക്കേണ്ടുന്നവരുമാണ്. ഈ വസ്തുത നബിﷺയുടെ ഹദീഥുകളിൽനിന്നുതന്നെ മനസ്സിലാക്കാവുന്നതാണ്.

ഒരു ഹദീഥിൽ നബിﷺഅരുളിച്ചെയ്യുന്നു : 'ഹേ, മനുഷ്യരേ ! നിങ്ങൾ അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിക്കുകയും, അവനോട് പാപമോചനം തേടുകയും ചെയ്യുവിൻ. ഞാൻതന്നെ, അവനോട് ദിവസം നൂറുപ്രാവശ്യം പശ്ചാത്തപിച്ചു മടങ്ങുന്നു'. (മുസ്ലിം) നബിﷺപ്രാർത്ഥിച്ചിരുന്നതായി അബൂമൂസൽ അശ്അരീ

(റ) നിവേദനം ചെയ്യുന്ന ഈ പ്രാർത്ഥന നാം ഓരോരുത്തരും സദാ പ്രാർത്ഥിക്കുവാൻ കടപ്പെട്ടവരത്രെ. അതിലേ വാചകങ്ങൾ ഇതാണ് :

اللَّهُمَّ اغْفِرْ لِي خَطِيئَتِي وَجَهْلِي وَإِسْرَافِي فِي أَمْرِي وَمَا أَنْتَ أَعْلَمُ بِهِ مِنِّي اللَّهُمَّ اغْفِرْ لِي جِدِّي وَهَزْلِي وَخَطَئِي وَعَمْدِي وَكُلُّ ذَلِكَ عِنْدِي اللَّهُمَّ اغْفِرْ لِي مَا قَدَّمْتُ وَمَا أَخَّرْتُ وَمَا أَسْرَرْتُ وَمَا أَعْلَنْتُ وَمَا أَنْتَ أَعْلَمُ بِهِ مِنِّي أَنْتَ الْمُقَدِّمُ وَأَنْتَ الْمُؤَخِّرُ وَأَنْتَ عَلَى كُلِّ شَيْءٍ قَدِيرٌ

(സാരം : അല്ലാഹുവേ ! എന്റെ പിഴവും, എന്റെ അജ്ഞതയും, എന്റെ കാര്യത്തിൽ ഞാൻ ക്രമം തെറ്റിയതും, എന്നെക്കാൾ നിനക്കറിയാവുന്നതുമെല്ലാം നീ എനിക്ക് പൊറുത്തുതരേണമേ! അല്ലാഹുവേ! ഞാൻ കാര്യമായി ചെയ്തതും, തമാശയായി ചെയ്തതും, ഞാൻ അബദ്ധം ചെയ്തതും, കൽപിച്ചുകൂട്ടിചെയ്തതും എനിക്ക് നീ പൊറുത്തുതരേണമേ ; അങ്ങിനെയുള്ള എല്ലാ തെറ്റുകളും എന്റെ പക്കലുണ്ട്. അല്ലാഹുവേ! ഞാൻ മുമ്പ് ചെയ്തതും പിന്നീടു ചെയ്യുന്നതും, ഞാൻ സ്വകാര്യമാക്കിവെച്ചതും, പരസ്യമാക്കിയതും, എന്നെക്കാൾ നിനക്കറിയാവുന്നതുമെല്ലാം എനിക്ക് നീ പൊറുത്തുതരേണമേ! നീയാണ് - എല്ലാ കാര്യവും- മുന്നോട്ടാക്കുന്നവൻ, നീയാണ് - എല്ലാം - പിന്നോട്ടാക്കുന്നവനും, നീ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു. (ബു; മു)

സജ്ജനങ്ങളുടെ പ്രാർത്ഥന അല്ലാഹുവിങ്കൽ കൂടുതൽ സ്വീകാര്യമായിരിക്കുമല്ലോ. എന്നിരിക്കെ, നബിമാർ-അതും തങ്ങളുടെ ജനതയുടെ നൻമക്ക്വേണ്ടി - ചെയ്യുന്ന പ്രാർത്ഥന അല്ലാഹുവിങ്കൽ കൂടുതൽ സ്വീകാര്യമായിരിക്കുമെന്ന് പറയേണ്ടതില്ല. സത്യവിശ്വാസികൾക്ക് അത് മനസ്സമാധാനം നൽകുന്നതും, അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൂടുതൽ വർദ്ധിക്കുവാൻ കാരണമായിത്തീരുന്നതുമായിരിക്കും. ഒരു സംഭവത്തിൽ, നബിയുടെ വിധി സ്വീകരിക്കുവാൻ കൂട്ടാക്കാതിരുന്ന കപടവിശ്വാസികളെക്കുറിച്ച് പറയുന്ന മദ്ധ്യേ സൂ: നിസാഉ് 64-ൽ അല്ലാഹു പറയുന്നു : 'അവർ തങ്ങളോടുതന്നെ അക്രമം പ്രവർത്തിച്ച അവസരത്തിൽ, അവർ നിന്റെ അടുക്കൽ വരുകയും എന്നിട്ട് അല്ലാഹുവിനോട് പാപമോചനം തേടുകയും, അവർക്ക്വേണ്ടി റസൂലും പാപമോചനം തേടുകയും ചെയ്തിരുന്നുവെങ്കിൽ, അല്ലാഹുവിനെ പശ്ചാത്താപം സ്വീകരിക്കുന്നവനായും കരുണാനിധിയായും അവർ കണ്ടെത്തുമായിരുന്നു'. (ولو أنهم إذ ظلموا إلى قوله رحيما–النساء:٦٤)

വിഭാഗം -3

وَيَقُولُ ٱلَّذِينَ ءَامَنُوا۟ لَوْلَا نُزِّلَتْ سُورَةٌ

﴿20﴾ വിശ്വസിച്ചവർ പറയുന്നു : ഒരു സൂറത്ത് [അദ്ധ്യായം] അവതരിപ്പിക്കപ്പെടാത്തതെന്താണ് ?! എന്നാൽ, (വ്യക്തമായി) നിയമം

فَإِذَآ أُنزِلَتْ سُورَةٌ مُّحْكَمَةٌ وَذُكِرَ فِيهَا ٱلْقِتَالُ ۙ رَأَيْتَ ٱلَّذِينَ فِى قُلُوبِهِم مَّرَضٌ يَنظُرُونَ إِلَيْكَ نَظَرَ ٱلْمَغْشِىِّ عَلَيْهِ مِنَ ٱلْمَوْتِ ۖ فَأَوْلَىٰ لَهُمْ ﴿٢٠﴾

വിവരിക്കപ്പെട്ട ഒരു സൂറത്ത് അവതരിപ്പിക്കപ്പെടുകയും, അതിൽ യുദ്ധത്തെക്കുറിച്ച് പ്രസ്താവിക്കപ്പെടുകയും ചെയ്താൽ, ഹൃദയങ്ങളിൽ വല്ല രോഗമുള്ളവരെ (നബിയേ) നിനക്ക് കാണാം ; മരണം (ആസന്നമായത്) നിമിത്തം ബോധക്ഷയം പിടിപെട്ടവൻ നോക്കും പ്രകാരം നിന്റെ അടുക്കലേക്ക് അവർ നോക്കുന്നതായിട്ട്, എന്നാൽ, അവർക്ക് വേണ്ടത് [യോജിച്ചത്] തന്നെയാണ് (അത്)

طَاعَةٌ وَقَوْلٌ مَّعْرُوفٌ ۚ فَإِذَا عَزَمَ ٱلْأَمْرُ فَلَوْ صَدَقُوا۟ ٱللَّهَ لَكَانَ خَيْرًا لَّهُمْ ﴿٢١﴾

﴿21﴾ അനുസരണവും, ഉചിതമായ (നല്ല) വാക്കും, (അതാണ് വേണ്ടത്) എനി, കാര്യം (ഉറപ്പിച്ച്) തീർച്ചയായിക്കഴിഞ്ഞാലോ, അപ്പോൾ, അല്ലാഹുവിനോട് അവർ (പറഞ്ഞ) സത്യം പാലിച്ചിരുന്നെങ്കിൽ അതവർക്ക് ഉത്തമമാകുമായിരുന്നു.

﴿20﴾ وَيَقُولُ പറയും, പറയുന്നു ٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവർ لَوْلَا نُزِّلَتْ അവതരിപ്പിക്കപ്പെടാത്തതെന്താണ് سُورَةٌ ഒരു സൂറത്ത്, അദ്ധ്യായം فَإِذَآ أُنزِلَتْ എന്നാൽ അവതരിപ്പിക്കപ്പെട്ടാൽ سُورَةٌ مُّحْكَمَةٌ നിയമം വിവരിക്കപ്പെട്ട (നിയമപ്രധാനമായ, ബലവത്തായ) ഒരു അദ്ധ്യായം وَذُكِرَ فِيهَا അതിൽ പ്രസ്താവിക്കപ്പെടുകയും ٱلْقِتَالُ യുദ്ധം, യുദ്ധത്തെപ്പറ്റി رَأَيْتَ നീ (നിനക്ക്)കാണും ٱلَّذِينَ فِى قُلُوبِهِم തങ്ങളുടെ ഹൃദയങ്ങളിലുള്ളവരെ مَّرَضٌ വല്ല രോഗവും, ഒരു രോഗം يَنظُرُونَ അവർ നോക്കുന്നതായി إِلَيْكَ നിന്റെ അടുക്കലേക്ക് نَظَرَ ٱلْمَغْشِىِّ عَلَيْهِ ബോധക്ഷയം പിടിപെട്ടവന്റെ നോട്ടം مِنَ ٱلْمَوْتِ മരണത്താൽ فَأَوْلَىٰ അപ്പോൾ വേണ്ടപ്പെട്ടതാണ് (കൂടുതൽ യോജിച്ചതാണ്) لَهُمْ അവർക്ക് ﴿21﴾ طَاعَةٌ അനുസരണമാണ് وَقَوْلٌ വാക്കും مَّعْرُوفٌ ഉചിതമായ, സദാചാരപരമായ, നല്ല, മര്യാദപ്പെട്ട فَإِذَا عَزَمَ എനി തീർച്ചപ്പെട്ടാൽ, നിശ്ചയമായാൽ ٱلْأَمْرُ കാര്യം فَلَوْ صَدَقُوا۟ അപ്പോഴവർ സത്യം പറയുകയാണെങ്കിൽ (സത്യം പാലിച്ചാൽ) ٱللَّهَ അല്ലാഹുവിനോട് لَكَانَ അതാകുമായിരുന്നു خَيْرًا لَّهُمْ അവർക്ക് ഗുണം, ഉത്തമം.

ശത്രുക്കളാൽ പൊറുതിമുട്ടുകയും, മദീനഃയിൽ ഇസ്‌ലാമിന് കുറേയൊക്കെ സ്വീകരണം ലഭിക്കുകയും ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ, യുദ്ധസംബന്ധമായി വല്ല വഹ്‌യുകളും ലഭിച്ചാൽ കൊള്ളാമെന്ന് സത്യവിശ്വാസികൾ ആഗ്രഹം പ്രകടിപ്പിക്കും. പ്രത്യക്ഷത്തിൽ അവരോടൊപ്പം കപടവിശ്വാസികളും ഉണ്ടായിരിക്കുമല്ലോ. അങ്ങിനെ വല്ല വഹ്‌യുകളും അല്ലാഹുവിൽനിന്ന് വന്നുകഴിഞ്ഞാൽ കപടവിശ്വാസികളുടെ മട്ടുമാറും. അവർ മരണഗോഷ്ടികൾ കാട്ടുവാൻ തുടങ്ങും. അത് സ്വാഭാവികവുമാണ്. നേരെ മറിച്ച് കൽപനയനുസരിച്ച് പ്രവർത്തിക്കുവാൻ തയ്യാറാകുകയും, നല്ല വാക്ക് പറയുകയുമാണവർ ചെയ്യേണ്ടിയിരുന്നത്. യുദ്ധം ചെയ്യേണ്ടുന്ന സന്ദർഭം നേരിട്ടുകഴിഞ്ഞാൽ പിന്നെ, യാതൊരു പരിഭ്രമമോ, പ്രതിഷേധമോ കൂടാതെ അതിൽ പങ്കെടുക്കുകയും മുമ്പ് പ്രകടിപ്പിച്ചിരുന്ന സന്നദ്ധത പ്രായോഗികമായി തെളിയിക്കുകയും വേണ്ടിയിരുന്നു. അങ്ങിനെ ചെയ്യുന്ന പക്ഷം, അത് അവർക്ക് തന്നെ ഗുണമായിരിക്കുന്നതുമാണ് എന്ന് സാരം.

فأولى لهم (അവർക്ക് വേണ്ടതത്തന്നെ) എന്ന വാക്യം രണ്ടുമൂന്ന് പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടാറുണ്ട്.

1) യുദ്ധത്തെ സംബന്ധിക്കുന്ന വിഷയങ്ങൾ അവതരിക്കുമ്പോൾ അവരിൽ നിന്ന് അത്തരം പ്രതികരണം ഉണ്ടാകുന്നത് അവരുടെ സ്ഥിതിക്ക് യോജിച്ചതും സ്വാഭാവികവുമാണ്.

2) അവരുടെ സ്വഭാവം അനുസരിച്ച് അവർക്ക് വേണ്ടതുണ്ട്, അഥവാ നാശമാണവർക്കുള്ളത് എന്ന്. ഈ രണ്ട് വ്യാഖ്യാനമനുസരിച്ചും ആ വാക്യം അതോടെ അവസാനിക്കുന്നതും, തൊട്ട (21-ാം വചനവുമായി ഘടനയിൽ ബന്ധമില്ലാത്തതുമായിരിക്കും.

3) അവരിൽ ഉണ്ടായിരിക്കേണ്ടത് അനുസരണവും നല്ല വാക്കുകളുമാണ്. അഥവാ പരിഭ്രമമോ വെറുപ്പോ അല്ല എന്ന്. ഇതനുസരിച്ച് ഈ വാക്യം അപൂർണവും, തുടർന്നുള്ള ആയത്തുമായി ഘടനാബന്ധം ഉള്ളതുമായിരിക്കും. അതിന്റെ പൂർണരൂപം فأولى لهم طاعة وقول معروف (അപ്പോൾ അവർക്ക് വേണ്ടത് അനുസരണവും ഉചിതമായ വാക്കുമാകുന്നു.) എന്നുമായിരിക്കും. കപടവിശ്വാസികളെ ഉന്നംവെച്ചുകൊണ്ട് അല്ലാഹു ചോദിക്കുന്നു:

فَهَلْ عَسَيْتُمْ إِن تَوَلَّيْتُمْ أَن تُفْسِدُوا۟ فِى ٱلْأَرْضِ وَتُقَطِّعُوٓا۟ أَرْحَامَكُمْ ﴿٢٢﴾

﴾22﴿ എന്നാൽ, നിങ്ങൾ കൈകാര്യം നേടിയാൽ, ഭൂമിയിൽ നിങ്ങൾ കുഴപ്പമുണ്ടാക്കുകയും, നിങ്ങളുടെ രക്തബന്ധങ്ങളെ മുറിച്ചുകളയുകയും ചെയ്തേക്കുമോ ?!

﴾22﴿ فَهَلْ عَسَيْتُمْ അപ്പോൾ (എന്നാൽ) നിങ്ങളായേക്കുമോ إِن تَوَلَّيْتُمْ നിങ്ങൾ കൈകാര്യം(അധികാരം) നേടിയാൽ أَن تُفْسِدُوا۟ നിങ്ങൾ കുഴപ്പമുണ്ടാക്കുവാൻ فِى ٱلْأَرْضِ ഭൂമിയിൽ, നാട്ടിൽ وَتُقَطِّعُوٓا۟ മുറിച്ചുകളയുവാനും أَرْحَامَكُمْ നിങ്ങളുടെ രക്ത (കുടുംബ)ബന്ധങ്ങൾ.

അതെ, നിങ്ങളുടെ സ്ഥിതി മേൽചൂണ്ടിക്കാട്ടിയതുപോലെയായിരിക്കെ, നിങ്ങളുടെ പക്കലെങ്ങാനും ജനങ്ങളുടെ കൈകാര്യവും അധികാരവും വന്നുകഴിഞ്ഞാൽ, നിങ്ങൾ ചെയ്തേക്കുക നാട്ടിൽ പലതരം കുഴപ്പവും വഴക്കും ഉണ്ടാക്കലായിരിക്കും എന്ന് താൽപര്യം. അല്ലാഹു പറയുന്നു :

أُو۟لَٰٓئِكَ ٱلَّذِينَ لَعَنَهُمُ ٱللَّهُ فَأَصَمَّهُمْ وَأَعْمَىٰٓ أَبْصَٰرَهُمْ ﴿٢٣﴾

﴾23﴿ അക്കൂട്ടർ, അല്ലാഹു ശപിച്ചിട്ടുള്ളവരത്രെ. അങ്ങനെ അവൻ അവർക്ക് ബധിരത നൽകുകയും അവരുടെ കണ്ണുകളെ അന്ധമാക്കുകയും ചെയ്തിരിക്കുന്നു.

أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ أَمْ عَلَىٰ قُلُوبٍ أَقْفَالُهَآ ﴿٢٤﴾

﴾24﴿ അവർക്ക് ഖുർആൻ ഉറ്റാലോചിച്ചു നോക്കിക്കൂടേ ?! എന്നാലവർക്ക് കാര്യം ഗ്രഹിക്കാമല്ലോ: അതല്ല, (ഒരു പക്ഷേ)വല്ല ഹൃദയങ്ങളിലും അവയുടെതായ പൂട്ടുകൾ ഉണ്ടോ ?!

﴾23﴿ أُو۟لَٰٓئِكَ ٱلَّذِينَ അവർ യാതൊരു കൂട്ടരത്രെ لَعَنَهُمُ അവരെ ശപിച്ചിരിക്കുന്നു ٱللَّهُ അല്ലാഹു فَأَصَمَّهُمْ അങ്ങനെ ബധിരത(കേട്ടുകൂടായ്മ)യുണ്ടാക്കി وَأَعْمَىٰٓ അന്ധമാക്കുകയും ചെയ്തു أَبْصَٰرَهُمْ അവരുടെ കണ്ണുകളെ, കാഴ്ചകളെ ﴾24﴿ أَفَلَا يَتَدَبَّرُونَ എന്നാലവർക്ക് ഉറ്റാലോചിച്ചുകൂടേ, ആലോചിക്കുന്നില്ലേ ٱلْقُرْءَانَ ഖുർആനെ أَمْ അതല്ല (ഉണ്ടോ) عَلَىٰ قُلُوبٍ വല്ല ഹൃദയങ്ങളിലും, ഹൃദയങ്ങളിലും, ഹൃദയങ്ങളുടെമേൽ أَقْفَالُهَا അവയുടെ പൂട്ടുകൾ

ബധിരൻമാരാക്കി എന്നും അന്ധൻമാരാക്കി എന്നും പറഞ്ഞതും, ഹൃദയങ്ങൾക്ക് പൂട്ടുവെച്ചിട്ടുണ്ടോ എന്ന് ചോദിച്ചതും, ആ കപടവിശ്വാസികളുടെ ഹൃദയങ്ങളിലേക്ക് നൻമ പ്രവേശിക്കുവാൻ മാർഗമില്ലാത്ത വിധം അവ ദുഷിച്ചുപോയിരിക്കുന്നുവെന്ന് കാണിക്കുവാനാണ്. അവരുടെ ഹൃദയങ്ങളിൽ പൂട്ടുകളുണ്ടോ എന്നു ചോദിക്കേണ്ടുന്ന സ്ഥാനത്ത് വല്ല ഹൃദയങ്ങളിലും പൂട്ടുകളുണ്ടോ എന്നു ചോദിച്ചത് അവരുടെ സ്ഥിതിയെക്കുറിച്ച് ആശ്ചര്യം പ്രകടിപ്പിച്ചതുമാകുന്നു.

إِنَّ ٱلَّذِينَ ٱرۡتَدُّواْ عَلَىٰٓ أَدۡبَٰرِهِم مِّنۢ بَعۡدِ مَا تَبَيَّنَ لَهُمُ ٱلۡهُدَى ٱلشَّيۡطَٰنُ سَوَّلَ لَهُمۡ وَأَمۡلَىٰ لَهُمۡ ﴿٢٥﴾

﴿25﴾ നിശ്ചയമായും, തങ്ങൾക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷം പിന്നോട്ട് തിരിച്ചുപോയിട്ടുള്ളവർ, അവർക്ക് പിശാച്(അവരുടെ ചെയ്തികളെ) അലങ്കൃതമാക്കി ക്കൊടുത്തിരിക്കുകയാണ്. അവർക്കവൻ (വ്യാമോഹങ്ങളെ) അയച്ചിട്ടു കൊടുക്കുകയും ചെയ്തിരിക്കുന്നു.

ذَٰلِكَ بِأَنَّهُمۡ قَالُواْ لِلَّذِينَ كَرِهُواْ مَا نَزَّلَ ٱللَّهُ سَنُطِيعُكُمۡ فِي بَعۡضِ ٱلۡأَمۡرِۖ وَٱللَّهُ يَعۡلَمُ إِسۡرَارَهُمۡ ﴿٢٦﴾

﴿26﴾ അത്, അല്ലാഹു അവതരിപ്പിച്ചതിനെ വെറുത്തിട്ടുള്ളവരോട് അവർ പറഞ്ഞതുനിമിത്തമത്രെ : ചില കാര്യത്തിൽ ഞങ്ങൾ നിങ്ങളെ അനുസരിച്ചുകൊള്ളാം എന്ന്. അല്ലാഹുവാകട്ടെ, അവർ രഹസ്യമാക്കുന്നത് അറിയുകയും ചെയ്യുന്നു.

﴿25﴾ إِنَّ ٱلَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ ٱرۡتَدُّواْ തിരിച്ചുപോയ, ഭ്രഷ്ടരായ, മടങ്ങിപ്പോയ عَلَىٰٓ أَدۡبَٰرِهِم തങ്ങളുടെ പിന്നോട്ട് (പിൻതിരിഞ്ഞു) مِّنۢ بَعۡدِ ശേഷം مَا تَبَيَّنَ لَهُمُ അവർക്ക് വ്യക്തമായതിന്റെ ٱلۡهُدَى സൻമാർഗം ٱلشَّيۡطَٰنُ പിശാച് سَوَّلَ لَهُمۡ അവർക്ക് അലംകൃതമാക്കിക്കൊടുത്തിരിക്കുന്നു وَأَمۡلَىٰ لَهُمۡ അവർക്ക് അയച്ചുകൊടുക്കുക (നീട്ടിക്കൊടുക്കുക)യും ചെയ്തു ﴿26﴾ ذَٰلِكَ അത് بِأَنَّهُمۡ قَالُواْ അവർ പറഞ്ഞത്കൊണ്ടത്രെ لِلَّذِينَ كَرِهُواْ വെറുത്തവരോട് مَا نَزَّلَ ٱللَّهُ അല്ലാഹു ഇറക്കിയതിനെ سَنُطِيعُكُمۡ ഞങ്ങൾ അനുസരിച്ചുകൊള്ളാം فِي بَعۡضِ ٱلۡأَمۡرِۖ ചില കാര്യത്തിൽ وَٱللَّهُ يَعۡلَمُ അല്ലാഹു അറിയും, അറിയുന്നു إِسۡرَارَهُمۡ അവരുടെ രഹസ്യമാക്കൽ, രഹസ്യം പറയൽ

അല്ലാഹു അവതരിപ്പിച്ചതിനെ വെറുത്തവർ എന്ന് പറഞ്ഞത് ഇസ്‌ലാമിന്റെ പ്രത്യക്ഷ ശത്രുക്കളായ അവിശ്വാസികളെക്കുറിച്ചാകുന്നു. അവരുമായി സ്വകാര്യ കൂട്ടുകെട്ടുകൾ പുലർത്തിക്കൊണ്ടിരിക്കുകയാണ് കപടവിശ്വാസികൾ ചെയ്യുന്നത്. ഞങ്ങൾ വെളിയിൽ മുസ്‌ലിംകളുടെ കൂടെയാണെങ്കിലും എല്ലാ വിഷയത്തിലും അവരുമായി ഞങ്ങൾ യോജിക്കുന്നില്ല. ചില കാര്യങ്ങളിലെല്ലാം ഞങ്ങൾ നിങ്ങൾക്ക് വിധേയരാണ്. എന്നിങ്ങിനെ അവർ അവിശ്വാസികളെ ധരിപ്പിക്കുകയും, അതിനാവശ്യമായ കുത്തിത്തിരിപ്പുകൾ ഉണ്ടാക്കുകയും അവരുടെ പതിവാണ്. യുദ്ധ സംബന്ധമായ കാര്യങ്ങളിലാണ് ഇത്തരം ഗൂഢപ്രവർത്തനങ്ങൾ കൂടുതൽ അവർ നടത്തുക. ഇതൊന്നും അല്ലാഹുവിന് അജ്ഞാതമല്ല. അവരുടെ എല്ലാ രഹസ്യങ്ങളും അവൻ അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ട് എന്ന് അവരെ അല്ലാഹു താക്കീത് ചെയ്യുന്നു.

فَكَيْفَ إِذَا تَوَفَّتْهُمُ ٱلْمَلَـٰٓئِكَةُ يَضْرِبُونَ وُجُوهَهُمْ وَأَدْبَـٰرَهُمْ ﴿٢٧﴾

﴾27﴿ (ഇങ്ങിനെയൊക്കെയാണ് കാര്യം) എന്നിരിക്കെ, അവരുടെ മുഖങ്ങളെയും, പിൻപുറങ്ങളെയും അടിച്ചുകൊണ്ട് മലക്കുകൾ അവരെ പൂർണമായി പിടിച്ചെടുക്കുമ്പോൾ [മരണപ്പെടുത്തുമ്പോൾ] എങ്ങിനെയിരിക്കും അവരുടെ സ്ഥിതി ?!

ذَٰلِكَ بِأَنَّهُمُ ٱتَّبَعُوا۟ مَآ أَسْخَطَ ٱللَّهَ وَكَرِهُوا۟ رِضْوَٰنَهُۥ فَأَحْبَطَ أَعْمَـٰلَهُمْ ﴿٢٨﴾

﴾28﴿ അല്ലാഹുവിനെ ക്രോധപ്പെടുത്തുന്ന കാര്യത്തെ അവർ പിൻപറ്റുകയും, അവന്റെ പ്രീതിയെ അവർ വെറുക്കുകയും ചെയ്തതുകൊണ്ടാണ് അത്. അതിനാൽ അവരുടെ കർമങ്ങൾ അവൻ ഫലശൂന്യമാക്കിയിരിക്കുന്നു.

﴾27﴿ فَكَيْفَ എന്നാൽ എങ്ങിനെയിരിക്കും إِذَا تَوَفَّتْهُمُ അവരെ പൂർണമായി പിടിക്കുമ്പോൾ ٱلْمَلَـٰٓئِكَةُ മലക്കുകൾ يَضْرِبُونَ അവർ അടിച്ചുകൊണ്ട് وُجُوهَهُمْ അവരുടെ മുഖങ്ങളെ, മുഖത്ത് وَأَدْبَـٰرَهُمْ പിൻപുറങ്ങളെയും, പുറത്തും ﴾28﴿ ذَٰلِكَ അത് بِأَنَّهُمُ ٱتَّبَعُوا۟ അവർ പിൻപറ്റിയത്കൊണ്ടാണ് مَآ أَسْخَطَ ٱللَّهَ അല്ലാഹുവിനെ ക്രോധപ്പെടുത്തുന്ന (കോപപ്പെടുത്തുന്ന) കാര്യം وَكَرِهُوا۟ അവർ വെറുക്കുകയും (ചെയ്തത്) رِضْوَٰنَهُۥ അവന്റെ പ്രീതി, പൊരുത്തം فَأَحْبَطَ അതിനാൽ അവൻ ഫലശൂന്യമാക്കി أَعْمَـٰلَهُمْ അവരുടെ പ്രവർത്തന(കർമ)ങ്ങളെ.

പരലോകജീവിതത്തിൽ മാത്രമല്ല, മരണവേളയിലും മലക്കുകളിൽ നിന്ന് അവർക്ക് ചില ശിക്ഷകൾ അനുഭവിക്കേണ്ടി വരുമെന്നും, അതിനുള്ള കാരണമെന്താണെന്നുമാണ് ഈ വചനങ്ങൾ കാണിക്കുന്നത്. മനുഷ്യന്റെ മരണവേളയിൽ മലക്കുകൾ വരുമെന്നും, സജ്ജനങ്ങളുടെ അടുക്കൽ അവരുടെ സമീപനം വളരെ സന്തോഷകരമായ രൂപത്തിലും, ദുർജ്ജനങ്ങളുടെ അടുക്കൽ വളരെ കഠിനമായ രൂപത്തിലും ആയിരിക്കുമെന്നും അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്. (32:11; 41:30; 6:93; മുതലായവ നോക്കുക) توفى എന്ന വാക്കിന്റെ സാക്ഷാൽഅർത്ഥം മരണപ്പെടുത്തി എന്നല്ലെന്നും, പൂർണമായെടുത്തു എന്നും മറ്റുമാണെന്നും സൂ: സുമർ-42 ന്റെ വിവരണത്തിൽ വായിച്ചത് ഇവിടെയും സ്മരണീയമാകുന്നു.

വിഭാഗം - 4

أَمْ حَسِبَ ٱلَّذِينَ فِى قُلُوبِهِم مَّرَضٌ أَن لَّن يُخْرِجَ ٱللَّهُ أَضْغَـٰنَهُمْ ﴿٢٩﴾

﴿29﴾ അതല്ല, (ഒരു പക്ഷേ)ഹൃദയങ്ങളിൽ ഒരു (തരം) രോഗമുള്ളവർ വിചാരിക്കുന്നുവോ, അവരുടെ ഈർഷ്യതകളെ അല്ലാഹു വെളിക്കു വരുത്തുന്നതേയല്ല എന്ന് ?!

﴿29﴾ أَمْ حَسِبَ അതല്ല, വിചാരിച്ചുവോ ٱلَّذِينَ യാതൊരുകൂട്ടർ فِى قُلُوبِهِم അവരുടെ ഹൃദയങ്ങളിലുണ്ട് مَّرَضٌ വല്ല രോഗവും, ഒരു രോഗം أَن لَّن يُخْرِجَ പുറത്താക്കുന്നതേയല്ല എന്ന് ٱللَّهُ അല്ലാഹു أَضْغَـٰنَهُمْ അവരുടെ വിദ്വേഷങ്ങളെ (ഈർഷ്യത, പക)

وَلَوْ نَشَآءُ لَأَرَيْنَـٰكَهُمْ فَلَعَرَفْتَهُم بِسِيمَـٰهُمْ ۚ وَلَتَعْرِفَنَّهُمْ فِى لَحْنِ ٱلْقَوْلِ ۚ وَٱللَّهُ يَعْلَمُ أَعْمَـٰلَكُمْ ﴿٣٠﴾

﴿30﴾ (നബിയേ) നാം ഉദ്ദേശിച്ചിരുന്നെങ്കിൽ, അവരെ നിനക്ക് നാം കാട്ടിത്തരുമായിരുന്നു ; അങ്ങിനെ, അവരുടെ ലക്ഷണംകൊണ്ട് നിനക്കവരെ (ശരിക്ക്) മനസ്സിലാക്കുകയും ചെയ്യാമായിരുന്നു. വാക്കിന്റെ ശൈലിയിൽ (സ്വരവ്യത്യാസംകൊണ്ട്)നിശ്ചയമായും നിനക്കവരെ മനസ്സിലാക്കാവുന്നതുമാണ്. അല്ലാഹു നിങ്ങളുടെ പ്രവൃത്തികളെല്ലാം അറിയുന്നു.

﴿30﴾ وَلَوْ نَشَآءُ നാം ഉദ്ദേശിച്ചിരുന്നെങ്കിൽ لَأَرَيْنَٰكَهُمْ അവരെ നാം കാണിച്ചു തരുമായിരുന്നു فَلَعَرَفْتَهُم അങ്ങനെ (എന്നിട്ട്) അവരെ നീ മനസ്സിലാക്കുമായിരുന്നു بِسِيمَٰهُمْ അവരുടെ അടയാളം (പ്രത്യേകത)കൊണ്ട് وَلَتَعْرِفَنَّهُمْ നിശ്ചയമായും നിന ക്കവരെ മനസ്സിലാക്കാം, പരിചയപ്പെടാം فِى لَحْنِ സംസാര ശൈലിയിൽ, സ്വരമാ റ്റത്തിൽ ٱلْقَوْلِ വാക്കിന്റെ (പറയുന്നതിന്റെ) والله يَعْلَمُ അല്ലാഹു أَعْمَٰلَكُمْ നിങ്ങ ളുടെ പ്രവൃത്തികളെ അറിയുന്നു

മുസ്‌ലിം വേഷമണിഞ്ഞ മുനാഫിഖുകളായ വ്യക്തികൾ ഏതൊക്കെയാണെന്ന് കാട്ടിക്കൊടുക്കുവാൻ അല്ലാഹുവിന് കഴിയാഞ്ഞിട്ടല്ല, അവനത് വേണ്ടെന്നുവെ ച്ചിരിക്കുകയാണ്. അതേസമയത്ത് അവരുടെ സംസാരഗതിയിൽ നിന്നും, സ്വര ങ്ങളിൽ നിന്നും തന്നെ നബിﷺക്ക് അവരെ തിരിച്ചറിയുവാൻ കഴിയുന്നതുമാണ് എന്ന് സാരം. ഈ ആയത്ത് അവതരിച്ചതിന് ശേഷം നബിﷺഅങ്ങനെ, പല വ്യക്തികളെക്കുറിച്ചും മനസ്സിലാക്കിയിരുന്നതായി നിവേദനം ചെയ്യപ്പെട്ടിട്ടുമുണ്ട്.

وَلَنَبْلُوَنَّكُمْ حَتَّىٰ نَعْلَمَ ٱلْمُجَٰهِدِينَ مِنكُمْ وَٱلصَّٰبِرِينَ وَنَبْلُوَا۟ أَخْبَارَكُمْ ﴿٣١﴾

﴿31﴾ നിങ്ങളിൽനിന്നുള്ള സമര ശാലികളെയും, ക്ഷമാശീലൻമാ രെയും (പ്രത്യക്ഷത്തിൽ) അറിയു കയും, നിങ്ങളുടെ വർത്തമാന ങ്ങളെ (സ്ഥിതിഗതികളെ) പരീക്ഷി ച്ചറിയുകയും ചെയ്യുന്നതുവരെ, നിശ്ചയമായും നിങ്ങളെ നാം പരീ ക്ഷണം ചെയ്യും.

﴿31﴾ وَلَنَبْلُوَنَّكُمْ നിശ്ചയമായും നാം നിങ്ങളെ പരീക്ഷണം ചെയ്യും حَتَّىٰ نَعْلَمَ നാം അറിയുന്നതുവരെ ٱلْمُجَٰهِدِينَ സമരശാലികളെ, ജിഹാദ് ചെയ്യുന്നവരെ مِنكُمْ നിങ്ങളിൽ നിന്നുള്ള وَٱلصَّٰبِرِينَ ക്ഷമിക്കുന്നവരെയും وَنَبْلُوَا۟ നാം പരീക്ഷിച്ചറിയു കയും (ചെയ്യുന്നതുവരെ) أَخْبَارَكُمْ നിങ്ങളുടെ വർത്തമാനങ്ങൾ.

ഓരോരുത്തരുടെയും എല്ലാ സ്ഥിതികളും സസൂക്ഷ്മം അറിയുന്നവനാണ് അല്ലാഹു. എന്നിരിക്കെ, യുദ്ധം മുതലായ വിഷമഘട്ടങ്ങളെയും, മതസംബന്ധ മായ വിധിവിലക്കുകളെയും ഓരോരുത്തനും എങ്ങിനെ നേരിടുമെന്ന വസ്തുത അവന് അജ്ഞാതമല്ല. പക്ഷേ, ഓരോരുത്തരുടെയും നിലപാട് അനുഭവത്തിൽ വെളിപ്പെട്ട് കാണുവാനുള്ള പരീക്ഷണങ്ങളത്രെ അവ. പരീക്ഷണങ്ങളിൽ ഓരോ വ്യക്തിയും സ്വീകരിച്ച നയവും നിലപാടുമനുസരിച്ചായിരിക്കും പ്രതിഫലം നൽക പ്പെടുന്നത്.

جهاد (ജിഹാദ്) എന്ന മൂലത്തിൽ നിന്നുള്ള കർത്തൃരൂപമത്രെ مجاهد(മുജാഹിദ്) യുദ്ധം, ധർമസമരം, പരമാവധി പരിശ്രമം എന്നൊക്കെയാണ് അതിന് അർത്ഥം. ദേഹംകൊണ്ടും ധനംകൊണ്ടും, വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും നടത്തപ്പെടുന്ന എല്ലാ ത്യാഗപരിശ്രമങ്ങൾക്കും, ധർമസമരങ്ങൾക്കും ജിഹാദ് എന്ന് പറയാം. ചിലർ ധരിക്കാറുള്ളത്പോലെ, ഏതെങ്കിലും ഒരു പ്രത്യേക കക്ഷിയുടെയോ, വിഭാഗത്തിന്റെയോ പേരല്ല മുജാഹിദ്.

إِنَّ ٱلَّذِينَ كَفَرُوا۟ وَصَدُّوا۟ عَن سَبِيلِ ٱللَّهِ وَشَآقُّوا۟ ٱلرَّسُولَ مِنۢ بَعْدِ مَا تَبَيَّنَ لَهُمُ ٱلْهُدَىٰ لَن يَضُرُّوا۟ ٱللَّهَ شَيْـًٔا وَسَيُحْبِطُ أَعْمَـٰلَهُمْ ﴿٣٢﴾

﴾32﴿ നിശ്ചയമായും, അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തടയുകയും, തങ്ങൾക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞതിനുശേഷം റസൂലിനോട് ചേരിപിരിയുകയും ചെയ്തിട്ടുള്ളവർ, അവർ അല്ലാഹുവിന് ഒട്ടും ഉപദ്രവം വരുത്തുകയില്ലതന്നെ. അവരുടെ പ്രവർത്തനങ്ങളെ അവൻ വഴിയെ ഫലശൂന്യമാക്കുകയും ചെയ്യും.

۞ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ وَلَا تُبْطِلُوٓا۟ أَعْمَـٰلَكُمْ ﴿٣٣﴾

﴾33﴿ ഹേ, വിശ്വസിച്ചവരേ ! നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ ; റസൂലിനെയും അനുസരിക്കുവിൻ ; നിങ്ങളുടെ പ്രവർത്തനങ്ങളെ വ്യർത്ഥമാക്കിക്കളയുകയും അരുത്.

إِنَّ ٱلَّذِينَ كَفَرُوا۟ وَصَدُّوا۟ عَن سَبِيلِ ٱللَّهِ ثُمَّ مَاتُوا۟ وَهُمْ كُفَّارٌ فَلَن يَغْفِرَ ٱللَّهُ لَهُمْ ﴿٣٤﴾

﴾34﴿ നിശ്ചയമായും അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തടയുകയും, പിന്നീട് തങ്ങൾ അവിശ്വാസികളായ നിലയിൽ (തന്നെ) മരണപ്പെടുകയും ചെയ്തവർ, അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുന്നതേയല്ല.

﴾32﴿ إِنَّ ٱلَّذِينَ كَفَرُوا۟ നിശ്ചയമായും അവിശ്വസിച്ചവർ وَصَدُّوا۟ തടയുക (തട്ടുക, തിരിച്ചുവിടുകയും عَن سَبِيلِ ٱللَّهِ അല്ലാഹുവിന്റെ വഴിയിൽ നിന്ന് وَشَآقُّوا۟ ചേരിപിരിയുക (കക്ഷിതിരിയുക, ഭിന്നിക്കുക)യും ചെയ്ത ٱلرَّسُولَ റസൂലിനോട്, റസൂലുമായി مِنۢ بَعْدِ ശേഷം مَا تَبَيَّنَ لَهُمُ അവർക്ക് വ്യക്തമായതിന്റെ ٱلْهُدَىٰ സൻമാർഗം لَن يَضُرُّوا۟ അവർ ഉപദ്രവം വരുത്തുന്നതേയല്ല ٱللَّهَ അല്ലാഹുവിന് شَيْـًٔا യാതൊന്നും, ഒട്ടും وَسَيُحْبِطُ അവൻ (വഴിയെ) ഫലശൂന്യമാക്കുകയും ചെയ്യും أَعْمَـٰلَهُمْ അവരുടെ പ്രവൃത്തികളെ ﴾33﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ ഹേ, വിശ്വസിച്ചവരേ أَطِيعُوا۟ ٱللَّهَ അല്ലാഹുവിനെ അനുസരിക്കുവിൻ وَأَطِيعُوا۟ ٱلرَّسُولَ റസൂലിനെയും അനുസരിക്കുവിൻ وَلَا تُبْطِلُوٓا۟ വ്യർത്ഥമാക്കുക(കേടുവരുത്തുക)യും ചെയ്യരുത്. أَعْمَـٰلَكُمْ നിങ്ങളുടെ പ്രവർത്തനങ്ങളെ ﴾34﴿ إِنَّ ٱلَّذِينَ كَفَرُوا۟ നിശ്ചയമായും അവിശ്വസിച്ചവർ وَصَدُّوا۟ തടയുകയും ചെയ്ത عَن سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ثُمَّ مَاتُوا۟ പിന്നെ മരണപ്പെടുകയും ചെയ്ത وَهُمْ അവരായിരിക്കെ كُفَّارٌ അവിശ്വാസികൾ فَلَن يَغْفِرَ ٱللَّهُ എന്നാൽ അല്ലാഹു പൊറുത്തുകൊടുക്കുന്നതേയല്ല لَهُمْ അവർക്ക്

ദുർന്നടപ്പുകളും, പാപങ്ങളും നിമിത്തം സൽക്കർമങ്ങൾ ഉപയോഗശൂന്യമായിത്തീർന്നേക്കും. ഓരോ പ്രവൃത്തിയും അല്ലാഹുവും റസൂലും നിർദ്ദേശിച്ചപ്രകാരം അതതിന്റെ യഥാരൂപത്തിൽ ഹൃദയശുദ്ധിയോടുകൂടി ആയിരിക്കേണ്ടതുണ്ട്. മരണത്തിനുമുമ്പ് ഏതവസരത്തിലും പശ്ചാത്തപിച്ചു മടങ്ങാവുന്നതും, അല്ലാഹു അത് സ്വീകരിക്കുന്നതുമാകുന്നു. പക്ഷേ, അവിശ്വാസിയായിക്കൊണ്ട് മരണപ്പെട്ടവരുടെ പാപങ്ങൾ ഒന്നുംതന്നെ അല്ലാഹു പൊറുത്തുകൊടുക്കുകയില്ല. സത്യവിശ്വാസത്തോടുകൂടിയുള്ള പശ്ചാത്താപം മാത്രമേ അവൻ സ്വീകരിക്കുകയുള്ളൂ.

فَلَا تَهِنُوا۟ وَتَدْعُوٓا۟ إِلَى ٱلسَّلْمِ وَأَنتُمُ ٱلْأَعْلَوْنَ وَٱللَّهُ مَعَكُمْ وَلَن يَتِرَكُمْ أَعْمَـٰلَكُمْ ﴿٣٥﴾

﴾35﴿ ആകയാൽ, (സത്യവിശ്വാസികളേ) നിങ്ങൾക്ക് ദൗർബല്യം പിണയുകയും, നിങ്ങൾ ഉന്നതൻമാരായിരിക്കെ (ശത്രുക്കളെ) സന്ധിക്കു ക്ഷണിക്കുകയും ചെയ്യരുത്. അല്ലാഹു നിങ്ങളുടെകൂടെ ഉണ്ടുതാനും. നിങ്ങളുടെ പ്രവൃത്തികളെ നിങ്ങൾക്കവൻ നഷ്ടപ്പെടുത്തുകയും ചെയ്കയില്ല തന്നെ.

﴾35﴿ فَلَا تَهِنُوا۟ ആകയാൽ നിങ്ങൾ ബലഹീനപ്പെടരുത് (നിങ്ങൾക്ക് ദൗർബ്ബല്യം പിണയരുത്) وَتَدْعُوٓا۟ നിങ്ങൾ വിളിക്കുക (ക്ഷണിക്കുക)യും إِلَى ٱلسَّلْمِ സമാധാനത്തിലേക്ക് (സന്ധിയിലേക്ക്) وَأَنتُمُ നിങ്ങളായിരിക്കെ, നിങ്ങളത്രെ ٱلْأَعْلَوْنَ ഉന്ന

തൻമാർ, കൂടുതൽ ഉയർന്നവർ وَٱللَّهُ അല്ലാഹു مَعَكُمْ നിങ്ങളുടെ കൂടെയാണ്, കൂടെയുണ്ട് وَلَن يَتِرَكُمْ അവൻ നിങ്ങൾക്ക് നഷ്ടപ്പെടുന്നതേയല്ല, മുറിച്ചുകളയുകയില്ല أَعْمَٰلَكُمْ നിങ്ങളുടെ പ്രവൃത്തികളെ, കർമങ്ങളെ

ശത്രുപക്ഷത്തിന്റെ സ്ഥിതിഗതികൾ വിവരിക്കുകയും സത്യവിശ്വാസികൾക്ക് വേണ്ടുന്ന ഉപദേശങ്ങൾ നൽകുകയും ചെയ്തശേഷം, ശത്രുക്കളുമായി കണ്ടുമുട്ടുമ്പോൾ അവർ മനസ്സിരുത്തേണ്ടുന്ന ചില സംഗതികൾ അല്ലാഹു ചൂണ്ടിക്കാട്ടുകയാണ്. ധൈര്യക്ഷയവും, ദുർബ്ബലമനഃസ്ഥിതിയും അവരെ തീണ്ടരുതെന്നും, ശത്രുക്കളോട് അങ്ങോട്ട് ചെന്ന് സന്ധിക്കപേക്ഷിക്കരുതെന്നും ഉപദേശിക്കുന്നു. അതോടൊപ്പം അല്ലാഹു നിങ്ങളുടെ കൂടെയുണ്ട് എന്നും, നിങ്ങളുടെ പ്രവർത്തനങ്ങളെ അവൻ നഷ്ടപ്പെടുത്തുന്നതേയല്ല എന്നും വാഗ്ദാനം ചെയ്തുകൊണ്ട് അവർക്ക് ധൈര്യവും മനസ്സമാധാനവും നൽകുകയും ചെയ്യുന്നു. അല്ലാഹു നിങ്ങളുടെ പക്ഷത്തായിരിക്കെ നിങ്ങൾക്ക് എന്തിന് ദൗർബല്യം നേരിടണം? അവന്റെ കക്ഷിയായിരിക്കുമല്ലോ വിജയികൾ (ألا إن حزب الله هم الغالبون) നിങ്ങൾ യഥാർത്ഥ സത്യവിശ്വാസികളായിരിക്കുമ്പോൾ നിങ്ങൾതന്നെയായിരിക്കും ഉന്നതൻമാരായിക്കുക : وأنتم الأعلون إن كنتم مؤمنين എന്നൊക്കെയാണ് ഇത്മുഖേന സൂചിപ്പിക്കുന്നത്. യാതൊരു പരിതഃസ്ഥിതിയിലും ശത്രുക്കളുമായി സന്ധിസംസാരങ്ങൾ നടത്തിക്കൂടാ എന്നല്ല ഈ വചനത്തിന്റെ ഉദ്ദേശ്യം. അത് മുസ്‌ലിംകളുടെ ദുർബ്ബലമനഃസ്ഥിതിയിൽ നിന്നുളവാകുന്നതാവരുത്, അവരുടെ പവിത്രതയെ ഹനിക്കുന്നതുമാകരുത് എന്നത്രെ താൽപര്യം.

إِنَّمَا ٱلْحَيَوٰةُ ٱلدُّنْيَا لَعِبٌ وَلَهْوٌ ۚ وَإِن تُؤْمِنُوا۟ وَتَتَّقُوا۟ يُؤْتِكُمْ أُجُورَكُمْ وَلَا يَسْـَٔلْكُمْ أَمْوَٰلَكُمْ ﴿٣٦﴾

﴾36﴿ നിശ്ചയമായും ഐഹികജീവിതം, കളിയും വിനോദവും തന്നെയാകുന്നു. നിങ്ങൾ വിശ്വസിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നതായാൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ പ്രതിഫലങ്ങൾ നൽകുന്നതാണ്. നിങ്ങളോട് നിങ്ങളുടെ (മുഴുവൻ) സ്വത്തുകൾ അവൻ ചോദിക്കുന്നുമില്ല.

إِن يَسْـَٔلْكُمُوهَا فَيُحْفِكُمْ تَبْخَلُوا۟ وَيُخْرِجْ أَضْغَٰنَكُمْ ﴿٣٧﴾

﴾37﴿ നിങ്ങളോട് അത് സ്വത്തുക്കൾ ചോദിക്കുകയും, അങ്ങനെ നിങ്ങളോട് കിണഞ്ഞാവശ്യപ്പെടുകയും ചെയ്യുന്ന പക്ഷം, നിങ്ങൾ ലുബ്ധത കാണിക്കുന്നതാണ്. നിങ്ങളുടെ വിദ്വേഷങ്ങളെ അത് പുറത്ത്കൊണ്ടുവരുകയും ചെയ്യും.

هَٰٓأَنتُمْ هَٰٓؤُلَآءِ تُدْعَوْنَ لِتُنفِقُوا۟ فِى سَبِيلِ ٱللَّهِ فَمِنكُم مَّن يَبْخَلُ ۖ وَمَن يَبْخَلْ فَإِنَّمَا يَبْخَلُ عَن نَّفْسِهِۦ ۚ وَٱللَّهُ ٱلْغَنِىُّ وَأَنتُمُ ٱلْفُقَرَآءُ ۚ وَإِن تَتَوَلَّوْا۟ يَسْتَبْدِلْ قَوْمًا غَيْرَكُمْ ثُمَّ لَا يَكُونُوٓا۟ أَمْثَٰلَكُم ﴿٣٨﴾

﴿38﴾ ഹേ ! കൂട്ടരേ, നിങ്ങൾ (ഇതാ) അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുവാൻ വേണ്ടി ക്ഷണിക്കപ്പെടുന്നു ! എന്നാൽ, നിങ്ങളിൽ (ചിലർ) ലുബ്ധത കാണിക്കുന്നവരുണ്ട്. ആർ ലുബ്ധത കാണിക്കുന്നുവോ അവൻ നിശ്ചയമായും തന്നോട്തന്നെയാണ് ലുബ്ധത കാണിക്കുന്നതും. അല്ലാഹുവാകട്ടെ, (പരാശ്രയമില്ലാത്ത) ധന്യനാകുന്നു ; നിങ്ങളോ (പരാശ്രയക്കാരായ) ദരിദ്രൻമാരുമാകുന്നു.നിങ്ങൾ (അനുസരിക്കാതെ) പിൻതിരിയുകയാണെങ്കിൽ, നിങ്ങളല്ലാത്ത (വേറെ) ഒരു ജനതയെ അവൻ പകരം കൊണ്ട്വരുന്നതാണ്. എന്നിട്ട്, അവർ നിങ്ങളപ്പോലെയുള്ളവരായിരിക്കയുമില്ല.

﴿36﴾ إِنَّمَا ٱلْحَيَوٰةُ ٱلدُّنْيَا നിശ്ചയമായും ഐഹിക ജീവിതം لَعِبٌ കളി(തന്നെ) യാകുന്നു وَلَهْوٌ വിനോദവും, അനാവശ്യവും وَإِن تُؤْمِنُوا۟ നിങ്ങൾ വിശ്വസിക്കുന്ന പക്ഷം وَتَتَّقُوا۟ നിങ്ങൾ സൂക്ഷിക്കുകയും يُؤْتِكُمْ എന്നാലവൻ നിങ്ങൾക്ക് തരും أُجُورَكُمْ നിങ്ങളുടെ കൂലി (പ്രതിഫലം)കൾ وَلَا يَسْـَٔلْكُمْ നിങ്ങളോടവൻ ചോദിക്കുന്നുമില്ല, ചോദിക്കയുമില്ല أَمْوَٰلَكُمْ നിങ്ങളുടെ ധനങ്ങൾ, സ്വത്തുക്കൾ **﴿37﴾** إِن يَسْـَٔلْكُمُوهَا അവൻ നിങ്ങളോടത് ചോദിക്കുന്ന പക്ഷം فَيُحْفِكُمْ എന്നിട്ട് നിങ്ങളോട് കിണയുകയും, ഊന്നിച്ചോദിക്കുകയും تَبْخَلُوا۟ നിങ്ങൾ ലുബ്ധത(പിശുക്ക്) കാണിക്കും وَيُخْرِجْ അത് പുറത്ത് വരുത്തുകയും ചെയ്യും أَضْغَٰنَكُمْ നിങ്ങളുടെ വിദ്വേഷങ്ങളെ, ഉൾപകകളെ **﴿38﴾** هَٰٓأَنتُمْ ഹേ, നിങ്ങൾ هَٰٓؤُلَآءِ ഇക്കൂട്ടരാണ്, ഇങ്ങിനെയുള്ളവരാണ്, കൂട്ടരേ تُدْعَوْنَ നിങ്ങൾ ക്ഷണിക്കപ്പെടുന്നു لِتُنفِقُوا۟ നിങ്ങൾ ചിലവഴിക്കുവാൻ فِى سَبِيلِ ٱللَّهِ അല്ലാഹുവിന്റെ വഴിയിൽ فَمِنكُم എന്നാൽ (അപ്പോൾ) നിങ്ങളിലുണ്ട് مَّن يَبْخَلُ ലുബ്ധത കാണിക്കുന്ന ചിലർ وَمَن يَبْخَلْ ആരെങ്കിലും

ലുബ്ധത കാണിക്കുന്നതായാൽ فَإِنَّمَا يَبْخَلُ എന്നാൽ നിശ്ചയമായും അവൻ ലുബ്ധത കാണിക്കുന്നു عَن نَّفْسِهِۦ തന്നോട് തന്നെ وَٱللَّهُ ٱلْغَنِىُّ അല്ലാഹു ധന്യനത്രെ, നിരാശ്രയനാണ് وَأَنتُمُ ٱلْفُقَرَآءُ നിങ്ങൾ ദരിദ്രൻമാരുമാണ്, പരാശ്രയക്കാരാണ്. وَإِن تَتَوَلَّوْا۟ നിങ്ങൾ തിരിഞ്ഞു പോകുന്ന പക്ഷം يَسْتَبْدِلْ അവൻ കൊണ്ടുവരും قَوْمًا ഒരു ജനതയെ غَيْرَكُمْ നിങ്ങളല്ലാത്ത ثُمَّ لَا يَكُونُوٓا۟ പിന്നെ (എന്നിട്ട്) അവരായിരിക്കയില്ല أَمْثَٰلَكُم നിങ്ങളെപ്പോലുള്ളവർ

നിങ്ങളുടെ സ്വത്തുക്കൾ അല്ലാഹു നിങ്ങളോട് ചോദിക്കുന്നില്ല (ولا يسألكم أموالكم) എന്നു പറഞ്ഞതിന്റെ താൽപര്യം-തുടർന്നുള്ള പ്രസ്താവനകളെക്കൂടി കണക്കിലെടുക്കുമ്പോൾ - ഒന്നിലധികം പ്രകാരത്തിൽ ആയിരിക്കുവാൻ ഇടയുണ്ട്.

1) നിങ്ങളുടെ സ്വത്തുക്കൾ മുഴുവനും അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കണമെന്ന് അല്ലാഹു ആവശ്യപ്പെടുന്നില്ല. നിങ്ങൾക്ക് വലിയ വിഷമമൊന്നും വരാത്ത അളവിൽ ചിലവഴിക്കണമെന്നേ പറയുന്നുള്ളൂ. സകാത്ത് മുതലായ സ്വൽപം ചില നിർബന്ധ കടമകളും, അതിന് പുറമെ, അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ കഴിവിനുസരിച്ച് ചിലവഴിക്കണമെന്നും മാത്രമേ അവൻ നിർബന്ധിക്കുന്നുള്ളൂ.

2) അല്ലാഹുവിന്റെ ആവശ്യാർത്ഥം അവൻ നിങ്ങളോട് സ്വത്ത് ആവശ്യപ്പെടുന്നില്ല. നിങ്ങളുടെ സ്വന്തം നൻമക്കുവേണ്ടി മാത്രമാണ് നിങ്ങൾ ചിലവഴിക്കണമെന്നാവശ്യപ്പെടുന്നത്.

3) അല്ലാഹു നിങ്ങളോട് സ്വത്ത് ചിലവഴിക്കുവാൻ ആവശ്യപ്പെടുന്നത് ശരിയാണ്. പക്ഷേ, യഥാർത്ഥത്തിൽ അത് നിങ്ങളുടെ സ്വത്തല്ല, അല്ലാഹു നിങ്ങൾക്ക് നൽകിയതാണ്. അവൻ നിങ്ങളുടെ പക്കൽ തന്നതിൽനിന്ന് ചിലവഴിക്കുവാൻ മാത്രമാണ് അവൻ ആവശ്യപ്പെടുന്നത്. 37-ാം വചനത്തിന്റെ ആശയത്തോട് കൂടുതൽ അനുയോജ്യമായിക്കാണുന്നത് ആദ്യത്തെ വ്യാഖ്യാനമാണെന്നാണ് തോന്നുന്നത്.الله أعلم

ഏതായാലും, യുദ്ധം മുതലായ പൊതുകാര്യങ്ങളിൽ ധനം ചിലവഴിക്കുവാനുള്ള ശക്തിമത്തായ ഒരു ആഹ്വാനമാണ് ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നത്. നല്ല വിഷയത്തിൽ ധനം ചിലവഴിക്കുവാൻ കിണഞ്ഞാവശ്യപ്പെടുമ്പോൾ പിശുക്ക് കാണിക്കലും, ഹൃദയത്തിൽ ഒളിഞ്ഞുകിടപ്പുള്ള വിദ്വേഷവും, ഉൾപ്പോരും വെളിക്കുചാടലും മിക്കവരുടെയും സ്വഭാവമാണെന്നും, ഈ സ്വഭാവം നന്നല്ലെന്നും, അത് തങ്ങൾക്ക് തന്നെ ദോഷകരമാണെന്നും അല്ലാഹു പ്രത്യേകം ഓർമപ്പെടുത്തുന്നു. ധനം ചിലവഴിക്കുവാൻ ആവശ്യപ്പെടുന്നത് അല്ലാഹുവിന്റെ ഗുണത്തിനുവേണ്ടിയല്ല, ചിലവഴിക്കുന്നവരുടെ സ്വന്തം നൻമക്ക് വേണ്ടിയാണെന്നും ചൂണ്ടിക്കാട്ടുന്നു. അവസാനം, നിങ്ങൾ അനുസരിക്കാതെ പിൻതിരിയു

കയാണെങ്കിൽ നിങ്ങൾക്ക് പകരം വേറൊരു ജനതയെ ഇവിടെ കൊണ്ടുവരുമെന്ന ഒരു താക്കീതും ! അപ്പോൾ, ഈ ആഹ്വാനത്തിന്റെ ഗൗരവം എത്രമാത്രമാണെന്ന് ആലോചിച്ചുനോക്കുക !

يا ايها الذين آمنوا (വിശ്വസിച്ചവരേ) എന്ന് സംബോധനചെയ്തുകൊണ്ട് ആരംഭിച്ച 33-ാം വചനം തുടങ്ങി ഇതുവരെ സത്യവിശ്വാസികളെ അഭിമുഖീകരിച്ച് അല്ലാഹു പലതും പ്രസ്താവിച്ചു. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കണം, സ്വന്തം പ്രവർത്തനങ്ങളെ ഫലശൂന്യമാക്കാതിരിക്കണം, ശത്രുക്കളുടെ മുമ്പിൽ ദൗർബല്യം കാണിക്കാതിരിക്കണം, വിശ്വാസത്തോടും സൂക്ഷ്മതയോടും ജീവിക്കണം, അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചിലവഴിക്കണം എന്നിങ്ങിനെ പലതും. എല്ലാം കാര്യകാരണങ്ങളോടുകൂടിതന്നെ അവരെ ഓർമപ്പെടുത്തി. അവസാനം ഇങ്ങിനെയുള്ള കാര്യങ്ങൾ അനുസരിക്കുവാൻ തയ്യാറില്ലാതെ നിങ്ങൾ പിൻതിരിഞ്ഞുപോകുകയാണെങ്കിൽ, അക്കാരണം കൊണ്ട് ഈ പ്രസ്ഥാനം - ഇസ്‌ലാമിനെ നിലനിറുത്തുവാനുള്ള ഈ സംരംഭം - മുടങ്ങുവാൻ പോകുന്നില്ലെന്നും, അതിന് പറ്റിയ മറ്റൊരു ജനതയെ അല്ലാഹു എഴുന്നേൽപിക്കുമെന്നും താക്കീത് ചെയ്തു കൊണ്ടാണ് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നത്. ഈ സംഗതി മറ്റൊരിടത്ത് അല്ലാഹു ഇങ്ങിനെ വിവരിക്കുന്നു :

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ مَن يَرۡتَدَّ مِنكُمۡ عَن دِينِهِۦ فَسَوۡفَ يَأۡتِي ٱللَّهُ بِقَوۡمٖ يُحِبُّهُمۡ وَيُحِبُّونَهُۥٓ أَذِلَّةٍ عَلَى ٱلۡمُؤۡمِنِينَ أَعِزَّةٍ عَلَى ٱلۡكَٰفِرِينَ

يُجَٰهِدُونَ فِي سَبِيلِ ٱللَّهِ وَلَا يَخَافُونَ لَوۡمَةَ لَآئِمٖۚ ذَٰلِكَ فَضۡلُ ٱللَّهِ يُؤۡتِيهِ مَن يَشَآءُۚ وَٱللَّهُ وَٰسِعٌ عَلِيمٌ ٥٤

സാരം : വിശ്വസിച്ചവരേ, നിങ്ങളിൽ വല്ലവരും തന്റെ മതത്തെ വിട്ടുമടങ്ങി-ഭ്രഷ്ടരായി-പ്പോകുന്നതായാൽ, വഴിയെ അല്ലാഹു ഒരു ജനതയെ കൊണ്ടുവരും, അവൻ അവരെ സ്നേഹിക്കുകയും, അവർ അവനെ സ്നേഹിക്കുകയും ചെയ്യും. സത്യവിശ്വാസികളോട് എളിയവരും, അവിശ്വാസികളോട് ഗൗരവമുള്ളവരുമായിരിക്കും. അല്ലാഹുവിന്റെ മാർഗത്തിൽ അവർ സമരം ചെയ്യും. യാതൊരു ആക്ഷേപക്കാരന്റെ ആക്ഷേപവും അവർ ഭയപ്പെടുന്നതുമല്ല. (ഇങ്ങിനെയുള്ളവരായിരിക്കും അവർ) അല്ലാഹുവിന്റെ അനുഗ്രഹമത്രെ അത്. അവൻ ഉദ്ദേശിക്കുന്നവർക്ക് അത് അവൻ കൊടുക്കുന്നു. അല്ലാഹു വിശാലനും, സർവ്വജ്ഞനുമാകുന്നു. (സൂ:മാഇദഃ 54) പുതുതായി വരുന്ന ജനത നിങ്ങളെപ്പോലെയുള്ളവരായിരിക്കുകയില്ല. (ثم لا يكونوا أمثالكم) എന്ന് പറഞ്ഞതിന്റെ താൽപര്യമെന്താണെന്നും, ആ ജനങ്ങളുടെ സവിശേഷത എന്തായിരിക്കുമെന്നും ഈ വചനത്തിൽ നിന്ന് മനസ്സിലാകുന്നതാണ്.

അല്ലാഹുവിന്റെ ഈ മഹത്തായ അനുഗ്രഹം നബിﷺക്കും സ്വഹാബികൾക്കും ലഭിക്കുകയുണ്ടായെന്നും, ആ കൃത്യം അവർ തന്നെ നിർവ്വഹിച്ചുവെന്നും പറയേണ്ടതില്ല. കൽബി (റ) പ്രസ്താവിച്ചതായി ഇപ്രകാരം നിവേദനം ചെയ്യ

പ്പെടുന്നു : മറ്റൊരു ജനതയെ പകരം കൊണ്ടുവരുമെന്നതിന് അല്ലാഹു ഒരു ഉപാധിവെച്ചിട്ടുള്ളത്, സ്വഹാബികളുടെ പിൻതിരിച്ചലാണല്ലോ. അവർ പിൻതിരിഞ്ഞിട്ടില്ല. അത്കൊണ്ട് അവർക്ക് പകരം മറ്റൊരു കൂട്ടരെ കൊണ്ടുവന്നതുമില്ല. (فرضى الله عنهم ورضى عنا أجمعين)

ولله الحمد وله المنة والفضل

سورة الفتح

48. സൂറതുൽ ഫത്ഹ്

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 29 - വിഭാഗം (റുകൂഉ്) 4

1. ഹിജ്റഃ 6 -ാം കൊല്ലം ദുൽകഅ്ദഃമാസത്തിൽ, നബി തിരുമേനി ﷺ സ്വഹാബികളൊന്നിച്ച് ഹുദൈബിയ്യാ സന്ധി കഴിഞ്ഞു മടങ്ങുമ്പോൾ വഴി മദ്ധ്യെ വെച്ചാണ് ഈ അദ്ധ്യായത്തിന്റെ അവതരണം. മദീനാ ഹിജ്റഃക്കുശേഷം അവതരിച്ചതാകകൊണ്ട് ഇതും മദനീ അദ്ധ്യായങ്ങളിൽ ഉൾപ്പെടുന്നു.

2. അഹ്മദ്, ബുഖാരി, തിർമദീ (റ) മുതലായവർ ഉദ്ധരിക്കുന്ന ഒരു ഹദീഥിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: ഉമർ (റ) പറയുകയാണ്: ഞങ്ങൾ റസൂൽ തിരുമേനി ﷺ യൊന്നിച്ച് ഒരു യാത്രയിലായിരുന്നു. ഞാൻ തിരുമേനിയോട് ഒരു കാര്യം ചോദിക്കുകയുണ്ടായി. മൂന്ന് പ്രാവശ്യം ചോദിച്ചിട്ടും അവിടുന്ന് മറുപടി പറഞ്ഞില്ല. മൂന്ന് പ്രാവശ്യം ആവർത്തിച്ച് ചോദിച്ചിട്ടും നിനക്ക് നബി ﷺ യിൽനിന്ന് മറുപടി കിട്ടിയില്ലല്ലോ! നീ നബി ﷺ യെ വിഷമിപ്പിച്ചുവല്ലോ!എന്ന് ഞാൻ എന്നെ ത്തന്നെ കുറ്റപ്പെടുത്തി. എന്റെ കാര്യത്തിൽ വല്ല വഹ്‌യും വന്നേക്കുമോ എന്നും എനിക്ക് ഭയം തോന്നി. അങ്ങനെയിരിക്കെ, അതാ ഒരു വിളി! ഞാൻ വീണ്ടും ഭയപ്പെട്ടുകൊണ്ട് മടങ്ങിച്ചെന്നു. അപ്പോൾ നബി ﷺ പറഞ്ഞു: കഴിഞ്ഞ രാത്രി എനിക്കൊരു സൂറത്ത് അവതരിച്ചിട്ടുണ്ട്. ഈ ലോകത്തെക്കാളും, അതിലുള്ള വസ്തുക്കളെക്കാളും എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടതാണത്. അതായത്: إنا فتحنا لك فتحا مبينا (എന്ന ഈ അദ്ധ്യായം).

3. മുആവിയത്തുബ്നു ക്വുർ-റഃ(معاوية بن قرة) പറയുന്നു: മക്കാ വിജയത്തിന്റെ അന്ന് യാത്രയിൽ വാഹനപ്പുറത്തുവെച്ച് നബി തിരുമേനി ﷺ സൂറത്തുൽ ഫത്ഹ് നീട്ടി നീട്ടി ഓതുകയുണ്ടായി. ആളുകൾ നമ്മുടെ അടുക്കൽ തടിച്ചുകൂടുമെന്ന ഭയമില്ലായിരുന്നുവെങ്കിൽ, തിരുമേനിയുടെ ആ ഓത്തിന്റെ മാതിരി ഞാൻ നിങ്ങൾക്ക് കാട്ടിത്തരുമായിരുന്നു.- (അ; ബ; മു.)

4. ഹുദൈബിയ്യാ സന്ധി:- ഈ അദ്ധ്യായത്തിൽ ഹുദൈബിയ്യാ സംഭവത്തിന്റെ പല വശങ്ങളെക്കുറിച്ചും പ്രസ്താവിക്കുന്നതുകൊണ്ട് ആ സംഭവത്തിന്റെ ചുരുക്കം അറിയുന്നത് നന്നായിരിക്കും. അത് ഇപ്രകാരമാണ്:

സ്വഹാബികളൊന്നിച്ച് മസ്ജിദുൽ ഹറാമിൽ (മക്കഃയിലെ പള്ളിയിൽ) പ്രവേശിക്കുന്നതായി നബിﷺ സ്വപ്നം കണ്ടു. നബിﷺ യുടെ സ്വപ്നം യഥാർത്ഥമായിരിക്കുമല്ലോ. അങ്ങനെ, മക്കയിലേക്ക് ഉംറഃ (عمرة) കർമം ചെയ്യാനായി തിരുമേനി പുറപ്പെട്ടു. ആയിരത്തി നാനൂറിൽപരം സ്വഹാബികളും ഒന്നിച്ചുണ്ടായിരുന്നു. ക്വുറയ്ശികളിൽനിന്ന് വല്ല തടസ്സവും നേരിട്ടുവെങ്കിലോ എന്ന് കരുതി ഉൾനാട്ടുകാരായ അറബി (അഅ്റാബി)കളെയും തിരുമേനി ക്ഷണിച്ചു. പക്ഷേ, അവർ ക്വുറയ്ശികളെ ഭയന്ന് പിന്നോക്കം നിൽക്കുകയാണ് ചെയ്തത്. സ്വഹാബികൾ നബിﷺ യുടെ നിർദ്ദേശപ്രകാരം, സാധാരണ അവർ ഉപയോഗിക്കാറുള്ള ഉറയിലിട്ട വാളുകളല്ലാതെ യുദ്ധായുധങ്ങൾ കൊണ്ടുപോയിരുന്നില്ല.

അസ്ഫാൻ (عسفان) എന്ന സ്ഥലത്തെത്തിയപ്പോൾ, ക്വുറയ്ശികൾ തങ്ങളെ തടയുവാൻ വട്ടം കൂട്ടുന്നതായും, ഒരു മുന്നോടി സൈന്യം പുറപ്പെട്ടിരിക്കുന്നതായും വിവരം കിട്ടി. അതിനാൽ, തിരുമേനി മറ്റൊരു വഴിയായി യാത്ര തുടർന്നു. വഴിക്കുവെച്ച് തിരുമേനിയുടെ ഒട്ടകം മുന്നോട്ട് നടക്കാതെ മുട്ടുകുത്തി. ക്വസ്വാഉ് *(*)* നടക്കാതായി (خلأت القصواء) എന്ന് ആളുകൾ പറയാൻ തുടങ്ങി. തിരുമേനി പറഞ്ഞു: അത് അതിന് സമ്പ്രദായമില്ലാത്തതാണ്. ആനയെ തടഞ്ഞുവെച്ചവൻ അതിനെ തടഞ്ഞുവെച്ചതാണ്. *(**)* അല്ലാഹു ബഹുമാനിച്ച വസ്തുക്കളെ ബഹുമാനിച്ചുകൊണ്ടുള്ള എത് കാര്യത്തിലേക്കും ക്വുറയ്ശികൾ എന്നെ ക്ഷണിച്ചാൽ ഞാനത് സമ്മതിക്കാതിരിക്കയില്ല.

(*) നബി (ﷺ)യുടെ ഒട്ടകത്തിന്റെ പേരാണ് ക്വസ്വാഉ്.

(**) മുമ്പ് കഅ്ബഃയെ നശിപ്പിക്കുവാൻ അബീസീനിയക്കാർ കൊണ്ടുവന്ന ആനപ്പട്ടാളത്തെ തടഞ്ഞുവെച്ച അല്ലാഹുവിന്റെ പ്രവൃത്തിയാണ് ഇതും എന്ന് സാരം.

മക്കഃയിൽനിന്ന് അൽപം നാഴിക അകലെ ഹുദൈബിയ്യഃ (حديبية) എന്ന കിണറിന്നരികെ നബിﷺ ഇറങ്ങി. ക്വുറയ്ശികൾ ആളയച്ച് അവരുടെ വരവിന്റെ ഉദ്ദേശ്യം എന്താണെന്ന് അന്വേഷിച്ചു. ഉംറഃ കർമം മാത്രമാണെന്ന് തിരുമേനി അറിയിച്ചു. പക്ഷേ, ക്വുറയ്ശികൾ പറഞ്ഞത് ഇതായിരുന്നു: മുഹമ്മദ് അവന്റെ സൈന്യത്തോടുകൂടി നമ്മുടെ ഇടയിൽ വന്ന് ഉംറഃക്ക് പ്രവേശിക്കുകയോ?! നാം അവനുമായി സമരത്തിലായിരിക്കെ, അവൻ ഇങ്ങനെ ബലമായി പ്രവേശിച്ചത് അറബികൾ കേൾക്കുമല്ലോ. അതുകൊണ്ട് നാമുള്ള കാലം അത് സംഭവിക്കുവാൻ പോകുന്നില്ല. തുടർന്നുകൊണ്ട് അന്യോന്യം പല സംസാരങ്ങളും ദൗത്യങ്ങളും നടന്നു. ഇതിനിടെ ഉഥ്മാൻ (റ)നെ നബിﷺ മക്കയിലേക്ക് അയച്ചിട്ടുണ്ടായിരുന്നു. മക്കായിൽ അവശേഷിച്ചിരുന്ന ദുർബ്ബലരായ ചില സത്യവിശ്വാസികൾക്ക് മനസ്സമാധാനം നൽകുവാനായിരുന്നു അത്. തന്റെ കുടുംബത്തിൽപെട്ട ഒരാൾ അഭയം നൽകിയതനുസരിച്ചായിരുന്നു അദ്ദേഹം പോയതും. അദ്ദേഹത്തെ ത്വവാഫ് (കഅ്ബഃ പ്രദക്ഷിണം) ചെയ്യാൻ അവർ അനുവദിച്ചുവെങ്കിലും, തിരുമേനിക്ക് അതും അനുവദിക്കപ്പെടാത്ത സ്ഥിതിക്ക് അദ്ദേഹം ത്വവാഫ്കർമം ചെയ്കയുണ്ടായില്ല.

ഉഥ്മാൻ (റ)നെ ക്വുറയ്ശികൾ അവിടെ തടഞ്ഞുവെച്ചു. അദ്ദേഹം കൊല്ലപ്പെട്ടതായി ഒരു വാർത്ത മുസ്‌ലിംകൾക്കിടയിൽ പ്രചരിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് അവിടെയുണ്ടായിരുന്ന ഒരു വൃക്ഷത്തിന്റെ *(*)* ചുവട്ടിൽവെച്ച് ഒരു പ്രതിജ്ഞ (بيعة) നടന്നു. നബിﷺ യൊന്നിച്ച് മരണംവരെ തങ്ങൾ യുദ്ധം ചെയ്തുകൊള്ളാമെന്നായിരുന്നു പ്രതിജ്ഞ. വൃക്ഷത്തിന്റെ ചുവട്ടിൽ വെച്ചായിരുന്നതുകൊണ്ട് ഇതിന് بيعة الشجرة (വൃക്ഷത്തിങ്കൽ വെച്ചുണ്ടായ പ്രതിജ്ഞ) എന്നും, താഴെ (18 -ാം വചനത്തിൽ) കാണുന്ന സന്തോഷവാർത്തയനുസരിച്ച് بيعة الرضوان (അല്ലാഹുവിന്റെ പ്രീതി ലഭിച്ച പ്രതിജ്ഞ എന്നും) പറയപ്പെടുന്നു. ഈ ബൈഅത്തിനെ (പ്രതിജ്ഞയെ) പ്പറ്റി അറിഞ്ഞപ്പോൾ ക്വുറയ്ശികൾക്ക് ഭയമായി. അവർ നബിﷺ യുമായി ഒരു സന്ധിക്ക് മുമ്പോട്ട് വന്നു.

ക്വുറയ്ശികളുടെ നിർബന്ധപ്രകാരം, നബിﷺ അങ്ങേഅറ്റത്തെ വിട്ടുവീഴ്ച ചെയ്തുകൊണ്ട് അവരുമായി സന്ധിവ്യവസ്ഥ രേഖപ്പെടുത്തി. അതിന്റെ ചുരുക്കം ഇതാണ്:

***(*)* ഉമർ (റ)ന്റെ ഖിലാഫത്തുകാലത്ത് ജനങ്ങൾ അതിനെ ഒരു പുണ്യവൃക്ഷമായി ഗണിച്ചുവരുന്നുണ്ടെന്ന് അദ്ദേഹം അറിഞ്ഞു. അതിനാൽ അത് വെട്ടിക്കളയുവാൻ അദ്ദേഹം കൽപിക്കുകയുണ്ടായി.**

1) ഇരുകൂട്ടർക്കുമിടയിൽ നാല് കൊല്ലം യുദ്ധം നിറുത്തിവെക്കുക.

2) ക്വുറയ്ശികളിൽനിന്ന് മുസ്‌ലിംകളുടെ പക്ഷത്തേക്ക് വരുന്നവരെ അങ്ങോട്ട് തിരിച്ചയക്കുക, മുസ്‌ലിംകളിൽനിന്ന് ക്വുറയ്ശികളുടെ പക്ഷത്തേക്ക് വരുന്നവരെ തിരിച്ചയക്കാതിരിക്കുകയും ചെയ്യുക.

3) അടുത്ത കൊല്ലം തിരുമേനിയും സ്വഹാബികളും നിരായുധരായി വന്ന് ഉംറഃ കർമം നിർവ്വഹിക്കുക മൂന്ന് ദിവസം താമസിക്കുകയും ചെയ്യാം.

4) ഇരുകക്ഷികളും അവരവരുടെ ഇഷ്ടംപോലെ ആരുമായും സഖ്യം നടത്തുന്നതിന് വിരോധമില്ല.

ഇത്രയും വിട്ടുവീഴ്ചകൾക്ക് നബി ﷺ അനുവദിച്ചത് സ്വഹാബികൾക്ക് പൊതുവിൽ ഇഷ്ടമായിരുന്നില്ല, പലരും പലതും പറയുകയുണ്ടായി. നമ്മുടെ അടുക്കൽ മുസ്‌ലിമായി വരുന്നവരെ നാമെങ്ങനെ അവർക്ക് തിരിച്ചുകൊടുക്കും? ഇതായിരുന്നു അവർക്ക് തീരെ സഹിക്കാൻ കഴിയാഞ്ഞത്. അല്ലാഹു അവർക്ക് രക്ഷാമാർഗം ഉണ്ടാക്കിക്കൊടുക്കുമെന്നായിരുന്നു തിരുമേനിയുടെ മറുപടി. തിരുമേനിയുടെ സ്വപ്നത്തെക്കുറിച്ചായിരുന്നു മറ്റൊരു സംശയം. ഈ സംശയത്തിന് മറുപടിയായി ഉമർ (റ)നോട് അബൂബക്ർ (റ) ഇപ്രകാരം ചോദിക്കുകയുണ്ടായി: ഇക്കൊല്ലം തന്നെയാണ് അതെന്ന് തിരുമേനി പറഞ്ഞിട്ടുണ്ടോ? ഇതിൽനിന്ന് ഉമർ (റ)ന് കാര്യം മനസ്സിലായി.

സന്ധിക്കുശേഷം, തിരുമേനിയും സ്വഹാബികളും തൽക്കാലം തിരിച്ചുപോരുകയും, അടുത്ത കൊല്ലം പോയി ഉംറഃ കർമം നിർവ്വഹിക്കുകയും ചെയ്തു. ഈ ഉംറഃക്കാണ് عمرة القضاء (ഉംറത്തുൽ- ക്വദ്വാള്) എന്ന് പറയുന്നത്. ഹിജ്റഃ ആറാം കൊല്ലം ദുൽക്വഅ്ദഃ മാസത്തിലാണ് പ്രസ്തുത സന്ധി നടന്നത്.

സന്ധി വ്യവസ്ഥകൾക്കെതിരായി ക്വുറയ്ശികളിൽനിന്ന് ചില സംഭവങ്ങൾ ഉണ്ടായി. അതിനെത്തുടർന്ന് അവർ നബി ﷺ യെ സമീപിച്ച് സന്ധി പുതുക്കുവാനും, കാലം ദീർഘിപ്പിക്കുവാനും ഉപായത്തിൽ ശ്രമം നടത്തിനോക്കി. പക്ഷേ, ഫലപ്പെടുകയുണ്ടായില്ല. ഇരുകൂട്ടരും സമാധാനത്തിൽ കഴിഞ്ഞ കാലത്ത് ഇസ്‌ലാമിന്റെ പ്രബോധനം അയൽപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും, കിസ്റാ, കൈസർ തുടങ്ങിയ പല നാടുവാഴികളെയും ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് എഴുത്തുകുത്തുകൾ നടത്തുവാനും നബി ﷺ ക്ക് അവസരം കിട്ടി. ക്വുറയ്ശികളുടെ ഭാഗത്തുനിന്ന് സന്ധിലംഘനം ഉണ്ടായപ്പോൾ, നബി ﷺ യും പതിനായിരം വരുന്ന സ്വഹാബികളും വേണ്ടുന്ന ഒരുക്കത്തോടുകൂടി മക്കഃയിലേക്ക് നീങ്ങുകയും, വലിയ സംഘട്ടനങ്ങളൊന്നും കൂടാതെ തന്നെ ചരിത്രപ്രസിദ്ധമായ മക്കാ വിജയസംഭവം ഉണ്ടാകുകയും ചെയ്തു. അതോടുകൂടി ക്വുറയ്

ശികൾ മുഴുവനും, അറബികൾ പൊതുവിലും ഇസ്‌ലാമിന് കീഴൊതുങ്ങി. ഇതി നെല്ലാം വഴി തെളിയിച്ചത് ഹുദൈബിയ്യാ സന്ധിയായിരുന്നു. എനി, നമുക്ക് വിജയത്തിന്റെ അദ്ധ്യായം വായിക്കാം:-

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِنَّا فَتَحۡنَا لَكَ فَتۡحٗا مُّبِينٗا ﴿١﴾

《1》 (നബിയേ) നിശ്ചയമായും നാം നിനക്ക് പ്രത്യക്ഷമായ ഒരു വിജയം നൽകിയിരിക്കുന്നു;-

لِّيَغۡفِرَ لَكَ ٱللَّهُ مَا تَقَدَّمَ مِن ذَنۢبِكَ وَمَا تَأَخَّرَ وَيُتِمَّ نِعۡمَتَهُۥ عَلَيۡكَ وَيَهۡدِيَكَ صِرَٰطٗا مُّسۡتَقِيمٗا ﴿٢﴾

《2》 നിന്റെ പാപത്തിൽനിന്ന് മുൻകഴിഞ്ഞതും പിന്നീടുണ്ടാകുന്നതും അല്ലാഹു നിനക്ക് പൊറുത്തു തരുവാൻവേണ്ടിയും, അവന്റെ അനുഗ്രഹം നിനക്കവൻ പരിപൂർണ്ണമാക്കുവാനും, (നേരെ) ചൊവ്വായ മാർഗത്തിൽ നിന്നെ നയിക്കുവാനും,-

وَيَنصُرَكَ ٱللَّهُ نَصۡرًا عَزِيزًا ﴿٣﴾

《3》 അന്തസ്സാർന്ന ഒരു സഹായം അല്ലാഹു നിന്നെ സഹായിക്കുവാനും (വേണ്ടിയും).

《1》 إِنَّا فَتَحۡنَا നിശ്ചയമായും നാം തുറന്നുതന്നു (വിജയം നൽകി) لَكَ നിനക്ക് فَتۡحٗا مُّبِينٗا സ്പഷ്ടമായ ഒരു തുറവി (വിജയം) 《2》 لِّيَغۡفِرَ لَكَ നിനക്ക് പൊറുത്തു തരുവാൻ വേണ്ടി ٱللَّهُ അല്ലാഹു مَا تَقَدَّمَ മുമ്പുണ്ടായത്, മുൻകഴിഞ്ഞത് مِن ذَنۢبِكَ നിന്റെ പാപത്തിൽനിന്ന് وَمَا تَأَخَّرَ പിന്നീടുണ്ടാകുന്നതും, പിന്തിയതും وَيُتِمَّ അവൻ പരിപൂർണമാക്കുവാനും نِعۡمَتَهُۥ അവന്റെ അനുഗ്രഹം عَلَيۡكَ നിന്റെ മേൽ, നിനക്ക് وَيَهۡدِيَكَ നിന്നെ നയിക്കുവാനും, കാട്ടിത്തരുവാനും صِرَٰطٗا مُّسۡتَقِيمٗا ചൊവ്വായ വഴി, നേരായ പാത 《3》 وَيَنصُرَكَ ٱللَّهُ അല്ലാഹു നിന്നെ സഹായിക്കുവാനും نَصۡرًا ഒരു സഹായം عَزِيزًا വീര്യപ്പെട്ട (അന്തസ്സാർന്ന), പ്രതാപകരമായ

ഈ അദ്ധ്യായത്തിന് الفتح (വിജയം) എന്ന് പേർ പറയപ്പെടുവാനുള്ള കാരണം ഒന്നാമത്തെ വചനത്തിൽ നിന്നുതന്നെ മനസ്സിലാക്കാം. ഈ വചനത്തിൽ പ്രസ്താവിച്ച വിജയംകൊണ്ട് ഉദ്ദേശ്യം ഹുദൈബിയ്യാ സന്ധിയത്രെ. മക്കാവിജ

യത്തിന് വഴിതെളിയിച്ച ഈ സംഭവം നിമിത്തം വമ്പിച്ച നേട്ടങ്ങൾ ഇസ്‌ലാമിനുണ്ടായിട്ടുണ്ട്. സുഹ്‌രീ (റ) പ്രസ്താവിച്ചത്പോലെ, എത്രയോ അധികം ജനങ്ങൾ ഇസ്‌ലാമിനെ ആശ്ലേഷിക്കുവാനും, മുസ്‌ലിംകളും മുശ്‌രിക്കുകളും കുറേകാലം ഇടകലർന്ന് സമാധാനപൂർവ്വം പെരുമാറുവാനും, ഇസ്‌ലാമിനെപ്പറ്റി ജനങ്ങൾക്ക് പരിചയപ്പെടുവാനും, അങ്ങനെ ഇസ്‌ലാമിന് കൂടുതൽ അനുകൂലമായ അന്തരീക്ഷം കൈവരുവാനും കാരണമായിരുന്നു ഹുദൈബിയ്യാസന്ധി. ഈ സന്ധിക്കും മക്കാവിജയ സംഭവത്തിനും ഇടയ്ക്കുള്ള രണ്ടുകൊല്ലക്കാലംകൊണ്ട് മുസ്‌ലിംകളുടെ എണ്ണം അതിനുമുമ്പുള്ളതിന്റെ ഇരട്ടിയോ അതിലധികമോ ആയി വർദ്ധിക്കുകയുണ്ടായി. ഹുദൈബിയ്യാ സംഭവത്തിൽ നബിﷺയൊന്നിച്ച് ആയിരത്തിനാനൂറ് പേരായിരുന്നു ഉണ്ടായിരുന്നതെങ്കിൽ, മക്കാവിജയ സംഭവത്തിൽ പങ്കെടുത്ത സ്വഹാബികളുടെ എണ്ണം ഏറെക്കുറെ പതിനായിരമായിരുന്നു. ഈ ഇടക്കാലത്താണ് പ്രസിദ്ധമായ ഖൈബർ വിജയവും മുസ്‌ലിംകൾക്ക് കൈവന്നത്. ചുരുക്കിപ്പറഞ്ഞാൽ ഈ സന്ധിയാണ് അറേബ്യ മുഴുവനും ഇസ്‌ലാമിന്റെ രാജ്യമായിത്തീരുവാൻ വഴിവെച്ചത്. അതുകൊണ്ട് തന്നെയാണ് ഇതിന് فتح الفتوح (വിജയങ്ങളുടെ വിജയം- അഥവാ വിജയങ്ങളുടെ ഉൽഘാടനം) എന്ന് പറയപ്പെടുന്നതും.

ബറാഉ് (റ) പ്രസ്താവിച്ചതായി ബുഖാരി (റ) ഉദ്ധരിക്കുന്നു. നിങ്ങളൊക്കെ മക്കാവിജയത്തെയാണ് വിജയ(الفتح)മായി എണ്ണിവരുന്നത്. മക്കാവിജയം ഒരു വിജയം തന്നെ. പക്ഷേ, ഞങ്ങൾ വിജയമായി എണ്ണിവരുന്നത് ഹുദൈബിയ്യാ സന്ധിയെയാകുന്നു .....ഇതുപോലെ ഇബ്നുമസ്ഊദ് (റ) മുതലായ ചില സ്വഹാബികളിൽ നിന്നും നിവേദനങ്ങൾ കാണാം. ഈ അദ്ധ്യായം അവതരിച്ചത് തിരുമേനി ഹുദൈബിയ്യാ സന്ധികഴിഞ്ഞു മടങ്ങുമ്പോൾ വഴിമദ്ധ്യെ വെച്ചാണെന്നുള്ളതും സ്മരണീയമാണ്. എന്നാൽ, ക്വുർആൻ വ്യാഖ്യാതാക്കളിൽ ചിലരുടെ അഭിപ്രായം മക്കാവിജയമാണ് ഇവിടെ ഉദ്ദേശ്യമെന്നാകുന്നു. നാം നിനക്ക് വിജയം നൽകി(إنا فتحنا لك) എന്ന് പറഞ്ഞതിന്റെ താൽപര്യം, ആ സന്ധി നിമിത്തം പിന്നീട് കൈവരുവാനിരിക്കുന്ന വിജയത്തെക്കുറിച്ച് നബിﷺക്ക് വാഗ്ദാനവും, സന്തോഷവാർത്തയും നൽകലാണെന്നും അവർ പറയുന്നു. ക്വുർആന്റെ വാചകങ്ങളും, മേൽ ചൂണ്ടിക്കാട്ടിയ വസ്തുതകളും നോക്കുമ്പോൾ വിജയം കൊണ്ടുദ്ദേശ്യം ഹുദൈബിയ്യാ സംഭവമാണെന്ന അഭിപ്രായത്തിന്നാണ് കൂടുതൽ പ്രസക്തിയുള്ളത്.

ഈ വിജയം മുഖേനയുള്ള നേട്ടങ്ങളാണ് 2 ഉം 3 ഉം വചനങ്ങളിൽ പ്രസ്താവിക്കുന്നത്. നബി തിരുമേനിﷺയുടെ മുൻകഴിഞ്ഞതും, വരാനിരിക്കുന്നതുമായ പാപങ്ങൾ അത്മൂലം അല്ലാഹു പൊറുത്തുകൊടുക്കുമെന്നുള്ളതാണ് ഒന്നാമത്തേത്. നബിമാരുടെ പാപങ്ങൾ കൊണ്ട് വിവക്ഷ, കേവലം കുറ്റകരമോ ശിക്ഷാർഹമോ ആയ ദുഷ്കർമങ്ങളല്ല. കാരണം, അത്തരം പാപങ്ങളിൽ നിന്നെല്ലാം പരിശുദ്ധരാണ് പ്രവാചകൻമാർ. അവരുടെ ഉന്നതപദവിയെ

കണക്കിലെടുക്കുമ്പോൾ അതിന് അനുയോജ്യമല്ലാത്തതായി ഗണിക്കപ്പെടുന്ന മര്യാദക്കുറവുകളോ, അവർക്ക് പിണഞ്ഞേക്കാവുന്ന നിസ്സാര അബദ്ധങ്ങളോ ആയിരിക്കും അവരുടെ പാപങ്ങൾ. ഇതിനെപ്പറ്റി കഴിഞ്ഞ അദ്ധ്യായം 19 -ാം വചനത്തിന്റെ വിവരണത്തിലും, സൂ: സ്വാദ് 34 - 38 ന്റെ വിവരണത്തിലും നാം വിവരിച്ചിട്ടുള്ളത് ഓർക്കുക.

നബിﷺയുടെ മേൽ അല്ലാഹു അവന്റെ അനുഗ്രഹം പരിപൂർണമാക്കിക്കൊടുക്കുക, ചൊവ്വായ വഴിക്ക് നയിക്കുക, പ്രബലവും അന്തസ്സോടുകൂടിയതുമായ സഹായം നൽകുക ഇവയാണ് മറ്റു നേട്ടങ്ങൾ. നബിﷺയുടെ ആഗമനോദ്ദേശ്യം ഇസ്‌ലാമിക പ്രബോധനവും, പ്രചരണവുമാണല്ലോ. ഇതിനുവേണ്ടുന്ന സാഹചര്യങ്ങളും മാർഗങ്ങളും അവൻ തിരുമേനിക്ക് സജ്ജമാക്കിക്കൊടുത്തു. അതിന്നെതിരിൽ ആഞ്ഞടിച്ചുകൊണ്ടിരുന്ന എല്ലാ തടസ്സങ്ങളെയും അത്ഭുതകരമാം വണ്ണം തട്ടിനീക്കി. അറേബ്യ മുഴുവനും ഇസ്‌ലാമിനെ അംഗീകരിക്കുകയും, നൂറ്റാണ്ടുകളായി അവിടെ തേർവാഴ്ച നടത്തിപ്പോന്ന ശിർക്കിന്റെ ആധിപത്യം നിശ്ശേഷം അവസാനിക്കുകയും, തൽസ്ഥാനത്ത് ഇസ്‌ലാമിന്റെ ഏക നേതൃത്വം സ്ഥാപിതമാകുകയും ചെയ്തു. ചുരുക്കത്തിൽ, അറേബ്യയുടെ ചരിത്രം മിന്നൽവേഗം പാടുമാറി. ലോകചരിത്രം തന്നെ മാറ്റി എഴുതപ്പെടുവാനുള്ള അവസരവും അതോടെ സംജാതമായി. ഇതെല്ലാം ഈ വിജയത്തിന്റെ അനന്തരഫലങ്ങളായിരുന്നു. ഇഹത്തിൽവെച്ച് അല്ലാഹു നബിﷺക്ക് നൽകിയ അനുഗ്രഹങ്ങളാണിവ, പരലോകത്ത് അവൻ തിരുമേനിക്ക് നൽകുന്ന അനുഗ്രഹങ്ങളെക്കുറിച്ച് പറയേണ്ടതുമില്ല.

കഴിഞ്ഞതും വരാനിരിക്കുന്നതുമായ എല്ലാ പാപങ്ങളും പൊറുക്കപ്പെട്ടതായി അല്ലാഹുവിൽനിന്ന് ലഭിച്ച ആ സന്തോഷവാർത്ത -അതിനെക്കാൾ വലുതായ സന്തോഷവാർത്ത മറ്റെന്താണ്! -നബിﷺയിൽ ഉളവാക്കിയ പ്രതികരണം എന്തായിരുന്നുവെന്ന് ഓരോ സത്യവിശ്വാസിയും സദാ ഓർമിച്ചിരിക്കേണ്ടതാണ്. തിരുമേനി അഹങ്കരിച്ചില്ല. എനി ഒന്നും ഭയപ്പെടാനില്ല എന്ന് വെച്ച് വെറുതെ ഇരുന്നതുമില്ല. മുഗീറഃ (مغيرة بن شعبة-رضـ) പറയുന്നത് നോക്കുക: നബി തിരുമേനിﷺ അവിടുത്തെ കാലുകളിൽ നീര് കെട്ടുമാറ് (രാത്രി അധിക നേരം) നിന്നു നമസ്കാരം നടത്താറുണ്ടായിരുന്നു. തിരുമേനിയോട് ചോദിക്കപ്പെട്ടു: അല്ലാഹു അങ്ങയുടെ മുൻചെയ്ത പാപങ്ങളും, പിന്നീടുള്ള പാപങ്ങളും അങ്ങേക്ക് പൊറുത്തുതന്നിട്ടുണ്ടല്ലോ. (പിന്നെ, എന്തിനാണ് ഇത്ര ബുദ്ധിമുട്ടുന്നത്)?തിരുമേനി ഇങ്ങനെ ഉത്തരം പറഞ്ഞു: أفلا أكون عبدا شكورا (അപ്പോൾ, ഞാനൊരു നന്ദിയുള്ള അടിമയായിരിക്കേണ്ടതല്ലേ?!) (അ; ബു; മു; തി; ന; ജ.)

هُوَ ٱلَّذِىٓ أَنزَلَ ٱلسَّكِينَةَ فِى قُلُوبِ ٱلْمُؤْمِنِينَ لِيَزْدَادُوٓا۟ إِيمَـٰنًا مَّعَ إِيمَـٰنِهِمْ ۗ وَلِلَّهِ جُنُودُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿٤﴾

《4》 അവനത്രെ, സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തത ഇറക്കിക്കൊടുത്തവൻ; അവരുടെ വിശ്വാസത്തിൽ കൂടി (വീണ്ടും) അവർക്ക് വിശ്വാസം വർദ്ധിക്കുവാൻവേണ്ടി. അല്ലാഹുവിന് ആകാശങ്ങളിലെയും, ഭൂമിയിലെയും സൈന്യങ്ങളുണ്ട്. അല്ലാഹു സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.

لِّيُدْخِلَ ٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا وَيُكَفِّرَ عَنْهُمْ سَيِّـَٔاتِهِمْ ۚ وَكَانَ ذَٰلِكَ عِندَ ٱللَّهِ فَوْزًا عَظِيمًا ﴿٥﴾

《5》 സത്യവിശ്വാസികളെയും, സത്യവിശ്വാസിനികളെയും അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളിൽ- അവരതിൽ നിത്യവാസികളായ നിലക്ക്- അവൻ പ്രവേശിപ്പിക്കുവാനും; അവർക്ക് അവരുടെ തിന്മകളെ (മാപ്പ് ചെയ്ത്) മൂടിവെച്ച് കൊടുക്കുവാനും വേണ്ടി(യാണ് അത്). അത് അല്ലാഹുവിന്റെ അടുക്കൽ മഹത്തായ ഭാഗ്യമാകുന്നു.

《4》 هُوَ ٱلَّذِىٓ അവൻ യാതൊരുവൻ أَنزَلَ ഇറക്കിയ ٱلسَّكِينَةَ ശാന്തത, സമാധാനം, അടക്കം فِى قُلُوبِ ഹൃദയങ്ങളിൽ ٱلْمُؤْمِنِينَ സത്യവിശ്വാസികളുടെ لِيَزْدَادُوٓا۟ അവർ (അവർക്ക്) വർദ്ധിപ്പിക്കുവാൻ إِيمَـٰنًا വിശ്വാസം, വിശ്വാസത്തിൽ مَّعَ إِيمَـٰنِهِمْ അവരുടെ വിശ്വാസത്തോടുകൂടി وَلِلَّهِ അല്ലാഹുവിനുണ്ട് جُنُودُ ٱلسَّمَـٰوَٰتِ ആകാശങ്ങളിലെ സൈന്യങ്ങൾ وَٱلْأَرْضِ ഭൂമിയിലെയും وَكَانَ ٱللَّهُ അല്ലാഹു ആകുന്നു عَلِيمًا സർവ്വ

ജ്ഞൻ حَكِيمًا അഗാധജ്ഞൻ ﴾5﴿ لِّيُدْخِلَ അവൻ പ്രവേശിപ്പിക്കുവാൻവേണ്ടി ٱلْمُؤْمِنِينَ സത്യവിശ്വാസികളെ وَٱلْمُؤْمِنَٰتِ സത്യവിശ്വാസിനികളെയും جَنَّٰتٍ സ്വർഗങ്ങളിൽ تَجْرِى ഒഴുകുന്ന, നടക്കുന്ന مِن تَحْتِهَا അതിന്റെ അടിഭാഗത്തുകൂടി ٱلْأَنْهَٰرُ അരുവി (നദി)കൾ خَٰلِدِينَ فِيهَا അതിൽ നിത്യവാസികളായിട്ട് وَيُكَفِّرَ عَنْهُمْ അവർക്ക് മാപ്പ് ചെയ്യാനും, മൂടിവെക്കുവാനും سَيِّـَٔاتِهِمْ അവരുടെ തിന്മകൾ وَكَانَ ذَٰلِكَ അതാകുന്നു عِندَ ٱللَّهِ അല്ലാഹുവിങ്കൽ فَوْزًا عَظِيمًا മഹത്തായ (വമ്പിച്ച) ഭാഗ്യം, വിജയം

നബി തിരുമേനിﷺക്ക് ഹുദൈബിയ്യാ വിജയംമൂലം സിദ്ധിച്ച അനുഗ്രഹങ്ങളെക്കുറിച്ച് പറഞ്ഞശേഷം, സത്യവിശ്വാസികളായ അല്ലാഹുവിന്റെ സൈന്യങ്ങൾക്ക് അത്മൂലം സിദ്ധിച്ചതും, സിദ്ധിക്കുവാനിരിക്കുന്നതുമായ അനുഗ്രഹങ്ങളെ ഈ വചനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇഹത്തിൽവെച്ച് അവർക്ക് മനസ്സമാധാനവും, വിശ്വാസവർദ്ധനവും അവയെത്തുടർന്നുള്ള മറ്റ് കാര്യങ്ങളും ലഭിക്കുന്നുവെങ്കിൽ, പരലോകത്ത് സർവ്വഗുണസമ്പൂർണമായ സ്വർഗീയജീവിതമാണ് അവർക്കുള്ളത്. അൽപജ്ഞാനികളും, അവിശ്വാസികളും തങ്ങളുടെ ഏറ്റവും വലിയ ഭാഗ്യമായിക്കണക്കാക്കുന്നത് ഐഹികജീവിതത്തിന്റെ സുഖസൗകര്യങ്ങളാണല്ലോ. അല്ലാഹുവിന്റെ അടുക്കൽ അതല്ല മനുഷ്യന്റെ ഭാഗ്യം. ഇഹത്തിൽ മനസ്സമാധാനം, സത്യവിശ്വാസം മുതലായവയും, പരലോകത്ത് പാപമോചനം സ്വർഗീയജീവിതം ആദിയായവയുമാകുന്നു.

അല്ലാഹുവിന് ഭൂമിയിൽ മാത്രമല്ല, ആകാശത്തും കണക്കറ്റ സൈന്യങ്ങളുണ്ട്. (ولله جنود السماوات والأرض) അവന്റെ സൈന്യങ്ങളെക്കുറിച്ച് അവനല്ലാതെ മറ്റാർക്കും അറിയുന്നതുമല്ല. (وما يعلم جنود ربك إلا هو–المدثر) ആകാശത്തുള്ള ഒരു മലക്ക് മാത്രം മതി, ഈ ഭൂമിയിൽ അല്ലാഹുവിന്റെ ശത്രുക്കളെ മുഴുവനും നശിപ്പിക്കുവാൻ. പക്ഷേ, മഹത്തായ ചില ലക്ഷ്യങ്ങളെ മുൻനിറുത്തിക്കൊണ്ട് സത്യവിശ്വാസികളാകുന്ന സൈന്യത്തെയാണ് അവൻ ധർമസമരത്തിന് തിരഞ്ഞെടുത്തിരിക്കുന്നത്.

وَيُعَذِّبَ ٱلْمُنَٰفِقِينَ وَٱلْمُنَٰفِقَٰتِ
وَٱلْمُشْرِكِينَ وَٱلْمُشْرِكَٰتِ
ٱلظَّآنِّينَ بِٱللَّهِ ظَنَّ ٱلسَّوْءِ

﴾6﴿ അല്ലാഹുവിനെക്കുറിച്ച് ദുഷിച്ചധാരണ ധരിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളെയും, കപടവിശ്വാസിനികളെയും, ബഹുദൈവവിശ്വാസികളെയും, ബഹുദൈവവിശ്വാസിനികളെയും അവൻ ശിക്ഷിക്കുവാനും (കൂടിയാകുന്നു അത്.)

عَلَيۡهِمۡ دَآئِرَةُ ٱلسَّوۡءِۖ وَغَضِبَ ٱللَّهُ

عَلَيۡهِمۡ وَلَعَنَهُمۡ وَأَعَدَّ لَهُمۡ جَهَنَّمَۖ

وَسَآءَتۡ مَصِيرٗا ﴿٦﴾

അവരുടെമേല്‍ തിന്മയുടേതായ വലയം ഉണ്ട്; അല്ലാഹു അവരുടെമേല്‍ കോപിക്കുകയും, അവരെ ശപിക്കുകയും, അവര്‍ക്ക് ജഹന്നം [നരകം] ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. അത് വളരെ മോശമായ പര്യവസാന സ്ഥലം!

وَلِلَّهِ جُنُودُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ

وَكَانَ ٱللَّهُ عَزِيزًا حَكِيمًا ﴿٧﴾

﴾7﴿ അല്ലാഹുവിന് ആകാശങ്ങളിലെയും, ഭൂമിയിലെയും സൈന്യങ്ങളുണ്ട്. അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.

﴾6﴿ وَيُعَذِّبَ അവന്‍ ശിക്ഷിക്കുവാനും ٱلۡمُنَٰفِقِينَ കപടവിശ്വാസികളെ وَٱلۡمُنَٰفِقَٰتِ കപടവിശ്വാസിനികളെയും وَٱلۡمُشۡرِكِينَ ബഹുദൈവ വിശ്വാസികളെയും وَٱلۡمُشۡرِكَٰتِ ബഹുദൈവ വിശ്വാസിനികളെയും ٱلظَّآنِّينَ ധരിക്കുന്ന (ഊഹിക്കുന്ന- വിചാരിക്കുന്ന)വരായ بِٱللَّهِ അല്ലാഹുവിനെപ്പറ്റി ظَنَّ ٱلسَّوۡءِ ദുഷിച്ച ധാരണ, ചീത്തവിചാരം عَلَيۡهِمۡ അവരുടെമേല്‍ ഉണ്ട് دَآئِرَةُ വൃത്തം, വലയം ٱلسَّوۡءِ തിന്മയുടെ, ദൂഷ്യത്തിന്റെ وَغَضِبَ കോപിക്കുകയും ചെയ്തിരിക്കുന്നു ٱللَّهُ അല്ലാഹു عَلَيۡهِمۡ അവരുടെ മേല്‍ وَلَعَنَهُمۡ അവരെ ശപിക്കുകയും ചെയ്തിരിക്കുന്നു وَأَعَدَّ لَهُمۡ അവര്‍ക്ക് ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു جَهَنَّمَ ജഹന്നം وَسَآءَتۡ അത് വളരെ മോശപ്പെട്ടതാണ് مَصِيرٗا പര്യവസാനസ്ഥലം, പര്യവസാനം, മടക്കം, മടക്കസ്ഥാനം ﴾7﴿ وَلِلَّهِ അല്ലാഹുവിനുണ്ട് جُنُودُ ٱلسَّمَٰوَٰتِ ആകാശങ്ങളിലെ സൈന്യങ്ങള്‍ وَٱلۡأَرۡضِ ഭൂമിയിലെയും وَكَانَ ٱللَّهُ അല്ലാഹു ആകുന്നു عَزِيزًا പ്രതാപശാലി حَكِيمًا അഗാധജ്ഞന്‍

ഹുദൈബിയ്യാ വിജയത്തിന്റെ നേട്ടങ്ങളായി നബി തിരുമേനിﷺക്ക് ലഭിച്ചതായ നാല് നന്മകളെ 2 ഉം 3 ഉം ആയത്തുകളില്‍ അല്ലാഹു ചൂണ്ടിക്കാട്ടി: 1) തിരുമേനിയുടെ പാപങ്ങള്‍ പൊറുത്തുകൊടുക്കുക. 2) അനുഗ്രഹം പൂര്‍ണമാക്കിക്കൊടുക്കുക. 3) ചൊവ്വായ മാര്‍ഗത്തില്‍ നയിക്കുക. 4) അന്തസുറ്റ സഹായം നല്‍കുക. ഇവയാണത്. 4 ഉം 5 ഉം വചനങ്ങളില്‍ സത്യവിശ്വാസികള്‍ക്ക് ലഭിച്ച നാല് നന്മകളെയും ചൂണ്ടിക്കാട്ടി: 1) മനഃശാന്തി, 2) സത്യവിശ്വാസത്തില്‍ വര്‍ദ്ധനവ്. 3) സ്വര്‍ഗപ്രവേശനം. 4) പാപമോചനം. അതേസമയത്ത് അല്ലാഹുവിന്റെ

ശത്രുക്കളും, അവനെപ്പറ്റി തെറ്റായ ധാരണയും, ദുഷ്ടവിചാരങ്ങളും വെച്ച് പുലർത്തിവരുന്ന കപടവിശ്വാസികളോ, ബഹുദൈവവിശ്വാസികളോ ആയ സ്ത്രീപുരുഷൻമാർക്ക് അത്മൂലം ലഭിക്കുന്നതെന്താണെന്നത്രെ 6 -ാം വചനത്തിൽ പ്രസ്താവിക്കുന്നത്: 1) ശിക്ഷ. ശിർക്കിന്റെയും നിഫാകിന്റെയും (ബഹുദൈവ വിശ്വാസത്തിന്റെയും കപടവിശ്വാസത്തിന്റെ)യും നാരായവേരറ്റ് പോയത് ഹുദൈബിയ്യാ സന്ധി മുതൽക്കാണല്ലോ. 2) അല്ലാഹുവിന്റെ കോപം. 3) അവന്റെ ശാപം 4). അവസാനം നരകവും! ഓരോ വിഭാഗക്കാരുടെയും നേട്ടങ്ങൾ തമ്മിലുള്ള അന്തരം നോക്കുക!

പുരുഷൻമാർ മാത്രമല്ല, സ്ത്രീകളും മേൽകണ്ട ഗുണദോഷഫലങ്ങളിൽ പങ്കുകാരാണെന്ന് അല്ലാഹു പ്രത്യേകം എടുത്ത്പറഞ്ഞിട്ടുള്ളതും, അവന് ആകാശങ്ങളിലും ഭൂമിയിലും സൈന്യങ്ങളുണ്ടെന്ന് ഒന്നുകൂടി ആവർത്തിച്ച് പറഞ്ഞതും ശ്രദ്ധേയമാകുന്നു. അവൻ സർവ്വജ്ഞനാണ്, യുക്തിമത്തായ നിലയിൽ കാര്യങ്ങൾ നടത്തുന്ന അഗാധജ്ഞനാണ്, ആർക്കും വെല്ലുവാൻ കഴിയാത്ത പ്രതാപശാലിയാണ് എന്നൊക്കെ ഉണർത്തിയതും, സഗൗരവം മനസ്സിരുത്തേണ്ടതുണ്ട്.

إِنَّآ أَرْسَلْنَٰكَ شَٰهِدًا وَمُبَشِّرًا وَنَذِيرًا ﴿٨﴾

﴾8﴿ (നബിയേ) നിശ്ചയമായും നിന്നെ ഒരു സാക്ഷിയും, സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീത് നൽകുന്നവനുമായി നാം (നിയോഗിച്ച്) അയച്ചിരിക്കുകയാണ്.

﴾8﴿ إِنَّآ أَرْسَلْنَٰكَ നിശ്ചയമായും നാം നിന്നെ അയച്ചിരിക്കുന്നു شَٰهِدًا സാക്ഷിയായിട്ട് وَمُبَشِّرًا സന്തോഷവാർത്ത അറിയിക്കുന്നവനായും وَنَذِيرًا താക്കീതുകാരനായും

സൂ: അഹ്സാബ് 45 -ാം വചനത്തിന്റെ വ്യാഖ്യാനം നോക്കുക.

لِّتُؤْمِنُوا۟ بِٱللَّهِ وَرَسُولِهِۦ وَتُعَزِّرُوهُ وَتُوَقِّرُوهُ وَتُسَبِّحُوهُ بُكْرَةً وَأَصِيلًا ﴿٩﴾

﴾9﴿ നിങ്ങൾ അല്ലാഹുവിലും, അവന്റെ റസൂലിലും വിശ്വസിക്കുകയും, അവനെ (ബഹുമാനിച്ച്) സഹായിക്കുകയും, വന്ദിക്കുകയും ചെയ്യാനും, കാലത്തും, വൈകുന്നേരവും നിങ്ങൾ അവന് തസ്ബീഹ് (സ്തോത്രകീർത്തനം) ചെയ്യാനും (വേണ്ടിയാണത്).

﴾9﴿ لِّتُؤْمِنُوا۟ നിങ്ങൾ വിശ്വസിക്കുവാൻവേണ്ടി بِٱللَّهِ وَرَسُولِهِۦ അല്ലാഹുവിലും അവന്റെ റസൂലിലും وَتُعَزِّرُوهُ അവനെ സഹായിക്കുവാനും, ബഹുമാനിക്കുവാനും وَتُوَقِّرُوهُ അവനെ വന്ദിക്കുവാനും وَتُسَبِّحُوهُ അവന് തസ്ബീഹ് ചെയ്യുവാനും بُكْرَةً രാവിലെ, നേരത്തെ وَأَصِيلًا വൈകുന്നേരവും, വൈകിയിട്ടും

സാക്ഷി, സന്തോഷവാർത്ത അറിയിക്കുന്നവൻ, താക്കീത് നൽകുന്നവൻ എന്നീ മൂന്ന് സ്ഥാനവിശേഷതകളോടുകൂടി നബി തിരുമേനിﷺയെ നിയോഗിച്ചതിന്റെ ലക്ഷ്യം എന്തൊക്കെയാണെന്നാണ് ഈ വചനത്തിൽ സംക്ഷിപ്തമായി ചൂണ്ടിക്കാട്ടുന്നത്. ഒരു സത്യവിശ്വാസി അവന്റെ ജീവിതത്തിൽ സ്വീകരിക്കുകയും, അനുഷ്ഠിക്കുകയും ചെയ്യേണ്ടതുള്ള എല്ലാ കാര്യങ്ങളും ഈ വചനത്തിൽ പ്രസ്താവിച്ച നാല് കാര്യങ്ങളുടെ പൂർത്തീകരണവും വിശദാംശങ്ങളുമാണെന്ന് പറയാം. تعزر എന്ന വാക്കിന് ശക്തിപ്പെടുത്തുക, ബഹുമാനിക്കുക, സഹായിക്കുക എന്നൊക്കെയാണ് വാക്കർത്ഥം. ബഹുമാനാർത്ഥം സഹായിക്കുക എന്നത്രെ ഇവിടെ ഉദ്ദേശ്യം. (مفردات الراغب) അല്ലാഹുവിനെ സഹായിക്കുക എന്നതിന്റെ താൽപര്യം. അവന്റെ മതത്തെ സഹായിക്കുക എന്നാകുന്നു.

إِنَّ ٱلَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ ٱللَّهَ يَدُ ٱللَّهِ فَوْقَ أَيْدِيهِمْ

﴾10﴿ നിശ്ചയമായും, നിന്നോട് (സത്യ) പ്രതിജ്ഞ ചെയ്യുന്നവർ, അല്ലാഹുവിനോടുതന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്ക് മീതെയുണ്ട്.

فَمَن نَّكَثَ فَإِنَّمَا يَنكُثُ عَلَىٰ نَفْسِهِۦ ۖ وَمَنْ أَوْفَىٰ بِمَا عَـٰهَدَ عَلَيْهُ ٱللَّهَ فَسَيُؤْتِيهِ أَجْرًا عَظِيمًا ﴿١٠﴾

അതിനാൽ, ആരെങ്കിലും (പ്രതിജ്ഞ) ലംഘിച്ചാൽ അവൻ, തനിക്കെതിരായിത്തന്നെയാണ് (അത്) ലംഘിക്കുന്നത്. അല്ലാഹുവുമായി ഉടമ്പടി ചെയ്തതിനെ ആർ നിറവേറ്റിയോ അവന് മഹത്തായ പ്രതിഫലം അവൻ കൊടുത്തേക്കുന്നതാണ്.

﴾10﴿ إِنَّ ٱلَّذِينَ നിശ്ചയമായും യാതൊരുവർ يُبَايِعُونَكَ നിന്നോട് ബൈഅത്ത് (പ്രതിജ്ഞ) ചെയ്യുന്നവർ إِنَّمَا يُبَايِعُونَ അവർ ബൈഅത്ത് ചെയ്യുക തന്നെയാണ് (മാത്രമാണ്) ٱللَّهَ അല്ലാഹുവിനോട് يَدُ ٱللَّهِ അല്ലാഹുവിന്റെ കൈ فَوْقَ أَيْدِيهِمْ അവ

രുടെ കൈകൾക്ക് മീതെയുണ്ട് فَمَن نَّكَثَ അതിനാൽ ആരെങ്കിലും ലംഘിച്ചാൽ فَإِنَّمَا يَنكُثُ എന്നാലവൻ ലംഘിക്കുകതന്നെ (മാത്രം) ചെയ്യുന്നു عَلَىٰ نَفْسِهِۦ തന്റെ മേൽ (തനിക്കെതിരെ) وَمَنْ أَوْفَىٰ ആരെങ്കിലും നിറവേറ്റിയാൽ, ആർ നിറവേററിയോ بِمَا യാതൊന്നിനെ عَـٰهَدَ عَلَيْهُ അതിന്റെ പേരിൽ അവൻ ഉടമ്പടി (കരാർ) ചെയ്തു ٱللَّهَ അല്ലാഹുവിനോട് فَسَيُؤْتِيهِ എന്നാൽ (വഴിയെ) അവന് അവൻ കൊടുക്കും أَجْرًا عَظِيمًا വമ്പിച്ച (മഹത്തായ) പ്രതിഫലം

ഹുദൈബിയ്യായിൽവെച്ച് മുശ്‌രിക്കുകളുമായി സന്ധി നടക്കുന്നതിന് മുമ്പ്, മരണംവരെ യുദ്ധം ചെയ്തുകൊള്ളാമെന്ന് ഒരു വൃക്ഷത്തിന്റെ ചുവട്ടിൽവെച്ച് സ്വഹാബികൾ നബിﷺയോട് ഒരു പ്രതിജ്ഞ (بيعة) ചെയ്യുകയുണ്ടായല്ലോ, അതാണിവിടെ ഉദ്ദേശ്യം. പ്രത്യക്ഷത്തിൽ അത് നബിﷺയുമായി നടന്ന പ്രതിജ്ഞയാണെങ്കിലും, വാസ്തവത്തിൽ അല്ലാഹുവുമായി നടന്ന പ്രതിജ്ഞയാണത്. പ്രതിജ്ഞാവേളയിൽ കൈകൊടുത്തത് നബിﷺയാണെങ്കിലും അല്ലാഹു നേരിൽ കൈകൊടുത്തതിന് സമവുമാണ് എന്ന് സാരം. (ഒരാൾ മറ്റൊരാളുമായി ബൈഅത്ത് ചെയ്യുമ്പോൾ അന്യോന്യം കൈകൊടുക്കുക പതിവാണ്.)

നബിﷺയും സ്വഹാബികളും ഉംറഃകർമം (العمرة) നിർവ്വഹിക്കുവാൻ മക്കഃയിലേക്ക് പോയതാണല്ലോ സന്ധിക്കും മറ്റും കാരണമായത്. ഈ യാത്രയിൽ പങ്കെടുക്കുവാൻ തിരുമേനി ജനങ്ങളെ ക്ഷണിക്കുകയുണ്ടായി. ജുഹൈനഃ, മുസൈനഃ, ഗിഫാർ, അശ്ജഅ്, ദീൽ, അസ്‌ലം (جهينة ، مزينة ، غفار ، اشجع ، ديل ، اسلم) എന്നീ ഗോത്രക്കാർ ക്ഷണം സ്വീകരിച്ചില്ല. സത്യവിശ്വാസം ഹൃദയത്തിൽ അടിയുറച്ച് കഴിഞ്ഞിട്ടില്ലാത്ത ഉൾനാട്ടുകാരാ(الأعراب)യിരുന്നു ഇവർ. യാത്ര ഒരു യുദ്ധത്തെ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ലെന്ന് പ്രത്യക്ഷത്തിൽ മനസ്സിലാക്കാമായിരുന്നു. ബലിമൃഗങ്ങളുംകൊണ്ടാണ് നബിﷺപുറപ്പെട്ടിരുന്നത്. മാത്രമല്ല, സ്വഹാബികൾ യുദ്ധസാമഗ്രികളും കൂടെ കരുതിയിരുന്നില്ല. എങ്കിലും ക്വുറൈശികളുമായി ഏറ്റുമുട്ടിയേക്കുമെന്ന ഭയം നിമിത്തം ഒഴിഞ്ഞുമാറുകയാണവർ ചെയ്തത്. ഇങ്ങനെ പിന്നോക്കം നിന്നവരെപ്പറ്റിയാണ് അടുത്ത വചനങ്ങളിൽ പ്രസ്താവിക്കുന്നത്. തിരുമേനി മദീനഃയിൽ തിരിച്ചുവരുമ്പോൾ അവരുടെ നില എന്തായിരിക്കുമെന്ന് അല്ലാഹു മുൻകൂട്ടി അറിവ് കൊടുക്കുന്നു:-

വിഭാഗം - 2

سَيَقُولُ لَكَ ٱلْمُخَلَّفُونَ مِنَ

(11) അഅ്റാബി [മരുഭൂവാസികളായ (ഗ്രാമീണ) അറബി]കളിൽ നിന്ന് പിന്നോക്കം നിന്നവർ

ٱلْأَعْرَابِ شَغَلَتْنَآ أَمْوَٰلُنَا وَأَهْلُونَا
فَٱسْتَغْفِرْ لَنَا ۚ يَقُولُونَ بِأَلْسِنَتِهِم
مَّا لَيْسَ فِى قُلُوبِهِمْ ۚ قُلْ فَمَن
يَمْلِكُ لَكُم مِّنَ ٱللَّهِ شَيْـًٔا إِنْ
أَرَادَ بِكُمْ ضَرًّا أَوْ أَرَادَ بِكُمْ نَفْعًۢا ۚ
بَلْ كَانَ ٱللَّهُ بِمَا تَعْمَلُونَ خَبِيرًۢا
﴿١١﴾

നിന്നോട് പറഞ്ഞേക്കും: ഞങ്ങളുടെ സ്വത്തുക്കളും കുടുംബങ്ങളും ഞങ്ങളെ ജോലിത്തിരക്കിലാക്കി. അതുകൊണ്ട് ഞങ്ങൾക്ക് വേണ്ടി താങ്കൾ പാപമോചനം തേടണം. തങ്ങളുടെ ഹൃദയത്തിൽ ഇല്ലാത്തത് അവർ തങ്ങളുടെ നാവുകൊണ്ട് പറയുന്നതാണ്.

പറയുക: എന്നാൽ, അല്ലാഹു നിങ്ങളിൽ വല്ല ഉപദ്രവവും [തിൻമയും] ഉദ്ദേശിക്കുകയോ, അല്ലെങ്കിൽ അവൻ നിങ്ങളിൽ വല്ല ഉപകാരവും [നന്മയും] ഉദ്ദേശിക്കുകയോ ചെയ്തുവെങ്കിൽ അവനിൽനിന്ന് നിങ്ങൾക്ക് വല്ല ഒരു കാര്യത്തിനും സാധിക്കുന്നവർ ആരാണുള്ളത്?! പക്ഷേ, (അതിന് പുറമെ) നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു സൂക്ഷ്മമായറിയുന്നവനാകുന്നു.

بَلْ ظَنَنتُمْ أَن لَّن يَنقَلِبَ ٱلرَّسُولُ
وَٱلْمُؤْمِنُونَ إِلَىٰٓ أَهْلِيهِمْ أَبَدًا
وَزُيِّنَ ذَٰلِكَ فِى قُلُوبِكُمْ
وَظَنَنتُمْ ظَنَّ ٱلسَّوْءِ وَكُنتُمْ
قَوْمًۢا بُورًا ﴿١٢﴾

﴾12﴿ പക്ഷേ, നിങ്ങൾ ധരിച്ചു, റസൂലും സത്യവിശ്വാസികളും അവരുടെ കുടുംബങ്ങളിലേക്ക് ഒരിക്കലും തിരിച്ചെത്തുകയില്ലെന്ന്, അത് നിങ്ങളുടെ ഹൃദയങ്ങളിൽ ഭംഗിയാ(യി തോന്നിപ്പി)ക്കപ്പെടുകയും, നിങ്ങൾ ദുഷിച്ചധാരണ ധരിക്കുകയും ചെയ്തു. നിങ്ങൾ നാശോന്മുഖരായ ഒരു ജനതയുമാകുന്നു.

وَمَن لَّمْ يُؤْمِن بِٱللَّهِ وَرَسُولِهِۦ فَإِنَّآ أَعْتَدْنَا لِلْكَٰفِرِينَ سَعِيرًا ﴿١٣﴾

﴾13﴿ അല്ലാഹുവിലും, അവന്റെ റസൂലിലും ആര്‍ വിശ്വസിക്കുന്നില്ല യോ, എന്നാല്‍, (ആ) അവിശ്വാസി കള്‍ക്ക് നിശ്ചയമായും നാം ജ്വലി ക്കുന്ന അഗ്നി ഒരുക്കിവെച്ചിരിക്കു ന്നു.

وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ يَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۚ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿١٤﴾

﴾14﴿ അല്ലാഹുവിനാണ് ആകാ ശങ്ങളുടെയും ഭൂമിയുടെയും രാജാ ധിപത്യം. അവന്‍ ഉദ്ദേശിക്കുന്ന വര്‍ക്ക് അവന്‍ പൊറുത്തുകൊ ടുക്കും; അവന്‍ ഉദ്ദേശിക്കുന്നവരെ അവന്‍ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

﴾11﴿ سَيَقُولُ لَكَ നിന്നോട് (വഴിയെ) പറഞ്ഞേക്കും ٱلْمُخَلَّفُونَ പിന്തിക്കപ്പെട്ട വര്‍ (പിന്നോക്കം നിന്നവര്‍) مِنَ ٱلْأَعْرَابِ അഅ്റാബി (മരുഭൂവാസികളായ- ഗ്രാമീ ണ- അറബി)കളില്‍ നിന്ന് شَغَلَتْنَا ഞങ്ങളെ ജോലിത്തിരക്കിലാക്കി (ഒഴിവില്ലാതാ ക്കി) أَمْوَٰلُنَا ഞങ്ങളുടെ സ്വത്തുക്കള്‍ وَأَهْلُونَا ഞങ്ങളുടെ കുടുംബങ്ങളും فَٱسْتَغْفِرْ لَنَا അതുകൊണ്ട് ഞങ്ങള്‍ക്ക് പാപമോചനം തേടണം يَقُولُونَ അവര്‍ പറയുന്നു, പറയും بِأَلْسِنَتِهِم അവരുടെ നാവുകളാല്‍ مَّا لَيْسَ ഇല്ലാത്തത് فِى قُلُوبِهِمْ അവരുടെ ഹൃദയങ്ങ ളില്‍, മനസ്സില്‍ قُلْ നീ പറയുക فَمَن يَمْلِكُ എന്നാല്‍ ആര്‍ക്ക് സാധിക്കും, ആര്‍ സ്വാധീനമാക്കും لَكُم നിങ്ങള്‍ക്ക് مِّنَ ٱللَّهِ അല്ലാഹുവില്‍ നിന്ന് شَيْـًٔا ഒരു കാര്യ ത്തിന്, വല്ലതിനും إِنْ أَرَادَ അവന്‍ ഉദ്ദേശിച്ചുവെങ്കില്‍ بِكُمْ നിങ്ങളില്‍ ضَرًّا ഒരു ഉപ ദ്രവം (തിന്മ) أَوْ أَرَادَ അല്ലെങ്കില്‍ ഉദ്ദേശിച്ച് بِكُمْ نَفْعًا നിങ്ങളില്‍ വല്ല ഉപകാരവും بَلْ പക്ഷേ, എങ്കിലും كَانَ ٱللَّهُ അല്ലാഹു ആകുന്നു بِمَا تَعْمَلُونَ നിങ്ങള്‍ പ്രവര്‍ത്തിക്കു ന്നതിനെപ്പറ്റി خَبِيرًا സൂക്ഷ്മമായറിയുന്നവന്‍ ﴾12﴿ بَلْ ظَنَنتُمْ പക്ഷേ നിങ്ങള്‍ ധരി ച്ചു, കരുതി أَن لَّن يَنقَلِبَ തിരിച്ചെത്തുന്നതേയല്ലെന്ന് ٱلرَّسُولُ റസൂല്‍ وَٱلْمُؤْمِنُونَ സത്യ വിശ്വാസികളും إِلَىٰٓ أَهْلِيهِمْ അവരുടെ കുടുംബങ്ങളി (സ്വന്തക്കാരി)ലേക്ക് أَبَدًا ഒരി ക്കലും, എന്നും وَزُيِّنَ ذَٰلِكَ അത് ഭംഗിയാക്കപ്പെടുക فِى قُلُوبِكُمْ നിങ്ങളുടെ ഹൃദയങ്ങ

ഴിൽ وَظَنَنتُمْ നിങ്ങൾ ധരിക്കയും ചെയ്തു ظَنَّ ٱلسَّوْءِ ദുഷിച്ച ധാരണ, ദുർവി
ചാരം وَكُنتُمْ നിങ്ങളാണ് താനും, ആകുകയും ചെയ്തു قَوْمًۢا بُورًا നശിച്ച (നാ
ശോൻമുഖരായ) ഒരു ജനത ﴾13﴿ وَمَن لَّمْ يُؤْمِنۢ ആർ വിശ്വസിച്ചില്ലയോ بِٱللَّهِ അല്ലാ
ഹുവിൽ وَرَسُولِهِۦ അവന്റെ റസൂലിലും فَإِنَّآ أَعْتَدْنَا എന്നാൽ നിശ്ചയമായും നാം
ഒരുക്കിവെച്ചിരിക്കുന്നു لِلْكَٰفِرِينَ അവിശ്വാസികൾക്ക് سَعِيرًا ജ്വലിക്കുന്ന അഗ്നി
﴾14﴿ وَلِلَّهِ അല്ലാഹുവിനാണ് مُلْكُ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ രാജത്വം وَٱلْأَرْضِ ഭൂമി
യുടെയും يَغْفِرُ അവൻ പൊറുക്കും لِمَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَيُعَذِّبُ
ശിക്ഷിക്കുകയും ചെയ്യും مَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവരെ وَكَانَ ٱللَّهُ അല്ലാഹു
ആകുന്നു غَفُورًا വളരെ പൊറുക്കുന്നവൻ رَّحِيمًا കരുണാനിധി

ഹിജ്റഃ 6 -ാം കൊല്ലാവസാനത്തിൽ ഹുദൈബിയ്യാ സംഭവം നടന്നു. ഏഴാം കൊല്ലം ആദ്യത്തിൽ തന്നെ, ഖൈബറിൽവെച്ച് വഞ്ചനാവർഗമായ യഹൂദികളുമായി നേരിടേണ്ടി വന്നു. ഹുദൈബിയ്യാ സന്ധി നിമിത്തം ക്വുറൈശികളും അവരുമായി സഖ്യബന്ധമുള്ളതും അടങ്ങിയിരിക്കുകയായതുകൊണ്ട് ഈ സംഘട്ടനം വിജയത്തിൽ കലാശിക്കുമെന്ന് പ്രതീക്ഷിക്കുവാൻ വകയുണ്ടായിരുന്നു. മാത്രമല്ല, കുറെ ഗനീമത്ത്(യുദ്ധവേളയിൽ ശത്രുക്കളിൽ നിന്ന് പിടിച്ചെടുക്കുന്ന സ്വത്ത്) ലഭിച്ചേക്കുവാനും ഇടയുണ്ടായിരുന്നു. അതുകൊണ്ട് കഴിഞ്ഞ പ്രാവശ്യം ഒഴികഴിവ് പറഞ്ഞു പിന്തിനിന്നവർ ഇപ്രാവശ്യം സ്വയം മുന്നോട്ട് വരുകയുണ്ടായി. പക്ഷേ, ഹുദൈബിയ്യായിൽ പങ്കെടുത്ത സ്വഹാബികൾ മാത്രം ഇതിൽ പങ്കെടുത്താൽ മതിയെന്ന് നബിﷺക്ക് അല്ലാഹുവിൽനിന്ന് നിർദ്ദേശം ലഭിച്ചിരുന്നു. ഇതിനെപ്പറ്റിയാണ് അല്ലാഹു തുടർന്ന് പറയുന്നത്:

سَيَقُولُ ٱلْمُخَلَّفُونَ إِذَا ٱنطَلَقْتُمْ إِلَىٰ مَغَانِمَ لِتَأْخُذُوهَا ذَرُونَا نَتَّبِعْكُمْ ۖ يُرِيدُونَ أَن يُبَدِّلُوا۟ كَلَٰمَ ٱللَّهِ

﴾15﴿ നിങ്ങൾ വല്ല ഗനീമത്ത് [യുദ്ധത്തിൽ ശത്രുക്കളിൽനിന്ന് ലഭിക്കുന്ന] സ്വത്തുക്കളിലേക്കും-അവ എടുക്കുവാൻവേണ്ടി-പോകുന്നതായാൽ(ആ) പിന്നോക്കം നിന്നവർ പറഞ്ഞേക്കും; 'ഞങ്ങളെ വിട്ടേക്കണം [അനുവദിക്കണം] ഞങ്ങൾ നിങ്ങളെ അനുഗമിക്കട്ടെ'.അവർ അല്ലാഹുവിന്റെ വാക്യത്തെ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുകയാണ്.

قُل لَّن تَتَّبِعُونَا كَذَٰلِكُمْ قَالَ ٱللَّهُ مِن قَبْلُ ۖ فَسَيَقُولُونَ بَلْ تَحْسُدُونَنَا ۚ بَلْ كَانُوا۟ لَا يَفْقَهُونَ إِلَّا قَلِيلًا ﴿١٥﴾

(നബിയേ) പറയുക: നിങ്ങള്‍ ഞങ്ങളെ അനുഗമിച്ചു വരികയില്ല (അഥവാ വരാവതല്ല) തന്നെ. അല്ലാഹു മുമ്പേ അങ്ങനെ പറഞ്ഞിരിക്കുന്നു. അപ്പോള്‍ അവര്‍ പറഞ്ഞേക്കും; (അല്ല) പക്ഷെ, നിങ്ങള്‍ ഞങ്ങളോട് അസൂയ കാണിക്കുകയാണ്. (അല്ല) പക്ഷേ, അവര്‍ അല്പമാത്രമല്ലാതെ (കാര്യം) ഗ്രഹിക്കാതിരിക്കുകയാണ്.

﴿15﴾ سَيَقُول (വഴിയെ) പറഞ്ഞേക്കും ٱلْمُخَلَّفُونَ പിന്നോക്കം നിന്നവര്‍ إِذَا ٱنطَلَقْتُمْ നിങ്ങള്‍ പോയാല്‍, പോകുമ്പോള്‍ إِلَىٰ مَغَانِمَ ഗനീമത്ത്കളിലേക്ക് لِتَأْخُذُوهَا നിങ്ങള്‍ അത് എടുക്കുവാന്‍വേണ്ടി ذَرُونَا ഞങ്ങളെ വിട്ടേക്കുവിന്‍ (അനുവദിക്കണം) نَتَّبِعْكُمْ ഞങ്ങള്‍ നിങ്ങളെ അനുഗമിക്കട്ടെ, പിന്‍തുടരട്ടെ يُرِيدُونَ അവര്‍ ഉദ്ദേശിക്കുന്നു أَن يُبَدِّلُوا۟ മാറ്റി മറിക്കുവാന്‍ كَلَٰمَ ٱللَّهِ അല്ലാഹുവിന്റെ വാക്യം قُل നീ പറയുക لَّن تَتَّبِعُونَا നിങ്ങള്‍ ഞങ്ങളെ അനുഗമിക്കുന്നതേയല്ല كَذَٰلِكُمْ അപ്രകാരം قَالَ ٱللَّهُ അല്ലാഹു പറഞ്ഞിരിക്കുന്നു مِن قَبْلُ മുമ്പ്, മുമ്പേ فَسَيَقُولُونَ അപ്പോള്‍ (എന്നാല്‍) അവര്‍ പറഞ്ഞേക്കും بَلْ تَحْسُدُونَنَا പക്ഷേ, നിങ്ങള്‍ ഞങ്ങളോട് അസൂയ കാണിക്കുകയാണ് بَلْ كَانُوا۟ പക്ഷേ, അവരാകുന്നു, ആയിരിക്കുന്നു لَا يَفْقَهُونَ അവര്‍ ഗ്രഹിക്കുന്നില്ല إِلَّا قَلِيلًا അല്പമല്ലാതെ

ഗനീമത്ത്(الغنيمة) കരസ്ഥമാക്കുവാന്‍ പോകുക എന്ന് പറഞ്ഞത് ഖൈബറിലേക്കുള്ള പടയെടുപ്പും, അല്ലാഹുവിന്റെ വാക്യം (كلام الله) എന്ന് പറഞ്ഞത്, ഖൈബറില്‍നിന്ന് ലഭിക്കുന്ന ഗനീമത്തുകള്‍ ഹുദൈബിയ്യാ സംഭവത്തില്‍ പങ്കെടുത്തവര്‍ക്ക് മാത്രമുള്ളതാണെന്ന വാഗ്ദാനവുമാകുന്നു. ഒരു സംഘട്ടനത്തിനുള്ള യാതൊരു മുന്‍കരുതലുമില്ലാത്ത ഒരവസരത്തില്‍, തങ്ങളെക്കാള്‍ എത്രയോ വമ്പിച്ച ഒരു ശത്രുവെ ഓര്‍ക്കാപ്പുറത്ത് നേരിടേണ്ടി വരുമെന്ന ഘട്ടമെത്തിയപ്പോള്‍ യാതൊരു വൈമനസ്യവും കാണിക്കാതെ, ജീവന്‍ ബലിയര്‍പ്പിക്കുവാന്‍ പ്രതിജ്ഞയെടുത്തവരാണ് ആ ധീര മുജാഹിദുകളായ സ്വഹാബികള്‍. അവര്‍ക്ക് പ്രത്യേകമായി അല്ലാഹു നിശ്ചയിച്ചു കൊടുത്തതായിരുന്നു ഖൈബറിലെ ഗനീമത്തുകള്‍. അതുകൊണ്ട് ഗനീമത്തില്‍നിന്ന് യാതൊരു പങ്കും ആവശ്യപ്പെടാതെ, യുദ്ധത്തെ മാത്രം ഉദ്ദേശിച്ചുപോരുന്നവര്‍ക്കല്ലാതെ ഖൈബറിലേക്ക് പുറപ്പെടുവാന്‍ നബിﷺ അനുവാദം കൊടുത്തിരുന്നില്ല.

قُل لِّلْمُخَلَّفِينَ مِنَ ٱلْأَعْرَابِ سَتُدْعَوْنَ إِلَىٰ قَوْمٍ أُو۟لِى بَأْسٍ شَدِيدٍ تُقَـٰتِلُونَهُمْ أَوْ يُسْلِمُونَ

﴿16﴾ അഅ്റാബി [മരുഭൂവാസികളായ അറബി]കളിൽ നിന്ന് പിന്നോക്കം നിന്നവരോട് പറയുക: ശക്തിമത്തായ സമരശേഷിയുള്ള ഒരു ജനതയുടെ അടുക്കലേക്ക് നിങ്ങൾ (വഴിയെ) ക്ഷണിക്കപ്പെട്ടേക്കും; നിങ്ങളവരോട് യുദ്ധം ചെയ്യണം, അല്ലാത്തപക്ഷം അവർ കീഴൊതുങ്ങണം. (അഥവാ ഇസ്‌ലാമിനെ അംഗീകരിക്കണം)

فَإِن تُطِيعُوا۟ يُؤْتِكُمُ ٱللَّهُ أَجْرًا حَسَنًا ۖ وَإِن تَتَوَلَّوْا۟ كَمَا تَوَلَّيْتُم مِّن قَبْلُ يُعَذِّبْكُمْ عَذَابًا أَلِيمًا ﴿١٦﴾

അപ്പോൾ, നിങ്ങൾ അനുസരിക്കുന്നപക്ഷം, അല്ലാഹു നിങ്ങൾക്ക് നല്ലതായ പ്രതിഫലം നൽകും; നിങ്ങൾ മുമ്പ് പിൻതിരിഞ്ഞതുപോലെ പിന്തിരിയുകയാണെങ്കിലോ, അവൻ നിങ്ങളെ വേദനയേറിയ ശിക്ഷ ശിക്ഷിക്കുകയും ചെയ്യും.

﴿16﴾ قُل لِّلْمُخَلَّفِينَ പിന്നോക്കം നിന്നവരോട് പറയുക مِنَ ٱلْأَعْرَابِ അഅ്റാബികളിൽനിന്ന് سَتُدْعَوْنَ നിങ്ങൾ (വഴിയെ) ക്ഷണിക്കപ്പെടും إِلَىٰ قَوْمٍ ഒരു ജനതയുടെ അടുക്കലേക്ക് أُو۟لِى بَأْسٍ സമരശേഷി (ശക്തി, ധീരത)യുള്ളവരായ شَدِيدٍ കഠിനമായ, ശക്തമായ تُقَـٰتِلُونَهُمْ നിങ്ങളവരോട് യുദ്ധം ചെയ്യണം أَوْ يُسْلِمُونَ അല്ലെങ്കിൽ അവർ കീഴൊതുങ്ങണം (മുസ്‌ലിമാവണം) فَإِن تُطِيعُوا۟ അപ്പോൾ നിങ്ങൾ അനുസരിക്കുന്ന പക്ഷം يُؤْتِكُمُ ٱللَّهُ അല്ലാഹു നിങ്ങൾക്ക് നൽകും أَجْرًا حَسَنًا നല്ലകൂലി, പ്രതിഫലം وَإِن تَتَوَلَّوْا۟ നിങ്ങൾ പിൻതിരിയുന്ന പക്ഷം كَمَا تَوَلَّيْتُم നിങ്ങൾ പിൻതിരിഞ്ഞതുപോലെ مِّن قَبْلُ മുമ്പ് يُعَذِّبْكُمْ നിങ്ങളെ അവൻ ശിക്ഷിക്കും عَذَابًا أَلِيمًا വേദനയേറിയ ശിക്ഷ

യുദ്ധം ചെയ്തു പുണ്യം നേടുവാനും, മതത്തെ സഹായിക്കുവാനുമുള്ള അവസരം കഴിഞ്ഞുപോയിട്ടില്ല, എനിയും, പലരുമായി ഏറ്റുമുട്ടേണ്ടിവരും, അവരാണെങ്കിൽ വലിയ ധീരപരാക്രമികളുമായിരുന്നേക്കും, അവർ ഇസ്‌ലാമിനെ അംഗീകരിച്ച് കീഴൊതുങ്ങുന്ന കാലംവരെ യുദ്ധത്തിന്റെ ആവശ്യം നിലനിന്നേക്കും, അപ്പോഴൊക്കെ നിങ്ങൾ യുദ്ധത്തിനായി വീണ്ടും ക്ഷണിക്കപ്പെടും, ആ ക്ഷണം നിങ്ങൾ സ്വീകരിച്ചാൽ നിങ്ങൾക്ക് വമ്പിച്ച പ്രതിഫലവും

ലഭിക്കും, മുമ്പ് ചെയ്തപോലെ അപ്പോഴും നിങ്ങൾ പിന്നോക്കം നിന്നാൽ നിങ്ങൾക്ക് കടുത്ത ശിക്ഷയും അനുഭവപ്പെടും. എന്നൊക്കെ അവരെ അറിയിക്കുകയാണ്.

സമരശേഷിയുള്ള ജനങ്ങളിലേക്ക് നിങ്ങൾ ക്ഷണിക്കപ്പെടും (ستدعون إلى قوم الخ) എന്ന് പറഞ്ഞത്, മുസ്‌ലിംകൾക്ക് പിന്നീട് നേരിടേണ്ടി വന്ന ചില പ്രത്യേക സൈന്യങ്ങളെയും, യുദ്ധങ്ങളെയും ഉദ്ദേശിച്ചാണെന്ന് ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ച് കാണാം. ഇബ്നുജരീർ (റ) മുതലായവർ വ്യക്തമാക്കിയതുപോലെ, ഒരു പ്രത്യേക യുദ്ധത്തെയോ ജനതയെയോ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല- ഭാവിയെപ്പറ്റി പൊതുവിൽ പ്രസ്താവിച്ചതാണ്- എന്നുള്ളതാണ് ശരിയായ അഭിപ്രായം. അറബി മുശ്‌രിക്കുകളെ സംബന്ധിച്ചിടത്തോളം, മക്കാവിജയത്തിനുശേഷം, ഒന്നുകിൽ ഇസ്‌ലാമിനെ അംഗീകരിക്കുക, അല്ലെങ്കിൽ യുദ്ധം (الإسلام أو القتال) എന്ന നിലപാടാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളത്. സൂറത്തു തൗബഃയിൽ ഇതിനെപ്പറ്റി വിശദീകരിച്ചു പറഞ്ഞിരിക്കുന്നു. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം, അവർ ഇസ്‌ലാമിനെ അംഗീകരിക്കുകയോ, സ്വീകാര്യമായ സന്ധിവ്യവസ്ഥകളനുസരിച്ച് കീഴൊതുങ്ങുകയോ ചെയ്യുന്നത്വരേക്ക് മാത്രമേ അവരുമായി യുദ്ധത്തിന് സ്ഥാനമുള്ളൂ. أو يسلمون (അല്ലെങ്കിൽ കീഴൊതുങ്ങണം) എന്ന് പറഞ്ഞതിന്റെ താൽപര്യം ഇതിൽനിന്ന് മനസ്സിലാക്കാം. അടുത്ത വചനത്തിൽ, യുദ്ധത്തിന്റെ നിർബന്ധത്തിൽനിന്ന് ഒഴിവാക്കപ്പെട്ടവരെപ്പറ്റി പ്രസ്താവിക്കുന്നു:-

لَّيْسَ عَلَى ٱلْأَعْمَىٰ حَرَجٌ وَلَا عَلَى ٱلْأَعْرَجِ حَرَجٌ وَلَا عَلَى ٱلْمَرِيضِ حَرَجٌ

《17》 അന്ധന്റെ മേൽ വിഷമം [കുറ്റം] ഇല്ല; മുടന്തന്റെ മേലും വിഷമം ഇല്ല; രോഗിയുടെ മേലും വിഷമം ഇല്ല.

وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ يُدْخِلْهُ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۖ وَمَن يَتَوَلَّ يُعَذِّبْهُ عَذَابًا أَلِيمًا ۝١٧

അല്ലാഹുവിനെയും, അവന്റെ റസൂലിനെയും ആർ അനുസരിക്കുന്നുവോ അവനെ, അടിഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളിൽ അവൻ പ്രവേശിപ്പിക്കുന്നതാണ്. ആർ പിന്തിരിയുന്നുവോ അവനെ അവൻ വേദനയേറിയ ശിക്ഷ ശിക്ഷിക്കുകയും ചെയ്യും.

﴾17﴿ لَّيْسَ عَلَى ٱلْأَعْمَىٰ അന്ധന്റെ മേൽ ഇല്ല حَرَجٌ ഒരു വിഷമവും (കുറ്റം, തെറ്റ്) وَلَا عَلَى ٱلْأَعْرَجِ മുടന്തന്റെ മേലും ഇല്ല حَرَجٌ വിഷമം وَلَا عَلَى ٱلْمَرِيضِ രോഗിയുടെമേലും ഇല്ല حَرَجٌ വിഷമം وَمَن يُطِعِ ആർ അനുസരിക്കുന്നു (വഴിപ്പെടുന്നു)വോ ٱللَّهَ അല്ലാഹുവിന് وَرَسُولَهُۥ അവന്റെ റസൂലിനും يُدْخِلْهُ എന്നാലവനെ അവൻ പ്രവേശിപ്പിക്കും جَنَّٰتٍ സ്വർഗങ്ങളിൽ تَجْرِى സഞ്ചരിക്കുന്ന مِن تَحْتِهَا അതിന്റെ അടിഭാഗത്തുകൂടി ٱلْأَنْهَٰرُ അരുവി (നദി)കൾ وَمَن يَتَوَلَّ ആർ പിന്തിരിഞ്ഞുവോ يُعَذِّبْهُ അവനെ അവൻ ശിക്ഷിക്കും عَذَابًا أَلِيمًا വേദനയേറിയ ശിക്ഷ

വിഭാഗം- 3

ഹുദൈബിയ്യായിൽവെച്ച് ഇസ്‌ലാമിനുവേണ്ടി ജീവാർപ്പണം ചെയ്യാൻ പ്രതിജ്ഞയെടുത്ത സ്വഹാബികളെ പ്രശംസിച്ചുകൊണ്ടും, അവർക്ക് ലഭിക്കുന്ന നേട്ടങ്ങളെ വിവരിച്ചുകൊണ്ടും അല്ലാഹു പറയുന്നു:-

۞ لَّقَدْ رَضِىَ ٱللَّهُ عَنِ ٱلْمُؤْمِنِينَ إِذْ يُبَايِعُونَكَ تَحْتَ ٱلشَّجَرَةِ فَعَلِمَ مَا فِى قُلُوبِهِمْ فَأَنزَلَ ٱلسَّكِينَةَ عَلَيْهِمْ وَأَثَٰبَهُمْ فَتْحًا قَرِيبًا ﴿١٨﴾

﴾18﴿ (ആ) വൃക്ഷത്തിന്റെ ചുവട്ടിൽവെച്ച് നിന്നോട് പ്രതിജ്ഞ [ബൈഅത്ത്] ചെയ്യുമ്പോൾ (ആ) സത്യവിശ്വാസികളെക്കുറിച്ച് തീർച്ചയായും അല്ലാഹു തൃപ്തിപ്പെട്ടിട്ടുണ്ട്. അപ്പോൾ, അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിഞ്ഞിരിക്കുന്നു. അതിനാൽ, അവരിൽ അവൻ ശാന്തത ഇറക്കിക്കൊടുത്തു; ആസന്നമായ ഒരു വിജയം അവർക്ക് പ്രതിഫലം കൊടുക്കുകയും ചെയ്തു.

وَمَغَانِمَ كَثِيرَةً يَأْخُذُونَهَا ۗ وَكَانَ ٱللَّهُ عَزِيزًا حَكِيمًا ﴿١٩﴾

﴾19﴿ (കൂടാതെ) അവർ പിടിച്ചെടുക്കുന്ന വളരെ 'ഗനീമത്തു'കളും! അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

﴾18﴿ لَّقَدْ رَضِىَ തീർച്ചയായും തൃപ്തിപ്പെട്ടിട്ടുണ്ട് ٱللَّهُ അല്ലാഹു عَنِ ٱلْمُؤْمِنِينَ സത്യവിശ്വാസികളെക്കുറിച്ച് إِذْ يُبَايِعُونَكَ അവർ നിന്നോട് ബൈഅത്ത് ചെയ്യുമ്പോൾ تَحْتَ ٱلشَّجَرَةِ വൃക്ഷത്തിന്റെ ചുവട്ടിൽവെച്ച് فَعَلِمَ അപ്പോൾ അവൻ അറിഞ്ഞിരിക്കുന്നു مَا فِى قُلُوبِهِمْ അവരുടെ ഹൃദയങ്ങളിലുള്ളത് فَأَنزَلَ അതിനാൽ (എന്നിട്ട്) അവൻ ഇറക്കി ٱلسَّكِينَةَ ശാന്തത, അടക്കം, സമാധാനം عَلَيْهِمْ അവരിൽ وَأَثَٰبَهُمْ അവർക്ക് പ്രതിഫലം കൊടുക്കുകയും ചെയ്തു فَتْحًا قَرِيبًا ആസന്നമായ (അടുത്ത) ഒരു വിജയം ﴾19﴿ وَمَغَانِمَ ഗനീമത്തുകളെയും كَثِيرَةً വളരെ يَأْخُذُونَهَا അവർ പിടിച്ചെടുക്കുന്ന, അവരത് എടുക്കും وَكَانَ ٱللَّهُ അല്ലാഹു ആകുന്നു عَزِيزًا പ്രതാപശാലി حَكِيمًا അഗാധജ്ഞനായ

ആസന്നവിജയം, ഖൈബർ വിജയവും, വളരെ ഗനീമത്തുകൾഖൈബറിലെ യഹൂദികളിൽനിന്ന് ലഭിച്ച സ്വത്തുക്കളുമാകുന്നു. മുസ്‌ലിംകളിൽ പതിനഞ്ച് പേർ ശഹീദാ(രക്തസാക്ഷിയാ)യെങ്കിലും, ശത്രുക്കളുടെ ഏറ്റവും വലിയ കോട്ടയും കേന്ദ്രവുമായിരുന്ന ആ രാജ്യം അവർ ഉപേക്ഷിച്ചുപോകേണ്ടിവന്നു. വമ്പിച്ച കോട്ടകളും വളരെ കൃഷിസ്ഥലങ്ങളും അടക്കം ധാരാളം സ്വത്തുക്കൾ മുസ്‌ലിംകൾക്ക് ലഭിക്കുകയും ചെയ്തു. ഈ വിജയം മാത്രമല്ല, ഭാവിയിൽ സത്യവിശ്വാസികൾക്ക് എനിയും പല വിജയങ്ങൾ ലഭിക്കുവാനുണ്ടെന്ന്കൂടി അടുത്ത വചനത്തിൽ അവരെ അല്ലാഹു അറിയിക്കുന്നു:

وَعَدَكُمُ ٱللَّهُ مَغَانِمَ كَثِيرَةً تَأْخُذُونَهَا فَعَجَّلَ لَكُمْ هَٰذِهِۦ

﴾20﴿ നിങ്ങൾ (പിന്നീട്) പിടിച്ചെടുക്കുന്ന വളരെ ഗനീമത്തുകളെ അല്ലാഹു നിങ്ങളോട് വാഗ്ദാനം ചെയ്തിരിക്കുന്നു. എന്നാൽ, ഇത് അവൻ നിങ്ങൾക്ക് വേഗമാക്കിത്തന്നിരിക്കുകയാണ്.

وَكَفَّ أَيْدِىَ ٱلنَّاسِ عَنكُمْ وَلِتَكُونَ ءَايَةً لِّلْمُؤْمِنِينَ وَيَهْدِيَكُمْ صِرَٰطًا مُّسْتَقِيمًا ﴿٢٠﴾

ജനങ്ങളുടെ കൈകളെ നിങ്ങളിൽനിന്ന് അവൻ തടുക്കുകയും ചെയ്തു. സത്യവിശ്വാസികൾക്ക് ഇതൊരു ദൃഷ്ടാന്തമായിരിക്കുവാനും, നിങ്ങളെ ചൊവ്വായ പാതയിൽ നയിക്കുവാനും കൂടിയാകുന്നു (ഇതെല്ലാം)

﴾20﴿ وَعَدَكُمُ ٱللَّهُ അല്ലാഹു നിങ്ങളോട് (നിങ്ങള്‍ക്ക്) വാഗ്ദാനം ചെയ്തിരിക്കുന്നു مَغَانِمَ كَثِيرَةً വളരെ ഗനീമത്തുകള്‍ تَأْخُذُونَهَا നിങ്ങള്‍ പിടിച്ചെടുക്കുന്ന, നിങ്ങളത് എടുക്കും فَعَجَّلَ എന്നാല്‍ വേഗമാക്കി (ക്ഷണമാക്കി)ത്തന്നു لَكُمْ هَٰذِهِۦ നിങ്ങള്‍ക്ക് ഇത് وَكَفَّ അവന്‍ തടുക്കുക(തടയുക)യും ചെയ്തു أَيْدِىَ ٱلنَّاسِ ജനങ്ങളുടെ കൈകളെ عَنكُمْ നിങ്ങളില്‍നിന്ന് وَلِتَكُونَ അത് (ഇത്) ആകുവാനും ءَايَةً لِّلْمُؤْمِنِينَ സത്യവിശ്വാസികള്‍ക്ക് ദൃഷ്ടാന്തം وَيَهْدِيَكُمْ നിങ്ങളെ നയിക്കുവാനും, കാട്ടിത്തരുവാനും صِرَٰطًا പാത, വഴി مُّسْتَقِيمًا ചൊവ്വായ, നേരായ

നിഷ്കളങ്കമായ ത്യാഗത്തിനും, സേവനത്തിനും തയ്യാറുള്ളപക്ഷം, എല്ലാ സത്യവിശ്വാസികള്‍ക്കും ഇതുപോലെയുള്ള ഭാഗ്യങ്ങളും നേട്ടങ്ങളും കൈവരുമെന്നും, ഇത് അതിനൊരു ദൃഷ്ടാന്തമാണെന്നും അല്ലാഹു ഓര്‍മപ്പെടുത്തുന്നു. വളരെ ഗനീമത്തുകളെ വാഗ്ദാനം ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞത് മുസ്‌ലിംകള്‍ക്ക് ഭാവിയില്‍ കൈവരുവാനിരിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഇത് വേഗമാക്കിത്തന്നിരിക്കുകയാണ്എന്ന് പറഞ്ഞത് ഹുദൈബിയാ വിജയത്തെ ഉദ്ദേശിച്ചോ, ഖൈബര്‍ വിജയത്തെക്കുറിച്ചോ ആയിരിക്കാം. ഹുദൈബിയ്യായില്‍വെച്ച് മുശ്‌രിക്കുകള്‍ ഏറ്റുമുട്ടുവാനുള്ള സാഹചര്യം ഒഴിവാക്കിയത്, ഖൈബറിലേക്ക് മുസ്‌ലിംകള്‍ പടയെടുത്ത് പോയിരുന്നപ്പോള്‍ മദീനഃ പരിസരങ്ങളിലുള്ള യഹൂദികള്‍ മദീനഃയെ ആക്രമിക്കുവാന്‍ മുതിരാതിരുന്നത്, വമ്പിച്ച ആയുധസജ്ജീകരണങ്ങളും വന്‍ കോട്ടകളുമെല്ലാം ഉണ്ടായിരുന്നിട്ടും ഒരു ഘോരസമരം നടത്തുവാന്‍ ഖൈബറിലെ യഹൂദര്‍ക്ക് ധൈര്യമില്ലാതാക്കിയത്, ഇതെല്ലാം അല്ലാഹുവിന്റെ കാവല്‍ മാത്രമായിരുന്നു وكف ايد الناس عنكم (ജനങ്ങളുടെ കൈകളെ അവന്‍ നിങ്ങളില്‍നിന്ന് തടുക്കുകയും ചെയ്തു.) എന്ന വാക്യത്തില്‍ ഇതൊക്കെ ഉള്‍പ്പെടുന്നു.

وَأُخْرَىٰ لَمْ تَقْدِرُوا۟ عَلَيْهَا قَدْ أَحَاطَ ٱللَّهُ بِهَا ۚ وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرًا ﴿21﴾

﴾21﴿ വേറെ ചിലതും (ഉണ്ട്): നിങ്ങള്‍ക്ക് അതിന് കഴിവുണ്ടായിട്ടില്ല; അല്ലാഹു അവയെ വലയം ചെയ്തിട്ടുണ്ട്. [സൂക്ഷ്മമമായി അറിയുന്നുണ്ട്.] അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

﴾21﴿ وَأُخْرَىٰ വേറെയും (ചിലത്) لَمْ تَقْدِرُوا۟ നിങ്ങള്‍ക്ക് കഴിവുണ്ടായിട്ടില്ല عَلَيْهَا അതിന്, അവയ്ക്ക് قَدْ أَحَاطَ വലയം ചെയ്തിട്ടുണ്ട് ٱللَّهُ അല്ലാഹു بِهَا അവയെ

وَكَانَ ٱللَّهُ അല്ലാഹു ആകുന്നു عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും, എല്ലാ വസ്തുവിന്റെ മേലും قَدِيرًا കഴിവുള്ളവൻ

വേറെ ചിലതും(واخرى) എന്ന് പറഞ്ഞത് ഏറെത്താമസിയാതെ മുസ്ലിംകൾക്ക് കൈവരുവാനിരിക്കുന്ന ചില നേട്ടങ്ങളെയാണ് ചൂണ്ടിക്കാട്ടുന്നത്. ഈ അവസരത്തിൽ അവർക്ക് അതിനുള്ള സാഹചര്യങ്ങൾ ഉണ്ടായിക്കഴിഞ്ഞിട്ടില്ലെങ്കിലും, അടുത്ത ഭാവിയിൽ അതവർ നേടിയെടുക്കാതിരിക്കുകയില്ലെന്ന സന്തോഷവാർത്ത അല്ലാഹു മുൻകൂട്ടി അറിയിക്കുകയാണ്. ഹിജ്റഃ 8-ാം കൊല്ലത്തിൽ നടന്ന ഹുനൈൻ യുദ്ധത്തെയും, ആ യുദ്ധത്തിൽ ഹവാസിൻ (هوازن) ഗോത്രക്കാരിൽനിന്ന് ലഭിച്ച വമ്പിച്ച ഗനീമത്തുകളെയും ഉദ്ദേശിച്ചായിരിക്കാം ഈ വാഗ്ദാനം. അല്ലെങ്കിൽ ഉമർ (റ)ന്റെ ഖിലാഫത്ത് കാലത്ത് കൈവന്ന പേർഷ്യൻ വിജയങ്ങളെയും മറ്റും ഉദ്ദേശിച്ചും ആകാവുന്നതാണ്. ഏതായാലും, ഈ വാഗ്ദാനവും, സന്തോഷവാർത്തയും സത്യവിശ്വാസികൾക്ക് കൂടുതൽ പ്രോത്സാഹനവും ആവേശവും നൽകുന്നതാണെന്ന് പറയേണ്ടതില്ല. പേർഷ്യൻ സാമ്രാജ്യവും മുസ്ലിംകൾ ജയിച്ചടക്കുന്ന കാലം വിദൂരമല്ലെന്ന് നബി തിരുമേനി ﷺയും അവർക്ക് പലപ്പോഴും സന്തോഷവാർത്ത അറിയിച്ചിട്ടുണ്ടായിരുന്നു. അക്ഷരാർത്ഥത്തിൽ, ശരിക്കും അതെല്ലാം സംഭവിക്കുകയും ഉണ്ടായി.

وَلَوْ قَـٰتَلَكُمُ ٱلَّذِينَ كَفَرُوا۟ لَوَلَّوُا۟ ٱلْأَدْبَـٰرَ ثُمَّ لَا يَجِدُونَ وَلِيًّا وَلَا نَصِيرًا ﴿٢٢﴾

﴿22﴾ (ആ) അവിശ്വസിച്ചവർ നിങ്ങളുമായി യുദ്ധം ചെയ്തിരുന്നുവെങ്കിൽതന്നെ, അവൻ പിൻതിരിഞ്ഞുപോകുമായിരുന്നു. പിന്നീട്, ഒരു രക്ഷാധികാരിയെ (അഥവാ ബന്ധുവിനെ)യാകട്ടെ, ഒരു സഹായകനെയാകട്ടെ, അവർ കണ്ടെത്തുന്നതല്ല.

سُنَّةَ ٱللَّهِ ٱلَّتِى قَدْ خَلَتْ مِن قَبْلُ ۖ وَلَن تَجِدَ لِسُنَّةِ ٱللَّهِ تَبْدِيلًا ﴿٢٣﴾

﴿23﴾ (അതെ) മുമ്പ്മുതൽക്കേ (നടന്നു)കഴിഞ്ഞിട്ടുള്ള അല്ലാഹുവിന്റെ നടപടിക്രമം! അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു മാറ്റത്തിരുത്തവും നീ കണ്ടെത്തുകയില്ല തന്നെ.

﴾22﴿ وَلَوْ قَـٰتَلَكُمُ നിങ്ങളോട് യുദ്ധം ചെയ്തിരുന്നെങ്കിൽ ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർ لَوَلَّوُا۟ അവർ തിരിക്കും ٱلْأَدْبَـٰرَ പിൻപുറങ്ങൾ (പിൻതിരിഞ്ഞുപോകും) ثُمَّ لَا يَجِدُونَ പിന്നീടവർ കണ്ടെത്തുകയില്ല (കിട്ടുകയില്ല) وَلِيًّا ഒരു രക്ഷാകർത്താവിനെ (ബന്ധുവെ)യും وَلَا نَصِيرًا സഹായകനെയും ഇല്ല ﴾23﴿ سُنَّةَ ٱللَّهِ അല്ലാഹുവിന്റെ നടപടിക്രമം, ചട്ടം, വഴക്കം ٱلَّتِى قَدْ خَلَتْ കഴിഞ്ഞുപോയിട്ടുള്ളതായ مِن قَبْلُ മുമ്പേ, മുമ്പ്മുതൽ وَلَن تَجِدَ നീ കണ്ടെത്തുന്നതേയല്ല لِسُنَّةِ ٱللَّهِ അല്ലാഹുവിന്റെ നടപടിക്രമത്തിന് تَبْدِيلًا ഒരു മാറ്റത്തിരുത്തവും, മാറ്റലും

പ്രവാചകൻമാരുടെ ചേരിയും, ശത്രുക്കളുടെ ചേരിയും- സത്യവിശ്വാസികളും അവിശ്വാസികളും- തമ്മിൽ നടക്കുന്ന ധർമസമരങ്ങളിൽ, പ്രവാചകൻമാരുടെയും സത്യവിശ്വാസികളുടെയും കക്ഷിക്കായിരിക്കും അന്ത്യവിജയമെന്നത് അല്ലാഹു മുമ്പേ നടപ്പിലാക്കിവന്നിട്ടുള്ള ഒരു നടപടിക്രമമാണ്. അതിൽ മാറ്റം വരുന്നതല്ല. എന്നിരിക്കെ, ഹുദൈബിയായിലോ, ഖൈബറിലോ മറ്റോ അവർ മുസ്‌ലിംകളുമായി നേരിട്ട് യുദ്ധം നടത്തിയിരുന്നാൽ തന്നെയും അവർ ഒടുക്കം പിൻതിരിഞ്ഞ് പരാജയപ്പെടാതിരിക്കയില്ല എന്ന് സാരം.

وَهُوَ ٱلَّذِى كَفَّ أَيْدِيَهُمْ عَنكُمْ وَأَيْدِيَكُمْ عَنْهُم بِبَطْنِ مَكَّةَ مِنۢ بَعْدِ أَنْ أَظْفَرَكُمْ عَلَيْهِمْ ۚ وَكَانَ ٱللَّهُ بِمَا تَعْمَلُونَ بَصِيرًا ﴿٢٤﴾

﴾24﴿ മക്കഃയുടെ ഉള്ളിൽവെച്ച് അവരുടെ കൈകളെ നിങ്ങളിൽനിന്നും, നിങ്ങളുടെ കൈകളെ അവരിൽനിന്നും (പരസ്പരം ഏറ്റുമുട്ടാതെ) തടുത്തുവെച്ചവനും അവനത്രെ; നിങ്ങൾക്ക് അവരുടെ മേൽ ജയം നൽകിയതിനുശേഷം. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

﴾24﴿ وَهُوَ ٱلَّذِى അവനത്രെ യാതൊരുവൻ, അവൻ യാതൊരുവനാണ് كَفَّ أَيْدِيَهُمْ അവരുടെ കൈകളെ തടുത്ത, തടഞ്ഞ عَنكُمْ നിങ്ങളിൽനിന്ന് وَأَيْدِيَكُمْ നിങ്ങളുടെ കൈകളെയും عَنْهُم അവരിൽനിന്ന് بِبَطْنِ مَكَّةَ മക്കഃയുടെ ഉള്ളിൽവെച്ച് مِنۢ بَعْدِ ശേഷം, പിന്നീടായി أَنْ أَظْفَرَكُمْ നിങ്ങളെ ജയിപ്പിച്ച (നിങ്ങൾക്ക് ജയം നൽകിയ)

തിന്റെ عَلَيْهِمْ അവരോട്, അവരുടെമേൽ وَكَانَ ٱللَّهُ അല്ലാഹു ആകുന്നു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بَصِيرًا കണ്ടറിയുന്നവൻ

ഹുദൈബിയായിലെ സന്ധി പൂർത്തിയാകുന്നതിനുമുമ്പ് അവിടെവെച്ച് ഒരു ഏറ്റുമുട്ടലിന്റെ വക്കോളം എത്തുന്ന ചില സംഭവങ്ങൾ നടക്കുകയുണ്ടായി. ആയുധധാരികളായ ഒരു സൈന്യസംഘം വന്ന് മുസ്ലിംകളുടെ നേരെ അക്രമത്തിന് മുതിർന്നു. സ്വഹാബികൾക്ക് അവരെ പിടിച്ച് നബിﷺയുടെ മുമ്പിൽ കൊണ്ടുവരുവാൻ സാധിച്ചു. പക്ഷേ, നബിﷺ അവർക്ക് മാപ്പുനൽകി വിടുകയാണുണ്ടായത്. അങ്ങനെ, മക്കഃയുടെ അതിർത്തിക്കുള്ളിൽവെച്ച് ഒരു യുദ്ധം കൂടാതെ അല്ലാഹു കാത്തു.വൃക്ഷത്തിന്റെ ചുവട്ടിൽവെച്ച് ബൈഅത്ത്- രിദ്വാൻ (അല്ലാഹുവിന്റെ തൃപ്തി ലഭിച്ച ആ പ്രതിജ്ഞ) കഴിഞ്ഞശേഷം പൂർവ്വാധികം ധീരതയും മനക്കരുത്തും കൈവന്ന സ്വഹാബികളുടെ ഭാഗത്തുനിന്നും, കേവലം നിരായുധരായ ആ 1400 ആളുകളുടെ നേരെ സുശക്തമായ ഒരു ആക്രമണം നടത്തിനോക്കുവാൻ കെൽപുള്ള ഖുറൈശികളുടെ ഭാഗത്തുനിന്നും ഒരു യുദ്ധത്തിന് തുടക്കമുണ്ടാകുവാൻ സാധ്യതയുണ്ടായിരുന്നു. അതും സംഭവിച്ചില്ല. അങ്ങനെ, പരിശുദ്ധ മക്കഃയിൽ രക്തച്ചൊരിച്ചിൽ ഉണ്ടാകുവാൻ ഹേതുവായില്ല. മക്കഃയിൽ നിന്ന് അൽപമാത്രം നാഴിക അകലെയായി തൊട്ടുകിടക്കുന്ന സ്ഥലമാണ് ഹുദൈബിയാ. അതിന്റെ കുറെ ഭാഗം മക്കാ ഹറമിൽ പെട്ടതാണെന്നും പറയപ്പെടുന്നു.

ഹുദൈബിയാ സന്ധിയാണല്ലോ മക്കാവിജയത്തിന് കളം ഒരുക്കിയത്. ഖുറൈശികളിൽനിന്ന് സന്ധി ലംഘനം ഉണ്ടായപ്പോൾ പതിനായിരം വരുന്ന സ്വഹാബികളോടുകൂടി നബിﷺ മക്കഃയിൽ പ്രവേശിച്ചു. ഒരു മുന്നറിയിപ്പും കൂടാതെ അവരെ വലയം ചെയ്തു. അതുവരെയുള്ള ചരിത്രം നോക്കിയാലും, അപ്പോഴത്തെ പരിതസ്ഥിതികൾ ആലോചിച്ചാലും അവിടെ ഒരു ഘോരയുദ്ധം നടക്കുവാനുള്ള കാരണങ്ങളുണ്ടായിരുന്നു. അത് സംഭവിക്കാതെ മക്കഃ ജയിച്ചടക്കുവാൻ സാധ്യമായതിനെ ഉദ്ദേശിച്ചാണ് ഈ വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത് എന്നത്രെ ചില വ്യാഖ്യാതാക്കൾ പറയുന്നത്. പക്ഷേ, ഈ അദ്ധ്യായം അവതരിച്ചത് മക്കാവിജയത്തിന് മുമ്പാണെന്ന വസ്തുത അതിന് അനുകൂലമല്ല.

هُمُ ٱلَّذِينَ كَفَرُوا۟ وَصَدُّوكُمْ عَنِ ٱلْمَسْجِدِ ٱلْحَرَامِ وَٱلْهَدْىَ مَعْكُوفًا أَن يَبْلُغَ مَحِلَّهُۥ

﴿25﴾ അവിശ്വസിക്കുകയും, മസ്ജിദുൽഹറാമിൽ [പവിത്രമായ പള്ളിയിൽ] നിന്ന് നിങ്ങളെ തടയുകയും ചെയ്തവരത്രെ അവർ; ബലിമൃഗം അതിന്റെ നിശ്ചിതസ്ഥാനത്ത് എത്തിച്ചേരുന്നതിന് മുടക്കം ചെയ്യപ്പെട്ട നിലയിൽ അതിനെയും (അവർ തടഞ്ഞു.)

وَلَوْلَا رِجَالٌ مُّؤْمِنُونَ وَنِسَآءٌ مُّؤْمِنَٰتٌ لَّمْ تَعْلَمُوهُمْ أَن تَطَـُٔوهُمْ فَتُصِيبَكُم مِّنْهُم مَّعَرَّةٌۢ بِغَيْرِ عِلْمٍ ۖ

നിങ്ങള്‍ അറിഞ്ഞിട്ടില്ലാത്ത സത്യവിശ്വാസികളായ ചില പുരുഷന്‍മാരും, സത്യവിശ്വാസിനികളായ സ്ത്രീകളും ഇല്ലായിരുന്നുവെങ്കില്‍, അതായത്, നിങ്ങള്‍ അവരെ ചവിട്ടി [അപകടപ്പെടുത്തി]യേക്കുകയും, അങ്ങനെ, അറിയാത്ത വിധത്തില്‍ അവര്‍മൂലം നിങ്ങള്‍ക്ക് വല്ല അനിഷ്ടവും [തെറ്റുകുറ്റവും] പിണയുകയും ചെയ്യുക(യില്ലായിരുന്നുവെങ്കില്‍). [എന്നാല്‍ ഇരുകൂട്ടരെയും അവന്‍ കൂട്ടിമുട്ടിക്കുമായിരുന്നു.]

لِّيُدْخِلَ ٱللَّهُ فِى رَحْمَتِهِۦ مَن يَشَآءُ ۚ لَوْ تَزَيَّلُوا۟ لَعَذَّبْنَا ٱلَّذِينَ كَفَرُوا۟ مِنْهُمْ عَذَابًا أَلِيمًا ﴿٢٥﴾

(അതെ) അല്ലാഹു ഉദ്ദേശിക്കുന്നവരെ അവന്റെ കാരുണ്യത്തില്‍ പ്രവേശിപ്പിക്കുവാന്‍വേണ്ടിയാണ് (കൂട്ടിമുട്ടിക്കാതിരുന്നത്). അവര്‍ (വേറിട്ട്) നീങ്ങി നിന്നിരുന്നുവെങ്കില്‍, അവരില്‍ (ആ) അവിശ്വസിച്ചവരെ നാം ശിക്ഷ ശിക്ഷിക്കുക തന്നെ ചെയ്യുമായിരുന്നു

《25》 هُم അവര്‍ ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവരാണ് وَصَدُّوكُمْ നിങ്ങളെ തടയുക (മുടക്കുക)യും ചെയ്ത عَنِ ٱلْمَسْجِدِ ٱلْحَرَامِ മസ്ജിദുല്‍ ഹറാമില്‍നിന്ന് وَٱلْهَدْىَ ബലിമൃഗത്തെയും مَعْكُوفًا മുടക്കപ്പെട്ട (തടസ്സം ചെയ്യപ്പെട്ട)നിലയില്‍ أَن يَبْلُغَ അത് എത്തിച്ചേരുന്നത് مَحِلَّهُۥ അതിന്റെ നിശ്ചിതസ്ഥലത്ത്, എത്തേണ്ട സ്ഥാനത്ത് وَلَوْلَا رِجَالٌ ചില പുരുഷന്‍മാര്‍ ഇല്ലായിരുന്നുവെങ്കില്‍ مُّؤْمِنُونَ സത്യവിശ്വാസികളായ وَنِسَآءٌ مُّؤْمِنَٰتٌ വിശ്വാസിനികളായ സ്ത്രീകളും لَّمْ تَعْلَمُوهُمْ നിങ്ങളവരെ അറിഞ്ഞിട്ടില്ലാത്ത أَن تَطَـُٔوهُمْ അതായത് നിങ്ങളവരെ ചവിട്ടിയേക്കുന്നത് (നശിപ്പിക്കുന്നത്) فَتُصِيبَكُم അങ്ങനെ (അതിനാല്‍) നിങ്ങള്‍ക്ക് ബാധിക്കുക (പിണയുക)യും مِّنْهُم അവര്‍ മൂലം, അവരാല്‍ مَّعَرَّةٌ വല്ല അനിഷ്ടവും (പാപവും, വിഷമവും, ബാധ്യതയും) بِغَيْرِ عِلْمٍ അറിയാതെ لِّيُدْخِلَ ٱللَّهُ അല്ലാഹു പ്രവേശിപ്പിക്കുവാന്‍ വേണ്ടി فِى رَحْمَتِهِۦ തന്റെ കാരുണ്യത്തില്‍ مَن يَشَآءُ താന്‍ ഉദ്ദേശിക്കുന്നവരെ لَوْ تَزَيَّلُوا۟ അവര്‍ നീങ്ങി (വേറിട്ട്) നിന്നിരുന്നുവെങ്കില്‍ لَعَذَّبْنَا നാം ശിക്ഷിക്കുക തന്നെ ചെയ്തി

രുന്നു ٱلَّذِينَ كَفَرُواْ مِنْهُمْ അവരിൽ അവിശ്വസിച്ചവരെ عَذَابًا أَلِيمًا വേദനയേറിയ ശിക്ഷ

പരിശുദ്ധ കഅ്ബഃയും അതിന്റെ പരിസരപ്രദേശങ്ങളുമാണ് മസ്ജിദുൽ ഹറാം (مسجد الحرام) കൊണ്ടുദ്ദേശ്യം. അനാദരിക്കുവാൻ പാടില്ലാത്ത അലംഘനീയമായ പള്ളി എന്ന് വാക്കർത്ഥം. മക്കഃയിലേക്ക് ബലികർമം നടത്തുവാൻ കൊണ്ടുപോകുന്ന മൃഗങ്ങൾക്കാണ് ഹദ്‌യ്(الهدي) എന്ന് പറയുന്നത്. ബലി നടത്തപ്പെടേണ്ടുന്ന സ്ഥലം മിനാ(منى)യാണ്. അതാണ് നിശ്ചിതസ്ഥാനം (محل) എന്ന് പറഞ്ഞത്. എഴുപത് ഒട്ടകങ്ങളെ ബലിക്കായി നബിﷺഅന്ന് കൂടെ കൊണ്ടുപോയിട്ടുണ്ടായിരുന്നു. ആയത്തിന്റെ സാരം ഇതാണ്:

'മുശ്‌രിക്കുകളുടെ നില നോക്കുകയാണെങ്കിൽ, നിശ്ചയമായും അവർ മുസ്‌ലിംകളുടെ കരങ്ങളാൽ ശിക്ഷിക്കപ്പെടേണ്ടവരാണ്. കാരണം, അവർ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നില്ല; നബിﷺയെയും മുസ്‌ലിംകളെയും പരിശുദ്ധ ഹറമിലേക്ക് പ്രവേശിക്കുവാനോ, അവിടെവെച്ച് ചെയ്യേണ്ടുന്ന ബലികർമം നിർവ്വഹിക്കുവാനോ സമ്മതിക്കുന്നുമില്ല. പക്ഷേ, മറ്റ് ചില സംഗതികളുണ്ട്; ഹുദൈബിയ്യാ സംഭവം നടക്കുന്ന അവസരത്തിൽ, സത്യവിശ്വാസം സ്വീകരിച്ച കുറെ പുരുഷൻമാരും സ്ത്രീകളും മക്കഃയിലുണ്ട്. തങ്ങളുടെ വിശ്വാസം തുറന്ന് പ്രഖ്യാപിക്കുവാനോ, നാട് വിട്ട് (ഹിജ്‌റഃ) പോകുവാനോ നിവൃത്തിയില്ലാതിരിക്കുകയാണവർ, അവർ മുശ്‌രിക്കുകളുടെ മർദ്ദനം ഭയന്നുകൊണ്ട് അവർക്കിടയിൽതന്നെ കഴിഞ്ഞുകൂടുകയാണ്. ആരൊക്കെയാണെന്നും മറ്റും മുസ്‌ലിംകൾക്ക് അറിഞ്ഞുകൂടാ. ഒരു പൊതുസംഘട്ടനം നടക്കുമ്പോൾ- മനഃപൂർവ്വമല്ലെങ്കിലും- അതുമൂലം ആ പാവങ്ങൾക്കും പലവിധ ആപത്തുകൾ നേരിടും. അതിന് മുസ്‌ലിംകൾ ഉത്തരവാദികളാകരുതല്ലോ. മാത്രമല്ല, അല്ലാഹുവിന്റെ കാരുണ്യത്തിന് വിധേയരാകുന്ന സജ്ജനങ്ങൾ എനിയും മക്കഃയിൽ ഉണ്ടാകണമെന്നും അല്ലാഹു ഉദ്ദേശിക്കുന്നു. ഇതെല്ലാം കാരണമായിട്ടാണ് ഒരു യുദ്ധം കൂടാതെ അവൻ കലാശിപ്പിച്ചത്. നേരെ മറിച്ച് ആ സത്യവിശ്വാസികൾ മുശ്‌രിക്കുകളിൽ നിന്ന് പ്രത്യക്ഷത്തിൽ വേർതിരിഞ്ഞുകൊണ്ടായിരുന്നു ഉള്ളതെങ്കിൽ, അല്ലാഹു അവർക്ക് അവർ അർഹിക്കുന്ന ശിക്ഷ നൽകുമായിരുന്നു.

إِذْ جَعَلَ ٱلَّذِينَ كَفَرُواْ فِى قُلُوبِهِمُ ٱلْحَمِيَّةَ حَمِيَّةَ ٱلْجَٰهِلِيَّةِ فَأَنزَلَ ٱللَّهُ سَكِينَتَهُۥ عَلَىٰ رَسُولِهِۦ وَعَلَى ٱلْمُؤْمِنِينَ

﴿26﴾ (ആ) അവിശ്വസിച്ചവർ തങ്ങളുടെ ഹൃദയങ്ങളിൽ ദുരഭിമാനം- അജ്ഞാന (കാല) സമ്പ്രദായത്തിന്റെ ദുരഭിമാനം- വെച്ചുകൊണ്ടിരുന്ന സന്ദർഭം! അപ്പോൾ, അല്ലാഹു അവന്റെ റസൂലിന്റെമേലും, സത്യവിശ്വാസികളുടെമേലും അവന്റെ (വക) ശാന്തത ഇറക്കിക്കൊടുത്തു.

وَأَلْزَمَهُمْ كَلِمَةَ ٱلتَّقْوَىٰ وَكَانُوٓا۟ أَحَقَّ بِهَا وَأَهْلَهَا ۚ وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا ﴿٢٦﴾

സൂക്ഷ്മതയുടെ വാക്യം (മുറുകെ പിടിക്കുവാൻ) അവരെ അവൻ നിർബന്ധിക്കുകയും ചെയ്തു. അവർ, അതിന് കൂടുതൽ അർഹതയുള്ളവരും, അതിന്റെ ആൾക്കാരുമായിരുന്നുതാനും. അല്ലാഹു എല്ലാ വസ്തുവെപ്പറ്റിയും അറിവുള്ളവനാകുന്നു.

﴾26﴿ إِذْ جَعَلَ ആക്കിയ (വെച്ചുകൊണ്ടിരുന്ന)പ്പോൾ ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർ فِى قُلُوبِهِمُ അവരുടെ ഹൃദയങ്ങളിൽ ٱلْحَمِيَّةَ ചൂട് (ദുരഭിമാനം, കോപത്തള്ളൽ) حَمِيَّةَ ٱلْجَـٰهِلِيَّةِ അജ്ഞാന (കാല) സമ്പ്രദായത്തിന്റെ ചൂട് (ദുരഭിമാനം) فَأَنزَلَ ٱللَّهُ അപ്പോൾ അല്ലാഹു ഇറക്കി سَكِينَتَهُۥ അവന്റെ (വക) ശാന്തത, സമാധാനം عَلَىٰ رَسُولِهِۦ തന്റെ റസൂലിന്റെമേൽ وَعَلَى ٱلْمُؤْمِنِينَ സത്യവിശ്വാസികളുടെ മേലും وَأَلْزَمَهُمْ അവരെ നിർബന്ധിക്കുക (മുറുകെ പിടിപ്പിക്കുക)യും ചെയ്തു كَلِمَةَ ٱلتَّقْوَىٰ സൂക്ഷ്മതയുടെ വാക്യം وَكَانُوٓا۟ അവരായിരുന്നു (ആകുന്നു)താനും أَحَقَّ بِهَا അതിന് കൂടുതൽ അർഹർ, അവകാശപ്പെട്ടവർ وَأَهْلَهَا അതിന്റെ ആൾക്കാരും وَكَانَ ٱللَّهُ അല്ലാഹു ആകുന്നു بِكُلِّ شَىْءٍ എല്ലാ വസ്തുവെ (കാര്യത്തെ)പ്പറ്റിയും عَلِيمًا അറിവുള്ളവൻ

നബി ﷺ യും സ്വഹാബികളും ഉംറഃ കർമം നിർവഹിക്കുവാൻ വേണ്ടിമാത്രം വന്നതാണെന്ന് മനസ്സിലായിട്ട് പോലും ക്വുറൈശിമുശ്‌രിക്കുകൾ അവരെ മക്കഃയിൽ പ്രവേശിക്കുവാൻ അനുവദിച്ചില്ല. കണ്ണ് കാണുന്ന ഒരാൾ ഞങ്ങളിലുള്ള കാലം ഞങ്ങളതിന് സമ്മതിക്കുകയില്ല എന്നായിരുന്നു അവരുടെ വാശി. അത്കാരണം അക്കൊല്ലം മടങ്ങിപ്പോയി അടുത്ത കൊല്ലം വന്ന് ഉംറഃ നിർവ്വഹിക്കേണ്ടിവന്നു. സന്ധിപത്രം എഴുതിയപ്പോൾ അല്ലാഹുവിന്റെ നാമത്തിൽ (بسم الله) എന്ന് ആരംഭിക്കുവാൻപോലും അവർ വിസമ്മതിച്ചു. ഇതെല്ലാം, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം കൂടുതൽ ചൊടിയും വെമ്പലും ഉണ്ടാക്കുന്നതാണല്ലോ. എങ്കിലും, സത്യവിശ്വാസികൾ പതറിയില്ല. ഇത്തരം സദ്ഗുണങ്ങൾ ഉണ്ടായിരിക്കേണ്ടുന്നവരും, തൗഹീദിന്റെ മുദ്രാവാക്യത്തിൽ അടിയുറച്ച വിശ്വാസം കൊള്ളുന്നവരുമാണല്ലോ അവർ. അല്ലാഹു അവർക്ക് മനസ്സമാധാനം നൽകി അവരെ ശാന്തരാക്കി.

വിഭാഗം- 4

لَّقَدْ صَدَقَ ٱللَّهُ رَسُولَهُ ٱلرُّءْيَا
بِٱلْحَقِّ ۖ لَتَدْخُلُنَّ ٱلْمَسْجِدَ
ٱلْحَرَامَ إِن شَآءَ ٱللَّهُ ءَامِنِينَ
مُحَلِّقِينَ رُءُوسَكُمْ وَمُقَصِّرِينَ لَا
تَخَافُونَ ۖ فَعَلِمَ مَا لَمْ تَعْلَمُوا۟
فَجَعَلَ مِن دُونِ ذَٰلِكَ فَتْحًا قَرِيبًا ﴿٢٧﴾

﴿27﴾ തീർച്ചയായും, അല്ലാഹു അവന്റെ റസൂലിന് സ്വപ്നം യഥാർത്ഥപ്രകാരം സത്യമാക്കിയിരിക്കുന്നു; (അതായത്:) അല്ലാഹു ഉദ്ദേശിച്ചാൽ നിശ്ചയമായും മസ്ജിദുൽ ഹറാമിൽ [അലംഘനീയമായ പള്ളിയിൽ] നിങ്ങൾ നിർഭയരായ നിലയിൽ- നിങ്ങളുടെ തലമുടി കളഞ്ഞവരും വെട്ടിയവരുമായിക്കൊണ്ട്- പ്രവേശിക്കുന്നതാണ്, നിങ്ങൾ പേടിക്കേണ്ടി വരികയില്ല. (ഇതാണ് സ്വപ്നം.) എന്നാൽ, നിങ്ങൾക്കറിയാത്ത (ചില)ത് അവൻ [അല്ലാഹു] അറിഞ്ഞിരിക്കുന്നു. അങ്ങനെ, അതിന് പുറമെ ഒരു സമീപമായ വിജയം അവൻ ഉണ്ടാക്കി.

﴿27﴾ لَّقَدْ صَدَقَ തീർച്ചയായും സത്യമാക്കിയിരിക്കുന്നു ٱللَّهُ അല്ലാഹു رَسُولَهُ തന്റെ റസൂലിന്, റസൂലിനോട് ٱلرُّءْيَا സ്വപ്നം بِٱلْحَقِّ യഥാർത്ഥപ്രകാരം (ന്യായമായവിധം) لَتَدْخُلُنَّ നിശ്ചയമായും നിങ്ങൾ പ്രവേശിക്കും (എന്ന്) ٱلْمَسْجِدَ ٱلْحَرَامَ മസ്ജിദുൽ ഹറാമിൽ إِن شَآءَ ٱللَّهُ അല്ലാഹു ഉദ്ദേശിച്ചാൽ ءَامِنِينَ നിർഭയരായ നിലയിൽ (സമാധാനപൂർവ്വം) مُحَلِّقِينَ (മുടി) കളഞ്ഞ (വരണ്ടിയ) വരായി رُءُوسَكُمْ നിങ്ങളുടെ തല(മുടി)കളെ وَمُقَصِّرِينَ വെട്ടിയവരായും لَا تَخَافُونَ നിങ്ങൾ പേടിക്കാത്ത നിലയിൽ, പേടിക്കുക (പേടിക്കേണ്ടി വരിക)യില്ല فَعَلِمَ എന്നാൽ അവൻ അറിഞ്ഞിരിക്കുന്നു مَا യാതൊന്ന്, ചിലകാര്യം لَمْ تَعْلَمُوا۟ നിങ്ങൾക്കറിയാത്ത فَجَعَلَ അങ്ങനെ അവൻ ഉണ്ടാക്കി, ഏർപ്പെടുത്തി مِن دُونِ ذَٰلِكَ അതിന് പുറമെ, അതു കൂടാതെ فَتْحًا ഒരു വിജയം قَرِيبًا അടുത്ത, ആസന്നമായ

ഹജ്ജിനും ഉംറഃക്കും പ്രവേശിക്കുന്നതോടെ തലമുടി എടുക്കുവാൻ പാടില്ലാതായിത്തീരുന്നു. പിന്നീട് ആ കർമങ്ങൾ അവസാനിക്കുന്നതോടുകൂടി തലമുടി വടിക്കുകയോ വെട്ടുകയോ ചെയ്യൽ നിർബന്ധവുമാകുന്നു. (തലമുടി മുഴുവൻ കളയുകയാണ് കൂടുതൽ നല്ലതെന്ന് നബി വചനങ്ങളിൽനിന്നും മനസ്സിലാക്കാം.) ഇങ്ങനെ- പതിവുപ്രകാരം- ചിലർ മുടികളഞ്ഞവരും, മറ്റ് ചിലർ മുടി വെട്ടിയവരുമായിക്കൊണ്ട് സമാധാനപൂർവ്വം സത്യവിശ്വാസികൾ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നതായിരുന്നു നബി ﷺ സ്വപ്നം കണ്ടത്.

പ്രസ്തുത സ്വപ്നം യഥാർത്ഥം തന്നെയാണെന്നും, അത് തികച്ചും സാക്ഷാൽക്കരിക്കപ്പെടുന്നതാണെന്നും അല്ലാഹു ഈ വചനത്തിൽ അവർക്ക് സന്തോഷവാർത്ത അറിയിക്കുന്നു. അക്കൊല്ലത്തിൽ തന്നെ സ്വപ്നം സാക്ഷാൽകൃതമാകാത്തതിൽ പലർക്കും സംശയം തോന്നുകയുണ്ടായെങ്കിലും- അബൂബക്ർ (റ) ഉമർ (റ)നെ ഓർമിപ്പിച്ചതുപോലെ- ആ വരവിൽ തന്നെ സ്വപ്നം പുലരുമെന്ന് അറിയിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. ആ പ്രാവശ്യത്തെ വരവിൽ ഉംറഃ നിർവ്വഹിക്കുവാൻ സാധിക്കാതെ വന്നതിൽനിന്നാണല്ലോ അപ്രതീക്ഷിതമായി ലഭിച്ച വിജയങ്ങളുടെ വിജയം (فتح الفتوح)- അതെ, ഹുദൈബിയ്യാ സന്ധി- ഉണ്ടായിത്തീർന്നത്. സ്വപ്നം മുഖേന അല്ലാഹു നടപ്പിലാക്കുവാൻ ഉദ്ദേശിച്ച- അല്ലാഹുവിനുമാത്രം അറിയാവുന്ന- ഒരു രഹസ്യമായിരുന്നു അതെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. സന്ധിയിലെ നിശ്ചയപ്രകാരം അടുത്ത കൊല്ലം അത് സമാധാനപൂർവ്വം സാക്ഷാൽകരിക്കപ്പെടുകയും ചെയ്തു. ഈ പ്രാവശ്യം നബിﷺയും സ്വഹാബികളും മക്കഃയിൽ പ്രവേശിച്ചപ്പോൾ, ക്വുറൈശി നേതാക്കൾക്ക് ആ കാഴ്ച കണ്ടു സഹിക്കുവാൻ കഴിയാതെ അവർ സ്ഥലം വിട്ടു വെളിയിൽ പോയിരുന്നു. സാധാരണക്കാരും, സ്ത്രീകളും, കുട്ടികളുമെല്ലാം തങ്ങളുടെ വീടുകളിലിരുന്നു അത് നോക്കിക്കാണുകയും ചെയ്തു.

നബിﷺയുടെ സ്വപ്നം വിവരിച്ചപ്പോൾ അല്ലാഹു ഉദ്ദേശിച്ചെങ്കിൽ നിങ്ങൾ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കും (لتدخلنّ المسجد الحرام ان شاء الله) എന്നാണല്ലോ അല്ലാഹു പറഞ്ഞത്. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ മാത്രമേ ഏതൊരു കാര്യവും സംഭവിക്കുകയുള്ളൂ. അതുകൊണ്ട് വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഉറച്ചു പറയുമ്പോഴൊക്കെ ان شاء الله (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ) എന്ന് കൂടി ചേർത്ത് പറയേണ്ടതുണ്ട് എന്ന് ഇത് കാണിക്കുന്നു. ഈ വിഷയം സൂ: അൽകഹ്ഫ് 23, 24 ൽ വ്യക്തമായിത്തന്നെ അല്ലാഹു പ്രസ്താവിച്ചതാണ്. അല്ലാഹുവിന്റെ വാഗ്ദാനം പാലിക്കുന്നതിനും, അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നതിനും അവന് യാതൊരു തടസ്സവും നേരിടുവാനില്ലെന്ന് തീർച്ചയാണ്. എന്നിട്ട് പോലും, ആ വാഗ്ദാനം വിവരിച്ചപ്പോൾ അല്ലാഹു ഉദ്ദേശിച്ചെങ്കിൽഎന്ന് പറഞ്ഞതിൽനിന്ന് മനുഷ്യഹൃദയങ്ങളിൽ അല്ലാഹുവിന്റെ ഉദ്ദേശത്തെക്കുറിച്ചുള്ള ബോധവും വിശ്വാസവും എത്രത്തോളം വേരൂന്നിയിരിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. ആ വിശ്വാസവും, ബോധവും മനുഷ്യന് അപ്രതീക്ഷിതമായ

പല നേട്ടങ്ങൾക്കും കാരണമായിത്തീരുന്നതുമാകുന്നു. സംശയമില്ല.

هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ ۚ وَكَفَىٰ بِٱللَّهِ شَهِيدًا ﴿٢٨﴾

﴿28﴾ അവനത്രെ, സൻമാർഗവും, യഥാർത്ഥമതവുമായി തന്റെ റസൂലിനെ അയച്ചവൻ, എല്ലാ മതങ്ങളെക്കാളും അതിനെ (മേലെയാക്കി) പ്രത്യക്ഷപ്പെടുത്തുവാൻവേണ്ടി. അല്ലാഹു തന്നെ മതി, സാക്ഷിയായിട്ട്!

﴿28﴾ هُوَ ٱلَّذِىٓ അവനത്രെ യാതൊരുവൻ أَرْسَلَ അയച്ച رَسُولَهُۥ തന്റെ റസൂലിനെ بِٱلْهُدَىٰ സൻമാർഗ (നേർമാർഗ)വുമായി وَدِينِ ٱلْحَقِّ യഥാർത്ഥ (സത്യ)മതവും لِيُظْهِرَهُۥ അതിനെ പ്രത്യക്ഷപ്പെടുത്തുവാൻ, വിജയിപ്പിക്കുവാൻ, മേലെയാക്കുവാൻ عَلَى ٱلدِّينِ മതത്തെക്കാൾ كُلِّهِۦ എല്ലാ (മതത്തെക്കാളും) وَكَفَىٰ മതി بِٱللهِ അല്ലാഹു (തന്നെ) شَهِيدًا സാക്ഷിയായിട്ട്

നബി തിരുമേനിﷺയുടെ ദൗത്യോദ്ദേശ്യം വിവരിക്കുന്നതോടൊപ്പം തന്നെ, ഇതിനുമുമ്പ് വിവരിച്ചത്പോലെയുള്ള വമ്പിച്ച സഹായങ്ങളും വിജയങ്ങളും നബിﷺക്ക് ലഭിക്കുവാനുള്ള കാരണമെന്താണെന്നും ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. മാത്രമല്ല, മേലിലും വമ്പിച്ച സഹായങ്ങൾ ലഭിക്കുവാനിരിക്കുന്നുണ്ടെന്നും, ഇസ്‌ലാമാകുന്ന യഥാർത്ഥ മതത്തിന് ലോകത്ത് പ്രചാരവും പ്രശസ്തിയും ലഭിക്കുമെന്നുമുള്ള വാഗ്ദാനവും ഇതിൽ അടങ്ങിയിരിക്കുന്നു.

നബി തിരുമേനിﷺ സ്വയം ഒരു റസൂലായി ചമഞ്ഞിരിക്കുകയല്ല, അല്ലാഹു അവന്റെ സ്വന്തം ദൂതനായി നിയോഗിച്ചതാണ്. എന്നിരിക്കെ, അല്ലാഹുവിന്റെ സ്നേഹാദരവും സഹായവും നബിﷺക്ക് ഉണ്ടാവാതിരിക്കുകയില്ല. എന്നിങ്ങനെയുള്ള ചില സൂചനകൾ هو الذي أرسل رسوله (അവനത്രെ അവന്റെ റസൂലിനെ അയച്ചവൻ) എന്ന വാക്യത്തിൽ അടങ്ങിയിരിക്കുന്നു. ക്വുർആൻ മുഖേനയും, മറ്റു തെളിവുകൾ മുഖാന്തരവും നബിﷺ ജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന മാർഗദർശനങ്ങളും, തത്വോപദേശങ്ങളും بالهدى (സൻമാർഗവുമായി) എന്ന വാക്കിൽ ഉൾപ്പെടുന്നു. ഈ സൻമാർഗ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കപ്പെട്ടിട്ടുള്ള പ്രായോഗിക നടപടിക്രമങ്ങളാണ്- അഥവാ നിയമവ്യവസ്ഥയാണ്- ودين الحق (സത്യമതവും) എന്ന വാക്ക് കൊണ്ടുദ്ദേശ്യം.

ليظهره على الدين كله (എല്ലാ മതത്തെക്കാളും ആ മതത്തെ മേലെയാക്കി പ്രത്യക്ഷപ്പെടുത്തുവാൻവേണ്ടി) എന്ന ലക്ഷ്യം സാക്ഷാൽകൃതമാകുന്നത് പല മാർഗങ്ങളിലൂടെയായിരിക്കാം.

1) മൗലികതത്വങ്ങളും, സൻമാർഗികമൂല്യങ്ങളും ഒന്നായതോടൊപ്പംതന്നെ, കാലദേശസാഹചര്യങ്ങൾക്കനുസരിച്ച് മുൻവേദങ്ങളിൽ അംഗീകരിക്കപ്പെട്ടുവന്നിരുന്ന ശാഖാപരവും കാലികവുമായി നടപടിമാർഗങ്ങളെദുർബ്ബലപ്പെടുത്തുക. പകരം സാർവ്വത്രികവും, സാർവ്വജനീനവുമായ ഒരു നിയമസംഹിത സുസ്ഥാപിതമാകുക.

2) ദൈവികമല്ലാത്ത മതാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, അനാചാര ദുരാചാരങ്ങൾ ആദിയായവ നിർമാർജ്ജനം ചെയ്യുന്നതിനും സദാചാരമൂല്യങ്ങളും പരിപൂർണമായിരിക്കുക.

3) പ്രമാണങ്ങൾ സുരക്ഷിതമായി അവശേഷിക്കുക.

4) സ്വൈരവിഹാരം കൊള്ളുവാനും, പ്രചാരണം സാധ്യമാകുവാനും വേണ്ടുന്ന ശക്തിയും, പ്രതാപവും സംസിദ്ധമാകുക. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ഈ ഉപാധികളെല്ലാം അല്ലാഹു പൂർത്തിയാക്കിയിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല.

ചിരകാലമായി, ഒടുവിൽ പ്രസ്താവിച്ച വിഷയത്തിൽ- പ്രതാപത്തിന്റെയും യശസ്സിന്റെയും കാര്യത്തിൽ- മുസ്‌ലിം സമുദായം വളരെ ദയനീയാവസ്ഥയിലേക്ക് അധഃപതിച്ചുപോയിരിക്കയാണെന്ന പരമാർത്ഥം നാം മറക്കുന്നില്ല. ഇതിനുത്തരവാദി അല്ലാഹുവല്ല, ഇസ്‌ലാമുമല്ല. ഇത് അല്ലാഹുവിന്റെ വാഗ്ദാനത്തിലുള്ള ഒരു ന്യൂനതയുമല്ല. നേരെമറിച്ച് മുസ്‌ലിം സമുദായംതന്നെ ആദ്യത്തെ രണ്ട്മൂന്ന് നൂറ്റാണ്ടുകൾക്ക്ശേഷം, തങ്ങളുടെമേൽ വരുത്തിവെച്ചതും, പിന്നീടുള്ള തലമുറകൾ വ്യാസം വർദ്ധിപ്പിച്ചുകൊണ്ടേ വന്നതുമായ ഒരു മഹാവിനയാണത്. (സൂ: അൻബിയാഉ് 105, സൂ: നൂർ 55 മുതലായവയും അവയുടെ വ്യാഖ്യാനങ്ങളും നോക്കുക. കൂടുതൽ വിവരം അവിടങ്ങളിൽ കാണാം.) ഏതായാലും, ഒരു കാര്യം തീർത്തുപറയാം. മുസ്‌ലിം സമുദായത്തിന്റെ യശസ്സും പ്രതാപവും എത്രതന്നെ അധഃപതിച്ചിട്ടുണ്ടെങ്കിലും ശരി, പ്രമാണങ്ങളുടെയും ലക്ഷ്യങ്ങളുടെയും, വ്യക്തതയിലും, അവയുടെ പരിപൂർണതയിലും മറ്റേത് മതത്തെക്കാളും ഉന്നതസ്ഥാനം ഇസ്‌ലാമിനാണ് -അന്നും, ഇന്നും, എന്നും ഉള്ളതെന്ന് അതിന്റെ ശത്രുക്കൾപോലും സമ്മതിക്കുന്ന ഒരു പരമാർത്ഥമത്രെ. ഇത്രയും പറഞ്ഞതിൽനിന്നും അല്ലാഹു അവന്റെ വാഗ്ദാനം പൂർത്തിയാക്കാതിരുന്നിട്ടില്ലെന്ന് സ്പഷ്ടമാണല്ലോ. ആ വാഗ്ദാനം പാലിക്കുമെന്ന് പറഞ്ഞപ്പോൾ, അതിന് ഏക സാക്ഷിയായി അല്ലാഹു തന്നെ മതി എന്ന് അല്ലാഹു ഓർമിപ്പിക്കുന്നു. വാഗ്ദാനം അവൻ പാലി

ച്ചുകഴിഞ്ഞുവെന്നുള്ളതിനും അവൻതന്നെ മതി സാക്ഷിയായിട്ട്. (وكفى بالله شهيدا)

ശരി, നബിﷺയെ അല്ലാഹു അയച്ചതാണെന്നും, അവിടുന്ന് അയക്കപ്പെട്ടിരിക്കുന്നത് നേർമാർഗവും, യഥാർത്ഥ മതവും കൊണ്ടാണെന്നും, മറ്റെല്ലാ മതത്തെക്കാളും അതിനെ വിജയിപ്പിക്കുവാൻ വേണ്ടിയാണ് അവിടുത്തെ അല്ലാഹു അയച്ചിരിക്കുന്നതെന്നും പറയുമ്പോൾ, അക്കാര്യം പരിപൂർണമായും പ്രായോഗികമാകുമെന്ന് ഉറപ്പിച്ചുകൊണ്ടുതന്നെ സത്യവിശ്വാസികൾക്ക് ആവേശപൂർവ്വം മുന്നോട്ട് നീങ്ങാമല്ലോ. ഈ മഹത്തായ വാഗ്ദാനം അവരുടെ കൈക്ക് നിറവേറ്റുകയെന്ന മഹാഭാഗ്യം ലഭിക്കുമാറ് അതിനാസ്പദമായ ചില സവിശേഷഗുണങ്ങൾ അവരിൽ ഉണ്ടായിരിക്കേണ്ടതുണ്ടെന്ന് വ്യക്തമാണ്. പ്രസ്തുതഗുണങ്ങൾ തികഞ്ഞവർ തന്നെയാണ് നബിﷺയുടെ- ഒന്നിച്ചുള്ള സ്വഹാബികളും. അടുത്ത വചനത്തിൽ അല്ലാഹു അവർക്ക് നൽകുന്ന സാക്ഷ്യപത്രം നോക്കുക. സ്വഹാബികളുടെ സവിശേഷതകളും, അല്ലാഹുവിങ്കൽ അവർക്കുള്ള ബഹുമാനവും മനസ്സിലാക്കുവാൻ ഈ ഒരേ ഒരു സാക്ഷ്യപത്രം തന്നെ മതിയാകും:

مُّحَمَّدٌ رَّسُولُ ٱللَّهِ ۚ وَٱلَّذِينَ مَعَهُۥٓ أَشِدَّآءُ عَلَى ٱلْكُفَّارِ رُحَمَآءُ بَيْنَهُمْ ۖ تَرَىٰهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ ٱللَّهِ وَرِضْوَٰنًا ۖ سِيمَاهُمْ فِى وُجُوهِهِم مِّنْ أَثَرِ ٱلسُّجُودِ

﴾29﴿ മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. [ദൂതനാണ്.] അദ്ദേഹത്തിന്റെ കൂടെയുള്ളവരാകട്ടെ, അവിശ്വാസികളുടെമേൽ കഠിനൻമാരാണ്. തങ്ങൾക്കിടയിൽ ദയാലുക്കളാണ്. റുകൂഉം, സുജൂദും ചെയ്തു [കുമ്പിട്ടും, സാഷ്ടാംഗം ചെയ്തും നമസ്കാരം നിർവ്വഹിച്ചു] കൊണ്ടിരിക്കുന്നവരായി അവരെ നിനക്ക് കാണാം. അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും (അഥവാ ദയയും) പ്രീതിയും അവർ തേടിക്കൊണ്ടിരിക്കുന്നു. സുജൂദിന്റെ [സാഷ്ടാംഗ നമസ്കാരത്തിന്റെ] ഫലമായി അവരുടെ അടയാളം [പ്രത്യേകത] അവരുടെ മുഖങ്ങളിലുണ്ട്.

ذَٰلِكَ مَثَلُهُمْ فِى ٱلتَّوْرَىٰةِ ۚ وَمَثَلُهُمْ فِى ٱلْإِنجِيلِ

തൗറാത്തിൽ (വർണിച്ച) അവരുടെ ഉപമയാണത്. അവരുടെ ഉപമ ഇൻജീലിലും ഉണ്ട്;

كَزَرۡعٍ أَخۡرَجَ شَطۡـَٔهُۥ فَـَٔازَرَهُۥ فَٱسۡتَغۡلَظَ فَٱسۡتَوَىٰ عَلَىٰ سُوقِهِۦ يُعۡجِبُ ٱلزُّرَّاعَ لِيَغِيظَ بِهِمُ ٱلۡكُفَّارَ

(അതായത്) ഒരു വിളപോലെ: അത് അതിന്റെ കൂമ്പ് പുറപ്പെടുവിച്ച് [വിത്തിൽനിന്ന് സൂചിമുള പുറത്തു വന്നു]; എന്നിട്ട് അതിനെ (ചിനച്ചു) പുഷ്ടിപ്പെടുത്തി; അങ്ങനെ അത് (തടിച്ചു) കട്ടികൂടി; എന്നിട്ട് കൃഷിക്കാരെ ആശ്ചര്യപ്പെടുത്തുമാറ് അതിന്റെ തണ്ടുകളിൽ അത് (സ്വയം) ശരിപ്പെട്ടു നിന്നു. അവിശ്വാസികൾക്ക് അവർമൂലം കോപം പിടിപ്പിക്കുവാൻ വേണ്ടിയാണ് (ഇങ്ങനെ ഉപമിച്ചത്, അഥവാ ഇപ്രകാരം വളർത്തിക്കൊണ്ടുവന്നത്).

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ مِنۡهُم مَّغۡفِرَةً وَأَجۡرًا عَظِيمَۢا ﴿٢٩﴾

അവരിൽ വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും, മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.

﴾29﴿ مُّحَمَّدٌ മുഹമ്മദ് رَّسُولُ ٱللَّهِ അല്ലാഹുവിന്റെ ദൂതനാണ് وَٱلَّذِينَ مَعَهُۥٓ അദ്ദേഹത്തിന്റെ കൂടെയുള്ളവർ أَشِدَّآءُ കഠിനൻമാരാണ്, ഊക്കൻമാരാണ് عَلَى ٱلۡكُفَّارِ അവിശ്വാസികളുടെമേൽ رُحَمَآءُ ദയാലുക്കളാണ്, കൃപയുള്ളവരാണ് بَيۡنَهُمۡ തങ്ങൾക്കിടയിൽ, തമ്മിൽ تَرَىٰهُمۡ നിനക്കവരെ കാണാം, നീ അവരെ കാണും رُكَّعًا റുകൂഉ് ചെയ്യുന്നവരായി سُجَّدًا സുജൂദ് ചെയ്യുന്നവരായി يَبۡتَغُونَ അവർ തേടിക്കൊണ്ടിരിക്കും, അന്വേഷിക്കുന്നു فَضۡلًا അനുഗ്രഹം, ദയവ്, ദാക്ഷിണ്യം مِّنَ ٱللَّهِ അല്ലാഹുവിൽനിന്നു وَرِضۡوَٰنًا പ്രീതിയും, പൊരുത്തപ്പാടും سِيمَاهُمۡ അവരുടെ അടയാളം, ലക്ഷണം, പ്രത്യേകത فِي وُجُوهِهِم അവരുടെ മുഖങ്ങളിലുണ്ട് مِّنۡ أَثَرِ ٱلسُّجُودِ സുജൂദിന്റെ ഫലമായി, പാടുനിമിത്തം ذَٰلِكَ അത് مَثَلُهُمۡ അവരുടെ ഉപമയാണ് فِي ٱلتَّوۡرَىٰةِ തൗറാത്തിൽ وَمَثَلُهُمۡ അവരുടെ ഉപമ فِي ٱلۡإِنجِيلِ ഇൻജീലിലുമുണ്ട് كَزَرۡعٍ അതായത് ഒരു വിളപോലെ, വിളപോലെയാണ് أَخۡرَجَ അത് പുറത്തുകാട്ടി, വെളിപ്പെടുത്തി شَطۡـَٔهُۥ അതിന്റെ കൂമ്പ്, സൂചിമുള فَـَٔازَرَهُۥ എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി, പോഷിപ്പിച്ചു فَٱسۡتَغۡلَظَ എന്നിട്ടത് കട്ടികൂടി, തടിച്ചുവന്നു فَٱسۡتَوَىٰ എന്നിട്ടത് ശരിക്ക് നിന്നു,

ശരിയായി വന്നു عَلَىٰ سُوقِهِۦ അതിന്റെ തണ്ടുകളിൽ, തടിമരങ്ങളിൽ يُعۡجِبُ ആശ്ച ര്യപ്പെടുത്തുമാറ്, അതിശയിപ്പിച്ചുകൊണ്ട് ٱلزُّرَّاعَ കൃഷിക്കാരെ വേണ്ടിയാണ് لِيَغِيظَ ദേഷ്യം പിടിപ്പിക്കുവാൻ,കോപിപ്പിക്കുവാൻ വേണ്ടിയാണ് بِهِمُ അവർ മൂലം അവ രെക്കൊണ്ട് ٱلۡكُفَّارَ അവിശ്വാസികളെ وَعَدَ ٱللَّهُ അല്ലാഹു വാഗ്ദാനം ചെയ്തിരി ക്കുന്നു ٱلَّذِينَ ءَامَنُواْ വിശ്വസിച്ചവരോട് وَعَمِلُواْ ٱلصَّٰلِحَٰتِ സൽക്കർമങ്ങൾ പ്രവർത്തി ക്കയും ചെയ്ത مِنۡهُم അവരിൽനിന്ന്, അവരാകുന്ന مَّغۡفِرَةً പാപമോചനം, പൊറുതി وَأَجۡرًا عَظِيمَۢا മഹത്തായ പ്രതിഫലവും, കൂലിയും

കഴിഞ്ഞ ആയത്തിലെ ആശയങ്ങളുടെ രത്നച്ചുരുക്കത്തോടുകൂടിയ ഒരാവർത്തനമാണ് ഈ വചനത്തിലെ ആദ്യ വാക്യം. محمد رسول الله (മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു) അതെ, സത്യനിഷേധികൾ നിഷേധിച്ചാലും ശരി, അസൂയക്കാർ വെറുത്താലും ശരി, മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണ്. സത്യാന്വേഷികൾ ചിന്തിക്കട്ടെ, സത്യവിശ്വാസികൾ ഉറപ്പിച്ചുകൊള്ളട്ടെ, മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണ്. റസൂലിന് വേണ്ടുന്ന ഗുണങ്ങളെല്ലാം അദ്ദേഹത്തിലുണ്ട്. അദ്ദേഹത്തിന് വേണ്ടുന്ന സഹായങ്ങളും രക്ഷയും അല്ലാഹു നൽകുകയും ചെയ്യും. ഇന്നല്ലെങ്കിൽ നാളെ, ഈ മുശ്രിക്കുകൾ അത് സമ്മതിക്കേണ്ടതായും വരും. അതാ, ഹുദൈബിയാ സന്ധിപത്രം എഴുതിയപ്പോൾ, 'അല്ലാഹുവിന്റെ റസൂലായ മുഹമ്മദും ക്വുറൈശികളും തമ്മിൽ നടന്ന സന്ധിവ്യവസ്ഥ' എന്നെഴുതുവാൻ സമ്മതിക്കാതെ ശഠിച്ചു നിൽക്കുകയും, 'അബ്ദുല്ലാ മകൻ മുഹമ്മദും' .... എന്നുതന്നെ ചേർക്കുവാൻ വാശിപിടിക്കുകയും ചെയ്ത അതേ മുശ്രിക്കുകൾ ഏറെത്താമസിയാതെ ആ വാക്യം തങ്ങളുടെ മുദ്രാവാക്യമായി അംഗീകരിച്ചു.

എനി, അദ്ദേഹത്തിന്റെ അനുയായികളുടെ സ്ഥിതിയോ? ഗുരുവിനൊത്ത ശിഷ്യൻമാരും, നേതാവിനൊത്ത നീതൻമാരും! സത്യനിഷേധികളെയും, സൻമാർഗവിരോധികളെയും സംബന്ധിച്ചിടത്തോളം അവർ കഠിനഹൃദയൻമാരാണ്. (أشداء على الكفار) ശൂരൻമാരും, വീരൻമാരുമാണ്. തമ്മതമ്മിലോ? അങ്ങേയറ്റം കൃപയോടും കരുണയോടുംകൂടി പെരുമാറുന്ന ദയാശീലൻമാരുമത്രെ. (رحماء بينهم) അതെ, മറ്റൊരു സ്ഥലത്ത് അല്ലാഹു പറഞ്ഞതുപോലെ, സത്യവിശ്വാസികളിൽ എളിയവരും, അവിശ്വാസികളിൽ ഗൗരവം നിറഞ്ഞവരും اذلة على المؤمنين اعزة على الكافرين–المائدة അവിശ്വാസികളെ കാണുമ്പോഴേക്കും നീതികേടോ, കയ്യേറ്റമോ ചെയ്യുമെന്ന് ഇതിനർത്ഥമില്ല. യുദ്ധവേളകളിലും, സന്ദർഭം ആവശ്യപ്പെടുമ്പോഴും ദൗർബല്യമോ, ഭീരുത്വമോ കൂടാതെ സധീരം സമർത്ഥമായി നേരിടും എന്നുദ്ദേശ്യം. അപ്രകാരംതന്നെ, സത്യവിശ്വാസികളായ ആളുകളിൽ എന്ത് അനീതികൾ കണ്ടാലും അവർക്ക് അറപ്പോ വെറുപ്പോ ഉണ്ടായിരിക്കുകയില്ല എന്നും ഇപ്പറഞ്ഞതിനർത്ഥമില്ല. നേരെമറിച്ച് അതിനെതിരിൽ പരുഷതയും ഗൗരവവും വെളിപ്പെടുകതന്നെ ചെയ്യും.

നബി തിരുമേനിﷺയുടെ രണ്ട് വചനങ്ങൾ ഇവിടെ സ്മരിക്കുന്നത് സമയോചിതമാകുന്നു:

1. സത്യവിശ്വാസികൾ അന്യോന്യം സ്നേഹിക്കുകയും, ദയ കാണിക്കുകയും, അനുഭാവം കാണിക്കുകയും ചെയ്യുന്നതിൽ അവരുടെ ഉപമ, ഒരു ശരീരംപോലെയായിരിക്കും- അഥവാ അങ്ങിനെ ആയിരിക്കണം. അതിന്റെ ഒരു അവയവത്തിന് അസുഖം നേരിട്ടാൽ ആ ശരീരത്തിന്റെ മറ്റെല്ലാ വശങ്ങളും ഉറക്കൊഴിച്ചും പനിപിടിച്ചും അതിനുവേണ്ടി മുറവിളി കൂടുന്നതാണ്. (ബു; മു.)

2. നിങ്ങളിൽ ആരെങ്കിലും വെറുക്കപ്പെട്ട- നിഷിദ്ധമായ- ഒരു കാര്യം കണ്ടാൽ, അവന്റെ കൈകൊണ്ട് അത് മാറ്റിക്കൊള്ളട്ടെ. അതിന് സാധിക്കാത്ത പക്ഷം അവന്റെ നാവുകൊണ്ട്, അതിനും സാധിക്കാത്തപക്ഷം അവന്റെ ഹൃദയം കൊണ്ട് (വെറുത്തുകൊള്ളട്ടെ). ഇപ്പറഞ്ഞത് വിശ്വാസത്തിൽവെച്ച് ഏറ്റവും ദുർബലമായതുമാകുന്നു. (മു.)

ജനങ്ങളോട് സ്വഹാബികളുടെ പെരുമാറ്റരീതിയാണ് മുകളിൽ പറഞ്ഞത്. എന്നാൽ, അല്ലാഹുവുമായി അവരുടെ നിലപാട് എന്താണ്? അല്ലാഹുവിന് ആരാധനാവണക്കങ്ങൾ ചെയ്യുന്നതിൽ നിരതൻമാരാണവർ, വിശേഷിച്ചും നമസ്കാരകർമത്തിൽ. അതുകൊണ്ട് നമസ്കാരത്തിലെ പ്രധാന ഘടകങ്ങളായ റുകൂഇലും, സുജൂദിലുമായി അവരെ കണ്ടുകൊണ്ടിരിക്കും.(تراهم ركعا سجدا) ഇതൊന്നും അവർ ഐഹികമായ എന്തെങ്കിലും കാര്യലാഭങ്ങളെ ഉദ്ദേശിച്ച് ചെയ്യുന്നതല്ല. നിഷ്കളങ്കരും, നിസ്വാർത്ഥരുമാണവർ. അല്ലാഹുവിന്റെ അനുഗ്രഹവും, അവന്റെ ദയാദാക്ഷിണ്യവും, പൊരുത്തവുമാണ് അവരുടെ ആവശ്യം. (يبتغون فضلا من الله ورضوانا) അതാണവരുടെ തേട്ടവും. അല്ലാഹുവിങ്കൽനിന്നുള്ള പൊരുത്തമാണല്ലോ എല്ലാ ലഭ്യങ്ങളിലും ഏറ്റവും വലുത്. (ورضوان من الله أكبر) ഇങ്ങനെയുള്ള ഈ പുണ്യവാൻമാരെ തിരിച്ചറിയുവാൻ വളരെയൊന്നും അന്വേഷണം നടത്തേണ്ടതായിട്ടില്ല. അവരെ തിരിച്ചറിയുവാനുള്ള വിശിഷ്ട ലക്ഷണവും, പ്രത്യേക അടയാളവും അവരുടെ മുഖങ്ങളിൽ തന്നെയുണ്ട്.(سيماهم في وجوههم) അല്ലാഹുവിന്റെ മുമ്പിൽ മുഖം കുത്തി സാഷ്ടാംഗ നമസ്കാരം നടത്തിക്കൊണ്ടിരിക്കുന്നതിന്റെ ഫലമായി സിദ്ധിച്ചതത്രെ അത് (من أثر السجود)

ഈ അടയാളംകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്- നിസ്കാരത്തഴമ്പ് എന്ന പേരിൽ- ചിലരുടെ നെറ്റിയിൽ കാണപ്പെടാറുള്ള അടയാളമെന്നാണ് ചിലരൊക്കെ ധരിച്ചുവശായിട്ടുള്ളത്. ഈ ധാരണ ശരിയല്ലെന്ന് മാത്രമല്ല, പാമരജനങ്ങൾക്കിടയിൽ പല അന്ധവിശ്വാസങ്ങൾക്കും ആ ധാരണ കാരണമായിത്തീർന്നിട്ടുമുണ്ട്. ഈ അടയാളംകൊണ്ടുള്ള വിവക്ഷയെപ്പറ്റി പല മഹാൻമാരുടെയും അഭിപ്രായങ്ങൾ ഇമാം ഇബ്നുകഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ രേഖപ്പെടു

ത്തിയിട്ടുണ്ട്. അതിൽനിന്ന് പലതും മനസ്സിലാക്കുവാനുള്ളതുകൊണ്ട് അതിവിടെ ചുരുക്കി ഉദ്ധരിക്കാം:

1) ഇബ്നു അബ്ബാസ് (റ) പറയുന്നു: നല്ല രീതിയാണത്. അഥവാ ആകർഷിക്കത്തക്ക മുഖഭാവം എന്നർത്ഥം.

2) മുജാഹിദും (റ) മറ്റു പലരും പറയുന്നു: അത് ഭക്തിയും വിനയവുമാണ്.

3) മുജാഹിദ് (റ)നോട് ഒരാൾ ഇങ്ങനെ പറഞ്ഞു: ഒരുപക്ഷേ, ഫിർഔനെക്കാൾ ഹൃദയം കടുത്തവനായ ഒരാളുടെ കണ്ണുകൾക്കിടയിലും അത്- നിസ്കാരത്തഴമ്പ്- ഉണ്ടായെന്നുവരാം.

4) സുദ്ദീ (റ) പറയുന്നത്, നമസ്കാരം അവരുടെ മുഖത്തിന് ഭംഗി കൂട്ടുമെന്നാണ്.

5) ചില മഹാൻമാർ പറയുന്നു: രാത്രി അധികമായി നമസ്കരിച്ചാൽ പകലിൽ അവന്റെ മുഖം സുന്ദരമാകുമെന്ന്.

6) വേറെ ചില മഹാൻമാർ പറയുന്നു: പുണ്യകർമം നിമിത്തം ഹൃദയത്തിൽ പ്രകാശവും, മുഖത്ത് ശോഭയും ഉപജീവനമാർഗത്തിൽ വിശാലതയും, ജനഹൃദയങ്ങളിൽ സ്നേഹവും ഉണ്ടാകുന്നു.

7) ഉഥ്മാൻ(റ) പറയുന്നു: ഏതൊരാളുംതന്നെ, ഒരു സ്വകാര്യസമ്പ്രദായം മറച്ചുവെച്ചാൽ, അവന്റെ മുഖത്തും, സംസാരത്തിലും അല്ലാഹു അത് വെളിവാക്കാതിരിക്കയില്ല.മനുഷ്യഹൃദയത്തിൽ മറഞ്ഞുകിടപ്പുള്ള രഹസ്യങ്ങളും, അവന്റെ സ്വഭാവവിശേഷതകളും അവന്റെ മുഖത്തിലൂടെ പ്രത്യക്ഷപ്പെടുമെന്നുള്ളതാണ് ഇതിലടങ്ങിയ തത്വം. ഒരു സത്യവിശ്വാസിയുടെ സ്വകാര്യജീവിതം നല്ലതാണെങ്കിൽ, അവന്റെ ബാഹ്യനിലയും അല്ലാഹു നന്നാക്കിത്തീർക്കുന്നതാണ്. (مختصر من ابن كثير)

രാത്രി നമസ്കരിക്കുന്നവരുടെ മുഖത്ത് അല്ലാഹു പ്രത്യക്ഷപ്പെടുത്തുന്ന ഭംഗിയാണ് ഇവിടെ അടയാളംകൊണ്ടുദ്ദേശ്യമെന്ന അഭിപ്രായം ഉദ്ധരിച്ചുകൊണ്ട് ഇമാംറാസീ (റ) പറയുന്നു: ഇത് ബുദ്ധിമാൻമാർക്ക് അറിയാവുന്ന ഒരു യഥാർത്ഥമാണ്. രണ്ട് മനുഷ്യൻമാർ രാത്രി ഉറക്കൊഴിക്കുന്നു: ഒരാൾ കുടിയിലും കളിയിലും ഏർപ്പെടുന്നു; മറ്റേവൻ, നമസ്കാരം, ക്വുർആൻപാരായണം, വിദ്യാസമ്പാ

ദനം എന്നിവയിലും ഏർപ്പെടുന്നു. പിറ്റേ ദിവസം രണ്ടുപേരുടെയും ഇടക്കുള്ള വ്യത്യാസം കാണാവുന്നതാണ്. (الرازي) സുജൂദിന്റെ ഫലമായുണ്ടായ അടയാളം എന്താണെന്ന് ഇതിൽനിന്നെല്ലാം നല്ലപോലെ മനസ്സിലാക്കാം. ഒരാൾ നമസ്കാരം അധികരിപ്പിക്കുന്നതിന്റെ ഫലമായി അയാൾക്ക് നമസ്കാരത്തഴമ്പുണ്ടായെന്ന് വരാം. പക്ഷേ- മുജാഹിദ് (റ) ചൂണ്ടിക്കാട്ടിയതുപോലെ- അതുകൊണ്ട് അയാൾ നല്ലവനെന്നോ അല്ലെന്നോ വേർതിരിക്കുവാൻ നിവൃത്തിയില്ല. ഹൃദയത്തിൽ വിശ്വാസമില്ലാത്തവന്റെ നാമമാത്രനമസ്കാരംകൊണ്ടും, ജനമദ്ധ്യേ പേരും പൗരോഹിത്യവും നേടുവാനുള്ള നമസ്കാരം കൊണ്ടും ഉണ്ടാകാമല്ലോ അത്.

സ്വഹാബികളെപ്പറ്റിയുള്ള ഇത്തരം പ്രശംസകൾ വിശുദ്ധ ക്വുർആനിൽ മാത്രമല്ല അല്ലാഹു വിവരിച്ചിട്ടുള്ളത്. നബി തിരുമേനിﷺയുടെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനങ്ങളും, സന്തോഷവാർത്തകളും, മുൻവേദഗ്രന്ഥങ്ങളിലും പലതും ഉണ്ടായിരുന്നുവല്ലോ. അക്കൂട്ടത്തിൽ, അവിടുത്തെ അനുയായികളുടെ സ്വഭാവവും, ഗുണഗണങ്ങളും അല്ലാഹു രേഖപ്പെടുത്തിയിട്ടുണ്ട്.മേൽവിവരിച്ചത് തൗറാത്തിൽ അവരെപ്പറ്റി പ്രസ്താവിച്ച ഉപമയത്രെ. (ذلك مثلهم في التوراة) തൗറാത്തിൽ മാത്രമല്ല; ഇൻജീലിലും അവരുടെ ഉപമയുണ്ട്. (ومثلهم في الإنجيل) എന്നാൽ, ഇൻജീലിൽ അവരെ ഒരു വിളയോട് ഉപമിച്ചിരിക്കുകയാണ്. (كزرع) മുളയിൽതന്നെ കരുത്തോടെ കൂമ്പിട്ട് മുളക്കുകയും, ചിനച്ച് തടിച്ചു വളർന്ന് തഴച്ച് മുറ്റുകയും, തളരാതെ, വീഴാതെ, മുറ്റിനിൽക്കുകയും ചെയ്യുന്ന- കൃഷിക്കാർക്ക് ആശ്ചര്യവും കൗതുകവും ജനിപ്പിക്കുന്ന- കേമമായ ഒരു വിളക്ക് തുല്യമാണ് അവർ. (أخرج شطئه الى قوله يعجب الزراع) ഇതാണ് ഇൻജീലിലെ ഉപമ. ഇസ്‌ലാമാകുന്ന വിള നബിﷺആദ്യം ഭൂമിയിൽ ഇറക്കിയപ്പോൾ, ആരംഭത്തിൽ അതിനെ ആശ്ലേഷിച്ചത് ഒറ്റയും തറ്റയുമായ സ്വഹാബികളായിരുന്നു. പിന്നീട് അത് മുളച്ച് ചിനച്ച് വളർന്ന് വന്നു. അങ്ങനെ സമൃദ്ധമായ വിളവ് നൽകുകയും ചെയ്തു.

സാക്ഷാൽ തൗറാത്തോ ഇൻജീലോ ആകട്ടെ, അവയുടെ യഥാർത്ഥ പരിഭാഷയാകട്ടെ, എവിടെയും നിലവിലില്ല. പഴയ നിയമമെന്നും പുതിയ നിയമമെന്നും പറയപ്പെടുന്ന നിലവിലുള്ള തൗറാത്ത് ഇൻജീലുകളിൽ വളരെയധികം കൃത്രിമങ്ങൾ നടത്തപ്പെട്ടിട്ടുണ്ടെന്നും, നബി തിരുമേനി ﷺയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രത്യേകിച്ച് മാറ്റത്തിരുത്തങ്ങൾ സംഭവിച്ചിട്ടുണ്ടെന്നും പരക്കെ അറിയപ്പെട്ടതാണ്. എന്നിരിക്കെ, സ്വഹാബികളെ സംബന്ധിച്ച ഈ വിവരണവും ഉപമയും അവയിൽ കാണപ്പെടാതിരിക്കുക സ്വാഭാവികം മാത്രമാകുന്നു. എന്നിരുന്നാലും, പഴയ നിയമത്തിലും, പുതിയ നിയമത്തിലും അതിന്റെ ചില സൂചനകൾ ഇന്നും അവശേഷിക്കുന്നുണ്ട്താനും. വേദക്കാർ അന്യഥാ വ്യാഖ്യാനിച്ച് തൃപ്തിപ്പെടുകയാണ് ഇപ്പോൾ.

പഴയ നിയമത്തിൽ ഇങ്ങനെ കാണാം: ദൈവപുരുഷനായ മോശെ (മൂസാനബി) തന്റെ മരണത്തിന്മുമ്പെ യിസ്റായേൽ മക്കളെ അനുഗ്രഹിച്ച അനു

ഗ്രഹം ആവിത്: അവൻ പറഞ്ഞതെന്തെന്നാൽ: 'യഹോവ (ദൈവം) സീനായിൽനിന്നുവന്നു, അവർക്ക് സേയീരിൽനിന്ന് ഉദിച്ചു, പാറാൻ പർവ്വതത്തിൽനിന്ന് വിളങ്ങി, ലക്ഷോപലക്ഷം വിശുദ്ധൻമാരുടെ അടുക്കൽനിന്നു വന്നു. അവർക്കുവേണ്ടി അഗ്നിനിയമമായൊരു പ്രമാണം അവന്റെ വലങ്കയ്യിൽ ഉണ്ടായിരുന്നു............ (ആവർത്തന പുസ്തകം: 33ൽ 1 – 3)' യഹോവ സീനായിൽനിന്ന് വന്നുവെന്ന് പറഞ്ഞത് ഈസാ നബി (അ)ക്ക് ഇൻജീൽ ലഭിച്ചതിനെയും സൂചിപ്പിക്കുന്നു. സേയീർ ഫലസ്തീനിൽ സ്ഥിതി ചെയ്യുന്ന മലകളാണ്. പാറാൻ പർവ്വതത്തിൽനിന്ന് വിളങ്ങി എന്ന് പറഞ്ഞത് നബി തിരുമേനി ﷺക്ക് ഖുർആൻ ലഭിച്ചതിനെ സൂചിപ്പിക്കുന്നു. ഹിജാസിന്റെ വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന പർവ്വതനിരകളാണ് പാറാൻ ലക്ഷോപലക്ഷം വിശുദ്ധൻമാർ നബി ﷺയുടെ അനുയായികളുമാകുന്നു. പുതിയ നിയമത്തിൽ ഇപ്രകാരം കാണാം: പിന്നെ അവൻ (യേശു) പറഞ്ഞത്: ദൈവരാജ്യം, ഒരു മനുഷ്യൻ മണ്ണിൽ വിത്ത് എറിഞ്ഞശേഷം രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ, അവൻ അറിയാതെ വിത്ത് മുളച്ച് വരുന്നതുപോലെയാകുന്നു. ഭൂമി സ്വയമായി മുമ്പെ ഞാറും, പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ മണിയും, ഇങ്ങനെ വിളയുന്നു. ധാന്യം വിളയുമ്പോൾ കൊയ്ത്തായതുകൊണ്ട് അവൻ ഉടനെ അരിവാൾ വെക്കുന്നു. പിന്നെ അവൻ പറഞ്ഞത്: ദൈവരാജ്യത്തെ എങ്ങനെ ഉപമിക്കേണ്ടു? ഏത് ഉപമയിൽ അതിനെ വർണിക്കേണ്ടു? അത് കടുകുമണിയോട് സദൃശ്യം. അതിനെ മണ്ണിൽ വിതക്കുമ്പോൾ ഭൂമിയിലെ എല്ലാത്തിലും ചെറുത്. എങ്കിലും വിതച്ചശേഷം വളർന്ന് സകല സസ്യങ്ങളിലും വലുതായിത്തീർന്നു. ആകാശത്തിലെ പക്ഷികൾ അതിന്റെ നിഴലിൽ വസിപ്പാൻ തക്കവണ്ണം വലുതായ കൊമ്പുകളെ വിടുന്നു. (മാർക്കോസ് 4: 26 – 32)

ഖുലാഫാഉർ- റാശിദീന്റെ കാലത്ത് നടന്ന ചരിത്രപ്രസിദ്ധമായ ശാം വിജയങ്ങൾ നടത്തിക്കൊണ്ടിരുന്ന സ്വഹാബികളെപ്പറ്റി അവിടെയുള്ള ക്രിസ്ത്യാനികൾ ഇപ്രകാരം പറഞ്ഞിരുന്നതായി ഇമാം മാലിക് (റ) നിവേദനം ചെയ്യുന്നു: അല്ലാഹുതന്നെ സത്യം! നമ്മുടെ അറിവിൽ പെട്ടിടത്തോളം ഇക്കൂട്ടർ ഹവാരിയ്യു (الحواريون) കളെക്കാൾ ഉത്തമൻമാരാകുന്നു.(ഈസാ നബിയുടെ അനുയായികളിൽ പ്രധാനികളായ ആളുകൾ (അപ്പോസ്തലൻമാർ)ക്കാണ് ഹവാരിയ്യുകൾ എന്ന് പറയപ്പെടുന്നത്.)

സ്വഹാബികൾക്ക് അല്ലാഹുവിങ്കലുള്ള ആദരണീയ സ്ഥാനം ഇതിൽനിന്നെല്ലാം നല്ലപോലെ മനസ്സിലാക്കാമല്ലോ. എന്തിനുവേണ്ടിയാണ് മുൻവേദഗ്രന്ഥങ്ങളിൽപോലും ഇവരെപ്പറ്റി ഇത്ര പുകഴ്ത്തിപ്പറഞ്ഞിരിക്കുന്നത്? ഇത്രയും വിശുദ്ധൻമാരായ നിലയിൽ ഇവരെ വളർത്തി വികസിപ്പിച്ചുകൊണ്ട് വന്നതിന്റെ ഉദ്ദേശ്യമെന്താണ്? അല്ലാഹു തന്നെ അതിവിടെ വിവരിക്കുന്നു: അതെ, അല്ലാഹുവിലും, അവന്റെ തൗഹീദിലും വിശ്വസിക്കാത്തവരെ അരിശം കൊള്ളിക്കുവാനും, കുപിതരാക്കുവാനും തന്നെ. (ليغيظ بهم الكفار) വളരെ ശ്രദ്ധേയമായ ഒരു വാക്യമാണിത്. നബി തിരുമേനി ﷺയുടെ സഖാക്കളെ പഴിക്കുകയും ആക്ഷേപിച്ച് പറ

യുകയും ചെയ്യുന്ന റാഫിദ്വീ(الرافضة) കക്ഷിക്കാർ അതുമൂലം ഇസ്‌ലാമിൽനിന്ന് പുറത്തുപോകുമെന്നുപോലും ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ചില മഹാൻമാർ പ്രസ്താവിച്ചിരിക്കുന്നു. പുരോഗമനാശയത്തിന്റെ പേരിൽ, പല ഇസ്‌ലാമിക പാരമ്പര്യങ്ങളെയും നിഷേധിച്ചും പരിഹസിച്ചും വരുന്ന ചില ആധുനിക മുസ്‌ലിം പരിഷ്കാരികളും സ്വഹാബികളെ തരം താഴ്ത്തി പുച്ഛസ്വരത്തിൽ സംസാരിക്കുന്നത് കാണാം. അല്ലാഹുവിന്റെ ഈ വാക്യം അവരും ഓർത്തിരിക്കുന്നത് നന്നായിരിക്കും.

നബി ﷺ പറഞ്ഞിരിക്കുന്നു: 'നിങ്ങൾ എന്റെ സ്വഹാബികളെ പഴിക്കരുത്. എന്റെ ആത്മാവ് യാതൊരുവന്റെ കൈവശമാണോ അവൻ തന്നെ സത്യം! നിങ്ങളിലൊരാൾ ഉഹ്ദ് മലയാളം സ്വർണം ചിലവഴിച്ചാലും, അവരിലൊരാൾ ഒരു മുദ്ദോ(കൈകൊണ്ട് ഒരു വാരൽ) അതിന്റെ പകുതിയോ ചിലവഴിക്കുന്നതിന് അത് കിടയൊക്കുകയില്ല'. (മു.) മറ്റൊരു ഹദീഥിൽ നബിﷺ പറയുന്നു: 'ജനങ്ങളിൽവെച്ച് ഉത്തമൻമാർ, എന്റെ കാലക്കാരാണ്. പിന്നീട് അവരെ തുടർന്നുള്ളവരും, പിന്നീടവരെ തുടർന്നുള്ളവരും. പിന്നീട് ഒരു ജനതവരും: അവരിലൊരാളുടെ സാക്ഷ്യം അവന്റെ സത്യത്തെ മുൻകടക്കുകയും, അവന്റെ സത്യം അവന്റെ സാക്ഷ്യത്തെ മുൻകടക്കുകയും ചെയ്യും.'(ബു.) സത്യദീക്ഷയില്ലാതെ സത്യം ചെയ്യുവാനും, സാക്ഷ്യം നിർവ്വഹിക്കുവാനും മടിക്കുകയില്ല എന്ന് സാരം.

നബി തിരുമേനിﷺയോടൊപ്പം ഇടപഴകി സഹവസിക്കുകയും, വിവിധരംഗങ്ങളിൽ തിരുമേനിയൊന്നിച്ച് പങ്കെടുക്കുകയും, അവിടുത്തെ ശിക്ഷണങ്ങളും ഉപദേശങ്ങളും നേരിൽ ലഭിക്കാൻ ഭാഗ്യം സിദ്ധിക്കുകയും ചെയ്ത മഹാനുഭാവൻമാരെക്കാൾ ഭാഗ്യവാൻമാർ മറ്റാരാണ്?! ഇവരിൽ, ആദ്യമാദ്യം നബിﷺയിൽ വിശ്വസിക്കുകയും. ഇസ്‌ലാമിന് ശക്തിയും സ്വാധീനവും വർദ്ധിച്ച് വരുന്നതിനുമുമ്പ് അതിനുവേണ്ടി ത്യാഗവും സേവനവുമനുഷ്ഠിക്കുകയും ചെയ്തവരും, അല്ലാത്തവരും തമ്മിൽ പദവിയിൽ വ്യത്യാസമുണ്ടായിരിക്കും. അല്ലാഹു പറയുന്നു: لا يستوى منكم من انفق من قبل الفتح وقاتل اولئك اعظم درجة من الذين انفقوامن بعد وقاتلوا وكلا وعد الله الحسنى – الحديد(സാരം: നിങ്ങളിൽ നിന്ന് വിജയത്തിന് മുമ്പ് ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവരെക്കാൾ വമ്പിച്ച പദവിയുള്ളവരാണവർ. എല്ലാവർക്കും തന്നെ, അല്ലാഹു ഏറ്റവും നല്ല പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. (സൂ: ഹദീദ് 10)

സ്വഹാബികളുടെ ഉത്തമഗുണങ്ങളും മാതൃകാഗുണങ്ങളും വിവരിച്ചശേഷം, അവർക്ക് പാപമോചനവും, മഹത്തായ പ്രതിഫലവും നൽകുമെന്ന് അല്ലാഹു വാഗ്ദാനവും ചെയ്തിരിക്കുന്നു. (وعد الله إلى قوله عظيما) മേൽ വിവരിച്ച വിശിഷ്ട ഗുണങ്ങളോട് കൂടിയവർ സത്യവിശ്വാസികളും സൽക്കർമികളുമായിരിക്കുമെന്നതിൽ സംശയമില്ല. അവരുടെ വിശ്വാസകർമങ്ങൾ തന്നെയാണല്ലോ ആ ഗുണങ്ങൾക്ക് നിദാനവും. എന്നിരിക്കെ,وعد الله الذين آمنوا وعملوا الصالحات منهم (അവരിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു

വാഗ്ദാനം ചെയ്തു) എന്ന വാക്യത്തിൽനിന്ന് അവരിൽ സത്യവിശ്വാസികളും, സൽക്കർമികളും അല്ലാത്തവരും ഉണ്ടെന്ന് ഊഹിച്ചുകൂടാത്തതാണ്. അവരെ ഇത്രയും ഉൽകൃഷ്ടൻമാരാക്കിത്തീർത്ത ആ വിശ്വാസകർമങ്ങൾക്ക് നൽകപ്പെടുന്ന പ്രതിഫലം, മറ്റുള്ളവർക്ക് ലഭിക്കുന്നതിനെക്കാൾ കൂടുതൽ മഹത്തരമായിരിക്കും എന്നത്രെ അതിന്റെ താൽപര്യം, പരിതസ്ഥിതി, മുതലായ ചുറ്റുപാടുകൾക്കനുസരിച്ചായിരിക്കും ഉണ്ടാവുക. പുണ്യകർമങ്ങൾക്ക് പത്ത് മുതൽ എഴുന്നൂറുവരെ- അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അതിലധികവും- ഇരട്ടി പ്രതിഫലം നൽകപ്പെടുമെന്ന് പറഞ്ഞിരിക്കുന്നത് അതുകൊണ്ടാകുന്നു. നബി ﷺ യോടൊപ്പം സഹവസിക്കുവാനും, അവിടുത്തെ ശിക്ഷണങ്ങൾ ലഭിക്കുവാനുമുള്ള ഭാഗ്യം സ്വഹാബികൾക്കല്ലാതെ മറ്റാർക്കും ലഭിച്ചിട്ടില്ലല്ലോ. മറ്റുള്ളവർ ഒരു മലയോളം ചിലവഴിച്ചാലും അവരുടെ ഒരു മുദ്ദിന് കിടയൊക്കുകയില്ല എന്ന് നബി ﷺ പ്രസ്താവിച്ചതിന്റെ രഹസ്യവും അതത്രെ. എന്നാൽ, സത്യവിശ്വാസവും, സൽക്കർമങ്ങളുമാണ് എല്ലാവിധ ഉന്നത സ്ഥാനങ്ങൾക്കും നിദാനം, അതില്ലെങ്കിൽ മറ്റുള്ള ഗുണഗണങ്ങളൊന്നും- സ്വഹാബികളിലാകട്ടെ, അല്ലാത്തവരിലാകട്ടെ- പരിഗണിക്കപ്പെടുന്നതല്ല എന്നുള്ള തത്വവും ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നു. والله أعلم

സ്വഹാബികളെപ്പറ്റി അല്ലാഹു ഇങ്ങനെ പ്രശംസിച്ച് പറഞ്ഞിരിക്കെ, ഓരോരുത്തരും എല്ലാ വിധ പാപങ്ങളിൽ നിന്നും പരിശുദ്ധരായിരിക്കുമെന്ന് വിധി കൽപിക്കുവാൻ നിവൃത്തിയില്ല. എല്ലാ പാപങ്ങളിൽനിന്നും പരിശുദ്ധരായവർ പ്രവാചകൻമാർ മാത്രമാകുന്നു. മനുഷ്യസഹജമായ ചില തെറ്റുകുറ്റങ്ങളും, പാകപ്പിഴവുകളും അവരിലും ഉണ്ടാകാം. ചിലരിൽ നിന്ന് ചിലതെല്ലാം സംഭവിച്ചിട്ടുമുണ്ട്. പക്ഷേ, അഭിപ്രായങ്ങളിലോ, വ്യാഖ്യാനങ്ങളിലോ വന്ന വ്യത്യസ്ത വീക്ഷണഗതികളായിരുന്നു അവയ്ക്ക് മിക്കവാറും കാരണമെന്ന് പരിശോധിച്ചാൽ കാണുവാൻ കഴിയും. അഥവാ തന്നിഷ്ടം, ഭൗതികനേട്ടം, വിശ്വാസക്കുറവ് ആദിയായവയിൽ നിന്ന് ഉടലെടുത്ത പാപകൃത്യങ്ങൾ നബി ﷺ യുമായി സഹവസിച്ച് പോന്ന സ്വഹാബികളിൽ കാണപ്പെടുവാൻ പ്രയാസമാണ്. അതേസമയത്ത്, ഏതൊരു അബദ്ധത്തിലകപ്പെട്ടാലും ശരി, അത് തെറ്റാണെന്ന് ബോധ്യം വന്നാൽ- അല്ലെങ്കിൽ അത് തെറ്റാണെന്ന് കാണിക്കുന്ന ഒരു ക്വുർആൻ വചനമോ, നബിചര്യയോ ശ്രദ്ധയിൽപെട്ടാൽ- പിന്നീടവിടെ തർക്കത്തിനും ന്യായവാദത്തിനും അവർ ഒരുമ്പെടുകയില്ല. തൽക്ഷണം അതിൽനിന്ന് ഒഴിഞ്ഞുമാറി പശ്ചാത്തപിക്കുക തന്നെ ചെയ്യും. ഇത് സ്വഹാബികളിൽ പൊതുവെ കാണപ്പെടുന്ന ഒരു അത്യുത്തമ മാതൃകയാകുന്നു. رضي الله عنهم

وصدق الله وصدق رسوله وبلغ ونحن على ذلك من الشاهدين

اللهم لك الحمد ولك المنة والفضل

سورة الحجرات

49. സൂറത്തുൽ ഹുജുറാത്ത്

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 18 - വിഭാഗം (റുകൂഉ്) 2

സൂറത്തുൽ-ഖിതാൽ (യുദ്ധത്തിന്റെ അദ്ധ്യായം) എന്ന് കൂടി പേരുള്ള സൂറത്ത് മുഹമ്മദിൽ യുദ്ധസംബന്ധമായ പല കാര്യങ്ങളും അല്ലാഹു വിവരിച്ചു. പിന്നീട്, വിജയത്തിന്റെ അദ്ധ്യായമായ സൂറത്തുൽ ഫത്ഹിൽ വിജയത്തിന്റെ മാർഗങ്ങളും നേട്ടങ്ങളും വിവരിച്ചു. തുടർന്നുകൊണ്ട് ഈ അദ്ധ്യായത്തിൽ, നബി തിരുമേനി ﷺ യും അവിടുത്തെ അനുയായികളും തമ്മിലും, സത്യവിശ്വാസികൾ തമ്മതമ്മിലും എങ്ങനെ വർത്തിക്കണമെന്ന് വിവരിക്കുന്നു. ഏതൊരു സമുദായത്തിന്റെയും കെട്ടുറപ്പും നിലനിൽപും, അഭിവൃദ്ധിയും, പുരോഗതിയുമെല്ലാം തന്നെ, ആ സമുദായത്തിന്റെ കടിഞ്ഞാൺ പിടിക്കുന്ന നേതൃത്വത്തിന്റെയും, ആ നേതൃത്വത്തിൻ കീഴിൽ നിലകൊള്ളുന്ന സമൂഹത്തിന്റെയും ഗുണങ്ങളെ ആശ്രയിച്ചിരിക്കും. നേതൃത്വം, സമർത്ഥവും തൃപ്തികരവുമായതായിരിക്കണം. സമൂഹമാകട്ടെ, നേതൃത്വത്തോട് കൂറും മതിപ്പും പുലർത്തുന്നതും, അച്ചടക്കത്തോടും, അനുസരണയോടും, പരസ്പര സ്നേഹത്തോടുംകൂടി വർത്തിക്കുന്നതുമായിരിക്കണം.

ഏതൊരു സമൂഹത്തിനും അതിന്റെ നേതാവിനോടുണ്ടായിരിക്കേണ്ടുന്നതിനെക്കാൾ കവിഞ്ഞതാണ് മുസ്‌ലിം സമുദായത്തിന് നബി തിരുമേനി ﷺ യോടുള്ള ബാധ്യത.الأحزاب– النبي أولى بالمؤمنين من أنفسهم (നബി സത്യവിശ്വാസികളോട് അവരുടെ സ്വന്തം ദേഹങ്ങളെക്കാളും ബന്ധപ്പെട്ട ആളാണ്.) സൂഃ അഹ്സാബിലെ ഈ വചനത്തെപ്പറ്റി അവിടെ വിവരിച്ചിട്ടുള്ളത് ഓർക്കുക. ഈ സൂറത്തിലും ഇത് സംബന്ധമായി പലതും കാണാവുന്നതാണ്. സൂറത്തിന്റെ ആദ്യഭാഗം നബി തിരുമേനി ﷺ യോട് മുസ്‌ലിം സമുദായം സ്വീകരിക്കേണ്ടുന്ന മര്യാദകളെക്കുറിച്ച് വിവരിക്കുന്നു. അതോടുകൂടി- നബി തിരുമേനി ﷺ യുടെ സ്ഥാനപദവികൾ മറ്റാർക്കും ഉണ്ടാകാവതല്ലെങ്കിലും- എല്ലാ കാലത്തും മുസ്‌ലിം സമുദായം അവരുടെ പൊതുനേതാവിനോടും, ഓരോ സംഘവും ആ സംഘത്തിന്റെ നേതാവിനോടും എങ്ങനെ പെരുമാറണമെന്നുള്ളതിന്റെ പ്രായോഗിക മാതൃകകൂടി അതിൽ അടങ്ങിയിരിക്കുന്നത് കാണാം.

ക്വുർആന്റെ സാധാരണ പതിവുപോലെത്തന്നെ ഈ അദ്ധ്യായത്തിലും, വലിയ ബുദ്ധിമാൻമാർക്ക് മാത്രം മനസ്സിലാക്കാവുന്ന അതിഗഹനങ്ങളായ കുറെ തത്വങ്ങൾ സമർപ്പിക്കുകയല്ല അല്ലാഹു ചെയ്തിരിക്കുന്നത്. സാധാരണക്കാർക്ക് പോലും വേഗത്തിൽ മനസ്സിലാക്കാവുന്നതും, പ്രായോഗികരംഗത്ത് എല്ലാവർക്കും ഒരുപോലെ സ്വീകരിക്കുവാൻ കഴിയുന്നതുമായ ചില കാര്യങ്ങളാണ് അല്ലാഹു വിവരിച്ചിരിക്കുന്നത്. അതേസമയത്ത്, ചിന്തകന്മാരായ ആളുകൾക്ക് അവ ഓരോന്നിലും ഗൗരവമേറിയ തത്വവിജ്ഞാനങ്ങൾ അടങ്ങിയിട്ടുള്ളതായി കാണാവുന്നതുമാണ്.والله ولي التوفيق

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُقَدِّمُواْ بَيۡنَ يَدَيِ ٱللَّهِ وَرَسُولِهِۦۖ وَٱتَّقُواْ ٱللَّهَۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٞ ﴿١﴾

﴾1﴿ ഹേ, വിശ്വസിച്ചവരേ, അല്ലാഹുവിന്റെയും, അവന്റെ റസൂലിന്റെയും മുമ്പിൽ നിങ്ങൾ മുൻകടന്ന് (ഒന്നും) പ്രവർത്തിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു (എല്ലാം) കേൾക്കുന്നവനാണ്, അറിയുന്നവനാണ്.

﴾1﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ഹേ വിശ്വസിച്ചവരേ لَا تُقَدِّمُواْ നിങ്ങൾ മുൻകടന്ന് പ്രവർത്തിക്കരുത്, മുൻകൂട്ടി ചെയ്യരുത് بَيۡنَ يَدَيِ ٱللَّهِ അല്ലാഹുവിന്റെ മുമ്പിൽ وَرَسُولِهِۦ അവന്റെ റസൂലിന്റെയും وَٱتَّقُواْ ٱللَّهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു سَمِيعٌ കേൾക്കുന്നവനാണ് عَلِيمٌ അറിയുന്നവനാണ്

സത്യവിശ്വാസികളേഎന്ന സംബോധനയോടുകൂടി ആരംഭിക്കുകയും ഇടക്കിടെ ആ സംബോധന ആവർത്തിക്കുകയും ചെയ്യുന്ന ഈ സൂറത്തിലെ മിക്ക വിഷയങ്ങളും മുസ്‌ലിം സമുദായത്തെ അഭിമുഖീകരിക്കുന്നവയാകുന്നു. ഏതൊരു കാര്യമായാലും, ആ കാര്യം ഇന്നപ്രകാരമായിരിക്കണമെന്ന് അല്ലാഹുവും റസൂലും തീരുമാനമെടുക്കുന്നതിന് - അല്ലാഹുവിന്റെ വിധി റസൂൽ ﷺ മുഖേന ലഭിക്കുന്നതിന്- മുമ്പായി സത്യവിശ്വാസികൾ അതിൽ തീരുമാനവും നടപടിയും എടുക്കുവാൻ പാടില്ലെന്ന് അല്ലാഹു കൽപിക്കുന്നു. റസൂൽ തിരുമേനി ﷺ യുടെ സാന്നിദ്ധ്യത്തിൽ ഒരു സത്യവിശ്വാസി അങ്ങനെ ചെയ്യുന്നത് അല്ലാഹുവിനോടും, റസൂലിനോടും കാണിക്കുന്ന അനാദരവും, അവിവേകവുമാണെന്ന് വ്യക്തമാണല്ലോ. റസൂൽ തിരുമേനി ﷺ യുടെ അഭാവത്തിൽ, മതസംബന്ധമായ

ഏതൊരു കാര്യത്തിലും ക്വുർആന്റെയും സുന്നത്തിന്റെയും വിധി അന്വേഷിക്കാതെ, ആർക്കും സ്വന്തമായൊരു വിധി ഉണ്ടായിരിക്കുവാൻ പാടില്ലെന്നുള്ള വസ്തുതയും ഈ കൽപനയിൽ അടങ്ങിയിരിക്കുന്നു.

യമനിലെ മുസ്ലിംകൾക്ക് മതകാര്യങ്ങൾ പഠിപ്പിച്ചുകൊടുക്കുവാനായി മുആദ് (معاذ بن جبل-رضـ)നെ അയച്ച അവസരത്തിൽ നബി ﷺ അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി: താൻ എന്തുകൊണ്ടാണ് - ഏതിനെ ആസ്പദമാക്കിയാണ്-വിധി കൊടുക്കുക? മുആദ് (റ) പറഞ്ഞു:അല്ലാഹുവിന്റെ ഗ്രന്ഥംകൊണ്ട്.തിരുമേനി: (അതിൽ) കണ്ടെത്തിയില്ലെങ്കിലോ?മുആദ് (റ): അല്ലാഹുവിന്റെ റസൂലിന്റെ സുന്നത്ത്(ചര്യ)കൊണ്ട്.തിരുമേനി: (അതിലും) കണ്ടെത്തിയില്ലെങ്കിലോ? മുആദ് (റ): ഞാൻ എന്റെ അഭിപ്രായം ആരാഞ്ഞെടുക്കും.അപ്പോൾ തിരുമേനി, അദ്ദേഹത്തിന്റെ നെഞ്ചിന്ന് കൊട്ടിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: അല്ലാഹുവിന്റെ റസൂലിന്റെ ദൂതന്ന് അല്ലാഹുവിന്റെ റസൂൽ തൃപ്തിപ്പെടുന്ന കാര്യത്തിലേക്ക് സഹായം ചെയ്തുകൊടുത്ത അല്ലാഹുവിന് സ്തുതി! (അ; ദാ; തി; ജ) നബി ﷺയോട് സത്യവിശ്വാസികൾ എത്രമാത്രം ബഹുമാനത്തോടും, മര്യാദയോടുംകൂടി പെരുമാറേണ്ടതുണ്ടെന്ന് അടുത്ത ഒരേ ഒരു വചനത്തിൽ നിന്നുതന്നെ മനസ്സിലാക്കാവുന്നതാണ്:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَرْفَعُوٓا۟ أَصْوَٰتَكُمْ فَوْقَ صَوْتِ ٱلنَّبِىِّ وَلَا تَجْهَرُوا۟ لَهُۥ بِٱلْقَوْلِ كَجَهْرِ بَعْضِكُمْ لِبَعْضٍ أَن تَحْبَطَ أَعْمَـٰلُكُمْ وَأَنتُمْ لَا تَشْعُرُونَ ﴿٢﴾

﴾2﴿ ഹേ, വിശ്വസിച്ചവരേ, പ്രവാചകന്റെ ശബ്ദത്തിനുമീതെ നിങ്ങൾ നിങ്ങളുടെ ശബ്ദം ഉയർത്തരുത്; നിങ്ങളിൽ ചിലർ ചിലരോട് [തമ്മതമ്മിൽ] ഉച്ചത്തിൽ പറയുന്നത് പോലെ, അദ്ദേഹത്തോട് (പറയുന്ന) വാക്ക് ഉച്ചത്തിലാക്കുകയും ചെയ്യരുത്; നിങ്ങൾ അറിയാത്ത നിലയിൽ, നിങ്ങളുടെ കർമങ്ങൾ ഫലശൂന്യമായിപ്പോയേക്കുന്നത് കൊണ്ടത്രെ (ഇത് വിരോധിക്കുന്നത്).

﴾2﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ, വിശ്വസിച്ചവരേ لَا تَرْفَعُوٓا۟ നിങ്ങൾ ഉയർത്തരുത് أَصْوَٰتَكُمْ നിങ്ങളുടെ ശബ്ദങ്ങൾ فَوْقَ صَوْتِ ശബ്ദത്തിന്റെ മീതെ ٱلنَّبِىِّ പ്രവാചകന്റെ, നബിയുടെ وَلَا تَجْهَرُوا۟ നിങ്ങൾ ഉച്ചത്തിലാക്കുകയും അരുത് لَهُۥ അദ്ദേഹത്തോട് بِٱلْقَوْلِ വാക്ക് (സംസാരം) കൊണ്ട്, വാക്കിൽ كَجَهْرِ بَعْضِكُمْ നിങ്ങളിൽ ചിലർ ഉച്ച

ത്തിലാക്കുന്നത് പോലെ لِبَعْضٍ ചിലരോട് أَن تَحْبَطَ ഫലശൂന്യമാകുന്നതിനാൽ أَعْمَـٰلُكُمْ നിങ്ങളുടെ കർമങ്ങൾ وَأَنتُمْ നിങ്ങൾ لَا تَشْعُرُونَ അറിയാതെ, അറിയുന്നതു മല്ല

നബിﷺയുടെ അടുക്കൽവെച്ച് സംസാരിക്കുമ്പോൾ, അവിടുത്തെ ശബ്ദത്തെക്കാൾ കവിഞ്ഞ ശബ്ദത്തിൽ സംസാരിക്കുന്നതും, അവിടുത്തോട് വല്ലതും പറയുമ്പോൾ, തമ്മതമ്മിൽ സംസാരിക്കാറുള്ള അത്ര ഉച്ചത്തിൽ സംസാരിക്കുന്നതും സത്യവിശ്വാസികൾക്ക് പാടില്ലാത്തതാണെന്നും, അവരറിയാതെത്തന്നെ അവരുടെ സൽക്കർമങ്ങൾ ഫലശൂന്യമായിപ്പോകുവാൻ അത് കാരണമായിത്തീരുമെന്നും അല്ലാഹു അറിയിക്കുന്നു. മുസ്ലിംകൾ നബി തിരുമേനിﷺയെ തങ്ങളുടെ ഒരു നേതാവെന്ന നിലക്ക് മാത്രം വീക്ഷിച്ചാൽപോരാ, അവിടുന്ന് അല്ലാഹുവിന്റെ പ്രവാചകൻമാരിൽ ശ്രേഷ്ഠനും ലോകർക്ക് മുഴുവനും അനുഗ്രഹവും, മാർഗദർശകനുമായി അയക്കപ്പെട്ട ദൂതനുമാണെന്ന് കൂടി ഓർക്കേണ്ടതുണ്ട്. സാധാരണ നേതാക്കളോട് പോലും അവരുടെ അനുയായികൾ ഇത്തരം മര്യാദകൾ അവഗണിക്കുന്നത് ആക്ഷേപാർഹമാണല്ലോ. അപ്പോൾ, തിരുമേനിയുടെ കാര്യത്തിൽ ഇതിന്റെ ഗൗരവം എത്രത്തോളം വമ്പിച്ചതായിരിക്കുമെന്ന് ഊഹിക്കാവുന്നതാണ്.

നബിﷺയുടെ ജീവിതകാലത്തെന്നപോലെ, അതിന് ശേഷവും നബിﷺയെക്കുറിച്ചുള്ള സംസാരങ്ങളിലും പരാമർശങ്ങളിലും ഇത്തരം മര്യാദകൾ ഗൗനിക്കപ്പെടേണ്ടതുണ്ട്. അവിടുത്തെ സ്ഥാനത്തിനും പദവിക്കും അനുയോജ്യമായ ഭാഷയിലും, സ്വരത്തിലുമായിരിക്കണം അത്. അവിടുത്തോടുള്ള ആദരവ് സത്യവിശ്വാസത്തിൽനിന്ന് ഉടലെടുത്തതും, അനാദരവ് അവിശ്വാസത്തിൽനിന്നും കാപട്യത്തിൽനിന്നും ഉടലെടുക്കുന്നതുമാകുന്നു. തിരുമേനിയെ സംബോധന ചെയ്യുന്നതിലും, തിരുമേനിയുടെ സദസ്സിൽ സമ്മേളിക്കുന്നതിലും, വീട്ടിൽ പ്രവേശിക്കുന്നതിലുമെല്ലാംതന്നെ പ്രത്യേകം അച്ചടക്കമര്യാദകൾ പാലിക്കേണ്ടതുണ്ടെന്ന് സൂഃ നൂറിലും, സൂഃ അഹ്സാബിലും മറ്റും അല്ലാഹു എടുത്ത് പറഞ്ഞിട്ടുള്ളത് ഇവിടെ സ്മരണീയമാണ്.

നബി തിരുമേനിﷺയുടെ സ്വഹാബികൾ അല്ലാഹുവിന്റെ ഈ കൽപനകളെ എങ്ങനെ വിലയിരുത്തിയിരുന്നുവെന്ന് കാണിക്കുന്ന ചുരുക്കം ചില ഉദാഹരണങ്ങൾ ഇവിടെ അറിയുന്നത് നന്നായിരിക്കും. തമീംഗോത്രക്കാരുടെ നിവേദകസംഘം (ഇവരെപ്പറ്റി താഴെ പ്രസ്താവിക്കുന്നുണ്ട്.) തിരുമേനിയുടെ അടുക്കൽ വന്നപ്പോൾ, അവരിൽ ആരെയാണ് അവരുടെ നേതാവായി നിശ്ചയിക്കേണ്ടത് എന്ന കാര്യത്തിൽ അബൂബക്റും (റ), ഉമറും (റ) തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായി. ഇതിനെത്തുടർന്നുണ്ടായ തർക്കത്തിൽ രണ്ടാളുടെയും ശബ്ദം കുറച്ച് ഉച്ചത്തിലായിപ്പോയി. ഈ ക്വുർആൻ വചനത്തിന്റെ അവതരണം

ആ സന്ദർഭത്തിലായിരുന്നു. പിന്നീട് ഉമർ (റ) നബി ﷺ യോട് സംസാരിക്കുമ്പോൾ, അതുകേട്ട് മനസ്സിലാക്കുവാൻ പോലും ചിലപ്പോൾ സാധിക്കാതെവരത്തക്കവിധം അത്ര പതുക്കെയായിരുന്നു സംസാരിച്ചിരുന്നത്. ഈ സംഭവം ബുഖാരിയിലും മുസ്‌ലിമിലും കാണാം. അബൂബക്ർ (റ) ആകട്ടെ, സ്വകാര്യ സംഭാഷണം നടത്തുവാൻവേണ്ടി വന്ന ഒരാളെപ്പോലെയായിരുന്നു അത് മുതൽ നബി ﷺ യുമായി സംസാരിച്ചിരുന്നത് എന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. വല്ല നിവേദകസംഘവും വരുമ്പോൾ, നബി ﷺ ക്ക് സലാം പറയുന്നതും അവിടുത്തോട് സംസാരിക്കുന്നതും എങ്ങനെയായിരിക്കണമെന്ന് അദ്ദേഹം മുൻകൂട്ടി അവർക്ക് അറിയിച്ചുകൊടുക്കുമായിരുന്നുവെന്നും പറയപ്പെടുന്നു. ഈ വചനം അവതരിച്ചശേഷം ഥാബിത്തുബ്നുകൈസ് (ثابت بن قيش)(റ) നബി ﷺ യുടെ അടുക്കലേക്കുള്ള തന്റെ വരവ് നിറുത്തുകയുണ്ടായി. വിവരമറിഞ്ഞ് തിരുമേനി ആളയച്ച് സംഗതി അന്വേഷിച്ചു. വിഷമത്തിൽ മുഴുകിക്കൊണ്ടിരുന്ന അദ്ദേഹം പറഞ്ഞു: വളരെ ഉച്ചത്തിൽ സംസാരിക്കുന്ന ഒരാളാണ് ഞാൻ. തിരുമേനിയുടെ ശബ്ദത്തെക്കാൾ എന്റെ ശബ്ദം ഉച്ചത്തിലായിപ്പോകാറുണ്ട്. ഇക്കാരണത്താൽ എന്റെ കർമങ്ങൾ (ആയത്തിൽ കണ്ടത്പോലെ) ഫലശൂന്യമായിപ്പോയേക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു.ഇത് കേട്ടപ്പോൾ, അദ്ദേഹം നല്ല നിലയിൽ ജീവിക്കുകയും, മരിക്കുകയും ചെയ്യുന്ന സജ്ജനങ്ങളുടെ കൂട്ടത്തിൽപെട്ട ആളാണെന്ന് പറഞ്ഞ് അദ്ദേഹത്തെ സമാധാനിപ്പിക്കുവാൻ തിരുമേനി വീണ്ടും ആളയച്ചു. ഈ സംഭവവും ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിച്ചിരിക്കുന്നു. അല്ലാഹു പറയുന്നത് നോക്കുക:

إِنَّ ٱلَّذِينَ يَغُضُّونَ أَصْوَٰتَهُمْ عِندَ رَسُولِ ٱللَّهِ أُو۟لَٰٓئِكَ ٱلَّذِينَ ٱمْتَحَنَ ٱللَّهُ قُلُوبَهُمْ لِلتَّقْوَىٰ ۚ لَهُم مَّغْفِرَةٌ وَأَجْرٌ عَظِيمٌ ﴿٣﴾

﴿3﴾ നിശ്ചയമായും, അല്ലാഹുവിന്റെ റസൂലിന്റെ അടുക്കൽവെച്ച് തങ്ങളുടെ ശബ്ദം താഴ്ത്തുന്നവർ (ആരോ), അവരുടെ ഹൃദയങ്ങളെ തക്‌വാ [ഭയഭക്തി]ക്കുവേണ്ടി അല്ലാഹു പരീക്ഷി(ച്ച് പരിശീലിപ്പി)ച്ചിട്ടുള്ളവരത്രെ അക്കൂട്ടർ. അവർക്ക് പാപമോചനവും, മഹത്തായ പ്രതിഫലവും ഉണ്ട്.

﴿3﴾ إِنَّ ٱلَّذِينَ നിശ്ചയമായും യാതൊരുവർ يَغُضُّونَ അവർ താഴ്ത്തും, പതുക്കെയാക്കുന്നു أَصْوَٰتَهُمْ തങ്ങളുടെ ശബ്ദങ്ങളെ عِندَ رَسُولِ ٱللَّهِ അല്ലാഹുവിന്റെ റസൂലിന്റെ അടുക്കൽ أُو۟لَٰٓئِكَ ٱلَّذِينَ യാതൊരുവരാണ് അക്കൂട്ടർ ٱمْتَحَنَ ٱللَّهُ അല്ലാഹു പരീക്ഷിച്ചിരിക്കുന്നു, പരിശീലിപ്പിച്ചിരിക്കുന്നു قُلُوبَهُمْ അവരുടെ ഹൃദയങ്ങളെ لِلتَّقْوَىٰ

ഭയഭക്തി (സൂക്ഷ്മതക്ക്)ക്ക് വേണ്ടി, തക്‌വയിലേക്ക് لَهُم അവർക്കുണ്ട് مَّغۡفِرَةٞ പൊറുതി, പാപമോചനം وَأَجۡرٌ عَظِيمٌ മഹത്തായ (വമ്പിച്ച) പ്രതിഫലവും, കൂലിയും

تقوى (തക്‌വാ) എന്ന വാക്കിന് സൂക്ഷിക്കുക, കാക്കുകഎന്നൊക്കെയാണ് ഭാഷാർത്ഥം.ഭയപ്പാട് എന്ന അർത്ഥത്തിലും അത് ഉപയോഗിക്കപ്പെടും. മതദൃഷ്ട്യാ കുറ്റകരവും ശിക്ഷാർഹവുമായ കാര്യങ്ങളെ സൂക്ഷിക്കുക-അല്ലാഹുവിന്റെ വിധിവിലക്കുകളെ അനുസരിക്കുക - എന്ന ഉദ്ദേശ്യത്തിലാണ് ഖുർആനിലും,ഹദീഥിലും,ഇസ്‌ലാമിക സാഹിത്യങ്ങളിലും തക്‌വാ ഉപയോഗിക്കപ്പെടുന്നത്.അതുകൊണ്ടാണ് ഭയഭക്തിഎന്ന് അതിന് അർത്ഥം കൽപിക്കപ്പെടുന്നതും. ഹൃദയത്തിൽ ഭയഭക്തിയില്ലാത്തവൻ വിധിവിലക്കുകളെ മാനിക്കുകയില്ലല്ലോ. നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് തക്‌വാ ഇവിടെയാണ് (التقوى ههنا) എന്ന് നബി ﷺ പ്രസ്താവിച്ചിരിക്കുന്നത് പ്രസിദ്ധമാണ്. ഹൃദയത്തിൽ തക്‌വാ ഉള്ളതിന്റെ ലക്ഷണമാണ് നബി ﷺയോട് അച്ചടക്കത്തിലും ബഹുമാനത്തിലും പെരുമാറുന്നത്; എല്ലാ ഹൃദയങ്ങളും തക്‌വയുടെ ഇരിപ്പിടമായിരിക്കുവാൻ കൊള്ളുന്നവയല്ല; അതിന് കൊള്ളാവുന്ന ഹൃദയങ്ങളിൽ അല്ലാഹുവിനാൽ പ്രദാനം ചെയ്യപ്പെടുന്ന ഒരു അനുഗ്രഹമാണ് അത് എന്നൊക്കെ ഈ വചനത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

മുജാഹിദ് (റ) പ്രസ്താവിച്ചതായി അഹ്മദ് (റ) ഉദ്ധരിച്ചിരിക്കുന്നു: ഉമർ (റ) നോട് ഇപ്രകാരം എഴുതിചോദിക്കപ്പെട്ടു: അമീറുൽ മുഅ്മിനീൻ! ഒരു മനുഷ്യൻ (അല്ലാഹുവിനോട്) അനുസരണക്കേട് ചെയ്വാൻ ആഗ്രഹിക്കുന്നില്ല, അവനത് ചെയ്യുന്നുമില്ല. ഇവനാണോ ഉത്തമൻ? അതല്ല, അനുസരണക്കേട് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു, അത് പ്രവർത്തിക്കാറില്ല, ഇങ്ങനെയുള്ള മനുഷ്യനോ? അദ്ദേഹം മറുപടി എഴുതി: അനുസരണക്കേട് ചെയ്യാൻ ആഗ്രഹിക്കുകയും, എന്നിട്ടത് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവരത്രെ അല്ലാഹു തക്‌വാക്കുവേണ്ടി ഹൃദയങ്ങളെ പരീക്ഷിച്ചറിഞ്ഞകൂട്ടർ.

إِنَّ ٱلَّذِينَ يُنَادُونَكَ مِن وَرَآءِ ٱلۡحُجُرَٰتِ أَكۡثَرُهُمۡ لَا يَعۡقِلُونَ ﴿٤﴾

﴾4﴿ (നബിയേ) അറകളുടെ പിന്നിൽനിന്ന് നിന്നെ വിളിക്കുന്നവരിൽ അധികമാളുകളും (കാര്യം) മനസ്സിലാക്കുന്നില്ല.

وَلَوۡ أَنَّهُمۡ صَبَرُواْ حَتَّىٰ تَخۡرُجَ إِلَيۡهِمۡ لَكَانَ خَيۡرٗا لَّهُمۡۚ وَٱللَّهُ غَفُورٞ رَّحِيمٞ ﴿٥﴾

﴾5﴿ നീ അവരുടെ അടുക്കലേക്ക് പുറപ്പെട്ടു ചെല്ലുന്നത് വരേക്ക് അവർ ക്ഷമിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമാകുമായിരുന്നു. അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

﴾4﴿ إِنَّ ٱلَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ يُنَادُونَكَ അവൻ നിന്നെ വിളിക്കും مِن وَرَآءِ പിമ്പുറത്ത് (അപ്പുറത്ത്) നിന്ന് ٱلْحُجُرَٰتِ അറ (മുറി)കളുടെ أَكْثَرُهُمْ. അവരിലധികവും لَا يَعْقِلُونَ മനസ്സിലാക്കുന്നില്ല, ബുദ്ധികൊടുക്കുന്നില്ല ﴾5﴿ وَلَوْ أَنَّهُمْ അവരായിരുന്നെങ്കിൽ صَبَرُوا۟ ക്ഷമിച്ചിരുന്നു (എങ്കിൽ) حَتَّىٰ تَخْرُجَ നീ പുറപ്പെട്ടുവരുന്നതുവരെ إِلَيْهِمْ അവരിലേക്ക് لَكَانَ അതാകുമായിരുന്നു خَيْرًا لَّهُمْ അവർക്ക് ഉത്തമം, ഗുണം, കൂടുതൽ നല്ലത് وَٱللَّهُ അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്

നബി തിരുമേനി ﷺയുടെ പത്നിമാർക്ക് താമസിക്കുവാൻവേണ്ടി മദീനഃപള്ളിയുടെ പരിസരങ്ങളിൽ കെട്ടിയുണ്ടാക്കപ്പെട്ടിരുന്ന ചെറുകുടിലുകളെക്കുറിച്ചാണ് അറകൾ(الحجرات) എന്ന് പറഞ്ഞത്. തിരുമേനി ആ അറകളിൽ പോകുകയും താമസിക്കുകയും ചെയ്യുമായിരുന്നു. ഈത്തത്തടികൾകൊണ്ട് നിർമിക്കപ്പെട്ടിരുന്ന അവയുടെ മേൽപുരകൾ ഒരാൾക്ക് കയ്യെത്തത്തക്ക ഉയരത്തിൽ കമ്പിളി പാകിയതായിരുന്നു. വലീദുബ്നു അബ്ദിൽമലിക്ക് ഖലീഫഃയായിരുന്ന കാലത്ത് മദീനഃ പള്ളി വികസിപ്പിക്കുകയുണ്ടായി. അദ്ദേഹം പ്രസ്തുത കുടിലുകൾ നീക്കം ചെയ്ത് ആ സ്ഥലങ്ങൾ പള്ളിയിൽ ഉൾപ്പെടുത്തി, ഇത് നിമിത്തം പലരും വ്യസനിച്ചു കരയുകയുണ്ടായി. സഈദുബ്നുൽ മുസയ്യബ് (റ) പറഞ്ഞു: മദീനഃയിൽ ജനിച്ചു വളരുന്നവരും, വിദേശത്തുനിന്ന് വരുന്നവരും നബി തിരുമേനിﷺയുടെ ജീവിതരീതി എങ്ങനെയായിരുന്നുവെന്ന് കണ്ടു മനസ്സിലാക്കുമാറ് അവ അങ്ങനെത്തന്നെ വിട്ടേച്ചിരുന്നെങ്കിൽ എത്ര നന്നായേനേ!. പെരുമയും പത്രാസും കാണിക്കുന്നതിൽ ജനങ്ങൾക്ക് വിരസം തോന്നിക്കുവാൻ അത് പര്യാപ്തമാകുമായിരുന്നു.എങ്കിലും ഇ ൗ അദ്ധ്യായത്തിന്റെ പേര് (الحجرات) ആ അറകളുടെ ചരിത്രസ്മരണ ജനഹൃദയങ്ങളിൽ ലോകാവസാനം വരെ നിലനിറുത്തുകതന്നെ ചെയ്യുന്നു.

തമീം ഗോത്രക്കാരുടെ ഒരു നിവേദകസംഘം നബിﷺയുടെ അടുക്കൽ വരികയുണ്ടായി. മേൽ പ്രസ്താവിച്ച അറകളിൽ ഒന്നിലായിരുന്നു തിരുമേനി. തിരുമേനിയെ കാണുവാൻ ധൃതിപ്പെട്ടുകൊണ്ട് അവരിൽ ചിലർ തങ്ങളുടെ സഹജമായ പരുക്കൻ സ്വരത്തിൽ അറകളുടെ പിൻപുറത്തുനിന്ന്മുഹമ്മദേ,പുറത്തു വരൂ എന്ന് വിളിച്ചു ശല്യം കെടുത്തുകയുണ്ടായി. സംസ്കാരം സിദ്ധിക്കാത്ത ഉൾനാട്ടുകാരായിരുന്നു അവർ. നബിﷺ പുറത്തുവന്നു. ദ്വുഹ്ർനമസ്കാരത്തിന് സമയമായിരുന്നു. തിരുമേനി നമസ്കാരത്തിന് തിരിഞ്ഞപ്പോൾ അവർ തിരുമേനിയെ പറ്റിക്കൂടി. ഞങ്ങൾ ഞങ്ങളുടെ കവിയെയും പ്രാസംഗികനെയും കൂട്ടിക്കൊണ്ട് വന്നിട്ടുണ്ട്. നമുക്കൊരു മത്സരപ്പരീക്ഷ നടത്താംഎന്നായി. (*) കവിതയുമായിട്ടല്ല നാം നിയോഗിക്കപ്പെട്ടിരിക്കുന്നത്. ആഭിജാത്യാഹങ്കാരത്തിനല്ല നമ്മോട് കല്പിക്കപ്പെ

(*) ഗോത്രങ്ങൾതമ്മിൽ കവിതയിലും പ്രസംഗത്തിലും മത്സരങ്ങൾ നടത്തി ആഭിജാത്യം വർണിച്ച് ജയാപജയം നോക്കുന്നത് ജാഹിലിയ്യാ അറബികളുടെ പതിവായിരുന്നു.

ട്ടിട്ടുള്ളതും എന്ന് പറഞ്ഞ് തിരുമേനി നമസ്കാരത്തിന് തിരിഞ്ഞു. നമസ്കാരാനന്തരം നടന്ന സംഭാഷണങ്ങൾക്ക് ശേഷം നിവേദകസംഘം ഇസ്‌ലാമിൽ വിശ്വസിക്കുകയും, നബിﷺയുടെ സമ്മാനം ലഭിച്ച് മടങ്ങിപ്പോകുകയും ചെയ്തു. നബിﷺയോട് ഇതുപോലെയുള്ള പെരുമാറ്റങ്ങൾ ഉണ്ടാകുവാൻ പാടില്ലെന്നാണ് ഈ വചനം മുഖേന അല്ലാഹു കൽപിക്കുന്നത്. മാന്യമല്ലാത്ത ഈ പെരുമാറ്റത്തിന് കാരണം, കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള ബുദ്ധിയില്ലായ്മയാണെന്ന് 4 -ാം വചനത്തിന്റെ അന്ത്യഭാഗവും, അറിവില്ലായ്മകൊണ്ട് വരുന്ന ഇത്തരം കാര്യങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുമെന്ന് 5 -ാം വചനത്തിന്റെ അന്ത്യഭാഗവും ചൂണ്ടിക്കാട്ടുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن جَآءَكُمْ فَاسِقٌۢ بِنَبَإٍ فَتَبَيَّنُوٓا۟ أَن تُصِيبُوا۟ قَوْمًۢا بِجَهَـٰلَةٍ فَتُصْبِحُوا۟ عَلَىٰ مَا فَعَلْتُمْ نَـٰدِمِينَ ﴿٦﴾

﴾6﴿ ഹേ, വിശ്വസിച്ചവരേ, ദുർമാർഗിയായ ഒരാൾ നിങ്ങളുടെ അടുക്കൽ വല്ല വൃത്താന്തവും കൊണ്ടുവന്നാൽ, നിങ്ങൾ (അതിനെപ്പറ്റി അന്വേഷിച്ചു) വ്യക്തമായി അറിഞ്ഞുകൊള്ളുവിൻ; (അറിയാതെ) വിഡ്ഢിത്തത്തിൽ വല്ല ജനങ്ങൾക്കും നിങ്ങൾ ആപത്തുണ്ടാക്കുകയും, എന്നിട്ട് നിങ്ങൾ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്തേക്കുമെന്നതിനാൽ. [അതുകൊണ്ടാണ് ഇങ്ങനെ കല്പിക്കുന്നത്.]

﴾6﴿ يَـٰٓأَيُّهَا ٱلَّذِينَ ഹേ, യാതൊരുകൂട്ടരേ ءَامَنُوٓا വിശ്വസിച്ച إِن جَآءَكُمْ നിങ്ങളുടെ അടുക്കൽ വന്നാൽ فَاسِقٌ ഒരു ദുർമാർഗി, തോന്നിയവാസി, ദുർന്നടപ്പുകാരൻ بِنَبَإٍ വല്ല വൃത്താന്ത (വർത്തമാന)വുമായി فَتَبَيَّنُوٓا എന്നാൽ നിങ്ങൾ വ്യക്തമായറിയണം (വ്യക്തമായന്വേഷിക്കുവിൻ) أَن تُصِيبُوا നിങ്ങൾ ആപത്തുണ്ടാക്കുമെന്നതിനാൽ قَوْمًا വല്ല ജനങ്ങൾക്കും بِجَهَـٰلَةٍ വിഡ്ഢിത്തത്തിൽ, അറിയായ്മകൊണ്ട് فَتُصْبِحُوا അങ്ങനെ (എന്നിട്ട്) നിങ്ങളായിത്തീരും عَلَىٰ مَا فَعَلْتُمْ നിങ്ങൾ ചെയ്തതിന്റെമേൽ نَـٰدِمِينَ ഖേദിക്കുന്നവർ

ഈ വചനത്തിന്റെ ആശയം വ്യക്തമാണ്. ധാർമികബോധവും, സൻമാർഗനിഷ്ഠയുമില്ലാത്തവർക്ക് എന്തും ചേരും. ഏത് വിഷയത്തിലും അവരെ സൂക്ഷിച്ചു വേണം വിശ്വസിക്കുവാൻ. അല്ലാത്തപക്ഷം പലപ്പോഴും തൃപ്തികരമല്ലാത്ത

ഭവിഷ്യത്തുകള്‍ നേരിട്ടേക്കും. അവരുടെ വാര്‍ത്തകളെ അടിസ്ഥാനമാക്കി- ശരിക്കും അന്വേഷണം നടത്തി സത്യാവസ്ഥ ബോധ്യപ്പെടാതെ- അന്യരുമായി ഇടപെടുമ്പോള്‍ പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ടെന്ന് അല്ലാഹു ഉണര്‍ത്തുന്നു. സത്യാവസ്ഥ മനസ്സിലാക്കാതെ എടുക്കുന്ന നടപടികളെപ്പറ്റി അവസാനം ഖേദിക്കേണ്ടിവരുക സാധാരണമാണല്ലോ. നമ്മുടെ നിത്യാനുഭവങ്ങളില്‍തന്നെ ഇതിന് ധാരാളം ഉദാഹരണങ്ങള്‍ ലഭിച്ചേക്കും. ഒരു വര്‍ത്തമാനം ഒരാളില്‍നിന്ന് കേട്ടാല്‍ അയാള്‍ ഒരു സന്‍മാര്‍ഗിയും വിശ്വസ്തനുമാണെങ്കില്‍ അത് വിശ്വസിക്കാമെന്നും, അയാളുടെ സ്ഥിതിഗതികള്‍ അറിയപ്പെടാത്തപക്ഷം അത് അന്വേഷിക്കും മുമ്പ് അത് വിശ്വസിക്കരുതെന്നും ഈ വചനത്തില്‍നിന്ന് മനസ്സിലാക്കുവാന്‍ കഴിയുമല്ലോ. ഈ ആയത്തിന്റെ താല്‍പര്യമനുസരിച്ചുതന്നെയാണ് ഹദീഥുകളുടെ നിവേദകന്‍മാരെല്ലാം സത്യവാന്‍മാരും മര്യാദക്കാരുമായിരിക്കണമെന്ന് ഹദീഥിന്റെ പണ്ഡിതന്മാര്‍ നിഷ്കര്‍ഷവെച്ചിരിക്കുന്നതും. സത്യവാനും മര്യാദക്കാരനുമായി അറിയപ്പെടുന്നവരുടെ ഹദീഥ് സ്വീകരിക്കേണ്ടതാണെന്നും, സ്ഥിതിഗതികള്‍ അറിയപ്പെടാത്ത നിവേദകന്‍മാരുടെ ഹദീഥുകള്‍ സ്വീകാര്യമല്ലെന്നും, നിശ്ചയിക്കപ്പെട്ടിട്ടുള്ളതും ഇതിന്റെ അടിസ്ഥാനത്തില്‍തന്നെ.

وَٱعۡلَمُوٓاْ أَنَّ فِيكُمۡ رَسُولَ ٱللَّهِۚ لَوۡ يُطِيعُكُمۡ فِي كَثِيرٖ مِّنَ ٱلۡأَمۡرِ لَعَنِتُّمۡ وَلَٰكِنَّ ٱللَّهَ حَبَّبَ إِلَيۡكُمُ ٱلۡإِيمَٰنَ وَزَيَّنَهُۥ فِي قُلُوبِكُمۡ وَكَرَّهَ إِلَيۡكُمُ ٱلۡكُفۡرَ وَٱلۡفُسُوقَ وَٱلۡعِصۡيَانَۚ أُوْلَٰٓئِكَ هُمُ ٱلرَّٰشِدُونَ ﴿٧﴾

(7) അല്ലാഹുവിന്റെ റസൂല്‍ നിങ്ങളില്‍ ഉണ്ടെന്ന് നിങ്ങള്‍ അറിഞ്ഞിരിക്കണം. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നുവെങ്കില്‍ നിങ്ങള്‍ വിഷമിച്ചു പോകുമായിരുന്നു.എങ്കിലും, സത്യവിശ്വാസത്തെ അല്ലാഹു നിങ്ങള്‍ക്ക് ഇഷ്ടമാക്കിത്തരുകയും, നിങ്ങളുടെ ഹൃദയങ്ങളില്‍ അതിനെ അലങ്കാരമാക്കിത്തരുകയും ചെയ്തിരിക്കുകയാണ്; അവിശ്വാസവും, ദുര്‍ന്നടപ്പും, അനുസരണക്കേടും അവന്‍ നിങ്ങള്‍ക്ക് വെറുപ്പാക്കിത്തരുകയും ചെയ്തിരിക്കുന്നു. (അങ്ങനെയുള്ള) അക്കൂട്ടര്‍തന്നെയാണ് തന്റേടമുള്ളവര്‍ [സന്മാര്‍ഗികള്‍];-

فَضۡلٗا مِّنَ ٱللَّهِ وَنِعۡمَةٗۚ وَٱللَّهُ عَلِيمٌ حَكِيمٞ ﴿٨﴾

(8) അല്ലാഹുവിങ്കല്‍നിന്നുള്ള ദയവും, അനുഗ്രഹവുമായിട്ടത്രെ (അങ്ങനെ ചെയ്തത്). അല്ലാഹു സര്‍വ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.

وَٱعۡلَمُوٓاْ ﴿7﴾ നിങ്ങൾ അറിയുക أَنَّ فِيكُمۡ നിങ്ങളിലുണ്ടെന്ന് رَسُولَ ٱللَّهِ അല്ലാഹു വിന്റെ റസൂൽ لَوۡ يُطِيعُكُمۡ അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നെങ്കിൽ فِي كَثِيرٖ പല തിലും مِّنَ ٱلۡأَمۡرِ കാര്യത്തിൽനിന്ന് لَعَنِتُّمۡ നിങ്ങൾ വിഷമിക്കുമായിരുന്നു, കഷ്ടപ്പെ ട്ടിരുന്നു وَلَٰكِنَّ ٱللَّهَ എങ്കിലും അല്ലാഹു حَبَّبَ إِلَيۡكُمُ നിങ്ങൾക്ക് ഇഷ്ടപ്പെടുത്തിത്ത ന്നിരിക്കുന്നു ٱلۡإِيمَٰنَ സത്യവിശ്വാസം وَزَيَّنَهُۥ അതിനെ അലങ്കാരമാക്കുകയും ചെയ്തു فِي قُلُوبِكُمۡ നിങ്ങളുടെ ഹൃദയങ്ങളിൽ وَكَرَّهَ إِلَيۡكُمُ നിങ്ങൾക്കവൻ വെറുപ്പാ ക്കുകയും ചെയ്തു ٱلۡكُفۡرَ അവിശ്വാസം وَٱلۡفُسُوقَ ദുർമാർഗവും, ദുർന്നടപ്പും, തോന്നി യവാസവും وَٱلۡعِصۡيَانَ അനുസരണക്കേടും أُوْلَٰٓئِكَ هُمُ അക്കൂട്ടർ തന്നെയാണ് ٱلرَّٰشِدُونَ തന്റേടമുള്ളവർ, നേർമാർഗികൾ ﴿8﴾ فَضۡلٗا ദയവായിട്ട്, ഔദാര്യമായി ക്കൊണ്ട് مِّنَ ٱللَّهِ അല്ലാഹുവിൽനിന്നുള്ള وَنِعۡمَةٗ അനുഗ്രഹവും وَٱللَّهُ അല്ലാഹു عَلِيمٌ അറിയുന്നവനാണ് حَكِيمٞ അഗാധജ്ഞനാണ്, യുക്തിമാനാണ്

അല്ലാഹുവിന്റെ റസൂൽ നിങ്ങളുടെ ഇടയിൽ ജീവിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തെ ബഹുമാനിക്കേണ്ടതും അനുസരിക്കേണ്ടതുമുണ്ട്. നിങ്ങ ളുടെ നന്മ ഏതിലാണ് സ്ഥിതി ചെയ്യുന്നതെന്ന് നിങ്ങളെക്കാൾ അറിയുക അദ്ദേ ഹത്തിന്നാണ്. നേരെമറിച്ച് നിങ്ങളുടെ ഇഷ്ടത്തിനോ ആവശ്യത്തിനോ അദ്ദേഹം വഴങ്ങണമെന്ന് കരുതിയാൽ അത് പലപ്പോഴും നിങ്ങൾക്ക് തന്നെ ആപത്തായി ത്തീർന്നേക്കുമെന്ന് നിങ്ങൾ മനസ്സിലാക്കണം. സത്യവിശ്വാസത്തിൽ നിങ്ങൾക്ക് പ്രേമവും, അവിശ്വാസത്തിലും ദുർന്നടപ്പിലും വെറുപ്പും ജനിപ്പിച്ചു തന്നത് അല്ലാ ഹുവാണ്. അത് അവന്റെ അനുഗ്രഹവും ദയവും നിമിത്തം നിങ്ങൾക്ക് സിദ്ധിച്ച മഹാഭാഗ്യമത്രെ. എന്നിരിക്കെ, റസൂലിന്റെ ഹിതത്തിനും കൽപനക്കും എതിരായി ഒരു താൽപര്യവും നിങ്ങൾക്ക് ഉണ്ടായിക്കൂടാത്തതാണ് എന്നൊക്കെയാണ് അല്ലാഹു ഉണർത്തുന്നത്. ولو اتبع الحق اهواءهم لفسدت السماوات والأرض ومن فيهن –المؤمنون (യഥാർത്ഥം അവരുടെ ഇച്ഛകളെ അനുസരിച്ചുകൊണ്ടായിരുന്നെങ്കിൽ ആകാശ ങ്ങളും, ഭൂമിയും, അവയിലുള്ളവരും കുഴപ്പത്തിലാകുമായിരുന്നു. (സൂ: മുഅ്മിനൂൻ 71.)

യഥാർത്ഥമായ സത്യവിശ്വാസം മൂന്ന് ഘടകങ്ങൾ ഉൾക്കൊള്ളുന്നു. ഒന്ന്: മനസ്സുകൊണ്ടുള്ള വിശ്വാസം, (تصديق بالقلب) രണ്ട്: നാവുകൊണ്ട് അത് ഏറ്റുപറ യലും പ്രഖ്യാപിക്കലും. (اقرار باللسان) മൂന്ന്: വിശ്വാസം പ്രകടമാക്കുന്ന പ്രവർത്ത നങ്ങൾ. (عمل بالأركان) ഈ മൂന്നിന്റെയും മറുവശങ്ങളാണ് അവിശ്വാസം, ദുർന്നട പ്പ്, അനുസരണക്കേട് (الكفر والفسوق والعصيان) എന്നിവ സൂചിപ്പിക്കുന്നത്. ഈ മൂന്ന് കാര്യങ്ങളോടും വെറുപ്പുണ്ടാകുമ്പോഴാണ് സത്യവിശ്വാസം സാക്ഷാൽകൃതമാ കുന്നത്. ഈ നില പ്രാപിച്ചവരാണ് തന്റേടം തികഞ്ഞവരും നേർമാർഗികളും. (أولئك هم الراشدون) അനസ് (റ) പ്രസ്താവിച്ചതായി അഹ്മദ് (റ) നിവേദനം ചെയ്യു

ന്നു. ഇസ്‌ലാംപരസ്യവും, ഇ ൗമാൻഹൃദയത്തിലുമാകുന്നു എന്ന് നബി ﷺ പറയാറുണ്ടായിരുന്നു. പിന്നീട് നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് തക്‌വാ ഇവിടെയാണ് എന്ന് മൂന്ന് പ്രാവശ്യം പറയുകയും ചെയ്തിരുന്നു.15 -ാം വചനത്തിൽ കൂടുതൽ വിവരം കാണാം. ان شاء الله

അടുത്ത വചനങ്ങളിൽ സത്യവിശ്വാസികൾ അനുഷ്ഠിക്കേണ്ടുന്ന പല സാമൂഹ്യമര്യാദകളും വിവരിക്കുന്നു:

وَإِن طَآئِفَتَانِ مِنَ ٱلْمُؤْمِنِينَ ٱقْتَتَلُوا۟ فَأَصْلِحُوا۟ بَيْنَهُمَا ۖ فَإِنۢ بَغَتْ إِحْدَىٰهُمَا عَلَى ٱلْأُخْرَىٰ فَقَـٰتِلُوا۟ ٱلَّتِى تَبْغِى حَتَّىٰ تَفِىٓءَ إِلَىٰٓ أَمْرِ ٱللَّهِ ۚ فَإِن فَآءَتْ فَأَصْلِحُوا۟ بَيْنَهُمَا بِٱلْعَدْلِ وَأَقْسِطُوٓا۟ ۖ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ ﴿٩﴾

﴾9﴿ സത്യവിശ്വാസികളിൽനിന്നുള്ള രണ്ട് വിഭാഗങ്ങൾ പരസ്പരം സമരത്തിലായാൽ, നിങ്ങൾ അവതമ്മിൽ (യോജിപ്പിച്ചു) നന്നാക്കുവിൻ. എന്നിട്ട്, അവയിലൊന്ന് മറ്റേതിന്റെമേൽ അതിക്രമം നടത്തിയെങ്കിൽ, അതിക്രമം നടത്തുന്ന വിഭാഗം അല്ലാഹുവിന്റെ ആജ്ഞയിലേക്ക് മടങ്ങി [ഒതുങ്ങി] വരുന്നതുവരെ നിങ്ങൾ അതിനോട് സമരം നടത്തുവിൻ.

അങ്ങനെ, അത് മടങ്ങിയെങ്കിൽ, അപ്പോൾ അവ രണ്ടിനുമിടയിൽ നീതിയനുസരിച്ച് നന്നാക്കിത്തീർക്കുവിൻ; നിങ്ങൾ നീതിമുറ പാലിക്കുകയും ചെയ്യണം. നിശ്ചയമായും നീതിമുറ പാലിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.

إِنَّمَا ٱلْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا۟ بَيْنَ أَخَوَيْكُمْ ۚ وَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تُرْحَمُونَ ﴿١٠﴾

﴾10﴿ നിശ്ചയമായും, സത്യവിശ്വാസികൾ സഹോദരങ്ങൾ മാത്രമാണ്. അതിനാൽ, നിങ്ങളുടെ രണ്ട് സഹോദരങ്ങൾക്കിടയിൽ നിങ്ങൾ നന്നാക്കിക്കൊള്ളുക. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ കരുണ ചെയ്യപ്പെട്ടേക്കാം.

﴿9﴾ وَإِن എങ്കിൽ ... പക്ഷം طَآئِفَتَانِ രണ്ട് വിഭാഗങ്ങൾ مِنَ ٱلْمُؤْمِنِينَ സത്യവിശ്വാ
സികളിൽ നിന്ന് ٱقْتَتَلُوا۟ അവർ സമരം (യുദ്ധം, കൊല, ശണ്ഠ) ചെയ്തു(വെ
ങ്കിൽ) فَأَصْلِحُوا۟ എന്നാൽ നിങ്ങൾ നന്നാക്കുവിൻ, സന്ധിയാക്കുവിൻ بَيْنَهُمَا അവ
രണ്ടും തമ്മിൽ فَإِنۢ بَغَتْ എന്നിട്ട് അതിക്രമം നടത്തിയെങ്കിൽ, ധിക്കാരം ചെയ്താൽ
إِحْدَىٰهُمَا ആ രണ്ടിലൊന്ന് عَلَى ٱلْأُخْرَىٰ മറ്റേതിന്റെ മേൽ فَقَٰتِلُوا۟ എന്നാൽ നിങ്ങൾ
സമരം നടത്തുവിൻ ٱلَّتِى تَبْغِى അതിക്രമം (ധിക്കാരം) ചെയ്യുന്നതിനോട് حَتَّىٰ تَفِىٓءَ
അത് മടങ്ങി (ഒതുങ്ങി, അടങ്ങി) വരുന്നത്‌വരെ إِلَىٰٓ أَمْرِ ٱللَّهِ അല്ലാഹുവിന്റെ ആജ്ഞ
(കല്പന)യിലേക്ക് فَإِن فَآءَتْ എനി അത് മടങ്ങിയാൽ فَأَصْلِحُوا۟ അപ്പോൾ നിങ്ങൾ
നന്നാക്കുവിൻ بَيْنَهُمَا രണ്ടിനുമിടയിൽ بِٱلْعَدْلِ നീതിയനുസരിച്ച് وَأَقْسِطُوٓا۟ നിങ്ങൾ
നീതിമുറ പാലിക്കുകയും ചെയ്യുവിൻ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يُحِبُّ ഇഷ്ട
പ്പെടുന്നു, സ്നേഹിക്കും ٱلْمُقْسِطِينَ നീതിമുറ പാലിക്കുന്നവരെ ﴿10﴾
إِنَّمَا ٱلْمُؤْمِنُونَ നിശ്ചയമായും സത്യവിശ്വാസികൾ إِخْوَةٌ സഹോദരങ്ങൾതന്നെ, (മാ
ത്രമാണ്) فَأَصْلِحُوا۟ ആകയാൽ നിങ്ങൾ നന്നാക്കുവിൻ بَيْنَ أَخَوَيْكُمْ നിങ്ങളുടെ രണ്ട്
സഹോദരങ്ങൾക്കിടയിൽ وَٱتَّقُوا۟ ٱللَّهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കയും ചെയ്യു
വിൻ لَعَلَّكُمْ നിങ്ങളായേക്കാം, നിങ്ങളാകുവാൻ تُرْحَمُونَ കരുണ ചെയ്യപ്പെടും

രണ്ട് വിഭാഗം മുസ്‌ലിംകൾക്കിടയിൽ വഴക്കും ശണ്ഠയും കൂടുമ്പോൾ മറ്റുള്ളവർ- നേതാക്കൾ വിശേഷിച്ചും- അവർക്കിടയിൽ സന്ധിയാക്കി നന്നാക്കിത്തീർക്കുന്നത് അവരുടെ കടമയാണ്. നല്ല വാക്ക് പറഞ്ഞും, സദുപദേശം നൽകിയും, അല്ലാഹുവിന്റെ വിധി വിലക്കുകളെ ഓർമിപ്പിച്ചും ഇത് നിർവ്വഹിക്കാം. എത്ര പരിശ്രമിച്ചിട്ടും ഒരു വിഭാഗക്കാർ നീതിക്കും നിയതിക്കും വഴങ്ങാതെ അക്രമം തുടരുകയാണെങ്കിൽ- അതല്ലെങ്കിൽ ഇരുവിഭാഗവും തമ്മിൽ നന്നായിപ്പിരിഞ്ഞ ശേഷം ഒരു വിഭാഗം വീണ്ടും അക്രമത്തിന് മുതിരുന്ന പക്ഷം- നീതി നിയമങ്ങൾ അനുസരിക്കുവാൻ തയ്യാറാകുന്നതുവരെ അക്രമവിഭാഗത്തിനെതിരിൽ മറ്റുള്ളവർ പൊരുതുകയും ചെയ്യണം. അങ്ങനെ, സത്യത്തിന്റെയും നീതിയുടെയും പക്ഷത്തിന് സഹായം നൽകണം. രണ്ട് കക്ഷികളും അവരുടെ ജയാപജയം നോക്കിക്കൊള്ളട്ടെ എന്ന് വെച്ച് മൗനവലംബിക്കുവാൻ സമുദായത്തിന് പാടില്ല. ഇങ്ങനെ ചെയ്താൽ അക്രമത്തിന്റെ കക്ഷി സത്യത്തിന് വഴങ്ങുവാൻ നിർബന്ധിതമാകും. അപ്പോഴും ഇരുകൂട്ടർക്കുമിടയിൽ നീതിയുടെ അടിസ്ഥാനത്തിൽ ഒത്തുതീർപ്പുണ്ടാക്കി നന്നാക്കി പിരിച്ചുവിടണം. അക്രമത്തിന് മുതിർന്നതിന്റെ പേരിൽ ആ കക്ഷിക്ക് നീതി നിഷേധിക്കപ്പെട്ടുകൂടാത്തതാണ്. ഏതൊരു കാര്യത്തിലും- ആരോടും- നീതിമുറ പാലിക്കുന്നത് സത്യവിശ്വാസികളുടെ കടമയത്രെ. ഏതെങ്കിലും വിധേന കക്ഷികളെ യോജിപ്പിച്ചാൽ പോരാ, ഓരോ ഇടപെ

ടലും അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് യോജിച്ചതാണോ, നീതിയുക്തമാണോ എന്നുകൂടി സൂക്ഷിക്കേണ്ടതുണ്ട്. ഇങ്ങനെയുള്ളവരെ അല്ലാഹുവിന് വളരെ ഇഷ്ടമാകുന്നു.

സത്യവിശ്വാസികൾ അന്യോന്യമുള്ള ബന്ധം അഭേദ്യമാണ്. അതെ, അവർ സഹോദരൻമാരാണ്, ജ്യേഷ്ഠാനുജൻമാരാണ്. ഒരേ സ്രഷ്ടാവിൽ, ഒരേ രക്ഷിതാവിൽ, ഒരേ ആദർശത്തിൽ, ഒരേ നിയമസംഹിതയിൽ വിശ്വസിക്കുന്നവരാണവർ. അവരുടെ വിചാരവികാരങ്ങളും, ഉദ്ദേശ്യലക്ഷ്യങ്ങളും, ആചാരാനുഷ്ഠാനങ്ങളും എല്ലാം ഒന്നാണ്; ഒന്നായിരിക്കണം. അതുകൊണ്ട് ആ കുടുംബസമൂഹത്തിൽ ഉൾപ്പെട്ട രണ്ട് സഹോദരങ്ങൾ തമ്മിൽ വഴക്കും വക്കാണവും ഉണ്ടായിക്കൂടാ. വല്ലതും ഉണ്ടായിക്കഴിഞ്ഞാൽ, മറ്റുള്ളവർ അവരെ തമ്മിൽ ഒത്തിണക്കി യോജിപ്പിക്കൽ അവരുടെ ഒഴിച്ചുകൂടാത്ത കടമയുമാണ്. കടമ മാത്രമല്ല, സമുദായത്തിന്റെ നിലനിൽപ്പിനും അഭിവൃദ്ധിക്കും അനുപേക്ഷണീയവുമാണത്. പക്ഷേ, ഇന്നത്തെ മുസ്‌ലിം സമുദായത്തിന്റെ നിലയോ?! തുച്ഛമായ കാരണങ്ങളെച്ചൊല്ലി വ്യക്തികൾ തമ്മിലും, സംഘങ്ങൾ തമ്മിലും, സംഘടനകൾ തമ്മിലും ഛിദ്രിക്കുന്നു! കലഹിക്കുന്നു! തമ്മിൽ ഒത്തുതീർപ്പുണ്ടാക്കുവാനും, നല്ല നിലയിൽ യോജിപ്പിക്കുവാനും ശ്രമിക്കുന്നതിന് പകരം ഛിദ്രം മൂർച്ഛിപ്പിക്കുവാനാണ് ഇന്ന് കൂടുതൽ ആളെ കാണുന്നത്. ശത്രുക്കൾ ഈ തക്കം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു! അല്ലാഹുവിൽ ശരണം!

അനസ് (റ) പ്രസ്താവിക്കുന്നു:- നബി ﷺ പറഞ്ഞു: നിന്റെ സഹോദരനെ അവൻ അക്രമിയായാലും അക്രമിക്കപ്പെട്ടവനായാലും നീ സഹായിക്കുക. ഞാൻ ചോദിച്ചു: റസൂലേ, ഇതാ, അക്രമിക്കപ്പെട്ടവനായിരിക്കെ എനിക്കവനെ സഹായിക്കാം. എന്നാൽ, അവൻ അക്രമിയായിരിക്കെ ഞാൻ എങ്ങനെ അവനെ സഹായിക്കും?തിരുമേനി പറഞ്ഞു: നീ അവനെ അക്രമത്തിൽനിന്ന് തടയണം. അതാണ് നീ അവന് ചെയ്യുന്ന സഹായം. (ബു.)മറ്റൊരു ഹദീഥിൽ നബി ﷺ പറയുന്നു: നീതിപാലകൻമാരായ ആളുകൾ അല്ലാഹുവിന്റെ അടുക്കൽ പ്രകാശത്തിന്റെ പീഠങ്ങളിലായിരിക്കും. അതായത്, തങ്ങളുടെ സ്വന്തക്കാരുടെ കാര്യത്തിലും, തങ്ങൾക്ക് അധികാരം നൽകപ്പെട്ടിട്ടുള്ള വിഷയത്തിലും വിധി കൽപിക്കുന്നതിൽ നീതി പ്രവർത്തിക്കുന്ന ആളുകൾ(മു.) മുസ്‌ലിംകൾ തമ്മിലുള്ള സാഹോദര്യബന്ധത്തെ വിശദീകരിക്കുന്ന നബിവചനങ്ങൾ ധാരാളം ഇവിടെ ഉദ്ധരിക്കുവാനുണ്ട്. ഒന്ന് രണ്ട് വചനങ്ങളെങ്കിലും ഈ സന്ദർഭത്തിൽ നാം ഓർമിക്കുക:-

നബി ﷺ പറയുന്നു:-

1) നിങ്ങൾ പരസ്പരം അസൂയപ്പെടരുത്, അന്യോന്യം (മത്സരിച്ചു ചരക്കുകൾക്ക്) വില കയറ്റരുത്, അന്യോന്യം ഈർഷ്യത വെക്കരുത്, അന്യോന്യം (സഹായിക്കാതെ) പിൻമാറിപ്പോകരുത്. ചിലർ ചിലരുടെ കച്ചവടത്തിനുമീതെ (അത് നിലവിലിരിക്കെ) കച്ചവടം നടത്തരുത്. അല്ലാഹുവിന്റെ അടിയാന്മാരേ,

നിങ്ങൾ സഹോദരൻമാരായിരിക്കുവിൻ! മുസ്‌ലിം, മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ അവനെ അക്രമിക്കുകയില്ല, അവനെ കൈവെടിയുകയില്ല, അവനെ അവഗണിക്കുകയില്ല. (നെഞ്ചിലേക്ക് ചൂണ്ടിക്കാട്ടിക്കൊണ്ട്;) തക്വ്‌വാ(ഭയഭക്തി) ഇവിടെയാണ്; തക്വ്‌വാഇവിടെയാണ്; തക്വ്‌വാഇവിടെയാണ്. ഒരു മനുഷ്യൻ അവന്റെ മുസ്‌ലിം സഹോദരനെ അവഗണിക്കുന്നതുതന്നെ മതി, അവന് ആപത്തിന്! (കൂടുതലൊന്നും വേണ്ടാ) മുസ്‌ലിമിന്റെ സർവ്വസ്വവും മുസ്‌ലിമിന് ഹറാം (നിഷിദ്ധം) ആകുന്നു. അതെ, അവന്റെ രക്തവും, അവന്റെ ധനവും, അവന്റെ മാനവും. (മു)

2) നിങ്ങളിൽ ഒരാൾ തന്റെ ദേഹത്തിന് എന്ത് ഇഷ്ടപ്പെടുന്നുവോ അത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നത്വരെ അവൻ സത്യവിശ്വാസിയാവുകയില്ല. (ബു; മു.) അൽപം ആലോചിച്ചുനോക്കിയാൽ, മുസ്‌ലിംകളുടെ സാമുദായികവും, സാമൂഹ്യവുമായ കടമകളെല്ലാം ഉൾക്കൊള്ളുന്നതാണ് ഈ ഹദീഥ് എന്ന് കാണാം.

രണ്ട് വിഭാഗങ്ങൾ സമരത്തിലായാൽ(وإن طائفتان الخ) എന്ന് പറഞ്ഞിരിക്കകൊണ്ട് ഓരോ വശത്തും ഒന്നിലധികം ആളുകളുണ്ടാകുമ്പോൾ മാത്രമേ അവർ തമ്മിൽ നന്നാക്കുവാൻ ശ്രമിക്കേണ്ടതുള്ളൂ എന്നർത്ഥമില്ല. രണ്ട് വ്യക്തികൾ തമ്മിൽ ശണ്ഠകൂടിയാലും ഈ കല്പന ബാധകം തന്നെ. ഇമാം ബുഖാരി (റ) ചൂണ്ടിക്കാട്ടിയത്പോലെ, തൊട്ട വചനത്തിൽ നിങ്ങളുടെ രണ്ട് സഹോദരൻമാർക്കിടയിൽ നിങ്ങൾ നന്നാക്കുവിൻ (وأصلحوا بين أخويكم) എന്ന് പറഞ്ഞിട്ടുള്ളതിൽനിന്നും മറ്റും ഇത് വ്യക്തമാണ്. സത്യവിശ്വാസികളുടെ സൽക്കർമങ്ങൾമുഖേന സത്യവിശ്വാസം ശക്തിപ്പെടുകയും, ദുഷ്‌ക്കർമങ്ങൾ മുഖേന അത് ക്ഷയിച്ച് പോകുകയും ചെയ്യുന്നു. പക്ഷേ, കുഫ്‌റോ, ശിർക്കോ (അവിശ്വാസമോ ബഹുദൈവവിശ്വാസമോ) അല്ലാത്ത ഏതെങ്കിലും പാപം ചെയ്തതിന്റെ പേരിൽ ഒരാളെപ്പറ്റി- ചില തൽപരകക്ഷികൾ പറയുന്നത്പോലെ- അയാൾ ഇസ്‌ലാമിന് പുറത്ത് പോയെന്നോ, അവിശ്വാസിയാണെന്നോ പറയുവാൻ പാടില്ലെന്നും ഈ വചനങ്ങളിൽനിന്ന് മനസ്സിലാക്കാം. പരസ്പരം കൊലവരെയുള്ള സമരം നടത്തുന്ന രണ്ട് വിഭാഗക്കാർക്കിടയിൽ നന്നാക്കണമെന്ന് പറഞ്ഞപ്പോൾ, രണ്ട് കൂട്ടരെയും സത്യവിശ്വാസികളിൽപെട്ടവർ(من المؤمنين) എന്നാണല്ലോ അല്ലാഹു വിശേഷിപ്പിച്ചത്. തുടർന്നുകൊണ്ട് അവർ സഹോദരങ്ങളാണെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു.

വിഭാഗം- 2

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا يَسْخَرْ قَوْمٌ

﴾11﴿ ഹേ, വിശ്വസിച്ചവരേ,

مِّن قَوْمٍ عَسَىٰٓ أَن يَكُونُوا۟ خَيْرًا مِّنْهُمْ وَلَا نِسَآءٌ مِّن نِّسَآءٍ عَسَىٰٓ أَن يَكُنَّ خَيْرًا مِّنْهُنَّ ۖ

ഒരു ജനത (വേറെ) ഒരു ജനതയെ പ്പറ്റി പരിഹസിക്കരുത്. ഇവര്‍ [പരിഹസിക്കപ്പെടുന്നവര്‍] അവരെക്കാള്‍ നല്ലവരായിരുന്നേക്കാം. സ്ത്രീകള്‍ സ്ത്രീകളെപ്പറ്റിയും അരുത്. ഇവര്‍ [പരിഹസിക്കപ്പെടുന്ന സ്ത്രീകള്‍] അവരെക്കാള്‍ നല്ലവരായിരുന്നേക്കാം.

وَلَا تَلْمِزُوٓا۟ أَنفُسَكُمْ وَلَا تَنَابَزُوا۟ بِٱلْأَلْقَٰبِ ۖ

നിങ്ങള്‍ നിങ്ങളെത്തന്നെ [തമ്മതമ്മില്‍] കുറവാക്കുകയും ചെയ്യരുത്. (അസഭ്യമായ) അര്‍ത്ഥപ്പേരുകളില്‍ അന്യോന്യം വിളിച്ചപമാനിക്കുകയും അരുത്.

بِئْسَ ٱلِٱسْمُ ٱلْفُسُوقُ بَعْدَ ٱلْإِيمَٰنِ ۚ وَمَن لَّمْ يَتُبْ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿١١﴾

സത്യവിശ്വാസത്തിന് ശേഷം ദുഷ്ടപ്പേര് (ഉപയോഗിക്കല്‍) എത്ര ചീത്ത! ആര്‍ പശ്ചാത്തപിക്കുന്നില്ലയോ അക്കൂട്ടരത്രെ അക്രമികള്‍.

﴾11﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ, വിശ്വസിച്ചവരേ لَا يَسْخَرْ പരിഹസിക്കരുത്, കളിയാക്കരുത് قَوْم ഒരു ജനത, ചിലപുരുഷന്‍മാര്‍ مِّن قَوْمٍ ഒരു ജനതയെ عَسَىٰٓ أَن يَكُونُوا۟ അവര്‍ ആയിരുന്നേക്കാം خَيْرًا مِّنْهُمْ അവരെക്കാള്‍ ഉത്തമം, നല്ലവര്‍ وَلَا نِسَآءٌ സ്ത്രീകളും അരുത് مِّن نِّسَآءٍ സ്ത്രീകളെപ്പറ്റി عَسَىٰٓ أَن يَكُنَّ അവര്‍ ആയിരുന്നേക്കാം خَيْرًا مِّنْهُنَّ അവരെക്കാള്‍ ഉത്തമം وَلَا تَلْمِزُوٓا۟ നിങ്ങള്‍ കുറവാക്കുക (അപമാനിക്കുക, കുത്തിപ്പറയുക)യും അരുത് أَنفُسَكُمْ നിങ്ങളെത്തന്നെ, നിങ്ങളുടെ ദേഹങ്ങളെ وَلَا تَنَابَزُوا۟ അന്യോന്യം (വിളിച്ചു) അപമാനിക്കയും അരുത് بِٱلْأَلْقَٰبِ അര്‍ത്ഥപ്പേര് (സ്ഥാനപ്പേരു)കള്‍കൊണ്ട് بِئْسَ വളരെ ചീത്ത, എത്ര മോശം ٱلِٱسْمُ ٱلْفُسُوقُ ദുഷ്ടപ്പേര്, ചീത്ത നാമം, തോന്ന്യാസപ്പേര് بَعْدَ ٱلْإِيمَٰنِ സത്യവിശ്വാസത്തിന്ശേഷം وَمَن لَّمْ يَتُبْ ആര്‍ പശ്ചാത്തപിച്ചില്ലയോ فَأُو۟لَٰٓئِكَ هُمُ എന്നാല്‍ അക്കൂട്ടര്‍ തന്നെ

اَلظَّـٰلِمُونَ അക്രമികൾ

قوم (ക്വൗമ്) എന്ന വാക്കിന് ജനത, ജനങ്ങൾഎന്നൊക്കെയാണ് വാക്കർത്ഥം. പക്ഷേ, പുരുഷൻമാരെമാത്രം ഉദ്ദേശിച്ചും, സ്ത്രീകളെയും കൂടി ഉദ്ദേശിച്ചും, അത് ഉപയോഗിക്കപ്പെടാറുണ്ട്. ഒരാൾക്ക് എന്തെങ്കിലും പോരായ്മയോ ന്യൂനതയോ ഉണ്ടായെന്ന് വരാം. അതേ സമയത്ത് അയാൾക്ക് മറ്റ് ചില നന്മകളും മെച്ചങ്ങളും ഉണ്ടായിരിക്കുകയും ചെയ്യും. ഒരാൾ പ്രത്യക്ഷത്തിൽ, കുറ്റമറ്റവനാണെങ്കിലും, യഥാർത്ഥത്തിൽ ദുഷിച്ചവനായിരിക്കാം. ചുരുക്കത്തിൽ, ആരെല്ലാമാണ് ഉത്തമരെന്നും, ആരെല്ലാമാണ് അധമരെന്നും തീർച്ചപ്പെടുത്തുവാൻവയ്യ. അതുകൊണ്ട് പുരുഷനായാലും, സ്ത്രീയായാലും ഒരാൾക്ക് ഒരാളെ പരിഹസിക്കുവാൻ അർഹതയില്ല എന്നത്രെ അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുന്നത്.

സത്യവിശ്വാസികളെല്ലാം ഒരേ കുടുംബാംഗങ്ങളും സഹോദരൻമാരുമാണെന്ന് കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചുവല്ലോ.ഒരേ ശരീരത്തിന്റെ അവയവത്തോടാണ് ഒരു ഹദീഥിൽ നബി തിരുമേനി ﷺ മുസ്‌ലിംകളെ ഉപമിച്ചിരിക്കുന്നത്. എന്നിരിക്കെ, ഒരാൾ മറ്റേയാളെ പരിഹസിക്കുകയോ, അപമാനിക്കുകയോ ചെയ്യുമ്പോൾ ആ കുടുംബത്തിലെ ഒരു അംഗമെന്ന നിലക്ക് അതിലൊരു പങ്ക് അവനെയും ബാധിക്കുന്നു. നിങ്ങൾ നിങ്ങളെത്തന്നെ കുറവാക്കരുത് (لا تلمزوا أنفسكم) എന്ന പ്രയോഗം വഴി ഇങ്ങനെയുള്ള വസ്തുതകൾ ചൂണ്ടിക്കാട്ടുന്നു. ഒരാളുടെ ഏതെങ്കിലും തരത്തിലുള്ള ഉയർച്ചയോ താഴ്ചയോ കുറിക്കുന്ന പേരുകൾക്കാണ് الألقاب (അർത്ഥപ്പേരുകൾ) എന്ന് പറയുന്നത്. ഹാസ്യനാമങ്ങൾ, പരിഹാസപ്പേരുകൾ മുതലായവ ഉപയോഗിച്ച് നിന്ദിക്കുന്നതിനെയാണ് ഇവിടെ വിരോധിക്കുന്നത്. നേരെമറിച്ച് യോഗ്യതയെയോ, സ്നേഹത്തെയോ കുറിക്കുന്ന പേരുകൾ ഉപയോഗിക്കുന്നതിന് വിരോധമില്ല. അത് നല്ലതും കൂടിയാകുന്നു.

സത്യവിശ്വാസം സ്വീകരിച്ചുകഴിഞ്ഞാൽ പിന്നെ ദുഷിച്ച പേരുകൾ ഉപയോഗിക്കുന്നത് വളരെ ചീത്തയാണ് (بئس الإسم الفسوق بعد الإيمان) എന്ന് പറഞ്ഞിരിക്കുന്നത് പ്രത്യേകം ശ്രദ്ധാർഹമാകുന്നു. അതൊന്നും സത്യവിശ്വാസികൾക്ക് യോജിച്ചതല്ല; ഇസ്‌ലാമിക സംസ്കാരത്തിന് നിരക്കുകയുമില്ല; ജാഹിലിയ്യാ സമ്പ്രദായമാണ്; സംസ്കാര വിരുദ്ധവുമാണ്; മുസ്‌ലിംകളുടെ വായിൽനിന്ന് അത്തരം വാക്കുകൾ പുറത്തുവരുകയോ, മുസ്‌ലിംകളെപ്പറ്റി അവ ഉപയോഗിക്കുകയോ ചെയ്തുകൂടാ എന്നൊക്കെയാണ് അതിന്റെ താൽപര്യം.

നബി ﷺ അരുളിച്ചെയ്തതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു: ليس المؤمن بالطعان ولا اللعان ولا الفاحش ولا البذي –الترمذي و البيهقي (സാരം: സത്യവിശ്വാസി കുത്തിപ്പറയുന്നവനായിരിക്കില്ല, ശപിച്ചു പറയുന്നവനുമായിരിക്കയില്ല. ദുഷ്ടനുമായിരിക്കയില്ല. അസഭ്യം പുലമ്പുന്നവനുമായിരിക്കയില്ല. (തി; ബ.) ഒരാളുടെ പക്കൽനിന്ന്

അങ്ങനെ വല്ല വീഴ്ചയും വന്നുപോയാൽ ഉടനെ പശ്ചാത്തപിച്ചുമടങ്ങണം.എന്നാൽ അല്ലാഹു പൊറുത്തുകൊടുക്കും. മടങ്ങാത്തപക്ഷം അത് അക്രമവും ശിക്ഷാർഹവുമാണ് എന്നൊക്കെ അവസാനത്തെ വാക്യം ഓർമിപ്പിക്കുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱجْتَنِبُوا۟ كَثِيرًا مِّنَ ٱلظَّنِّ إِنَّ بَعْضَ ٱلظَّنِّ إِثْمٌ ۖ وَلَا تَجَسَّسُوا۟ وَلَا يَغْتَب بَّعْضُكُم بَعْضًا ۚ أَيُحِبُّ أَحَدُكُمْ أَن يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ ۚ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ تَوَّابٌ رَّحِيمٌ ﴿١٢﴾

﴿12﴾ ഹേ, വിശ്വസിച്ചവരേ, ഊഹത്തിൽ നിന്ന് മിക്കതിനെയും നിങ്ങൾ വർജ്ജിക്കുവിൻ. (കാരണം) നിശ്ചയമായും ഊഹത്തിൽ ചിലത് കുറ്റ (കര) മായിരിക്കും. നിങ്ങൾ ചാരവൃത്തി നടത്തുകയും ചെയ്യരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി (അവരുടെ അഭാവത്തിൽ) ദൂഷണം പറയുകയും അരുത്. തന്റെ സഹോദരൻ മരണപ്പെട്ടവനായിരിക്കെ അവന്റെ മാംസം തിന്നുന്നത് നിങ്ങളിലൊരാൾ ഇഷ്ടപ്പെടുമോ?! എന്നാൽ, അത് നിങ്ങൾ വെറുക്കുന്നു. [അതുപോലെ ഒന്നത്രെ പരദൂഷണവും.] നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു, പശ്ചാത്താപം സ്വീകരിക്കുന്നവനാണ്, കരുണാനിധിയാണ്.

﴿12﴾ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ വിശ്വസിച്ചവരേ ٱجْتَنِبُوا۟ നിങ്ങൾ അകന്ന് നിൽക്കുക, വർജ്ജിക്കുക كَثِيرًا മിക്കതും, പലതും, അധികം مِّنَ ٱلظَّنِّ ഊഹത്തിൽ (ധാരണയിൽ)നിന്ന് إِنَّ بَعْضَ ٱلظَّنِّ നിശ്ചയമായും ഊഹത്തിൽ ചിലത് إِثْمٌ കുറ്റമാണ്, പാപമാണ് وَلَا تَجَسَّسُوا۟ നിങ്ങൾ ചാരവൃത്തി (ഗൂഢാന്വേഷണം) നടത്തുകയും അരുത് وَلَا يَغْتَب (അഭാവത്തിൽ) ദൂഷണം പറയുകയും അരുത് بَّعْضُكُم നിങ്ങളിൽ ചിലർ بَعْضًا ചിലരെക്കുറിച്ച് أَيُحِبُّ ഇഷ്ടപ്പെടുമോ أَحَدُكُمْ നിങ്ങളിലൊരാൾ أَن يَأْكُلَ അവൻ തിന്നുവാൻ لَحْمَ أَخِيهِ തന്റെ സഹോദരന്റെ മാംസം مَيْتًا മരണപ്പെട്ടവനായ (ശവമായ) നിലയിൽ فَكَرِهْتُمُوهُ. എന്നാലത് നിങ്ങൾ വെറുക്കുന്നു وَٱتَّقُوا۟ ٱللَّهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കയും ചെയ്യുവിൻ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു تَوَّاب പശ്ചാത്താപം സ്വീകരിക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്

മനുഷ്യർ തമ്മതമ്മിൽ പല ധാരണകളും ഊഹങ്ങളും വെച്ചുകൊണ്ടിരുന്നേക്കും. അവയിൽ ഏതാനും ചിലത് ശരിയായിരിക്കുവാൻ ഇടയും ഉണ്ടാവാം. ചിലതെല്ലാം യഥാർത്ഥത്തിൽ തെറ്റായതും കുറ്റകരമായതുമായിരിക്കും. രണ്ടും വ്യക്തമായി വേർതിരിച്ചറിയുവാൻ സാധിക്കയില്ല. ഇങ്ങനെയുള്ള ധാരണകൾ വെച്ചു പുലർത്തുന്നവർ ആ ധാരണയുടെ അടിസ്ഥാനത്തിലായിരിക്കും പിന്നീട് പെരുമാറുന്നതും, സംസാരിക്കുന്നതും. ഇതിന്റെ അനന്തര ഫലമോ? പലപ്പോഴും ദൂരവ്യാപകവും, വമ്പിച്ചതുമായിരിക്കും. അതുകൊണ്ടാണ് മിക്ക ഊഹങ്ങളെയും വർജ്ജിക്കേണ്ടതാണെന്ന് അല്ലാഹു കല്പിക്കുന്നത്. തെറ്റും ശരിയും ഇന്നതാണെന്ന് വ്യക്തമായി അറിയാത്തപ്പോൾ, തെറ്റുപിണഞ്ഞേക്കാവുന്ന വിഷയത്തിൽ പ്രവേശിക്കുന്നതും തെറ്റുതന്നെ. ഇവിടെ മാത്രമല്ല, എവിടെയും ഓർമിക്കേണ്ടുന്ന ഒരു തത്വമാണിത്.

നബി തിരുമേനി ﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു:

إياكم والظن فإن الظن أكذب الحديث ولا تجسسوا ولا تحسّسوا ولا تنافسوا ولا تحاسدوا ولا

تباغضوا ولا تدابروا وكونوا عباد الله إخوانا – متفق عليه

(നിങ്ങൾ ഊഹത്തെ സൂക്ഷിക്കുക. കാരണം, ഊഹം വർത്തമാനങ്ങളിൽവെച്ച് ഏറ്റവും കളവായതാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും ചെയ്യരുത്, ഗൂഢാന്വേഷണം നടത്തുകയും അരുത്. അന്യോന്യം വഴക്കുകൂടുകയും അരുത്, അസൂയപ്പെടുകയും അരുത്, വിദ്വേഷം വെക്കുകയും അരുത്, (സഹകരിക്കാതെ) പിന്നോക്കം വെക്കുകയും അരുത്. അല്ലാഹുവിന്റെ അടിയാൻമാരേ, നിങ്ങൾ സഹോദരൻമാരായിരിക്കണം. (ബു; മു.) ഉമർ (റ) ഇപ്രകാരം പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: സത്യവിശ്വാസിയായ നിന്റെ സഹോദരനിൽനിന്ന് പുറത്തുവരുന്ന വാക്കിനെപ്പറ്റി നീ നല്ല വിചാരമല്ലാതെ വിചാരിക്കരുത്. നല്ല നിലയിലുള്ള ഒരു അർത്ഥവ്യാഖ്യാനം ആ വാക്കിന് കണ്ടെത്താവുന്നതാണ്.(ابن كثير)

തെറ്റായധാരണ, നീചമായ മനഃസ്ഥിതി, മാന്യൻമാരെ അപമാനിക്കുന്നതിലുള്ള താല്പര്യം ആദിയായ ദുർഗുണങ്ങളിൽനിന്ന് ഉടലെടുക്കുന്ന ദുഃസ്വഭാവമാണ് ചാരവേല. അഥവാ അന്യന്റെ രഹസ്യങ്ങളും ഉള്ളുകള്ളികളും ആരായുക, അതിനായി ഇറപാർത്തും, ഗൂഢാന്വേഷണങ്ങൾ നടത്തിയുംകൊണ്ടിരിക്കുക മുതലായവ. ഇതിന്റെ അനന്തരഫലം ആർക്കും അജ്ഞാതമല്ല. ജനമദ്ധ്യേ കുഴപ്പവും, ശത്രുതയും ഉണ്ടാക്കുവാൻമാത്രമേ ഇത് പര്യാപ്തമാകുകയുള്ളൂ. അല്പം മാന്യതയോ, സൽബുദ്ധിയോ ഉള്ളവരാരും അതിന് മുതിരുകയില്ലതന്നെ. വിശ്വസിച്ചവരേ എന്ന് വിളിച്ചുകൊണ്ട് ഇത്തരം കാര്യങ്ങൾ ഓരോന്നോരോന്ന് അല്ലാഹു പ്രത്യേകം എടുത്ത് പറഞ്ഞിരിക്കയാൽ ഓരോ മുസ്‌ലിമും അവയുടെ ഗൗരവത്തെപ്പറ്റി സദാ ഓർമ വെച്ചിരിക്കേണ്ടതാണ്. ابن كثير

സൽക്കർമങ്ങളെ കാർന്നുതിന്നുന്നതും, ഏറെക്കുറെ മിക്ക ആളുകളിലും കണ്ടേക്കുന്നതുമായ ഒരു ദുഃസ്വഭാവമത്രെ ഗീബത്ത്(الغيبة) അഥവാ പരദൂഷണം.

ഗീബത്ത്എന്നാലെന്താണെന്ന് സ്വഹാബികൾക്ക് നബി ﷺ വിവരിച്ചുകൊടുത്തത് ഇങ്ങനെയാണ്: ذكرك اخاك بما يكره (നീ നിന്റെ സഹോദരനെക്കുറിച്ച് അവന് വെറുപ്പുള്ള കാര്യം പ്രസ്താവിക്കലാണ്.) എന്റെ സഹോദരനിൽ ഞാൻ പറയുന്ന കാര്യം ഉണ്ടായിരുന്നാലോ? എന്ന് ചോദിക്കപ്പെട്ടപ്പോൾ തിരുമേനി പറഞ്ഞു: ان كان فيه ما تقول فقد اغبته وان لم يكن فيه ما تقول فقد بهته–مسلم (നീ പറയുന്ന കാര്യം അവനിൽ ഉണ്ടായിരുന്നാൽ നീ അവനെ ഗീബത്ത് പറഞ്ഞു. അതവനിൽ ഇല്ലെങ്കിലോ നീ അവനെക്കുറിച്ച് നുണ കെട്ടിപ്പറഞ്ഞു. (മുസ്‌ലിം.) ഒരാൾ തന്റെ സഹോദരന്റെ മരണശേഷം അവന്റെ മാംസം തിന്നുന്നതിന് തുല്യമാണ് പരദൂഷണം എന്ന് അല്ലാഹു ഈ വചനത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. എത്ര ഭയങ്കര പാപമാണ് അതെന്ന് ഈ ഉപമയിൽനിന്ന് മനസ്സിലാക്കാം. മുസ്‌ലിംകളിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണെന്ന് ചോദിക്കപ്പെട്ടപ്പോൾ നബി ﷺ ഉത്തരം പറഞ്ഞത് ഇപ്രകാരമായിരുന്നു: من سلم المسلمون من لسانه ويده–متفق (ഏതൊരുവന്റെ നാവിൽനിന്നും കയ്യിൽനിന്നും മുസ്‌ലിംകൾ രക്ഷപ്പെട്ടിരിക്കുന്നുവോ അവനാണ്. (ബു; മു)

ഒന്നിലധികം മാർഗങ്ങളിൽകൂടി ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു നബിവചനത്തിന്റെ സംഗ്രഹം ഇങ്ങനെ വായിക്കാം: 'അല്ലാഹു തൃപ്തിപ്പെടുന്ന ഒരു വാക്ക് ഒരാൾ സംസാരിക്കുമ്പോൾ, അതിന് ഒരു നിലയും വിലയും ഉള്ളതായി അവൻ ധരിച്ചിരിക്കയില്ല. എങ്കിലും അത്മൂലം അല്ലാഹു അവന് പല പദവികൾ ഉയർത്തിക്കൊടുക്കുന്നതായിരിക്കും. ഒരാൾ അല്ലാഹു കോപിക്കുന്ന ഒരു വാക്ക് സംസാരിക്കുമ്പോൾ, അയാൾ അതിനൊരു നിലയുംവിലയും ഉള്ളതായി ധരിച്ചിരിക്കയില്ല, എങ്കിലും അതുമൂലം അവൻ നരകത്തിൽ ആഴ്ന്നുപോയേക്കും'. വാചകങ്ങളിൽ സ്വല്പം വ്യത്യാസത്തോടുകൂടി ബുഖാരിയും, മുസ്‌ലിമും (റ) മറ്റും ഈ ഹദീഥ് ഉദ്ധരിച്ചുകാണാം. സംസാരത്തിൽ പൊതുവെയും, മറ്റൊരാളെപ്പറ്റി ഗുണദോഷിക്കുമ്പോൾ പ്രത്യേകിച്ചും വളരെ ഗൗനിക്കേണ്ടതുണ്ടെന്ന് ഇതിൽനിന്നെല്ലാം മനസ്സിലാക്കേണ്ടതാകുന്നു. ഒരിക്കൽ നബിﷺയുടെ പ്രിയപത്നി ആഇശഃ (റ) തന്റെ സഹകളത്രയായ സഫിയ (റ)യെപ്പറ്റി കുറിയവൾ (قصيرة) എന്ന് കൈകൊണ്ട് ആംഗ്യം കാണിച്ചപ്പോൾ തിരുമേനി പറഞ്ഞ വാക്യം പ്രത്യേകം നാം ഓർമിച്ചിരിക്കേണ്ടതാണ്; والترمدي لقد قلت كلمة لو مزجت بماء البحر لمزجته–أبو داود (സമുദ്രജലത്തിൽ കലർത്തിയാൽ അതിനെ കലക്കുമാറുള്ള ഒരു വാക്കാണ് നീ പറഞ്ഞത്!) ഇങ്ങനെയുള്ള വസ്തുതകളാണ് واتقوا الله (അല്ലാഹുവിനെ സൂക്ഷിക്കുകയും വേണം) എന്ന വാക്യം സൂചിപ്പിക്കുന്നത്. തുടർന്നുള്ള പശ്ചാത്താപത്തിന്റെ കാര്യവും ഓർമിപ്പിച്ചിരിക്കുന്നു.

يَـٰٓأَيُّهَا ٱلنَّاسُ إِنَّا خَلَقْنَـٰكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَـٰكُمْ شُعُوبًا وَقَبَآئِلَ لِتَعَارَفُوٓا۟

❴13❵ ഹേ, മനുഷ്യരേ, നിശ്ചയമായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം (അറിഞ്ഞു) പരിചയപ്പെടുവാൻവേണ്ടി നിങ്ങളെ നാം (പല) ശാഖകളും, ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു.

إِنَّ أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ ۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٌ ﴿١٣﴾

നിശ്ചയമായും അല്ലാഹുവിന്റെ അടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ, നിങ്ങളിൽ ഏറ്റവും (സൂക്ഷ്മതയുള്ള) ഭയഭക്തനാകുന്നു. നിശ്ചയമായും അല്ലാഹു, സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാണ്.

﴾13﴿ يَـٰٓأَيُّهَا ٱلنَّاسُ ഹേ മനുഷ്യരേ إِنَّا خَلَقْنَـٰكُم നിശ്ചയമായും നാം നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നു مِّن ذَكَرٍ ഒരു ആണിൽനിന്ന് وَأُنثَىٰ ഒരു പെണ്ണിൽനിന്നും وَجَعَلْنَـٰكُمْ നിങ്ങളെ നാം ആക്കുകയും ചെയ്തിരിക്കുന്നു شُعُوبًا ശാഖകൾ وَقَبَآئِلَ ഗോത്രങ്ങളും لِتَعَارَفُوٓا۟ നിങ്ങളന്യോന്യം പരിചയപ്പെടുവാൻ, അറിയുവാൻ إِنَّ أَكْرَمَكُمْ നിശ്ചയമായും നിങ്ങളിൽ അധികം ആദരണീയൻ, മാന്യൻ عِندَ ٱللَّهِ അല്ലാഹുവിങ്കൽ أَتْقَىٰكُمْ നിങ്ങളിൽ അധികം തക്‌വാ (സൂക്ഷ്മത, ഭയഭക്തി) ഉള്ളവനാണ് إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു عَلِيمٌ സർവ്വജ്ഞനാണ് خَبِيرٌ സൂക്ഷ്മജ്ഞാനിയാണ്

കഴിഞ്ഞ ആയത്തുകൾ സത്യവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ടുള്ളതായിരുന്നു. ഈ ആയത്താകട്ടെ, മനുഷ്യലോകത്തെ ആകമാനം അഭിമുഖീകരിച്ചുകൊണ്ടാണുള്ളത്. ലോകരാഷ്ട്രങ്ങൾ അൽപം ദശവർഷങ്ങൾക്ക്മുമ്പു മാത്രം പ്രഖ്യാപനം ചെയ്യാൻ ധൈര്യപ്പെട്ടതും, പ്രഖ്യാപിച്ചവർക്ക്പോലും ശരിക്ക് പ്രായോഗികരംഗത്ത് വരുത്തുവാൻ ഇതുവരെ സാധിച്ചിട്ടില്ലാത്തതുമായ ഒരു തത്വം, ഈ വിശുദ്ധവചനം മുഖേന ക്വുർആൻ ആയിരത്തിനാനൂറ് കൊല്ലംമുമ്പ് ജനമദ്ധ്യേ തുറന്ന ഭാഷയിൽ പ്രഖ്യാപിച്ചിരിക്കുകയാണ്: മനുഷ്യരേ, നിങ്ങളെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണ്; ആദമിന്റെയും ഹവ്വാഇന്റെയും സന്തതികളാണ്- നിങ്ങൾക്കിടയിൽ ആഭിജാത്യത്തിന്റെ പേരിലോ, തൊലിവർണത്തിന്റെ പേരിലോ മറ്റോ ഉച്ചനീചത്വമില്ല. എല്ലാം അല്ലാഹുവിന്റെ സൃഷ്ടികളും ഒരേ കുടുംബത്തിലെ പൗരൻമാരുമാണ്. അതേസമയത്ത് അല്ലാഹു നിങ്ങളെ ചില ശാഖകളും ഗോത്രങ്ങളുമാക്കിവെച്ചിട്ടുണ്ട്. ഇത് ഉൽകൃഷ്ടതയുടെയോ, നികൃഷ്ടതയുടെയോ അടിസ്ഥാനത്തിലല്ല, നിങ്ങൾ അന്യോന്യം തിരിച്ചറിയുവാനും പരിചയപ്പെടുവാനുംവേണ്ടി മാത്രമാകുന്നു. പക്ഷേ, നിങ്ങൾക്കിടയിൽ ഉയർച്ചയും താഴ്ചയും കണക്കാക്കുന്ന മറ്റൊരു മാനദണ്ഡമുണ്ട്. അത് 'തക്‌വ'യാകുന്നു. അതെ, അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷിക്കുകവഴി അവനോട് ഭയഭക്തിയുള്ളവരാരോ അവർ ഉന്നതൻമാരും, അല്ലാത്തവർ അധമൻമാരും. ഏറ്റവും ഭയഭക്തൻ ആരോ അവനാണ് അവന്റെ അടുക്കൽ ഏറ്റവും ആദരണീയൻ.

ഈ വചനത്തിന്റെ ആശയം വിശദീകരിക്കുന്ന പല നബിവചനങ്ങളും

ഹദീഥുഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. ഉദാഹരണാർത്ഥം ചിലത് മാത്രം ഇവിടെ ഉദ്ധരിക്കാം:

1) തിരുമേനി പറഞ്ഞു: അല്ലാഹു നിങ്ങളുടെ രൂപങ്ങളിലേക്കും, സ്വത്തുക്കളിലേക്കും നോക്കുന്നില്ല. പക്ഷേ, നിങ്ങളുടെ ഹൃദയങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും നോക്കുന്നു. (മു.)

2) മക്കാവിജയ ദിവസം നബി ﷺ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു: 'ഹേ, മനുഷ്യരേ, മനുഷ്യർ രണ്ടുതരം ആളുകളാണ്: പുണ്യവാനും, സൂക്ഷ്മതയുള്ളവനും, അല്ലാഹുവിങ്കൽ ആദരണീയനുമായവൻ ഒന്ന്. ദുഷ്ടനും, ദുർമാർഗിയും അല്ലാഹുവിങ്കൽ നിന്ദ്യനുമായുള്ളവൻ മറ്റൊന്ന്. എല്ലാവരും ആദമിന്റെ സന്താനങ്ങളാണ്. ആദമിനെ അല്ലാഹു മണ്ണിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു'.പിന്നീട് തിരുമേനി ഈ ആയത്ത് ഓതുകയും ചെയ്തു. (തി; ബ.)

3) തിരുമേനിയുടെ ഒടുവിലത്തെ ഹജ്ജിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു:'മനുഷ്യരേ, അറിഞ്ഞേക്കുക: നിങ്ങളുടെ റബ്ബ് ഏകനാണ്. അറബിക്ക് അറബിയല്ലാത്തവനെക്കാൾ ശ്രേഷ്ഠതയില്ല; അറബിയല്ലാത്തവന് അറബിയെക്കാളും ഇല്ല; കറുത്തവന് ചുവന്നവനെ (വെള്ളക്കാരനെ)ക്കാളും ഇല്ല; ചുവന്നവന് കറുത്തവനെക്കാളും ഇല്ല- ഭയഭക്തികൊണ്ടല്ലാതെ. നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ഭയഭക്തിയുള്ളവനാകുന്നു.'(ബ)

4) നിശ്ചയമായും ജാഹിലിയ്യാ കാലത്തിലെ ഡംഭും,പിതാക്കളുടെ പേരിലുള്ള ഗർവും നാട്യവും അല്ലാഹു നിങ്ങളിൽ നിന്ന് എടുത്തു കളഞ്ഞിരിക്കുന്നു. നിങ്ങളെല്ലാവരും ആദമിനും ഹവ്വാഇന്നും ഉള്ളവരത്രെ. (ബ.)

മനുഷ്യപിതാവ് ആദം നബി (അ)യാണോ അല്ലേ? മനുഷ്യരെയെല്ലാം ഒരേ ദേഹത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു (خلقناكم من نفس واحدة) എന്ന് വേറെ സ്ഥലങ്ങളിൽ ക്വുർആൻ പ്രസ്താവിച്ചിട്ടുള്ളതും, ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചു (خلقناكم من ذكر وانثى) എന്ന് പ്രസ്താവിച്ചിട്ടുള്ളതും തമ്മിൽ വല്ല പൊരുത്തക്കേടും ഉണ്ടോ? ഇതിനെപ്പറ്റിയും, ഈ വിഷയത്തിൽ ചിലർക്കുള്ള ആശയക്കുഴപ്പങ്ങളെപ്പറ്റിയും സൂറത്ത്- സുമർ, 6 -ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ നാം വിവരിച്ചു പറഞ്ഞിട്ടുള്ളത് ഓർക്കുക.

۞ قَالَتِ ٱلْأَعْرَابُ ءَامَنَّا ۖ قُل لَّمْ تُؤْمِنُوا۟ وَلَٰكِن قُولُوٓا۟ أَسْلَمْنَا وَلَمَّا يَدْخُلِ ٱلْإِيمَٰنُ فِى قُلُوبِكُمْ

﴿14﴾ അഅ്റാബികൾ [മരുഭൂവാസികളായ അറബികൾ] പറയുന്നു: ഞങ്ങൾ സത്യവിശ്വാസം സ്വീകരിച്ചിരിക്കുന്നു എന്ന്. പറയുക: നിങ്ങൾ വിശ്വസിച്ചിട്ടില്ല.എങ്കിലും, ഞങ്ങൾഇസ്‌ലാംസ്വീകരിച്ചിരിക്കുന്നു [കീഴ്പ്പെട്ടിരിക്കുന്നു]എന്ന് നിങ്ങൾ പറഞ്ഞേക്കുക. നിങ്ങളുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം (ഇതുവരെയും) പ്രവേശിച്ചിട്ടേയില്ല.

وَإِن تُطِيعُوا۟ ٱللَّهَ وَرَسُولَهُۥ لَا يَلِتْكُم مِّنْ أَعْمَـٰلِكُمْ شَيْـًٔا ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٤﴾

അല്ലാഹുവിനെയും, അവന്റെ റസൂലിനെയും നിങ്ങൾ അനുസരിക്കുന്നപക്ഷം, നിങ്ങളുടെ കർമങ്ങളിൽ നിന്ന് യാതൊന്നും അവൻ നിങ്ങൾക്ക് കുറച്ച് കളയുന്നതല്ല. നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرَسُولِهِۦ ثُمَّ لَمْ يَرْتَابُوا۟ وَجَـٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ فِى سَبِيلِ ٱللَّهِ ۚ أُو۟لَـٰٓئِكَ هُمُ ٱلصَّـٰدِقُونَ ﴿١٥﴾

﴿15﴾ നിശ്ചയമായും സത്യവിശ്വാസികൾഎന്നാൽ, അല്ലാഹുവിലും, അവന്റെ റസൂലിലും വിശ്വസിക്കുകയും പിന്നീട് സന്ദേഹപ്പെടാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ദേഹങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ (ധർമ) സമരം ചെയ്യുകയും ചെയ്യുന്നവർ മാത്രമാകുന്നു. അക്കൂട്ടർ തന്നെയാണ് സത്യവാൻമാർ.

﴿14﴾ قَالَتِ പറഞ്ഞു, പറയുന്നു ٱلْأَعْرَابُ മരുഭൂവാസികളായ (ഗ്രാമീണരായ) അറബികൾ ءَامَنَّا ഞങ്ങൾ വിശ്വസിച്ചു (സത്യവിശ്വാസം സ്വീകരിച്ചു) എന്ന് قُل നീ പറയുക لَّمْ تُؤْمِنُوا۟ നിങ്ങൾ വിശ്വസിച്ചിട്ടില്ല وَلَـٰكِن قُولُوٓا۟ എങ്കിലും നിങ്ങൾ പറഞ്ഞേക്കുക أَسْلَمْنَا ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചു (കീഴ്പ്പെട്ടു) എന്ന് وَلَمَّا يَدْخُلِ പ്രവേശിച്ചിട്ടേയില്ല ٱلْإِيمَـٰنُ സത്യവിശ്വാസം فِى قُلُوبِكُمْ നിങ്ങളുടെ ഹൃദയങ്ങളിൽ وَإِن تُطِيعُوا۟ നിങ്ങൾ അനുസരിക്കുന്നപക്ഷം ٱللَّه അല്ലാഹുവിനെ وَرَسُولَهُۥ അവന്റെ റസൂലിനെയും لَا يَلِتْكُم അവൻ നിങ്ങൾക്ക് കുറവ് (നഷ്ടം) വരുത്തുകയില്ല مِّنْ أَعْمَـٰلِكُمْ നിങ്ങളുടെ കർമങ്ങളിൽനിന്ന് شَيْـًٔا യാതൊന്നും, ഒട്ടും إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ് ﴿15﴾ إِنَّمَا ٱلْمُؤْمِنُونَ നിശ്ചയമായും സത്യവിശ്വാസികൾ ٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരത്രെ بِٱللَّه അല്ലാഹുവിൽ وَرَسُولِهِۦ അവന്റെ റസൂലിലും ثُمَّ പിന്നെ, എന്നിട്ട് لَمْ يَرْتَابُوا۟ അവർ സന്ദേഹം (സംശയം) വെച്ചതുമില്ല وَجَـٰهَدُوا۟ അവർ സമരവും ചെയ്തു

بِأَمْوَٰلِهِمْ തങ്ങളുടെ സ്വത്തുക്കൾകൊണ്ട് وَأَنفُسِهِمْ തങ്ങളുടെ ദേഹങ്ങളും (കൊണ്ട്) فِى سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ أُو۟لَـٰٓئِكَ هُمُ അക്കൂട്ടർ തന്നെയാണ് ٱلصَّـٰدِقُونَ സത്യവാൻമാർ, സത്യം പറഞ്ഞവർ.

മദീനഃയുടെ വെളിപ്രദേശങ്ങളിൽ പാർക്കുന്ന മരുഭൂവാസികളായ അസദ് ഗോത്രത്തിൽപെട്ട കുറെ ആളുകൾ തങ്ങൾക്ക് ക്ഷാമം പിടിപെട്ട അവസരത്തിൽ നബിﷺയെ സമീപിക്കുകയുണ്ടായി. പല അറബി ഗോത്രങ്ങളും ചെയ്തതു പോലെ തങ്ങൾ നബിﷺയുമായി യുദ്ധത്തിന് പുറപ്പെട്ടിട്ടില്ല; അത് നബിﷺയോട് തങ്ങൾ ചെയ്ത ഔദാര്യമായിരുന്നു; തങ്ങൾ ഇപ്പോൾ വളരെ പ്രാരാബ്ദത്തിലും വിഷമത്തിലും അകപ്പെട്ടിരിക്കുകയാണ് എന്നൊക്കെ നബി ﷺയെ അവർ ഉണർത്തുകയും, വിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു. പൊതു സ്വത്തിൽനിന്ന് തങ്ങൾക്ക് വല്ലതും തന്നു സഹായിക്കണമെന്നായിരുന്നു അവരുടെ വരവിന്റെ ആവശ്യം. ഇവരെപ്പറ്റിയാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. വിശ്വാസം നാവുകൊണ്ട് പ്രകടമാക്കിയാൽ പോരാ, അത് ഹൃദയത്തിൽ സ്ഥാനം പിടിക്കേണ്ടതുണ്ട്. നിങ്ങളുടെ ഹൃദയത്തിൽ ഇതുവരെയും വിശ്വാസം പ്രവേശിച്ചു കഴിഞ്ഞിട്ടില്ല. പക്ഷേ, നിങ്ങൾ ഇസ്‌ലാമിനെതിരിൽ സമരം നടത്താതെ അടങ്ങിയിരുന്ന സ്ഥിതിക്ക് أسلمنا (ഞങ്ങൾ കീഴൊതുങ്ങി) എന്ന് പറയാമെന്നല്ലാതെ آمنا (ഞങ്ങൾ വിശ്വസിച്ചു) എന്ന് പറയുവാൻ നിങ്ങൾക്ക് അവകാശമില്ല. യാതൊരു സന്ദേഹത്തിനും ഇടമില്ലാത്തവണ്ണം അല്ലാഹുവിലും റസൂലിലും മനഃപൂർവ്വം വിശ്വസിക്കണം, മനസ്സിൽ വിശ്വസിച്ചുവെച്ചാലും പോരാ, അത് പ്രവർത്തനത്തിൽ പ്രകടമാക്കുകയും അങ്ങനെ അല്ലാഹുവിന്റെ മാർഗത്തിൽ ധനം കൊണ്ടും ദേഹം കൊണ്ടും സമരം ചെയ്യുകയും വേണ്ടതുണ്ട്. എന്നാൽ മാത്രമേ നിങ്ങൾ യഥാർത്ഥ വിശ്വാസികളാവുകയുള്ളൂ. എന്നൊക്കെയാണ് അവരെ ഉൽബോധിപ്പിക്കുന്നത്.

ഈമാൻഎന്നത് വിശ്വാസത്തെ കുറിക്കുന്നു. ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള അനുസരണവും പ്രവർത്തനവുമാണ് ഇസ്‌ലാം. ഈമാൻ കൂടാതെയുള്ള ഇസ്‌ലാം അല്ലാഹുവിങ്കൽ സ്വീകാര്യമല്ല.ഈമാന്റെ അനിവാര്യ ഫലമത്രെ ഇസ്‌ലാം. അതേ സമയത്ത് ഇസ്‌ലാം ഉണ്ടായതുകൊണ്ട് ഈമാൻ ഉണ്ടായിക്കൊള്ളണമെന്നില്ല. അത്കൊണ്ടാണ് അഅ്റാബികളോട് ഈമാൻ സ്വീകരിച്ചുവെന്ന് പറയരുതെന്നും ഇസ്‌ലാം സ്വീകരിച്ചു എന്ന് പറഞ്ഞാൽ മതിയെന്നും കല്പിച്ചത്. കപടവിശ്വാസികൾ എന്ന ഒരു വിഭാഗം ആളുകളുണ്ടാകുന്നതും ഇതുകൊണ്ടാണ്. പക്ഷേ, ഹൃദയത്തിൽ വിശ്വാസമുണ്ടോ എന്ന് അറിയുവാൻ മനുഷ്യന് സാധ്യമല്ല. അല്ലാഹുവിന് മാത്രമേ അതറിയുകയുള്ളൂ. എങ്കിലും, ഇസ്‌ലാമിനെ അംഗീകരിച്ചു കാണുന്ന ഏവരെക്കുറിച്ചും അവർ മുസ്‌ലിമും

മുഅ്മിനും ആണെന്ന്- അഥവാ ഇസ്‌ലാമും ഈമാനും കൂടിയുണ്ടെന്ന് -വിധി കൽപ്പിക്കുവാനേ നമുക്ക് നിർവ്വാഹമുള്ളൂ. ഇസ്‌ലാമിന്റെ നിയമവും അതുതന്നെ. ലക്ഷ്യവും, തെളിവും വർദ്ധിക്കുന്തോറും ഈമാൻ ശക്തിപ്പെട്ടുകൊണ്ടിരിക്കും. സൽക്കർമങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്യും. നേരെമറിച്ച് ആശയക്കുഴപ്പങ്ങളും, സംശയങ്ങളും ഈമാനിനെ ക്ഷയിപ്പിക്കുകയും, ദുഷ്ക്കർമങ്ങൾ അതിന് തേയ്മാനം വരുത്തുകയും ചെയ്യും. ഈമാനും ഇസ്‌ലാമും ഒന്നുതന്നെയാണെന്ന് ചില തൽപ്പര കക്ഷികൾ വാദിക്കുന്നത് ശരിയല്ലെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ഖുർആനിൽ നിന്നും ഹദീഥിൽനിന്നും വേറെയും പല തെളിവുകളാൽ ആ വാദം ശരിയല്ലെന്ന് സ്ഥാപിക്കപ്പെട്ടിട്ടുമുണ്ട്. ഇവിടെ അതിനെപ്പറ്റി കൂടുതൽ സ്പർശിക്കുന്നില്ല.

സത്യവിശ്വാസികളുടെ ഗുണങ്ങൾ വിവരിച്ചകൂട്ടത്തിൽ, വിശ്വസിച്ചിട്ട് പിന്നെ സന്ദേഹപ്പെട്ടതുമില്ല (ثم لم يرتابوا) എന്ന് പറഞ്ഞുവല്ലോ. തെളിവുകൾ മുഖേന- യാതൊരു സംശയത്തിനും പഴുതില്ലാത്തവിധം- ഒരു വിഷയത്തിൽ വിശ്വാസം ഉണ്ടായിത്തീർന്നശേഷം വീണ്ടും പുതിയ തെളിവുകൾ ലഭിക്കുകയോ, വിശ്വസിക്കപ്പെട്ട കാര്യം നേരിൽ കണ്ടു അനുഭവപ്പെടുകയോ ചെയ്യുമ്പോൾ ആ വിശ്വാസം പൂർവ്വാധികം ശക്തിപ്പെടുമെന്നും, മനസ്സിന് കൂടുതൽ സമാധാനവും, സംതൃപ്തിയും ഉണ്ടായിത്തീരുമെന്നും പറയേണ്ടതില്ല. ഇതുകൊണ്ട് മുമ്പത്തെ വിശ്വാസം സംശയാസ്പദമായിരുന്നുവെന്നോ, അപൂർണമായിരുന്നുവെന്നോ വരുന്നില്ലതാനും. (സൂ: ജാഥിയഃ 3-5 ലും വിവരണത്തിലും വിശ്വാസത്തിന്റെ ഇനങ്ങളെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്.) ആകാശത്തിലൂടെ പറന്ന് പായുന്ന വിമാനം കണ്ടിട്ടില്ലാത്തതുകൊണ്ട് ഇന്ന് അതിനെ ആരും നിഷേധിക്കുകയോ, അതിൽ സംശയിക്കുകയോ ഇല്ല. അങ്ങനെ ഒന്നില്ലെന്ന് പറഞ്ഞാൽ ആരും അത് സമ്മതിക്കുകയുമില്ല. പക്ഷേ, കണ്ണിൽ കണ്ടു കഴിയുമ്പോൾ ഉണ്ടാകുന്ന മനഃസ്സമാധാനവും സംതൃപ്തിയും അതിന്റെ മുമ്പ് അവർക്ക് തീർച്ചയായും ഉണ്ടായിരിക്കയില്ല. ഓരോ മുസ്‌ലിമും മലക്കുകളിൽ വിശ്വസിക്കുന്നു. പക്ഷേ, മലക്കിനെ കണ്ടിട്ടുള്ള പ്രവാചകനും അല്ലാത്തവരും ഒരുപോലെയാണോ?!

മരണപ്പെട്ടവരെ അല്ലാഹു ജീവിപ്പിക്കുമെന്ന കാര്യത്തിൽ യാതൊരുവിധ ആശങ്കയോ സംശയമോ കൂടാതെ, പരിപൂർണമായും വിശ്വസിച്ച പ്രവാചകവര്യനാണ് ഇബ്റാഹിം നബി (അ)എന്ന് എല്ലാവർക്കും അറിയാം. എന്നിട്ടും അദ്ദേഹം അല്ലാഹുവിനോട് മരണപ്പെട്ടവരെ നീ എങ്ങനെയാണ് ജീവിപ്പിക്കുന്നത് എന്ന് എനിക്ക് കാണിച്ചു തരേണമേ! (رب أرني كيف تحي الموتى) എന്ന് പ്രാർത്ഥിച്ചതായി സൂ: അൽബകറഃ 260 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഇതിനുള്ള കാരണം മേൽപറഞ്ഞതിൽനിന്ന് മനസ്സിലാക്കാം. മാത്രമല്ല, നീ വിശ്വസിച്ചിട്ടില്ലേ?(أولم تؤمن) എന്ന് അല്ലാഹു അദ്ദേഹത്തോട് ചോദിച്ചതായും, അദ്ദേഹം, ഇല്ലാതെ! എങ്കിലും എന്റെ ഹൃദയം സമാധാനമടയുവാൻ വേണ്ടിയാണ്.

(بلى ولكن ليطمئن قلبي) എന്ന് അദ്ദേഹം ഉത്തരം പറഞ്ഞതായും അവിടെ തുടർന്ന് പറഞ്ഞിരിക്കുന്നു. മരണപ്പെട്ടവരെ രണ്ടാമത് ജീവിപ്പിച്ചു കണ്ടെങ്കിലേ താനത് വിശ്വസിക്കുകയുള്ളൂവെന്ന അർത്ഥത്തിലോ, ജീവിപ്പിക്കുന്നതിനെപ്പറ്റി തനിക്ക് അല്പമെങ്കിലും സംശയം തോന്നിയതുകൊണ്ടോ അല്ല ഇബ്റാഹീം (അ) ഈ പ്രാർത്ഥന ചെയ്തതെന്ന് വക്രബുദ്ധികളല്ലാത്ത ഏവർക്കും വ്യക്തമാണ്.

എന്നിരിക്കെ, 15 -ാം വചനത്തിലെ ثم لم يرتابوا (പിന്നെ അവർ സന്ദേഹപ്പെട്ടതുമില്ല) എന്ന വാക്കിന്റെ മറപിടിച്ചുകൊണ്ട് അല്ലാഹു മരണപ്പെട്ടവരെ രണ്ടാമത് ജീവിപ്പിക്കുമെന്നതിൽ ഇബ്റാഹീം നബി (അ)ക്ക് വിശ്വാസമുണ്ടായിരുന്നില്ലേ, അദ്ദേഹത്തിന് അതിനുമുമ്പ് ആ വിഷയത്തിൽ മനസ്സമാധാനമില്ലാതെ സംശയപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നുവോ എന്നൊക്കെ പരിഹാസപൂർവ്വം ചിലർ ചോദിക്കുന്നതിന്റെ രഹസ്യം ആർക്കും അജ്ഞാതമല്ല. തങ്ങളുടെ ഭൗതികശാസ്ത്രങ്ങൾക്ക് അനുകൂലിക്കുവാൻ കഴിയാത്ത ഏതൊരു കാര്യവും ക്വുർആനിലോ മറ്റോ വ്യക്തമായ ഭാഷയിൽ പ്രസ്താവിച്ചുകണ്ടാൽ, മനസ്സുകൊണ്ട് അതിനെ വെറുക്കുകയും, നാവുകൊണ്ട് അതിനെ ദുർവ്യാഖ്യാനം ചെയ്ത് ഒപ്പിക്കുകയും ചെയ്യാൻ മിനക്കെടുന്നവരാണ് ഈ ചോദ്യകർത്താക്കൾ. മരണപ്പെട്ടവരെ ഈ ലോകത്തുവെച്ച് ജീവിപ്പിക്കുകയെന്ന കാര്യം ഇവരുടെ യുക്തിക്കും ശാസ്ത്രത്തിനും നിരക്കാത്തതാകകൊണ്ട് رب أرني كيف تحي الموتى(മരണപ്പെട്ടവരെ ജീവിപ്പിക്കുന്നത് എങ്ങനെയാണെന്ന് എനിക്ക് കാട്ടിത്തരണേ!) എന്ന വാക്യത്തിന് നിർജ്ജീവമായ ഹൃദയങ്ങളെ എങ്ങനെയാണ് നീ ഉദ്ധരിക്കുക എന്ന് കാട്ടിത്തരണം എന്നത്രെ ഇവർ കൽപിക്കുന്ന അർത്ഥം. بلى ولكن ليطمئن قلبي (എന്റെ മനസ്സ് സമാധാനമടയുവാൻ) എന്ന വാക്കിന് എന്റെ സംശയവും അസ്വാസ്ഥ്യവും തീർന്ന് എന്റെ മനസ്സിന് സമാധാനം ലഭിക്കുവാൻ എന്നാണ് ഇവർ നൽകുന്ന വ്യാഖ്യാനം. ക്വുർആനിൽ അല്ലാഹു ഉപയോഗിച്ച പല വാക്കുകളും അസ്ഥാനത്തായിപ്പോയിട്ടുണ്ടെന്നായിരിക്കും ഇവരുടെ ഇത്തരം ചില അർത്ഥവ്യാഖ്യാനം കാണുമ്പോൾ തോന്നിപ്പോകുക! الله أكبر സന്ദർഭവശാൽ ഈ വിഷയം ഇവിടെ സ്പർശിച്ചുവെന്നേയുള്ളൂ. ഇതിനെപ്പറ്റി സൂ: അൽബക്വറഃയിൽ വെച്ച് കൂടുതൽ വിവരിച്ചിട്ടുണ്ട്.

قُلْ أَتُعَلِّمُونَ ٱللَّهَ بِدِينِكُمْ وَٱللَّهُ يَعْلَمُ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۚ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ ﴿١٦﴾

﴾16﴿ (നബിയേ) പറയുക: നിങ്ങളുടെ മത (വിശ്വാസ)ത്തെപ്പറ്റി നിങ്ങൾ അല്ലാഹുവിനെ പഠിപ്പിക്കുകയോ?! അല്ലാഹുവാകട്ടെ, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും അറിയുന്നു; അല്ലാഹു എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനുമാകുന്നു.

يَمُنُّونَ عَلَيْكَ أَنْ أَسْلَمُوا ۖ قُل لَّا تَمُنُّوا عَلَيَّ إِسْلَامَكُم ۖ بَلِ ٱللَّهُ يَمُنُّ عَلَيْكُمْ أَنْ هَدَىٰكُمْ لِلْإِيمَـٰنِ إِن كُنتُمْ صَـٰدِقِينَ ﴿١٧﴾

﴾17﴿ അവർഇസ്‌ലാംസ്വീകരിച്ചത് [കീഴൊതുങ്ങിയത്],നിന്റെമേൽ (അവർ ചെയ്ത) ദാക്ഷിണ്യമായി അവർ (എടുത്തു)കാട്ടുന്നു.പറയുക: നിങ്ങളുടെ ഇസ്‌ലാമിനെ [കീഴൊതുക്കത്തെ] എന്റെമേൽ ദാക്ഷിണ്യമായി കാണിക്കരുത്. പക്ഷേ, നിങ്ങൾക്ക് സത്യവിശ്വാസത്തിലേക്ക് മാർഗദർശനം നൽകിയതിനെ അല്ലാഹു നിങ്ങളുടെമേൽ (അങ്ങോട്ട്) ദാക്ഷിണ്യം കാണിക്കുകയാണ് ചെയ്യുന്നത്; നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ.

إِنَّ ٱللَّهَ يَعْلَمُ غَيْبَ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَٱللَّهُ بَصِيرٌۢ بِمَا تَعْمَلُونَ ﴿١٨﴾

﴾18﴿ നിശ്ചയമായും അല്ലാഹു, ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യകാര്യം അറിയുന്നു. അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനുമാകുന്നു.

﴾16﴿ قُل നീ പറയുക أَتُعَلِّمُونَ നിങ്ങൾ പഠിപ്പിക്കുക (അറിയുക)യോ ٱللَّهَ അല്ലാഹുവിനെ بِدِينِكُمْ നിങ്ങളുടെ മതത്തെപ്പറ്റി وَٱللَّهُ അല്ലാഹുവാകട്ടെ يَعْلَمُ അവൻ അറിയുന്നു مَا فِى ٱلسَّمَـٰوَٰتِ ആകാശങ്ങളിലുള്ളത് وَمَا فِى ٱلْأَرْضِ ഭൂമിയിലുള്ളതും وَٱللهُ അല്ലാഹു بِكُلِّ شَىْءٍ എല്ലാ കാര്യത്തെ (വസ്തുവെ)പ്പറ്റിയും عَلِيمٌ അറിവുള്ളവനാണ് ﴾17﴿ يَمُنُّونَ അവർ ദാക്ഷിണ്യം കാട്ടുന്നു, ഔദാര്യമായിപ്പറയുന്നു, ഉപകാരമെടുത്തുകാട്ടുന്നു عَلَيْكَ നിന്റെമേൽ, നിന്നോട് أَنْ أَسْلَمُوا അവർ ഇസ്‌ലാം സ്വീകരിച്ചത് قُل നീ പറയുക لَّا تَمُنُّوا നിങ്ങൾ ദാക്ഷിണ്യമായി കാട്ടരുത്, കാട്ടേണ്ടതില്ല عَلَىَّ എന്റെമേൽ إِسْلَـٰمَكُم നിങ്ങളുടെ ഇസ്‌ലാമിനെ بَلِ ٱللَّهُ എങ്കിലും (പക്ഷേ) അല്ലാഹു يَمُنُّ عَلَيْكُمْ നിങ്ങളുടെമേൽ ദാക്ഷിണ്യമായി കാട്ടുന്നു أَنْ هَدَىٰكُمْ അവൻ നിങ്ങൾക്ക് മാർഗദർശനം ചെയ്തത്, വഴികാട്ടിയത് لِلْإِيمَـٰنِ സത്യവിശ്വാസത്തിലേക്ക് إِن كُنتُمْ നിങ്ങളാണെങ്കിൽ صَـٰدِقِينَ സത്യവാൻമാർ, സത്യം പറയുന്നവർ ﴾18﴿ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يَعْلَمُ അറിയും, അറിയുന്നു

غَيْبَ ٱلسَّمَـٰوَٰتِ ആകാശങ്ങളിലെ അദൃശ്യകാര്യം (മറഞ്ഞത്) وَٱلْأَرْضِ ഭൂമിയിലെയും وَٱللَّهُ അല്ലാഹു بَصِيرٌ കണ്ടറിയുന്നവനാണ് بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി

---

14 -ാം വചനത്തിൽ പ്രസ്താവിച്ച ആ അഅ്റാബികളെ സംബന്ധിച്ചാണ് പറയുന്നത്. അവരുടെ പ്രസ്താവനകളും ഭാവവും കണ്ടാൽ, അല്ലാഹുവിന് അവരുടെ സ്ഥിതിഗതികളൊന്നും അറിയുകയില്ല. അവർ മുസ്ലിംകളാണെന്നും വിശ്വസിച്ചിട്ടുണ്ടെന്നും അവർ അല്ലാഹുവിനെ പറഞ്ഞു പഠിപ്പിക്കുകയാണ് എന്നും തോന്നിപ്പോകും. ആകാശഭൂമികളിലുള്ള എല്ലാ കാര്യവും, അറിയുന്നവനാണ് അല്ലാഹു. ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെയാണ് അവരുടെ സംസാരം. മാത്രമല്ല, അവർ ഇസ്ലാമിനെ അംഗീകരിക്കുന്നതും, ശത്രുപക്ഷത്ത് ചേർന്ന് യുദ്ധത്തിനൊരുങ്ങാതിരുന്നതും അവർ ചെയ്ത ഒരു ദയാദാക്ഷിണ്യമാണെന്നും, അതിന്റെ പേരിൽ അല്ലാഹുവും റസൂലും അവരോട് കടപ്പെട്ടിട്ടുണ്ടെന്നുമാണ് അവരുടെ നില. സത്യവിശ്വാസം സ്വീകരിച്ചുവെന്നും, തങ്ങൾ മുസ്ലിംകളാണെന്നും അവർ പറയുന്നത് വാസ്തവമാണെങ്കിൽ, കാര്യം നേരെമറിച്ചാണുള്ളത്. കാരണം, അതിനുള്ള പ്രചോദനവും മനഃസ്ഥിതിയും അവരിൽ ഉളവാക്കി സത്യത്തിലേക്ക് നയിച്ചത് അല്ലാഹുവാണ്. അതിന്റെ ഫലം അവർക്കുതന്നെയാണ് താനും. എന്നിരിക്കെ, അല്ലാഹു അവർക്ക് അങ്ങോട്ടാണ് ദാക്ഷിണ്യം ചെയ്തുകൊടുത്തിരിക്കുന്നത്. അവർ അല്ലാഹുവിനോട് കടപ്പെട്ടിരിക്കുകയാണ്. അവരോട് യാതൊരു കടപ്പാടും അല്ലാഹുവിന്നാകട്ടെ, റസൂലിന്നാകട്ടെ ഇല്ല എന്ന് സാരം. തങ്ങളുടെ പ്രവൃത്തികളടക്കമുള്ള എല്ലാ രഹസ്യ പരസ്യങ്ങളും- ചെറുതും, വലുതുമെന്ന വ്യത്യാസം കൂടാതെ- അല്ലാഹു അറിയുമെന്ന ബോധമില്ലാത്തത്കൊണ്ടാണല്ലോ ഇത്തരം ധാരണകളും പ്രസ്താവനകളും അവരിൽനിന്ന് ഉണ്ടായിത്തീരുന്നത്. അതുകൊണ്ട് അവസാനത്തെ വചനത്തിൽ, അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനാണെന്ന് ഒന്നുകൂടി ഊന്നിപ്പറഞ്ഞിരിക്കുകയാണ്.

ഹുനൈൻ യുദ്ധത്തിൽ ലഭിച്ച ഗനീമത്ത് സ്വത്തുക്കൾ ഭാഗിച്ചപ്പോൾ, ചില പ്രത്യേക കാരണങ്ങളെ മുൻനിറുത്തി ചില ആളുകൾക്ക് നബി ﷺ കൂടുതൽ കൊടുക്കുകയുണ്ടായി. ഇത് അൻസ്വാരികൾക്കിടയിൽ അല്പമൊരു പിറുപിറുപ്പിന് കാരണമായി. നബി ﷺ അവരെ വിളിച്ചുകൂട്ടി ഉപദേശിക്കുകയും സംഗതി വിവരിച്ചുകൊടുക്കുകയും ചെയ്തപ്പോൾ, തങ്ങളുടെ പക്കൽവന്നുപോയ അബദ്ധത്തിൽ അവരെല്ലാം വ്യസനിക്കുകയും, കരയുകയും ചെയ്തു. നബി ﷺ അവരോട് സംസാരിച്ച കൂട്ടത്തിൽ ഇപ്രകാരം പറയുകയുണ്ടായി: ഹേ, അൻസ്വാരികളേ,നിങ്ങൾ വഴിപിഴച്ചവരായിരുന്നു, എന്നിട്ട് ഞാൻ മുഖാന്തരം അല്ലാഹു നിങ്ങളെ നേർമാർഗത്തിലാക്കിയില്ലേ? നിങ്ങൾ ദരിദ്രൻമാരായിരുന്നു, എന്നിട്ട് ഞാൻ മുഖാന്തരം അല്ലാഹു നിങ്ങളെ ധന്യരാക്കിയില്ലേ? നിങ്ങൾ ശത്രുക്കളായിരുന്നു, എന്നിട്ട് ഞാൻ മുഖാന്തരം അല്ലാഹു നിങ്ങളുടെ മനസ്സുകൾക്കിടയിൽ ഇണക്കിച്ചേർത്തില്ലേ? الم أجدكم ضلالا فهداكم الله بي وعالة فاغناكم الله بي واعداء فألف بين

قلوبكم بي ഈ ഓരോന്നിലും അൻസ്വാരികൾ ഇങ്ങനെ ഉത്തരം പറഞ്ഞു: 'അതെ, അല്ലാഹുവും, അവന്റെ റസൂലുമാണ് ഏറ്റവും ദാക്ഷിണ്യം ചെയ്തവർ' (الله ورسوله امن)

اللهملك الحمد ولك الفضل والمنة

[التبييض ليلة الإثنين ٢٨ جمادي الأخرى ١٣٩٠هـ ٧٠/٨/٣٠م والتسويد ٦٢/٦/٣ م]

سورة ق

50. സൂറതു-ക്വാഫ്

മക്കഃയിൽ അവതരിച്ചത്-വചനങ്ങൾ 45-വിഭാഗം (റുകൂഉ്)3

മുഖവുരയിൽ പ്രസ്താവിച്ചിട്ടുള്ളത് പോലെ വിശുദ്ധ ക്വുർആന്റെ അദ്ധ്യായങ്ങൾ അവയുടെ വലുപ്പ വ്യത്യാസവും മറ്റും പരിഗണിച്ചു നാലുഭാഗമായി പരിഗണിക്കപ്പെടാറുണ്ട്.

1) ദീർഘമായ അദ്ധ്യായങ്ങൾ (السبع الطوال)

2) നൂറോ അധികമോ ആയത്തുകൾ അടങ്ങുന്നവ (المئون)

3) നൂറിൽ അൽപം കുറവുള്ളവ (المثاني)

4) ചെറിയ ആയത്തുകളോടുകൂടിയതും, ആയത്തുകളുടെ അവസാനത്തിൽ ഒരുതരം പ്രാസസ്വഭാവത്തോടുകൂടിയ അക്ഷരക്രമം കാണാവുന്നതുമായ സൂറത്തുകൾ (المفصلات) ഇവയാണത്. ഈ ഒടുവിൽ പറഞ്ഞ المفصل (മുഫസ്സ്വൽ) വിഭാഗത്തിന്റെ തുടക്കം ചിലർ സൂറത്തുൽ ഹുജുറാത്ത് (الحجرات) മുതൽക്കും, ചിലർ വേറെ സൂറത്ത് മുതൽക്കും കണക്കാക്കുന്നു. ഇമാം ഇബ്നു കഥീർ (റ) പ്രസ്താവിച്ചതുപോലെ മുഫസ്സ്വലിന്റെ തുടക്കം സൂറത്ത് ക്വാഫ് മുതൽക്കാണെന്നുള്ള അഭിപ്രായമായിരിക്കും കൂടുതൽ ശരിയായതെന്നാണ് മനസ്സിലാകുന്നത്. الله اعلم

تحزيب القرآن (ക്വുർആനെ ഹിസ്ബാക്കൽ, *അഥവാ ദിനകാണ്ഠമാക്കൽ) എന്ന

(*) രാത്രിനമസ്കാരങ്ങളിൽ ദിവസംതോറും ക്വുർആനിൽ നിന്ന് കുറേ ഭാഗം പാരായണം ചെയ്യൽ പല സ്വഹാബികളുടെയും പതിവായിരുന്നു. സ്വഹാബികളുടെ മാത്രമല്ല, ഭയഭക്തൻമാരായ പലരുടെയും പതിവാണത്. ഓരോ ദിവസത്തെയും പാരായണത്തിന് ഉപയോഗിക്കപ്പെടാറുള്ള ഭാഗത്തിന് حزب (ഹിസ്ബ് = ദിനകാണ്ഡം) എന്ന് പറയപ്പെട്ടിരുന്നു. ക്വുർആന്റെ പാരായണ മര്യാദകൾക്കനുസരിച്ച് നന്നായി പാരായണം ചെയ്യുക എന്ന ▸▸

ശീർഷകത്തിൽ ഇമാം അബൂദാവൂദ് (റ) ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീഥിൽ, അതിന്റെ റാവി (നിവേദകൻ) ആയ ഔസുബ്നു ഹുദൈഫഃ(റ) ഇപ്രകാരം പറയുന്നു :

'റസൂൽ തിരുമേനിﷺയുടെ സ്വഹാബികളോട് അവർ എങ്ങിനെയായിരുന്നു ക്വുർആനെ ഹിസ്ബാക്കിയിരുന്നത് എന്ന് ഞാൻ ചോദിച്ചു. അവർ ഇങ്ങിനെ പറഞ്ഞു: മൂന്നും, അഞ്ചും,ഏഴും, ഒമ്പതും, പതിനൊന്നും, പതിമൂന്നും, മുഫസ്സ്വലിന്റെ വിഭാഗവും ഇങ്ങിനെയാണ്'. വേറെ മാർഗങ്ങളിൽകൂടി ഇമാം അഹ്മദ്, ഇബ്നു മാജഃ (റ) എന്നിവരും ഇതുപോലെ നിവേദനം ചെയ്തിരിക്കുന്നു. ഇതിലെ മൂന്ന് അൽബക്വറഃ മുതൽ തുടങ്ങുന്നു. അഞ്ച് മാഇദഃ മുതലും, ഏഴ് യൂനുസ് മുതലും, ഒമ്പത് ഇസ്റാഉ് മുതലും, പതിനൊന്ന് ശുഅറാഉ് മുതലും, പതിമൂന്ന് സ്വാഫ്-ഫാത്ത് മുതലും ആരംഭിക്കുന്നു. എല്ലാം ചേർന്നാൽ ആകെയുള്ള 48 എണ്ണം സൂ: ഹുജുറാത്തോട് കൂടി അവസാനിക്കുന്നു. അപ്പോൾ മുഫസ്സ്വലിന്റെ വിഭാഗം (حزب المفصل) സൂ: ക്വാഫ് മുതൽ അവസാനംവരെയാണെന്ന് വ്യക്തമായല്ലോ.

പെരുന്നാൾ നമസ്കാരത്തിൽ നബിﷺസൂ: ക്വാഫും, സൂ:ക്വമറും (ق ، واقتربت الساعة) ഓതാറുണ്ടായിരുന്നതായി അബൂവാക്വിദില്ലൈഥി (أبو واقد الليثي) നിവേദനം ചെയ്തിരിക്കുന്നു. (അ; മു; ദാ; തി; ജ; ന) സൂ: ക്വാഫ് നബിﷺയുടെ നാവിൽ നിന്നല്ലാതെ ഞാൻ സ്വീകരിച്ചിട്ടില്ല (പഠിച്ചിട്ടില്ല). എല്ലാ വെള്ളിയാഴ്ചയും പ്രസംഗം ചെയ്യുമ്പോൾ മിമ്പറിൽ (പ്രസംഗപീഠത്തിൽ) വെച്ച് തിരുമേനി അത് ഓതാറുണ്ടായിരുന്നു. ഞങ്ങളുടെയും, തിരുമേനിയുടെയും (റൊട്ടി പാകം ചെയ്വാനുള്ള) അടുപ്പ് കുറച്ച് കാലത്തോളം ഒന്നായിരുന്നു, എന്നിങ്ങിനെ ഹാരിഥിന്റെ പുത്രിയായ ഉമ്മുഹിശാം (أم هشام بنت الحارث–رضـ) എന്ന വനിതാ സ്വഹാബിയും പ്രസ്താവിച്ചിരിക്കുന്നു.(അ; മു; ദാ; ജ; ന)സൃഷ്ടിയുടെ ആരംഭം,മരണം, മരണാനന്തരജീവിതം, പരലോകം, വിചാരണ, സ്വർഗനരകങ്ങൾ ആദിയായവയെ സംബന്ധിച്ച് ഈ സൂറത്തിൽ ഊന്നി പ്രസ്താവിച്ചിട്ടുള്ളതും, 37-ാം വചനത്തിലും, അവസാനത്തെ വചനത്തിലും കാണാവുന്നത് പോലെ ചിന്തിക്കുന്ന ഹൃദയമുള്ള എല്ലാവർക്കും ചിന്തിച്ചറിയുവാനും, ഭയഭക്തി ഉളവാക്കുവാനും പോരുന്നതുമായ ഒരു മഹത്തായ അദ്ധ്യായമത്രെ സൂ:ക്വാഫ്. അതുകൊണ്ടുതന്നെയാണ് പെരുന്നാൾ ദിവസങ്ങളിലും, ജുമുഅഃ ദിവസങ്ങളിലും, ജനസദസ്സുകളിൽ വെച്ചും നബിﷺ ഈ സൂറത്ത് ഓതിക്കേൾപ്പിക്കുക പതിവാക്കിയിരുന്നതും.

▶▶ ***അർത്ഥത്തിൽ സാധാരണക്കാർക്കിടയിൽ-നമ്മുടെ രാജ്യങ്ങളിൽ-ഹിസ്ബ് എന്ന വാക്ക് ഉപയോഗിച്ചു കാണുന്നു. ഇതെങ്ങിനെ വന്നുകൂടി എന്നറിയുന്നില്ല. ഒരുപക്ഷേ, ദിനംതോറും പാരായണം ചെയ്വാൻ നിശ്ചയിച്ചതോതിനെ ഉദ്ദേശിച്ചായിരിക്കാം അത് ഉപയോഗിക്കാൻ തുടങ്ങിയത്. ഏതായാലും, ക്വുർആൻ നന്നായി പാരായണം ചെയ്യുന്നതിന് تجويد (തജ്വീദ്) എന്നത്രെ യഥാർത്ഥത്തിൽ പറയേണ്ടത്.***

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قٓ ۚ وَٱلۡقُرۡءَانِ ٱلۡمَجِيدِ ﴿١﴾

﴾1﴿ ഖാഫ്
മഹത്വമേറിയ ഖുർആൻ തന്നെയാണ(സത്യം)!

﴾1﴿ قٓ ഖാഫ് وَٱلۡقُرۡءَانِ ഖുർആൻ തന്നെയാണ ٱلۡمَجِيدِ മഹത്വമേറിയ

ഖാഫ് പോലെ ചില സൂറത്തുകളുടെ ആരംഭത്തിൽ കാണുന്ന കേവലാക്ഷരങ്ങളെയും, ഖുർആനിൽ കാണപ്പെടുന്ന സത്യവാചകങ്ങളെയും പരാമർശിച്ചുകൊണ്ട് നാം പലപ്പോഴും സംസാരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതലൊന്നും പ്രസ്താവിക്കുന്നില്ല. ഖാഫ്മല (جبل قاف) എന്ന പേരിൽ ഭൂമിയെ വലയം ചെയ്തുകൊണ്ടുള്ള ഒരു മലയുണ്ടെന്നും, അതാണിവിടെ ഉദ്ദേശ്യമെന്നും മുമ്പ് ചില ആളുകൾ പ്രസ്താവിക്കാറുണ്ടായിരുന്നു. ചില പാമര മുസ്‌ലിംകളിൽ ഇന്നും അങ്ങിനെ വിശ്വസിക്കുന്നവരുണ്ട്. ഇത്-ഇമാം ഇബ്നുകഥീർ(റ) മുതലായവർ പ്രസ്താവിക്കുന്നത്പോലെ - അടിസ്ഥാനരഹിതമായ ഇസ്റാഈലീ കഥയോ, മതത്തിൽ ആശയക്കുഴപ്പം സൃഷ്ടിച്ചുവിടുവാൻവേണ്ടി നിർമതവാദികൾ പടച്ചുവിട്ടതോ ആയിരിക്കുമെന്നുള്ളതിൽ സംശയമില്ല.

നബി തിരുമേനിﷺയുടെ പ്രവാചകത്വം, മരണാനന്തരജീവിതം തുടങ്ങി ഈ അദ്ധ്യായത്തിലും മറ്റും ഖുർആൻ പ്രസ്താവിക്കുന്ന വിഷയങ്ങളെല്ലാം പരമാർത്ഥങ്ങളാണെന്ന് ഖുർആൻ മുഖേന ആണയിട്ട് കൊണ്ട് അല്ലാഹു സൂറത്ത് ആരംഭിക്കുന്നു. തുടർന്നുകൊണ്ട് ഗൗരവമേറിയ ഈ യാഥാർത്ഥ്യത്തെ നിഷേധിക്കുന്നവരെക്കുറിച്ച് പറയുന്നു.

بَلۡ عَجِبُوٓاْ أَن جَآءَهُم مُّنذِرٞ مِّنۡهُمۡ فَقَالَ ٱلۡكَـٰفِرُونَ هَـٰذَا شَيۡءٌ عَجِيبٌ ﴿٢﴾

﴾2﴿ പക്ഷേ, അവർക്ക് തങ്ങളിൽനിന്ന് ഒരു മുന്നറിയിപ്പ് നൽകുന്നവൻ വന്നിട്ടുള്ളതിനാൽ അവർ ആശ്ചര്യപ്പെടുകയാണ് ! എന്നിട്ട് (ആ) അവിശ്വാസികൾ പറയുന്നു : ഇതൊരു ആശ്ചര്യകരമായ കാര്യമാണ് ;

﴾2﴿ بَلۡ എങ്കിലും, എന്നാൽ, പക്ഷേ عَجِبُوٓاْ അവർ ആശ്ചര്യപ്പെടുകയാണ് أَن جَآءَهُم അവർക്ക് വന്നതിനാൽ مُّنذِرٞ ഒരു മുന്നറിയിപ്പ്(താക്കീത്)കാരൻ مِّنۡهُمۡ

അവരിൽ നിന്ന് فَقَالَ എന്നിട്ട് പറഞ്ഞു,പറയുന്നു ٱلْكَـٰفِرُونَ അവിശ്വാസികൾ هَـٰذَا ഇത് شَىْءٌ عَجِيبٌ ആശ്ചര്യ(അത്ഭുത)കരമായ ഒരു കാര്യം(വസ്തുത)ആകുന്നു.

أَءِذَا مِتْنَا وَكُنَّا تُرَابًا ۖ ذَٰلِكَ رَجْعٌۢ بَعِيدٌ ﴿٣﴾

﴿3﴾ നാം മരിക്കുകയും, മണ്ണായി ത്തീരുകയും ചെയ്തിട്ടാണോ (വീണ്ടും മടക്കപ്പെടുന്നത്)?! അത് വിദൂരമായ ഒരു മടക്കമത്രെ !

﴿3﴾ أَءِذَا مِتْنَا നാം മരിച്ചിട്ടോ, മരണപ്പെട്ടാലോ وَكُنَّا تُرَابًا നാം മണ്ണായിത്തീരുകയും ذَٰلِكَ رَجْعٌۢ അതൊരു മടക്കമാണ് بَعِيدٌ വിദൂരമായ (പ്രയാസപ്പെട്ട)

നബിﷺയുടെ പ്രവാചകത്വത്തെയും, മരണാനന്തരജീവിതത്തെയും നിഷേധിക്കുന്ന മുശ്‌രിക്കുകളുടെ ദൃഷ്ടിയിൽ, അത് രണ്ടും അസംഭവ്യമായ കാര്യങ്ങളായിട്ടാണുള്ളത്. മനുഷ്യരിൽ നിന്ന് ദൈവദൂതൻ ഉണ്ടാകുന്നതെങ്ങിനെ ? മരിച്ചു മണ്ണായിത്തീർന്ന മനുഷ്യൻ പിന്നെ ജീവിപ്പിക്കപ്പെടുന്നതെങ്ങിനെ ? എന്നൊക്കെ അവർ അത്ഭുതപ്പെടുകയാണ്. അല്ലാഹു പറയുന്നു :

قَدْ عَلِمْنَا مَا تَنقُصُ ٱلْأَرْضُ مِنْهُمْ ۖ وَعِندَنَا كِتَـٰبٌ حَفِيظٌۢ ﴿٤﴾

﴿4﴾ തീർച്ചയായും നമുക്കറിയാം, അവരിൽ നിന്ന് ഭൂമി എന്താണ് കുറവ് വരുത്തുന്നതെന്ന്. (എല്ലാം) സൂക്ഷ്മമായി (രേഖപ്പെടുത്തി)വെച്ചിട്ടുള്ള ഒരു ഗ്രന്ഥം നമ്മുടെ അടുക്കലുണ്ട്താനും.

بَلْ كَذَّبُوا۟ بِٱلْحَقِّ لَمَّا جَآءَهُمْ فَهُمْ فِىٓ أَمْرٍ مَّرِيجٍ ﴿٥﴾

﴿5﴾ എങ്കിലും, അവർക്ക് യഥാർത്ഥം വന്നപ്പോൾ അവർ അതിനെ വ്യാജമാക്കി ; അങ്ങനെ, അവർ ഇളക്കംപിടിച്ച ഒരു വിഷയത്തിലാണ് [അനിശ്ചിത നിലപാടിലാണ്.]

﴿4﴾ قَدْ عَلِمْنَا തീർച്ചയായും നമുക്കറിയാം, അറിഞ്ഞിട്ടുണ്ട് مَا تَنقُصُ ചുരുക്കുന്നതും, കുറവ് വരുത്തുന്നതും ٱلْأَرْضُ ഭൂമി مِنْهُمْ അവരിൽ നിന്ന് وَعِندَنَا നമ്മുടെ അടുക്കലുണ്ട്താനും كِتَـٰبٌ ഒരു ഗ്രന്ഥം, രേഖ حَفِيظٌ സൂക്ഷിക്കുന്ന, സൂക്ഷിക്കപ്പെടുന്ന, സൂക്ഷ്മമായ ﴿5﴾ بَلْ كَذَّبُوا۟ എങ്കിലും അവർ വ്യാജമാക്കി, കളവാക്കി بِٱلْحَقِّ യഥാർത്ഥത്തെ لَمَّا جَآءَهُمْ അതവർക്ക് വന്നപ്പോൾ, വന്നാറെ فَهُمْ എന്നിട്ടവർ فِىٓ أَمْرٍ ഒരു വിഷയ(കാര്യ)ത്തിലാണ് مَّرِيجٍ ഇളക്കം പിടിച്ച (അനിശ്ചിതമായ, ചഞ്ചലമായ)

മരണപ്പെട്ടവരുടെ ശരീരത്തിൽ നിന്ന് എന്തെല്ലാം, എത്രയെല്ലാം, എങ്ങിനെയെല്ലാം നശിച്ചുപോകുന്നുണ്ടെന്നും, എത്രഭാഗം നഷ്ടപ്പെടുന്നുണ്ടെന്നും നമുക്കറിയാം. എല്ലാം സസൂക്ഷ്മം നമ്മുടെ അടുക്കൽ രേഖപ്പെടുത്തിവെക്കുന്നുണ്ട്. ജഡംമണ്ണിൽ ലയിച്ചാൽ പിന്നെയും അതിനെ ജീവിപ്പിക്കുന്നത് നമുക്ക് ഒട്ടും പ്രയാസമില്ല. ഇങ്ങിനെയുള്ള യാഥാർത്ഥ്യങ്ങൾ പ്രവാചകൻ മുഖേന അവരെ മനസ്സിലാക്കുമ്പോൾ അതിനെപ്പറ്റി ചിന്തിക്കാതെ, അവർ നിഷേധിക്കുകയാണ് ചെയ്യുന്നത്. നിഷേധത്തിലാകട്ടെ, അവരുടെ നില അസ്ഥിരമാണ് താനും എന്ന് സാരം. ക്വുർആനെയും നബിﷺയെയും സംബന്ധിച്ചു ജാലം, ജാലക്കാരൻ, കവിത, കവി, ജോത്സ്യം, ജോത്സ്യക്കാരൻ, ഭ്രാന്ത്, ഭ്രാന്തൻ എന്നൊക്കെ പരസ്പര വിരുദ്ധമായ അവരുടെ പ്രസ്താവനകൾ അവരുടെ അനിശ്ചിതത്വത്തെയാണല്ലോ കാണിക്കുന്നത്.

أَفَلَمْ يَنظُرُوٓا۟ إِلَى ٱلسَّمَآءِ فَوْقَهُمْ كَيْفَ بَنَيْنَـٰهَا وَزَيَّنَّـٰهَا وَمَا لَهَا مِن فُرُوجٍ ﴿٦﴾

(6) എന്നാൽ, തങ്ങളുടെ മീതെ ആകാശത്തേക്ക് അവർ നോക്കുന്നില്ലേ, എങ്ങിനെയാണ് നാമതിനെ സ്ഥാപിച്ചിരിക്കുന്നതും, അതിനെ അലങ്കരിച്ചിരിക്കുന്നതും എന്ന് ?! യാതൊരു വിടവുകളും [കേടുപാടും] അതിന് ഇല്ലതാനും.

وَٱلْأَرْضَ مَدَدْنَـٰهَا وَأَلْقَيْنَا فِيهَا رَوَٰسِىَ وَأَنۢبَتْنَا فِيهَا مِن كُلِّ زَوْجٍۭ بَهِيجٍ ﴿٧﴾

(7) ഭൂമിയുംതന്നെ, നാം അതിനെ നീട്ടി വിശാലപ്പെടുത്തുകയും, ഉറച്ചുനില്ക്കുന്ന പർവ്വതങ്ങളെ അതിൽ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു; കൗതുകപ്പെട്ട എല്ലാ (തരം) ഇണവസ്തുക്കളെയും അതിൽ നാം ഉല്പാദിപ്പിക്കുകയും ചെയ്തിരിക്കുന്നു.

تَبْصِرَةً وَذِكْرَىٰ لِكُلِّ عَبْدٍ مُّنِيبٍ ﴿٨﴾

(8) (മനസ്സ്മടങ്ങി) വിനയപ്പെടുന്ന എല്ലാ അടിയാന്മാർക്കും കണ്ടറിയേണ്ടതിനും, ഓർമക്കായും [അതിനായിട്ടാണ് ഇതെല്ലാം ചെയ്തത്]

وَنَزَّلْنَا مِنَ ٱلسَّمَآءِ مَآءً مُّبَـٰرَكًا فَأَنۢبَتْنَا بِهِۦ جَنَّـٰتٍ وَحَبَّ ٱلْحَصِيدِ ﴿٩﴾

(9) ആകാശത്ത്നിന്ന് അനുഗൃഹീതമായ വെള്ളവും [മഴയും] നാം ഇറക്കി ; എന്നിട്ട് അത്മൂലം (പല) തോട്ടങ്ങളും, കൊയ്തെടുക്കപ്പെടുന്ന ധാന്യവും ഉൽപാദിപ്പിച്ചു.

وَٱلنَّخۡلَ بَاسِقَـٰتٍ لَّهَا طَلۡعٌ نَّضِيدٌ ﴿١٠﴾

﴾10﴿ (ഫലം വഹിച്ചുകൊണ്ട്) ഉയര്‍ന്ന് നില്ക്കുന്ന നിലയില്‍ ഈത്തപ്പനകളും (ഉല്പാദിപ്പിച്ചു); അവയ്ക്ക് (മേല്ക്കുമേലെ) അടുക്കായുള്ള കുലയുണ്ടായിരിക്കും.

رِّزۡقًا لِّلۡعِبَادِ ۖ وَأَحۡيَيۡنَا بِهِۦ بَلۡدَةً مَّيۡتًا ۚ كَذَٰلِكَ ٱلۡخُرُوجُ ﴿١١﴾

﴾11﴿ (അതെ) അടിയാന്‍മാര്‍ക്ക് ആഹാരത്തിനായിട്ട് അത് [വെള്ളം] മൂലം, നിര്‍ജ്ജീവമായ രാജ്യത്തെ നാം ജീവിപ്പിക്കുകയും ചെയ്തു. അതുപോലെയാണ് പുറപ്പാട് [പുനര്‍ജീവിതം]

﴾6﴿ أَفَلَمۡ يَنظُرُوٓاْ എന്നാലവര്‍ നോക്കുന്നില്ലേ إِلَى ٱلسَّمَآءِ ആകാശത്തേക്ക് فَوۡقَهُمۡ
തങ്ങളുടെ മീതെ كَيۡفَ بَنَيۡنَـٰهَا അതിനെ നാം എങ്ങിനെ സ്ഥാപിച്ചുവെന്ന് وَزَيَّنَّـٰهَا
അതിനെ നാംഅലങ്കരിക്കുക(ഭംഗിയാക്കുക)യും ചെയ്തു وَمَا لَهَا അതിന് ഇല്ല
താനും مِن فُرُوجٍ വിടവുകളായിട്ട് (ഒന്നും)﴾7﴿ وَٱلۡأَرۡضَ ഭൂമിയെയും مَدَدۡنَـٰهَا അതിനെ
നാം നീട്ടി (പരത്തി, വിശാലമാക്കി) وَأَلۡقَيۡنَا നാം ഇടുക (ഏര്‍പ്പെടുത്തുക, സ്ഥാപി
ക്കുക)യും ചെയ്തു فِيهَا അതില്‍ رَوَٰسِيَ ഉറച്ച് (തറച്ച്) നില്‍ക്കുന്ന മലകള്‍ وَأَنۢبَتۡنَا فِيهَا
അതില്‍ നാം മുളപ്പിക്കുക(ഉല്പാദിപ്പിക്കുക)യും ചെയ്തു مِن كُلِّ زَوۡجٍ എല്ലാ ഇണ
കളെയും, ഇണകളില്‍പെട്ടതും بَهِيجٍ കൗതുകപ്പെട്ട, അഴകുള്ള, മോടിയുള്ള
﴾8﴿ تَبۡصِرَةً കണ്ടറിയേണ്ടതിന് وَذِكۡرَىٰ ആലോചിച്ചറിയേണ്ടതിനും, ഓര്‍മക്കായും
لِكُلِّ عَبۡدٍ എല്ലാ അടിയാന്നും مُّنِيبٍ വിനയപ്പെടുന്ന, മനസ്സുമടക്കമുള്ള,ഭക്തിയുള്ള
﴾9﴿ وَنَزَّلۡنَا നാം ഇറക്കുകയും ചെയ്തു مِنَ ٱلسَّمَآءِ ആകാശത്തുനിന്ന് مَآءً വെള്ളം
مُّبَـٰرَكًا അനുഗൃഹീതമായ, ആശീര്‍വദിക്കപ്പെട്ട فَأَنۢبَتۡنَا بِهِۦ എന്നിട്ട് അത്മൂലം നാം
ഉല്പാദിപ്പിച്ചു جَنَّـٰتٍ പല തോട്ടങ്ങള്‍ وَحَبَّ ധാന്യവും, വിത്തും ٱلۡحَصِيدِ
കൊയ്തെടുക്കപ്പെടുന്നതിന്റെ ﴾10﴿ وَٱلنَّخۡلَ ഈത്തപ്പനയും, ഈന്തമരവും بَاسِقَـٰتٍ
ഉയര്‍ന്ന്നില്‍ക്കുന്ന നിലയില്‍, വഹിച്ചുംകൊണ്ട് لَّهَا അതിന്നുണ്ട്, അവക്കുണ്ട് طَلۡعٌ
കുല نَّضِيدٌ അടുക്കായ, ഇടതിങ്ങിയ ﴾11﴿ رِّزۡقًا ആഹാരത്തിന്, ഉപജീവനമായിട്ട്
لِّلۡعِبَادِ അടിയാന്‍മാര്‍ക്ക് وَأَحۡيَيۡنَا بِهِۦ അത്മൂലം നാം ജീവിപ്പിക്കയും ചെയ്തു بَلۡدَةً
രാജ്യത്തെ, പ്രദേശത്തെ مَّيۡتًا ചത്ത, നിര്‍ജ്ജീവമായ كَذَٰلِكَ അത്പോലെ (അപ്ര
കാരം)യാണ് ٱلۡخُرُوجُ പുറപ്പാട്, പുറത്ത്വരല്‍

മനുഷ്യൻ സദാ അറിഞ്ഞും അനുഭവിച്ചുംകൊണ്ടിരിക്കുന്ന ഈ സത്യങ്ങളെ അവന്റെ മുമ്പിൽ നിരത്തിക്കാട്ടി തൗഹീദിനും, മരണാനന്തരജീവിതത്തിനും അവ യെല്ലാം സ്പഷ്ടമായ തെളിവുകളാണെന്ന് ചൂണ്ടിക്കാട്ടുകയാണ്. മരവിച്ചതോ, ദുഷിച്ചു നശിച്ചതോ അല്ലാത്ത ഹൃദയങ്ങൾക്ക് ചിന്തിച്ചു മനസ്സിലാക്കുവാൻ ഇതൊക്കെത്തന്നെ മതി എന്നും ഓർമിപ്പിക്കുന്നു.

كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ وَأَصْحَٰبُ ٱلرَّسِّ وَثَمُودُ ﴿١٢﴾

﴾12﴿ ഇവരുടെ മുമ്പ് നൂഹിന്റെ ജനതയും റസ്സിന്റെ ആൾക്കാരും, ഥമൂദ് ഗോത്രവും വ്യാജമാക്കി.

وَعَادٌ وَفِرْعَوْنُ وَإِخْوَٰنُ لُوطٍ ﴿١٣﴾

﴾13﴿ ആദ്‌വർഗവും, ഫിർഔനും, ലൂത്വിന്റെ സഹോദരങ്ങളും :

وَأَصْحَٰبُ ٱلْأَيْكَةِ وَقَوْمُ تُبَّعٍ ۚ كُلٌّ كَذَّبَ ٱلرُّسُلَ فَحَقَّ وَعِيدِ ﴿١٤﴾

﴾14﴿ ഐക്കത്തിന്റെ [മരക്കാവിന്റെ] ആൾക്കാരും, തുബ്ബഇന്റെ ജനതയും ; എല്ലാവരും തന്നെ, റസൂലുകളെ വ്യാജമാക്കി. അതിനാൽ, എന്റെ താക്കീത് (അവരിൽ) യഥാർത്ഥമായിത്തീർന്നു.

﴾12﴿ كَذَّبَتْ വ്യാജമാക്കി قَبْلَهُمْ ഇവരുടെ (അവരുടെ)മുമ്പ് قَوْمُ نُوحٍ നൂഹിന്റെ ജനത وَأَصْحَٰبُ ٱلرَّسِّ റസ്സുകാരും وَثَمُود ഥമൂദും ﴾13﴿ وَعَادٌ ആദും وَفِرْعَوْنَ ഫിർഔനും وَإِخْوَٰنُ لُوطٍ ലൂത്വിന്റെ സഹോദരങ്ങളും ﴾14﴿ وَأَصْحَٰبُ ٱلْأَيْكَةِ ഐക്കത്തുകാരും وَقَوْمُ تُبَّعٍ തുബ്ബഇന്റെ ജനതയും كُلٌّ എല്ലാവരും كَذَّبَ കളവാക്കി ٱلرُّسُلَ റസൂലുകളെ, ദൂതന്മാരെ فَحَقَّ അതിനാൽ യഥാർത്ഥമായി, ന്യായമായി, അർഹമായി وَعِيدِ എന്റെ താക്കീത്.

الرس (റസ്സ്) എന്ന വാക്കിന് കെട്ടിപ്പടുക്കാത്ത കിണർ എന്നർത്ഥമുണ്ട്. ഏതോ ഒരു കിണറിന്റെ അഥവാ വെള്ളത്താവളത്തിന്റെ - അടുക്കൽ വസിച്ചിരുന്ന ഒരു ജനതയായിരുന്നു റസ്സുകാർ (أصحاب الرس) എന്നും, അതല്ല റസ്സ് എന്ന പേരിലുള്ള ഒരു രാജ്യക്കാരാണെന്നും അഭിപ്രായമുണ്ട്. അല്ലാഹുവിനറിയാം. ഏതായാലും, ഇവരും മുൻകഴിഞ്ഞുപോയ ഒരു ജനതതന്നെ. ശുഅയ്ബ് നബി(അ) യുടെ ജനതയായിരുന്നു ഐക്കത്തുകാർ (أصحاب الأيكة) മരക്കാവ് എന്നാണ് ആ വാക്കിന്നർത്ഥം. മരങ്ങൾ ധാരാളമുള്ളതായിരുന്നു അവരുടെ വാസസ്ഥലം. യമനിലെ ഒരു പ്രാചീന രാജകുടുംബത്തിലെ സദ്‌വൃത്തനായ ഒരു രാജാവിനെ ഉദ്ദേശിച്ചാണ് തുബ്ബഉ് (تبع) എന്ന് പറഞ്ഞിരിക്കുന്നത്. (ഇദ്ദേഹത്തെപ്പറ്റി സൂ: ദുഖാൻ

37ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്.) സത്യനിഷേധത്തിൽ നിന്ന് പിൻമാറാത്ത പക്ഷം ഇങ്ങിനെയുള്ള സമുദായങ്ങളുടെ അനുഭവം ഈ നിഷേധികൾക്കും വന്നേക്കുമെന്ന് അല്ലാഹു താക്കീത് ചെയ്യുകയാണ്.

أَفَعَيِينَا بِٱلْخَلْقِ ٱلْأَوَّلِ ۚ بَلْ هُمْ فِى لَبْسٍ مِّنْ خَلْقٍ جَدِيدٍ ﴿١٥﴾

﴾15﴿ അപ്പോൾ, ഒന്നാമത്തെ സൃഷ്ടിക്കൽകൊണ്ട് നാം കുഴങ്ങിപ്പോയോ?! (ഇല്ല)എങ്കിലും ഇവർ, പുതിയ ഒരു സൃഷ്ടിപ്പിനെക്കുറിച്ച് ആശങ്കയിലാണ്.

﴾15﴿ أَفَعَيِينَا അപ്പോൾ (എന്നാൽ) നാം കുഴങ്ങിയോ, ക്ഷീണിച്ചോ بِٱلْخَلْقِ ٱلْأَوَّلِ ഒന്നാമത്തെ സൃഷ്ടിക്കൽകൊണ്ട് بَلْ هُمْ എങ്കിലും അവർ فِى لَبْسٍ സന്ദേഹത്തിലാണ്, ആശങ്കയിലാണ്, ആശയക്കുഴപ്പത്തിലാണ് مِّنْ خَلْقٍ ഒരു സൃഷ്ടിക്കലിനെക്കുറിച്ച് جَدِيد പുതുതായ

മനുഷ്യനെ ആദ്യം സൃഷ്ടിച്ചത് നാം തന്നെയാണല്ലോ. അത് നിമിത്തം നമുക്ക് വല്ല ക്ഷീണമോ കുഴക്കോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ രണ്ടാമത് ജീവിപ്പിക്കുവാൻ നമുക്ക് പ്രയാസമാണെന്ന് കരുതാമായിരുന്നു. പക്ഷേ, അത് മൂലം നമുക്ക് യാതൊരു ക്ഷീണവും പറ്റിയിട്ടില്ല. എന്നിരിക്കെ എനിയൊരു പുതിയ ജീവിതംകൂടി അവർക്ക് നൽകുന്നതിൽ നമുക്ക് യാതൊരു തടസ്സവുമില്ല. പക്ഷേ, അവർ വാസ്തവം ഗ്രഹിക്കാതെ സന്ദേഹത്തിൽ കഴിഞ്ഞുകൂടുകയാണ്.

വിഭാഗം - 2

وَلَقَدْ خَلَقْنَا ٱلْإِنسَٰنَ وَنَعْلَمُ مَا تُوَسْوِسُ بِهِۦ نَفْسُهُۥ ۖ وَنَحْنُ أَقْرَبُ إِلَيْهِ مِنْ حَبْلِ ٱلْوَرِيدِ ﴿١٦﴾

﴾16﴿ തീർച്ചയായും, മനുഷ്യനെ നാം സൃഷ്ടിച്ചു ; അവന്റെ മനസ്സ് യാതൊന്നിനെക്കുറിച്ച് മന്ത്രിക്കുന്നുവോ അത് നാം അറിയുകയും ചെയ്യുന്നു. അവനിലേക്ക് നാം (അവന്റെ) കണ്ഠനാഡിയെക്കാൾ അടുത്തവനുമത്രെ.

إِذْ يَتَلَقَّى ٱلْمُتَلَقِّيَانِ عَنِ ٱلْيَمِينِ وَعَنِ ٱلشِّمَالِ قَعِيدٌ ﴿١٧﴾

﴾17﴿ (അതെ) വലഭാഗത്തും, ഇടഭാഗത്തും (വേറിട്ടുപോകാതെ)ഇരുന്നുകൊണ്ടിരിക്കുന്ന രണ്ട് ഏറ്റെടുക്കുന്നവർ ഏറ്റെടുത്തുകൊണ്ടിരിക്കുന്ന (അതേ) സന്ദർഭത്തിൽ !

مَّا يَلۡفِظُ مِن قَوۡلٍ إِلَّا لَدَيۡهِ رَقِيبٌ عَتِيدٌ ﴿١٨﴾

﴾18﴿ തയ്യാറായിക്കൊണ്ടിരിക്കുന്ന സൂക്ഷ്മവീക്ഷകർ തന്റെ അടുക്കൽ ഉണ്ടായിക്കൊണ്ടല്ലാതെ ഒരു വാക്കും അവൻ ഉച്ചരിക്കുകയില്ല.

﴾16﴿ وَلَقَدۡ خَلَقۡنَا തീർച്ചയായും നാം സൃഷ്ടിച്ചു ٱلۡإِنسَٰنَ മനുഷ്യനെ وَنَعۡلَمُ നാം അറിയുകയും ചെയ്യും مَا യാതൊന്ന് تُوَسۡوِسُ بِهِۦ അതിനെപ്പറ്റി മന്ത്രിക്കും, ദുർമന്ത്രണം ചെയ്യും نَفۡسُهُۥ അവന്റെ മനസ്സ് وَنَحۡنُ നാം أَقۡرَبُ إِلَيۡهِ അവനിലേക്ക് ഏറ്റം അടുത്തവനാണ് مِنۡ حَبۡلِ ٱلۡوَرِيدِ കണ്ഠനാഡിയേക്കാൾ ﴾17﴿ إِذۡ يَتَلَقَّى ഏറ്റെടുക്കുന്ന സന്ദർഭം ٱلۡمُتَلَقِّيَانِ രണ്ട് ഏറ്റെടുക്കുന്നവർ عَنِ ٱلۡيَمِينِ വലഭാഗത്ത് وَعَنِ ٱلشِّمَالِ ഇടഭാഗത്തും قَعِيدٌ ഇരിക്കുന്നവരായ, ഇരുത്തക്കാരായ ﴾18﴿ مَّا يَلۡفِظُ അവൻ ഉച്ചരിക്കുക (മൊഴിയുക)യില്ല مِن قَوۡلٍ ഒരു വാക്കും إِلَّا لَدَيۡهِ അവന്റെ അടുക്കൽ ഇല്ലാതെ رَقِيب ഒരു വീക്ഷകൻ, സൂക്ഷ്മവീക്ഷണം ചെയ്യുന്നവർ عَتِيد തയ്യാറുള്ള, സന്നദ്ധരായ

മനുഷ്യന്റെ കഴുത്തിൽ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന രണ്ട് പ്രധാന രക്തനാഡികളിൽ ഓരോന്നിന്നും ورید (കണ്ഠനാഡി) എന്ന് പറയുന്നു. മനുഷ്യന്റെ മനസ്സിൽ തോന്നുന്ന രഹസ്യങ്ങൾപോലും അല്ലാഹു അറിയുന്നു. അവന്റെ ജീവന്റെ നിലനിൽപിന് അനുപേക്ഷണീയമായ അവന്റെ ഏറ്റവും പ്രധാനപ്പെട്ട അംശത്തെക്കാളും അടുത്ത ബന്ധമാണ് അല്ലാഹുവിന് അവനോടുള്ളത്. അതോടുകൂടി, അവന്റെ വലത്തും, ഇടത്തും സദാ ഇരുപ്പുറപ്പിച്ച്കൊണ്ട് അവന്റെ ചെയ്തികൾ ഒന്നൊഴിയാതെ രണ്ടാളുകൾ വീക്ഷിച്ചു രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. അവരുടെ വീക്ഷണത്തിലും സാന്നിദ്ധ്യത്തിലുമായിട്ടല്ലാതെ ഒരക്ഷരം ഉരിയാടുവാൻ പോലും മനുഷ്യന് കഴിവില്ല എന്നു സാരം.

മനുഷ്യന്റെ നൻമതിൻമകളെ രേഖപ്പെടുത്തുവാനായി അല്ലാഹു നിയോഗിച്ച മലക്കുകളെപ്പറ്റിയാണ് 'ഏറ്റെടുക്കുന്ന രണ്ട്പേർ' (المتلقيان) എന്ന് പറഞ്ഞത്. അതായത് നൻമ രേഖപ്പെടുത്തുന്ന മലക്കും തിൻമ രേഖപ്പെടുത്തുന്ന മലക്കും. അവന്റെ ഓരോ ചെയ്തിയും-അതെത്ര നിസ്സാരമായാലും ശരി-അവർ എഴുതിയെടുത്ത് ആ രേഖയിൽ സൂക്ഷിക്കുന്നു. അല്ലാഹു പറയുന്നു :وإن عليكم لحافظين كراما كاتبين يعلمون ما تفعلون-الإنفطار(സാരം നിശ്ചയമായും നിങ്ങളുടെമേൽ കാവൽക്കാരുണ്ട്, അതായത് എഴുത്തുകാരായ ചില മാന്യന്മാർ, നിങ്ങൾ ചെയ്യുന്നത് അവർ അറിയുന്നതാണ്. (സൂ: ഇൻഫിത്വാർ) إنا كنا نستنسخ ما كنتم تعملون-الجاثية നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് നിശ്ചയമായും നാം എഴുതിയെടുക്കുന്നുണ്ടായിരുന്നു. (സു: ജാഥിയഃ) بلى و رسلنا لديهم يكتبون-الزخرف (ഇല്ലാതെ, നമ്മുടെ ദൂതൻമാർ അവരുടെ അടുക്കൽ എഴുതിക്കൊണ്ടിരിക്കുന്നു. (സൂ: സുഖ്റുഫ്) എന്നാൽ, മലക്കുകളുടെ എഴുത്തിന്റെ സ്വഭാവമെന്താണ് ? ഏതിലാണ് അവർ എഴുതി രേഖ

പ്പെടുത്തുക ? ഇതൊന്നും നമുക്കറിഞ്ഞുകൂടാ. അല്ലാഹുവിനറിയാം. അദൃശ്യ കാര്യങ്ങളത്രെ അവ.

16-ാം വചനത്തിന്റെ അന്ത്യഭാഗവും 17-ാം വചനവും തമ്മിൽ ഘടനാപരമായ വാചകബന്ധം ഉണ്ടായിക്കൊണ്ടും, അല്ലാതെയും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. തമ്മിൽ ബന്ധമുണ്ടെന്ന് വെക്കുമ്പോൾ ആശയം ഇപ്രകാരമായിരിക്കും: മലക്കുകൾ മനുഷ്യന്റെ വലവും ഇടവും ഇരുന്ന് അവന്റെ കർമങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതേ സമയത്ത് അല്ലാഹുവിന് അതിന്റെ ആവശ്യമില്ലതാനും. കാരണം അവൻ മനുഷ്യനോട് അവന്റെ ജീവനാഡിയെക്കാൾ അടുപ്പമുള്ളവനാണ്. രണ്ട് ആയത്തുകളിലും തമ്മിൽ ഘടനാബന്ധമില്ലെന്ന് വെക്കുമ്പോൾ 17-ാം വചനത്തിന്റെ ആരംഭത്തിൽ - പല ആയത്തുകളിലും കാണാവുന്നത് പോലെ - ഓർക്കുക (اذكر) എന്നോ മറ്റോ സങ്കൽപിക്കുന്നത് നന്നായിരിക്കും. الله اعلم

وَجَآءَتۡ سَكۡرَةُ ٱلۡمَوۡتِ بِٱلۡحَقِّۖ ذَٰلِكَ مَا كُنتَ مِنۡهُ تَحِيدُ ﴿١٩﴾

﴾19﴿ മരണലഹരി യാഥാർത്ഥ്യവും കൊണ്ട് വരുന്നതാണ് ;'യാതൊന്നിൽ നിന്ന് നീ ഒഴിഞ്ഞു മാറി ക്കൊണ്ടിരിക്കുന്നുവോ അതത്രെ ഇത്'. (എന്ന് പറയപ്പെടും)

﴾19﴿ وَجَآءَتۡ വരും, വന്നു سَكۡرَةُ ٱلۡمَوۡتِ മരണത്തിന്റെ ലഹരി, അബോധാവസ്ഥ بِٱلۡحَقِّ യാഥാർത്ഥ്യവും കൊണ്ട് ذَٰلِكَ അത്, അതത്രെ مَا യാതൊന്ന്, ഒരു കാര്യമാണ് كُنتَ مِنۡهُ അതിനെക്കുറിച്ച് നീ ആയിരുന്ന تَحِيدُ തെറ്റിപ്പോകുക, ഒഴിഞ്ഞുമാറുക

മരണവേളയിൽ ഭൗതികകാഴ്ചകൾ കണ്ണിൽനിന്ന് മറയുകയും, അതോടൊപ്പം തന്നെ, മുമ്പില്ലാത്ത കാഴ്ചപ്പാടുകൾ ഉണ്ടായിത്തീരുകയും ചെയ്യുന്നു. പ്രവാചകൻമാർ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നതെല്ലാം യാഥാർത്ഥ്യമാണെന്ന് അപ്പോൾ അവന് ബോധ്യപ്പെടുകയും ചെയ്യുന്നു. ആ യാഥാർത്ഥ്യങ്ങൾ അനുഭവിക്കുവാൻ പോകുന്നത് ഖിയാമത്ത് നാളിലായിരിക്കും. അതാണ് അല്ലാഹു പറയുന്നത്.

وَنُفِخَ فِي ٱلصُّورِۚ ذَٰلِكَ يَوۡمُ ٱلۡوَعِيدِ ﴿٢٠﴾

﴾20﴿ കാഹളത്തിൽ ഊതപ്പെടും; അതത്രെ, താക്കീതിന്റെ [താക്കീത് ചെയ്യപ്പെടുന്ന] ദിവസം

وَجَآءَتۡ كُلُّ نَفۡسٖ مَّعَهَا سَآئِقٞ وَشَهِيدٞ ﴿٢١﴾

﴾21﴿ എല്ലാ ദേഹവും (അഥവാ ആത്മാവും) തന്നെ, അതിന്റെകൂടെ (അതിനെ) തെളിച്ചുകൊണ്ടുവരുന്ന ഒരാളും, സാക്ഷിയും ഉണ്ടായി ക്കൊണ്ട് (മഹ്ശറിൽ)വരുന്നതാണ്.

﴾20﴿ وَنُفِخَ ഊതപ്പെടും, ഊതപ്പെട്ടു فِى ٱلصُّورِ കാഹളത്തിൽ, കൊമ്പിൽ ذَٰلِكَ
അത്, അതത്രെ يَوْمُ ٱلْوَعِيدِ താക്കീതിന്റെ ദിവസം ﴾21﴿ وَجَآءَتْ വരും, വന്നു
كُلُّ نَفْسٍ എല്ലാ ദേഹവും, ആത്മാവും (ആളും) مَّعَهَا അതിന്റെ കൂടെയുണ്ടായി
രിക്കും سَآئِقٌ ഒരു തെളിക്കുന്നവൻ وَشَهِيدٌ സാക്ഷിയും

ഓരോ ആളെയും അഖിലസൃഷ്ടികളുടെ മഹാസമ്മേളനമാകുന്ന മഹ്ശറിലേക്ക് മലക്കുകൾ ശേഖരിച്ചു കൊണ്ടുവരുന്നതാണ്. ഇവരെക്കുറിച്ചാണ് سائق(തെളിച്ചുകൊണ്ടുവരുന്ന ആൾ) എന്ന് പറഞ്ഞത്. ഓരോരുവന്റെയും നൻമതിൻമകളെ തെളിവ് നൽകി സ്ഥാപിക്കുന്ന സാക്ഷികളും അവരോടൊന്നിച്ചുണ്ടായിരിക്കും. ഈ സാക്ഷി(شهيد) കൊണ്ടുദ്ദേശ്യം മുജാഹിദ് (ر) മുതലായവർ പറഞ്ഞതുപോലെ, മലക്കുകളോ അല്ലെങ്കിൽ മറ്റു പ്രകാരത്തിലുള്ള ഏതെങ്കിലും തെളിവുകളോ ആകാവുന്നതാണ്. الله اعلم

لَّقَدْ كُنتَ فِى غَفْلَةٍ مِّنْ هَٰذَا فَكَشَفْنَا عَنكَ غِطَآءَكَ فَبَصَرُكَ ٱلْيَوْمَ حَدِيدٌ ﴿٢٢﴾

﴾22﴿ 'തീർച്ചയായും ഇതിനെക്കുറിച്ച് നീ അശ്രദ്ധയിലായിരുന്നു, ഇപ്പോൾ, നിനക്ക് നിന്റെ മൂടി [മറ] നാം തുറന്നു (നീക്കി) തന്നിരിക്കുന്നു . ആകയാൽ, നിന്റെ കാഴ്ച ഇന്ന് മൂർച്ചയുള്ളതാകുന്നു. (എന്ന് പറയപ്പെടും).

﴾22﴿ لَّقَدْ كُنتَ തീർച്ചയായും നീയായിരുന്നു فِى غَفْلَةٍ അശ്രദ്ധയിൽ مِّنْ هَٰذَا ഇതി
നെപ്പറ്റി فَكَشَفْنَا ഇപ്പോൾ നാം തുറന്ന് (നീക്കി) عَنكَ നിന്നിൽനിന്ന് غِطَآءَكَ നിന്റെ
മൂടി فَبَصَرُكَ ആകയാൽ നിന്റെ കാഴ്ച, കണ്ണ് ٱلْيَوْمَ ഇന്ന് حَدِيد മൂർച്ചയുള്ളതാണ്.

മരണത്തെത്തുടർന്ന് വരുവാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചൊന്നും നിനക്ക് ബോധവും ചിന്തയുമില്ലായിരുന്നു. അങ്ങനെ അതെല്ലാം മൂടപ്പെട്ടു കിടക്കുകയായിരുന്നു. ഇപ്പോൾ മറയൊക്കെ നീങ്ങി മുഴുവനും നേരിൽ കണ്ടനുഭവിക്കാറായി എന്ന് സാരം. ഒരു യാഥാർത്ഥ്യം ഈ വചനത്തിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. ഈ ഭൗതിക ജീവിതത്തിൽ മനുഷ്യന്റെ കാഴ്ചക്ക്-കാഴ്ചക്ക് മാത്രമല്ല, മറ്റെല്ലാ ബാഹ്യേന്ദ്രിയങ്ങൾക്കും തന്നെ-വളരെ പരിമിതമായ തോതിലേ കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള കഴിവ് നൽകപ്പെട്ടിട്ടുള്ളു. അവന്റെ ചുറ്റുപാടിലായി സദാ സ്ഥിതിചെയ്യുന്ന നിരവധി യാഥാർത്ഥ്യങ്ങളെ കാണുവാനോ, മനസ്സിലാക്കുവാനോ പോലും അവന് സാധിക്കുന്നില്ല. ഈ ഭൗതിക ലോകവുമായുള്ള ബന്ധം വേർപെടുന്നതോടുകൂടി മുമ്പ് അവന് കണ്ടറിയുവാൻ കഴിയാതിരുന്ന പലതും കണ്ടറിയുവാൻ കഴിയുന്നു. താൻ നിത്യേന ആസ്വദിച്ചുകൊണ്ടിരിക്കുന്ന വായുപോലും മനുഷ്യന്റെ കണ്ണിന് ഗോചരമല്ല. അടുത്തുകാണുമ്പോൾ വളരെ വലു

തായിക്കാണുന്ന ഒരു വസ്തു കുറെ അകന്നുപോകുന്നതോടെ അവന്റെ കാഴ്ചയിൽ ചെറുതായിത്തീരുന്നു. ഒടുക്കം അത് അദൃശ്യമായിത്തീരുകയും ചെയ്യും. ഒരു കടലാസ്സുതുണ്ട് കൺമുമ്പിൽ പിടിക്കുന്നതോടെ ലോകം മുഴുവൻ അവന്റെ കാഴ്ചയിൽനിന്ന് മാഞ്ഞുപോകുന്നു. ഇതിന് പ്രകൃതിപരമായ കാരണങ്ങൾ എന്തു തന്നെ പറഞ്ഞാലും ശരി, ഏതോ ചില തടസ്സങ്ങൾ മനുഷ്യന്റെ കാഴ്ചയെ പരിമിതമാക്കുന്നുണ്ടെന്നത് നിഷേധിക്കുവാൻ വയ്യ. ഈ തടസ്സങ്ങളാകുന്ന മറകൾ നീക്കപ്പെടുന്നപക്ഷം, അതുവരെ ഊഹിക്കുവാൻപോലും കഴിയാത്ത യാഥാർത്ഥ്യങ്ങൾ മനുഷ്യന് കാണുവാൻ കഴിഞ്ഞേക്കും. ഉറങ്ങുന്നവർ സ്വപ്നത്തിലും ചില പ്രത്യേകതരത്തിലുള്ള രോഗികൾ അവരുടെ അബോധാവസരത്തിലും കാണാറുള്ള ആശ്ചര്യകരങ്ങളായ കാഴ്ചകളിൽനിന്ന് ഇപ്പറഞ്ഞ യാഥാർത്ഥ്യം കുറേയൊക്കെ മനസ്സിലാക്കാം.

وَقَالَ قَرِينُهُۥ هَٰذَا مَا لَدَىَّ عَتِيدٌ ﴿٢٣﴾

﴾23﴿ അവന്റെ കൂട്ടുകാരൻ പറയും: ഇതാ, എന്റെ അടുക്കൽ തയ്യാറായിട്ടുള്ളത് !

أَلْقِيَا فِى جَهَنَّمَ كُلَّ كَفَّارٍ عَنِيدٍ ﴿٢٤﴾

﴾24﴿ (കൽപനയുണ്ടാകും :) ദുർവ്വാശിക്കാരായ നന്ദികെട്ടവരെ (അഥവാ നിഷേധികളെ)യെല്ലാം നിങ്ങൾ ജഹന്നമിൽ [നരകത്തിൽ] ഇട്ടേക്കുവിൻ,

مَّنَّاعٍ لِّلْخَيْرِ مُعْتَدٍ مُّرِيبٍ ﴿٢٥﴾

﴾25﴿ (അതെ) നൻമയെ മുടക്കുന്നവനും, അതിക്രമിയും, സംശയാലുവുമായ (എല്ലാവരെയും)!

﴾23﴿ وَقَالَ പറയും قَرِينُهُۥ അവന്റെ കൂട്ടാളി, തുണക്കാരൻ هَٰذَا مَا ഇതാ യാതൊന്ന് لَدَىَّ എന്റെ അടുക്കൽ عَتِيدٌ തയ്യാറായ ﴾24﴿ أَلْقِيَا ഇട്ടേക്കുവിൻ فِى جَهَنَّمَ ജഹന്നമിൽ كُلَّ كَفَّارٍ എല്ലാ നന്ദികെട്ടവരെ(അവിശ്വാസികളെ)യും عَنِيدٍ ദുർവ്വാശിക്കാരായ, ശഠിച്ചുനിൽക്കുന്ന ﴾25﴿ مَّنَّاعٍ മുടക്കുന്നവനായ, തടയുന്ന لِّلْخَيْرِ നൻമയെ, നല്ലകാര്യത്തെ مُعْتَدٍ അതിക്രമിയായ, ക്രമം തെറ്റിയ مُّرِيبٍ സംശയാലുവായ, സന്ദേഹക്കാരനായ

ٱلَّذِى جَعَلَ مَعَ ٱللَّهِ إِلَٰهًا ءَاخَرَ فَأَلْقِيَاهُ فِى ٱلْعَذَابِ ٱلشَّدِيدِ ﴿٢٦﴾

﴾26﴿ അതായത്, അല്ലാഹുവോടൊപ്പം വേറെ ആരാധ്യനെ [ദൈവത്തെ] ഉണ്ടാക്കിയവനെ. അതിനാൽ, നിങ്ങളവനെ കഠിനമായ ശിക്ഷയിൽ ഇട്ടേക്കുവിൻ !

﴾26﴿ ٱلَّذِى جَعَلَ അതായത് ആക്കിയവൻ مَعَ ٱللَّهِ അല്ലാഹുവോടൊപ്പം, കൂടെ إِلَـٰهًا ءَاخَرَ വേറെ ഇലാഹിനെ, ദൈവത്തെ فَأَلْقِيَاهُ അതിനാൽ അവനെ ഇട്ടേക്കുവിൻ فِى ٱلْعَذَابِ ശിക്ഷയിൽ ٱلشَّدِيدِ കഠിനമായ

23-ാം വചനത്തിൽ 'കൂട്ടുകാരൻ' (قرين) എന്ന് പറഞ്ഞത് മേൽ പ്രസ്താവിച്ച പ്രകാരം നൻമതിൻമകളെ രേഖപ്പെടുത്തുവാൻ ഏല്പിക്കപ്പെട്ട മലക്കിനെ ഉദ്ദേശിച്ചാകുന്നു. അദ്ദേഹം തയ്യാറാക്കിയ രേഖ മഹ്ശറിൽ ഹാജരാക്കുമെന്ന് സാരം. അതല്ല, മനുഷ്യനെ വഴിപിഴപ്പിച്ചിരുന്ന പിശാചിനെക്കുറിച്ചാണ് ഇവിടെ കൂട്ടുകാരൻ എന്നു പറഞ്ഞിരിക്കുന്നതെന്നും ചില വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. ഇതനുസരിച്ച് 'എന്റെ അടുക്കൽ തയ്യാറായത് ഇതാ' (هذا ما لدي عتيد) എന്ന വാക്യത്തിന്റെ സാരം, ഞാൻ വഴിപിഴപ്പിച്ചു നരകശിക്ഷക്ക് തയ്യാറാക്കിയവൻ ഇതാ എന്നായിരിക്കും. പക്ഷേ, അടുത്ത 27-ാം വചനത്തിൽ പറയുന്ന കൂട്ടുകാരൻ പിശാചാണെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല. അതേസമയത്ത് 23-ാം വചനത്തിലെ കൂട്ടുകാരന്റെ പ്രസ്താവനയും 27-ാം വചനത്തിലെ കൂട്ടുകാരന്റെ പ്രസ്താവനയും തമ്മിൽ യോജിപ്പ് കാണുന്നില്ലതാനും. അത്കൊണ്ട് 23-ാം വചനത്തിലെ കൂട്ടുകാരനും, 27-ാം വചനത്തിലെ കൂട്ടുകാരനും ഒന്നല്ലെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. 24-ാം വചനത്തിൽ ഇട്ടേക്കുവിൻ (القيا) എന്ന് ദ്വിവചന (تثنية) രൂപത്തിലുള്ള കല്പന 21-ാം വചനത്തിൽ പ്രസ്താവിച്ച രണ്ട്കൂട്ടരെ – മനുഷ്യനെ തെളിച്ചു കൊണ്ട് വരുന്നവരെയും സാക്ഷിയായി വരുന്നവരെയും – അഭിമുഖീകരിച്ചുകൊണ്ടുള്ളതാണ്. അവരാണല്ലോ വിചാരണാനിലയത്തിലേക്ക് അവരെ കൂട്ടിക്കൊണ്ടുവരുന്നതും, അവന്റെ കർമങ്ങൾക്ക് സാക്ഷ്യം നൽകുന്നതും.

നരകശിക്ഷക്ക് ഇരയാകുവാനുള്ള കാരണങ്ങളെ അല്ലാഹു ഈ വചനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളത് ശ്രദ്ധേയമാകുന്നു : അല്ലാഹുവിനോട് നന്ദികേട് കാണിക്കുക, സത്യത്തിനെതിരെ ദുർവ്വാശി പിടിക്കുക, സൽകാര്യങ്ങൾക്ക് തടസ്സം ഉണ്ടാക്കുക, നിയമാതിർത്തി ലംഘിച്ചുകടക്കുക, സത്യയാഥാർത്ഥ്യങ്ങളിൽ സംശയം ഉണ്ടാക്കിത്തീർക്കുക ഇവയാണത്. സത്യനിഷേധികളുടെ ഏറ്റവും കടുത്ത ദുഃസ്വഭാവങ്ങളാണിവ.

۞ قَالَ قَرِينُهُۥ رَبَّنَا مَآ أَطْغَيْتُهُۥ وَلَـٰكِن كَانَ فِى ضَلَـٰلٍۭ بَعِيدٍ ﴿٢٧﴾

﴾27﴿ അവന്റെ കൂട്ടാളി പറയും: ഞങ്ങളുടെ റബ്ബേ! ഞാൻ അവനെ (നേർമാർഗം)തെറ്റിച്ചിട്ടില്ല ; പക്ഷേ, അവൻ വിദൂരമായ വഴിപിഴവിലായിരുന്നു.

قَالَ لَا تَخْتَصِمُوا لَدَيَّ وَقَدْ
قَدَّمْتُ إِلَيْكُم بِالْوَعِيدِ ﴿٢٨﴾

﴿28﴾ അവൻ [അല്ലാഹു] പറയും: എന്റെ അടുക്കൽവെച്ച് നിങ്ങൾ വിവാദം നടത്തേണ്ടാ : നിങ്ങൾക്ക് ഞാൻ മുമ്പേ താക്കീത് നൽകിയിട്ടുണ്ട്.

مَا يُبَدَّلُ الْقَوْلُ لَدَيَّ وَمَا أَنَا
بِظَلَّامٍ لِّلْعَبِيدِ ﴿٢٩﴾

﴿29﴾ എന്റെ അടുക്കൽ വാക്ക് മാറ്റപ്പെടുന്നതല്ല ; ഞാൻ അടിമകളോട് (ഒട്ടും) അനീതി പ്രവർത്തിക്കുന്നവനല്ലതാനും.

﴾27﴿ قَالَ قَرِينُهُۥ അവന്റെ കൂട്ടുകാരൻ പറയും رَبَّنَا ഞങ്ങളുടെ റബ്ബേ مَآ أَطْغَيْتُهُۥ ഞാൻ അവനെ തെറ്റിച്ചിട്ടില്ല, പിഴപ്പിച്ചിട്ടില്ല وَلَٰكِن كَانَ എങ്കിലും അവനായിരുന്നു فِى ضَلَٰلٍ വഴി പിഴവിൽ, ദുർമാർഗത്തിൽ بَعِيدٍ വിദൂരമായ ﴾28﴿ قَالَ അവൻ പറയും لَا تَخْتَصِمُوا۟ നിങ്ങൾ വിവാദം (തർക്കം-വഴക്ക്) നടത്തേണ്ട لَدَىَّ എന്റെ അടുക്കൽ وَقَدْ قَدَّمْتُ ഞാൻ മുമ്പ് നൽകിയിട്ടുണ്ട് إِلَيْكُم നിങ്ങൾക്ക് بِٱلْوَعِيدِ താക്കീതിനെ ﴾29﴿. مَا يُبَدَّلُ മാറ്റപ്പെടുകയില്ല ٱلْقَوْلُ വാക്ക് لَدَىَّ എന്റെ അടുക്കൽ وَمَآ أَنَا۠ ഞാനല്ലതാനും بِظَلَّٰمٍ (ഒട്ടും) അനീതി (അക്രമം) ചെയ്യുന്നവൻ لِّلْعَبِيدِ അടിമകളോട്, അടിയാൻമാരോട്

27-ാം വചനത്തിലെ കൂട്ടുകാരൻ പിശാച് തന്നെ. മനുഷ്യനെ താൻ വഴിപിഴപ്പിച്ചതല്ലെന്നും, അവൻ സ്വയം പിഴച്ചുപോയതാണെന്നും സമർത്ഥിച്ചുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ അവൻ കുറ്റത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയാണ്. ദുർമാർഗികളും അവരുടെ നേതാക്കളും തമ്മിൽ നടക്കുന്ന വിവാദങ്ങളെക്കുറിച്ച് പറഞ്ഞശേഷം മറ്റൊരു വചനത്തിൽ അല്ലാഹു ഇങ്ങിനെ പറയുന്നു: وقال الشيطان لما قضي الأمر الخ–ابرهيم:٢٢(സാരം : കാര്യം തീരുമാനിച്ചു കഴിയുമ്പോൾ പിശാച് പറയും : അല്ലാഹു നിങ്ങളോട് യഥാർത്ഥ വാഗ്ദാനം ചെയ്തു. എനിക്ക് നിങ്ങളുടെ മേൽ ഒരധികാര ശക്തിയും ഉണ്ടായിരുന്നില്ല. പക്ഷേ, ഞാൻ നിങ്ങളെ ക്ഷണിച്ചു . അപ്പോൾ നിങ്ങൾ എനിക്ക് ഉത്തരം ചെയ്തു. ആകയാൽ നിങ്ങളെന്നെ ആക്ഷേപിക്കേണ്ട ; നിങ്ങൾ നിങ്ങളെത്തന്നെ ആക്ഷേപിച്ചു കൊള്ളുവിൻ. ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നവനല്ല ; നിങ്ങൾ എനിക്കും സഹായം നൽകുന്നവരല്ല. നിങ്ങൾ മുമ്പ് എന്നെ പങ്ക്ചേർത്തിരുന്നതിനെ ഞാൻ ഇതാ നിഷേധിക്കുകയാണ് .... (സൂ: ഇബ്റാഹീം 22) കുറ്റവാളികളോടും അവരെ വഴിപിഴപ്പിച്ച പിശാചുക്കളോടുമുള്ള അല്ലാഹുവിന്റെ മറുപടിയാണ് 28,29 വചനങ്ങളിൽ കാണുന്നത്. ഉദ്ദേശ്യം വ്യക്തമാണല്ലോ.

വിഭാഗം - 3

يَوۡمَ نَقُولُ لِجَهَنَّمَ هَلِ ٱمۡتَلَأۡتِ وَتَقُولُ هَلۡ مِن مَّزِيدٖ ﴿٣٠﴾

﴾30﴿ ജഹന്നമിനോട് [നരകത്തോട്]നീ നിറഞ്ഞുവോ എന്ന് നാം പറയുന്ന ദിവസം ! [അന്നാണിതെല്ലാം സംഭവിക്കുക] അത് പറയുകയും ചെയ്യും ; (എനിയും) കൂടുതൽ വല്ലതും ഉണ്ടോ ?!

﴾30﴿ يَوۡمَ نَقُولُ നാം പറയുന്ന ദിവസം لِجَهَنَّمَ ജഹന്നമിനോട് هَلِ ٱمۡتَلَأۡتِ നീ നിറഞ്ഞുവോ وَتَقُولُ അത് പറയുകയും ചെയ്യും هَلۡ ഉണ്ടോ مِن مَّزِيدٖ കൂടുതലായി, വല്ല വർദ്ധനവും

കുറ്റവാളികളായ ജിന്നുകളെയും, മനുഷ്യരെയും കൊണ്ട് നരകം നിറക്കുമെന്ന് അല്ലാഹു മുമ്പ് നിശ്ചയിച്ചിട്ടുണ്ടല്ലോ. (സൂ: സജദഃ 13 നോക്കുക) കുറ്റവാളികളുടെ ആധിക്യം നിമിത്തമോ, നരകത്തിന്റെ വിശാലക്കുറവ് നിമിത്തമോ, ആർക്കും നരകശിക്ഷയിൽ നിന്ന് ഒഴിവ് കിട്ടുവാനില്ല. കുറ്റവാളികളെ മുഴുവനും നരകത്തിലാക്കിക്കഴിഞ്ഞിട്ട് പിന്നെയും നരകം ചോദിക്കും : 'കൂടുതലായി വല്ലതും ഉണ്ടോ' (هل من مزيد) ?! എന്ന്, അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ. അടുത്തവചനങ്ങളിൽ സജ്ജനങ്ങളുടെ സ്ഥിതിഗതികൾ വിവരിക്കുന്നു :

وَأُزۡلِفَتِ ٱلۡجَنَّةُ لِلۡمُتَّقِينَ غَيۡرَ بَعِيدٍ ﴿٣١﴾

﴾31﴿ ഭയഭക്തന്മാർക്ക് സ്വർഗം അകലത്തല്ലാത്തവിധം (വളരെ) സമീപത്തുകൊണ്ടുവരപ്പെടുന്നതുമാണ്.

هَٰذَا مَا تُوعَدُونَ لِكُلِّ أَوَّابٍ حَفِيظٖ ﴿٣٢﴾

﴾32﴿ (പറയപ്പെടും:) ഇതാ നിങ്ങളോട് - (പേടിച്ചു) മടങ്ങുന്നവരും, കാത്ത് സൂക്ഷിക്കുന്നവരുമായ എല്ലാവർക്കും -വാഗ്ദാനം ചെയ്യപ്പെട്ടിരുന്നത്.

﴾31﴿ وَأُزۡلِفَتِ സമീപത്ത് കൊണ്ടുവരപ്പെടുകയും ചെയ്യും ٱلۡجَنَّةُ സ്വർഗം لِلۡمُتَّقِينَ ഭയഭക്തന്മാർക്ക്, സൂക്ഷിക്കുന്നവരിലേക്ക് غَيۡرَ بَعِيدٍ അകലത്തല്ലാതെ ﴾32﴿ هَٰذَا ഇതാ, ഇത്, ഇതാണ് مَا تُوعَدُونَ നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നത് لِكُلِّ أَوَّابٍ എല്ലാ പേടിച്ചു മടങ്ങുന്നവർക്കും حَفِيظٖ കാത്ത് സൂക്ഷിക്കുന്നവരായ

مَّنْ خَشِيَ ٱلرَّحْمَٰنَ بِٱلْغَيْبِ وَجَآءَ بِقَلْبٍ مُّنِيبٍ ﴿٣٣﴾

﴾33﴿ അതായത്, അദൃശ്യമായ നിലയിൽ പരമകാരുണികനെ പേടിക്കുകയും, വിനയം കാണിക്കുന്ന ഹൃദയത്തോടെ വരുകയും ചെയ്തവർക്ക്

﴾33﴿ مَّنْ خَشِيَ അതായത് പേടിച്ചവർ ٱلرَّحْمَٰنَ പരമകാരുണികനെ بِٱلْغَيْبِ അദൃശ്യമായ നിലയിൽ, കാണാതെ وَجَآءَ വരുകയും ചെയ്തു بِقَلْبٍ ഹൃദയത്തോടെ مُّنِيبٍ വിനയം കാണിക്കുന്ന, മടക്കം കാണിക്കുന്ന

കുറ്റവാളികൾ നരകശിക്ഷ അനുഭവിക്കുവാനുള്ള കാരണങ്ങൾ മേൽ ആയത്തുകളിൽ സൂചിപ്പിക്കപ്പെട്ടതുപോലെ, സജ്ജനങ്ങൾക്കുള്ള സ്വർഗീയസുഖം ലഭിക്കുവാനുള്ള കാരണങ്ങൾ ഈ വചനങ്ങളിലും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അതെ, പാപം ചെയ്യാതെ കാത്ത് സൂക്ഷിക്കുക, അല്ലാഹുവിനെ പേടിച്ച് മടങ്ങുക, അല്ലാഹുവിനെ അങ്ങോട്ട് കാണുന്നില്ലെങ്കിലും അവൻ ഇങ്ങോട്ട് കാണുന്നുവെന്ന ബോധത്തോടെ അവനെ ഭയപ്പെടുക, അല്ലാഹുവിന്റെ മുമ്പിൽ നിഷ്കളങ്ക വിനയം അർപ്പിക്കുന്ന ഹൃദയമുണ്ടായിരിക്കുക ഇവയാണത്. കുറ്റവാളികളെ നരകത്തിലേക്ക് പിടിച്ചിടുവാൻ മലക്കുകളോട് കൽപിക്കപ്പെടുന്നു. എന്നാൽ, സജ്ജനങ്ങളായ പുണ്യവാൻമാരോട് പറയപ്പെടുന്നത് നോക്കുക :

ٱدْخُلُوهَا بِسَلَٰمٍ ۖ ذَٰلِكَ يَوْمُ ٱلْخُلُودِ ﴿٣٤﴾

﴾34﴿ (ഹേ, ഭയഭക്തൻമാരേ,) നിങ്ങൾ (സമാധാന) ശാന്തിയോടെ അതിൽ പ്രവേശിക്കുവിൻ. അത് സ്ഥിരവാസത്തിന്റെ ദിവസമാകുന്നു. [അന്ന് മുതൽ സ്ഥിരവാസം ആരംഭിക്കുന്നു]

لَهُم مَّا يَشَآءُونَ فِيهَا وَلَدَيْنَا مَزِيدٌ ﴿٣٥﴾

﴾35﴿ അതിൽ അവർ എന്ത് ഉദ്ദേശിക്കുന്നുവോ അത് അവർക്കുണ്ടായിരിക്കും ; (മാത്രമല്ല) നമ്മുടെ അടുക്കൽ കൂടുതലായുള്ളതും ഉണ്ട്.

﴾34﴿ ٱدْخُلُوهَا നിങ്ങൾ അതിൽ പ്രവേശിക്കുവിൻ بِسَلَٰمٍ ശാന്തിയോടെ, സമാധാനത്തോടെ ذَٰلِكَ അത് يَوْمُ ٱلْخُلُودِ സ്ഥിരവാസത്തിന്റെ ദിവസമാണ് ﴾35﴿ لَهُم അവർക്കുണ്ട് مَّا يَشَآءُونَ അവർ ഉദ്ദേശിക്കുന്നത് فِيهَا അതിൽ وَلَدَيْنَا നമ്മുടെ അടുക്കലുണ്ട്താനും مَزِيدٌ കൂടുതലായത്, വർദ്ധനവ്

ഏതെങ്കിലും വിധേന അറിവും പരിചയവും ഉള്ളതിനെക്കുറിച്ച് മാത്രമാണല്ലോ മനുഷ്യന് ആഗ്രഹവും ആവശ്യവും തോന്നുക. സ്വർഗത്തിലാകട്ടെ, ഊഹി

ക്കുവാനോ നിരൂപിക്കുവാനോപോലും കഴിയാത്ത വസ്തുക്കൾ ധാരാളമുണ്ടതാനും. അതുകൊണ്ട് അവർ ഉദ്ദേശിക്കുന്നതെല്ലാം അവർക്ക് ലഭിക്കുന്നതിന്പുറമെ, അല്ലാഹു അവന്റെ വകയായി കൂടുതൽ വേറെയും നൽകുന്നതാകുന്നു എന്ന് സാരം. ഈ വചനത്തിലെ അവസാനവാക്യവും, 30-ാം വചനത്തിലെ അവസാന വാക്യവും ഒന്ന് ശ്രദ്ധിച്ചുനോക്കുക. കുറ്റവാളികളായ ആളുകളെ എനിയും കിട്ടുവാനുണ്ടോ എന്ന് നരകം ചോദിക്കുന്നു. ഇവിടെയാകട്ടെ, സജ്ജനങ്ങളുടെ ഉദ്ദേശ്യങ്ങളെല്ലാം സാധിപ്പിച്ച് കൊടുക്കുന്നതിന് പുറമെ എനിയും പല അനുഗ്രഹങ്ങളും കൂടുതൽ തരാമെന്ന് അല്ലാഹു അവരോട് അങ്ങോട്ട് പറയുകയാണ്.

അല്ലാഹു അവന്റെ വകയായി കൂടുതൽ നൽകുമെന്ന് പറഞ്ഞതിന്റെ വിവക്ഷ, അല്ലാഹുവിനെ സന്ദർശിക്കുകയെന്ന മഹാഭാഗ്യമാണെന്ന് ഇമാം മുസ്‌ലിം (റ) ഉദ്ധരിച്ച ഒരു ഹദീഥിൽ വന്നിട്ടുണ്ട്. സജ്ജനങ്ങളെ സംബന്ധിച്ചിടത്തോളം അതിനെക്കാൾ വലുതായ മറ്റൊരുഭാഗ്യം ഇല്ലതന്നെ. അല്ലാഹു അരുളിച്ചെയ്തതായി ഒരു ഹദീഥിൽ നബിﷺഇപ്രകാരം പ്രസ്താവിക്കുന്നു:'എന്റെ സദ്‌വൃത്തരായ അടിയാൻമാർക്ക് വേണ്ടി യാതൊരു കണ്ണും കണ്ടിട്ടില്ലാത്തതും, ഒരു കാതും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെ മനസ്സിലും തോന്നിയിട്ടില്ലാത്തതും ഞാൻ ഒരുക്കിവെച്ചിരിക്കുന്നു'. പിന്നീട് ഇതിന് തെളിവായി നബിﷺ സൂ: സജദഃ 17-ാം വചനം ചൂണ്ടിക്കാട്ടുകയും ചെയ്തു. (ബു; മു.) അവർക്ക് വേണ്ടി ഗോപ്യമായി സൂക്ഷിച്ചുവെക്കപ്പെട്ടിട്ടുള്ള കൺകുളുർമകളെപ്പറ്റി ആർക്കും അറിയാവുന്നതല്ല എന്നത്രെ ആ വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്.

وَكَمْ أَهْلَكْنَا قَبْلَهُم مِّن قَرْنٍ هُمْ أَشَدُّ مِنْهُم بَطْشًا فَنَقَّبُوا۟ فِى ٱلْبِلَـٰدِ هَلْ مِن مَّحِيصٍ ﴿٣٦﴾

﴾36﴿ ഇവരുടെ മുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിരിക്കുന്നു-അവർ ഇവരെക്കാൾ കടുത്ത കയ്യൂക്കുള്ളവരായിരുന്നു. എന്നിട്ട് അവർ, നാടുകളിൽകൂടി കരണ്ടു നോക്കി (അഥവാ പരക്കംപാഞ്ഞു കൊണ്ടിരുന്നു) ഓടി രക്ഷപ്പെടുന്ന വല്ല സ്ഥാനവും ഉണ്ടോ ?!

﴾36﴿ وَكَم എത്രയോ - എത്രയാണ് أَهْلَكْنَا നാം നശിപ്പിച്ചു قَبْلَهُم ഇവരുടെ മുമ്പ് مِّن قَرْنٍ തലമുറകളെ هُم അവർ أَشَدُّ مِنْهُم ഇവരെക്കാൾ കഠിനമാണ്, ഊക്കൻമാരാണ്, ഊക്കുള്ളവരാണ് بَطْشًا കയ്യൂക്ക് (ശക്തിയിൽ) فَنَقَّبُوا എന്നിട്ട് അവർ കരണ്ടുനോക്കി, പരതിനടന്നു, പരക്കം പാഞ്ഞു فِى ٱلْبِلَـٰدِ നാടുകളിൽ, രാജ്യങ്ങളിൽ هَل ഉണ്ടോ مِن مَّحِيصٍ ഓടിപ്പോകുവാനുള്ള വല്ല (രക്ഷാ)സ്ഥാനവും

نقب (നക്ക്വബ) എന്ന വാക്കിന് കരണ്ടു, തുരന്നു, ചുഴിഞ്ഞു നോക്കി, സൂക്ഷ്മ പരിശോധന നടത്തി എന്നിങ്ങിനെയും യഥേഷ്ടം സഞ്ചരിച്ചു, പരതിനടന്നു, അല ഞ്ഞുതിരിഞ്ഞു എന്നിങ്ങിനെയും അർത്ഥങ്ങളുണ്ട്. രണ്ട് പ്രകാരത്തിലുള്ള വ്യാഖ്യാനങ്ങൾ ഇവിടെ നൽകപ്പെട്ടുകാണാം

1) തങ്ങൾക്ക് മരണത്തിൽ നിന്നോ ശിക്ഷയിൽ നിന്നോ വല്ല രക്ഷയും കിട്ടുമോ എന്ന് അവർ നാടുകളിൽകൂടി സഞ്ചരിച്ച് പരതിനോക്കി, പക്ഷേ, രക്ഷാ മാർഗമൊന്നും കിട്ടിയില്ല.

2) അവർ യഥേഷ്ടം ഭൂമിയിൽകൂടി സ്വൈരവിഹാരം നടത്തിക്കൊണ്ടിരു ന്നു. പക്ഷേ, ഒടുക്കം അവർക്ക് വല്ല രക്ഷാകേന്ദ്രവും ലഭിച്ചുവോ ? അല്ലെങ്കിൽ ലഭിക്കുവാനുണ്ടോ ? ഇല്ല.

إِنَّ فِي ذَٰلِكَ لَذِكْرَىٰ لِمَن كَانَ لَهُۥ قَلْبٌ أَوْ أَلْقَى ٱلسَّمْعَ وَهُوَ شَهِيدٌ ﴿٣٧﴾

﴾37﴿ നിശ്ചയമായും അതിൽ [മേൽവിവരിച്ചതിൽ] ഓർമിക്കുവാനുള്ള വകയുണ്ട്. യാതൊരുവന്ന് ഹൃദയമുണ്ടോ, അല്ലെങ്കിൽ (മനഃപൂർവ്വം) സന്നദ്ധനായുംകൊണ്ട് കാതുകൊടുത്ത് (കേട്ടു)വോ അങ്ങിനെ ഉള്ളവന്ന്.

﴾37﴿ إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَذِكْرَىٰ ഉപദേശം, സ്മരണ (ഉറ ാലോചിക്കാൻവക) لِمَن യാതൊരുവന് كَانَ لَهُۥ അവന്നുണ്ട്, ഉണ്ടായിരിക്കുന്നു قَلْبٌ ഹൃദയം أَوْ أَلْقَى അല്ലെങ്കിൽ ഇട്ടു (കൊടുത്തു) ٱلسَّمْعَ കേൾവി (കാത്-ശ്രദ്ധ) وَهُوَ അവൻ (ആയിക്കൊണ്ട്) شَهِيدٌ ഹാജറുള്ളവൻ, (സന്നദ്ധൻ)

കാര്യങ്ങൾ ഗ്രഹിച്ചറിയാനും, ചിന്തിച്ചു മനസ്സിലാക്കുവാനുമുള്ള ബുദ്ധിയും, തെളിവുകളും ഉപദേശങ്ങളും ശ്രദ്ധപൂർവ്വം കേട്ടു മനസ്സിരുത്തി ആലോചിച്ചു നോക്കുവാനുള്ള സന്നദ്ധതയോ ഇല്ലാത്തവർക്ക് എന്ത് തന്നെ കേട്ടാലും എന്ത് തന്നെ കണ്ടാലും അതൊന്നും പ്രയോജനപ്പെടുകയില്ലല്ലോ.

وَلَقَدْ خَلَقْنَا ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِي سِتَّةِ أَيَّامٍ وَمَا مَسَّنَا مِن لُّغُوبٍ ﴿٣٨﴾

﴾38﴿ ആകാശങ്ങളെയും, ഭൂമിയെയും അവയുടെ ഇടയിലുള്ളതിനെയും ആറു ദിവസങ്ങളിലായി നാം സൃഷ്ടിച്ചിട്ടുണ്ട് ; (എന്നിട്ട്) യാതൊരു ക്ഷീണവും നമ്മെ തീണ്ടിയിട്ടില്ല.

فَٱصۡبِرۡ عَلَىٰ مَا يَقُولُونَ وَسَبِّحۡ بِحَمۡدِ رَبِّكَ قَبۡلَ طُلُوعِ ٱلشَّمۡسِ وَقَبۡلَ ٱلۡغُرُوبِ ﴿٣٩﴾

﴿39﴾ എന്നിരിക്കെ, (നബിയേ) ഇവര്‍ പറയുന്നതിനെപ്പറ്റി ക്ഷമിച്ചുകൊള്ളുക. സൂര്യോദയത്തിന്‌മുമ്പും, അസ്തമയത്തിന് മുമ്പും നിന്‍റെ റബ്ബിനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് [സ്തോത്രകീര്‍ത്തനം] നടത്തുകയും ചെയ്യുക.

وَمِنَ ٱلَّيۡلِ فَسَبِّحۡهُ وَأَدۡبَٰرَ ٱلسُّجُودِ ﴿٤٠﴾

﴿40﴾ രാത്രിയില്‍നിന്ന്‌തന്നെ (കുറച്ച്സമയം)അവന്ന് നീ തസ്ബീഹ് ചെയ്യുക ; സുജൂദിന്‍റെ [സാഷ്ടാംഗ നമസ്കാരത്തിന്‍റെ] പിന്നിലും (ചെയ്യുക)

﴿38﴾ وَلَقَدۡ خَلَقۡنَا നാം സൃഷ്ടിച്ചിട്ടുണ്ട് ٱلسَّمَٰوَٰتِ ആകാശങ്ങളെ وَٱلۡأَرۡضَ ഭൂമിയെയും وَمَا بَيۡنَهُمَا അവയുടെ ഇടയിലുള്ളതും فِي سِتَّةِ أَيَّامٍ ആറ് ദിവസങ്ങളില്‍ وَمَا مَسَّنَا നമ്മെ സ്പര്‍ശിച്ചതു (തീണ്ടിയതു)മില്ല مِن لُّغُوبٍ ഒരു കുഴക്കും-ക്ഷീണവും ﴿39﴾ فَٱصۡبِرۡ എന്നിരിക്കെ (എന്നാല്‍) നീ ക്ഷമിക്കുക عَلَىٰ مَا يَقُولُونَ അവര്‍ പറയുന്നതിനെപ്പറ്റി وَسَبِّحۡ തസ്ബീഹ് നടത്തുകയും ചെയ്യുക بِحَمۡدِ رَبِّكَ നിന്‍റെ റബ്ബിനെ സ്തുതിച്ചുകൊണ്ട് قَبۡلَ طُلُوعِ ٱلشَّمۡسِ സൂര്യോദയത്തിന് മുമ്പ് وَقَبۡلَ ٱلۡغُرُوبِ അസ്തമയത്തിന് മുമ്പും ﴿40﴾ وَمِنَ ٱلَّيۡلِ രാത്രിയില്‍ നിന്ന് (കുറച്ച്) فَسَبِّحۡهُ അവന് തസ്ബീഹ് ചെയ്യുക وَأَدۡبَٰرَ ٱلسُّجُودِ സുജൂദിന്‍റെ പിന്നിലും, അവസാനങ്ങളിലും, പുറകിലും.

ആകാശഭൂമികളെ ആറ് ദിവസങ്ങളില്‍ സൃഷ്ടിച്ചതിന്‍റെ താല്പര്യത്തെക്കുറിച്ച് സൂ: സജദഃ 4-ാം വചനത്തിലും മറ്റും വിവരിച്ചത് ഓര്‍ക്കുക. തസ്ബീഹ്കൊണ്ട് ഇവിടെ പ്രധാനമായും ഉദ്ദേശിക്കുന്നത് നമസ്കാരമാകുന്നു. തസ്ബീഹിനെയും, നമസ്കാരത്തെയും സംബന്ധിച്ചും അവയ്ക്ക് ചില പ്രത്യേകസമയങ്ങള്‍ അല്ലാഹു എടുത്തുപറയുന്നതിലടങ്ങിയ രഹസ്യങ്ങളെക്കുറിച്ചും സൂ:റൂം 17, 18 വചനങ്ങളിലും മറ്റും നാം വിവരിച്ചിട്ടുണ്ട്. സാമാന്യമായി പറഞ്ഞാല്‍, അഞ്ചുനേരത്തെ നമസ്കാരങ്ങള്‍ വഴിയും മറ്റും അല്ലാഹുവിന് സ്തോത്രകീര്‍ത്തനങ്ങള്‍ നടത്തേണ്ടുന്ന പ്രധാന സന്ദര്‍ഭങ്ങളെയാണ് അല്ലാഹു-മറ്റ് പല ആയത്തുകളിലുമെന്നപോലെ ഇവിടെയും ഉണര്‍ത്തുന്നത്.

السجود (സുജൂദ്) എന്ന് പറഞ്ഞത് നമസ്കാരത്തെപ്പറ്റിയാകുന്നു. നമസ്കാരത്തിന് സുജൂദ് എന്നും റുകൂഉ് എന്നും ഖിയാമ് (നിറുത്തം) എന്നും തസ്ബീഹ്

എന്നുമൊക്കെ ക്വുർആൻ പറയാറുണ്ടെന്ന് നാം പലപ്പോഴും കണ്ടിട്ടുള്ളതാണ്. ادبار السجود എന്നവാക്കിന് സുജൂദിന്റെ – അഥവാ നമസ്കാരത്തിന്റെ – പിന്നീട് എന്നും, അവസാനത്തിൽ എന്നും അർത്ഥം നൽകപ്പെടാറുണ്ട്. രണ്ടും പരസ്പ രവിരുദ്ധമല്ലതാനും. നമസ്കാരത്തിന്റെ അവസാനഭാഗമായ ഇരുത്തത്തിലും, അതിൽനിന്ന് പിരിഞ്ഞ ഉടനെയും പ്രത്യേകം ദിക്റുകളും പ്രാർത്ഥനകളും നട ത്തേണ്ടതുണ്ടെന്ന് നബിചര്യയിൽനിന്ന് വ്യക്തമായി അറിയപ്പെട്ടതാണല്ലോ.

സ്വുബ്ഹ് അല്ലാത്ത നിർബ്ബന്ധ നമസ്കാരങ്ങളുടെ ശേഷം ചെയ്യേണ്ടുന്നതും നബിﷺയുടെ ചര്യയിൽ നിന്ന് അറിയപ്പെടുന്നതുമായ ഐച്ഛിക (സുന്നത്ത്)നമ സ്കാരങ്ങൾക്കുള്ള പ്രോത്സാഹനമാണ് അതെന്നും ചിലർക്ക് അഭിപ്രായമുണ്ട്. വാസ്തവത്തിൽ ഇതെല്ലാം തന്നെ അടങ്ങുന്നതായിരിക്കാം ഈ വാക്യം. الله اعلم

എങ്കിലും – ഇബ്നു കഥീർ (റ) മുതലായവർ സൂചിപ്പിക്കുന്നത്പോലെ – നമ സ്കാരം കഴിഞ്ഞ ഉടനെ സ്തോത്ര കീർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്നാണ് ഈ വാക്യം ചൂണ്ടിക്കാട്ടുന്നതെന്ന് വെക്കുവാൻ ഹദീഥുകളിൽ കൂടുതൽ ന്യായം കാണുന്നു. ബുഖാരി, മുസ്ലിം (റ) തുടങ്ങിയ പ്രധാന ഹദീഥ് പണ്ഡിതൻമാ രെല്ലാം രേഖപ്പെടുത്തുന്ന ഒരു ഹദീഥിന്റെ ചുരുക്കം ഇപ്രകാരമാകുന്നു. മുഹാ ജിറുകളായ സ്വഹാബികളിലെ ദരിദ്രന്മാർ നബിﷺയോട് ഇങ്ങിനെ പറഞ്ഞു : അല്ലാഹുവിന്റെ റസൂലേ, ഉന്നതമായ പദവികളും വമ്പിച്ച പ്രതിഫലങ്ങളുമെല്ലാം ധനികൻമാർ കൈക്കലാക്കുന്നുവല്ലോ ! ഞങ്ങളെപ്പോലെ നമസ്കാരവും നോമ്പുമൊക്കെ അവരും ചെയ്യുന്നു. അവർക്കാണെങ്കിൽ മിച്ചധനങ്ങളുമുണ്ട്. അതുകൊണ്ട് അവർ ധർമവും സമരവും നടത്തുന്നു ? അപ്പോൾ നബിﷺഅവരോട് പറഞ്ഞു : നിങ്ങൾക്ക് മുൻകടക്കുവാനും, മറ്റുള്ളവർ നിങ്ങ ളെക്കാൾ യോഗ്യരല്ലാതാകുവാനും ഞാനൊരു കാര്യം പറഞ്ഞുതരാം : എല്ലാ നമസ്കാരത്തിന്റെയും പിന്നിൽ മുപ്പത്തിമൂന്ന് വീതം തസ്ബീഹും (سبحان الله) ഹംദും (الحمد لله) തക്ബീറും (الله اكبر) ചൊല്ലുക. * പിന്നീട് ഇതുകേട്ട് ധനികൻമാ രായ തങ്ങളുടെ സഹോദരൻമാരും അപ്രകാരം ചെയ്തുവരുന്നുണ്ടെന്ന് അവർ നബിﷺയെ ഉണർത്തിച്ചപ്പോൾ അവിടുന്നു പറഞ്ഞു :ذلك فضل الله يؤتيه من يشاء(അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് നൽകു ന്നു) ഇതുപോലെ വേറെയും ഹദീഥുകൾ കാണാം. ഈ ഹദീഥിൽ നമസ്കാര ത്തിന്റെ പിന്നിൽ എന്ന് പറഞ്ഞത് അതിനുശേഷം എന്ന അർത്ഥത്തിലാണല്ലോ.

***** മൂന്നുംകൂടി 99 തികഞ്ഞശേഷം لا اله الا الله وحده لا شريك له എന്നു തുട ങ്ങുന്ന ദിക്ർ ചൊല്ലി 100 തികക്കുകയോ, അല്ലെങ്കിൽ തക്ബീറിന്റെ വാക്യം 34 ആക്കുകയോ ചെയ്യേണ്ടതാണെന്നും ഹദീഥുകളിൽ വന്നിട്ടുണ്ട്.*

وَٱسۡتَمِعۡ يَوۡمَ يُنَادِ ٱلۡمُنَادِ مِن مَّكَانٖ قَرِيبٖ ﴿٤١﴾

﴿41﴾(മനുഷ്യാ)അടുത്ത സ്ഥലത്ത് നിന്ന് വിളിച്ചേക്കുന്ന ഒരാൾ വിളിക്കുന്ന ദിവസത്തെ നീ ചെവിയോർത്ത് കൊണ്ടിരിക്കുക !

يَوۡمَ يَسۡمَعُونَ ٱلصَّيۡحَةَ بِٱلۡحَقِّۚ ذَٰلِكَ يَوۡمُ ٱلۡخُرُوجِ ﴿٤٢﴾

﴿42﴾ അതായത്, (ആ) ഘോരശബ്ദം അവർ [ജനങ്ങൾ] യഥാർത്ഥമായി കേൾക്കുന്ന ദിവസം! അത് (ക്വബ്റുകളിൽ നിന്നുള്ള) പുറപ്പാടിന്റെ ദിവസമത്രെ.

﴿41﴾ وَٱسۡتَمِعۡ നീ ചെവിയോർക്കുക, ശ്രദ്ധിച്ചുകേൾക്കുക يَوۡمَ يُنَادِ വിളിക്കുന്ന ദിവസം ٱلۡمُنَادِ വിളിക്കുന്നവൻ مِن مَّكَانٖ ഒരു സ്ഥലത്ത് നിന്ന് قَرِيبٖ അടുത്ത ﴿42﴾ يَوۡمَ يَسۡمَعُونَ അവർ കേൾക്കുന്ന ദിവസം ٱلصَّيۡحَةَ ഘോരശബ്ദം, അട്ടഹാസം بِٱلۡحَقِّ യഥാർത്ഥമായി (കേൾക്കുന്ന)യഥാർത്ഥത്തെ സംബന്ധിച്ചു ذَٰلِكَ അത്, അതത്രെ يَوۡمُ ٱلۡخُرُوجِ പുറപ്പാടിന്റെ (പുറത്ത്‌വരുന്ന)ദിവസം

പുനർജീവിതത്തിനുവേണ്ടിയുള്ള വിളി, അഥവാ രണ്ടാമത്തെ കാഹളം ഊത്താണ് വിവക്ഷ. ആ ഘോരശബ്ദം എല്ലാവരും ഒരു പോലെ - അവരവരുടെ അടുത്ത്നിന്ന് തന്നെ വിളിക്കുന്നത്പോലെ - കേൾക്കുന്നതായിരിക്കും.

إِنَّا نَحۡنُ نُحۡيِۦ وَنُمِيتُ وَإِلَيۡنَا ٱلۡمَصِيرُ ﴿٤٣﴾

﴿43﴾ നിശ്ചയമായും നാം തന്നെ ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നു : നമ്മുടെ അടുക്കലേക്ക് തന്നെയാണ് തിരിച്ചെത്തലും ;

يَوۡمَ تَشَقَّقُ ٱلۡأَرۡضُ عَنۡهُمۡ سِرَاعٗاۚ ذَٰلِكَ حَشۡرٌ عَلَيۡنَا يَسِيرٞ ﴿٤٤﴾

﴿44﴾ അവർ (പുറത്തുവരുവാൻ) ബദ്ധപ്പെട്ടുകൊണ്ടിരിക്കെ, അവരിൽനിന്ന് ഭൂമി പിളർന്ന്പോകുന്ന ദിവസം ! അത്, നമ്മുടെ മേൽ നിസ്സാരമായ ഒരു ഒരുമിച്ചുകൂട്ടലത്രെ.

﴿43﴾ إِنَّا نَحۡنُ നിശ്ചയമായും നാംതന്നെ نُحۡيِۦ നാം ജീവിപ്പിക്കുന്നു وَنُمِيتُ നാം മരിപ്പിക്കുകയും ചെയ്യുന്നു وَإِلَيۡنَا നമ്മിലേക്ക് തന്നെയാണ് ٱلۡمَصِيرُ തിരിച്ചുവരവ്,

مَدَ ...

മടങ്ങിയെത്തലും﴾44﴿ يَوْمَ تَشَقَّقُ പിളരുന്ന (പൊട്ടിക്കീറുന്ന) ദിവസം ٱلْأَرْضُ ഭൂമി عَنْهُمْ അവരിൽനിന്ന് سِرَاعًا ബദ്ധപ്പെട്ടവരായ നിലയിൽ ذَٰلِكَ അത് حَشْرٌ ഒരുമിച്ച് കൂട്ടലാണ്, ശേഖരിക്കലാണ് عَلَيْنَا നമ്മുടെമേൽ يَسِيرٌ നിസ്സാരമായ, എളിയ

മഹ്ശറിലേക്ക് സമ്മേളിക്കുവാനുള്ള ആ വിളി കേൾക്കേണ്ട താമസം ! എല്ലാവരും ജീവിച്ചെഴുന്നേറ്റ് പുറത്തുവരുവാൻ ധൃതികൂട്ടുന്നു ! ഈ അവസരത്തിൽ ഓരോരുത്തരും അടക്കം ചെയ്യപ്പെട്ട സ്ഥലങ്ങൾ പൊട്ടിപിളരുകയും ചെയ്യും. ഇങ്ങിനെ എല്ലാവരെയും ഉയിർത്തേഴുന്നേൽപിച്ച് ഒരേ നിലയത്തിൽ ഒരുമിച്ച് കൂട്ടുകയെന്ന കാര്യം അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഒട്ടും പ്രയാസപ്പെട്ടതല്ല ; വളരെ നിസ്സാരമത്രെ. സൂ: മആരിജിൽ അല്ലാഹു പറയുന്നു :يوم يخرجون من الأجداث سراعا كأنهم إلى نصب يوفضون–المعارج:٤٣ (സാരം : ഒരു നാട്ടപ്പെട്ട ഉന്നത്തിലേക്ക് ഒഴുകിച്ചെല്ലുന്നുവെന്നോണം അവർ ക്വബറുകളിൽനിന്ന് ബദ്ധപ്പെട്ടുകൊണ്ട് പുറത്ത്വരുന്ന ദിവസം)

نَّحْنُ أَعْلَمُ بِمَا يَقُولُونَ ۖ وَمَآ أَنتَ عَلَيْهِم بِجَبَّارٍ ۖ فَذَكِّرْ بِٱلْقُرْءَانِ مَن يَخَافُ وَعِيدِ ﴿٤٥﴾

﴾45﴿ അവർ പറഞ്ഞുവരുന്നതിനെക്കുറിച്ച് നാം നല്ലവണ്ണം അറിയുന്നവനാകുന്നു. (നബിയേ) നീ അവരുടെമേൽ (നിർബ്ബന്ധംചെലുത്തുന്ന) ഒരു സ്വേച്ഛാധികാരിയൊന്നുമല്ലതാനും, ആകയാൽ, എന്റെ താക്കീത് ഭയപ്പെടുന്നവരെ ക്വുർആൻ മുഖേന നീ (ഉപദേശം നൽകി) ഓർമിപ്പിക്കുക.

﴾45﴿ نَحْنُ നാം أَعْلَمُ അധികം (നല്ലപോലെ) അറിയുന്നവനാണ് بِمَا يَقُولُونَ അവർ പറയുന്നതിനെപ്പറ്റി وَمَآ أَنتَ നീ അല്ലതാനും عَلَيْهِم അവരിൽ, അവരുടെ മേൽ بِجَبَّارٍ ഒരു സ്വേച്ഛാധികാരി, നിർബന്ധം ചെലുത്തുന്നവൻ فَذَكِّرْ ആകയാൽ നീ ഓർമിപ്പിക്കുക, ഉപദേശം നൽകുക بِٱلْقُرْءَانِ ക്വുർആൻ കൊണ്ട് مَن يَخَافُ ഭയപ്പെടുന്നവരെ وَعِيدِ എന്റെ താക്കീതിനെ

നബി തിരുമേനിﷺക്ക് ആശ്വാസവും സമാധാനവും നൽകുന്നതാണ് ഈ വചനം. അവിശ്വാസികളുടെ വാദകോലാഹലങ്ങളും, നിഷേധങ്ങളുമെല്ലാം അല്ലാഹു അറിയുന്നുണ്ട്. വേണ്ടുന്ന നടപടികൾ അവൻ എടുത്തുകൊള്ളും. അവർക്ക് ക്വുർആൻ മുഖേന ഉപദേശം നൽകുക മാത്രമേ നബിﷺയുടെമേൽ കടമയുള്ളൂ. എല്ലാവരെയും നിർബ്ബന്ധപൂർവ്വം സൻമാർഗത്തിലെത്തിച്ചേ തീരൂ എന്ന ബാധ്യതയൊന്നും നബിﷺക്കില്ല എന്ന് സാരം.إنما عليك البلاغ وعلينا الحساب (നിന്റെ

മേൽ പ്രബോധനം മാത്രമേ ബാധ്യതയുള്ളൂ. നമ്മുടെ ബാധ്യതയാണ് വിചാരണ)

'എന്റെ താക്കീതിനെ ഭയപ്പെടുന്നവർക്ക് ഖുർആൻ മുഖേന ഉപദേശം നൽകി ഓർമിപ്പിക്കുക' (فذكر بالقرآن من يخاف وعيد) എന്ന വാക്യം ശ്രദ്ധേയമാകുന്നു. ഇതിൽനിന്നും ചില കാര്യങ്ങൾ മനസ്സിലാക്കേണ്ടതായുണ്ട്. ഉദാഹരണം :

1) അല്ലാഹുവിനെക്കുറിച്ചും മതത്തെക്കുറിച്ചും ജനങ്ങളെ ബോധവാൻമാരാക്കുന്നതിൽ മറ്റേതിനെക്കാളും ഉപയോഗ പ്രദമായിരിക്കുക വിശുദ്ധ ഖുർആൻ വചനങ്ങളായിരിക്കും. ആവശ്യവും സന്ദർഭവുമനുസരിച്ച് നബി തിരുമേനിയുടെ ഹദീഥുകൾ മുഖേന അവയ്ക്ക് വിശദീകരണവും നൽകാം. ഇന്നത്തെ നീട്ടിവലിച്ച പ്രസംഗങ്ങളെക്കാളും, തർക്കശാസ്ത്രത്തിന്റെയും യുക്തിവാദങ്ങളുടെയും അടിസ്ഥാനത്തിലുള്ള കൂറ്റൻ പ്രഭാഷണങ്ങളെക്കാളും ഫലപ്രദമാകുക അതാണെന്നു കാണാം. അടിക്കടി ഖുർആൻ വചനങ്ങളും നബിവചനങ്ങളും ഉദ്ധരിച്ചുകൊണ്ടുള്ള ഉപദേശങ്ങൾ കടുത്തുമരവിക്കാത്ത ഹൃദയങ്ങളിൽ മാറ്റം വരുത്താതിരിക്കുകയില്ല.

2) അല്ലാഹുവിന്റെ താക്കീതുകൾ കേൾക്കുമ്പോൾ ഭയപ്പാടുണ്ടാകുന്നവർക്ക് മാത്രമേ ഉപദേശം ഫലം ചെയ്യുകയുള്ളൂ. പേടിപ്പിച്ചറിയിക്കുന്ന കാലം കഴിഞ്ഞുപോയി, പരലോകവും നരകവും പറഞ്ഞിട്ട് ഇന്നു കാര്യമില്ല എന്നൊക്കെ ചിലർ പറയാറുണ്ട്. അതൊരു വലിയ തത്വമായി ചിലർ കരുതാറുമുണ്ട്. വാസ്തവത്തിൽ ഇത്തരം പ്രസ്താവനകൾതന്നെ അല്ലാഹുവിന്റെ താക്കീതുകളുടെ ഗൗരവം മനസ്സിലാക്കാത്തതിൽ നിന്ന് ഉളവാകുന്നതാണെന്നുവേണം പറയുവാൻ. ഏതായാലും ഒരു കാര്യം തീർച്ചയാണ്. അല്ലാഹുവിന്റെ താക്കീതുകളുടെ നേരെ കണ്ണടക്കുകയും അവയെ അവഗണിച്ചു തള്ളുകയും ചെയ്യുന്നവർ - അവർ ബുദ്ധിജീവികളെന്ന് സ്വയം നടിച്ചാലും ശരി-മറ്റു വിധേന ധാർമിക ബോധമുള്ളവരായിത്തീരുക എന്ന കാര്യം കുറെ വിദൂരമാണ്. യുക്തിന്യായങ്ങളും തത്വശാസ്ത്രങ്ങളും മുഖേന പ്രതിയോഗിയെ വായടപ്പിക്കുവാൻ കഴിഞ്ഞേക്കുമെങ്കിലും, മാനസാന്തരം, വരുത്തി ധാർമിക ബോധം വളർത്തുവാൻ അവ വേണ്ടത്ര പര്യാപ്തങ്ങളല്ല. അല്ലാഹുവിന്റെ പേടിപ്പിച്ചറിയിക്കലിനും, സന്തോഷവാർത്ത അറിയിക്കലിനും തന്നെയാണ് അതിന് വേണ്ട സ്വാധീനശക്തിയുള്ളത്. (സൂ: ജാഥിയഃ 6-10 മുതലായവ നോക്കുക)

3) ഖുർആൻ മുഖേനയുള്ള ഉപദേശം, അല്ലാഹുവിന്റെ താക്കീതുകളെ ഭയപ്പെടുന്നവരെയും അല്ലാത്തവരെയും വേർതിരിക്കുന്നതായിരിക്കും. അഥവാ, ആ ഉപദേശം ഒരാളിൽ ഒട്ടും മാനസാന്തരം വരുത്തുന്നില്ലെങ്കിൽ അവൻ അല്ലാഹുവിന്റെ താക്കീതുകളെ ഭയപ്പെടാത്തവനായിരിക്കും. ഖുർആന്റെ ഭാഷയിൽ അവർ ബുദ്ധിഹീനരും, അന്ധരും, ബധിരരും, മൂകരുമത്രെ. (صم بكم عمي فهم لا يعقلون) 'അല്ലാഹുവിനും അവന്റെ ആയത്തുകൾക്കും പുറമെ മറ്റേതൊരു വൃത്താന്തത്തിലാണവർക്ക് വിശ്വസിക്കുവാനുള്ളത്'?

(فبأي حديث بعد الله وآياته يؤمنون) ഇങ്ങിനെയുള്ളവരെ ഉപദേശിച്ചിട്ട് ഫലമില്ല എന്ന് സാരം: إنما تنذر من اتبع الذكر وخشي الرحمن بالغيب)(പ്രമാണത്തെ പിൻപറ്റുകയും അദൃശ്യ മായ നിലയിൽ പരമകാരുണികനെ പേടിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ നീ മുന്നറിയിപ്പ് നൽകേണ്ടതുള്ളൂ)

ഖത്താദഃ (റ) പ്രാർത്ഥിക്കാറുണ്ടായിരുന്നതുപോലെ നാമും പ്രാർത്ഥി ക്കുക: اللهُمَّ اجْعَلْنَا مِمَّنْ يَخَافُ وَعْدَكَ وَيَرْجُو مَوْعِدكَ يَابَرُّ يَا رَحِيمُ (അല്ലാഹുവേ, നിന്റെ താക്കീ തിനെ ഭയപ്പെടുകയും, നിന്റെ വാഗ്ദാനത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരിൽ ഞങ്ങളെ നീ ഉൾപ്പെടുത്തേണമേ ! നൻമ ചെയ്യുന്നവനേ ! കരുണാ നിധിയായുള്ളവനേ !) ആമീൻ

اللهم لك الحمد ولك الفضل والمنة